Digitized by Arya Samaj Foundation Chennai and eGangotri

ശേഷസമുച്ചയം

വ്യാഖ്യാതാവ്: കൽപ്പുഴ ദിവാകരൻ നമ്പൂതിരിപ്പാട്

തന്ത്രവിദ്യാപീഠം പ്രസിദ്ധീകരണം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

गुरुकुल कांगड़ी विश्वविद्यालय, हरिद्वार
पुस्तकालय (विज्ञान विभाग)

विषय संख्या
पुस्तक संख्या
आगत पंजिका संख्या
पुस्तक पर किसी प्रकार का
न लगाना वर्जित है। कृपया
से अधिक समय तक पुस्तक
न रखें।

गुरुकुल कांगड़ी विश्वविद्यालय
कृपया पुस्तक के ऊपर कोई निशान आदि
न लगायें।

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

पुस्तकालय

गुरुकुल कांगड़ी विश्वविद्यालय

हरिद्वार

वर्ग संख्या आ.सं. ....

पुस्तक-वितरण की तिथि नीचे अंकित है। इस तिथि सहित १५वें दिन तक यह पुस्तक पुस्तकालय में वापिस आ जानी चाहिए। अन्यथा ५ पैसे प्रतिदिन के हिसाब से विलम्ब-दण्ड लगेगा।

Gurukul Kangri Vishwavidyalaya Library

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശേഷസമുച്ചയം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശേഷസമുച്ചയം

വ്യാഖ്യാതാവ്:
കല്പുഴ ദിവാകരൻ നമ്പൂതിരിപ്പാട്

പ്രസാധകർ:
തന്ത്രവിദ്യാപീഠം
ചൊവ്വന്നൂർ, Pin-680503

ഒന്നാംപതിപ്പ് 1977

കോപ്പി 1000

അച്ചടി:
ജയഭാരത് പ്രിൻറിംഗ് പ്രസ്സ്, കോഴിക്കോട്-2.

പകർപ്പാവകാശം:
പ്രസാധകർക്ക്

തന്ത്രവിദ്യാപീഠം പ്രസിദ്ധീകരണം നമ്പ്ര് 2

വില: പതിനെട്ടുരൂപ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശേഷസമുച്ചയം

കാൽപൂഴ ദിവാകരൻനമ്പൂതിരിപ്പാട്

പ്രസാധകർ:
തന്ത്രവിദ്യാപീഠം
സഭാമഠം, ചൊവ്വന്നൂർ
Pin-680503

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

SESHA SAMUCHAYAM

Vyakhyatha :

Kalpuzha Divakaran Namboodiripad

Publishers :

Thanthra Vidyapeedham, Chowannur. Pin-680503

First Impression 1977

Copies 1000

Printed at :

Jayabharath Printing Press, Kozhikode-2

Copyright :

Reserved by Publishers

Thanthra Vidhyapeedham Publication No. 2.

Price Rs. 18-00

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രസ്താവന

തന്ത്രവിദ്യാപീഠത്തിൻെറ രണ്ടാമത്തെ പ്രസിദ്ധീകരണമായ ശേഷസമുച്ചയം പൊതുജനസമക്ഷം അവതരിപ്പിക്കുന്നതിൽ സന്തോഷമുണ്ട്. തന്ത്രദർപ്പണം, തന്ത്രസമുച്ചയത്തിൽ പ്രതിപാദിച്ച വിഷയങ്ങളാണ് കാര്യമായി കൈകാര്യം ചെയ്യുന്നത്. തന്ത്രസമുച്ചയത്തിൻെറ ഭാഷാവ്യാഖ്യാനങ്ങൾ പലതും ഇതിനകം പുറത്തിറക്കിയിട്ടുണ്ട്. ശേഷസമുച്ചയത്തിൻേറതു് ഇതേവരെ പ്രസിദ്ധീകരിച്ചതായി അറിവില്ല. തന്ത്രസമുച്ചയത്തിൽ പ്രതിപാദിക്കാത്ത മൂർത്തികളുടെ പൂജാവിധികൾ ആണ് ശേഷസമുച്ചയത്തിൽ പ്രതിപാദിച്ചിരിക്കുന്നതു്. അതുകൊണ്ട് ശേഷസമുച്ചയത്തിൻേറയും ഒരു വ്യാഖ്യാനം അച്ചടിക്കുന്നതു് കേരളത്തിലെ തന്ത്രിമാർക്ക് എത്രയും ആവശ്യമായിരിക്കും. തന്ത്രവിഷയത്തിൽ കേരളത്തിലുള്ള പ്രമുഖ പണ്ഡിതന്മാരിലൊരാളും തന്ത്രവിദ്യാപീഠത്തിലെ പ്രധാനാദ്ധ്യാപകനുമായ ബ്രഹ്മശ്രീ കല്പുഴ ദിവാകരൻനമ്പൂതിരിപ്പാട് ശേഷസമുച്ചയത്തിൻെറ ഒരു വ്യാഖ്യാനം തയ്യാറാക്കിയത് ഉടനെ പ്രസിദ്ധീകരിക്കണമെന്ന്, തന്ത്രവിഷയത്തിൽ താല്പര്യമുള്ള ഞങ്ങളുടെ പല ബന്ധുക്കളും നിർബ്ബന്ധിച്ചതിനാലാണ് ശേഷസമുച്ചയത്തിൻെറ പ്രസിദ്ധീകരണത്തിനു് തന്ത്രദർപ്പണം രണ്ടാം ഭാഗത്തിനേക്കാൾ മുൻഗണന കൊടുക്കാൻ ഞങ്ങൾ തയ്യാറായതു്. സാമ്പത്തികസ്ഥിതി സമ്മതിക്കുമ്പോൾ തന്ത്രദർപ്പണത്തിൻെറ മററു ഭാഗങ്ങളും പ്രസിദ്ധീകരിക്കും.

തന്ത്രസമുച്ചയത്തിലും ശേഷസമുച്ചയത്തിലും പ്രതിപാദിച്ച എല്ലാ പത്മങ്ങളും, അതാതു നിറങ്ങളിൽ, പ്രമാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ണങ്ങളോടെ ഉൾക്കൊള്ളിച്ച ഒരു ബൃഹൽഗ്രന്ഥം ഞങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. അതച്ചടിക്കണമെങ്കിൽ ഭീമമായ ഒരു സംഖ്യ വേണ്ടിവരും. അതിനാൽ പെട്ടെന്ന് പ്രസിദ്ധീകരിക്കാൻ സാധിച്ചിട്ടില്ല. അതുടൻ പ്രസിദ്ധീകരിക്കാൻ വേണ്ട ശ്രമങ്ങൾ ചെയ്യുന്നുണ്ട്. അതിനാൽ ഈ പുസ്തകത്തിൽ പത്മങ്ങൾ ഒന്നും ഉൾപ്പെടുത്തിയിട്ടില്ല.

ശേഷസമുച്ചയത്തിൽ പ്രധാനമായി പ്രതിപാദിച്ചത് രുരുജിത്തിൻെറ ക്രിയകളാണല്ലോ. അതിനാൽ കവർചിത്രം രുരുജിത്തിൻെറതായാൽ നന്നാവുമെന്നു തോന്നി. തിരുമന്ധാംകുന്നത്ത് മാതൃശാലക്കൽ ഉള്ള ദാരുവിഗ്രഹത്തെ ആസ്പദിച്ചാണ് കവർ ചിത്രം തയ്യാറാക്കിയത്. അതിന്നടിയിൽ കൊടുത്തത് നവയോനി ചക്രവും. ഇത്രയും വൃത്തിയായി ഒരു കവർചിത്രം തയ്യാറാക്കിയ ശ്രീമാൻ വാസുപ്രദീപിനോട് നന്ദി രേഖപ്പെടുത്തിക്കൊള്ളട്ടെ.

ശേഷസമുച്ചയത്തിൽ പ്രതിപാദിച്ച വേദമന്ത്രങ്ങൾ സ്വരചിഹ്നത്തോടുകൂടി അച്ചടിച്ചിട്ടുണ്ട്. ചില സാങ്കേതികകാരണങ്ങളാൽ സ്വരചിഹ്നങ്ങൾ ശരിയാകാതെ വന്നിട്ടുണ്ട്. അതിനാൽ സ്വരമില്ലാതെ മന്ത്രങ്ങൾ ചേർത്തതായി മാന്യവായനക്കാർ കണക്കാക്കിയാൽ മതി.

ഈ ഗ്രന്ഥത്തിന്ന് ഏററവും പ്രൌഢഗംഭീരമായ ഒരു മുഖവുര തയ്യാറാക്കി തന്ന ശ്രീമാൻ പി. മാധവനോട് ഞങ്ങൾ എപ്പോഴും കൃതജ്ഞരാണ്. തന്ത്രവിഷയത്തിൽ അതീവതല്പരനായ അദ്ദേഹം ഞങ്ങൾക്ക് തരുന്നതായ സഹായസഹകരണങ്ങൾക്ക് ഞങ്ങളുടെ നന്ദി രേഖപ്പെടുത്തുന്നതിൽ സന്തോഷമുണ്ട്.

ഗ്രന്ഥകർത്താവിനോട് ഞങ്ങളുടെ നന്ദി രേഖപ്പെടുത്താതെ നിവൃത്തിയില്ല. ജ്ഞാനവൃദ്ധനായ അദ്ദേഹത്തിൻെറ തൂലികയിൽ നിന്ന് തന്ത്രികൾക്ക് വളരെ ഉപ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യോഗപ്രദമാകുന്ന പ്രസിദ്ധീകരണങ്ങരം മേലിലും തന്ത്രവിദ്യാപീഠം മുഖേന കിട്ടുമെന്നു പ്രതീക്ഷിക്കാം.

ഈ പ്രസിദ്ധീകരണത്തിന്നു് എല്ലാം ശാസ്ത്രീയ നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും തന്ന ബ്രഹ്മശ്രീ അണ്ടലാടി ദിവാകരൻ നമ്പൂതിരിപ്പാടു് തുടങ്ങിയ തന്ത്രിപ്രമുഖന്മാരോടും ഞങ്ങരംക്കുള്ള കടപ്പാടിനെ പ്രത്യേകം രേഖപ്പെടുത്തുന്നു.

ഈ ഗ്രന്ഥം എത്രയും വൃത്തിയായി അച്ചടിച്ചുതന്ന ജയഭാരതു് പ്രസ്സിലെ പ്രവൃത്തിക്കാരോടും അധികാരികളോടും ഞങ്ങളുടെ നന്ദി രേഖപ്പെടുത്തുന്നു.

തന്ത്രവിദ്യാപീഠത്തിന്റെ എല്ലാവിധ അഭ്യുദയങ്ങരംക്കും പ്രധാന പങ്കുവഹിക്കുന്ന കാഞ്ചികാമകോടി പീഠാധിപതി ശ്രീ. ജയേന്ദ്രസരസ്വതി സ്വാമിജിയോടു് നന്ദി രേഖപ്പെടുത്താതെ നിവൃത്തിയില്ല. സ്വാമിജിയിൽ നിന്നുള്ള പ്രചോദനവും അനുഗ്രഹവും മാത്രമാണു് ഞങ്ങളെ ഏതതു് വിഷയമായ ഉദ്യമങ്ങളിൽ പ്രേരിപ്പിക്കുന്നതു്. അതു് ഈ സ്ഥാപനത്തിന്നു് എന്നും ഉണ്ടാവുമെന്നു് പ്രതീക്ഷിക്കുന്നു. ശ്രീമാന്ധാതൃശൈലേശ്വരി തുണയ്ക്കട്ടെ.

തന്ത്രവിദ്യാപീഠം പ്രവർത്തകൎക്കുവേണ്ടി—

വിനീതവിധേയൻ

മങ്കടകോവിലകത്തു്

കാശിവിശ്വനാഥവർമ്മരാജാ

ഉപാദ്ധ്യക്ഷൻ.

തന്ത്രവിദ്യാപീഠം,
28—7—'77.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മുഖവുര

വടക്ക് ഹിമാലയപർവ്വതം, മററു മൂന്നുഭാഗവും സമുദ്രം, എന്നിങ്ങനെ മനുഷ്യനിർമ്മിതമല്ലാത്ത, പ്രകൃതിദത്തമായ അതിരുകളോടുകൂടി ഭൂമുഖത്ത് തിലകം ചാർത്തിയപോലെ ശോഭിക്കുന്ന ഭാരതഭൂമി ആദ്ധ്യാത്മിക പ്രധാനമായൊരു സംസ്കാരത്തിൻെറ ദേശമാണെന്നും അതുകൊണ്ട് സനാതനമാണെന്നും ആണ് അറിയപ്പെട്ടുവരുന്നത്. അനാദികാലം മുതൽ ഇന്നുവരെയുള്ള ചരിത്രം ഈ സത്യത്തെ വിളംബരം ചെയ്യുന്നുണ്ട്. ചരിത്രത്തിൻെറ അപ്രതിരോധ്യമായ ഒഴുക്കിൽ മററു രാജ്യങ്ങളും രാഷ്ട്രങ്ങളും മുങ്ങിമറഞ്ഞുപോകുമ്പോഴും ചിരപുരാതനമായ സംസ്കാരത്തിൻെറ അടിസ്ഥാനത്തിൽത്തന്നെ വീണ്ടും വീണ്ടും ഉയിർത്തെഴുന്നേല്ക്കുവാനും ആർഷസംസ്കാരത്തിൻെറ അനശ്വരസന്ദേശത്താൽ ലോകമെങ്ങും വെളിച്ചം വീശുവാനുള്ള സൌഭാഗ്യം ഭാരതഭൂമിക്കുമാത്രമാണ് ലഭിച്ചിട്ടുള്ളത്. വാത്മീകിവ്യാസവസിഷ്ഠവിശ്വാമിത്രാദി പൌരാണിക ഋഷിമാർ മുതൽ അധുനാതനന്മാരായ രാമകൃഷ്ണ വിവേകാനന്ദന്മാർ, ശ്രീനാരായണഗുരു, അരവിന്ദയോഗി, രമണമഹർഷി എന്നിവർ വരെ നീണ്ടുകിടക്കുന്ന അഭംഗുരമായ ഒരു ആദ്ധ്യാത്മികപരമ്പര ഈ ഭൂമിയിലല്ലാതെ മററെവിടെയാണ് ഉണ്ടായിട്ടുള്ളത്? അതിയായ പൂർവ്വപുണ്യപരിപാകത്താൽ മാത്രം ലഭ്യമാകുന്ന ഇവിടുത്തെ മനുഷ്യജന്മം പരമപദത്തെ പ്രാപിക്കുവാൻ മുന്നോട്ടുപോകുന്ന മനുഷ്യാത്മാവിന്ന് തത്തൽകർമ്മങ്ങൾ അനുഷ്ഠിക്കുവാൻ കിട്ടുന്ന ഇടത്തട്ടാണെന്നും അതിനാൽ ഈ ഭൂമി കർമ്മഭൂമിയാണെന്നും മററും പുരാണകർത്താക്കൾ പാടിയിട്ടുള്ളത് വെറുതെയാവാൻ തരമില്ല. ലോകത്തെവിടെയെങ്കിലും ആദ്ധ്യാത്മികമായ ഒരു പ്രതിഭാസമുണ്ടായിട്ടുണ്ടെങ്കിൽ അതിൻെറ വേരുകൾ അന്വേഷി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ച്ചാൽ എത്തുന്നതു് ഭാരതഭൂമിയിൽ ആയിരിക്കുമെന്നു് വിവേകാനന്ദസ്വാമികൾ ഉൽഘോഷിച്ചിട്ടുള്ളതു് ഓർക്കേണ്ടതാണു്. പല ഭൂഖണ്ഡങ്ങളിലും രാജ്യങ്ങളിലുമായി പടന്നു്പന്തലിച്ചുനിൽക്കുന്ന മനുഷ്യരാശിയിൽ സംസ്കാരത്തിൻേറയും തജ്ജന്യമായ മനോഭാവത്തിൻേറയും വ്യത്യാസം കാരണമായി ഒരു പൃഥഗ്ഭാവവും, അതിൻെറ അടിസ്ഥാനത്തിൽ ഉളവായ ചരിത്രശക്തികളുടെ പ്രവർത്തനംകൊണ്ടു് വ്യത്യസ്തങ്ങളായ ദേശീയതകളും ഉളവായിട്ടുള്ളതിൻെറ അടിസ്ഥാനത്തിൽ, ഭാരതമെന്നജനപദംമററുള്ളവരിൽനിന്നു് വ്യതിരിക്തമായ ഒരു രാഷ്ട്രമാണെന്നു് സമർത്ഥിക്കാവുന്നതാണു്. ഈ അടിസ്ഥാനത്തിൽ ഭാരതഭൂമിയും ഭാരതജനതയും മാനവസംസ്കാരത്തിൻെറ ഉച്ചകോടിയിൽ വർത്തിക്കുന്ന അത്യത്ഭുതകരമായൊരു സവിശേഷപാരമ്പര്യത്തിൻെറ ഉടമസ്ഥരും ബീജവാഹകരുമാണെന്നതു് ഒരു പരമാർത്ഥം മാത്രമാണു്. ഇന്നു് ഭൗതിക സമ്പത്തിൻെറ ഉത്തുംഗശൃംഗത്തിൽ കയറിനില്ക്കുന്ന പാശ്ചാത്യജനത അവരുടെ മോഹഭംഗത്തിൽ ഉററുനോക്കുന്നതു് ഈ സവിശേഷപാരമ്പര്യത്തിലേക്കും ഈ ഭാരതഭൂമിയിലേക്കുമാണെന്നു് നാം മറക്കരുതു്. ഇന്നു് വല്ല ഉയിർത്തെഴുനേല്പും ഈ ജനതയിലുണ്ടായിട്ടുണ്ടെങ്കിൽ അതു അടിമത്തത്തിൽനിന്നും അധഃകൃതാവസ്ഥയിൽനിന്നും കരകയറുവാനായിട്ടുള്ള, ഇന്നും ജീവചൈതന്യം തുടിക്കുന്ന ഈ ഭൂമിയുടെ അന്തരാത്മാവിൻെറ പ്രചോദനഫലമായിട്ടാണെന്നു് കെ. എം. പണിക്കർ തുടങ്ങിയ ഭാരതചരിത്ര വിശ്ലേഷണവിദഗ്ദ്ധന്മാർ തെളിയിച്ചിട്ടുണ്ടു്.

ഭാരതീയ ജീവിതത്തിൻെറ കേന്ദ്രബിന്ദു

അങ്ങിനെ ഭാരതഭൂമിയും ജനതയും സംസ്കാരവും അനശ്വരമായൊരുപാരമ്പര്യത്തിൻെറ കേദാരമാണെങ്കിൽ അതിൻെറ സവിശേഷതകൾ എന്തെല്ലാമെന്നു് ചിന്തിക്കുന്നതു് പ്രസക്തമാണു്. നൂറുശതമാനവും ആദ്ധ്യാത്മികം മാത്രമായിരുന്നു ഈ പാരമ്പര്യമെന്നും ഇവിടുത്തെ ആളുകൾ ഭൗതികപുരോഗതിയിൽ തീരെ പരാങ്മുഖരായിരുന്നു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വെന്നും പറയുന്നതു് ചരിത്രസത്യമാവുകയില്ല. വൈദേശികങ്ങളായ ഒട്ടനേകം ആക്രമണങ്ങൾക്കു് ശക്തമായ തിരിച്ചടി നൽകാനും ഒരായിരം വർഷങ്ങൾക്കുമുമ്പുവരെ തെക്കുകിഴക്കൻഏഷ്യയിൽ മാത്രമല്ല, മററു പലയിടങ്ങളിലും പടർന്നു്പിടിച്ച ഒരു മഹാ സാംസ്കാരിക സാമ്രാജ്യത്തെ സൃഷ്ടിക്കുവാനും ഈ രാജ്യത്തിനു് കെൽപ്പുണ്ടായിരുന്നു. അത്യുന്നതങ്ങളായ ആദ്ധ്യാത്മികദർശനങ്ങളോടൊപ്പം സംഗീതസാഹിത്യശില്പാദികലകളും ഒട്ടവളരെ ഭൌതികശാസ്ത്രങ്ങളും, യുദ്ധശാസ്ത്രവും; എന്തിനേറെ ഭോഗശാസ്ത്രം പോലും ഇവിടെ ചില ഘട്ടങ്ങളിൽ അത്ഭുതാവഹമായ വികാസം പ്രാപിച്ചിരുന്നു. ഭൌതികാവശ്യങ്ങളെ ഭാരതം നിരാകരിച്ചിരുന്നുവെന്നു പറയുന്നതിനുപകരം ഐഹികമായ ഉൽക്കർഷവും, കുറച്ചുകൂടി മുൻതൂക്കം കൊടുത്തുകൊണ്ടുള്ള നിശ്രേയസാഭ്യുന്നതിയും സമഞ്ജസമായി സമ്മേളിപ്പിച്ചുകൊണ്ടുള്ള ഒരു ജീവിതരീതിയാണു് ഇവിടെ ആവിഷ്കരിക്കപ്പെട്ടതെന്നു് പറയുന്നതായിരിക്കും ശരി. മനുഷ്യവർഗ്ഗത്തിന്റെ സനാതനലക്ഷ്യങ്ങളായി ധർമ്മാർത്ഥകാമമോക്ഷങ്ങളാകുന്ന ചതുർവിധ പുരുഷാർത്ഥങ്ങളെയാണല്ലൊ ഇവിടെ അംഗീകരിച്ചിരുന്നതു്. സനാതനമായപ്രാപഞ്ചിക നിയമങ്ങൾക്കനുസൃതമായ ധർമ്മത്തിന്റെ അടിസ്ഥാനത്തിൽത്തന്നെ അർത്ഥകാമങ്ങളെ ഭുജിച്ചു് പരമപുരുഷാർത്ഥമായ മോക്ഷത്തിലേക്കു് നീങ്ങണമെന്നുതന്നെയായിരുന്നു ഭാരതീയമതം. അതിന്നനുസൃതമായ വ്യവസ്ഥയായിരുന്നു ഇവിടെ ആവിഷ്കരിക്കപ്പെട്ടതു്. ഭാരതീയ ജീവിതത്തിന്റെ ഈ പ്രവാഹദിശ മനസ്സിലാക്കിയാൽ മനുഷ്യത്വത്തിൽനിന്നും വികാസം പ്രാപിച്ചു് ഈശ്വരാവസ്ഥയെന്ന മോക്ഷപദവിയുടെ അനുഭൂതിയാണു് ഇവിടെ വ്യക്തിയുടെയും സമൂഹത്തിന്റെയും ജീവിതത്തിന്റെ അന്തിമലക്ഷ്യമായി അംഗീകരിച്ചിരുന്നതു് എന്നു കാണാൻ കഴിയും. ഭാരതീയ ജീവിതം ഈ കേന്ദ്രബിന്ദുവിന്നുചററുമായിട്ടാണു് കറങ്ങിയിരുന്നതെന്നും ഇനിയും ഇതിന്നുചററുമായിത്തന്നെയാണു് അതിശക്തമായി കറങ്ങുവാൻ പോകുന്നതെന്നും സൂക്ഷ്മദൃക്കുകൾക്കു് മനസ്സിലാക്കാൻവിഷ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മമില്ല. ഈ മൌലികപ്രേരണയെ തിരസ്കരിക്കുന്ന വൈദേശിക മതങ്ങളും വൈദേശിക ആശയങ്ങളും ഏറെക്കാലം യത്നിച്ചിട്ടും ഇവിടെ വേരൂന്നിയിട്ടില്ലെന്ന് തത്ത്വദാശയങ്ങളുടെ പ്രയോക്താക്കൾതന്നെ സമ്മതിച്ചു കഴിഞ്ഞിട്ടുണ്ട്. ഭാരതീയ ജീവിതത്തിന്റെ സാംസ്കാരികവും ശാസ്ത്രീയവും കലാപരവും . സാമൂഹ്യവും സാമ്പത്തികവും ഭരണപരവും രാഷ്ട്രീയവും മറ്റെല്ലാവിധത്തിലുമുള്ളതുമായഎല്ലാ പ്രസ്ഥാനങ്ങളും പ്രചോദനം കൊള്ളുന്നതും വളർന്നു വികാസം പ്രാപിക്കുന്നതും, അന്നും ഇന്നും ഈ കേന്ദ്രബിന്ദുവിനെ ആധാരമാക്കിത്തന്നെയാണ്. സിനിമാഗാനങ്ങളിൽക്കൂടി പോലും ഇതിന്റെ പ്രതീകാത്മകത്വം ശക്തമായിപ്രതിധ്വനിക്കുന്നതു് ഇന്നും നമുക്കു് കേൾക്കുവാൻ കഴിയും. നമ്മെ സംബന്ധിച്ചിടത്തോളം ഇതു് വെറും ഒരു തത്വശാസ്ത്രമോ ദർശനമോ അല്ല; പ്രത്യുത ജീവിതത്തിന്റെ അഗാധതലങ്ങളിൽപോലും ശക്തമായ ചലനങ്ങളെ സൃഷ്ടിച്ചു് സമൂഹത്തിന്നു് ഊർജ്ജസ്വലമായൊരു മാർഗ്ഗദർശനം കൊടുക്കുവാൻ കെല്പുള്ള ചൈതന്യാത്മകമായ ഒരു വിചാരധാരയാണ്.

വൈദികമായ ഉറവിടം

ഈ ചിന്താസരണിയുടെ കാണപ്പെടുന്ന ഉറവിടം അനാദിയെന്നു വിശേഷിപ്പിക്കുന്ന വേദങ്ങൾതന്നെയാണ്. പ്രപഞ്ചത്തിന്റെ നമുക്കനുഭവവേദ്യമായ ബാഹ്യതലത്തിൽനിന്നും ഊളിയിട്ട് ആഴങ്ങളിലേക്കിറങ്ങി പരമമായ സത്യത്തിന്റെ മുഖത്തുനോക്കുമ്പോൾ ഉളവാകുന്ന വാചാമഗോചരമായ ദിവ്യാനുഭൂതിയുടെ ചില വെളിപാടുകളാണവ. ആ ആശയങ്ങളിൽ മാത്രമല്ല, വാക്കുകളിലും സ്വരങ്ങളിൽപോലും അഭൌമമായ ശക്തികൾ ഒളിഞ്ഞുകിടപ്പുണ്ട്. മന്ത്രബ്രാഹ്മണങ്ങൾ എന്നു് അറിയപ്പെടുന്ന സംഹിതാഖണ്ഡവും ബ്രാഹ്മണങ്ങളും അടങ്ങിയതാണ് വേദങ്ങൾ എന്നു് പ്രമാണമുണ്ടെങ്കിലും ഉപനിഷത്തുക്കളും വേദഭാഗങ്ങൾ തന്നെയാണ് ഋക്ക്‌യജുസ്സാമാഥർവണാദി ചതുർവേദങ്ങളിലുമായി ഒട്ടനേകം ഉപനിഷത്തുക്കൾ ഉണ്ടെങ്കിലും 108എണ്ണം അതിൽ വിശേഷമായി പറയപ്പെടുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പരമസത്യത്തെപ്പററിയുള്ള ജ്ഞാനത്തിനു് പുറമെ ആ സത്യത്തെ സ്വന്തം അനുഭൂതിയിൽ ആവിഷ്കരിച്ചെടുക്കാനുള്ള നിഗൂഢമായ ഒട്ടനേകം സാധനാപദ്ധതികളുടെ വിവരണവും ഉപനിഷത്തുക്കളിൽ ഉണ്ടു്. പൌരാണിക യുഗാന്തരങ്ങളിൽ ധ്യാനമനനപ്രധാനങ്ങളായിരുന്നു ഈശ്വരോപാസ്സിയുടേതായ മാർഗ്ഗങ്ങൾ. കാലക്രമത്തിൽ മനുഷ്യൻെറ പരിണാമഗതിയിൽ അവൻെറ കഴിവുകൾ കുറഞ്ഞുവന്നപ്പോൾ യജ്ഞകുണ്ഡത്തിലെ അഗ്നിയായി, ഈശ്വരോപാസനയുടെ പ്രതീകം. അങ്ങിനെ യജ്ഞവിധികളും വേദഭാഗമായിത്തന്നെ വർത്തിച്ചു. വിരാട്പുരുഷൻ, അദിതി, രാത്രി, ഉഷസ്സ്, ഇന്ദ്രൻ, അഗ്നി, വരുണൻ, മിത്രൻ തുടങ്ങിയ ഒട്ടനേകം ദേവതകളും പ്രാപഞ്ചികശക്തികളുടെ പ്രതീകത്വം വഹിച്ചു് വേദങ്ങളിൽ അണിനിരന്നിട്ടുണ്ടു്. വൈദികസൂക്തങ്ങളുടെ നിഷ്കർഷമായ ഉച്ചാരണത്താൽ ആവക ശക്തികളെ ആവാഹിക്കുവാനും ഹവനസ്തോത്രാദികളാൽ അവയെ പ്രസാദിപ്പിക്കുവാനും തന്നിമിത്തം ഭൌതികങ്ങളും അദ്ധ്യാത്മികങ്ങളുമായ നേട്ടങ്ങൾ കൈവരിക്കുവാനും ആ യുഗത്തിൽ നമ്മുടെ പൂർവ്വികർക്കു് കഴിഞ്ഞിരുന്നു. കാലപ്രവാഹത്തിൽ അത്തരം ആരാധനാരീതികൾ മൃതപ്രായങ്ങളായെങ്കിലും പഴയ യജ്ഞങ്ങൾ അതേപടി ഇന്നും ദുർല്ലഭം ചിലയിടങ്ങളിൽ ആചരിച്ചു് വരാറുണ്ടല്ലൊ. അശ്വമേധം, അതിരാത്രം, ആപ്തോര്യാമം, വാജപേയം, അഗ്നിഷ്ടോമം തുടങ്ങിയതായി ദിവസങ്ങളോളം മാത്രമല്ല, വർഷങ്ങളോളം നീണ്ടുനില്ക്കുന്ന അത്തരം യജ്ഞങ്ങൾ വൈദിക ഉപാസനാപദ്ധതിയിലെ പ്രധാന ഭാഗങ്ങൾ ആയിരുന്നു.

യോഗശാസ്ത്രപരമായ അടിസ്ഥാനം

യജ്ഞത്തിൻെറതായ കർമ്മപദ്ധതിയുടെ രഹസ്യം ഇത്തരുണത്തിൽ അറിയുന്നതു് ഒരാവശ്യമാണ്. മനുഷ്യൻെറ സ്ഥൂലസൂക്ഷ്മാദിദേഹങ്ങളിൽ ഉറങ്ങിക്കിടക്കുന്ന ഈശ്വരീയ ചൈതന്യത്തിൻെറ ക്രമത്തിലുള്ള ജാഗരണം അഥവാ ആളിക്കത്തിക്കൽ ആണല്ലൊ ആദ്ധ്യാത്മികസാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ധനയുടെ ഉള്ളടക്കം. അങ്ങിനെ ആ ചൈതന്യം പൂർണ്ണമായി സ്ഫുരിക്കുമ്പോഠം നാം ഈശ്വരത്വം പ്രാപിക്കുകയും അഭൗമമായ ശക്തിയുടെ കൈകാര്യകർത്തൃത്വം നമുക്ക് സാധിക്കുകയും ചെയ്യും. മനുഷ്യനെ ഈശ്വരപദവിയിലേയ്ക്ക് ഇങ്ങിനെ ഉയർത്തുക എന്നതായിരുന്നു ഭാരതീയ വിചാരധാരയുടെ മുഖ്യാംശമെന്നു മുമ്പെ പറഞ്ഞുവല്ലൊ. ആ ശക്തി ഉറങ്ങിക്കിടക്കുന്നത് മനുഷ്യൻെറ സൂക്ഷ്മദേഹത്തിൽ മൂലാധാരമെന്ന ഏററവും താഴത്തെ ചക്രത്തിലാണെന്നും ആ ചക്രം സ്ഥൂലദേഹത്തിൽ ഗുദലിംഗങ്ങളുടെ അന്തരാളത്തോട് ബന്ധപ്പെട്ട സ്ഥലത്താണെന്നും പൌരാണിക ഭാരതീയ ഋഷികഠം മനസ്സിലാക്കിയിരുന്നു. പ്രാണായാമ ധ്യാനാദി പ്രക്രിയകളുടെ സഹായത്തോടെയാണ് മൂലാധാരത്തിൽനിന്നു് ആ കുണ്ഡലിനീശക്തിയെ ഉണർത്തേണ്ടതു്. സുഷുമ്നാന്തരാളത്തിലൂടെ ഉപരിചക്രങ്ങളെ ഭേദിച്ചുകൊണ്ട് ആ ശക്തി ശിരസ്സിലുള്ള സഹസ്രാരപത്മത്തോളം ഉയർന്നാൽ മനുഷ്യൻ സാധാരണ വിഹരിക്കാറുള്ള ഭൌതികമായ ബോധതലത്തിൽ നിന്നുമുയർന്നു് പ്രപഞ്ചത്തിൻെറ ഉറവിടമായ പരമസത്യശക്തി വിഹരിക്കുന്ന തലത്തിലെത്തുകയായി. അതിനിടയിൽ വിവിധങ്ങളായ കാഴ്ചപ്പാടുകളും അനുഭൂതികളും ഉണ്ടാവുക മാത്രമല്ല നിരവധി കഴിവുകളും സിദ്ധികളും നമുക്ക് സ്വാധീനമാവുകകൂടി ചെയ്യും. മൂലാധാരചക്രത്തിൽനിന്നു് ഉണർന്നു് പൊങ്ങുന്ന കുണ്ഡലിനീശക്തിയെത്തന്നെയാണ് വൈദികയജ്ഞകുണ്ഡത്തിൽ നിന്നുമുയരുന്ന അഗ്നിപ്രതീകാത്മകമായി പ്രതിനിധാനം ചെയ്യുന്നതു്. നമ്മുടെ ജീവാത്മാവിനെ കൈപിടിച്ച് മുന്നോട്ടുകൊണ്ടുപോകുന്ന പുരോഹിതനായി ആ അഗ്നിയെ സ്തുതിച്ചുകൊണ്ടുതന്നെയാണ് ഋഗ്വേദം ആരംഭിക്കുന്നതു്. (അഗ്നിംഈളേപുരോഹിതം, യജ്ഞസ്യദേവമൃത്വിജം, ഹോതാരം രത്നധാതമം, എന്ന ഒന്നാം സൂക്തത്തിൻെറ അർത്ഥകല്പന ചെയ്താൽ ഇതു് വിശദമാകും.) സ്ഥൂലമായ അർത്ഥമല്ല വേദങ്ങഠംക്കുള്ളതു്. അതിൻെ സൂക്ഷ്മാർത്ഥവിചാരം അരവിന്ദയോഗിയും അദ്ദേഹത്തിൻെറ ശിഷ്യനായ ശ്രീകപാലീശാസ്ത്രികളും ചെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ച്ചിട്ടുള്ളതു് ഈതരത്തിൽ യോഗപരവും, രഹസ്യാത്ഥദ്യോതകവുമായ വിധത്തിൽ ഉള്ളതാണ്. അങ്ങിനെ കുണ്ഡലിനീരൂപമായ അഗ്നിയെ പ്രതീകമാക്കിയാണ് വൈദികകാലത്തു് യജ്ഞരൂപേണ പ്രാപഞ്ചികശക്തികളെ പ്രസാദിപ്പിച്ചിരുന്നതും മനുഷ്യരുടെഉപയോഗത്തിന്നായി സ്വാധീനിച്ചിരുന്നതും.

വൈദികചിന്തയുടെ
താന്ത്രികമായ ആവിഷ്കരണം

കാലക്രമത്തിൽ യുഗപരിവത്തനങ്ങളോടെ മനുഷ്യരുടെ കഴിവുകൾ വീണ്ടും കുറഞ്ഞുപോയി. അങ്ങിനെ കലിയുഗമാകുമ്പോഴേയ്ക്കു് വൈദികമായ ഈ ആരാധനാസമ്പ്രദായം താന്ത്രികമാർഗ്ഗങ്ങളായി പരിണമിക്കുകയാണുണ്ടായതു്. വൈദികവും, താന്ത്രികവുമായ സമ്പ്രദായങ്ങൾ വിഭിന്നങ്ങളും പലപ്പോഴും പരസ്പരവിരുദ്ധങ്ങളുമായ ചിന്താഗതികളെയാണ് പ്രതിനിധാനം ചെയ്യുന്നതെന്നും അവയ്ക്കു് ആര്യൻ-ദ്രാവിഡൻ എന്നിങ്ങനെ വർഗ്ഗപരമായ അടിസ്ഥാനങ്ങൾ ഉണ്ടായിരുന്നുവെന്നും ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നതു് ഇവിടെ വിസ്മരിക്കുന്നില്ല. ആ വാദഗതി സമ്മതിക്കുകയാണെങ്കിൽത്തന്നെയും ഈ രണ്ടു വിചാരധാരകളും വേർതിരിക്കുവാൻ വയ്യാതെ ഒന്നായി ഉരുകിച്ചേർന്നു് ഹൈന്ദവജീവിത ദർശനമായി ഉരുത്തിരിയുകയാണ് ചെയ്തതെന്നു് പറയേണ്ടിവരും. പക്ഷെ വെറും സ്ഥൂലമായ അത്ഥകല്പനയല്ലാ വേദത്തിനുള്ളതു് എന്നു് മനസ്സിലാക്കുന്ന സൂക്ഷ്മചിന്തകന്മാർക്കു് പില്ക്കാലത്തെ പല താന്ത്രികസങ്കൽപങ്ങളും വേദത്തിൽനിന്നു് ഉരുത്തിരിഞ്ഞതാണെന്നു കാണുവാൻ പ്രയാസമില്ല. രണ്ടു സമ്പ്രദായങ്ങളുടെയും അടിസ്ഥാനചിന്താഗതി കുണ്ഡലിനീയോഗം തുടങ്ങിയ ആദ്ധ്യാത്മികരഹസ്യങ്ങൾ തന്നെയായിരുന്നുവെന്നതും വ്യക്തമാണ്. പല ഉപനിഷത്തുക്കളും വേദസൂക്തങ്ങളും ഇതിന്നുപോൽബലകങ്ങളാണ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വൈദികചിന്താസരണിയിൽ അക്ഷരങ്ങളുടെ സ്പന്ദനങ്ങൾക്ക് പ്രത്യേക ശക്തിയുണ്ട് എന്ന് നാം കണ്ടു വല്ലോ. ഓം, വഷട്, വൌഷട്, സ്വാഹാ തുടങ്ങിയ വൈദിക കർമ്മങ്ങൾക്ക് ഉപയോഗിച്ചിരുന്ന ഇത്തരം ശബ്ദങ്ങൾ തന്നെയാണ് പില്ക്കാലത്ത് താന്ത്രികമായ മന്ത്രോച്ചാരണ സമ്പ്രദായത്തിലും സ്വീകരിച്ചിരുന്നത്. യജ്ഞത്തിൽ നാലും അധിലധികവും ഋത്വിക്കുകൾ കൂട്ടായിച്ചേർന്നു ചെയ്തിരുന്ന ഹവനക്രിയതന്നെ പില്ക്കാലത്ത് മന്ത്രദേവതകളെ ഉദ്ദേശിച്ച് ഒരാൾ മാത്രം ചെയ്യുന്ന ഹോമമായി പരിണമിച്ചു. ഇന്ദ്രാദിദേവന്മാരെ പ്രാപഞ്ചിക സൂക്ഷ്മശക്തികളായി മാത്രം വേദം പരിഗണിച്ചിരുന്നു. പക്ഷെ തന്ത്രകാലത്ത് ആ ദേവതകൾക്ക് കരചരണാദ്യവയവസഹിതങ്ങളായ രൂപകൽപനകൾ ഉണ്ടായതാണല്ലൊ ഓരോ മന്ത്രത്തിൻെറയും ദേവതയുടെ ധ്യാനോക്ത രൂപമായി പരിണമിച്ചതു്. അതേപോലെ ഗണപതി, വിഷ്ണു, ശിവൻ, ദുർഗ്ഗ, എന്നിങ്ങനെ വ്യക്തമായി ഉരുത്തിരിഞ്ഞ താന്ത്രികദേവതകൾക്ക് സമാന്തരങ്ങളായ വേദസൂക്തങ്ങൾ അതതു് ദേവന്മാരുടെ ഉപാസനകളിൽ ഇന്നും ഉപയോഗിച്ചുവരുന്നുണ്ട്. ശക്തിനിഗർഭിതങ്ങളായ ദീർഘവൈദികസൂക്തങ്ങളുടെ ചുവടുപിടിച്ച് മേൽപറഞ്ഞ തരത്തിലുള്ള ബീജാക്ഷരങ്ങൾ ചേർത്തു് താന്ത്രികമന്ത്രങ്ങൾ ഉത്ഭവിച്ചു. ആ മന്ത്രശബ്ദങ്ങളിലും തദ്‌സംബന്ധിയായ ദേവതാസങ്കൽപത്തിലും പ്രപഞ്ചത്തിൻെറ നിയാമക ശക്തികൾ ഉണ്ടെന്ന താന്ത്രികദർശനം വൈദികഭാവനയുടെ തുടർച്ചയല്ലാതെ മററെന്താണ്? അതു മാത്രമല്ല വേദങ്ങളിൽ അനപേക്ഷണീയങ്ങളായ ഋഷിഛന്ദോ ദേവതാ സങ്കൽപങ്ങൾ താന്ത്രികമന്ത്ര ഉപാസനയുടെയും അംഗങ്ങളായിത്തീർന്നു. വൈദികസമ്പ്രദായം അതിൻെറ ഉള്ളടക്കം കളയാതെ പിൽക്കാലത്തു് താന്ത്രികസമ്പ്രദായമായി പരിണമിച്ചതിൻെറ നിരവധി ഉദാഹരണങ്ങളിൽ ചിലതാണ് ഇവിടെ കൊടുത്തതു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തന്ത്രമന്ത്രയന്ത്രങ്ങളും സാധനാപദ്ധതികളും

തന്ത്രമെന്നാൽ മന്ത്രമല്ലാത്ത മറ്റെന്തോ ആണെന്നു് നമ്മുടെയിടയിൽ ഒരു ധാരണയുണ്ടു്. വാസ്തവത്തിൽ മേൽപറഞ്ഞ തരത്തിൽ ഉരുത്തിരിഞ്ഞ ഉപാസനാസമ്പ്രദായങ്ങളുടെ ഭണ്ഡാഗാരത്തെയാണ് തന്ത്രമെന്നു പറയുന്നതു്. അതിൻെറ മുഖ്യാംശം മന്ത്രം തന്നെ. ദേവതകളുടെ അതായതു് പ്രപഞ്ചത്തിൻെറ നിയാമകശക്തികളുടെ ശുദ്ധസ്പന്ദനത്തിൻെറ തനി പ്രതിരൂപങ്ങളാണ് മന്ത്രങ്ങൾ. ആ മന്ത്രസ്പന്ദനങ്ങൾക്കു് ത്രികോണവൃത്തചതുരശ്രാത്മകങ്ങളായ ക്ഷേത്രഗണിതപ്രതീകങ്ങൾ കൊടുക്കുകയാണെങ്കിൽ അവ യന്ത്രങ്ങളായി. മന്ത്രം ദേവതയുടെ സൂക്ഷ്മരൂപമാണെങ്കിൽ യന്ത്രം ദേവതയുടെ തനതായ സ്ഥൂലാകാരമാണ്. അവയുടെ മനുഷ്യരൂപകൽപനകൾ മാത്രമാണ് ധ്യാനോക്തരൂപങ്ങൾ മന്ത്രവും യന്ത്രവും നിർവ്വചിക്കപ്പെട്ടു കഴിയുമ്പോൾ ഈ മന്ത്രത്തിൻെറ പ്രയോഗപരമായ സാങ്കേതികശാസ്ത്രത്തെ തന്ത്രമെന്നു് പറയപ്പെടുന്നു. വളരെ വിപുലമായ ഒരു സാങ്കേതികപദ്ധതി തന്ത്രശാസ്ത്രം —അഥവാ മന്ത്രശാസ്ത്രം—ആവിഷ്കരിച്ചെടുത്തിട്ടുണ്ടു്. അക്ഷരസ്പന്ദനങ്ങളുടെ രഹസ്യവും, ആസനപ്രാണായാമാദി ഹഠയോഗപദ്ധതികളും, കുണ്ഡലിന്യുത്ഥാപനം, സഹസ്രാരത്തിൽനിന്നുള്ള അമൃതവർഷണം തുടങ്ങിയ ലയയോഗസാധനയും പ്രത്യേകസ്ഥാനങ്ങളിൽ മനസ്സിനെ കേന്ദ്രീകരിച്ചുനിർത്തുന്ന ധാരണാധ്യാനസമാധികളാകുന്ന രാജയോഗാംഗങ്ങളും സമഞ്ജസമായി സമ്മേളിപ്പിച്ചെടുത്ത തന്ത്രസാധനാപദ്ധതികൾ സുന്ദരങ്ങളും ക്ഷിപ്രഫലദായികളും ആണെന്നു് അനുഭവജ്ഞന്മാർക്കു് പറയുവാൻ കഴിയും. അതുമാത്രമല്ല, തന്ത്രസാധനയിൽ ആദ്യമായി വ്യാപരിക്കുന്നവരുടെ സൗകര്യത്തിന്നുവേണ്ടിയുള്ള പൂജാപദ്ധതിയും താന്ത്രികമായ ഒരാവിഷ്കാരം മാത്രമാണ്. ആ പൂജയിൽ താന്ത്രികമന്ത്രങ്ങളും ധ്യാനോക്തരൂപങ്ങളുടെ ആകൃതിയിൽ കൃത്യമായിപണിത വിഗ്രഹങ്ങളും ഉപയോഗിക്കുന്നു. പുഷ്പവും, ധൂപദീപാദികളും, ചന്ദനവും വെള്ളവും, നിവേദ്യങ്ങളും ശംഖുംമണിയും മററുമായി ഒട്ടനേകം സാങ്കേതികഉ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പകരണങ്ങൾ പൂജക്ക് ആവശ്യമുണ്ട്. പക്ഷെ പൂജ ഏററവും താഴ്ന്ന പടിയിൽ ഉള്ളതാണ്. അത് ജപത്തിലേക്കും ധ്യാനത്തിലേക്കും അന്തിമമായി സമാധിയിലേക്കുമാണ് നമ്മെ നയിക്കുന്നതെന്നു മനസ്സിലാക്കുമ്പോൾ കർമ്മ, ഭക്തി, രാജ, ജ്ഞാനയോഗങ്ങളും തന്ത്രമാർഗ്ഗത്തിൽ സുന്ദരമായി സമ്മേളിച്ചിട്ടുള്ളതു് കാണുവാൻ കഴിയും. സാങ്കല്പികമായി കുണ്ഡലിന്യുത്ഥാപനംചെയ്ത പഞ്ചഭൂതങ്ങളുടേയും ക്രമമായസംഹാരംസാധിച്ച്, ദുഷ്കർമ്മജന്യമായ നമ്മുടെ പാപപുരുഷനെ ദഹിപ്പിച്ച്, ആ ഭസ്മത്തിൽ സഹസ്രാരത്തിൽനിന്നുള്ള അമൃതുപ്ലാവനംകൊണ്ട് ദിവ്യദേഹസൃഷ്ടിചെയ്ത, വീണ്ടും പരമാത്മാവിൽനിന്ന് പഞ്ചഭൂതാത്മകമായശരീരംസൃഷ്ടിക്കുകയെന്ന ഭൂതശുദ്ധിക്രിയ, കുണ്ഡലിനീയോഗപ്രധാനമായ ഒരു പ്രധാന താന്ത്രികക്രിയയത്രെ. ''ദേവാർച്ചായോഗ്യതാപ്രാപ്ത്യൈ ഭൂതശുദ്ധിസമാരേൽ'' എന്ന താന്ത്രികനിർദ്ദേശം വലിയ പൂജകളിലെ അനുപേക്ഷണീയമായൊരു ചടങ്ങാണ്. അങ്ങിനെ പവിത്രമായിത്തീർന്ന സാധകദേഹത്തിൽ ചില പ്രത്യേക അവയവങ്ങളിലും സർവ്വാംഗങ്ങളിലുമായി മന്ത്രചൈതന്യഭാഗങ്ങളടങ്ങിയ അക്ഷരങ്ങൾ റൊട്ടിയിൽ വെണ്ണപുരട്ടുന്നതുപോലെ തൊട്ടുപുരട്ടുന്ന ക്രിയയാണ് ന്യാസം. ന്യാസംകൊണ്ട് ശരീരം മന്ത്രമയവും ദേവതാമയവുമായിത്തീരുന്നു. ''ശിവോഭൂത്വാ ശിവായജേൽ'' എന്ന താന്ത്രികവചനപ്രകാരം ഇപ്രകാരം ദേവതാമയനായിത്തീരുന്നവനേ ദേവതയെ ഉപാസിക്കാനധികാരമുള്ളു. ഇതിന്നനുസൃതമായി ഉപാസകൻ ആദ്യമായി ദേവതാമയനായിത്തീരുന്നതിന്നു് ഗുരുനാഥൻെറ സഹായം ആവശ്യമാണ്. അദ്ദേഹം ശിഷ്യദേഹത്തെ മേൽപ്പറഞ്ഞവിധത്തിൽ സംസ്കരിച്ച് ദീർഘതപസ്സുകൊണ്ട് ആവിഷ്കൃതമായ തൻെറ ആത്മശക്തിയുടെ ഒരു കണിക ശിഷ്യൻെറശിരസ്സിൽ നിക്ഷേപിക്കുന്നു. ഇതാണ് ദീക്ഷ. സ്പർശം കൊണ്ടും ദൃഷ്ടികൊണ്ടും മററും ദീക്ഷകൊടുക്കാറുണ്ടെങ്കിലും സാധാരണ മന്ത്രചൈതന്യത്തെ പൂജിച്ച്വെച്ച് കലശത്തെ ആടുകയാണ് ദീക്ഷയിൽ ചെയ്യാറുള്ളതു്. ആ ചൈതന്യം ശിഷ്യൻെറ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്ഥൂലസൂക്ഷ്മദേഹങ്ങളെ ആപ്ലാവനം ചെയ്യുക മാത്രമല്ല, ബ്രഹ്മരന്ധ്രത്തിലൂടെ പ്രവേശിച്ച് ശിഷ്യന്റെ ദേഹത്തിൽ സ്ഥാനംപിടിക്കുകകൂടിചെയ്യുന്നു. ദീക്ഷ, ന്യാസം, ഭൂതശുദ്ധി, പ്രാണപ്രതിഷ്ഠ, ധ്യാനം, മന്ത്രജപം, പൂജ, ഹോമം തുടങ്ങി വളരെ ശാസ്ത്രീയപദ്ധതികൾചേർന്ന ഉപാസനാക്രമങ്ങളാണ് തന്ത്രശാസ്ത്രത്തിലെ പ്രതിപാദ്യവിഷയങ്ങൾ. മന്ത്രദേവതയുടെ പൂജകൊണ്ടും ധ്യാനജപാദികൾകൊണ്ടും താദാത്മ്യഭാവനകൊണ്ടും മന്ത്രസിദ്ധി ലഭിക്കുന്നു. മന്ത്രസിദ്ധിയുടെ പരമകാഷ്ഠയായി ആദ്ധ്യാത്മികജ്ഞാനവും, അദ്വൈതാനുഭൂതിയും മോക്ഷവും കൈവരുന്നു. അതാണ് തന്ത്രസാധനയുടെ അന്തിമലക്ഷ്യം.

തന്ത്രശാഖയിലെ ഗ്രന്ഥവൈപുല്യവും ഇന്നത്തെ ഭാരതത്തിൽ അതിന്റെ സ്ഥാനവും

ഇങ്ങനെ വേദങ്ങളിൽനിന്നു് ഉരുത്തിരിഞ്ഞുവന്ന തന്ത്രപദ്ധതി സാധാരണക്കാരനെ സംബന്ധിച്ചേടത്തോളം രഹസ്യമായിരുന്നു. ആദ്ധ്യാത്മിക സാധനയുടെ ഉന്നത ശ്രേണികളിലെല്ലാംതന്നെ ഈ നിഗൂഢത പരിവേഷം ചാർത്തുന്നതായി കാണാം. അനധികാരികൾ കൈകാര്യം ചെയ്യുന്നതുകൊണ്ടുളവായേയ്ക്കാവുന്ന ശാരീരികവും മാനസികവുമായ അപകടങ്ങളെ കരുതിയായിരിക്കണം ഇങ്ങിനെ ചെയ്തിരുന്നതു്. പക്ഷെ ആവക പദ്ധതിയുടെ നിഗൂഢാംശങ്ങൾ കഥാരൂപേണ പുരാണങ്ങളിലൂടെ ജനസാമാന്യത്തിൽ പ്രതിഷ്ഠനേടിയതോടൊപ്പം സ്മൃത്യാദി ധർമ്മശാസ്ത്രങ്ങളിലൂടെ വൈദികതാന്ത്രികസമ്പ്രദായങ്ങളിലെ സനാതനമൂല്യങ്ങൾ സമൂഹത്തിൽ വേരൂന്നുകയുംചെയ്തു. ഇങ്ങിനെ രഹസ്യമാണെങ്കിലും തന്ത്രമാർഗ്ഗത്തിൽ അതിബൃഹത്തരമായൊരു ഗ്രന്ഥസമുച്ചയം ലഭ്യമാണ്. കേരളം, കാശ്മീരം, ഗൌഡം എന്നു് മൂന്നുതരംസമ്പ്രദായവിശേഷങ്ങൾ തന്ത്രാരാധനയിൽ ആവിഷ്കൃതങ്ങളായെന്നു് പറയുന്നു. ഭാരതവർഷത്തിൽ ഭൂമിശാസ്ത്രപരമായി അശ്വക്രാന്താ, രഥക്രാന്താ, വിഷ്ണുക്രാന്താ എന്നു് മൂന്നുമേഖലകൾ ഉണ്ടെന്നും ആ ഓരോ മേഖലയിൽ ഓരോന്നിലും വ്യത്യസ്തങ്ങളായ 64 തന്ത്രഗ്രന്ഥങ്ങൾവീതം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രചരിച്ചുവന്നിരുന്നുവെന്നും തന്ത്രഗ്രന്ഥങ്ങളിൽ പ്രതിപാദിക്കുന്നുണ്ടു്. ഇതിന്നു്പുറമെ യാമളങ്ങൾ, ഡാമരങ്ങൾ തുടങ്ങി തന്ത്രശാസ്ത്രഗ്രന്ഥങ്ങളുടെ ഒരു പാരാവാരം തന്നെ നീണ്ടുകിടപ്പുണ്ടു്. ശങ്കരാചാര്യർ, പരശുരാമൻ, അഗസ്ത്യൻ, ദുർവ്വാസാവു് തുടങ്ങിയവർ ഉണ്ടാക്കിയ പല സ്തോത്രങ്ങളും, കല്പസൂത്രങ്ങളും, സ്വതന്ത്ര തന്ത്രങ്ങളും, വ്യാഖ്യാനങ്ങളും വേറേയുമുണ്ടു്. ആഗമങ്ങളെന്നും തന്ത്രങ്ങളെ പറയാറുണ്ടു്. ശിവൻ പാർവ്വതിയെ ഉപദേശിക്കുന്നതായ തന്ത്രങ്ങളെ ആഗമങ്ങളെന്നും പാർവ്വതി ഗുരുവായും ശിവൻ ശിഷ്യനായും ഉള്ള സംവാദരൂപികളായ തന്ത്രഗ്രന്ഥങ്ങളെ നിഗമങ്ങളെന്നും പറഞ്ഞുവരാറുണ്ടു്. ഇവയ്ക്കു് പുറമെ അഭിനവഗുപ്തൻ, ഭാസ്കരരായൻ, ലക്ഷ്മണദേശികൻ തുടങ്ങിയ അധുനാതനർ രചിച്ചതായ തന്ത്രാലോകം, സേതുബന്ധം, വരിവസ്യാരഹസ്യം, ശാരദാതിലകം, മന്ത്രമഹോദധി, മന്ത്രമഹാർണ്ണവം തുടങ്ങിയ ബൃഹത്ഗ്രന്ഥങ്ങൾ നിരവധി വേറേയുമുണ്ടു്. ഇന്നു് നിലവിലുള്ള സദാചാരസംഹിതയെ മാനിച്ചുകൊണ്ടും അവയെ ധിക്കരിച്ചുകൊണ്ടു് പഞ്ചമകാരങ്ങൾ ഉപയോഗിച്ചുകൊണ്ടുമുള്ള അനേകം ദേവീദേവന്മാരുടെ ഉപാസനാ പദ്ധതികൾ ഈ ആഗമ തന്ത്രങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നു. രണ്ടാമത്തെ വകയിലുള്ളവ വേദബാഹ്യങ്ങളാണെന്നു് പൊതുവെ അഭിപ്രായമുണ്ടെങ്കിലും വേദകർമ്മങ്ങളായ യജ്ഞങ്ങളിലുള്ള പശ്വാലംഭനവും സോമപാനവും മററും ഓർക്കുമ്പോൾ വൈദികസരണിയുടെ കൃത്യമായ പിന്തുടർച്ചതന്നെയാണു് ഈ മാർഗ്ഗങ്ങൾ എന്നു പറയുവാനാണു് ന്യായം കാണുന്നതു്. മന്ത്രോപാസനയും പൂജാമാർഗ്ഗവും മാത്രമല്ല തന്ത്രഗ്രന്ഥങ്ങളിലെ പ്രതിപാദ്യവിഷയം. അദ്ധ്യാത്മതത്വചിന്ത, യോഗവിദ്യ, സൃഷ്ടിരഹസ്യം, ഔഷധപ്രയോഗങ്ങൾ, ജ്യോതിഷം, വർണ്ണാശ്രമാദി ധർമ്മശാസ്ത്രം, രാജ്യതന്ത്രം തുടങ്ങിയ അനവധി ശാസ്ത്രീയ വിഷയങ്ങളുടെ ഒരു ആധികാരിക സങ്കലനമത്രെ മിക്ക തന്ത്രഗ്രന്ഥങ്ങളും. ചുരുക്കത്തിൽ പറയുകയാണെങ്കിൽ ഇന്നു് ഭാരതീയമാണെന്നു് കണക്കാക്കപ്പെടുന്ന എല്ലാ ശാസ്ത്രശാഖകളുടെയും അടിത്തട്ടിൽ താ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്ത്റികഗ്രന്ഥങ്ങളിൽപറഞ്ഞ തത്വസംഹിതകളെ ദർശിക്കു വാൻ കഴിയും. വൈദികക്രിയകരം ഇന്നത്തെ ഹിന്ദുമത ത്തിൽ മിക്കവാറും നടപ്പില്ലാത്ത ചുററുപാടിൽ, അത്യുന്ന തങ്ങളായ വേദാന്തതത്വങ്ങളുടെ പാണ്ഡിത്യമല്ല, നേരെമ റിച്ച് തന്ത്റങ്ങളിലൂടെ, വിഗ്രഹാരാരാധനയിലൂടെ, ക്ഷേ ത്രങ്ങളിലൂടെ, ക്ഷേത്രാചാര ഉത്സവാദികളിലൂടെ ഈ നാ ട്ടിലെ സാധാരണ മനുഷ്യനിലേക്കിറങ്ങിവന്ന ആചാര സംഹിതകളും സമ്പ്രദായങ്ങളുമാണ് ഇന്നു് ജീവിക്കുന്ന ഹിന്ദുമതമെന്നു് പറയേണ്ടിവരും. എവിടെ പൂജാമണി കരം ശബ്ദിക്കുന്നുവോ, എവിടെ ധൂപദീപാദികരം കാണി ക്കുന്നുവോ അവിടെ താന്ത്റികസമ്പ്രദായത്തിലൂടെ ഹിന്ദു മതം ജീവിക്കുന്നുവെന്ന സർ ജോൺവുഡ്റോഫിൻെറ അ ഭിപ്രായം വളരെ ശരിയാണ്.

അപ്ലൈഡ്തന്ത്രം

വാസ്തവത്തിൽ മന്ത്രദേവതാപ്രസാദംനേടി ജീവബ്ര ഹ്മൈക്യം സാധിക്കുകയെന്നതാണ് തന്ത്രശാസ്ത്രത്തിൻെറ ഉദ്ദേശമെങ്കിലും സാധാരണമനുഷ്യരുടെ ഉൽക്കർഷത്തിനു് വേണ്ടി അതു് രണ്ടു ജനകീയശാഖകളായി തിരിഞ്ഞിട്ടു ണ്ടു്. മന്ത്രപ്രയോഗത്താൽ സാധിക്കാവുന്ന വശ്യ ഉച്ചാട ന മാരണാദി ഷട്കമ്മങ്ങളിലൂടെ ശാരീരികമായും മാന സികമായും, സമൂഹത്തിൽനിന്നും ശത്രുരാഷ്ട്രത്തിൽനിന്നുമു ള്ള ഉപദ്രവങ്ങളെ ഇല്ലായ്മചെയ്യുവാൻ തന്ത്രശാസ്ത്രത്തിൽ വിധികരം ഉണ്ടു് ആദ്ധ്യാത്മികസാധനചെയ്യുമ്പോരം ഉ പരിലോകങ്ങളിൽനിന്നും വന്നേക്കാവുന്ന അന്തരീക്ഷജീ വികളെ സംബന്ധിച്ചുള്ള പ്രതിരോധനടപടികളായിരി ക്കാം ആദ്യകാലത്തു് ഉദ്ദേശിക്കപ്പെട്ടതു്. പക്ഷെ പില്ക്കാ ലത്തു് മനുഷ്യർ ഭൌതികജീവിതത്തിൻെറ നിലവാര ത്തിൽത്തന്നെ ഇത്തരം ശക്തിവിശേഷങ്ങളെ ഉപയോഗി ക്കുകയും അങ്ങിനെ മന്ത്റവാദസമ്പ്രദായം ഉടലെടുക്കുക യും ചെയ്തു. നല്ലകാര്യങ്ങരംക്കും ദുഷ്ടകാര്യങ്ങരംക്കുമായി ഈ സമ്പ്രദായം ഉപയോഗിക്കാറുണ്ടു്. ശാസ്ത്രത്തിൻെറ കണ്ടുപിടുത്തങ്ങളെ മനുഷ്യരാശിക്കു് അനുകൂലമായും പ്രതി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കൂലമായും ഉപയോഗിക്കുന്നരീതികളിൽ വരുന്ന വൈജാത്യത്തിനു് ശുദ്ധശാസ്ത്രം ഉത്തരവാദിയാകാത്തതുപോലെ, ഈദൃശകമ്മങ്ങളുടെ നന്മതിന്മകൾക്കു് ശുദ്ധതന്ത്രശാസ്ത്രം ഉത്തരവാദിയല്ലെന്നു് പറയാവുന്നതാണു് മറെറാരുതരം ഉപയോഗം ക്ഷേത്രനിമ്മാണവും ക്ഷേത്രാരാധനയുമാണു്. തന്ത്രശാസ്ത്രരഹസ്യങ്ങൾ അറിയാത്ത, അല്ലെങ്കിൽ അറിഞ്ഞനുഷ്ഠിക്കുന്നതു് ദുഷ്കരമായ സാധാരണക്കാരനെ ഉദ്ദേശിച്ചു് ഈശ്വരീയശക്തിയെ സ്വജീവിതത്തിൽ ആവിഷ്കരിച്ചു് ഐഹികാമുഷ്മിക കാര്യസിദ്ധിക്കുപയുക്തമാക്കിത്തീക്കുന്ന പദ്ധതിയാണു് ക്ഷേത്രനിമ്മാണംകൊണ്ടു് നമ്മുടെ പൂവ്വീകർ സാധിച്ചിട്ടുള്ളതു്. ഇതിൻെറയും അടിസ്ഥാനം തന്ത്രശാസ്ത്രമാണു്. ഈ രണ്ടു് ശാഖകളെയും അപ്ലൈഡ് തന്ത്രമെന്നു് ശാസ്ത്രസങ്കേതമനുസരിച്ചു് പറയാവുന്നതാണു്.

നമ്മുടെ ക്ഷേത്രസങ്കൽപം

പ്രകൃതഗ്രന്ഥത്തിലെ വിഷയം ക്ഷേത്രസംബന്ധിയായതുകൊണ്ടു് ക്ഷേത്രസങ്കല്പത്തെക്കുറിച്ചു് രണ്ടുവാക്കു് ഇവിടെ പറയേണ്ടിയിരിക്കുന്നു. ഈശ്വരാരാധനാമന്ദിരങ്ങളായ ക്ഷേത്രങ്ങൾ മററുമതക്കാരുടെ ആരാധനാലയങ്ങൾ പോലെയല്ല. അവ മിക്കവാറും ഒരു ഭജനാലയമോ പ്രാത്ഥനാഹാളോ മാത്രമാണു്. പക്ഷേ ക്ഷേത്രം അതല്ല. കല്ലിലും കമ്മായത്തിലും പടുത്തുയത്തിയ ക്ഷേത്രപ്രാകാരങ്ങൾ മനുഷ്യദേഹത്തെയാണു് പ്രതിനിധാനം ചെയ്യുന്നതു്. കരചരണാദ്യവയവങ്ങൾ ക്ഷേത്രത്തിൽ കാണുന്നില്ല എന്നു് പറഞ്ഞേക്കാം. പക്ഷെ സ്ഥൂലസൂക്ഷ്മപ്രപഞ്ചത്തിൻെറയും, പ്രാപഞ്ചിക ശക്തികളായ ദേവതകളുടേയും സാക്ഷാൽ സ്ഥൂലരൂപം താന്ത്രികയന്ത്രമാണെന്നു മുമ്പെ പറഞ്ഞുവല്ലൊ. മനുഷ്യദേഹവും ബ്രഹ്മാണ്ഡവും പ്രതീകാത്മകമാണെന്ന ആദ്ധ്യാത്മികരഹസ്യം ഗ്രഹിച്ചാൽ മനുഷ്യദേഹം പിണ്ഡാണ്ഡവും പ്രപഞ്ചം ബ്രഹ്മാണ്ഡവുമാണെന്നു് പറയേണ്ടിവരും. അവയുടെ കാണപ്പെട്ട സ്ഥൂലസൂക്ഷ്മരൂപങ്ങളെ അന്വയിച്ചു് ജ്യാമിതീയ ഗണിത സങ്കേതങ്ങൾ (Geomatrical designs) ഉപയോഗിച്ചു് ഒരു പ്ലാൻ വരക്കുമ്പോൾ അതു് താന്ത്രിക യന്ത്രമായിത്തീരുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അതുപോലെയൊരു താന്ത്രിക യന്ത്രമാണ് ഹിന്ദുവിന്റെ ക്ഷേത്രമെന്ന് പൊതുവെ പറയാം. ശ്രീകോവിൽ, അകത്തെ ബലിവട്ടം, വിളക്കുമാടം, പുറത്തെ ബലിവട്ടം, പുറമതിൽ തുടങ്ങിയ പഞ്ചപ്രാകാരങ്ങൾ സ്ഥൂലദേഹാംഗങ്ങളേയും, പ്രതിഷ്ഠിതവിഗ്രഹത്തിന്നടിയിലുള്ളപീഠം, നപുംസകശില, യോഗനാളം, കൂർമ്മം, പത്മം, നിധികുംഭം, ആധാരശില എന്നിവകൾ സഹസ്രാരം തൊട്ട് മൂലാധാരം വരെ സ്ഥിതിചെയ്യുന്ന യോഗചക്രങ്ങൾ ഉൾക്കൊള്ളുന്ന സൂക്ഷ്മദേഹാവയവങ്ങളെയും പ്രതിനിധാനം ചെയ്യുന്നു. ഭൂമിക്ക് സമാന്തരമായും ലംബമായും സ്ഥൂലസൂക്ഷ്മദേഹങ്ങളെ വിന്യസിക്കുമ്പോൾ ഏററവും മദ്ധ്യത്തിലുള്ളതും ഏററവും ഉപരിതലത്തുള്ളതുമായ സഹസ്രാരസ്ഥാനത്ത്തന്നെയാണ് ചൈതന്യമൂർത്തിയായ ദേവവിഗ്രഹം പ്രതിഷ്ഠിക്കപ്പെടുന്നതു്. ഇങ്ങിനെ പണിതീർന്ന ദേഹം വെറും സ്ഥൂലദേഹത്തെ മാത്രമാണല്ലൊ പ്രതിനിധാനം നെയ്യുന്നതു്. അതിൽ ജീവൻ പ്രാണശക്തിരൂപേണ പ്രസരിക്കുന്ന അവസരത്തിൽ മാത്രമാണല്ലൊ മനുഷ്യദേഹം ചൈതന്യവത്തായിത്തീരുന്നതു്. അങ്ങിനെ പണിതീർന്ന പ്രാസാദത്തിൽ ശില്പികൊണ്ടുവന്ന വിഗ്രഹം പൂജാ,ഹോമകലശാഭിഷേകങ്ങളായ സങ്കീർണ്ണതാന്ത്രികക്രിയകളിലൂടെ ആചാര്യൻ പ്രതിഷ്ഠിക്കുമ്പോൾ വാസ്തവത്തിൽ നടക്കുന്നതു് കഠോരമായ തപശ്ശക്തിയാലും മന്ത്രോപാസനയാലും ആചാര്യദേഹത്തിൽ നിറഞ്ഞുനില്ക്കുന്ന ആദ്ധ്യാത്മികചൈതന്യത്തിന്റെ ഒരു കണിക ക്ഷേത്രമാകുന്ന ദേഹത്തിൽ നിക്ഷേപിക്കുകയെന്നതാണ്. നേരത്തെപറഞ്ഞ ശിഷ്യന്റെ ദീക്ഷപോലെത്തന്നെയാണ് ഈ ക്രിയ. പിന്നീട് ശിഷ്യൻ നിത്യജപപൂജാദികളാൽ തന്നിൽ അർപ്പിക്കപ്പെട്ട ഈ ആദ്ധ്യാത്മികകലയെ വളർത്തിയെടുക്കുന്നതുപോലെക്ഷേത്രത്തിലും ഈകലയെനിത്യപൂജാദികളാലും നൈമിത്തികങ്ങളായ ഉത്സവാദികളാലും പരിപോഷിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യേണ്ടതുണ്ട്. അങ്ങിനെ നടന്നുവരുന്ന ക്ഷേത്രത്തിൽ ദേവന്റെ മൂലമന്ത്രസ്പന്ദനരൂപിയായ ചൈതന്യം പുറംമതിലോളം വ്യാപി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ച്ചിരിക്കും. തന്ത്രസാധനയെക്കുറിച്ച് വിവരമില്ലാത്ത സാധാരണക്കാരൻ ക്ഷേത്രത്തിൽകടന്ന് ഭക്തിനിർഭരമായ മനസ്സോടുകൂടി ദേവനെ പ്രാർത്ഥിക്കുമ്പോൾ, മാനസികമായിനേടുന്ന താദാത്മ്യഭാവം ആ സാധകദേഹത്തെ ക്ഷേത്രദേഹത്തോട് ട്യൂൺചെയ്യുന്നുവെന്ന് ആധുനികശാസ്ത്രശൈലിയനുസരിച്ച് പറയേണ്ടിവരും. ഇന്നത്തെ ഭൗതികശാസ്ത്രത്തിൻെറ(Physics)ശാഖയായ ശബ്ദതരംഗങ്ങളുടെ പഠനത്തിൽതെളിയിച്ചിട്ടുള്ള അനുരണനപ്രക്രിയ ഇവിടെ നടക്കുന്നുണ്ട്. കമ്പികളുടെ സ്പന്ദിക്കുന്നഭാഗം ഒരേ നീളത്തിലാക്കിയ രണ്ടു വീണകൾ അടുത്തടുത്തുവെച്ച് ഒരു വീണയെമാത്രം ശബ്ദിപ്പിച്ചാൽ മറേറ വീണയും അനുരണനപ്രക്രിയകൊണ്ട് അതേനാദം പുറപ്പെടുവിക്കുന്നത് ശാസ്ത്രീയപരീക്ഷണങ്ങളാൽ തെളിയിക്കപ്പെട്ടുകഴിഞ്ഞതാണ്. ക്ഷേത്രമാകുന്ന ശരീരത്തിൽ മന്ത്രചൈതന്യം ശക്തമായി സ്പന്ദിക്കുമ്പോൾ ആ സ്പന്ദാകാശത്തിൽ ഭക്തിഭാവത്താൽ ദേവനോട് താദാത്മ്യഭാവംപ്രാപിച്ച സാധകൻെറ ശരീരം(സ്ഥൂലസൂക്ഷ്മ) വരുമ്പോൾ ആ ദേവൻെറ മൂലമന്ത്രസ്പന്ദനങ്ങൾ സാധകദേഹത്തിൽ സ്ഫുരിക്കുവാൻ തുടങ്ങും. ഈ സ്ഫുരണം ലഭിക്കേണമെങ്കിൽ സാധാരണഗതിയിൽ ഉത്തമനായ ഒരു ഗുരുനാഥനിൽ നിന്ന് മന്ത്രോപദേശം വാങ്ങി ശാസ്ത്രമനുസരിച്ച് അക്ഷരലക്ഷജപാദി പുരശ്ചരണപ്രക്രിയ വർഷങ്ങളോളം നടത്തിയിരിക്കണം. കൃത്രമമായ ആ പദ്ധതിയൊന്നുമില്ലാതെ ക്ഷേത്രാരാധനചെയ്തുകൊണ്ട് മന്ത്രചൈതന്യത്തെ സ്വദേഹത്തിൽ ആവിഷ്കരിക്കാമെന്ന മനശ്ശാസ്ത്രഎൻജിനീയറിംഗ്പദ്ധതിതന്നെയാണ് പൂർവ്വീകർ ക്ഷേത്രനിർമ്മിതികൊണ്ട് സാധിച്ചിരിക്കുന്നത്. ക്ഷേത്രത്തിൻെറ ശാന്തിക്കാരൻ ഈ പദ്ധതിയുടെ സ്ഥലത്തെ ടെക്നീഷ്യനും തന്ത്രി അങ്ങനെയുള്ള അനവധി ക്ഷേത്രയന്ത്രങ്ങളുടെ മേൽനോട്ടം വഹിക്കുന്ന എൻജിനീയറുമാണ് എന്നുപറയാം.

ക്ഷേത്രാരാധനയാകുന്ന ഈ അപ്ലൈഡ് തന്ത്രശാഖയുടെ ഗ്രന്ഥങ്ങളെയും പൊതുവിൽ ആഗമങ്ങളെന്നു പറയാറുണ്ട്. അതിൽ ശൈവശാക്തങ്ങളായവയെ ആഗമങ്ങളെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്നും വൈഷ്ണവങ്ങളായവയെ സംഹിതകളെന്നും പറയാറു ണ്ട്. വൈഷ്ണവസംഹിതകൾ മന്ത്രഭേദമനുസരിച്ച് പഞ്ചരാത്രവും വൈഖാനസവുമെന്ന രണ്ടു ശാഖകളിലുമായി വ്യാപിച്ചിരിക്കുന്നു. വിഷ്ണുസംഹിത, പത്മസംഹിത, അഹിർബുദ്ധ്ന്യസംഹിത തുടങ്ങിയ വൈഷ്ണവാഗമങ്ങളുടെ പട്ടിക വളരെ നീണ്ടുപോകുന്നു. കാമികം, അജിതം, സുപ്രഭേദം തുടങ്ങി ശൈവാഗമങ്ങളും നിരവധിയുണ്ട്. ഭാരതത്തിലെ ക്ഷേത്രങ്ങളുടെ നിർമ്മിതിയും പൂജാദിവിഷയങ്ങളുമെല്ലാം ഏതെങ്കിലും ചില ആഗമങ്ങളെ ആസ്പദമാക്കിയായിരിക്കും ചെയ്തിരിക്കുന്നു. ഓരോ പ്രദേശങ്ങളിലും ഓരോ ക്ഷേത്രത്തിനും അതാതിന്റേതായ ആഗമങ്ങൾ ഉണ്ട്. അവയനുസരിച്ചാണ് ആവക ക്ഷേത്രങ്ങളിലെ ആചാരക്രമങ്ങൾ നിയന്ത്രിക്കപ്പെടുന്നത്.

കേരളത്തിന്റെ താന്ത്രിക പാരമ്പര്യം

കേരളത്തിൽ ഈ ക്ഷേത്രസംബന്ധിയായ ശാഖയെയാണ് തന്ത്രമെന്ന പേരിൽ വിവക്ഷിച്ചുവരുന്നത്. ഇന്ന് തന്ത്രിമാർ മനസ്സിലാക്കിവരുന്നതും അങ്ങിനെയാണ്. നേരത്തെ തന്ത്രമെന്ന് പറഞ്ഞ വിശാലപരിധിയുള്ള ബൃഹത്ശാസ്ത്രവിഭാഗത്തെ മന്ത്രശാസ്ത്രം എന്നുപറഞ്ഞാൽ കേരളത്തിലതിന് ഏതാണ്ടർത്ഥം കിട്ടും. മന്ത്രവാദമെന്നത് നേരത്തെ പറഞ്ഞുവല്ലൊ. മന്ത്രശാസ്ത്രത്തിന്റെ തത്വങ്ങൾ മനസ്സിലാക്കിയ തന്ത്രിമാരും മന്ത്രവാദികളും വളരെവളരെ ദുർല്ലഭമാണെന്ന് പറയേണ്ടിയിരിക്കുന്നു തത്തൽക്കർമ്മങ്ങൾ ചെയ്‌വാനുള്ള പ്രായോഗികപരിജ്ഞാനമല്ലാതെ അതതു് വിഷയങ്ങളിൽ ഉള്ളതാത്വികപരിചയം എനിയും ഉണ്ടാകേണ്ടതായിട്ടാണിരിക്കുന്നത്.

കേരളം പില്ക്കാലത്ത് പരശുരാമനാൽ ഉദ്ധരിക്കപ്പെട്ടതും ഭാരതത്തോട് കൂട്ടിച്ചേർക്കപ്പെട്ടതുമായ പ്രദേശമാണെന്നാണല്ലൊ പുരാണപ്രസിദ്ധമായിട്ടുള്ളത്. പുണ്യഭൂമിയായ ഭാരതത്തിൽ അനാദികാലം മുതൽ ന്യസിക്കപ്പെട്ടതായ അനേകം ക്ഷേത്രതീർത്ഥസ്ഥാനങ്ങളുണ്ടെന്ന് പ്രസിദ്ധമാണ്. അതിനാൽ കേരളം ഭാരതഭൂമിയോട് ചേർക്ക

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്പെട്ടപ്പോൾ പവിത്രത കൈവരുവാൻവേണ്ടി 108 ശിവാലയങ്ങളെയും 108 ദുർഗ്ഗാലയങ്ങളെയും പരശുരാമൻ ന്യസിച്ചിരിക്കണം എന്നാണ് കേരളപ്പഴമയിൽനിന്നും നാം ഗ്രഹിക്കേണ്ടതു്. അങ്ങിനെ കേരളത്തിൽ ക്ഷേത്രങ്ങൾ സൃഷ്ടിച്ചപ്പോൾ അവയുടെ താന്ത്രികമായ വശം അദ്ദേഹം തരണനല്ലൂർ തുടങ്ങിയ പന്ത്രണ്ടു ബ്രാഹ്മണർക്കു കൊടുത്തുവെന്നാണ് ഐതിഹ്യം. അങ്ങിനെ കേരളത്തിലും പരശുരാമ പ്രോക്തമായി തന്ത്രസമ്പ്രദായം നിലവിൽവന്നു. പരശുരാമകല്പസൂത്രം എന്ന ശ്രീവിദ്യോപാസനാദിവിഷയങ്ങളെ പ്രതിപാദിക്കുന്നതായ ഗ്രന്ഥത്തിൻെറ കർത്തൃത്വം പരശുരാമനിൽ ആരോപിക്കപ്പെട്ടിട്ടുള്ളതിനാൽ ആ മഹർഷീശ്വരൻ ഉഗ്രനായ ഒരു ശാക്തനും താന്ത്രികോപാസകനുമായിരുന്നുവെന്നു് നമുക്കനുമാനിക്കാം.

താന്ത്രികപാരമ്പര്യത്തിൻെറ അധഃപതനവും തന്ത്രസമുച്ചയത്തിൻെറ ആവിർഭാവവും

കാലക്രമത്തിൽ ഈ പന്ത്രണ്ടുപേരുടെ പരമ്പര ശിഷ്യപ്രശിഷ്യന്മാരായിവളർന്നു് ഒട്ടനേകം ബ്രാഹ്മണഗൃഹങ്ങളിലേക്കു് സംക്രമിക്കുകയും പരസ്പരം ബന്ധമില്ലാതെ സമ്പ്രദായം വളരെ ദുഷിക്കുകയും ചെയ്തു. അടിസ്ഥാനചിന്തയുടെ അഭാവംകൊണ്ടു് പരസ്പരവിരുദ്ധമായ രീതിയിൽ ക്ഷേത്രതന്ത്രസമ്പ്രദായം അധഃപതിച്ച ഒരുകാലഘട്ടത്തിൽ ആണു് എതാണ്ടു് ക്രിസ്തബ്ദം 1427ൽ സാമൂതിരിയുടെ പ്രസിദ്ധ വിദ്വൽസദസ്സായ പതിനെട്ടരക്കവികളിൽ ഒരാളായ ചേന്നാസ് മനക്കൽ നാരായണൻ നമ്പൂതിരിപ്പാടു് തന്ത്രസമുച്ചയമെന്ന ഗ്രന്ഥം രചിച്ചതു് ഈ വിഷയത്തിൽ നിലവിലുള്ള കഴഞ്ഞുമറിഞ്ഞ അവസ്ഥയെ നേരെയാക്കുകയായിരുന്നു അദ്ദേഹത്തിൻെറ ഉദ്ദേശം. അതിന്നു് മുമ്പു് ശങ്കരഭഗവൽപാദർ, രവി, ഈശാനശിവഗുരു, വില്വമംഗലം ത്രിവിക്രമൻ, നാരായണതുത്ഭ്രാന്തനെന്ന നാരായണാചാര്യൻ, രാഘവാനന്ദൻ, മാധവൻ, വാസുദേവൻ തുടങ്ങിയ താന്ത്രികാചാര്യന്മാരും അവർ രചിച്ചതായ പ്രപഞ്ചസാരം, ഈശാനഗുരുദേവപദ്ധതി, വിഷ്ണുസംഹിത, പ്ര

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യോഗമഞ്ജരി, ദേവോദ്ഭവം, ഗോപാലകാനുഷ്ഠാനക്രമദീപിക, രഹസ്യഗോപാലതന്ത്രചിന്താമണി തുടങ്ങിയ നിരവധി തന്ത്രഗ്രന്ഥങ്ങളും ഇവിടെപ്രചാരത്തിലിരുന്നു. അതിന്നും പുറമെ കേരളത്തിൻെറ പുറത്തു രചിക്കപ്പെട്ട തന്ത്രഗ്രന്ഥങ്ങളും ഇവിടെ അപരിചിതങ്ങളായിരുന്നില്ലെന്നുവേണം പറയുവാൻ. ഇങ്ങിനെ അന്നു് പരിചയമുണ്ടായിരുന്ന തന്ത്രഗ്രന്ഥ പാരാവാരത്തിൽനിന്നും നിലവില്പുള്ള പദ്ധതിയിൽ ഒട്ടുംതന്നെ ലോപം വരാതേയും കടഞ്ഞെടുത്ത പദ്ധതിയാണു് തന്ത്രസമുച്ചയകാരൻ ആവിഷ്കരിച്ചതു്. ''സോƒയം തന്ത്രമിദം വ്യധാത് ബഹുവിധാ ദ്ധൃത്യ തന്ത്രാണ്ണവാൽ'' എന്ന തന്ത്രസമുച്ചയഗ്രന്ഥത്തിൻെറ അവസാനശ്ലോകത്തിൻെറ അവസാനപാദം മേൽപറഞ്ഞതിനു പോൽബലകമാണു്. ഒരുപാടു് 'റഫറൻസ്'ഗ്രന്ഥങ്ങളെയും മന്ത്രകല്പങ്ങളെയും ഈ ഗ്രന്ഥനിർമ്മിതിക്കു് ആശ്രയിച്ചിട്ടുണ്ടെന്നും മററിടങ്ങളിലും അദ്ദേഹം സൂചിപ്പിക്കുന്നുണ്ടു്. കേരളത്തിൻെറ മതചരിത്രത്തിൽ ഒരു സുപ്രധാനമായ നാഴികക്കല്ലുതന്നെയാണു് തന്ത്രസമുച്ചയനിർമ്മാണം.

തന്ത്രസമുച്ചയത്തിൻെറ അനുബന്ധമായ ശേഷസമുച്ചയം

പക്ഷെ ഈ തന്ത്രസമുച്ചയത്തിൽ ശിവൻ, വിഷ്ണു, ദുർഗ്ഗ, ഗണപതി, സുബ്രഹ്മണ്യൻ, ശങ്കരനാരായണൻ, ശാസ്താവു്, എന്നീ ഏഴുദേവന്മാരുടെ ക്രിയകൾ മാത്രമെ പ്രതിപാദിക്കുന്നുള്ളു. അവരുടെ ക്ഷേത്രനിർമ്മാണരീതി കളുള്ള ഭൂപരിഗ്രഹംമുതൽ പ്രതിഷ്ഠാ, നിത്യപൂജ, ഉത്സവം, കലശാഭിഷേകങ്ങൾ, പ്രായശ്ചിത്തങ്ങൾ, നവീകരണമെന്ന ക്ഷേത്രറിപ്പേറുകൾ തുടങ്ങി എല്ലാവിഷയങ്ങളെസംബന്ധിച്ച ക്രിയാദികളും സമഗ്രമായി അടുക്കും ചിട്ടയോടുംകൂടി അദ്ദേഹം ശാസ്ത്രീയ സാങ്കേത രീതിയനുസരിച്ച തന്നെ വിവരിച്ചിട്ടുണ്ടു് എങ്കിലും സാധാരണ കർമ്മികൾക്കു് തന്നെ വ്യഖ്യാനം ആ ഗ്രന്ഥത്തിന്നു് വേണ്ടിവരും. അതിന്നു സംസ്കൃതത്തിൽത്തന്നെ വിമർശിനി എന്നും വിവരണം എന്നും രണ്ടു വ്യാഖ്യാനങ്ങൾ ഉണ്ടായിട്ടുണ്ടു്. വിമർശിനി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കാരൻ ശങ്കരൻനമ്പൂതിരിപ്പാട്ട് സമുച്ചയകാരൻെറ പുത്രൻ തന്നെയാണെന്നു് വിമർശനീവ്യാഖ്യാനത്തിൻെറ അവസാനശ്ലോകംകൊണ്ടു് സുസ്പഷ്ടമാണു്. കൊല്ലവർഷം 10-ാം നൂററാണ്ടിൻെറ അവസാനത്തിൽ ജീവിച്ചിരുന്ന കുഴിക്കാട്ടില്ലത്തു് മഹേശ്വരൻ നമ്പൂതിരിപ്പാട്ട് തന്ത്രസമുച്ചയത്തിന്നു് ഒരു മലയാളവ്യാഖ്യാനമെഴുതിയതു് തിരുവിതാംകൂർ ഹസ്തലിഖിതഗ്രന്ഥശാലവക പ്രസിദ്ധീകരിച്ചിട്ടുണ്ടു്. തന്ത്രസമുച്ചയ വിഷയങ്ങളെ പുരസ്സരിച്ചു് കുഴിക്കാട്ടു്പച്ച, തൊഴാന്തരനുഷ്ഠാനം, പരമേശ്വരാനുഷ്ഠാനം, തുടങ്ങിയ അനുഷ്ഠാനപദ്ധതികഠം അഥവാ പ്രായോഗിക പദ്ധതികളും ഇവിടെ പ്രചരിച്ചിട്ടുണ്ടു്. ഇന്നു് തരണനല്ലൂർ പാരമ്പര്യമൊഴിച്ചു് മററെല്ലാതന്ത്രിമാരുടേയും പരക്കെ അംഗീകാരമുള്ള കൃതിയാണു് തന്ത്രസമുച്ചയം കേരളത്തിൻെറ ക്ഷേത്രാചാരങ്ങളുടെ മൂലഗ്രന്ഥവും അതിനാൽ ഇതുതന്നെയാണെന്നു് പ്രസിദ്ധമാണു്.

പക്ഷെ കേരളത്തിൽ മേൽപറഞ്ഞ ദേവന്മാർക്കു് പുറമെ ഒട്ടനേകം മററു ദേവന്മാരെ ആരാധിച്ചവരാറുണ്ടു്. അവരുടേതും കൂടിയാലേ വിഷയപൂർത്തിവരുകയുള്ളു എന്നതുകൊണ്ടു് അദ്ദേഹത്തിൻെറ പുത്രനുംശിഷ്യനുമായ ശങ്കരൻ നമ്പൂതിരിപ്പാട്ട് എഴുതിയ അനുബന്ധഗ്രന്ഥമാണു് ശേഷസമുച്ചയം എന്നാണു് വിശ്വസിക്കപ്പെട്ടുവരുന്നതു്.

ബ്രഹ്മാർക്കവൈശ്രവണകൃഷ്ണസരസ്വതീശ്രീ
ഗൌര്യഗ്രജാദദുർഗകാല്യപി മാതരോമേ
ക്ഷേത്രാധിപാഽഥരുരുജിത്ത്ഗിരിശാദിരൂപാ
ണിന്ദ്രാദയോഽപിനമതേഽഭിതോപ്രസന്നാ:

എന്ന പ്രഥമശ്ലോകംകൊണ്ടു് ഇതിലെ പ്രതിപാദ്യവിഷയം ശേഷസമുച്ചയകർത്താവു് പറയുന്നുണ്ടു്. ബ്രഹ്മാവു്, സൂര്യൻ, വൈശ്രവണൻ, ഗോശാലകൃഷ്ണൻ, സരസ്വതി, ശ്രീഭഗവതി, ശ്രീപാർവ്വതി, ജ്യേഷ്ഠാഭഗവതി, ഭദ്രകാളി, വീരഭദ്രനും ഗണപതിയും ചേർന്ന സപ്തമാതൃക്കഠം, ക്ഷേത്രപാലൻ അനന്തരം രുരുജിദ്വിധാനമുള്ള രുരുജിത്താകുന്ന ഭൈരവശിവൻ, അവിടുത്തെ മാതൃക്കഠം, ഇന്ദ്രാദിപരിവാരങ്ങഠം തുടങ്ങിയവരുടെ പ്രതിഷ്ഠാപൂജാദിക്രിയകളെയാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ണു് ശേഷസമുച്ചയകർത്താവു് പ്രതിപാദിക്കുന്നതു്. അതിന്നു് ശേഷം പ്രതിഷ്ഠിക്കപ്പെട്ട മുഖ്യവിഗ്രഹത്തിന്നുപുറമെ ഏകബേര ബഹുബേരാദി വിശേഷാൽബിംബങ്ങൾ ഉണ്ടെങ്കിൽ അതുകളിലെ സാമാന്യക്രിയകളെയും അദ്ദേഹം പരാമർശിക്കുന്നുണ്ടു്. തന്ത്രസമുച്ചയകർത്താവു് പറയാത്ത ദേവതകളെയും അവയുടെസമുച്ചയത്തിൽ സൂചിപ്പിക്കാത്ത കർമ്മങ്ങളെയും പററിമാത്രമേ താൻ പ്രതിപാദിക്കുന്നുള്ളു വെന്നു് മൂന്നാംശ്ലോകത്തിൽ ശേഷസമുച്ചയകർത്താവു് പറയുന്നുണ്ടു്. എനിയും നരസിംഹം, രക്തേശ്വരി മുതലായി അസംഖ്യം ദേവീദേവന്മാർ കേരളപ്രതിഷ്ഠകളിൽ ഉൾപ്പെട്ടിട്ടുള്ളതിന്നു് സമഗ്രമായ ഒരു ഗ്രന്ഥനിർമ്മിതിയും ഇതേവരെ നടന്നിട്ടില്ല. അവയെല്ലാം അതതു തന്ത്രിമാരുടെ ഗ്രന്ഥവരികളിൽ ഇരിക്കുന്നതേയുള്ളു. അവയെയെല്ലാം സംഗ്രഹിച്ചു് ഒരു ബൃഹത്ഗ്രന്ഥംരചിക്കാനുള്ള കാലം അതിക്രമിച്ചിരിക്കുന്നുവെന്നും തന്ത്രവിദ്യാപീഠം അധികൃതരിൽനിന്നും ഈ കാര്യം അദ്ധ്യാത്മകേരളം പ്രതീക്ഷിക്കുന്നുണ്ടെന്നും സാന്ദർഭികമായി പറഞ്ഞുകൊള്ളട്ടെ.

ഇതിൽ രുരുജിത്‌വിധാനത്തെപ്പററി രണ്ടുവാക്കു്. കിഴക്കോട്ടു് ദർശനമായ ശിവാലയവും അതിന്നുതെക്കു് വടക്കോട്ടു് ദർശനമായ സപ്തമാതൃക്കളും വീരഭദ്രഗണപതികളും ചേർന്ന മാതൃശ്ശാലയും ഉള്ള പ്രത്യേകതരം ദേവീക്ഷേത്രങ്ങൾ കേരളത്തിൽ ദുർല്ലഭമായിട്ടുണ്ടു്. അവ രുരുജിത് സമ്പ്രദായത്തിൽപെട്ടവയാണു്. ഉഗ്രമായ ഭദ്രകാളീസങ്കല്പമാണു് സാധാരണക്കാരനെ സംബന്ധിച്ചേടത്തോളം ഈ ക്ഷേത്രങ്ങൾ പ്രതിനിധാനം ചെയ്യുന്നതെങ്കിലും തന്ത്രസമ്പ്രദായത്തെ അറിയുന്നവർക്കു് ഇതിലെ പ്രധാനമൂർത്തി സപ്തമാതൃക്കളിൽ അവസാനത്തേതായ ചാമുണ്ഡിയാണെന്നു് മനസ്സിലാക്കാൻ പ്രയാസമില്ല. കൊടുങ്ങല്ലൂർ, അങ്ങാടിപ്പുറം, കൊടിക്കുന്നു്, തിരുവളയനാട്ടു്, കൊല്ലത്തെ പിഷാരികാവു്, ചിറയ്ക്കൽ അടുത്തുള്ള കളരിവാതുക്കൽ, മാടായിക്കാവു് തുടങ്ങി രാജകൊട്ടാരങ്ങളോടനുബന്ധിച്ചു് ഇത്തരം കാവുകൾ കണ്ടുവരുന്നുണ്ടു്. അതിഘോരമായ വനാന്തർഭാഗത്താണു് ഈ കാവുകൾ നിലനിന്നിരുന്നതെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്നു് അവിടെയുള്ള വനസങ്കല്പം തെളിയിക്കുന്നു. അവയിൽ പലതിലും ഇന്നും മദ്യമാംസാദികളോടുകൂടി നടക്കുന്നപൂജകൾ കേരളത്തിലെ വാമമാർഗ്ഗ തന്ത്രശാഖയെയാണോ പ്രതിനിധാനം ചെയ്യുന്നതെന്നു് അന്വേഷിക്കേണ്ട വിഷയമാണു്. അതിന്നുവേണ്ടി അടികൾ, പിടാരന്മാർ, മൂസ്സു് എന്നിങ്ങനെയുള്ള പേരുകളിൽ അറിയപ്പെടുന്ന ഒരു പ്രത്യേക ബ്രാഹ്മണവിഭാഗം ഇന്നും നിലവിലുണ്ടു്. ആ കാവുകളിൽ ശ്രീവിദ്യാ സമ്പ്രദായത്തിനും ശ്രീചക്രാരാധനയ്ക്കും പ്രത്യേകപ്രാധാന്യമുണ്ടെന്നുമാണു് മനസ്സിലാക്കേണ്ടതു്. പിടാരൻ ഭട്ടാരകനാകാനേ തരമുള്ളു. ഇവയിൽ പെട്ട നീലേശ്വരത്തു മന്ദത്തുകാവിലെ പിടാരന്മാരുടെയിടയിലെ ഒരു പൂർവ്വികനാണു വിംശതി എന്നു് കേരളത്തിൽ പ്രസിദ്ധമായ ശ്രീവിദ്യാസമ്പ്രദായ പ്രതിപാദകമായ ലഘുസ്തുതിയുടെ കർത്താവെന്നു് പറയപ്പെടുന്നു. വളരെയേറെ ആദ്ധ്യാത്മിക പ്രാധാന്യമുള്ള ആ കൃതിയുടെ കർത്താവെന്നു പറയപ്പെടുന്ന പ്രസ്തുത ലഘുഭട്ടാരകൻ ഞങ്ങളുടെ പൂർവ്വികനായി എത്രയോ നൂററാണ്ടുകൾക്കുമുമ്പു് ജീവിച്ചിരുന്ന ഒരു ഇളയപിടാരർ (അവരുടെ വംശത്തിൽ മൂത്തപിടാരർ എന്നും ഇളയപിടാരർ എന്നും ഇന്നും സ്ഥാനപ്പേരുകൾ ഉണ്ടു്) ആയിരുന്നുവെന്നു് അവിടുത്തെ വന്ദ്യവയോധികനായ ഒരു കാരണവർ ഈ ലേഖകനോടു് പറഞ്ഞതു് ഗവേഷണവിഷയമാകേണ്ടതാണു്. തന്ത്രമാർഗ്ഗങ്ങളിൽ പലവിധത്തിലും ശ്രേഷ്ഠവും കുണ്ഡലിനീയോഗമാർഗ്ഗത്തോടു് ഏററവും അടുത്തതുമായ ശ്രീചക്രസാധന അഥവാ ശ്രീവിദ്യോപാസനയുടെ കേരളീയപാരമ്പര്യം ഒരുപക്ഷെ ഈ രുരുജിത് വിധാനക്ഷേത്രങ്ങളെപ്പററി ഗവേഷണം ചെയ്താൽ വെളിച്ചത്തുവരുവാനിടയുണ്ടു്. കേരളീയരുടെ ഭഗവതീസങ്കല്പം മിക്കവാറും ഈ കാവുകളായിട്ടാണു് ബന്ധപ്പെട്ടു കിടക്കുന്നതെന്നതും പ്രത്യേകം സംഗതമായ ഒരു കാര്യമാണു്.

ഇങ്ങിനെയുള്ള ശേഷസമുച്ചയത്തിനു് വിശദമായ ഒരു വ്യഖ്യാനം ഇതേവരെ ആരും രചിച്ചിട്ടില്ല. ശേഷസമുച്ചയകാരൻെറതന്നെ വകയായി കുട്ടു്നോട്ടുകൾപോ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലെ വളരെ ലഘുവായ ഒരു വ്യാഖ്യാനം മാത്രമേയുള്ളു. അതു് നാഗരത്തിലടിച്ച ശേഷസമുച്ചയത്തിൽ അനുബന്ധമായി ചേർത്തിരിക്കുന്നതു് ഇന്നത്തെ തന്ത്രികൾക്കു് ഒട്ടും തന്നെ ഉപകാരപ്രദമാകുന്നില്ലെന്നാണു് അവരിൽ പലരും അഭിപ്രായപ്പെടുന്നതു്. തന്ത്രവിദ്യാപീഠത്തിലെ താന്ത്രികാചാര്യനായ ബ്രഹ്മശ്രീ കൽപ്പുഴ ദിവാകരൻനമ്പൂതിരിപ്പാടു് അവിടുത്തെ വിദ്യാർത്ഥികളുടെ ഉപയോഗത്തിനായി രചിച്ച ഈ മലയാളവ്യാഖ്യാനം ഈ ഗ്രന്ഥത്തിന്റെ ദുർഗ്രഹതയെ വളരെയേറെ കുറയ്ക്കുകയും സമ്പ്രദായങ്ങളെ അല്പമെങ്കിലും തന്ത്രപരിചയമുള്ളവർക്കു് വിശദമാക്കിക്കൊടുക്കുകയും ചെയ്യുന്നുണ്ടു്. വ്യാഖ്യാനരീതിയും അധികം വളച്ചുകെട്ടാതെ കാര്യം പറയുന്ന തരത്തിലായതുകൊണ്ടു് അനാവശ്യസ്ഥൌല്യം ഈ ഗ്രന്ഥത്തിനുണ്ടാകുന്നില്ല. എന്നിരുന്നാലും തന്ത്രസമുച്ചയവിഷയങ്ങളോടു് ബന്ധപ്പെട്ട തന്ത്രികൾക്കല്ലാതെ ഈ ഗ്രന്ഥവും വ്യാഖ്യാനവും ഉപയോഗപ്പെടുന്നതല്ല. തന്ത്രസമുച്ചയത്തിന്റെ അനുബന്ധരീതിയിയിലെഴുതിയതാണു് ശേഷസമുച്ചയമെന്നതാണിതിന്നു് കാരണം. ഇത്തരമൊരു വ്യാഖ്യാനം ശേഷസമുച്ചയനിർമ്മാണത്തിനുശേഷം ഇദംപ്രഥമമായിട്ടാണുണ്ടാകുന്നതെന്നകാര്യം ഇതിന്റെ ചരിത്രപ്രാധാന്യത്തെ കാണിക്കുന്നു. ക്ഷേത്രക്രിയാദികളിലും പ്രത്യേകിച്ചു് മന്ത്രതന്ത്രശാസ്ത്രങ്ങളിലും നിഷ്ണാതനായ ഈ വ്യഖ്യാനകർത്താവു് കേരളത്തിലെ ക്ഷേത്രോദ്ധാരണതല്പരർക്കും തന്ത്രിമാരുടെ പുതിയ തലമുറക്കും തന്ത്രശാസ്ത്രഗവേഷകർക്കും അതിവിശിഷ്ടമായൊരു സേവനമാണു് ചെയ്തിരിക്കുന്നതെന്നു് പറയാതെതരമില്ല.

ഭാരതത്തിന്റെ ഭാവികാലം ഉജ്ജ്വലമായിത്തീരണമെങ്കിൽ അതിന്റെ കേന്ദ്രബിന്ദുവായ ആദ്ധ്യാത്മികപ്രധാനമായ സംസ്കാരം ശക്തിയാർജ്ജിക്കേണ്ടതാണു്. ഈ പ്രക്രിയ നടക്കുന്നതിന്റെ മർമ്മരങ്ങൾ വർത്തമാനഭാരതചരിത്രത്തിന്റെ ഗർഭഗൃഹങ്ങളിൽനിന്നും കേൾക്കുവാൻ തുടങ്ങിയിട്ടുണ്ടു്. വർദ്ധമാനമായിക്കണ്ടുവരുന്ന തീർത്ഥാടകരും ഭക്തജനസമൂഹവും ക്ഷേത്രോദ്ധാരണവ്യഗ്രതയും ഈ പ്രവണതക്കു് പ്രകടമായ ഉദാഹരണങ്ങളാണു്. സർവ്വോ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പരി ക്ഷേത്രസംബന്ധിയും തന്ത്രസംബന്ധിയുമായ സംസ്കാരത്തിൻെറ നാമ്പുകൾ ആധുനിക സംഗീതസാഹിത്യചിത്രശില്പാദികലകളെ അനല്പമായ വിധത്തിൽ സ്വാധീനിക്കുന്നതു് ഭാവിയുടെ ചൂണ്ടുപലകയാണു്. കഴിഞ്ഞ ദശകങ്ങളിലെ നിരീശ്വരത്വ പ്രവണതക്കു്ശേഷം ഇന്നു് കേരളത്തിൽ അരിവാളും ചുററികയും ഗുരുവായൂരപ്പൻെറ കാൽത്താരിണകളെ പണിയുന്നതു് രസാവഹമായൊരു പ്രതീകമാണു്. അത്തരത്തിലൊരു ഭാവിയാണു് ഈശ്വരീയമോ ചരിത്രപരമോ ആയ ശക്തികളുടെ സംഘഷ്ത്തിൽ ഇവിടെ ഉരുത്തിരിഞ്ഞുവരുന്നതെങ്കിൽ ക്ഷേത്രപാരമ്പര്യത്തിനു് ഇവിടെ പുനരുജ്ജീവനമുണ്ടാകുമെന്നതു് തക്കമെററാരു സംഗതിയാണു്. ഈ വ്യാഖ്യാനംപോലെയുള്ള ഗ്രന്ഥങ്ങൾ ഈ ചരിത്രാവശ്യത്തെയാണു് നിറവേററുന്നതെന്നു് പറയാതെ തരമില്ല. ക്ഷേത്രങ്ങൾ പുനരുജ്ജീവിക്കപ്പെടുകയും ക്ഷേത്രങ്ങൾക്കും അവ പ്രതിനിധാനം ചെയ്യുന്ന സാംസ്കാരികബിന്ദുവിനും ചുററുമായി ജനജീവിതത്തിൻെറ രൂപരേഖ തെളിഞ്ഞുവരുകയും ചെയ്യുകയാണെങ്കിൽ ക്ഷേത്രച്ചടങ്ങുകൾ ഇന്നത്തെ അധഃപതിച്ച രീതിയിൽനിന്നും കൂടുതൽ ശുദ്ധവും ശക്തവുമായ ഒരവസ്ഥയിയിലേക്കു് കയറേണ്ടിവരും. കുറെക്കൂടി ആഴത്തിൽ ചിന്തിക്കുകയാണെങ്കിൽ ഇന്നത്തെ യുഗത്തിൻെറ വെല്ലുവിളികളെ നേരിടുവാൻ ആയുധങ്ങളെ തേടുമ്പോൾ പഴയ താന്ത്രികഗ്രന്ഥങ്ങളിലേക്കും പാരമ്പര്യത്തിലേക്കും നമുക്കു് തിരിഞ്ഞുനോക്കേണ്ടിവരും. ആ ഭണ്ഡാഗാരങ്ങളിൽ പലതും അത്തരമൊരുപയോഗത്തിനു് പററിയതാണെന്നു് അരവിന്ദയോഗിയും മററു പലരുമെഴുതുകയും സൂചിപ്പിക്കുകയും ചെയ്തിട്ടുണ്ടു്. കൂടുതൽ ഗവേഷണവും പഠനവും ഈ കാര്യത്തിൽ ചെയ്യുവാനുള്ള കാലഘട്ടം സമാഗതമായിരിക്കുന്നുവെന്നുമാത്രമെ ഇപ്പോൾ പറയുന്നുള്ളു.

പി. മാധവൻ
മാധവനിവാസ്
കൊച്ചി-26.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീ.

ഉപോദ്ഘാതം

ശ്രീഗുരുഭ്യോനമഃ

കേരളത്തിലെ ക്ഷേത്രകർമ്മങ്ങളുടെ അടിസ്ഥാനഗ്രന്ഥം തന്ത്രസമുച്ചയം എന്നഗ്രന്ഥമാണെന്നു് പ്രസിദ്ധമാണല്ലൊ. സാമൂതിരിപ്പാട്ടിലെ പതിനെട്ടരക്കവികളടങ്ങിയ വിദ്വൽസദസ്സിലെ ഒരു പ്രമുഖാംഗമെന്ന നിലയിൽ പ്രസിദ്ധനായ ചേന്നാസ് നാരായണൻ നമ്പൂതിരിപ്പാടുതന്നെയാണിതിൻെറ കർത്താവു്. പരശുരാമൻെറ കാലംമുതൽ തന്നെ കേരളത്തിൽ പ്രത്യേകിച്ചു് ആ താന്ത്രികാചാര്യൻ ചിട്ടപ്പെടുത്തി വെച്ചതായ ക്ഷേത്രതാന്ത്രികപദ്ധതികൾ കാലാന്തരത്തിൽ കാടുകയറിയപ്പോൾ അവയെ കറകളഞ്ഞ് പ്രതിഷ്ഠിക്കാമെന്നു് കരുതിയാണു് പ്രസ്തുത ആചാര്യൻ നൂററാണ്ടുകൾക്കുമുമ്പു് തദാചാരപദ്ധതികളെ ഇങ്ങിനെ സംഗ്രഹിച്ചു് ഒരു ഗ്രന്ഥരൂപത്തിലാക്കിയതു്. ഭാരതത്തിൽ പ്രചുരപ്രചാരമുണ്ടായിരുന്ന പല തന്ത്രശാസ്ത്ര ഗ്രന്ഥങ്ങളെയും കടഞ്ഞെടുത്തിട്ടാണു് പ്രസ്തുത ഗ്രന്ഥം നിർമ്മിച്ചതു് എന്നു് 'ഉദ്ധൃത്യതന്ത്രാർണവാൽ' എന്നതുകൊണ്ടു് ഗ്രന്ഥാവസാനത്തിൽ പറയുന്നുമുണ്ടു്.

അങ്ങിനെ കേരളത്തിൽ ആചാരപരമായും, പൊതുവിൽ പൂർവ്വീകശാസ്ത്രങ്ങളുടെ അടിസ്ഥാനത്തിലും കാർമ്മികപ്രാധാന്യമാർജ്ജിച്ച ഈ ഗ്രന്ഥത്തിൽ ശിവൻ, വിഷ്ണു, ശങ്കരനാരായണൻ, ദുർഗ്ഗ, ഗണപതി, സുബ്രഹ്മണ്യൻ, ശാസ്താവു് എന്നീ ഏഴ ദേവന്മാരുടെ ക്രിയകൾ മാത്രമെ വിവരിച്ചിട്ടുള്ളു. കേരളത്തിൽ പ്രമുഖ ദേവാലയങ്ങളിൽ ഇവരെയാണു് പ്രതിഷ്ഠിച്ചിട്ടുള്ളതെങ്കിലും ഭദ്രകാളി, ചാമുണ്ഡി തുടങ്ങിയ ഒട്ടനേകം മൂർത്തികൾ ഇവിടെ സർവ്വസാധാരണമായി കാണുന്നുണ്ടു്. ആവക ദേവീദേവന്മാരുടെ ക്രിയാദികൾ ഗുരുനിർദ്ദേശപ്രകാരം ശിഷ്യോത്തമനായ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചേന്നാസ് ശങ്കരൻ നമ്പൂതിരിപ്പാട്, തന്ത്രസമുച്ചയത്തെ അനുകരിച്ച് ഒരു ഗ്രന്ഥരൂപത്തിലാക്കിയതാണ് 'ശേഷസമുച്ചയം'.

ശേഷസമുച്ചയം മൂലവും വളരെ ചുരുങ്ങിയ നിലയിൽ ഒരു സംസ്കൃതവ്യാഖ്യാനവും കൂടി കുറച്ച് ദശാബ്ദങ്ങൾക്കുമുമ്പ് തിരുവനന്തപുരം മാനുസ്ക്രിപ്റ്റ് ലൈബ്രറിക്കാർ അച്ചടിച്ച് പുറത്തിറക്കുകയുണ്ടായി. പക്ഷെ പ്രസ്തുതവ്യാഖ്യാനം സംസ്കൃതത്തിലും അതിന്നുപുറമെവളരെ ഹ്രസ്വവുമാകയാൽ ക്രിയ ചെയ്യുന്ന ആളിൻെറ സംശയനിവൃത്തി വരുത്തുവാൻ തീരെ അപര്യാപ്തമാണെന്ന് പറയാതെ തരമില്ല. പക്ഷെ അടുത്ത കാലത്തായി ശേഷസമുച്ചയത്തിൻെറ സാമാന്യം ബൃഹത്തായ ഒരു മലയാളവ്യാഖ്യാനം എൻെറ ഉത്തമസുഹൃത്ത് ബ്രഹ്മശ്രീ അണ്ടലാടി ദിവാകരൻ നമ്പൂതിരിപ്പാട് എന്നെ കാണിച്ചുതരുകയുണ്ടായി. വളരെനല്ല ഒരു ഗ്രന്ഥമായിട്ടാണ് എനിക്കതു് അനുഭവപ്പെട്ടതു്. കൂട്ടത്തിൽ 'തന്ത്രവിദ്യാപീഠ'ത്തിലെ വിദ്യാർത്ഥികളെ പഠിപ്പിയ്ക്കുമ്പോഴുള്ള അനുഭവവും ചേർത്ത് തന്ത്രവിദ്യാർത്ഥികളെ ഉദ്ദേശിച്ച് ആ വ്യാഖ്യാനത്തെ പുതുക്കിയെഴുതിയതാണീ ഗ്രന്ഥം, മൂലവ്യാഖ്യാനത്തിൻെറ പല ഭാഗങ്ങളും അതേപടിതന്നെ ഇവിടെ പകർത്തിയെഴുതിയിട്ടുണ്ട്. ഒരു ഉദ്ധരണി എന്ന നിലയിൽ മാത്രമെ അതിനെ കരുതേണ്ടതുള്ളു. എൻെറ സ്വന്തം ആശയങ്ങളല്ല, മഹാപണ്ഡിതന്മാരായ പൂർവ്വസൂരികളുടേതാണ് ഈ ഗ്രന്ഥത്തിലെ ആശയങ്ങൾ എന്ന് സമർത്ഥിക്കുക മാത്രമെ ഞാൻ ചെയ്യുന്നുള്ളു ശാസ്ത്രഗ്രന്ഥങ്ങളിൽ ഇങ്ങിനെയുള്ള ഉദ്ധരണികൾ ഒഴിച്ചുകൂടാത്തതാണതാനും. മാത്രമല്ല പൂർവ്വാചാര്യന്മാർക്ക് അവരുടെ വാചകങ്ങളിൽ ഉൾക്കൊള്ളിക്കുവാൻ കഴിഞ്ഞതായ അർത്ഥഗാംഭീര്യവും, ലാളിത്യവും, ഔചിത്യവുമൊന്നും അസ്മാദൃശന്മാരായ 'അല്പ'ന്മാർക്ക് കഴിഞ്ഞുവെന്നും വരില്ല. അങ്ങിനെ ചിന്തിച്ചാലും ഇത്തരത്തിലുള്ള ഉദ്ധരണികളുടെ ആവശ്യം മനസ്സിലാക്കാവുന്നതേയുള്ളു. തന്ത്രസമുച്ചയത്തിൽതന്നെയുള്ള ശ്ലോകങ്ങൾ ശില്പരത്നം, മനുഷ്യാലയചന്ദ്രികാ, പ്രശ്നമാർഗ്ഗം തുടങ്ങിയ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇതര ശാസ്ത്രഗ്രന്ഥങ്ങളിലും കാണാം. പൂർവ്വകാലങ്ങളിൽ ശാസ്ത്രവിജ്ഞാനം ഒരു സ്വകാര്യസ്വത്തായി പരിഗണിച്ചിരുന്നില്ലെന്നും, ഇങ്ങിനെ ഉദ്ധരിച്ച ശ്ലോകങ്ങളിൽ ആരുംതന്നെ ഗ്രന്ഥചൌര്യത്തെ ദർശിച്ചിരുന്നില്ലെന്നും മനസ്സിലാക്കിയാൽ ഈ ഗ്രന്ഥത്തിൽ ചെയ്തതും സർവ്വഥാ ഉചിതം മാത്രമാണെന്നു് ഗ്രഹിയ്ക്കുവാൻ കഴിയും.

വാസ്തവത്തിൽ ഇത്തരമൊരു മഹൽഗ്രന്ഥത്തിന്റെ വ്യാഖ്യാതാവാകുവാൻ ഞാൻ തീരെ അപ്രാപ്തനാണെന്നാണ് സ്വയംകരുതുന്നതു്. പക്ഷെ വളർന്നുവരുന്ന തന്ത്രവിദ്യാപീഠത്തിലെ വിദ്യാർത്ഥികളുടെയും, നാട്ടിൽ അങ്ങോളമിങ്ങോളം ഇന്നു് വർദ്ധമാനമായരീതിയിൽ കർമ്മങ്ങൾ ചെയ്യേണ്ടിവരുന്ന തന്ത്രിമാരുടെയും, ആവശ്യങ്ങളും പൊതുവിൽ ക്ഷേത്രകാര്യാദികളിൽ അതിന്റെ ശാസ്ത്രീയതയിൽ ഇന്നു് പ്രകടമാകുന്ന പൊതുജനശ്രദ്ധയും മററും പരിഗണിക്കുമ്പോൾ എന്റെ ഈ എളിയ ശ്രമം തീരെ വ്യർത്ഥമാവുകയില്ലെന്ന ബോധം മാത്രമാണു് ഈ മഹൽകൃത്യം ചെയ്യാൻ എന്നെ പ്രേരിപ്പിച്ചതു്. ഇതിൽ വരുന്ന പാകപ്പിഴകളെ സദയം പൊറുക്കണമെന്നും, വരുന്ന പതിപ്പിൽ തിരുത്തുവാൻസഹായകമാകുമാറു് അവ ചൂണ്ടിക്കാണിച്ചുതരണമെന്നും ശാസ്ത്രജ്ഞരും സഹൃദയരുമായ വായനക്കാരോടു് ഞാൻ അഭ്യർത്ഥിയ്ക്കുന്നു.

ശേഷസമുച്ചയ വ്യാഖ്യാനത്തെ ഇത്തരത്തിൽ പ്രസിദ്ധീകരിയ്ക്കുവാൻവേണ്ട നിർദ്ദേശങ്ങളും മററുംതന്നു് എന്നെ പല വിധത്തിലും പ്രോത്സാഹിപ്പിക്കുകയും, സഹായിക്കുകയും ചെയ്ത ബ്രഹ്മശ്രീ ചേന്നാസ് പരമേശ്വരൻ നമ്പൂതിരിപ്പാടു് (ഗുരുവായൂർ തന്ത്രി, പ്രസിഡണ്ടു് തന്ത്ര വിദ്യാപീഠം) രാജശ്രീ യം. സി. കാശിവിശ്വനാഥവർമ്മരാജ (വൈസ് പ്രസിഡണ്ടു് തന്ത്രവിദ്യാപീഠം) എന്നീ മഹാനുഭാവന്മാരെ കൃതജ്ഞതാപൂർവ്വം ഞാനിവിടെ സ്മരിയ്ക്കുകയാണു്. അതേപോലെ ഇത്രയുംഭംഗിയായി ഈ ഗ്രന്ഥത്തിന്റെ അച്ചടി നിർവ്വഹിച്ച 'ജയഭാരത പ്രസ്സ്' കാരോടും എന്റെ കൃതജ്ഞത ഞാൻ പ്രകാശിപ്പിച്ചുകൊ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ളളന്നു. വിശേഷിച്ച് തന്ത്ര വിദ്യാപീഠത്തിലെ എന്റെ വത്സലശിഷ്യന്മാരുടേയും പ്രത്യേകിച്ച അഴകത്തെ അപ്പുവിന്റെയും നിസ്തന്ദ്രമായ സേവനം ഉണ്ടായിരുന്നില്ല എങ്കിൽ ഇതു് ഇത്രത്തോളം എത്തുമായിരുന്നില്ല എന്നുള്ള സത്യം ഇവിടെ രേഖപ്പെടുത്തുന്നു.

ഈ എളിയ പരിശ്രമം അടുത്തകാലത്തായി പ്രകടമായിത്തുടങ്ങുന്ന ക്ഷേത്രപുനരുദ്ധാരണശ്രമങ്ങൾക്കൊരു മുതൽക്കൂട്ടായിത്തീരുമെന്നു് സങ്കല്പിച്ചുകൊണ്ടും, എന്റെ പരിശ്രമങ്ങൾക്കു് മൌലികപ്രചോദനമേകിയ വന്ദ്യഗുരുഭൂതനായ ബ്രഹ്മശ്രീ കുന്നത്തൂർപടിഞ്ഞാറേടത്ത് കൃഷ്ണൻഭട്ടതിരിപ്പാട് അവർകളുടെ പാദപത്മങ്ങളെ സ്മരിച്ചുകൊണ്ടു് ഞാനീ ഉപഹാരം ബഹുജനസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

തന്ത്രവിദ്യാപീഠം, എന്നു് വിധേയൻ,

27—7—1977 കെ. ദിവാകരൻനമ്പൂതിരിപ്പാടു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിഷയവിവരം

ഒന്നാംപടലം

വിഷയം	ശ്ലോകം	പേജ്
മംഗളാചരണം	1	1
ഗ്രന്ഥകരണപ്രതിജ്ഞ	2_3	1
ആചാര്യവരണം	4_7	2_3
ഭൂപരിഗ്രഹം	8_18	4_7
ഷഡാധാരപ്രതിഷ്ഠ	19	7
ഇഷ്ടകാസ്ഥാപനം	20_24	7_9
ഗർഭന്യാസം	25_30	9_11
പ്രാസാദനിർമ്മാണവിധി	31	11
ബിംബനിർമ്മാണവിധി	32	11
മുളയിടൽ	33_38	12_14
ധ്വജസ്ഥാപനം	39	14
ബിംബപരിഗ്രഹം	40_49	14_16
നേത്രോന്മീലനം	50_54	16_18
കൗതുകം	55_61	18_19
ജലാധിവാസം	62	19
പ്രാസാദശുദ്ധി	63_69	19_21
ബിംബശുദ്ധികലശം	70_99	21_28

രണ്ടാംപടലം

മണ്ഡപസംസ്കാരം	1_31	29_36
കുംഭേശപൂജ	32	36_37
അഗ്നിജനനം	33_36	37
ശയ്യാപൂജ	37_49	38_41

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിഷയം	ശ്ലോകം	പേജ്
അഷ്ടമംഗലം	50_52	41_42
ജലോദ്ധാരം	53_56	42
ബിംബശുദ്ധികലശാഭിഷേകം	57_76	43_48
ധ്യാനാധിവാസം	77_78	49
മണ്ഡലപൂജ	79	50
അഷ്ടലിംഗം	80	50
പത്മോദരം	81	51
പീഠാധിവാസം	82_86	52_54
ശിരസ്തത്ത്വഹോമം	87_88	54_55
അധിവാസം	89-116	55-63
അധിവാസപൂജ	117_122	63_64
ബിംബപ്രതിഷ്ഠ	123-175	64_81
ജീവാവാഹന	176	81_83
സ്ഥൂലാവാഹന	177_186	83_86

മൂന്നാംപടലം

എല്ലാവക്കും മൂലം, അംഗം, മുതലായതിൻെറ ഉദ്ധാരം	1_52	87_99
ഷഡദ്ധ്വം	53_64	91_102
മൂർത്തിന്യാസസ്ഥാനം	65	102_103
ദേഹശുദ്ധിയുടെ ചുരുക്കം	67_70	103_104
പീഠപൂജ	71_93	104_110
ആവാഹനാദി	94_96	110_111
ധ്യാനശ്ലോകങ്ങരം	97_119	111_118
ഉപഹാരദാനം	120_121	118
മൂർത്തിപൂജ	122_145	119_124
നിർമ്മാല്യധാരി	146_147	125
നിവേദ്യം	148-154	125_126

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിഷയം	ശ്ലോകം	പേജ്
നാലാം പടലം		
ബ്രഹ്മാവിൻെറ കലശം	1_18	127_132
സൂര്യൻെറ കലശം	19_23	133_134
വൈശ്രവണൻെറ കലശം	24_30	134_135
ശ്രീകൃഷ്ണൻെറ കലശം	31_35	135_137
സരസ്വതിയുടെ കലശം	36	137
ശ്രീഭഗവതിയുടെ കലശം	37_39	137_138
ശ്രീപാർവ്വതിയുടെ കലശം	39_49	138_139
ജ്യേഷ്ഠാഭഗവതിയുടെ കലശം	50_55	140_141
ഭദ്രകാളിയുടെ കലശം	56_69	141_144
മാതൃക്കളുടെ കലശം	70_73	144
ക്ഷേത്രപാലൻെറ കലശം	73	144
കൃഷ്ണൻെറ മററൊരു കലശം	74	145
ശ്രീഭഗവതിയുടെ മററൊരു കലശം	75	145
ബ്രഹ്മാവിൻെറ മററൊരു കലശം	75	145
സൂര്യൻെറ മററൊരു കലശം	76	145_146
എല്ലാവക്കും നടെ പറയാത്തത്	77	146
അന്തരാസ്സനം	78_79	146
അധിവാസഹോമം	80	146
നട തുറക്കൽ	81-86	147-148
അഞ്ചാംപടലം		
ഉത്സവം	1	149
ബ്രഹ്മാവിൻെറ ശ്രീഭൂതബലി	2_7	149_150
ആദിത്യൻെറ ശ്രീഭൂതബലി	8_15	151_152
വൈശ്രവണൻെറ ശ്രീഭൂതബലി	16_20	153
ശ്രീകൃഷ്ണൻെറ ശ്രീഭൂതബലി	20	153
സരസ്വതിയുടെ ശ്രീഭൂതബലി	21_25½	154
ശ്രീഭഗവതിയുടെ ശ്രീഭൂതബലി	26½_29	155
ശ്രീപാർവ്വതിയുടെ ശ്രീഭൂതബലി	30_32	156
ജ്യേഷ്ഠാഭഗവതിയുടെ ശ്രീഭൂതബലി	33_36	156_157

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിഷയം	ശ്ലോകം	പേജ്
ഭദ്രകാളിയുടെ ശ്രീഭൂതബലി	37_43	157_158
മാതൃക്കളുടെ ശ്രീഭൂതബലി	44_48	159_160
ക്ഷേത്രപാലൻെറ ശ്രീഭൂതബലി	49_53	160_161
ഉത്സവബലി	54_102	161_172
പള്ളിവേട്ട	103-111	172-175
യാത്രാഹോമം	112	175
ആറാട്ട്	113-124	175-178
ആറാംപടലം		
പ്രായശ്ചിത്തം	1	179
ഖനനാദി	2-3	179
പ്രാസാദശുദ്ധി, ബിംബശുദ്ധി	4-10	180-181
പ്രായശ്ചിത്തഹോമം	11-17	181-183
പ്രോക്തം	18-21	183-184
ശാന്തിഹോമം	22-29	184-186
തത്ത്വഹോമം	30-35	186-189
ഇളംകോവിൽ കൊള്ളൽ	36-96	189-203
സ്വതന്ത്രകാദിഭേദം	97-111	203-208
ഏഴാംപടലം		
തരുജീവവിധാനം	1-2	209
ഗുരുവരണം	3	210
വാസ്തുബലിയിങ്കലെ വിശേഷം	4-5	210
നിധികലശാദിസ്ഥാപനം	5	211
ഇഷ്ടകാസ്ഥാപനം	6-10	211-213
ഗർഭന്യാസം	11-20	213-215
മുളയിടൽ	21-24	215-216
ധ്വജസ്ഥാപനം, ബിംബപരിഗ്രഹം ജലാധിവാസം	25-33	216-219
പ്രാസാദശുദ്ധി	34-35	219
ബിംബശുദ്ധികലശപൂജ	36-47	220-222
മണ്ഡപസംസ്കാരം	48-59	222-225

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിഷയം	ശ്ലോകം	പേജ്
കുംഭേശപൂജ	60-61	225
അഗ്നിജനനം	62	225
കുണ്ഡങ്ങളുടെ ആകൃതി	63	226
മാതൃക്കളിൽ വിശേഷം	64 65	226-227
മണ്ഡലപൂജ	66	227
നവയോനിചക്രലേഖനവിധി	I II	227
മാതൃക്കളുടെ ശയ്യാവിധി	67-69	228-229
നവയോനിചക്രം	70	229
നിദ്രാകലശപൂജ	71	230
മാതൃക്കളിൽ	72	230
അഷ്ടമംഗലന്യാസം	73	231
അഷ്ടമംഗലം	74	231
ജലോദ്ധാരം	75	231
ബിംബശുദ്ധികലശാഭിഷേകം	76-86	231-234
ധ്യാനാധിവാസം	87	234
പ്രതിഷ്ഠാഹോമം	88-89	235
ശിരസ്തത്ത്വഹോമം	90	235
അധിവാസഹോമം	91-104	236-240
അധിവാസപൂജ	105-110	240-242
പ്രതിഷ്ഠ	111	242
രത്നന്യാസം	112-121	242-245
എഴുന്നള്ളിക്കൽ	122-123	245
പ്രതിഷ്ഠാമന്ത്രം	124-125	245
സ്തോത്രാവാഹന	126-134	246-247
മൂലാവാഹന, പായസപൂജ	135-137	247-248
ശിവൻെറ അധിവാസം മുതലായത്	138-143	248-249

എട്ടാം പടലം

ദേഹശുദ്ധി, ശംഖപൂരണം, ആത്മാരാധന	1-38	250-265
മൂലമന്ത്രോദ്ധാരം	39	266
അംഗവിധി	40-43	266

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിഷയം	ശ്ലോകം	പേജ്
നവാക്ഷരോദ്ധാരം	44	267
പീഠപൂജാ, ആവാഹനം, ന്യാസം, ഉപഹാരദാനം	45-48	267-268
ധ്യാനം	49-50	269
മൂൎത്തിപൂജ	51-57	269-271
നിവേദ്യാദി	58	271
മാതൃക്കളുടെ പൂജ	59-69	271-273
മാതൃക്കളുടെ ആവരണങ്ങൾ	70-86	273-278
ധ്യാനങ്ങൾ	87-113	279-284
ശിവങ്കലെ ഭേദം	114-122	284-286
ക്ഷേത്രപാലപൂജ	123-129	287-288
കലശം	130-162	288-297

ഒമ്പതാംപടലം

ഉത്സവാരംഭം	1-13	298-301
ശ്രീഭൂതബലി	14-44	301-308
ശ്രീഭൂതബലി ശിവനും മാതൃക്കൾക്കും രുരുജിത്തിനും ഒപ്പം തൂകുമ്പോഴത്തെവിധി	45-46	308-309
ഉത്സവബലി	47-77	309-319
രുരുജിത്തിന്റെയും മാതൃക്കളുടെയും വിശേഷം	78-82	319-324
ശിവനും മാതൃക്കൾക്കും കൂടി തൂകുമ്പോൾ	83	325
രുരുജിത്തിന്നും മാതൃക്കൾക്കും കൂട്ടി തൂകുമ്പോഴത്തെ വിശേഷം	84	325
പള്ളിക്കുറുപ്പ്	85-105	326-332
ആറാട്ട്	106-114	332-335
പ്രായശ്ചിത്തം	115-120	335-336
ധാര	121	337
പ്രോക്തം	122-123	337
പ്രായശ്ചിത്തഹോമം	124-125	338

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിഷയം	ശ്ലോകം	പേജ്
ശാന്തിഹോമം	126-127	339
പായസഹോമം	128-131	339-340
മററു ശാന്തികം	132	341
തത്ത്വഹോമം	133-134	342
ദ്രവ്യകലശം	135	342
ജീർണ്ണോദ്ധാരം	136-148	342-346

പത്താംപടലം (ബഹുവേരവിധി)

ബഹുവേരവിധി	1	347
ബിംബങ്ങളുടെ വിനിയോഗം	2	348
ബിംബരചനാസാധനം	3	348
ശൂലപ്രതിഷ്ഠാ	4	349
വലിയ ബിംബം ഉണ്ടാക്കുന്നിടത്തെ വിശേഷം	5	350
മുളയിടൽ	6	350
ബിംബപരിഗ്രഹം	7-9	351-352
ശോധന	10	352
ബിംബപരിഗ്രഹം (തുടച്ച്)	11-14	353-354
ജലോദ്ധാരം	15	354
ബിംബശുദ്ധികലശാഭിഷേകം	16	355
ശയ്യയിൽ കിടത്തൽ	17-20	356
തത്ത്വഹോമം	21	356
അധിവാസഹോമം	22	356
പീഠാധിവാസം	23-26	356-358
അധിവാസപൂജ	27-31	358-359
പ്രതിഷ്ഠ	32-38	359-361
പരാവാഹന, അവസ്ഥാവാഹന	39-50	361-365
ചിദ്ബിംബസമ്മേളനം	51-55	365-367
നിത്യപൂജ	56-60	367-369
പള്ളിക്കുറുപ്പ്	61-63	369-370
ആറാട്ട്	64-65	370
പ്രായശ്ചിത്തം	66-67	371

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിഷയം	ശ്ലോകം	പേജ്
അവഗാഹം	68	371
സമാധിശുദ്ധി	69–71	371–372
തത്ത്വഹോമം	72	372
ജീർണ്ണോദ്ധാരം	73	372
നിഷ്ക്രാമണം	74–83	373–376
പ്രതിഷ്ഠ	84	377
പുനഃപ്രതിഷ്ഠ	85–95	377–381
അഷ്ടബന്ധം	96–97	381
ബ്രഹ്മാവിൻെറ സംഘാതങ്ങൾ	—	383
സൂര്യൻെറ സംഘാതങ്ങൾ	—	385
വൈശ്രവണൻെറ സംഘാതങ്ങൾ	—	387
ശ്രീകൃഷ്ണൻെറ സംഘാതങ്ങൾ	—	389
സരസ്വതിയുടെ സംഘാതങ്ങൾ	—	391
ശ്രീഭഗവതിയുടെ സംഘാതങ്ങൾ	—	393
ശ്രീപാർവ്വതിയുടെ സംഘാതങ്ങൾ	—	395
ജ്യേഷ്ഠാഭഗവതിയുടെ സംഘാതങ്ങൾ	—	397
മാതൃക്കളുടെ സംഘാതങ്ങൾ	—	399
ഭദ്രകാളിയുടെ സംഘാതങ്ങൾ	—	401
ക്ഷേത്രപാലൻെറ സംഘാതങ്ങൾ	—	404
ഇന്ദ്രജിത്തിൻെറ സംഘാതങ്ങൾ	—	406
ബ്രഹ്മാവിൻെറ സൂക്തം	1–10	410--411
ശ്രീപാർവ്വതിയുടെ സൂക്തം	1–6	412–413
ജ്യേഷ്ഠാഭഗവതിയുടെ സൂക്തം	1–19	413–415
മാതൃക്കളുടെ സൂക്തം	1–8	416–417
ക്ഷേത്രപാലൻെറ സൂക്തം	1–8	417–420

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശേഷസമുച്ചയം

ഹരിഃ ശ്രീ ഗണപതയേ നമഃ
അവിഘ്നമസ്തു ശ്രീ ഗുരുഭ്യോനമഃ

ഒന്നാം പടലം

1 ബ്രഹ്മാർക്കവൈശ്രവണ കൃഷ്ണ സരസ്വതീശ്രീ-
ഗൌര്യഗ്രജാ ദദതു കാള്യപി മാതരോ മേ
ക്ഷേത്രാധിപോ ഽഥ രുരുജിദ്ഗിരിശാദി രൂപാ-
ണീന്ദ്രാദയോ ഽപി നമതേ ഽഭിമതം പ്രസന്നാഃ

ശേഷസമുച്ചയം ശ്ലോകം പ്രതി യഥാശ്രുതം നന്നേ ചുരുങ്ങിയ നിലയിലോ അതിവിസ്താരമായോ അല്ലാതെ അർത്ഥം പറയുന്നു. അതിനുവേണ്ടി ബ്രഹ്മാവ്, സൂര്യൻ, വൈശ്രവണൻ, ഗോശാലകൃഷ്ണൻ, സരസ്വതി, ശ്രീഭഗവതി, ശ്രീപാർവ്വതി, ജ്യേഷ്ഠാഭഗവതി, ഭദ്രകാളി, വീരഭദ്രാദി മാതൃക്കൾ, ക്ഷേത്രപാലൻ, അനന്തരം രുരുജിദ്വിധാനമുള്ള രുരുജിത്ത്, ഭൈരവശിവൻ, അവിടത്തെ മാതൃക്കൾ, ഇന്ദ്രാദിപരിവാരങ്ങൾ എന്നിവരെ ഞാൻ സാദരം വണങ്ങുന്നു. അവർ പ്രസാദിച്ച് എനിക്ക് അഭീഷ്ടത്തെ തരട്ടെ.

2 ഗുരൂൻ പ്രണമ്യാഥ ഗുരോർന്നിദേശാ-
ദേഷാം പ്രതിഷ്ഠാപ്യഭിധീയതേ ഽദ്യ
സ്വതന്ത്രകേ സാങ്ഗ നിരങ്ഗഭിന്നേ
ബഹ്വേകവേരേ ഽപി വിശേഷയുക്തം.

അനന്തരം ഞാൻ ഗുരുക്കന്മാരെ വന്ദിച്ചിട്ട് ഗുരുവിന്റെ നിർദ്ദേശപ്രകാരം മേൽ പറയപ്പെട്ടവരുടെ പ്രതിഷ്ഠയേയും,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്വതന്ത്രം, സാംഗം, നിരംഗം, ഭിന്നം, ബഹുവേരം, ഏക വേരം എന്നിവയിലെ വിശേഷത്തേയും പറയുന്നു.

3 യോ ƒ യം തന്ത്ര സമുച്ചയോ ഗുരുകൃതോ യ-
ത്തന്ത്രസാരഗ്രഹാൽ
തച്ഛിഷ്ടാഗമസാരസങ്ഗ്രഹതയേ ഹാര-
ഭ്യമാണേ തതഃ
ഗ്രാഹ്യം ശേഷസമുച്ചയേ സുകുശലൈഃ സാ-
മാന്യകർമ്മാഖിലം
യോ ƒ ജാദ്യേഷു വിശേഷ ഏഷ നിഖിലഃ സു-
വ്യക്തമത്രോച്യതേ.

എന്റെ ഗുരുവായ തന്ത്രസമുച്ചയ കർത്താവു് സകല തന്ത്രങ്ങളേയും സങ്ഗ്രഹിച്ചു് 'തന്ത്രസമുച്ചയം' എന്ന ഗ്രന്ഥം നിർമ്മിച്ചു; ഞാൻ 'ശേഷസമുച്ചയം' എന്ന പേരിൽ അതിൽ പറയാത്ത ഭാഗം മാത്രം എഴുതുകയാണു്. അതിനാൽ സാമാന്യകർമ്മം മുഴുവനും തന്ത്രസമുച്ചയത്തിൽനിന്നും ഗ്രഹിച്ചുകൊള്ളണം. വ്യത്യാസമുള്ളവയേ വ്യക്തമായി പറയുകയും ചെയ്യാം.

4 സ്നാതഃ സ്വേ സദനേ വിശോധിതതലേ
സ്നാതാൻ ഗുരും മൂർത്തിപാം-
ശ്ചാഥ പ്രാഗുദനാൻ പുരോഗണപതിം
സമ്പൂജ്യ സംവന്ദ്യതാൻ.
പാദ്യാദീനഥ മൂലമൂർത്തിമന്ത്രഭിഃ സമ്പൂജ്യ
കർത്തേശദി
ശ്യേതൈസ്സ്നാനഭിപൂജ്യ ഭുക്തവത
ആചാന്താൻ വൃണീതാനതഃ

ആചാര്യവരണത്തിന്നു് യജമാനൻ കുളിച്ചു് തറുട്ടത്തു് തന്റെ ഗൃഹത്തിൽ ഒരിടത്തു് സ്ഥലശുദ്ധി ചെയ്തു്, കുളിച്ചു് തറുട്ടത്തിരിയ്ക്കുന്ന ഗുരുവിനേയും മൂർത്തിപന്മാരേയും പടിഞ്ഞാറുഭാഗത്തു് യഥാക്രമം തെക്കുനിന്നു് വടക്കോട്ടു് പലകകളിന്മേൽ വസ്ത്രാദികം വിരിച്ചു് ഇരുത്തി, ഈശകോണിൽ ഗണപതി പൂജിച്ചു് ബ്രഹ്മാർപ്പണത്തോള മായാൽ ഗുരുമൂർത്തിപന്മാരേയും ഗണപതിയേയും വന്ദിച്ചു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അവരുടെ അനുജ്ഞയോടുകൂടി വടക്കുഭാഗത്തു് മെഴുകി പൂ ശിട്ടു് പാദ്യാദി ഉപഹാരങ്ങളും വസ്ത്രാദി അലങ്കാര സാധനങ്ങളും വെച്ചു് പ്രോക്ഷണീസംസ്കാരം ചെയ്തിരിക്കുന്ന വെള്ളംകൊണ്ടു തളിച്ചു് ചാതിച്ചു് പാത്രങ്ങളും മലത്തി ത്തളിച്ചു് ദ്രവ്യം നിറച്ചു് ശോഷണാദി ചെയ്തു് മൂലമൂത്തി മന്ത്രങ്ങളേക്കൊണ്ടു പൂജിച്ചു തൊട്ടുജപിച്ചു് ഗണപതിപൂജ മുടിച്ചു് ഗുരു മുതലായവക്കു് യഥാക്രമം ഉപഹാരങ്ങളെ കൊടുത്തു് കാലുകഴകിച്ചു് ഊട്ടി അവിടെത്തന്നെ പാത്രങ്ങ ളിൽ കൈകഴകിച്ചു് അവസാനീയാർഗ്ഘ്യം കൊടുത്തു് ദക്ഷിണയും ചെയ്താൽ

5 'മയാ സമ്പൂജിതൈരത്ര ദക്ഷിണാഭിശ്ചതോഷിതൈഃ
ക്രിയതാം ബ്രഹ്മയാഗോ മേ പ്രാത്ഥയാമി പ്രസീദത'

എന്ന മന്ത്രം ചൊല്ലി വരിയ്ക്കുക.

6 സ്വസ്വദോഃ സമവലംബനേ വദ-
ന്ത്വോം തഥേതി ത ഇതി സ്വയം ഭുവി
സ്വസ്വനാമഭിദ്ദരോ വൃതൌ മനഃ
സ്യാൽ പരേഷ്വഖിലമന്യ ദുക്തവൽ.

ഗുരുമൂത്തിപാലന്മാർ അവരവരുടെ കൈപിടിച്ചു വ രിയ്ക്കുമ്പോഴം 'ഓന്തഥാ' എന്നു ചൊല്ലണം. ഇവിടെ മന്ത്ര ത്തിങ്കൽ ബ്രഹ്മയാഗഃ എന്നുള്ളിടത്തു് 'കൃഷ്ണയാഗഃ' ഇത്യാ ദി യഥായോഗ്യം ഭേദപ്പെടുത്തിക്കൊള്ളണം. ശേഷം എല്ലാം മുമ്പു പറഞ്ഞവിധമാകുന്നു.

7 ഇഹപ്രമോദധാത്രാദി മനഃവാ ƒ ജാരുണാദിഷു.
മൂത്തീനാം വേദരാശ്യാദി സങ്ഖ്യാഗ്രാഹ്യാസ്തു-
മൂത്തിപാഃ

ഇവിടെ ബ്രഹ്മാവു്, സൂയ്യൻ മുതലായവരിൽ പ്രമോ ദൻ, ധാതാവു് മുതലായ മൂത്തികളെ ഗ്രഹിയ്ക്കേണ്ടതാകുന്നു. മൂത്തിപാലന്മാരുടെ സംഖ്യ അനുസരിച്ചു് മൂത്തിസംഖ്യ കളും യുക്തംപോലെ എടുക്കാവുന്നതും, മൂത്തികളില്ലാത്തി ടത്തു് എല്ലാം മൂലംതന്നെയും ആ മൂത്തി.പാലന്മാരെ 4. 6. 8. 12 എന്നീ സംഖ്യയനുസരിച്ചു് വരിയ്ക്കാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

8 സൽഗുരുശ്ച സമൂർത്തിപാലകത്താ
സുപരീക്ഷ്യ സ്വവധായ്യ്‌ സദ്ഗുണാഢ്യാം
ധരണീം ദ്രുഹിണാരുണാദിയോഗ്യാം
നിശി ഗൃഹ്ണീത വിശേഷവിച്ഛുഭായാം.

വിശിഷ്ടനായ ഗുരു, മൂർത്തിപാലന്മാരോടും യജമാനനോടും കൂടി ബ്രഹ്മാവ്, സൂര്യൻ മുതലായ ദേവതകൾക്കു യോജ്യവും സൽഗുണലക്ഷണയുക്തവും ആയ ഭൂമിയെ പരീക്ഷിച്ചറിഞ്ഞു നിശ്ചയിച്ച് ഒരു ശുഭദിവസം രാത്രിയിൽ പരിഗ്രഹിക്കണം.

9 ദേവാന്തര സ്ഥിത്യനപേക്ഷയൈവ
യത്രാജിതാദേരഥവാപ്യജാദേഃ
സ്ഥിതിഃ പ്രകല്പ്യായതനം തദേതൽ
സ്വതന്ത്രകം സ്യാൽ തദപേക്ഷമന്യൽ.

മററൊരു ദേവൻെറ സ്ഥിതിയേ അപേക്ഷിക്കാതെയുള്ള വിഷ്ണ്വാദിയോ ബ്രഹ്മാദിയോ ആയ ദേവൻെറ പ്രതിഷ്ഠയെ സ്വതന്ത്രകം എന്നും മററുള്ളവയെ തദപേക്ഷം എന്നും പേരുകളിൽ അറിയുന്നു.

10 മദ്ധ്യേ ƒ ജഃ സ്വപദേ ധനേശതരണീ പ്രാഗീശ
മദ്ധ്യേ ƒ ഥ മാ-
ശർവ്വാണീരവയോ യമേന്ദ്രദിശി ഗോശാലേ
ന്ദുരക്ഷോഗ്നിഷു.
കാളീ ദണ്ഡധരാശരേന്ദ്വഷു ജനന്യോ വാ
ഗ്വിധൌഗ്രാമപ-
യ്യാദൌ ക്ഷേത്രപ ഇശ്വരേന്ദ്ര ശശിഷു
ജ്യേഷ്ഠാനിലാബ്ജീശയോഃ

ഗ്രാമാദികളിൽ ബ്രഹ്മാവിനെ നടുക്കും, വൈശ്രവണനെ വടക്കും സൂര്യനെ കിഴക്കും, ശ്രീഭഗവതി, ശ്രീപാർവ്വതി, ആദിത്യൻ ഇവരെ യഥാസംഖ്യം കിഴക്കും, ഈശകോണിലും, നടുക്കും, ഗോശാലകൃഷ്ണനെ തെക്കും കിഴക്കും, ഭദ്രകാളിയെ വടക്കും, നിരൃതിയിലും അഗ്നികോണിലും, മാതൃക്കളെ തെക്കും നിരൃതിയിലും വടക്കും, സരസ്വതിയേ നടു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്കം, ക്ഷേത്രപാലനേ ഈശകോണിലും, കിഴക്കും, വടക്കും, ജ്യേഷ്ഠാഭഗവതിയേ വായുകോണിലും പടിഞ്ഞാറും പ്രതിഷ്ഠിയ്ക്കാം.

11 സ്നാത്വാ തത്രകൃതാസനഃ സ്വമനുവിന്യാ-
സാദികൃത്വാഗുരു-
ർ ഭൂതാന്നേനതുദേവതാഭ്യ ഇതിമദ്ധ്യാശാസു
ദത്വാ ബലിം
സ്വാചാന്തഃ സകലീകൃതാസ്ത്രകൃതരക്ഷാ-
ത്മാഥമദ്ധ്യേ സ്ഥിതോ
ഭൂതാനീത്യപവാസയേ ദിഹവസദ്വിജ്ഞാപ്യ
ഭൂതാദികം.

ആചാൎയ്യൻ സ്നാനാദികളേച്ചെയ്തു് നിരൃതിക്കോണിലിരുന്നു് ദേഹശുദ്ധ്യാദി ചെയ്തു് തെക്കുവടക്കു് രണ്ടു സ്വസ്തികങ്ങളിട്ടു് തെക്കേതിൽ ഗണപതിയേയും മറേറതിൽ ആയുധങ്ങളേയും പൂജിച്ചു് 'ദേവതാഭ്യഃ പിതൃഭ്യഃ' ഇത്യാദി മന്ത്രംകൊണ്ടു് ഭൂതകൂരഹവിസ്സുകൊണ്ടു് നടുക്കും കിഴക്കാദി എട്ടു ദിക്കുകളിലും ബലിതൂകി കാലുകഴുകി ആചമിച്ചു് അസ്ത്രപ്രാണായാമവും വ്യാപകാംഗവും ചെയ്തു് പുഷ്പാഞ്ജലി ചെയ്തു് 'ഭൂതാനിരാക്ഷസാവാപി' ഇത്യാദികൊണ്ടു പ്രാൎത്ഥിച്ചു് 'ഇവിടെ' വസിയ്ക്കുന്ന ഭൂതാദികളെ അകററു. നടുക്കു് നിന്നിട്ടാണു് പ്രാൎത്ഥന. സ്ഥലം അളന്നു നിൎണ്ണയിയ്ക്കൽ എല്ലാം മുമ്പെ കഴിഞ്ഞിട്ടുണ്ടായിരിയ്ക്കണം.

12 'ദേവതാഭ്യഃ പിതൃഭ്യോ ഽഥ ഭൂതേഭ്യഃ
സഹജങ്ഗമൈഃ
ഏതൽസ്ഥാനനിവാസിഭ്യഃ പ്രയച്ഛാമി
ബലിം നമഃ'

13 'ഭൂതാനിരാക്ഷസാ വാപി യേ ഽത്ര തിഷ്ഠന്തി കേചന
തേ സൎവ്വേ വ്യപഗച്ഛന്തു സ്ഥാനം കൎയ്യാം സ്വയംഭുവഃ'

14 ഗൃഹ്യതേ യദ്യദൎത്ഥം ഭൂസ്തത്തല്പദമിഹോന്നയേൽ
ഗ്രാഹ്യോ വൈശ്രവണേ ത്വത്ര ധനദസ്യേ ത്യയംമനുഃ

ഇവിടെ 'സ്വയം ഭുവഃ' എന്ന സ്ഥാനത്തു് തത്തല്പദം കൂട്ടിക്കൊള്ളണം. വൈശ്രവണനു് മന്ത്രം വേറെയുള്ളതിനെ പറയുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

15 'ധനദസ്യ കരിഷ്യേത്ര വേശ്മ യുഷ്മദനുജ്ഞയാ
വ്യപഗച്ഛന്തു യൂയം തൽസ്ഥാന മന്യദിതോ നമഃ'

16 ശസ്ത്രൈരഥാസ്ത്ര മഹിതൈരപഹായ ഗുല്മാ-
ദ്യസ്ത്രേണ ദിക്ഷുമിനയാൽ പരിതോ f ത്ര ശങ്കൂൻ.
സൂത്രംചതദപിഗുണവേഷ്ടനകൃൽ പ്രസാര്യ്യ
രക്ഷാംചരേൽ പരിഗൃഹീത വസുന്ധരായാഃ

അനന്തരം അസ്ത്രംകൊണ്ടു് പൂജിച്ചിരിയ്ക്കുന്ന ആയുധങ്ങളേക്കൊണ്ടു് അസ്ത്രമന്ത്രം ചൊല്ലി അവിടെയുള്ള കററികളും കാടുകളും വെട്ടിക്കളഞ്ഞു് സമനിരപ്പാക്കി നടുക്കും കിഴക്കാദി എട്ടു ദിക്കുകളിലും ഒരേ പുന്നമരംകൊണ്ടുള്ള കററികളേ നാട്ടി ഓരോ കററിയിന്മേലും ഈരണ്ടു ചുററായി നൂലും മാലയും കെട്ടി രക്ഷിച്ചു് ഭൂമിയെ പരിഗ്രഹിയ്ക്കുക.

17 സ്നാതസ്സദ്ദേവതാത്മാഭിനവവൃഷയുഗാദ്യൈ-
സ്ത്രിധാ പഞ്ചധാ വാ
കൃഷ്ട്വാമൂലേന തത്രാവപതുശുഭദിനേ
സർവ്വധാന്യാനി മന്ത്രീ
സിഞ്ചേൽ കര്യ്യാൽ സമന്താദ്വൃതിമഥഫലി-
തേഷ്വേഷുഗോബ്രാഹ്മണേഭ്യോ
ദദ്യാൽ താന്യേകരാത്രം ത്ര്യഹമുതപശവഃ
സൈ്വരമത്രാവസേയുഃ

ആചാര്യ്യൻ സ്നാനാദികളേച്ചെയ്തു് ദേഹശുദ്ധ്യാദിയും ചെയ്തു് മുമ്പു് നുകം വെച്ചിട്ടില്ലാത്ത രണ്ടു കാളകളെ ഒരേ വേങ്ങാമരംകൊണ്ടുണ്ടാക്കിയ നുകവും കരിയും ചേർത്തു കെട്ടി കിഴക്കോട്ടു തിരിഞ്ഞുനിന്നു് മൂലം ചൊല്ലിക്കൊണ്ടു് മൂന്നോ അഞ്ചോ പ്രാവശ്യം ഉഴുതു് അവിടെ അവരവരുടെ മുളദ്രവ്യങ്ങളെ മൂലംകൊണ്ടു വിതയ്ക്കണം. മൂലംകൊണ്ടു് നനയ്ക്കുകയും വേണം. അനന്തരം വേലി കെട്ടിസൂക്ഷിച്ചു് അവ കാച്ചാൽ പശുക്കൾക്കും ബ്രാഹ്മണക്കും ദാനം ചെയ്യുകയും വേണം. പിന്നെ അവിടെ ഒരു ദിവസമോ മൂന്നു ദിവസമോ പശുക്കളെ സൈ്വരമായി വിഹരിപ്പിയ്ക്കണം. ഇതെല്ലാം നല്ല ദിവസം ആയിരിക്കുകയും വേണം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

18 സ്നാത്വാ കർത്തൃവശാദ്ഗത സ്ഥലവശാൽ
താംശോഭനേ / ഹ്നിക്ഷമാ-
മാന്തർമ്മണ്ഡലമത്ര മൃത്ഭിരുപലൈഃ
പാദോനമാപൂര്യ്യച-
വേദ്യാമീശദിശീഷ്ടവാസ്തുരിഹ തു-
സ്ഥാനാദ്യഭിജ്ഞോ ഗുരു
ന്ന്യസ്യാധാരശിലാദിഗർത്തമവശിഷ്ടം പൂരയേദ്യത്നതഃ

പിന്നേ യജമാനനേ അപേക്ഷിച്ചോ സ്ഥലത്തെ അപേക്ഷിച്ചോ ഒരു ശുഭദിവസം ആ സ്ഥലത്ത് അന്തർമ്മണ്ഡലം കഴിവോളമുള്ള സ്ഥലം കഴിച്ച് കല്ലുകൊണ്ടും മണ്ണുകൊണ്ടും മുക്കാലിടം ഉറപ്പായി തൂർത്ത് ഈശകോണിലായി ഒരു തറയിൽ സ്ഥലശുദ്ധി ചെയ്ത് വാസ്തുബലി ചെയ്താൽ പ്രതിഷ്ഠാസ്ഥാനത്തെ അറിഞ്ഞിരിയ്ക്കുന്ന ആചാര്യ്യൻ പ്രതിഷ്ഠാസ്ഥാനത്തിൻെറ നേരെ ചുവട്ടിൽ വരുമാറ് ആധാരശില മുതലായവയെ പ്രതിഷ്ഠിച്ച് ശേഷം കുഴിയേയും ഉറപ്പായി തൂക്കുക.

19 പ്രാഗാധാരശിലാം തതോനിധിഘടം
ത്വാധാരശക്ത്യാസ്പദം
പശ്ചാൽ കച്ഛപമക്ഷരാബ്ജനിലയം
മന്ത്രൈപ്രതിഷ്ഠാപയേൽ
വിഘ്നേശാപ ചിതിം വിധായ
യമദിഗ്വായ്യഗ്രതഃ സ്വസ്തികേ
ദേവേജ്യാമഥയോഗനാളമുപദദ്ധ്യാദേവ മന്ത്രക്രമഃ

ആദ്യം ആധാരശില, പിന്നെ നിധികലശം, ശിലാപത്മം, ശിലാകൂർമ്മം, രജതപത്മം, രജതകൂർമ്മം, സ്വർണ്ണപത്മം, സ്വർണ്ണകൂർമ്മം എന്നിവയേ എല്ലാം യഥാവിധി പ്രതിഷ്ഠിപ്പൂ. അനന്തരം തെക്കെ കട്ടിളക്കാലിങ്കൽ ഗണപതി ദക്ഷിണാമൂർത്തിമാരേയും മുൻഭാഗത്ത് ദേവനേയും സ്വസ്തികങ്ങളിൽ പൂജിച്ച് വൈശ്വഹോമവും പൂജാശേഷവും ചെയ്ത് യോഗനാളത്തെ വിധിപ്രകാരം നാട്ടുക.

20 തത്ര സ്ഥലേ / ഥ സുദൃഢേ സുദൃഢോപപീഠ-
യുക്തേ / പി വാ നിശി വിധാനവിദിഷ്ടവാസ്തു഻

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദ്വാസ്ഥാനതോ ഗുരുരുദഗ്വിനിധായ വഹ്നി-
മിഷ്ട്വേഷ്ടകാ കലശമാരഭതാം ച ഹോമം.

അവിടെ ഉറപ്പായിരിയ്ക്കുന്ന ഭൂമിയിൽ ഉപപീഠമുണ്ടെങ്കിൽ അതിന്റെ മുകളിൽ വിധിപ്രകാരം ഈശകോണിൽ രാത്രി വാസ്തുബലി ചെയ്ത് ദ്വാരപ്രദേശത്തിന്റെ വടക്കുഭാഗത്ത് അന്വാധാനാദി ഹോമം ചെയ്വു. അവിടെ പരിധിയ്ക്കു മുമ്പ് തെക്കുഭാഗത്ത് പത്മമിട്ട് പീഠം വിരിച്ച് ഒരു ഒററക്കലശത്തേയും പൂജിച്ച് രക്ഷിയ്ക്കണം. പിന്നെ പരിദ്ധ്യാദി പീഠമന്ത്രാജ്യാഹുതി കഴിയുന്നതുവരെ ചെയ്യു.

21 പക്വാൽ പ്രാങ്മൂലവഹ്ന്യൈർ ഹവിധന
ദമുഖേഷു പരിബ്രഹ്മലക്ഷ്മീ-
കൃഷ്ണേഷ്വന്യേഷു പഞ്ചോപനിഷദ്ഭി-
ഭിരാജ്യംജ്ജുഹോത്വത്രപക്വം.
പത്യുർമൂലേനമാതൃഷ്വിഹ തുച സമിദാദീനി
താരേണ ഗായ-
ത്ര്യാന്യേഷ്വാജ്യം തതഃപ്രാക്തദണ്ഭിരജ
പൂർവ്വേഷുപശ്ചാൽപരേഷു.

സൂര്യ്യാദികളായ ശൈവമൂർത്തികൾക്ക് പക്വത്തിന്നു മുമ്പും, ബ്രഹ്മശ്രീകൃഷ്ണന്മാരാകുന്ന വൈഷ്ണവന്മാർക്ക് പക്വത്തിന്നു പിമ്പും മൂലാക്ഷരങ്ങളേക്കൊണ്ട് ആജ്യാഹുതി ചെയ്വു. ശൈവന്മാർക്ക് പക്വാനന്തരം അവരവരുടെ പഞ്ചതത്വങ്ങളേക്കൊണ്ടും ആജ്യാഹുതികൾ ചെയ്യണം. മാതൃക്കളിൽ പക്വത്തിന് വീരഭദ്രന്റെ മൂലംകൊണ്ടും മററുള്ളവക്ക് അവരവക്കുള്ള പക്വമന്ത്രംകൊണ്ടും പക്വം ഹോമിപ്പൂ. ഇവിടെ ചതുർദ്രവ്യഹോമത്തിന് മാതൃക്കൾക്ക് പ്രണവവും മററുള്ളവക്ക് ഗായത്രിയും മന്ത്രമാകുന്നു. ബ്രഹ്മാദികളായ വൈഷ്ണവർക്ക് ചതുർദ്രവ്യത്തിന്നു മുമ്പും മററുള്ളവർക്ക് ചതുർദ്രവ്യത്തിന്നു ശേഷവും അതാതുമന്ത്രങ്ങൾകൊണ്ട് ആജ്യാഹുതിയും ചെയ്യണം.

22 താരവ്യാഹൃതി പൂർവ്വകാസ്തുദണ്ണവോ
വിഷ്ണ്വാദിതാവിശ്വസൃക്-
ശ്രീകൃഷ്ണേഷു ശിവോദിതാഃ സ്യുരി
തരേഷ്വിച്ഛാദയഃ ശക്തയഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കാള്യാമഷ്ട ഭവേയുരാഭിരിഹ ഹോമോ
ഷ്ടാഷ്ടസങ്ഖ്യം തതോ
ഹോമാന്തേ ഗുരുരിഷ്ടകാദിഷു ചരേൽ
സമ്പാതപാതാദികം.

ഇവിടെ ബ്രഹ്മശ്രീകൃഷ്ണന്മാർക്ക് വിഷ്ണുവിങ്കൽ പറഞ്ഞിട്ടുള്ള ഭൂരാദി ഇരുപത്തേഴ് (താരവ്യാഹൃതിയാകുമ്പോഠം 28 വരും) മന്ത്രംകൊണ്ടും മററുള്ളവർക്കു് ശിവങ്കൽ പറഞ്ഞിട്ടുള്ളവകൊണ്ടും ഭദ്രകാളിയിങ്കൽ ഈ സ്ഥാനത്ത് തന്റെ നവശക്തികളിൽ 'ഇച്ഛാ'ദി എട്ടുകൊണ്ടും എട്ടെട്ടുരുവും ആജ്യാഹുതികഠം ചെയ്യുക ഹോമാനന്തരം പൂജിച്ചിരിയ്ക്കുന്ന ഇഷ്ടകകളിലും കലശത്തിങ്കലും അഗ്നിയെ സമ്പാതത്തിൽ ഉദ്വസിച്ച് സമ്പാതം സ്പൃശിയ്ക്കണം.

23 പ്രാഗുദഗാദി ഗൃഹമുഖദ്വാരാ വാമപ്രദേശ ഏതാസാം-
ന്യാസോ മൂലേനസ്യാൽ വിധാനതഷ്ട-
യുഗയോഗിനാ ഗൌര്യാം

കിഴക്കോട്ടോ വടക്കോട്ടോ മററുള്ള ഏതെങ്കിലും ദിക്കുകളിലേയ്ക്കോ മുഖമായിരിക്കുന്ന പ്രാസാദദ്വാരത്തിന്റെ വലത്തുഭാഗത്ത് ഈ ഇഷ്ടകകളുടെ ന്യാസം ചെയ്യണം. അതിനുള്ള മന്ത്രം മൂലമാകുന്നു. ശ്രീപാർവ്വതിയിങ്കൽ സ്വാഹാന്തമായ മൂലമാകുന്നു.

24 കാള്യാമിച്ഛാദ്യഷ്ടഭിരഥ തൽഗത്തം
കലശസലിലൈഃ
സിക്ത്വാഥ ധാന്യമൃത്ഭിർവ്വിദ്വാൻ
പരിപൂര്യരക്ഷതുച.

ഭദ്രകാളിക്കു് ഇഷ്ടകാന്യാസത്തിനു് 'ഇച്ഛാദി' അഷ്ടശക്തികളാകുന്നു മന്ത്രം. ഗർന്യാസം ചെയ്യാനുള്ള നടുവിലെ കുഴിയിങ്കൽ കലശം ആടി ശേഷം എല്ലാം പ്രസിദ്ധമായി ചെയ്വൂ. കുഴി നെല്ലുകൊണ്ടും മണ്ണുകൊണ്ടും നിറച്ച് രക്ഷിയ്ക്കുക.

25 നിശാന്തരേ ഗർന്നിധിത്സയോക്തവ-
ദ്ധൃതം ചരേൽ പ്രാക്പരിധാനതോ ഗുരുഃ
സ്വഭാജനേ ദക്ഷിണതഃ സുസംസ്കൃതേ
വിധാനവിൽ [illegible]

CC-0. In Public Domain. Gurukul Kangri Collection, Haridwar.

Digitized by Arya Samaj Foundation Chennai and eGangotri

മറെറാരു രാത്രി ഗർഭന്യാസാത്ഥമായിട്ടു് വാസ്തുബലി ചെയ്തു്, കീറിത്തിയ്യിട്ടു് അഗ്ന്യാധാനാദി പരിധിയോളമായാൽ തെക്കുഭാഗത്തു് അഷ്ടദളം പത്മമിട്ടു് പീഠം വിരിച്ചു് ഗർഭപാത്രം വെച്ചു് കുംഭസംസ്കാരവും കൂർച്ചന്യാസവും കഴിഞ്ഞാൽ ദ്രവ്യങ്ങളെന്യസിപ്പൂ.

26 ശൈവാനി സൂര്യധനദാദിഷു വൈഷ്ണവാനി
ശ്രീകൃഷ്ണധാതൃഷുനിജം നിജമായുധം ച-
ന്യസ്യ സ്വമൂലമനുഭിഃ പരിപൂജ്യ ചാധി-
വാസ്യാഥ പകചരമം തനുയാൽ പുരോവൽ.

സൂര്യ ധനദാദികളായിരിയ്ക്കുന്ന ശൈവദേവന്മാരിൽ ശൈവങ്ങളായ ദ്രവ്യങ്ങളേയും ശ്രീഭഗവതി, ശ്രീകൃഷ്ണൻ, ബ്രഹ്മാവു് എന്നിവർക്കു് വൈഷ്ണവങ്ങളായ ദ്രവ്യങ്ങളേയും ന്യസിച്ചു് ഒടുവിൽ മദ്ധ്യത്തിൽ തന്റെ തന്റെ ആയുധവും ന്യസിയ്ക്കണം. അനന്തരം മൂലംകൊണ്ടാവാഹിച്ചു് പൂജിച്ചു് ഇഷ്ടകാഹോമംപോലെ പകം കഴിവോളം ഹോമം ചെയ്യുക.

27 ഹരിവദജരമാകൃഷ്ണേഷുശേഷേഷു കുര്യാൽ
ഹരവദിഹ ഘൃതദ്രവ്യാഹുതീഃ കിന്തുമൂലം.
നിജനിജമഭിധാനം ചാഥകാള്യാംതു സർപ്പി-
ർഹവനമിഹമനോന്മന്യാഷ്ടകൃത്വോ വിധേയം.

ബ്രഹ്മ, ശ്രീ, കൃഷ്ണന്മാരിൽ വിഷ്ണുവിങ്കലേപ്പോലേയും, മററുള്ളവരിൽ ശിവങ്കലേപ്പോലേയും ആജ്യാഹുതിയും ദ്രവ്യഹോമവും ചെയ്യണം; അവിടെ 'നാരായണായ സ്വാഹാ', 'ശങ്കരേഭ്യസ്വാഹാ' എന്നിങ്ങനേയുള്ളിടത്തു് അവരവരുടെ മൂലംവേണം; ഭദ്രകാളിയിങ്കൽ 'മനോന്മന്യൈ സ്വാഹാ' എന്നതുകൊണ്ടു് എട്ടുരു ഹോമിയ്ക്കണം. അനന്തരം എല്ലാവർക്കും സമ്പാതം സ്പർശിച്ചു് അധിവസിപ്പൂ.

28 ശോധയിത്വേഷ്ട കാമദ്ധ്യഗർത്തം
ശക്തിം നിജോചിതാം-
സന്നിധാപ്യന്യസേൽ ഗർഭം മന്ത്രജ്ഞോ
വഹിതോ ഗുരുഃ

പിന്നെ ഇഷ്ടകാമദ്ധ്യഗത ഗർത്തത്തിലെ മണ്ണുമുതലായവ നീക്കി പഞ്ചഗവ്യം, അഷ്ടഗന്ധജലം മുതലായവ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തളിച്ച് പീഠം പൂജിച്ച് ശക്ത്യാവാഹിച്ച പൂജിച്ച് അർഗ്ഘ്യപുഷ്പാഞ്ജലിമാനസപൂജയും ചെയ്ത് സാവധാനമനസ്സായിരിയ്ക്കുന്ന ഗുരു ഗർഭന്യാസത്തിനുള്ള മന്ത്രത്തെ അറിഞ്ഞ് അതിനെ ജപിച്ചുകൊണ്ട് യഥാവിധി ഗർഭന്യാസത്തെ ചെയ്യുക.

29 'സർവ്വഭൂതധരേ ! കാന്തേ ! പർവ്വതസ്തനമണ്ഡിതേ !'
സമുദ്രപരിധാനേ ! ത്വം ദേവി ! ഗർഭം സമാശ്രയ.

30 ഗൌര്യ്യാം മനുന്നിജം മൂലം ഭദ്രകാള്യാം മനോന്മനീ-
ദേവം ചതം തമത്രേഷ്വാ രക്ഷാംകുര്യ്യാന്നിജാസ്ത്രതഃ

ശ്രീ പാർവ്വതിയിങ്കൽ ഗർഭം ന്യസിയ്ക്കുവാൻ തന്റെ മൂലവും ഭദ്രകാളിയിങ്കൽ 'മനോന്മന്യൈനമഃ' എന്നും മന്ത്രമാകുന്നു. അനന്തരം അതാതുദേവനെ ആവാഹിച്ച പൂജിച്ച് നിവേദിച്ച് പ്രസന്ന പൂജ ചെയ്ത് രക്ഷിയ്ക്കുക.

31 പ്രാസാദം കാരയേൽ വൃത്തം തുര്യ്യാശ്രം
വായഥോചിതം-
ചതുരശ്രായതം മാതൃഷ്വഥ വൃത്തായതം തുവാ.

അനന്തരം വൃത്തമായോ ചതുരശ്രമായോ യോനിപ്പെട്ടുള്ള പ്രാസാദത്തെ പണി ചെയ്യിയ്ക്കുക. മാതൃക്കാംക്ക് ദീർഗ്ഘചതുരശ്രമായോ ദീർഗ്ഘ വൃത്തമായോ ഉള്ള പ്രാസാദത്തെ പണിചെയ്യിയ്ക്കുക.

32 ബിംബാന്യാത്ത ഗൃഹോചിതാന്യത
ഗൃഹാണ്യേ വാത്ത ബിംബോചിതാ-
ന്യേഷാം സ്യൂന്നരധർമ്മണോ ഭവതുവാ ഭാര്യ്യാ
വിലാസിന്യപി-
ചാമുണ്ഡാ പ്രഥമാഥവാസ്സ ചരമൈ
വാഥാപി വാമദ്ധ്യമാ
വീരോ വാപി തയാന്വിതോ f ഥ നവസ്യ
സ്യാൽ സോ f ഥ വാന്യൈവവാ

എല്ലാവക്കും, ഉണ്ടാക്കിയിരിയ്ക്കുന്ന ബിംബത്തിനു യോജിച്ചതരത്തിലുള്ള പ്രാസാദമോ അഥവാ ഉണ്ടാക്കിയിരിയ്ക്കുന്ന പ്രാസാദത്തിനു യോജിച്ചതരത്തിലുള്ള ബിംബ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മോ ഉണ്ടാക്കിയ്ക്കുന്നം. വൈശ്രവണന്നു് 'വിലാസിനി' യാകുന്ന ഭാര്യയോട്ടുകൂടിയ ബിംബം ഒരേപീഠത്തിൽ ഉണ്ടാക്കാം. മാതൃക്കളെ പ്രതിഷ്ഠിയ്ക്കുന്നിടത്തു് ചാമുണ്ഡാ ആദ്യമായിട്ടും, നടുക്കായിട്ടും ഒടുവിലായിട്ടും മൂന്നു തരത്തിലും ആകാം. അല്ലാതെ വീരഭദ്രനും ചാമുണ്ഡയും നടുക്കായിട്ടും ആകാം. വീരഭദ്രൻ തന്നെ നടുക്കായിട്ടും ആകാം.

33 അഥാധിവാസ വാസരാൽ ഗുരുഃ പുരോ ƒ
ഹനി സപ്തമേ-
ഗിരീശദിക് പ്രകല്പിതേ ഗൃഹേ ƒ ങ്കുരാർപ്പണം ചരേൽ

അധിവാസ ദിവസത്തിൻെറ ഏഴുദിവസംമുമ്പു് രാത്രിയിൽ ഈശാനകോണിലുണ്ടാക്കിയിട്ടുള്ള മുളയറയിൽ മുമ്പു പറഞ്ഞപോലെ മുളയിടണം.

34 സ്നാത്വാചമ്യ വിതാനദീപലസിതേ
സമ്മൃഷ്ടലിപ്തേ ഗുരുഃ
സ്വാസീനോ ƒ ങ്കുരമണ്ഡപേ സ്വമന്ത്ര-
വിന്യാസാദി കൃതാഗ്രതഃ
വിഘ്നേശം പരിപൂജ്യ ശോധിതതലേ ƒ
സ്ത്രക്ഷാളിതാലംകൃതാ
ന്യസ്യേൽ ഷോഡശ പാലികാഃ പദചതു
ർഗ്ഗാത്മകേ ക്ഷേത്രകേ

ഗുരുസ്നാനാചമനങ്ങളെച്ചെയ്തു്, വിതാനിച്ചലങ്കരിച്ചു് വിളക്കുകളും വെച്ചു് അടിച്ചുതളിച്ചുമെഴുകിയിരിയ്ക്കുന്ന മുളയറയിൽ വഴിപോലെയിരുന്നു് ദേഹശുദ്ധ്യാദിചെയ്തു് മുമ്പിൽ ഗണപതിയെ പൂജിച്ചു് സ്ഥലശുദ്ധിചെയ്തു്, അസ്ത്രംകൊണ്ടുകഴുകി നൂലുചുററി മണ്ണും മണലും ചാണകപ്പൊടിയും നിറച്ചു് ആലും മാവും വെച്ചുകെട്ടിയ പതിനാറു മുളപ്പാലികകളെ പതിനാറുപദമായ പത്മത്തിൽ അഗ്ന്യാദി ഈശാന്തം വെയ്ക്കുക.

35 ബീജാന്യസ്ത്രനിജാണു വാസ്തുനജ
ശുദ്ധാനിന്യസേന്നിഷ്കൃതിം
പ്രാങ്നാന്ദീമുഖകർമ്മ മൂർത്തിപയുതഃ
പുണ്യാഹമപ്യാചരേൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പീഠേജ്യാമന പാലികാസ്വതന്മയാൽ
ബീജേഷ്വഥോ ധാരണാം
വിഷ്ണും സോമമപിക്രമേണ പരിപൂജ്യാ
ഥാവപേ ന്മൂലതഃ

ബീജങ്ങരം അസ്ത്രമന്ത്രത്താൽ വെള്ളംകൊണ്ടും, മൂലമന്ത്രത്താൽ പാലുകൊണ്ടും കഴകി മുമ്പിൽവെച്ച് ഗണപതി നിവേദിച്ച് പ്രായശ്ചിത്തവും നാന്ദീമുഖവുംചെയ്ത് പരികർമ്മികളോടുകൂടി 'ഓം ബീജാങ്കുരദേവതാഃ പ്രിയന്താം' എന്നിങ്ങനെ വിശേഷംകൂട്ടി പുണ്യാഹംചെയ്യുക. അനന്തരം പീഠം പൂജിച്ച് കുംഭസംസ്കാരങ്ങളുംചെയ്ത് പാലികകളിൽ വിഷ്ണുവിനേയും ബീജങ്ങളിൽ ശോഷണാദിചെയ്ത് സോമനേയും വെവ്വേറെ ആവാഹിച്ചു പൂജിച്ച് അർഗ്ഘ്യപുഷ്പാഞ്ജലിയും മാനസപൂജയുംചെയ്ത് ദാനംചെയ്ത് നീരാജനമുഴിഞ്ഞ് ശംഖുവിളിപ്പിച്ച് കൊട്ടിച്ച് പവിത്രപാണിയായിട്ട് മൂലംകൊണ്ട് അഗ്ന്യാദി ഈശാനാന്തം മൂന്നു പ്രാവശ്യം വിതയ്ക്കുക.

36 മൂലേനൈവ സമുക്ഷ്യഗന്ധരജനീതോയൈഃ
സമാവാഹ്യച
സ്നാനേപ്രോക്ഷ്യസമച്ച്യസാധുസ്വപടേ
നാച്ഛാദ്യരക്ഷേദപി
കുയ്യാദ്രാത്രിഷുദിക്ഷുതൽഗ്രഹബലിം
നിത്യംത്രിസന്ധ്യാസു പീ-
ഠേജ്യാവിഷ്ണുശശീഷ്വിസേകനിജമന്ത്രേജ്യാവിധിം
ചാചരേൽ

അനന്തരം മൂലംകൊണ്ടുതന്നെ അഷ്ടഗന്ധവും മഞ്ഞളും കലക്കിയവെള്ളംകൊണ്ട് നനച്ച് മൂലംകൊണ്ടാവാഹിച്ച് സ്നാനകാലത്തു് 'ആപോഹിഷ്ഠാ'ദികളേക്കൊണ്ടും തളിച്ച് വസ്ത്രാദ്യുപഹാരങ്ങളംകൊടുത്തു് പൂജിച്ചു നിവേദിച്ച് പ്രസന്നപൂജയുംചെയ്ത് മൂടിരക്ഷിപ്പു ബലിയുണ്ടുവു: പിന്നെ പിറേറന്നാരം തുടങ്ങി ത്രികാലപൂജയും, അത്താഴപൂജയ്ക്കുശേഷം ബലിയും തൂകണം. എല്ലാ പൂജയ്ക്കും വിഷ്ണുവിനേയും സോമനേയും ആവാഹിച്ച് പൂജിയ്ക്കുകയും നനയ്ക്കുകയും വേണം,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

37 ശാലിയവാ രാജിതിലാ മാഷകുലുത്ഥാഃ
സ്യുരാഢ കീ ശിംബാഃ
ബീജാനി ശ്യാമകകങ്കവഃ പുനർമ്മുൽഗരാജമാഷാശ്ച

38 ബ്രഹ്മശ്രീ കൃഷ്ണേഷു ദ്വിഷഢന്യേഷ്വദ്വിപഞ്ച
വിയവാന്ത്യാനി
വിശ്യാമകാന്തിമാനിതു കാള്യാം രാത്രി
ഗ്രഹാഹരി ഹരോക്താഃസ്യുഃ

ബ്രഹ്മാവ്, ശ്രീഭഗവതി, കൃഷ്ണൻ എന്നിവക്ക് നവര നെല്ല്, യവം, കടുക്, എള്ള്, ഉഴുന്ന്, മുതിര, അമര, തുവര, ചാമ, തിന, ചെറുപയറ്, വലിയപയറ്, ഈ പന്ത്രണ്ടും വിത്തുകളാകുന്നു. മററുള്ളവക്ക് യവവും വലിയപയറും കൂടാതെയുള്ള പത്തും വിത്തുകളാകുന്നു ഭദ്രകാളിയ്ക്ക് ചാമയും വലിയപയറും കൂടാതെയുള്ള പത്തുമാണ്. ബലിയ്ക്ക് ബ്രഹ്മ, ശ്രീകൃഷ്ണന്മാക്ക് വൈഷ്ണവങ്ങളും മററുള്ളവക്ക് ശൈവങ്ങളുമായ ബലിഗ്രഹങ്ങളാകുന്നു.

39 ധ്വജം ചാഗ്രേസമുത്ഥാപ്യത്രിസന്ധ്യാസ്വസമച്ചയേൽ
പ്രാതഃകർമ്മദിനേദദ്യാൽ ബീജാങ്കുരബലിം ബുധഃ

അനന്തരം മുമ്പിൽ ഒരു ധ്വജത്തെ വാഹനപതാകാദികളോടുകൂടി നാട്ടി മൂന്നുനേരവും അർച്ചിച്ച് ബലിതൂകുകയും വേണം. അധിവാസ ദിവസം കാലത്തെ പൂജകഴിഞ്ഞാൽ ബലിതൂകി പീഠം ഉദ്വസിച്ച് നീരാജനമുഴിഞ്ഞ് പാണി കൊട്ടിച്ച് നീരാജനം മുമ്പായി അഗ്ന്യാദിശാന്തമായി മുളപ്പാലികകളെ എടുപ്പിച്ചുകൊണ്ടുപോയി ശയ്യയുടെ ചുററും അഗ്ന്യാദി പ്രദക്ഷിണമായിട്ടുവെയ്ക്കണം.

40 ത്രിരാത്രജലവാസധീസ്സദ്വചിതേ ƒ ഹ്നി
സായാഹ്നകേ
സ്വമന്ത്രകൃതവിഗ്രഹോ ഗണപതിംപ്രപൂജ്യാഗ്രതഃ
പ്രസാദ്ധ്യ മധുമൽ ഘൃതം സ്ഥപതി
ശായിതാച്ഛാ ദ്ദശൌ
സമുന്നയതു കർമ്മതൽ സ്ഥപതിര
പ്യവസ്യേന്നിജം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശിലാബിംബത്തെ ത്രിരാത്രം ജലാധിവാസം ചെയ്യുവാൻ അതിന്നു് ഉചിതമായ ദിവസം സായാഹ്നത്തിൽ ദേഹശുദ്ധ്യാദിചെയ്തു് മുമ്പിൽ ഗണപതിയേ പൂജിച്ചു് തേനും നെയ്യും കൂട്ടിയതിനെ ചാതിച്ചു് ശോധനദ്രവ്യങ്ങളും ചാതിച്ചു് പൂജമുടിച്ചു് ശില്പിശാലയിൽ ബിംബം കിടത്തിയിരിയ്ക്കുന്നിടത്തുചെന്നു് ബിംബത്തിൻെറ കണ്ണുകൾ കീറുക, ശില്പിയേക്കൊണ്ടു് കണ്ണുകൾ മിഴിപ്പിയ്ക്കുകയും ചെയ്യുക.

41 സ്ഥപതേയ്യജമാനേന ഗൃഹീതാച്ചാംസമപ്പിതാം
താരേണാചാര്യ്യ ആലോക്യ ഗൃഹീത്വാസ്ത്രേണ
ശോധയേൽ.

യജമാനൻ ശില്പിയ്ക്കു് സമ്മാനംകൊടുത്തു് സന്തോഷിപ്പിച്ചു് ഗ്രഹിച്ച ബിംബത്തെ ആചാര്യ്യൻ പ്രണവംകൊണ്ടുനോക്കി പ്ലുതപ്രണവംചൊല്ലിക്കൊണ്ടു് ഗ്രഹിച്ചു് അസ്ത്രംകൊണ്ടു് ശോധനനചെയ്വു.

42 നവാച്ചാവീര വിശ്ലേഷമാതൄണാമവലോക്യ തു
പ്രാങ്ങ്നമോസ്ത്വിത്യുപസ്ഥായഗൃഹീത്വാ
ശോധയേൽ ക്രമാൽ

മാതൃക്കളുടെ ബിംബങ്ങളേ ഗ്രഹിയ്ക്കുമ്പോൾ പ്രണവം കൊണ്ടുനോക്കിയാൽ 'നമോസ്തു ലോകമാതൃഭ്യഃ' ഇത്യാദി കൊണ്ടും പ്രാത്ഥിച്ചിട്ടു ഗ്രഹിച്ചു് ശോധന ചെയ്യണം.

43 നമോ ƒ സ്തു ലോകമാതൃഭ്യോ ഭൂതമാതൃഭ്യ ഏവ ച
ആകാശമാതരോ ദിവ്യാസ്തഥാന്യാലോകമാതരഃ

44 യാനി ബിംബാനി ക്ലൃപ്താനിയുഷ്മത്ഭക്തൈര്യ്യ
ഥാബലം
യൂയം താന്യനുഗൃഹ്ണീദ്ധ്വം സംസ്ഥാപന
വിധേന്നമഃ

45 ബ്രഹ്മണ്യബ്ദർഗോബാലഘ്യതമാസൂരവാരിഭിഃ
ധനദേതോയ സപ്പ്സ്വ ദർഭമൃദ്വാരിഭിഃ ക്രമാൽ

ബ്രഹ്മാവിങ്കൽ വെള്ളം, ദർ, പശുവിൻെറ വാൽ, നെയ്യ്, കടലയ്ക്കാപ്പൊടി, വെള്ളം; വൈശ്രവണങ്കൽ വെള്ളം, നെയ്യ്, തൊലി, ദർഭ, മണ്ണ്, വെള്ളം;

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

46 കൃഷ്ണേചശോധയേൽ സപ്പിജ്ജലദർഭത്വഗംബുഭിഃ
ലക്ഷ്മ്യാമംബു ഘൃതത്വങ് മൃത്ദർഭഗന്ധജലൈരപി.

കൃഷ്ണങ്കൽ നെയ്യ്, വെള്ളം, ദർഭ, തൊലി, വെള്ളം; ശ്രീഭഗവതിയിങ്കൽ വെള്ളം, നെയ്യ്, തൊലി, മണ്ണ്, ദർഭ, അഷ്ടഗന്ധജലം;

47 ഗൌര്യാം ജലാജ്യദർഭൈശ്ചഗോ-
ബാലൈർഗ്ഗന്ധവാരിഭിഃ
അബ്ദർഭ ഗവ്യൈർജ്യേഷ്ഠായാം മൃദ്ധേ-
മ മണിഗന്ധകൈഃ

ശ്രീപാർവ്വതിയിങ്കൽ വെള്ളം, നെയ്യ്, ദർഭ, പശു വിന്റെ വാൽ, അഷ്ടഗന്ധജലം; ജ്യേഷ്ഠാ ഭഗവതിയിങ്കൽ വെള്ളം, ദർഭ, പഞ്ചഗവ്യം, മണ്ണ്, സ്വർണ്ണം, രത്നം, അഷ്ട ഗന്ധജലം.

48 മധ്വാജ്യാബ്വല്കദർഭൈർമ്മൃദകാഭ്യാം ച മാതൃഷു
ശേഷേഷ്വാജ്യമധുത്വങ് മൃത്ഭസ്മ-
ചൂർണ്ണൈഃ സഗന്ധകൈഃ

മാതൃക്കളിൽ തേൻ, നെയ്യ്, വെള്ളം, തൊലി, ദർഭ, മണ്ണ്, വെള്ളം; മററുള്ളവരിൽ നെയ്യ്, തേൻ, തൊലി, മണ്ണ്, ഭസ്മം, ചൂർണ്ണം, അഷ്ടഗന്ധജലം; എല്ലാവർക്കും ശോധന ചെയ്യുവാൻ മന്ത്രം അസ്ത്രം, ശോധന ചെയ്താൽ

49 തദ്ബിംബം വസ്ത്രയുഗ്മേന ഗന്ധപുഷ്പാക്ഷതാദിനാ
അലംകൃത്യാസ്ത്രമന്ത്രേണ വിദ്വാൻ നീരാജനം ചരേൽ.

ആ ബിംബത്തെ ഗന്ധപുഷ്പാക്ഷതങ്ങളേക്കൊണ്ടലങ്കരിച്ച് എണപ്പുടവകൊണ്ടു മൂടികെട്ടി മാലചാത്തി നീരാജനം ഉഴിയുക.

50 പ്രാക്ബിംബശുദ്ധി കലശസ്നപനാദ്ദമാശ്രീ
ശ്രീദാജശൌരിഷു വിലോചന കമ്മ കൃത്വാൽ
കാള്യാം തു രുദ്രവിധിഘടസ്നപനാൽ പരേഷു
ബിംബഗ്രഹേതു പരിശോധിത ഏവ ബിംബേ.

അനന്തരം എല്ലാവരിലും നേത്രോന്മീലനം ചെയ്വു. ശ്രീപാർവ്വതി, ശ്രീഭഗവതി, വൈശ്രവണൻ, ബ്രഹ്മാവ്, ശ്രീകൃഷ്ണൻ എന്നിവർക്ക് ബിംബശുദ്ധികലശം ആട

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്നതിനു മുമ്പും, ഭദ്രകാളിയ്ക്കു് ബിംബശുദ്ധികലശത്തിങ്കലേ ബ്രഹ്മകലശം ആടുന്നതിനു മുമ്പും മററുള്ളവക്കെല്ലാം ബിംബപരിഗ്രഹവും ശോധനയും കഴിഞ്ഞാൽ അപ്പോഴും ചെയ്യുക

51 ഗന്ധാദ്യലംകൃതികൃദാജ്യമധുപ്രഗൃഹ്യ
സൂച്യാസ്വവർണ്ണചഷകാന്മധുമന്ത്രജപ്തം
നേത്രേണയക്ഷഗിരിജാദിഷു മൂലതഃ ശ്രീ
മാത്രാദിഷൂന്മിഷിതയേ ദൃനാക്ഷി തദ്വിൽ.

മുൻപോലെ ഗണപതിപൂജാപൂർവ്വകം ചാതിച്ചിരിയ്ക്കുന്ന മധ്വാജ്യങ്ങളെ സ്വവർണ്ണസൂചികൊണ്ടെടുത്തു് വൈശ്രവണൻ, ശ്രീപാർവ്വതി മുതലായവക്കു് നേത്രമന്ത്രംകൊണ്ടും ശ്രീഭഗവതി, മാതൃക്കൾ മുതലായവക്കു് മൂലംകൊണ്ടും നേത്രോന്മീലനം ചെയ്യുക.

52 ഹിരണ്യഗർഭോഗ്രഹണേ ഽഥ ചിത്രം മന്ത്രോ ഽ
ക്ഷികർമ്മണ്യജകൃഷ്ണയോഃ സ്യാൽ
മൂലേന സംവേശ്യ സുരക്ഷ്യ മാലാണുനാ
ദൃഗുന്മീലനമഗ്രജായാം.

ബ്രഹ്മാവിനും, ശ്രീകൃഷ്ണനും 'ഹിരണ്യഗർഭഃ' ഇത്യാദികൊണ്ടു് എടുത്തു് 'ചിത്രന്ദേവാനാം' ഇത്യാദികൊണ്ടു് രണ്ടു കണ്ണുകളും കീറുക. (ഇവിടെ 'ചിത്രന്ദേവാനാം' എന്ന മന്ത്രം മാത്രമല്ലാതെ 'ആപ്യായസ്വ' ഇത്യാദിയും വേണമെന്നുപക്ഷമുണ്ടു്). ജ്യേഷ്ഠാഭഗവതിയ്ക്കു മൂലംകൊണ്ടു് ഉറക്കിയിട്ടു് 'ഓം നമോ ഭഗവതി സർവ്വകാമപ്രസാധിന്യമൃതോത്ഭവേ കലിപത്നി നമോ നമഃ' എന്നീ മാലാമന്ത്രംകൊണ്ടു് നേത്രോന്മീലനം ചെയ്യുക.

53 മൂലേനാക്ഷ്ണോര ശേഷേഷു ശേഷേണാ
പൂർവ്വ ദൃക്പടം
ഹൃത്വാ ഗാമഗ്ര ഗാം സദ്യോദർശയേൽ
സാസ്യദക്ഷിണാം.

മൂലംകൊണ്ടു് എല്ലാവരിലും മധ്വാജ്യശേഷം കണ്ണുകളിൽ നിറച്ചു് നേത്രപടം നീക്കി മുമ്പിൽ നില്ക്കുന്ന പശുവിനെ നേത്രമന്ത്രംകൊണ്ടു് ദർശിപ്പിയ്ക്കുക. യജമാനൻ ആ പശുവിനെ ആചാര്യനു് ദക്ഷിണ ചെയ്യു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

54 തതഃ സൂര്യ്യാദിഷു തേവതൽ കാര്യ്യം നീരാജനാദികം
കൃത്വാവാഹനപാദ്യാദി ശൌര്യ്യാദിഷ്വഭിഷേചനം.

അനന്തരം സൂര്യ്യാദികൾക്കു് നീരാജനമുഴിയുക. ശൌര്യ്യാദികളിൽ ആവാഹിച്ചു് പാദ്യാദി ഉപഹാരങ്ങൾ കൊടുത്തു് സ്നാനകാലത്തു് ബിംബശുദ്ധി കലശം ആടുക.

കൌതുകം

55 ഇഹ ത്വലംകൃതേ ശ്രീദശൌര്യ്യോർബ്ബ
ധ്നാതു കൌതുകം
ബിംബേ സ്വാസ്ത്രേണ ശേഷേഷു
ജലവാസ സമുദ്ധൃതൌ.

ഇവിടെ വൈശ്രവണനും ശ്രീകൃഷ്ണനും അലങ്കാരം കഴിഞ്ഞാൽ അസ്ത്രംകൊണ്ടു് ബിംബത്തിങ്കൽ കൌതുകബന്ധനം ചെയ്യണം. മററുള്ളവക്കു് ജലാധിവാസത്തിങ്കൽ നിന്നു് എടുത്താൽ അപ്പോൾ ചെയ്യണം.

56 സ്വഗായത്ര്യന്വിതം മൂലം മന്ത്രോ*ƒ*ജേ ദേവകീസുതേ
'ജിതന്ത'സംയുതാഷ്ടാർണ്ണഃ ശ്ര്യാദൌ ചക്രാദിരിഷ്യതേ

ബ്രഹ്മാവിനു് കൌതുകം കെട്ടുവാൻ തന്റെ ഗായത്രിയും മൂലവും, ശ്രീകൃഷ്ണനു് 'ജിതന്തേ പുണ്ഡരീകാക്ഷ' ഇത്യാദിയും അഷ്ടാക്ഷരവും, ശ്രീ ഭഗവതി തുടങ്ങിയുള്ളവർക്കു് അസ്ത്രവും മന്ത്രമാകുന്നു.

57 സ്ഥിത്വാ പ്രാത്ഥ്യ നമസ്ത ഇത്യണുയുജാ
ദർഭാഗ്രഗർഭാഞ്ജലിഃ
ക്ഷൌമക്ഷിപ്തസമുക്തസർഷപസുവ
ര്ണ്ണോർജ്ജസ്വലം കൌതുകം.
ഊർണ്ണാസൂത്രസിതം സുവർത്ത്യ പരിജപ്യ
സ്വാണുനാ സപ്തധാ
സാംഗുഷ്ഠോപകനിഷ്ഠികാംഗുലിയുജാ
ബധ്നാതു ബാഹൂത്തമേ.

പിന്നെ എഴുന്നേററുനിന്നു് ഒരു പുല്ലു് പിടിച്ചു് തൊഴുതുകൊണ്ടു് 'നമസ്തേർച്ചേ' ഇത്യാദി രണ്ടുകൊണ്ടും പ്രാർത്ഥിച്ചു് പട്ടുശകലത്തിൽ മുത്തും കടുകും സ്വർണ്ണവും ഇട്ടു് കരിമ്പടക്കയറുകൊണ്ടു കെട്ടിയ കൌതുകത്തെ തളിച്ചുരക്ഷിച്ചു് ശോഷണാദി മൂന്നുമാത്രം ചെയ്തു് തത്തന്മന്ത്രംകൊണ്ടു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

പൂജിച്ച് മോതിരവിരലും തള്ളവിരലും കൂട്ടി ഏഴപിരിച്ച് ബിംബത്തിൻെറ വലത്തെ കയ്യിൻെറ മുട്ടിന്നു മുകളിൽ കെട്ടുക.

58 'നമസ്തേ ƒ ച്ചേ സുരേശാനി പ്രതീകേ വിശ്വകർമ്മണഃ
പ്രഭാവിതാശേഷ ജഗദ്ധാത്രി തുഭ്യം നമോനമഃ

59 'ത്വയി സമ്പൂജയാമീശം സ്വയം ഭുവമനാമയം
രഹിതായോനിദോഷൈസ്സ്വമൃദ്ധിയുക്താ സദാ ഭവ.'

60 ദിവാകരാദിപദഭാക് സ്യാൽ സൂര്യ്യാദാവയം മനുഃ
പൂർവ്വാർദ്ധയോർമ്മനാഗ്ഭേദോ ഗൌര്യ്യാ
മസ്മിൻമനൌഭവേൽ

സൂര്യ്യാദിയിങ്കൽ ഈ മന്ത്രം 'ദിവാകരമനാമയം' ഇത്യാദി ഭേദപ്പെടുത്തിക്കൊള്ളണം. ശ്രീപാർവ്വതിയിങ്കൽ രണ്ടിലും പൂർവ്വാർദ്ധങ്ങാംക്കു് സ്വല്പം ഭേദമുള്ളതിനെ പറയാം.

61 'നമസ്തേ ƒ ച്ചേ സുരേശാനി വിശ്വാ
വാസേ ƒ സുരാരിണി'
'ത്വയി സമ്പൂജയാമീശേ മായാം
വിശ്വാത്മികാമുമാം.'

ജലാധിവാസം

62 നീത്വാ ജലാശയതടം പ്രതിമാം തദംഭഃ
സംശോദ്ധ്യ പൂജയതു വഹ്നിമയം തു ബിംബം
സംഭാവയേച്ച ഫലകോപരി പീഠമിഷ്ട്വാ
ബിംബം നിവേശ്യ പരിരക്ഷതു മന്ത്രിവര്യ്യഃ

അനന്തരം ബിംബത്തെ യഥാവിധി ജലാശയത്തിങ്കലേയ്ക്കു് എഴുന്നെള്ളിച്ച് ജലത്തെ ശോധനചെയ്തു പൂജിച്ച് ബിംബത്തിങ്കൽ ഭൂതസംഹാരം ചെയ്തു് തേജോമയമാക്കി കല്പിച്ച് അരയാൽ പലകമേൽ പീഠം പൂജിച്ച് ബിംബത്തെ അതിന്മേൽ കിടത്തി ജലാധിവാസംചെയ്തു് രക്ഷിപ്പൂ.

പ്രാസാദശുദ്ധി

63 തത്രസ്ഥാത്തീയേ ƒ ഹനി സ്ഥപതികരമുക്തം സുരഗൃഹം
ഗൃഹീത്വാ തൽബാഹ്യേ സ്വപദ ഉപവിശ്യാശരദിശി
ദിനാന്തേ തന്മന്ത്രന്യസന ഗണപത്യർച്ചനഗുണാ
ദിസംസ്കാരാൻ ദാനംച ചരതു പശോ രക്ഷിതഗൃഹഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മൂന്നാം ദിവസം പകലേ യജമാനൻ ശില്പിയിങ്കൽ നിന്നും ഗ്രഹിച്ച പ്രാസാദത്തെ ആചാര്യൻ ഗ്രഹിച്ച് വൈകുന്നേരം അതിന്റെ പുറത്ത് നിരൃതികോണിൽ സ്വസ്ഥാനത്തിരുന്ന് ദേഹശുദ്ധ്യാദി ചെയ്ത് ഗണപതിയെ പൂജിച്ച് ത്രിഗുണസൂത്രാദി ചാർത്തിച്ച് ദാനം ചെയ്ത് ഗണപതിയെ ഉദ്വസിച്ച് തന്മന്ത്രപ്രാണായാമാദി ചെയ്ത് പ്രാസാദത്തെ അസ്ത്രദൃഷ്ടികൊണ്ടു നോക്കി തളിച്ച് രക്ഷിപ്പൂ.

64 ഗുണമ്രശ്യാം ധാമ്നഃ പരികലനകൃച്ഛ്ലോധയത്തുതൽ
ക്രമജ്ഞോ മുഷ്ട്യാദ്യൈര്യജതുശുചിദിശ്യസ്ത്രകലശം
സകൃദ്രാക്ഷോഘ്നം സ്വാസ്ത്രമസകൃദിഹാവർത്ത്യകുസുമാ
സ്ത്രമോക്ഷം കുർവ്വീതാഖിലമനലസാലാന്തമപിച.

അനന്തരം നൂലുമാല ചുററി മുഷ്ട്യാദി ധൂപദീപാന്തം ശോധന ചെയ്ത രക്ഷിച്ച് അഗ്നികോണിൽ അസ്ത്രകലശം പൂജിച്ച് രാക്ഷോഘ്നമന്ത്രങ്ങളാൽ ഒരിക്കലും അസ്ത്രം ആവർത്തിച്ചും ജപിച്ച് അസ്ത്രംകൊണ്ട് എട്ടുദിക്കിലും പൂർവ്വാരാധിച്ച് രക്ഷിപ്പൂ.

65 സർവ്വത്ര വൈഷ്ണവീ ജ്ഞേയാമുഷ്ടിഃ ശ്രീകൃഷ്ണധാതൃഷു
ഗൌര്യാം ദർശലാകാഭിഃ കാല്യാം ചാന്യേഷുശാംഭവീ.

ശ്രീഭഗവതി ശ്രീകൃഷ്ണൻ, ബ്രഹ്മാവ് എന്നിവക്ക് വൈഷ്ണവമുഷ്ടിയും ശ്രീപാർവ്വതിക്ക് ദർഭയും പല്ല ഈക്കിലയും കൂട്ടിക്കെട്ടിയ മുഷ്ടിയും, മററുള്ളവക്കെല്ലാം ശൈവമുഷ്ടിയുമാകുന്നു.

66 നിശ്യഗ്നിദിശിരാക്ഷോഘ്നം ശ്രീകൃഷ്ണാ
ജേഷു വൈഷ്ണവം
ഹോമം ശൈവം ത്വശേഷേഷു കുര്യാദസ്ത്രം നിജംനിജം.

രാത്രി അഗ്നികോണിൽ എല്ലാവർക്കും രാക്ഷോഘ്ന ഹോമം ചെയ്യണം. ശ്രീകൃഷ്ണനും, ശ്രീഭഗവതിക്കും, ബ്രഹ്മാവിനും വൈഷ്ണവമായിട്ടും മററെല്ലാവർക്കും ശൈവമായിട്ടും വേണം. അസ്ത്രം അവരവരുടേതാകുന്നു.

67 വാസ്തുഹോമം ശിവദിശി കുര്യാൽ ദ്വികലശാന്വിതം
സൂര്യാദിഷ്വപി ദൃഗ്ഗ്വാഃ സ്യൃമ്മൂലം ദൂർവ്വാസ്വജാദിഷു,

അനന്തരം ഈശകോണിൽ വാസ്തുഹോമം തുടങ്ങി പരിധിയോളമായാൽ വാസ്തുകലശങ്ങളാൽ രണ്ടും പൂജിയ്ക്കുകയും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Gurukul Library
Digitized by Arya Samaj Foundation Chennai and eGangotri
2814

വേണം. ആജ്യാഹുതിയ്ക്കു് സൂക്താദികാംക്കം പഞ്ചദുർഗ്ഗത ന്നെ മതി. ബ്രഹ്മശ്രീകൃഷ്ണന്മാർക്കു് കറുകയ്ക്കു് അവരവരു ടെ മൂലംവേണം.

68 കാള്യാം സ്വസ്ത്യണ്ഭിശ്ച പ്രാഗവ്യാഹൃ
തിഭ്യോ ഽഷ്ടഭിഃ ക്രമാൽ
ഹൃല്ലേഖാ ഹുംഫഡന്താസ്യാൽ
രാക്ഷോഘ്നേ ഽസ്ത്രമുദീരിതം.

ഭദ്രകാളിയ്ക്കു് ആജ്യാഹുതിയിങ്കൽ വ്യാഹൃതിയ്ക്കുമുമ്പ് സ്വസ്ത്യഷ്ടകംകൊണ്ടും വേണം. രാക്ഷോഘ്നഹോമത്തി ങ്കൽ 'ഓംഹ്രീംഹുംഫഠ്' എന്നാണു് അസ്ത്രം.

69 കുര്യാദവാസ്തുബലിം ശൈവം
ബ്രഹ്മാദിഷുതുവൈഷ്ണവം
വിനിയോജ്യ ഘടൌതവന്തേ രക്ഷാം
പുണ്യാഹകൃച്ചരേൽ

ശൈവർക്കു് ശൈവമായും വൈഷ്ണവർക്കു് വൈഷ്ണവ മായും വാസ്തുബലി ചെയ്തു് ഹോമസമ്പാതങ്ങരം രണ്ടും സ്പർശിച്ചു് വാസ്തുകലശങ്ങരം രണ്ടും യഥാവിധി ആടി പുണ്യാഹം ചെയ്തു് നീരാജനമുഴിഞ്ഞു് രക്ഷിയ്ക്കുക.

ബിംബശുദ്ധികലശം

70 അഥബിംബശുദ്ധികലശം ശിവദിശി കൃത
മണ്ഡപേ ഗുരുഃ ശുദ്ധേ
പൂജയത്തു പഞ്ചകൈർവ്വാ നവകൈർവ്വാ
ഭേദിതം ബുധോ നവഭിഃ

അനന്തരം ഈശകോണിൽ ഉണ്ടാക്കി വിതാനിച്ചല ങ്കരിച്ചിട്ടുള്ള മണ്ഡപത്തിൽ സ്ഥലശുദ്ധി ചെയ്തു് ഒമ്പതു പഞ്ചകങ്ങളായോ അഥവാ ഒമ്പതു നവകങ്ങളായോ ഉണ്ടാ ക്കി വ്യത്യസ്തങ്ങളായിരിയ്ക്കുന്ന ബിംബശുദ്ധികലശത്തെ പൂജിയ്ക്കണം.

71 പ്രാഗാദിഖണ്ഡഗതമദ്ധ്യഘടേഷ്വശേഷേ
ദ്രവ്യാണി വിന്യസതുമദ്ധ്യഗമദ്ധ്യമേച
മന്ത്രീപ്രദക്ഷിണതയോപഘടേഷു തേഷാം
ശുദ്ധാംബുചേതി തുനവദ്രവിണക്രമഃ സ്യാൽ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എല്ലാവർക്കും കിഴക്കാദിഖണ്ഡബ്രഹ്മകലശങ്ങളിലും നടുവിലെ ഖണ്ഡത്തിലെ ബ്രഹ്മകലശത്തിങ്കലും പ്രദക്ഷിണമായിട്ടു് ദ്രവ്യങ്ങൾ ന്യസിച്ചു് അതാതിൻെറ പരികലശങ്ങൾ ശുദ്ധജലംകൊണ്ടും നിറപ്പൂ. ഇങ്ങിനെ നവദ്രവ്യത്തിൻെറ ക്രമം.

72 പ്രാഗാദിഷുക്രമത ഏവ ബഹിസ്ഥഥാന്ത
ർല്ലക്ഷ്യ്യാം ദിശാസു വിദിശാസു ബഹിസ്ഥകാള്യാം.
സ്വീയക്രമേണ നവകാനിനവാപിതുല്യ
ദ്രവ്യാണി മാതൃഷു ന ശുദ്ധജലം തഥേഹ.

ശ്രീഭഗവതിയ്ക്കു് പുറത്തു് കിഴക്കാദി പ്രദക്ഷിണമായിട്ടും, അപ്രകാരംതന്നെ അകത്തും പിന്നെ ബ്രഹ്മകലശത്തിലും ദ്രവ്യം ന്യസിയ്ക്കുക. അങ്ങിനെ പതിനേഴ ദ്രവ്യങ്ങൾ എന്നു സാരം. [ഗ്രന്ഥകർത്താവിൻെറ വ്യാഖ്യാനത്തിൽ അകത്തു് ബ്രഹ്മകലശത്തിലും പിന്നെ കിഴക്കാദി പ്രദക്ഷിണമായി ദലകലശങ്ങളിലും, പിന്നെ പുറത്തെ ഖണ്ഡബ്രഹ്മകലശങ്ങളിലും ദ്രവ്യം ന്യസിയ്ക്കണമെന്നു കാണുന്നു]. ഭദ്രകാളിയിങ്കൽ അകത്തു് ബ്രഹ്മകലശം, അതിൻെറ ചുററുമുള്ള ദലകലശങ്ങൾ ദിക്കും കോണും ആയിട്ടും പിന്നെ പുറത്തെ ഖണ്ഡബ്രഹ്മകലശങ്ങളിൽ കിഴക്കാദി ദിക്കും കോണും ആയിട്ടും ദ്രവ്യങ്ങൾ ന്യസിയ്ക്കുക. മാതൃക്കളിൽ തങ്ങളുടെ ക്രമം അനുസരിച്ചു് ഒമ്പതു നവകങ്ങളെ ഒരേ ദ്രവ്യങ്ങൾകൊണ്ടുതന്നെ നിറയ്ക്കുക. ഇവിടെ ശുദ്ധജലം ഇല്ല.

73 മൃദ്വാരി പത്രസലിലം കഥിതം ചപഞ്ച
ഗവ്യാനി ഗന്ധസലിലം ച പിതാമഹേസ്യുഃ
കാഥാംബു പുണ്യജനരാജ്യഥ പഞ്ചഗവ്യം
വ്യസ്തം സമസ്തമപി മൃജ്ജലഗന്ധവാരി.

ബ്രഹ്മാവിനു് മൃജ്ജലം, പത്രജലം, കഷായം, പഞ്ചഗവ്യങ്ങൾ വെവ്വേറെ അഞ്ചും, അഷ്ടഗന്ധജലവും; വൈശ്രവണനു് കഷായം, ഗവ്യങ്ങൾ അഞ്ചും വെവ്വേറെയും, പഞ്ചഗവ്യം, മൃജ്ജലം, അഷ്ടഗന്ധജലം.

74 ഗവ്യാനിപഞ്ച വസുദേവസുതാദ്രിപുത്ര്യോ
ർമ്മൃൽകഷായ രത്നജല ഗന്ധജലം ച ഭൂയഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗവ്യം പൃഥക് സഹകഷായ മൃദംബു ലക്ഷ്യാം
രത്നാംബു ചാഥ ബഹിരഷ്ടസു ഗന്ധതോയം.

ശ്രീകൃഷ്ണനും ശ്രീപാർവ്വതിയ്ക്കും ഗവ്യങ്ങൾ അഞ്ചും വെവ്വേറേയും, മൃജ്ജലം, കഷായം, രത്നജലം, അഷ്ടഗന്ധജലം എന്നിവയും ശ്രീഭഗവതിയ്ക്കു ഗവ്യങ്ങളഞ്ചും വെവ്വേറേയും, പഞ്ചഗവ്യം ഒന്നായിട്ടും, കഷായം, മൃജ്ജല, രത്നജലം പുറമെയുള്ള എട്ടിലും അഷ്ടഗന്ധജലവും.

75 ഗവ്യം പൃഥക് സഹച പത്രകമഗ്രജായാം
ഗന്ധാന്വിതാമലകവാരി ഹിരണ്യവാരി.
മൃത്സാ കഷായമപിമാതൃഷു പഞ്ചഗവ്യം
വ്യസ്തം സമസ്തമഥ ഗന്ധജലംച വിദ്വാൻ.

ജ്യേഷ്ഠാഭഗവതിയ്ക്കു് ഗവ്യങ്ങൾ അഞ്ചും വെവ്വേറേയും, പഞ്ചഗവ്യം ഒന്നായിട്ടും പത്രജലം, അഷ്ടഗന്ധത്തോടുകൂടിയ നെല്ലിയ്ക്ക വെള്ളം, സ്വർണ്ണജലം, മാതൃക്കൾക്ക മൃജ്ജലം, കഷായം, ഗവ്യങ്ങളഞ്ചും വെവ്വേറേയും, പഞ്ചഗവ്യം ഒന്നായിട്ടും അഷ്ടഗന്ധജലം.

76 മൂലേന രത്നമപി ഗന്ധമശേഷമന്ത
ര്ന്ന്യസ്താനി മാതൃമനഭിശ്ച തതോ ന്യഭാഗേ
കാള്യാം സമൃൽകഥിത കൌഷധി പുഷ്പതൈലം
ഗവ്യാജ്യ ഗൌളമപി ഭൈരവനാമഭിശ്ച.

ഭദ്രകാളിയ്ക്കു് മൂലംകൊണ്ടു് ബ്രഹ്മകലശത്തിങ്കൽ എല്ലാരത്നവും എല്ലാ ഗന്ധവും ന്യസിച്ചു് ഓരോ രത്നവും ഓരോ ഗന്ധവുംകൂട്ടി ഓരോ കലശത്തിലായി ദിക്കും കോണും ക്രമത്തിൽ മാതൃമന്ത്രങ്ങളേക്കൊണ്ടു് ന്യസിയ്ക്കുക. പിന്നെ പുറത്തു് കിഴക്കാദി ദിക്കോണക്രമത്തിൽ ഖണ്ഡബ്രഹ്മകലശങ്ങളിൽ 'അസിതാംഗാ'ദി ഭൈരവമന്ത്രങ്ങളേക്കൊണ്ടു് മൃജ്ജലം, കഷായം, ഓഷധിജലം, പുഷ്പജലം, എണ്ണ, പഞ്ചഗവ്യം. നെയ്യു്, ശർക്കര എന്നിവയുംന്യസിയ്ക്കുക.

77 ശേഷേഷു തുകഥിതകം പശുമൂത്ര ഗവ്യ
ക്ഷീരാണി ഭസ്മ ദധി മൃൽ കുശഗന്ധവാരി
കൃതാസനേഷ്ടി ഘട സംസ്കരണാദി സർവ്വം
ന്യാസക്രമാദിഹ [illegible]

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മററുള്ളവക്കെല്ലാം കഷായം, ഗോമൂത്രം, പഞ്ചഗവ്യം. പാൽ, ഭസ്മം, തൈരു്, മൃജ്ജലം, കുശജലം, ഗന്ധജലം എന്നിങ്ങനെ ദ്രവ്യങ്ങൾ പറയപ്പെട്ടു. ദ്രവ്യന്യാസത്തിനു മുമ്പു് എല്ലാററിലും പീഠം പൂജിച്ചു് കുംഭസംസ്കാരം ചെയ്തു് കൂർച്ചന്യാസവും ചെയ്തിരിയ്ക്കണം.

78 നദീതടാഭ്യാം വത്മീകാൽ കുളീരാവാസതോ വിധൌ-
ക്ഷേത്രാൽ ഗജവിഷാണാച്ചഗ്രാഹ്യാ
വേദ്യാശ്ച മൃത്തികാഃ

ബ്രഹ്മാവിനു് നദിയുടെ ഇരുകരയിലേയും, പുററു്, ഞണ്ടിൻകുഴി, വിളഭൂമി, ആനക്കൊമ്പു്, അഗ്നിഹോത്രവേദി എന്നീ സ്ഥലങ്ങളിലെ മണ്ണുകൾ വേണം.

79 ബ്രഹ്മശ്രീ ചമ്പകാശോകനീ പാമ്രബകുളാജ്ജുനാഃ
ക്ഷീരിണശ്ച വടാശ്വത്ഥ പ്ലക്ഷോദുംബര ശാഖിനഃ

80 പത്രമേഷാമിഹഗ്രാഹ്യം കമലക്ഷീരിണാംത്വവാ
സേവ്യാത്ത്യം ബുജടാസ്രായോ മുരശീതൈസ്സഗന്ധകം

പ്ലാശു്, ഇലവം, ചമ്പകം, അശോകം, കടമ്പു്, മാവു്, എലഞ്ഞി, നീർമ്മരുതു്, നാല്പാമരം ഇവയുടെ തളിരുകൾ ബ്രഹ്മാവിനു വേണം. താമരയിലയും നാല്പാമരവും മാത്രമായിട്ടും ആകാം. രാമച്ചം, കൊട്ടം, ഇരുവേലി ജടാമാഞ്ചി, കുങ്കുമപ്പൂവു്, അകിൽ, മുരാമാഞ്ചി, ചന്ദനം, ഇവ ബ്രഹ്മാവിങ്കലെ അഷ്ടഗന്ധമാകുന്നു.

81 വേദ്യാ നദ്യാ സ്ഥലാ ക്ഷേത്രാൽ പർവ്വതാദ്വൃഷശൃംഗതഃ
വരാഹ ഗജദന്താഭ്യാം വാർഷ്ണേയേ ത്വാഹരേന്മൃദഃ

ശ്രീകൃഷ്ണങ്കൽ, വേദി, നദി, വിളഭൂമി, പർവ്വതം, കാളക്കൊമ്പു്, പന്നി തുരന്നിടം. ആനക്കൊമ്പു് എന്നീ സ്ഥലങ്ങളിലെ മണ്ണുകളും.

82 ക്ഷീരിത്വചഃ കഷായാത്ര ഗന്ധോ
ബ്രാഹ്മോ f ത്രരത്നകം
വജ്രം മൌക്തിക വൈഡൂര്യപത്മരാഗപ്രവാളകം.

ഇവിടെ കഷായത്തിനു് നാല്പാമരത്തൊലികൾ മാത്രവും, അഷ്ടഗന്ധം ബ്രഹ്മാവിങ്കൽ പറഞ്ഞവയും; രത്ന

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ങ്ങൾ വൈരം, മുത്തു , വൈഡൂര്യം, പത്മരാഗം, പവിഴം എന്നിവയുമാകുന്നു.

83 വേദ്യാ നദ്യാസ്തഥാ തീൎത്ഥാദ്വല്മീകാദ്വൃഷശൃംഗതഃ
വരാഹഗജദന്താഭ്യാമപിഗൌൎയ്യാം മൃദോ ഹരേൽ.

ശ്രീപാർവ്വതിയിങ്കൽ വേദി, നദി, തീൎത്ഥം, പുററു, കാളക്കൊമ്പു്, പന്നി തുരന്നിടം, ആനക്കൊമ്പു് എന്നീ സ്ഥലങ്ങളിലെ മണ്ണുകളും.

83½ പലാശ ഖദിരക്ഷീരി ശമീത്വഗ്ഭിഃ കഷായകം.

കഷായത്തിനു് പ്ലാശ്ശു്, കരിഞ്ഞാലി, നാല്പാമരം, വഹ്നി എന്നിവയുടെ തൊലികളും

84½ വജ്രം മൌക്തിക വൈഡൂര്യ
ശംഖസ്ഫടികപുഷ്യകം
ചന്ദ്രകാന്തം മഹാനീലം രത്നാനി ബ്രഹ്മരാഗകം.

രത്നങ്ങൾ വൈരം, മുത്തു്, വൈഡൂര്യം, ശംഖരാഗം, സ്ഫടികം, പുഷ്യരാഗം, ചന്ദ്രകാന്തം, മഹാനീലം, ബ്രഹ്മരാഗം എന്നിവയും,

85½ ചന്ദനാഗരു കർപ്പൂരമാംസീരോചനരോഹിതഃ
കർച്ചൂരം വാനരം ചൈവഗന്ധാഷ്ടകമുമാശ്രിയോഃ

ചന്ദനം, അകിൽ, കർപ്പൂരം, ജടാമാഞ്ചി, ഗോരോചനം, കങ്കുമം, കച്ചൂരിക്കിഴങ്ങു്, കണ്ടിവെണ്ണ ഇവ ശ്രീപാർവ്വതിയുടേയും ശ്രീഭഗവതിയുടേയും അഷ്ടഗന്ധവുമാകുന്നു.

86½ ശമീപലാശഖദിരബില്വാശ്വത്ഥവികങ്കതൈഃ
സോദുംബരവടൈശ്ചൈവലക്ഷ്മ്യാം
കഷായോവിധീയതേ.

ശ്രീഭഗവതിയിങ്കൽ വഹ്നി, പ്ലാശ്ശു്, കരിഞ്ഞാലി, കൂവളം, അരയാൽ, വയ്യങ്കതവു്, അത്തി, പേരാൽ ഇവയുടെ തൊലികൾ കഷായത്തിനുള്ളതാകുന്നു.

87½ വല്മീകാദ്വൃഷശൃംഗാച്ച സൂകരാന്മൂഷികാലയാൽ
ക്ഷേത്രാൽ തീൎത്ഥാന്മൃദോ ƒ ത്രാഗ്ന്യാ
...ച്ചാപി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീഭഗവതിയിങ്കൽ പുററു്, കാളക്കൊമ്പു്, പന്നിതു രന്നിടം, എലിമാളം, വിളഭൂമി, തീൎത്ഥം, അഗ്നിഹോത്ര വേദി, പർവ്വതം എന്നീ സ്ഥലങ്ങളിലെ മണ്ണുകൾ വേണം.

88½ മണിർ മുക്താഫലം ചൈവ
വൈഡൂര്യം നീലമേവച
പത്മരാഗം പ്രവാളംചരത്നം വജ്രം ഹരിന്മണിഃ

മാണിക്യം, മുത്തു്, വൈഡൂര്യം, നീലം, പത്മരാഗം, പവിഴം വൈരം, ഇന്ദ്രനീലം എന്നിവ ശ്രീഭഗവതിയിങ്കലെ രത്നങ്ങളാകുന്നു.

89½ വജ്രം മൌക്തിക മാണിക്യ ശംഖസ്ഫടികപുഷ്യകം
ഗോമേദകം മരതകം കാള്യാം രത്നാഷ്ടകം ഭവേൽ.

ഭദ്രകാളിയിങ്കൽ വൈരം, മുത്തു്, മാണിക്യം, ശംഖ രാഗം, സ്ഫടികം, പുഷ്യരാഗം ഗോമേദകം, മരതകം ഇവ അഷ്ടരത്നങ്ങളാകുന്നു.

90½ ഇന്ദുചന്ദന കാശ്മീര രോചനാകപിമാംസികാഃ
ചോരാഗരുശ്ചഗന്ധാഃ സ്യുരഭിഷേകേ തദച്ച്നേ.

കർപ്പൂരം, ചന്ദനം, കുങ്കുമം, ഗോരോചനം, കണ്ടിവെണ്ണ, ജടാമാഞ്ചി, കച്ചൂരിക്കിഴങ്ങു്, അകിൽ, ഇവ ഭദ്രകാളിയുടെ അഷ്ടഗന്ധമാകുന്നു.

91½ വത്മീക വൃഷശൃംഗോത്ഥാ നാദേയീച സമുദ്രജാ
ആഖു സൂകര സംഭൃതാഃ ഖലജാ വേദിജാ മൃദഃ

പുററു്, കാളക്കൊമ്പു്, നദി, സമുദ്രം, എലിമാളം, പന്നിതുരന്നിടം, കളം വേദി എന്നീ സ്ഥലങ്ങളിലെ മണ്ണുകളാണു് ഭദ്രകാളിയ്ക്കു്.

92 ശിരീഷാമ്ര ശമീപൎണ്ണ ക്ഷീരിണാം തു കഷായകം.

വാക, മാവു്, വഹ്നി, പ്ലാശ്ശു്, നാല്പാമരം ഇവയുടെ തൊലികൾ കഷായത്തിനുമാകുന്നു,

93 സഹാ ച സഹദേവീ ച സദാഭദ്രാ കൃതാഞ്ജലിഃ
ശ്രീദേവീ വിഷ്ണുപൎണ്ണീച ദൂർവ്വൌഷധയ ഐന്ദ്ര്യപി.

പൂവാംകുരുന്നില, മുയൽച്ചെവി (മോച്ചമി) ചെറൂള,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മുക്കുററി, തിരുതാളി, കൃഷ്ണക്രാന്തി, കറുക, ഉഴിഞ്ഞ ഇവ ഓഷധിദ്രവ്യങ്ങളാകുന്നു.

94 ജാതി സ്ത്രീ മല്ലികാകുന്ദനന്ദ്യാവത്താബ്ജചമ്പകൈഃ
യൂഥികാ സഹിതം പുഷ്പമഥവാബകുളാന്വിതം.

പിച്ചകം, കുറുമൊഴിമുല്ല, കുരുക്കുത്തിമുല്ല, ഇരുവാച്ചി മുല്ല, നന്ത്യാർവ്വട്ടം, താമര, ചമ്പകം, എലഞ്ഞി ഇവയുടെ പൂക്കൾ പുഷ്പദ്രവ്യങ്ങളാകുന്നു.

95 മയൂരാശ്വത്ഥപനസ ശിരീഷാമ്ര വടോത്ഭവൈഃ
പലാശൌദുംബരയുതൈഃ ശേഷേഷു
സ്യാൽ കഷായകം.

മററുള്ളവക്കു് കടലാടി കടയോടുകൂടിയും അരയാൽ, പ്ലാവു്, വാക, മാവു്, പേരാൽ, പ്ലാശു്, അത്തി എന്നിവയുടെ തൊലികളും കഷായദ്രവ്യങ്ങളാകുന്നു.

96 വത്മീകചത്വര ഗിരി നദീതീത്ഥാഗ്നിവേശ്മജാഃ
വൃഷകുഞ്ജര ശൃംഗോത്ഥാ മൃദോ ഗന്ധാസ്തുവജോദിതാഃ

ഇവക്കു് പുററു്, നാൽക്കൂട്ടപ്പെരുവഴി, പവ്വതം, നദീ, തീത്ഥം, അഗ്നിഹോത്രവേദി, കാളക്കൊമ്പു്, ആനക്കൊമ്പു് എന്നീ സ്ഥലങ്ങളിലെ മണ്ണുകൾ വേണം. അഷ്ടഗന്ധം ബ്രഹ്മാവിങ്കൽ പറഞ്ഞവതന്നെ.

97 മണിർമ്മുക്താ മരതക മിന്ദ്രനീലമതഃ പരം
വജ്രം വൈഡൂര്യകം പുഷ്യം ഗോമേദം രത്നമീരിതം.

മാണിക്യം, മുത്തു്, മരതകം, ഇന്ദ്രനീലം, വൈരം, വൈഡൂര്യം, പുഷ്യരാഗം, ഗോമേദകം എന്നിവ രത്നദ്രവ്യങ്ങളും.

98 കഷായത്വക്കരീഷാണാം ദഗ്ദ്ധം ഭസ്മാത്രകീർത്തിതം.
ബിംബഗ്രഹേ ƒ പിതച്ഛുദ്ധാവേത ഏവ മൃദാദയഃ

എല്ലാവർക്കും ഭസ്മം വേണ്ടുന്നിടത്തു് കഷായത്തൊലികൾ ചാണകത്തോടുകൂടി ചുട്ടുണ്ടാക്കുന്നതാണു്. ബിംബപരിഗ്രഹത്തിങ്കലും ബിംബശുദ്ധിയിങ്കലും ഇവിടെ പറഞ്ഞ ... [illegible]

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അധിവാസഹോമം

99 കലശപൂരണപൂജനകൃദ്ഗുരുഃ
സ്വമന്ദനാഹുതകൃദ്ദഹനേ ƒ ച്ചിതേ-
ദ്രവിണകംഭസമപ്പിതതദ്ഘൃതഃ
പ്രതിജപേൽ പരിരക്ഷതു ചാസ്രുതഃ

ദ്രവ്യന്യാസാനന്തരം വെള്ളം നിറയ്ക്കേണ്ടവയിൽ വെള്ളം നിറച്ച് ആലും മാവുമിട്ട് ആവാഹിച്ച പൂജിച്ച് പ്രസന്നപൂജയും ചെയ്തു രക്ഷിച്ചാൽ തത്സമീപത്ത് കീറിത്തിയ്യിട്ട് ആജ്യസംസ്കാരം കഴിഞ്ഞാൽ അഗ്ന്യലങ്കാരം ചെയ്ത് ഗണപതിനിവേദിച്ച് ആത്മാരാധന ചെയ്ത് അഗ്നിയിങ്കൽ പൂജിച്ച് നിവേദ്യസ്ഥാനത്ത് ബ്ലാകിചാഞ്ചമുതഹോമിച്ച് പ്രണവവ്യാഹൃതി, പീഠപൂജാമന്ത്രം, മൂത്തിപൂജാമന്ത്രം, മൂലം നൂറെറട്ടുരുവം ആജ്യാഹുതിചെയ്ത് വ്യാഹൃതിപ്രണവമായി മുടിച്ച് ഗണ്ഡൂഷാദി പൂജയും സമപ്പിച്ചു അഗ്നിയെ സമ്പാതത്തിലുദ്വസിച്ച് ഹോമം മുടിച്ച് സമ്പാതം കലശങ്ങളിൽ സ്പശിച്ച് തൊട്ടുജപിച്ച് മൂടി രക്ഷിയ്ക്കുക.

ഇങ്ങിനെ ശേഷസമുച്ചയം ഒന്നാംപടലം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രണ്ടാം പടലം

മണ്ഡപസംസ്കാരം

1 അഥാധിവാസദിവസേ പ്രാസാദസ്യാഗ്രതഃ കൃതം
പൂർവ്വാഹ്ണേ വിധിവൽ സ്നാതഃ
സംസ്കുര്യ്യാന്മണ്ഡപം ഗുരുഃ

അനന്തരം അധിവാസദിവസം ആചാര്യ്യൻ സ്നാനാദികളേച്ചെയ്തു് പ്രാസാദത്തിന്റെ മുൻഭാഗത്തു് ഉണ്ടാക്കിയിരിയ്ക്കുന്ന മണ്ഡപത്തെ പൂർവ്വാഹ്ണത്തിങ്കൽ സംസ്കരിയ്ക്കണം.

2 ജ്യേഷ്ഠായാം മണ്ഡപസ്ത്ര്യശ്ര സ്ത്രിദ്വാഃ
സ്വാലയസമ്മുഖഃ
ശാലാകാരഃ സമചതുരശ്രോ വാ ജനനീഷു സഃ

ജ്യേഷ്ഠാഭഗവതിയ്ക്കു് മണ്ഡപം ത്ര്യശ്രവും മൂന്നു ദ്വാരങ്ങളോടുകൂടിയതുമാകുന്നു. പ്രാസാദാഭിമുഖമായിരിയ്ക്കുകയും വേണം. മാതൃക്കളിൽ ശാലാകാരമായിട്ടോ സമചതുരശ്രമായിട്ടോ മണ്ഡപം ഉണ്ടാക്കാം.

3 സ്വാചാന്തോ മണ്ഡപാന്തർന്നിരൃതിദിശി
നിഷദ്യാത്മയാഗാന്തമാധാ-
യേഷ്ട്വാ വിഘ്നാധിരാജം സുഭൃതപരികരോദ്ധേന
ദോ f പാസ്തരക്ഷാഃ
തന്തുസ്രഗ്ഭ്യാം സമന്താൽ കലയതു മനവിൽ
സംസ്കൃതേ ഖാതഇഷ്ട്വാ
പീഠം ശുദ്ധാൻ ക്രമജ്ഞോന്യസതു സുമഹിതാം
സ്തോരണാംശ്ച ധ്വജാംശ്ച.

ആചാര്യ്യൻ സ്നാനാചമനങ്ങളെ ചെയ്തു് മണ്ഡപാന്തർഭാഗത്തു് നിരൃതിയിങ്കൽ ഇരുന്നു് ദേഹശുദ്ധ്യാദി ചെയ്തു് ഗണപതി പൂജിച്ചു് നൂലുമാല തുടങ്ങിയവ ചാർത്തിച്ചു് പൂ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജിച്ച് തൊട്ടുജപിച്ച് പശ്ശുദ്ദാനം ചെയ്ത് ഗണപതിയെ ഉദ്വാസിച്ച് തന്മന്ത്രപ്രാണായാമാദി ചെയ്ത് അസ്ത്രപ്രേക്ഷണവും ഫഡന്ത പ്രോക്ഷണവും ചെയ്ത് ഈശാദി ഈശാന്തം വാമടപ്രദേശത്ത് നൂലുമാല ചുററി പ്രാഗാദി ദ്വാരങ്ങളിൽ തെക്കും വടക്കും ക്രമമായിട്ട് അസ്ത്രം ചൊല്ലി കുഴിയ്ക്കുക തുടങ്ങിയുള്ള ക്രിയകളോട്ടുകൂടി തോരണങ്ങളേയും ധ്വജങ്ങളേയും അതാതു മന്ത്രംകൊണ്ട് ക്രമത്തിൽ നാട്ടി തത്തന്മന്ത്രംകൊണ്ട് ആവാഹിച്ച് പൂജിയ്ക്കുകയും ചെയ്യുക.

4 സ്യബ്ജോദ്ധ്യുദുംബരവടാ വിധികൃഷ്ണമാസു
ദ്വപ്ലക്ഷശ്ച ഗുഹ്യകപതൌ സ ഉദുംബരശ്ച.
ബോധിർവ്വടശ്ച വടബോധിവിഭേദതോ ഽമീ
ശേഷേഷു തോരണകൃതേ തരവോ ദിശാസു.

ബ്രഹ്മാവ്, ശ്രീകൃഷ്ണൻ, ശ്രീഭഗവതി എന്നിവക്ക് അരയാൽ, അത്തി, പേരാൽ, ഇത്തി ഇങ്ങിനെ തോരണക്രമം; വൈശ്രവണന് ഇത്തി, അത്തി, അരയാൽ, പേരാൽ; മററുള്ളവർക്ക് ഇത്തി, അത്തി, പേരാൽ, അരയാൽ ഇങ്ങിനേയാണ് തോരണക്രമം.

5 ധ്വജാനാം വേണരഷ്ടാസു ദിക്ഷു കാള്യാം ദശസ്വപി
വാണ്യാം ചതസ്സൃഷു ദ്വൌ ദ്വൌ
ജ്യേഷ്ഠായാം തിസ്സൃഷ്ഠത്രയഃ

എല്ലാവർക്കും മുളകൊണ്ടുള്ള ധ്വജം എട്ടാകുന്നു. ഭദ്രകാളിയ്ക്ക് പത്താണ്. സരസ്വതിയ്ക്ക് ഓരോ ദ്വാരങ്ങളിലും ഈരണ്ടുവീതം എട്ടാകുന്നു. ജ്യേഷ്ഠാഭഗവതിയ്ക്ക് മൂന്നു ദ്വാരങ്ങളിലും ഓരോന്ന് ആകുന്നു.

6 സ്വാദയഃ ശോഭനോ ഭദ്രഃ കർമ്മ
ഹോത്രോ ഽജ കൃഷ്ണയോഃ
പ്രഭൃതോ വിമലഃ സാരഃ സമാരാദ്ധ്യശ്ച ഭാസ്വതി.

ബ്രഹ്മാവിനും ശ്രീകൃഷ്ണനും 'സുശോഭനായനമഃ, സുഭദ്രായ നമഃ, സുകർമ്മണേ നമഃ, സുഹോത്രായ നമഃ' എന്നും ആദിത്യന് 'പ്രഭൃതായ നമഃ, വിമലായ നമഃ, സാരായ നമഃ, സമാരാദ്ധ്യായ നമഃ' എന്നും

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

7 പ്രണവസ്ത്വേവ വേദാത്മാ ജ്യേഷ്ഠാ ധനദമാതൃഷു
പുഷ്കരശ്ചാഥ പൂർണ്ണശ്ച വാണ്യാമാനന്ദനന്ദനൌ.

ജ്യേഷ്ഠാഭഗവതി, വൈശ്രവണൻ, മാതൃക്കൾ എന്നിവർക്കു് വേദസ്വരൂപമായിരിക്കുന്ന പ്രണവംതന്നെ മന്ത്രം ആകുന്നു. അതായതു് 'ഓം ഋഗ്വേദാത്മനേ നമഃ, ഓം യജുർവ്വേദാത്മനേ നമഃ, ഓം സാമവേദാത്മനേ നമഃ, ഓം അഥർവ്വവേദാത്മനേ നമഃ' എന്നിങ്ങനെ ജ്യേഷ്ഠാഭഗവതിയ്ക്കു് ഇവയിൽ ഒട്ടുവിലത്തേ തുവേണ്ട. സരസ്വതിയ്ക്കു് 'പുഷ്കരായ നമഃ, പൂർണ്ണായനമഃ, ആനന്ദായ നമഃ, നന്ദനായ നമഃ' എന്നും

8 ഭാരതീ പാർവ്വതീ ലക്ഷ്മ്യാം തോര
ണേഷ്വൈന്ദ്ര്യഥോ ശചീ
അത്ഭുതോ വികൃതോ ഗൌര്യ്യാം ഭീമ
ശ്ചക്ഷോഭണേസ്തതഃ

ശ്രീഭഗവതിയ്ക്കു് 'ഭാരത്യൈ നമഃ, പാർവ്വത്യൈ നമഃ, ഐന്ദ്ര്യൈ നമഃ, ശച്യൈ നമഃ' എന്നും ശ്രീപാർവ്വതിയ്ക്കു് 'അത്ഭുതായ നമഃ, വികൃതായ നമഃ, ഭീമായ നമഃ, ക്ഷോഭണായ നമഃ' എന്നും.

9 കാള്യാം നിവൃത്തിഃ പ്രതിഷ്ഠാ
വിദ്യാ ശാന്തിശ്ചഥാക്രമം
ശമോ വിഭൂതിഃ സുബലശ്ചാരോഗഃ ക്ഷേത്രപാലകേ.

ഭദ്രകാളിയ്ക്കു് 'നിവൃത്യൈ നമഃ പ്രതിഷ്ഠായൈ നമഃ, വിദ്യായൈ നമഃ, ശാന്ത്യൈ നമഃ എന്നും; ക്ഷേത്രപാലനു് "ശമായ നമഃ, വിഭൂതയേ നമഃ, സുബലായ നമഃ, അരോഗായ നമഃ എന്നും തോരണ ദേവതകൾ.

10 വേദാദിഭിഃ സ്ഥാപനം സ്യാജ്ജ്യേഷ്ഠാശ്രീ ശ്രീദമാതൃഷു
തോരണാ നാം പരേഷു സ്വൈരവാധിപതിനാമഭിഃ

ജ്യേഷ്ഠാഭഗവതി, ശ്രീഭഗവതി, വൈശ്രവണൻ, മാതൃക്കൾ എന്നിവർക്കു് തോരണം പ്രതിഷ്ഠിക്കുമ്പോൾ വേദാദികളും കൂട്ടണം. മററുള്ളവർക്കു് അവരവരുടെ അധിദേവതാമന്ത്രം തന്നേയുള്ളു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

11 കുമുദ കുമുദാക്ഷകാവ ജനന്ദജയോഃ
പുണ്ഡരീകവാമനകൌ
അഥ ശങ്കുകർണ്ണസർവ്വാദികനേത്രൌ
സുമുഖസുപ്രതിഷ്ഠിതകൌ

ബ്രഹ്മാവിനും ശ്രീകൃഷ്ണനും 'കമുദായ നമഃ, കുമുദാക്ഷായ നമഃ, പുണ്ഡരീകായ നമഃ, വാമനായ നമഃ, ശങ്കുകർണ്ണായ നമഃ, സർവ്വനേത്രായ നമഃ, സുമുഖായ നമഃ, സുപ്രതിഷ്ഠിതായ നമഃ' ഇങ്ങിനെ എട്ടു് ധ്വജദേവതകൾ.

12 ഇന്ദ്രോവജ്രീ യമോദണ്ഡീ വരുണഃ പാശ്യപിക്രമാൽ
കുബേരശ്ച ഗദീ ദിക്ഷു സരസ്വത്യാമമീദ്വിശഃ

സരസ്വതിയ്ക്കു് 'ഇന്ദ്രായനമഃ, വജ്രിണേ നമഃ' എന്നു് കിഴക്കും, 'യമായ നമഃ, ദണ്ഡിനേ നമഃ' എന്നു തെക്കും; 'വരുണായ നമഃ, പാശിനേ നമഃ' എന്നു പടിഞ്ഞാറും 'കുബേരായ നമഃ, ഗദിനേ നമഃ' എന്നു വടക്കും ക്രമത്തിൽ ധ്വജദേവതകളാകുന്നു.

13 കുന്ദീ കുമുദിനീ ഗൌയ്യാം വിദ്യുന്മാലീച ഭീഷണീ
കല്പഷീ ഘോഷണീചാഥകരവീരാക്ഷി രേവതീ.

ശ്രീപാർവ്വതിയ്ക്കു് 'കുന്ദിന്യൈ നമഃ, കുമുദിന്യൈ നമഃ' വിദ്യുന്മാലിന്യൈ നമഃ, ഭീഷണ്യൈ നമഃ, കല്പഷ്യൈ നമഃ' ഘോഷണ്യൈ നമഃ, കരവീരാക്ഷ്യൈ നമഃ, രേവത്യൈ നമഃ ഇങ്ങിനെ കിഴക്കാദിക്രമത്തിൽ ധ്വജദേവതകൾ.

14 ഹേതുക സ്ത്രി പുരാന്തശ്ച സാഗ്നിവേതാള ജിഹ്വകൌ
കാളാക്ഷോ ƒ ഥ കരാള'*ശ്ചാ'പ്യേ
കപാൽ ഭീമരൂപകഃ

15 അലോഹഃ ശാങ്കരേ കാള്യാമഷ്ടകോശശ്ചനൈരൃതേ
ശേഷേഷ്വിന്ദ്രാദയോ ƒ ഷ്ടൌ ച
സ്ഥാപനേ ജ്യേസ്വനാമതഃ

ഭദ്രകാളിയ്ക്കു് 'ഹേതുക ക്ഷേത്രപാലായ നമഃ, ത്രിപുരാന്തക ക്ഷേത്രപാലായ നമഃ, അഗ്നിജിഹ്വക്ഷേത്രപാലായ നമഃ, വേതാളജിഹ്വക്ഷേത്രപാലായ നമഃ, കാളാക്ഷ ക്ഷേത്രപാലായനമഃ, കരാളക്ഷേത്ര പാലായ നമഃ, ഏക

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പാദക്ഷേത്ര പാലായനമഃ, ഭീമരൂപക്ഷേത്ര പാലായ നമഃ' ഇങ്ങിനെ കിഴക്കാദി എട്ടു ദിക്കിലും, പിന്നെ ഈശകോണിൽ 'അലോഹക്ഷേത്രപാലായ നമ:' എന്നും നിരൃതി കോണിൽ അഷ്ടകോശ ക്ഷേത്രപാലായ നമ:' എന്നും കൂടി പത്തു ധ്വജദേവതകൾ. മററുള്ളവക്കു് ഇന്ദ്രാദി ദിക്പാലന്മാർ എട്ടും തന്നെ. അതാതു മന്ത്രംകൊണ്ടു പ്രതിഷ്ഠിയ്ക്കുകയും പൂജിയ്ക്കുകയും വേണം.

16 ജ്യേഷ്ഠാ കലീ തഥാഗ്ര്യാദയാം കലി
പത്നീകേതുദേവതാസ്താശ്ച
പ്രാഗ്ദ്വാരേ പ്രാഗാദ്യം മണ്ഡപകേ f ന്യത്ര
യാമ്യപക്ഷാദ്യാ:

ജ്യേഷ്ഠാഭഗവതിയ്ക്കു് 'ജ്യേഷ്ഠായൈ നമ: കല്യൈ നമഃ, കലിപത്ന്യൈ നമ:' ഇങ്ങിനെ മൂന്നു ധ്വജദേവതകൾ. ഇവിടെ മണ്ഡപത്തിന്റെ പ്രധാന ദ്വാരം കിഴക്കോട്ടാണെങ്കിൽ ഈ ക്രമത്തിലാണു മന്ത്രം; പടിഞ്ഞാറോട്ടാകുമ്പോൾ തെക്കുഭാഗത്തു് 'ജ്യേഷ്ഠായൈ നമഃ' എന്നു തുടങ്ങണം.

17 ഇഷ്ട്വാക്രമാൽ തോരണദേവതാഭ്യോ
ധ്വജാധിപേഭ്യശ്ച ബലിം വികീര്യ
തത: സമാചമ്യ സമേത്യ ചാന്തഃ
സമാചരേ ദ്ദ്വാരഘടാച്ചനാദ്യം.

അനന്തരം തോരണദേവതകൾക്കും ധ്വജദേവതകൾക്കും ബലി തൂകി കാലുകഴുകി അകത്തുവന്നു് ദ്വാരകലശപൂജ മുതലായവ ചെയ്യുക. ഈ പറഞ്ഞവയ്ക്കെല്ലാം വിളക്കും വാദ്യഘോഷങ്ങളും ഉണ്ടായിരിയ്ക്കണം.

18 ദ്വൌദ്വൌ ദ്വാരഘടാവേകൈകം
തോരണഘടംച പൂജയത്തു
ദ്വാഃഘടപൂരണമത്രാജശൌയ്യോന്നിജാഷ്ടവർണ്ണൈഃ

ബ്രഹ്മാവിനും ശ്രീകൃഷ്ണനും ഓരോ ദ്വാരങ്ങളിലും ഈ രണ്ടു ദ്വാരകലശങ്ങളേയും ഓരോ തോരണ കലശത്തേയും പൂജിയ്ക്കണം. ദ്വാരകലശം നിറയ്ക്കുവാൻ അവരവരുടെ അഷ്ടാക്ഷരത്തിന്റെ ഓരോ അക്ഷരം കൊണ്ടുവേണം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

19 പൂർണ്ണശ്ച പുഷ്കരശ്ചാജേ കൃഷ്ണേചാനന്ദനന്ദനൌ
വീരസേനഃ സുഷേണശ്ച സംഭവഃ പ്രഭവോപിച.

ബ്രഹ്മാവിന്നും ശ്രീകൃഷ്ണനും 'പൂർണ്ണായ നമഃ, പുഷ്കരായ നമഃ, ആനന്ദായ നമഃ, നന്ദനായ നമഃ, വീരസേനായനമഃ, സുഷേണായ നമഃ, സംഭവായ നമഃ, പ്രഭവായ നമഃ, 'എന്നീ എട്ടു ദ്വാരദേവതകളാം.

20 പ്രത്യൂഷശ്ച പ്രഭാസശ്ച പ്രദ്യോതോ
ദ്യോതനഃ ക്രമാൽ
ദണ്ഡീച പിങ്ഗല ശ്ചണ്ഡസ്തീ
വ്രശ്ചാപി ദിവാകരേ.

സൂര്യന് 'പ്രത്യൂഷായ നമഃ, പ്രഭാസായ നമഃ, പ്രദ്യോതായ നമഃ, ദ്യോതനായ നമഃ, ദണ്ഡിനേ നമഃ, പിംഗലായ നമഃ, ചണ്ഡായ നമഃ, തീവ്രായ നമഃ എന്നും.

21 മേധാപ്രജ്ഞാ പ്രഭാചൈവ വിദ്യാ
ചാപ്യഥധീർദ്ധൃതിഃ
സരസ്വത്യാം സ്മൃതിബ്ബുദ്ധീർദ്വാര
കംഭാധിദേവതാഃ

സരസ്വതിയ്ക്കു് 'മേധയൈ നമഃ, പ്രജ്ഞായൈ നമഃ, പ്രഭായൈ നമഃ, വിദ്യായൈ നമഃ, ധിയേ നമഃ, ധൃത്യൈ നമഃ, സ്മൃത്യൈ നമഃ, ബുദ്ധ്യൈനമഃ' എന്നും.

22 വിഭൂതിരുന്നതിരഥ ഹൃഷ്ടിരുൽകൃഷ്ടിരേവ ച
ധൃതിഃ ക്ഷമാക്രമാല്ലക്ഷ്മ്യാം സന്തുഷ്ടിഃ പുഷ്ടിരിത്യപി

ശ്രീ ഭഗവതിയ്ക്കു് 'വിഭൂത്യൈ നമഃ, ഉന്നത്യൈ നമഃ, ഹൃഷ്ട്യൈ നമഃ, ഉൽകൃഷ്ട്യൈ നമഃ, ധൃത്യൈ നമഃ, ക്ഷമായൈ നമഃ, സന്തുഷ്ട്യൈ നമഃ, പുഷ്ട്യൈ നമഃ' എന്നും

23 പാലനീ പ്ലാവനീചൈവക്ഷമാ ശാന്തി സ്തതഃ പരാ
ആനന്ദീ ഭൈരവീ ഗൌര്യ്യാമത്ഭുതീ
വികൃതിഃ ക്രമാൽ.

ശ്രീപാർവ്വതിയ്ക്കു് 'പാലന്യൈ നമഃ, പ്ലാവന്യൈ നമഃ, ക്ഷമായൈ നമഃ, ശാന്ത്യൈനമഃ, ആനന്ദ്യൈ നമഃ, ഭൈരവ്യൈ നമഃ, അത്ഭുത്യൈ നമഃ, വികൃത്യൈ നമഃ' എന്നും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

24 സുന്ദരീ സുമുഖീ കാള്യാം വിരൂപാ വിമലാ തതഃ
അന്തകീ വന്ദനീ ദേ പുരന്ദരീ പുഷ്പമട്ടിനീ,

ഭദ്രകാളിയ്ക്ക് 'സുന്ദര്യൈ നമഃ, സുമുഖ്യൈ നമഃ, വിരൂപായൈ നമഃ വിമലായൈ നമഃ, അന്തക്യൈ നമഃ, വന്ദന്യൈ നമഃ, പുരന്ദര്യൈ നമഃ പുഷ്പമട്ടിന്യൈ നമഃ' എന്നും

25 ചണ്ഡേശീ പ്രാദിയുതാ ക്രോധാച ക്രോധവദനാ ച
സൌമ്യാ മാതൃഷു സുമുഖീ ഭദ്രാ ച പുനഃ സുഭദ്രാ ച.

മാതൃക്കൾക്ക് 'ചണ്ഡേശ്യൈ നമഃ, പ്രചണ്ഡേശ്യൈ നമ:, ക്രോധായൈ നമഃ, ക്രോധവദനായൈ നമഃ, സൌമ്യായൈ നമ:, സുമുഖ്യൈ നമഃ, ഭദ്രായൈ നമഃ, സുഭദ്രായൈ നമഃ' എന്നും

26 ക്ഷേത്രപേ ഹേതുകാദ്യഷ്ടാ വിതരേഷു ചലോകപാഃ
സ്യുരിന്ദ്രാഗ്ന്യാദയോ ദ്വൌ ദ്വാവിത്യുക്താ
ദ്വാരകുംഭഗാഃ

ക്ഷേത്രപാലന് ഹേതുകാ'ദി എട്ടും; മററുള്ളവക്കെല്ലാം ഇന്ദ്രാദി ലോകപാലന്മാർ എട്ടും. 'ഇന്ദ്രായ നമഃ അഗ്നയെ നമഃ' ഇവ രണ്ടും കിഴക്ക് ഇപ്രകാരം ഈരണ്ട് ഓരോ ദിക്കിലും ആയിട്ട്. ഇങ്ങിനെ ദ്വാരകലശ ദേവതകളെ പറഞ്ഞിരിയ്ക്കുന്നു.

27 ഇന്ദ്രോ യമശ്ച വരുണഃ സോമശ്ച ബ്രഹ്മകൃഷ്ണയോഃ
പൂജ്യാസ്തോരണ കുംഭേഷു ലക്ഷ്യാമപി തഥാ ഭവേൽ.

ബ്രഹ്മാവിനും ശ്രീകൃഷ്ണനും ശ്രീഭഗവതിയ്ക്കും 'ഇന്ദ്രായ നമ', യമായ നമ:, വരുണായനമഃ, സോമായ നമഃ 'ഈ മന്ത്രങ്ങളേക്കൊണ്ട് കിഴക്കാദിയായി തോരണകലശങ്ങളെ നിറച്ചു പൂജിയ്ക്കുക.

28 സഹസ്രവീചീ വിമലാശതധാരാ പ്രമോദിനീ
പാർശ്വത്യാം ഭദ്രകാള്യാം ച സൂര്യാദിഷ്വപിതൽഭവേൽ

മററുള്ളവർക്കെല്ലാം 'സഹസ്ര വീച്യൈ നമഃ, വിമലായൈ നമഃ, ശതധാരായൈ നമഃ, പ്രമോദിന്യൈ നമഃ' ഈ മന്ത്രങ്ങളും,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

29 കുംഭീ നികുംഭിനീ വജ്രഭീഷണാ
തരങ്ഗിണീച ജനനീഷു
ക്ഷേത്ര പതൌച ശമാദ്യാസ്തോരണ
ഘടദേവതാഃ പ്രോക്താഃ

മാതൃക്കളിൽ 'കുംഭിന്യൈ നമഃ, നികുംഭിന്യൈ നമഃ, വജ്രഭീഷണായൈ നമഃ, തരങ്ഗിണ്യൈ നമഃ' എന്നും ക്ഷേത്രപാലങ്കൽ 9-ാംശ്ലോകത്തിങ്കൽ പറഞ്ഞ 'ശമാ'ദി നാലും, ഈ മന്ത്രങ്ങളാംകൊണ്ട് തോരണകലശങ്ങളാം നിറച്ച് പൂജിയ്ക്കുക.

30 ചണ്ഡീം ച ചണ്ഡനാദാം ച പ്രധാനദ്വാരപാദയോഃ
ജ്യേഷ്ഠായാം പൂജയേദ്ദ്വാസ്ഥ
പ്രാഗ്ദ്വാരകലശാച്ചനാൽ.

ജ്യേഷ്ഠാഭഗവതിയ്ക്കു ദ്വാരകലശത്തിനുമുമ്പ് പ്രധാന ദ്വാരത്തിന്റെ ഇരുപാർശ്വങ്ങളിലും 'ചണ്ഡ്യൈ നമഃ, ചണ്ഡനാദായൈ നമഃ' എന്നീ രണ്ടു ദ്വാരദേവതകളേയും പത്മത്തിങ്കൽ പൂജിയ്ക്കണം.

31 അസ്യാസ്തോരണ കുംഭേഷു ജ്യേഷ്ഠാദ്യാ എവദേവതാഃ
പ്രാഗുക്തക്രമതഃ പൂജ്യാസ്തോരണേഷ്വപ്യയം ക്രമഃ

ജ്യേഷ്ഠാ ഭഗവതിയുടെ തോരണ കലശങ്ങളിലും 'ജ്യേഷ്ഠാ'ദികളായ മൂന്നു ദേവതകളെതന്നെ പൂജിയ്ക്കണം, അതിനും മുൻപറഞ്ഞ തോരണത്തിങ്കലെ ക്രമംതന്നെയാണ്.

കുംഭേശപൂജ

32 മുഷ്ട്യാദിഭി: സാധുവിശോദ്ധ്യ ഭൂമിം
കുംഭേശ മഭ്യർച്ച്യ വർദ്ധനീംച
കുംഭേശ ഭാണ്ഡ് മാതൃഷു വീരഭദ്രേ
ഏകപ്രതിഷ്ഠായദിയഃ സ ഏകഃ

അനന്തരം മണ്ഡപത്തിന്റെ തറയിന്മേലും കുണ്ഡങ്ങളിലും മുഷ്ട്യാദികളേക്കൊണ്ട് വഴിപോലെ ശോധന ചെയ്ത് കുംഭേശനേയും കക്കരിയേയും പൂജിയ്ക്കുക. മാതൃക്കളിൽ കുംഭേശനിൽ വീരഭദ്രനേയാണ് ആവാഹിച്ച് പൂജിയ്ക്കേണ്ടത്. മാതൃക്കളിൽ വീരഭദ്രനോടുകൂടിയുള്ള ഏകപ്രതിഷ്ഠയിങ്കലും കുംഭേശനിൽ വീരഭദ്രനെത്തന്നെയാണ് പൂ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജിയ്ക്കേണ്ടതു്. വീരഭദ്രൻ കൂടാതെയുള്ളിടത്തു് അതതു ദേവ നെ വേണമെന്നു സാമാന്യസിദ്ധം.

അഗ്നിജനനം

33 തതോ ഗുരുഃ ശുദ്ധചരേ സ്വകുണ്ഡേ മന്ത്രഭാവിതഃ
ജനയേദനലം വീരഭദ്രാത്മാ സതു മാതൃഷു

അനന്തരം ആചാര്യൻ സ്ഥലശുദ്ധി ചെയ്തിരിയ്ക്കുന്ന തൻെറ കുണ്ഡത്തിങ്കൽ, ദേഹശുദ്ധ്യാദി ചെയ്തു് അഗ്നിജനനം ചെയ്യണം. മാതൃക്കളിൽ വീരഭദ്രൻെറ അഗ്നിജനനം വേണം.

34 കുണ്ഡേ ശോഷാദി കൃത്വായതന വിനിഹിതേ
വിഷ്ടരേ പീഠമിഷ്ട്വാ
ശക്തിംസംഭാവ്യ ശുദ്ധാച്ചിതദമുനസമാധായ
സമ്പാദ്യ സിദ്ധേ
സർപ്പിഷ്യാരാധിതേ ƒ ഗ്ന്യൌചരുതനിജനി
ജോക്തക്രിയാദേവമാവാ-
ഹ്യേഷ്ട്വാ സന്തപ്പ്യ സാംഗാവരണമപിഘ്ലൃതേ
നാഥ സന്തോഷയേച്ച.

കുണ്ഡത്തിങ്കൽ ശോഷണാദി ചെയ്തു് ആയതനത്തിങ്കൽ വിഷ്ടരം വെച്ചു് പീഠം പൂജിച്ചു് ശക്ത്യാവാഹിച്ചു പൂജിച്ചർഗ്ഘ്യ പുഷ്പാഞ്ജലിയും മാനസപൂജയും ചെയ്തു് തീയ്യ കൊണ്ടുവന്നു് അതിൻെറ സംസ്കാരങ്ങളെല്ലാം ചെയ്തു് ദാനം ചെയ്തു് തീയ്യിട്ടു് തലോടി ഉപ്പാകി പരിസ്തരിച്ചു് ആജ്യസംസ്കാരം കഴിവോളം ചെയ്തു് അവരവർക്കു് പറയുന്ന ക്രിയകളെ അതാതു മന്ത്രങ്ങളെക്കൊണ്ടു് ചെയ്തു് പീഠം പൂജിച്ചു് ദേവനെ ആവാഹിച്ചു പൂജിച്ചു് നിവേദ്യസ്ഥാനത്തു് ഉപ്പാകി പാഞ്ച മുതഹോമിച്ചു് പ്രണവവ്യാഹൃത്യാദി മൂലാഷ്ടാജ്യാഹുത്യന്തം ചെയ്തു പൂണ്ണാഹുതിയും മൂലംകൊണ്ടു് നൂററെട്ടുരുവും ഹോമിച്ചു് കോരിവാത്തു് പ്രസന്നപൂജ ചെയ്തു് അഗ്നിയെ രക്ഷിയ്ക്കുക.

35 ഗർഭാധാനാദ്യാഃ ക്രിയാഃ സ്വാംഗമന്ത്രൈഃ
ഷട്കാള്യാം സപ്തേന്ദിരായാമഥാഷ്ടൌ
ശേശേഷ സ്രൂം ശേഷമന്ത്രോ ƒ ഖിലേഷു
ജ്ഞേയഃ കൃഷ്ണേഷ്ടാപിചാഷ്ടാണ്ണവണ്ണൈഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭദ്രകാളിയ്ക്കു് ഗർഭാധാനാദി ആറുക്രിയകരം അംഗമന്ത്രങ്ങളെക്കൊണ്ടും, ശ്രീഭഗവതിയ്ക്കു് ചൌളം കഴിവോളം ഏഴു ക്രിയകരംക്കും അംഗമന്ത്രങ്ങളും അസ്ത്രം രണ്ടുതവണയായിട്ടും, മററുള്ളവർക്കെല്ലാം ഉപനയനാന്തം എട്ടു ക്രിയകരം. അവിടെയും അംഗമന്ത്രങ്ങരം. ശേഷമുള്ളവയ്ക്കെല്ലാം അസ്ത്രം തന്നെ. ശ്രീകൃഷ്ണനു് അഷ്ടാക്ഷരത്തിലെ ഓരോ അക്ഷരം ഓരോ ക്രിയയ്ക്കും ആകുന്നു.

36 കുംഭേശഭ്രമണം കൃത്വാ തച്ഛേഷാച്ചനകൃൽ ഗുരുഃ
ശയ്യാമപി നിജേസ്ഥാനേ സമാസ്തീയ്യ സമച്ചയേൽ.

അനന്തരം എല്ലാവർക്കും കുംഭേശഭ്രമണം ചെയ്യു് വികിരസഷ്പങ്ങളേ ഇട്ടു് കുംഭേശകക്ക്രരീകളേ യഥാസ്ഥാനത്തുവെച്ചു് ത്രിതത്വാവാഹനാദി പൂജാശേഷം ചെയ്യു് തന്റെ തന്റെ സ്ഥാനത്തു് ശയ്യ വിരിച്ചു് യഥാവിധി പൂജിയ്ക്കുക.

ശയ്യാപൂജ

37 ശയ്യേയം ദക്ഷിണാർദ്ധേസ്യാൽ
പ്രത്യക് പ്രാഗ്ദ്വാരിമണ്ഡപേ
യാമ്യോദഗ്ദ്വാരി പൂർവ്വാർദ്ധേ മൂലപ്രാസാദസമ്മുഖീ.

ഈ ശയ്യ, കിഴക്കോട്ടും പടിഞ്ഞാട്ടും നടയായ ക്ഷേത്രത്തിങ്കലെ മണ്ഡപത്തിൽ ദക്ഷിണാദ്ധത്തിങ്കലും തെക്കോട്ടും വടക്കോട്ടും നടയായുള്ളിടത്തു് പൂവ്വാദ്ധത്തിങ്കലും മൂലപ്രാസാദത്തിനു് അഭിമുഖമാകും വണ്ണം ആയിരിയ്ക്കണം

38 വീരാദീനാം പൃഥക്ശയ്യാഃ പ്രതിഷ്ഠാവ്യൽക്രമാത്തുതാഃ
ശാലാകാരേ f ഥ തുയ്യാശ്രേ വീരപൂജാംഗതക്രമാൽ.

വീരഭദ്രാദി മാതൃക്കരംക്കു് ശാലാകാരമായിരിയ്ക്കുന്ന മണ്ഡപത്തിൽ വെവ്വേറെ ശയ്യ വിരിയ്ക്കുന്നതു് പ്രതിഷ്ഠയുടെ വിപരീതമായിട്ടുവരണം. ചതുരശ്രമായിട്ടുള്ള മണ്ഡപത്തിൽ നടുക്കു് വീരഭദ്രനേയും കിഴക്കു് ഗണപതി, അഗ്നികോണിൽ ബ്രഹ്മാണി, തെക്കു് മാഹേശ്വരി, നിരൃതിയിൽ കൌമാരി, പടിഞ്ഞാറു് വൈഷ്ണവി, വായുകോണിൽ വാരാഹി, വടക്കു് ഇന്ദ്രാണി, ഈശകോണിൽ ചാമുണ്ഡി എന്നീ ക്രമത്തിൽ വേണം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

39 നിദ്രാകുംഭം ശിര:സ്ഥാനേ മാതൃഷ്വപിസമന്തത:
ശയ്യായാം വിഷ്ടരം ത്വിഷ്ട്വാ
ശക്തിമാവാഹ്യ പൂജയേൽ.

അനന്തരം എല്ലാവർക്കും നിദ്രാകലശം ശിര:സ്ഥാനത്തു് പൂജിക്കുക. മാതൃക്കളിൽ ഓരോ ശയ്യയുടേയും ശിര:സ്ഥാനത്തു് വെവ്വേറെ പൂജിക്കണം. ശയ്യയിങ്കൽ പീഠം പൂജിച്ചു് ശക്തിയെ ആവാഹിച്ചു പൂജിക്കുക.

വിദ്യേശ്വരകലശപൂജ

40 ശിര:സ്ഥാനേ നിദ്രാകലശമപി വിദ്യേശകലശാൻ
സമന്താദ്ദിക്ഷ്വഷ്ടൌ ന്യസതുചതുരസ്രാംബരമണൌ
ക്രമാജ്ജ്യേഷ്ഠായാം ഷോഡശയജതു
നിദ്രാഖ്യ മഖിലേ
സ്വമൂലേ നാന്യാംശ്ചാഗമ വിദിഹ വിദ്യേശമനുഭി:

ശിരസ്ഥാനത്തിങ്കൽ നിദ്രാകലശം മൂലംകൊണ്ടു നിറച്ചാവാഹിച്ചു പൂജിക്കുകയും വിദ്യേശ്വരകലശങ്ങൾ എട്ടും അതാതു മന്ത്രംകൊണ്ടു നിറച്ചാവാഹിച്ചു പൂജിക്കുകയും വേണം. അവിടെ ആദിത്യനു് നാലു വിദ്യേശ്വരന്മാരും, ജ്യേഷ്ഠാഭഗവതിക്കു് പതിനാറു വിദ്യേശ്വരന്മാരുമാകുന്നു.

41 വിഷ്ണു മധുസൂദനൌ ചത്രിവിക്രമോവാമനോ ƒ
ഷ്ടവർണ്ണാർണ്ണയുതാ:
സശ്രീധരോ ഹൃഷീകേശോ ƒ പി വിധൌ
പത്മനാഭ ദാമോദരകൌ.

'ഓം വിഷ്ണവേ നമ:, ക്ലീം മധുസൂദനായ നമ:, ഗോം ത്രിവിക്രമായ നമ:, വിംവാമനായ നമ:, ദം ശ്രീധരായ നമ:, യം ഹൃഷീകേശായ നമ:, നം പത്മനാഭായ നമ:, മം ദാമോദരായ നമ: ' ഇങ്ങിനെ ശ്രീകൃഷ്ണങ്കലെ എട്ടു വിദ്യേശ്വരന്മാർ. ബ്രഹ്മാവിനു് 'ഓം വിഷ്ണവേ നമ:, തം മധുസൂദനായ നമ:, ത്സം ത്രിവിക്രമായ നമ:, നം വാമനായ നമ:, മോം ശ്രീധരായ നമ:, ബ്രം ഹൃഷീകേശായ നമ:, ഹ്മം പത്മനാഭായ നമ:, ണേം ദാമോദരായ നമ:' എന്നും;

42 ഋഗ്വേദാദ്യാ രവൌശ്രീദേ മാണിഭദ്രാദയോ ƒ ജവൽ
വാർഷ്ണേയേ വാചിയോഗാദ്യാ
ഹൈമവത്യാം തുമാതര:

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആദിത്യന്ന് 'ഋഗ്വേദായ നമ:, യജുർവ്വേദായ നമ:, സാമവേദായ നമ:, അഥർവ്വവേദായ നമ:' എന്നിങ്ങനെ നാലു്; വൈശ്രവണന്ന് 'മാണിഭദ്രാ'ദി എട്ടും; സരസ്വതിയ്ക്കു് 'യോഗാ'ദി എട്ടും, ശ്രീ പാർവ്വതിയ്ക്കു് 'ബ്രഹ്മാണ്യാ'ദി 'മഹാലക്ഷ്മ്യ'ന്തം മാതൃക്കൾ എട്ടും വിദ്യേശ്വരന്മാരാകുന്നു.

43 ശ്രിയിദുഗ്ദ്ധം നിദ്രാഖ്യം ദധിഘൃതഗവ്യം
ഫലോദരത്നോദം
ഹേമോദഗന്ധതോയം യവോദമിതരേഷു
മൂല മന്ത്രേണ

ശ്രീഭഗവതിയ്ക്കു് നിദ്രാകലശത്തിൽ പാലും, വിദ്യേശ്വരകലശങ്ങളിൽ കിഴക്കാദിക്രമത്തിൽ, തൈരു്, നെയ്യു്, പഞ്ചഗവ്യം, ഫലോദകം, രത്നോദകം, സ്വർണ്ണോദകം, ഗന്ധോദകം, യവോദകം എന്നിവ നിറച്ചു പൂജിയ്ക്കണം. ഇവിടെ എല്ലാററിനും മൂലംതന്നെ മന്ത്രം.

44 കൃഷ്ണാവിഘ്നാച മൂകാചജംഭനീ സ്തംഭനീക്രമാൽ
മഹാധീയാ മഹാഘോരാ, കാളീച * പരമാങ്കുശാ.

45 മഹാമന്ദീച മലിനീ ഭ്രുതിഘ്നീ ദുർമ്മുഖീ പുന:
മന്ദാ ** ശുഭാശുഭാചേമാ ജ്യേഷ്ഠായാം
പൂർവ്വത: ക്രമാൽ.

ജ്യേഷ്ഠാഭഗവതിയ്ക്കു് 'കൃഷ്ണായൈ നമ:, വിഘ്നായൈ നമ:, മൂകായൈ നമ:, ജംഭന്യൈ നമ:, സ്തംഭന്യൈ നമ:, മഹാധീയായൈ നമ:, മഹാഘോരായൈ നമ:, കാള്യൈ നമ:, * പരമായൈ നമ:, അങ്കുശായൈ നമ:, മഹാമന്ദ്യൈ നമ:, മലിന്യൈ നമ:, ഭ്രുതിഘ്ന്യൈ നമ:, ദുർമ്മുഖ്യൈ നമ:, മന്ദായൈ നമ:, ** ശുഭാശുഭായൈ നമഃ' ഇങ്ങിനെ പതാനാറു വിദ്യേശ്വരദേവതകൾ.

46 ഭദ്രകാള്യാം വശിന്യാദ്യാ ഐന്ദ്ര്യാദ്യാ ജനനീഷ്വപി
ക്ഷേത്രപാലേ ƒ നലാദ്യ: സ്യു :പ്രോക്താ
വിദ്യേശ്വരാ അമീ.

* പരമാങ്കുശായൈ നമ: (എന്നു് ഒററ നാമമായിട്ടും)
** ശുഭായൈ നമ:, അശുഭായൈ നമ: (എന്നു് രണ്ടായിട്ടും) ഇങ്ങിനേയും ആക്കാമെന്നു തോന്നുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

47 ഐന്ദ്ര്യാഗ്നേയീ ചയാമ്യാച
നൈരൃതീ വാരുണീ പുന:
വായവീ ശക്തയ: സൌമ്യാ ചൈശാനീ
പുനരഷ്ടമീ.

ഭദ്രകാളിയ്ക്കു വശിന്യാദികരം എട്ടുമാകുന്നു. മാതൃക്കൾക്കു 'ഐന്ദ്ര്യൈനമ:, ആഗ്നേയ്യൈനമ:, യാമ്യായൈ നമഃ, നൈരൃത്യൈ നമഃ, വാരുണ്യൈ നമഃ, വായവ്യൈ നമഃ, സൌമ്യായൈ നമഃ, ഐശാന്യൈ നമഃ' എന്നിങ്ങനെ എട്ടും; ക്ഷേത്രപാലനു 'അനലാ'ദി എട്ടും വിദ്യേശ്വര ദേവതകളാകുന്നു.

48 അനലശ്ചാഗ്നി കേതുശ്ച കാലൈംഘണ്ടാരവസ്ഥഥാ
മഹാക്രോധഃ പിങ്ഗലാക്ഷഃ സപ്തമഃ പിശിതാശനഃ

49 ഊർദ്ധ്വകേശോ ƒഷ്ടമഃ പ്രോക്ത ഇതരേ പ്രാഗുദീരിതാഃ
വശിന്യാദ്യാഃ സ്വപൂജോക്താഃ
ശയ്യാതേവം പ്രസാദ്ധ്യതാം.

അനലാദികരം — 'അനലായനമഃ, അഗ്നികേതവേ നമഃ, കാലായ നമഃ, ഘണ്ടാരവായ നമഃ, മഹാക്രോധായ നമഃ, പിംഗലാക്ഷായ നമഃ, പിശിതാശനായ നമഃ, ഊർദ്ധ്വകേശായ നമഃ എന്നിങ്ങനെ എട്ടാകുന്നു. 'വശിന്യാ'ദികരം പൂജയിങ്കൽ പറയുന്നവയാകുന്നു. മററുള്ളവ മുമ്പു പറഞ്ഞിട്ടുള്ളവയും മേലിൽ പറയപ്പെടുന്നവയുമാകുന്നു. ഇങ്ങിനെ ശയ്യാപ്രസാധനം ചെയ്യണം.

അഷ്ടമംഗലം

50 മങ്ഗലാന്യഷ്ടപരിതസ്ഥഥാ മങ്ഗലപാലികാഃ
പ്രദീപാദീംശ്ച വിന്യസ്യമണ്ഡയേന്മണ്ഡപോദരം

അനന്തരം ശയ്യയുടെ ചുററും അഷ്ടമംഗലങ്ങളേയും, മുളപ്പാലികകളേയും, വിളക്കുകളേയും വെച്ചു് മണ്ഡപാന്തർഭാഗം അലങ്കരിക്കണം.

51 വൈഷ്ണവം ബ്രഹ്മകൃഷ്ണാദിഷ്വൈശേ സൂര്യ്യാഗ്രജാദിഷു
ക്ഷീരിഭിർല്ലോഹഭേദൈർവ്വാ കല്പ്യതാമഷ്ടമങ്ഗലം

ബ്രഹ്മാവു് ശ്രീകൃഷ്ണൻ ശ്രീഭഗവതി എന്നിവക്കു് വിഷ്ണുവിങ്കൽ പറഞ്ഞവയും മററുള്ളവക്കു് ശിവങ്കൽ പറഞ്ഞ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വയും അഷ്ടമംഗലങ്ങളാകുന്നു. ഇവ നാല്പാമരങ്ങളേക്കൊണ്ടോ ലോഹംകൊണ്ടോ ഉണ്ടാക്കാം.

52 പീഠഖഡ്ഗസുധാകുംഭകൌശേയാദർശപുസ്തകം
കാല്യാം സപൂഗതാംബൂലമിക്ഷുദണ്ഡ ഇതിക്രമാൽ.

ഭദ്രകാളിയ്ക്കു് ചതുരപ്പീഠം, അഗ്രം വളഞ്ഞുള്ളവാള്, അമൃതകലശം, തിരുവുടയാട, കണ്ണാടി, ഗ്രന്ഥം, * വെററിലക്കൊടിയോടും അടയ്ക്കയോടുംകൂടിയ കവുങ്ങ്, കരിമ്പിൻവടി എന്നിവയാണു് അഷ്ടമംഗലങ്ങൾ.

ജലോദ്ധാരം

53 അഥ ഗിരിശദിശായാം സ്വസ്തികേ ധാന്യപീഠേ
യജതു വിനിഹിതേ സ്വാം പീഠികാം ഭദ്രപീഠേ
അഥാപ സലിലതഃ സൂദ്ധൃത്യസംക്ഷാള്യ ബിംബം
സകളീതമിഹ നീത്വാ തൽക്രമജ്ഞോ നിദധ്യാൽ.

മേൽ പറഞ്ഞ വിധം മണ്ഡപത്തിലെല്ലാം തയ്യാറാക്കിയാൽ ഈശകോണിലുള്ള സ്നാനമണ്ഡപത്തിൽ സ്വസ്തികപത്മമിട്ടു് നെല്ലുകൊണ്ടു പീഠം വിരിച്ച് ഭദ്രപീഠം വെച്ച് പീഠം പൂജിച്ച് ദർഭാദി സാധനങ്ങളോടുകൂടി ജലാശയസമീപത്തുചെന്നു് വിധിയാംവണ്ണം ബിംബത്തെ എടുത്തു് തേച്ചുകഴുകി അഭിഷേകം ചെയ്തു് പ്ലാവനാദിഭൂതസംഹാരം മുഴവനാക്കി അർഗ്ഘ്യം കൊടുത്തു് 'ഉത്തിഷ്ഠ' മന്ത്രം ചൊല്ലിക്കൊണ്ടു് വാഹനാദികളിൽ എടുത്തുവെച്ചു് എഴുന്നെള്ളിച്ചു കൊണ്ടുവന്നു് പൂജിച്ചു വെച്ചിരിയ്ക്കുന്ന ഭദ്രപീഠത്തിന്മേൽ പ്രാസാദാഭിമുഖമായി വെയ്ക്കുക.

54 പ്രാസാദസംമുഖം തൽ ഭദ്രംകർണ്ണേഭിരിത്യുപസ്ഥായ
മൂലേന ഘൃതാക്തം മാസൂരേണോദ്വ
ർത്ത്യശോധയേദത്ഭിഃ

പ്രാസാദാഭിമുഖമായിവെച്ചാൽ 'ഭദ്രം കർണ്ണേഭിഃ' ഇത്യാദികൊണ്ടു് ഉപസ്ഥാനം ചെയ്തു് മൂലംകൊണ്ടു് നെയ്യാടി കടലയ്ക്കപ്പൊടികൊണ്ടു തേച്ച് വെള്ളം വീത്തികഴുകുക.

* വെററിലയും അടയ്ക്കയും മാത്രം മതി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശോധന

55 ശകൃൽകഷായ മൃദ്ഭർജലൈർല്ലക്ഷ്യാം സഗോമയൈഃ
മൃത്തഗ്ജലൈരപണ്ണായാം കാള്യാം
തണ്ഡ്മൃത്തികാംബുഭിഃ

ശ്രീഭഗവതിയ്ക്കു് ചാണകം. കഷായം, മണ്ണു്, ദർ, വെള്ളം ഇവകൊണ്ടും ശ്രീപാർവ്വതിയ്ക്കു് ചാണകജലം, മണ്ണു ജലം, തൊലികൾ, വെള്ളം ഇവയും ഭദ്രകാളിയ്ക്കു് തൊലി കൾ, മണ്ണു്, വെള്ളം ഇവയുംകൊണ്ടു് ശോധിയ്ക്കുക.

56 ജ്യേഷ്ഠായാം മൃജ്ജലകഷായൈർദ്ദർ
മൃത്തഗ്ജലൈഃ പുനഃ
ശേഷേഷ്വചനിജാസ്ത്രേണശോധയേൽ കുശലോ ഗുരുഃ

ജ്യേഷ്ഠാഭഗവതിയ്ക്കു് മണ്ണു്, വെള്ളം, കഷായം ഇവ കൊണ്ടും മററുള്ളവക്കെല്ലാം ദർ, മണ്ണു്, തൊലി, ജലം ഇവ കൊണ്ടും ശോധനചെയ്യുക. എല്ലാററിനും അവരവരുടെ അസ്ത്രം മന്ത്രം.

ബിംബശുദ്ധികലശാഭിഷേകം

57 മൂലേനാവാഹ്യാഗ്രജായാമുമായാം
കാള്യാം ചന്യാസാദി കൃത്വാഥതത്വാ
പാദ്യാദീനി സ്നാപയേൽ സ്നാപയിത്വാ-
ഥാവാഹ്യ ന്യാസാദികയ്യാൽ പരേഷു.

ജ്യേഷ്ഠാഭഗവതി, ശ്രീപാർവ്വതി, ഭദ്രകാളി എന്നിവക്കു് മൂലംകൊണ്ടാവാഹിച്ചു് വ്യാപകാംഗാദി ചെയ്തു് ആസനാ ദ്യുപഹാരങ്ങൾകൊടുത്തു് സ്നാനകാലത്തു് കലശമാട്ടുക. മററുള്ളവക്കെല്ലാം കലശമാടികഴിഞ്ഞാൽ മൂലംകൊണ്ടാവാ ഹിച്ചു് ന്യാസാദി എല്ലാം ചെയ്യുക.

58 പൂരണക്രമമാശ്രിത്യ സ്യാൽസർവ്വേഷ്വഭിഷേചനം
കാള്യാം മൃദാദിഭീരത്രഗന്ധാന്തഭിർവ്വൈധസേനച

എല്ലാവക്കും പൂരണക്രമം അനുസരിച്ചാണു് അഭിഷേ കം, എന്നാൽ ഭദ്രകാളിയ്ക്കു് പുറത്തെ മൃത്തു് തുടങ്ങി എട്ടും പിന്നെ അകത്തെ ഗന്ധം തുടങ്ങി എട്ടും, ഒട വിൽ ബ്രഹ്മനം ആയിട്ടുവേണം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

59 ഷഡർണ്ണാഷ്ടാർണ്ണരവ്യാർണ്ണാഃ സ്വമന്ത്രാഃ
പഞ്ചചക്രമാൽ
ബ്രഹ്മാണി സ്വാച ഗായത്രീ ദിങ്
മദ്ധ്യമനവഃ ക്രമാൽ.

ബ്രഹ്മാവിന്ന് ഷഡക്ഷരം, അഷ്ടാക്ഷരം, ദ്വാദശാക്ഷരം, തൻെറ പഞ്ചതത്വം, തൻെറ ഗായത്രി എന്നിവ ദിക്കുകളിലും മദ്ധ്യത്തിലും ഉള്ള ബിംബശുദ്ധി കലശങ്ങളാം ആടുവാനുള്ള മന്ത്രങ്ങളാം.

60 ഋതംച ത്വച മാസത്യേനോദ്യന്നദ്യത്വചം രവൌ.
പാവമാന്യഃ ഖഷോല്ക്കാണമ്മൂലമന്ത്രം ഷഡങ്ഗകം.

61 സാവിത്രാഷ്ടാക്ഷരം ചാപി
പ്രാഗാദിമനവഃ ക്രമാൽ
ദശപ്രണവ ഗായത്രീബ്രഹ്മകുംഭേ വിധീയതേ.

ആദിത്യങ്കൽ ആദ്യത്തെ കലശത്തിന്ന് 'ഋതഞ്ചസത്യഞ്ച' ഇത്യാദിവക്ക്വും, രണ്ടാമത്തേതിന്ന് 'ആസത്യേന' എന്ന ഋക്കും, മൂന്നാമത്തേതിന്ന് 'ഉദ്യന്നദ്യ' ഇത്യാദി മൂന്നു ഋക്കുകളും, നാലാമത്തേതിന്ന് 'പാവമാനീഃ സ്വസ്ത്യയനീഃ', 'പാവമാനീർദ്ദിശന്തുനഃ', 'പാവമാനീഃ സ്വസ്ത്യയനീഃ' എന്നീ മൂന്നും, അഞ്ചാമത്തേതിന്ന് 'ഖഷോല്ക്കായ സ്വാഹാ' എന്നും ആറാമത്തേതിന്ന് മൂലവും, ഏഴാമത്തേതിന്ന് അംഗങ്ങളാം ആറും, എട്ടാമത്തേതിന്ന് 'തത്സവിതുഃ' എന്ന ഗായത്രിയും 'ഓംഹ്രീം ഹംസഃ സോഹം സ്വാഹാ' എന്ന അഷ്ടക്ഷരവും ബ്രഹ്മകലശത്തിന്ന് 'ഓംഭൂഃ ഓം ഭുവഃ' ഇത്യാദിഗായത്രി കഴിവോളമുള്ള ദശപ്രണവ ഗായത്രിയും അഭിഷേകമന്ത്രങ്ങളാകുന്നു.

62 ധനദേത്വപനഃ ശോശുചദിതി സൂക്തസ്യാഷ്ടദി
ക്ഷ്വൃചോ f ഷ്ടൗ സ്യുഃ
സൂക്തം സമസ്തമന്തഃ സ്വം മൂലം
നവസൂചാന്തതോ യോജ്യം

വൈശ്രവണന്ന് 'അപനശ്ശോശുചദഘം' എന്ന സൂക്തത്തിലെ എട്ടു ഋക്കുകളും നടുവിൽ ആസൂക്തവും ആകുന്ന എല്ലാററിനും ഒടുവിൽ മൂലവും കൂട്ടണം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

63 സോമമന്ത്രാഃ പഞ്ചഗവ്യേഷു ഭൂമിദ്ധേനശ്ചനന്ദജേ
വിഷ്ണുഗായത്ര്യഥാഷ്ടാർണ്ണോ മദ്ധ്യമേദ്വാദശാക്ഷരം

ശ്രീകൃഷ്ണന് ഗോമൂത്രം തുടങ്ങിയുള്ള ഗവ്യങ്ങൾക്ക് 'തത്സവിതുഃ' തുടങ്ങിയ അതാതിന്റെ മന്ത്രങ്ങളും 6-ാമത്തേതു് 'ഭൂമിദ്ധേനുർദ്ധരണീലോകധാരിണി' ഇത്യാദിയും, എഴാമത്തേതു് വിഷ്ണുഗായത്രിയും, എട്ടാമത്തേതു് 'ഓംക്ലീം ഗോവിന്ദായ നമഃ' എന്ന അഷ്ടാക്ഷരവും മദ്ധ്യത്തിലേതിനു 'ഓം ക്ലീം ഗോപീജനവല്ലഭായ നമഃ' എന്ന ദ്വാദശാക്ഷരവും മന്ത്രങ്ങളാകുന്നു.

64 ദിക്ഷുശാന്ത്യാദിമനവോ വിദിക്ഷു ഹൃദയാദയഃ
ഭാരത്യാം ശാന്ത്യതീതാന്തഃ സമൂലാഃ പൂരണക്രമാൽ

സരസ്വതിയ്ക്കു് പൂരണക്രമത്തിൽ 'ശാന്ത്യൈ നമഃ, വിദ്യായൈ നമഃ, പ്രതിഷ്ഠായൈ നമഃ, നിവൃത്ത്യൈ നമഃ' എന്നു ദിക്കുകളിലും; 'സംഹൃദയായ നമഃ, രംശിരസേ സ്വാഹാ സ്വം ശിഖായൈ വഷട്, ത്വൈം കവചായ ഹും' എന്നു് കോണുകളിലും, നടുവിൽ 'ശാന്ത്യതീതായൈ നമഃ' എന്നും മന്ത്രങ്ങൾ. എല്ലാററിനോടും മൂലം കൂട്ടണം.

65 രമായാം പഞ്ചവാരുണ്യോ ഗന്ധോദേഷ്വിതരേഷ്വതു
അപനഃ ശോശുചദിതി സർവ്വം മൂലസമന്വിതം.

ശ്രീഭഗവതിയ്ക്കു് പുറത്തെ ഗന്ധോദകങ്ങൾക്കു് 'അവതേഹേഡഃ' ഇത്യാദിപഞ്ചവാരുണവും, അകത്തേ ഗോമൂത്രാദി എട്ടിനും 'അപനശ്ശോശുചൽ' എന്നതിലെ ഓരോ ഋക്കും മദ്ധ്യത്തിൽ ആസൂക്തവും; മൂലം എല്ലാററിനും കൂട്ടണം.

66 ഗൌര്യ്യാം ഗവ്യേഷു മന്ത്രാഃ സ്വവാ
രുണ്യഃ പഞ്ചമൃജ്ജലേ
പാവമാന്യോഥ വാരുണ്യ ഏവം
ത്തരയോർദ്വയോഃ

ശ്രീപാർവ്വതിയ്ക്കു് പഞ്ചഗവ്യങ്ങൾക്കു് അതാതിന്റേ മന്ത്രവും മൃജ്ജലത്തിന്നു് പഞ്ചവാരുണവും കഷായത്തിന്നു് പാവമാനികളും, പിന്നെ രണ്ടിനും പഞ്ചവാരുണവും മന്ത്രങ്ങളാകുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

67 മൂലം സ്വീയാപഗായത്രീ ദധിക്രാവ്ണസ്തതസ്തൃചഃ
ആപോഹീത്യവതേഹേഡോഹി
രണ്യേതി യജ്ജുർവ്വിദാം.

68 പാവമാനോഽനുവാകോഽഥ പ്രാഗാ
ദിമനവഃ ക്രമാൽ.
മദ്ധ്യമേസ്വസ്തി സൂക്തം സ്യാൽ
ജ്യേഷ്ഠായാം മൂലസംയുതം.

ജ്യേഷ്ഠാഭഗവതിയ്ക്കു് 1 മൂലവും ഗായത്രിയും, 2 'ദധിക്രാവ്ണഃ' ഇത്യാദി, 3 'ആപോഹിഷ്ഠാ' ഇത്യാദി, 4 'യോവശ്ശിവതമഃ 'ഇത്യാദി, 5. 'തസ്മാ അരം' ഇത്യാദി, 6 പഞ്ചവാരുണം, 7 'ഹിരണ്യവർണ്ണാശ്ശുചയ' ഇത്യാദി, 8 'പാവമാനീ' ഇത്യാദി മൂന്നും. ഇവ കിഴക്കാദി ദിക്കുകളിലും നടുവിൽ സ്വസ്തിനോമിമീതാം' ഇത്യാദിസൂക്തം. എല്ലാററിനും മൂലംകൂട്ടണം.

69 കാള്യാം പൂരണമന്ത്രാഃ സ്യുഃ സ്വസ്വമന്ത്രാസ്തുമാതൃഷു
സ്വമന്ത്രഃ ക്ഷേത്രപാലേഽപി ബീംബ
ശുദ്ധിരിതീരിതാ

ഭദ്രകാളിയ്ക്കു് പൂരണമന്ത്രങ്ങൾതന്നെ അഭിഷേകത്തിനും; മാതൃക്കളിലും ക്ഷേത്രപാലങ്കലും അവരവരുടെ മൂലം തന്നെ അഭിഷേകമന്ത്രം ഇങ്ങിനെ ബിംബശുദ്ധി കലശാഭിഷേകം പറയപ്പെട്ടു.

70 പിതാമഹേഽർഗ്ഘ്യാദിതതഃ പവിത്രം
ധൂപപ്രദീപാഞ്ജനരോചനാശ്ച
പുണ്യാഹകൃൽ പാദുക ചാമരാണി
ഛത്രംചദദ്യാദഥ വാരിധാരാം

അനന്തരം ബ്രഹ്മാവിനു് ആവാഹിച്ചു് ആസനാദിയും അർഗ്ഘ്യാദിയും കൊടുത്തു് സ്വർണ്ണപവിത്രവും; ധൂപവും, ദീപവും അഞ്ജനവും, ഗോരോചനാതിലകവും കൊടുത്തു് 'ബ്രഹ്മാപ്രീയതാം' എന്നു വിഷേംകൂട്ടി പുണ്യാഹം ചെയ്തു് 'പാദുകാദ്വയമിദം, ചാമരദ്വയമിദം, ഛത്രമിദം' എന്നു് ശംഖുകൊണ്ടു കൊടുത്തു് പൂജിച്ചു് അർഗ്ഘ്യപുഷ്പാഞ്ജലി മാനസപൂജയും ചെയ്തു് നീരാജനമുഴിയുക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

71 വസ്ത്രകുണ്ഡലയുഗോപവീതവ
മ്മാഖ്യഗന്ധകുസുമാക്ഷതസ്രജഃ
ചാമരാഞ്ജനമഥാതപത്രകം
രാത്രഭാസ്വതീ വിതാനകധ്വജം.

ആദിത്യന്ന് കലശമാടിക്കഴിഞ്ഞാൽ ആവാഹനാദി ഭൂഷണത്തോളമായാൽ 'വസ്ത്രദ്വയമിദം, കുണ്ഡലദ്വയമിദം ഉപവീതമിദം, കവചമിദം, ഗന്ധമിദം പുഷ്പമിദം, അക്ഷതമിദം, മാല്യമിദം ചാമരദ്വയമിദം അഞ്ജനമിദം, ആതപത്രമിദം, വിതാനമിദം, ധ്വജമിദം' ഇവയെല്ലാം വിശേഷാൽ കൊടുത്തു് പൂജിച്ച് അർഗ്ഘ്യപുഷ്പാഞ്ജലിയും മാനസപൂജയും ചെയ്തു് നീരാജനമുഴിഞ്ഞു് 'സൂര്യഃപ്രിയതാം' എന്ന വിശേഷം കൂട്ടി പുണ്യാഹം തളിയ്ക്കുക.

ഈ വക ഉപഹാരങ്ങൾ പ്രത്യക്ഷമായിട്ട് ഉപഹരിയ്ക്കാവുന്നവ ഉപഹരിയ്ക്കുകയോ അല്ലാത്തവ ശംഖജലംകൊണ്ടു് കല്പിച്ച് കൊടുക്കുകയോ ആകാം.

72 വസ്ത്രദ്വയോപവീതകഗന്ധപ്രസവാ
ക്ഷതസ്രജോ ലക്ഷ്മ്യാം
പ്രദദാതുരോചനാഞ്ജനവിതാനചാമര
യുഗാതപത്രാണി

ശ്രീഭഗവതിയിങ്കൽ ആവാഹനാദി ഭൂഷണത്തോളമായാൽ 'വസ്ത്രദ്വയം, ഉപവീതം, ഗന്ധം, പുഷ്പം, അക്ഷതം, മാല്യം, ഗോരോചനം, അഞ്ജനം, വിതാനം, ചാമരയുഗം, ആതപത്രം', ഇവയും കൊടുത്തു് പൂജിച്ചർഗ്ഘ്യപുഷ്പാഞ്ജലീമാനസപൂജയും നീരാജനവും തത്ത്വനാമംകൂട്ടി പുണ്യാഹവും ചെയ്യുക.

73 പുണ്യാഹകൃൽ സിഞ്ചതു വാരുണീഭിഃ
ശേഷാത്ഭിരിഷ്ടാ വിതരേദ്വിതാനം
സചാമരഛത്രമയം പുരാദ്യൈ
ന്നീരാജയേൽ പഞ്ചസുദീക്ഷു ഗൌര്യ്യാം.

ശ്രീ പാൎവ്വതിയ്ക്കു് ആവാഹിച്ച് സ്നാനകാലത്തു് കലശമാടി 'ശ്രീ പാൎവ്വതീ പ്രീയതാം' എന്ന വിശേഷംകൂട്ടി പുണ്യാഹംതളിച്ച് പുണ്യാഹജലശേഷംകൊണ്ടു് പഞ്ച

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വാരുണംചൊല്ലി അഭിഷേകംചെയ്ത് വസ്ത്രാദി പൂജിച്ച് അർഘ്യപുഷ്പാഞ്ജലിചെയ്ത് 'വിതാനം, ചാമരം, ഛത്രം' ഇവ സമർപ്പിച്ച് 'അയം പുരോഹരികേശഃ' ഇത്യാദികൊണ്ട് ദ്ദുർഗ്ഗയിങ്കലേപ്പോലെ നീരാജനവും ഉഴിയണം.

74 പാദ്യാദി ഭൂഷാന്തമഥാങ്ഗുലീയം
ദ്വേകുണ്ഡലേ രാത്രജലാദിയജ്വാ
ദ്വേ പാദുകേയാനമഥാത പത്രം
പരേഷു ദദ്യാദഥ ദർപ്പണം ച

മററുള്ളവക്ക് അഭിഷേകംകഴിഞ്ഞ് ആവാഹനാദി ചെയ്യോ ആവാഹനാദിചെയ്ത് അഭിഷേകം കഴിഞ്ഞോ പാദ്യാദിഭൂഷണാന്തം പത്തുംകൊടുത്തു' 'അംഗുലിയകം, കുണ്ഡലദ്വയം' ഇവ കൊടുത്തു് പൂജിച്ച് അർഘ്യപുഷ്പാഞ്ജലിചെയ്ത് നീരാജനമുഴിഞ്ഞ് പുണ്യാഹംചെയ്ത് 'പാദുകാദ്വയം, വാഹനം, ആതപത്രം, ദർപ്പണം' ഇവയുംകൊടുക്കുക.

75 ദത്വാർഗ്ഘ്യമുത്തിഷ്ഠമനുപ്രജാപീ
സൂത്ഥാപ്യമൂലേന നിധായ യാനേ
പ്രദക്ഷിണപ്രക്രമതോ നയേത
തന്മണ്ഡപം ശാകുനകാദിജാപീ.

അനന്തരം അർഘ്യം കൊടുത്തു് 'ഉത്തിഷ്ഠ' മന്ത്രം ചൊല്ലി എടുപ്പിച്ച് വാഹനാദികളിൽ വെപ്പിച്ച് സാവധാനമായി വിളക്കും വാദ്യഘോഷങ്ങളോടുകൂടി 'കനിക്രദദാദി' ശാകുന സ്വസ്തി സൂക്തങ്ങളും ജപിച്ചുകൊണ്ടു് ആചാര്യൻ അർഗ്ഘ്യഹസ്തനായി പ്രദക്ഷിണമായിട്ടു് മണ്ഡപത്തിലേയ്ക്കു് എഴുന്നെള്ളിയ്ക്കുക.

76 ദത്വാ ചാര്യ്യുപചാരതോ ƒർഘ്യമവതാ
ര്യ്യാഥസ്വമൂലേനത-
ന്നീത്വാന്തർവ്വിനിധായ ചാധിശയനം
മൂലേന സർവ്വേഷ്വപി.
ദത്വാർഗ്ഘ്യം ക്രമവിദ്വിധായ നിജമൂല
വ്യാപകാന്ന്യാങ്ഗവി
ന്യാസം സ്വാലയ സംമുഖം സ്വമന്ത്ര
നാശയ്യാതലേശായയേൽ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എല്ലാവർക്കും ദ്വാരത്തിങ്കൽ ഉപചാരംകൊണ്ടു് അർഘ്യം കൊടുത്തു് മൂലം ജപിച്ചു് വാഹനാദികളിൽനിന്നും ഇറക്കി അകത്തുകൊണ്ടുപോയി മണ്ഡപത്തിങ്കലും ശയ്യക്കും പ്രദക്ഷിണംവെച്ചു് ശയ്യയിങ്കൽവെച്ചു് അർഘ്യം വീത്തി മൂലംകൊണ്ടു വ്യാപകം ചെയ്തു് ലിപിതത്വാക്ഷരാംഗങ്ങളും ന്യസിച്ചു് മൂലംകൊണ്ടു് പ്രാസാദാഭിമുഖമായി വരുമാറു് ശയ്യയിങ്കൽ കിടത്തി രക്ഷിച്ചു് നീരാജനമുഴിയുക.

ധ്യാനാധിവാസം

77 ഗുരുഃ സ്നാതാചാന്തോ നിശി സമുപവിശ്യോപശയനം
കൃതന്യാസോ ശൌയ്യാം ശിവമനുയുഗിഷ്ടാത്മ ഗണപഃ
ചിതിംബിംബാദ്ധ്യൃത്വാത്മനിഹൃത
ധരാദീഃ കൃതധൃതി-
ശ്ചിതിം പ്രത്യപ്പ്യാപിക്ഷിതിചരമവൎണ്ണന്യസനകൃൽ

78 മന്ത്രല്പത്തിം കൃത്വാസനനിജമനുന്യാസമപിചാ-
ച്ച്വിതേ പീഠേസ്വാവാഹയതു തനുതത്വാന്യഥമനും
ലിപിം തത്വാൎണ്ണാങ്ഗാദ്യുത
നിജഷഡദ്ധ്വാദ്യപി ബുധോ
ന്യസേൽ പൂജാം ബിംബേചരതുച
തഥാമണ്ഡല ഇഹ.

വൈകുന്നേരം ഗുരു സന്ധ്യകഴിഞ്ഞാൽ ശയ്യാസമീപത്തിരുന്നു് ദേഹശുദ്ധ്യാദി ചെയ്തു് ഗുരുഗണപതി പൂജിച്ചു് ധ്യാനാധിവാസം ചെയ്യുക. ശ്രീപാൎവ്വതിയ്ക്കു് ശിവന്റെ ദേഹശുദ്ധിയും കൂടി ചെയ്യണം. അനന്തരം ബിംബത്തിങ്കൽ തളിച്ചു രക്ഷിച്ചു് പിന്നേയും തളിച്ചു് ഹൃദയത്തിങ്കൽ തൊട്ടു് എട്ടുരു പ്രണവപ്രാണായാമം ചെയ്തു് ജീവസംക്രമണം കല്പിച്ചു് ആ ചൈതന്യത്തെ തങ്കലേയ്ക്കാക്കി ബിംബത്തിങ്കൽ സ്ഥാനം കല്പിച്ചു് തത്വസംഹാരവും ശോഷണാദിയും ചെയ്തു് ജീവചൈതന്യത്തെ തിരികെ ബിംബത്തിങ്കലേയ്ക്കാക്കി സംവത്സരോഷിതവും ലിപിന്യാസവും സവിസ്തരം ചെയ്യുക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

അനന്തരം മന്ത്രോദയപ്രാണായാമം, പീഠന്യാസം, മൂലപ്രാണായാമം, ലിപിതത്വാദിന്യാസം, പീഠപൂജ, മൂൎത്തിദ്വയാവാഹന, തത്വാവാഹന, തൽപൂജ, വ്യഷ്ടി സമഷ്ട്യാവാഹന തൽപൂജഎന്നിവയും ചെയ്താൽ മൂലംകൊണ്ടാവാഹിച്ച് ഷഡംഗങ്ങൾ ന്യസിച്ച് സപരിവാരം പൂജിച്ച് ത്രിമധുരം നിവേദിച്ച് പ്രസന്നപൂജ ചെയ്ത് പൂജ മുടിച്ചാൽ മണ്ഡലപൂജ യഥാവിധി ചെയ്യുക.

മണ്ഡലപൂജ

79 അഷ്ടലിംഗോത്ഭവേ ഗൌൎയ്യാം
ലക്ഷ്മ്യാംപത്മോദരേയജേൽ
കൃഷ്ണേചക്രാംബുജേ ഽജേ വാശ്ധനദാദി ഷുഭദ്രകേ.

ശ്രീപാൎവ്വതിയ്ക്ക് 'അഷ്ടലിംഗ' പത്മത്തിലും, ശ്രീഭഗവതിയ്ക്ക് 'പത്മോദര'മെന്ന പത്മത്തിലും, ശ്രീകൃഷ്ണന് 'ചക്രാബ്ജം' എന്ന പത്മത്തിലും മററുള്ളവൎക്കെല്ലാം 'ഭദ്രക'മെന്ന പത്മത്തിലും മണ്ഡലപൂജ ചെയ്യണം. ബ്രഹ്മാവിന് 'ചക്രാബ്ജ'പത്മത്തിലും ആകാം.

അഷ്ടലിംഗം

80 ലിങ്ഗാഖ്യേ ഽത്ര വികാരവൎഗ്ഗപദവൽ
ക്ഷേത്രേ ഽന്തരദ്ധേ ഽംബുജം
പീഠാഢ്യം ബഹിരസ്യദിക്ഷുരചയേ ദ്വാരം
ദ്വിഷഡ്ഭിഃപദൈഃ
തല്ക്കോണേഷു ചതുൎഷു ഷോഡശപദൈഃ കുൎയ്യാൽ
തതഃസ്വസ്തികം
തന്മധ്യേ ഽഷ്ട പദൈശ്ചതുൎത്രിംശമഥോ
ലിങ്ഗാകൃതിം കല്പയേൽ

നീളത്തിലും വിലങ്ങനേയും പതിനാറീതു പുടങ്ങളിട്ട് മദ്ധ്യത്തിലെ അറുപത്തിനാലു പദംകൊണ്ട് പീഠത്തോടുകൂടിയ അഷ്ടദളവും അതിന്റെ പുറത്ത് നാലു ദിക്കുകളിലും ക്രമത്തിൽ നാല്, രണ്ട്, നാല് ഇങ്ങിനെ പന്ത്രണ്ടീതു പദങ്ങൾ ഒന്നിച്ചാക്കി ദ്വാരങ്ങളും, കോണുകൾ നാലിലും പതിനാറീതു പദങ്ങൾകൊണ്ട് സ്വസ്തികങ്ങളും,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഈ സ്വസ്തികങ്ങളുടേയും ദ്വാരങ്ങളുടേയും ഇടയിൽ അകത്തുനിന്നും ക്രമത്തിൽ ഒന്നും മൂന്നും ഒന്നും മൂന്നുമായി എട്ടു പദങ്ങൾ ഒന്നിച്ചാക്കി എട്ടു ലിംഗങ്ങളും ഉണ്ടാക്കുക. അഷ്ടദളത്തിൻെറ പീഠത്തിങ്കൽ ദിക്കുകളിലെ നന്നാലു പദങ്ങൾ മഞ്ഞളും, കോണുകളിലെ മുമ്മൂന്നുപദങ്ങൾ അരിപ്പൊടിയും, ലിംഗങ്ങൾ എട്ടും കരിപ്പൊടിയും, ലിംഗങ്ങളുടേയും സ്വസ്തികങ്ങളുടേയും ഇടയിൽ വരുന്ന ഈരണ്ടു പദങ്ങൾ ചുവപ്പും, ദ്വാരങ്ങളിൽ അരിപ്പൊടിയും ഇട്ട് കൊള്ളണം. സ്വസ്തികങ്ങളും അഷ്ടദളവും പ്രസിദ്ധങ്ങളാകയാൽ യഥാവിധി ആക്കിക്കൊള്ളുക. ഇങ്ങിനെ * അഷ്ടലിംഗപത്മം.

പത്മോദരം

81 മദ്ധ്യേഷോഡശഭി സ്ത്രിവൃത്തസഹിതം
 പത്മംചതൽ ബാഹ്യതോ
രാശിസ്ഥാനഗതാംബുജാനി പരിതഃ
 പങ്ക്തിദ്വയേ ƒ ബ്ബ്യന്മിതൈഃ
കുയ്യാൽ പങ്ക്തിയുജാഥവീഥിമഭിതോ
 ദ്വാരാദികം തൽബഹിഃ
സർവ്വം ഭദ്രകവൽ വികാരകൃതിയുക്
 ക്ഷേത്രേ ƒ ത്ര പത്മോദരേ.

പതിനാറീതു പുടങ്ങളിട്ട് മദ്ധ്യത്തിലെ പതിനാറു പദങ്ങൾകൊണ്ട് ത്രിവൃത്തത്തോടുകൂടിയ അഷ്ടദളവും, അതിൻെറ പുറമെ രണ്ടു വരികളിലായി മേഷാദിരാശിസ്ഥാനങ്ങളിൽ നന്നാലു പദങ്ങൾകൊണ്ട് പന്ത്രണ്ട് അഷ്ടദളങ്ങളും അവയുടെ പുറത്ത് രണ്ടു വരികൾ വീഥിയും ഒടുവിലത്തെ രണ്ടു വരികൾകൊണ്ട് ദ്വാര ശോഭോപശോഭാശ്രികളും ഉണ്ടാക്കുക. പൊടികൾ എല്ലാം ഭദ്രകത്തിങ്കലേപ്പോലെയിടുകയും വേണം. ഇങ്ങിനെ പത്മോദരം എന്ന പത്മം.

---

* അഷ്ടലിംഗം മറെറാരു വിധമുള്ളതു് അനുബന്ധവിഭാഗത്തിൽ പറയുന്നുണ്ട്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പീഠാധിവാസം

82 പീഠം ബ്രഹ്മശിലാന്വിതം കൃതജല
വാസാന്തമുക്തക്രമാൽ
സിക്തംഗന്ധജലാഭി പൂർണ്ണകലശൈന്ന്യ
സ്യേച്ഛശയ്യാന്തരേ
സംസ്ഥാപ്യൈവയഥാസ്ഥിതിസ്ഥപതി
നാഗർഭാലയേ ഗൌരവേ
സിഞ്ചേൽ വാരുണ വാർഭിരുക്ത
കലശൈർഭ്രുയോ f ഭിഷിഞ്ചേൽ ഗുരുഃ

83 സ്ഥാമാദി ബീജപവനായ മനാദിക്ലൃപ്ത്യാ
ഭൂതാനി പഞ്ച പരമാത്മനി സംവിലാപ്യ
ശോഷാദികം ച സുവിധായധരാവധീനി
സൃഷ്ട്വാഥ താനി തനുയാല്ലിപി ഭാവനാം ച.

84 തത്തച്ഛക്ത്യുക്തബീജാഹിത പവനനിരോധേന
സമ്പാദ്യമാന്ത്രം
ഭാവം പീഠീയമന്ത്രാൻ ന്യസതു വിതനുയാൽ
തത്ര തൽപീഠപൂജാം
ബീജേനാവാഹ്യ ശക്തിം സകലയത്നയ
ജേച്ചാഥ വേധഃ ശിലായാം
സർവ്വം കൃത്വൈവ മാവാഹയത്തുമപരതഃ
കല്പവിൽ പൂജയേച്ച

85 ബിംബമിഷ്ട്വൈവമാചാര്യ്യഃ പീഠം
ബ്രഹ്മശിലാമപി
വസ്ത്രൈരാച്ഛാദ്യ സംരക്ഷേദസ്ത്രതാലത്രയാദിഭിഃ

അനന്തരം പീഠാധിവാസാദികം ചെയ്യുക. പീഠവും നപുംസകശിലയും ബിംബത്തോടൊപ്പം പരിഗ്രഹിച്ച് ശോധനയും ജലാധിവാസവും ചെയ്കയോ, വലിയവകളെ ശില്പികളെക്കൊണ്ട് യഥാസ്ഥാനത്ത് ഉറപ്പിച്ചുവെപ്പിച്ച് പ്രാസാദശുദ്ധി ചെയ്താൽ പീഠ നപുംസകശിലകളെ ദർഭ മുത്തുക്കകളേക്കൊണ്ട് ശോധിച്ച് അവിടെത്തന്നെ ജല ദ്രോണി പൂജിച്ച് ആടി ജലാധിവാസം കല്പിക്കുകയോ ചെയ്താൽ പീഠത്തിന് നവകമോ പഞ്ചകമോ നപുംസക

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശിലയ്ക്കു പഞ്ചകമോ ഒററക്കലശമോ അഷ്ടഗന്ധജലം കൊണ്ടു നിറച്ച് ശക്തികൊണ്ടും പ്രണവംകൊണ്ടും യഥാക്രമം പൂജിച്ച് രണ്ടിനും ബിംബശുദ്ധികലശം തത്തന്മന്ത്രം കൊണ്ട് ആടി അർഗ്ഘ്യപുഷ്പാഞ്ജലി ചെയ്ത്, ശയ്യാസമീപത്തു കൊണ്ടുവന്നുവെച്ചോ അല്ലാത്തപ്പോൾ ശ്രീകോവിലിങ്കൽവെച്ചോ ധ്യാനാധിവാസം ചെയ്യണം. ദേഹശുദ്ധി ചെയ്ത് തളിച്ചു രക്ഷിച്ച് തൊട്ടുജപിച്ച് നാഡീസന്ധാനം ചെയ്ത് തങ്കലേയ്ക്ക് ഉദ്വസിച്ച് ഠ്ഠാമാദിബീജം കൊണ്ടു സ്ഥാനകല്പനകളും 'ഠ്ഠാം ഹ്രംഫൾ' ഇത്യാദികൊണ്ട് ഗുണസംഖ്യാപ്രാണായാമങ്ങളും 'ഠ്ഠാന്നമഃ' ഇത്യാദികൊണ്ട് വ്യാപകങ്ങളും ചെയ്ത് പഞ്ചഭൂതങ്ങളെ സംഹരിച്ച് ശോഷണാദി അഞ്ചും ചെയ്ത് ചൈതന്യത്തെ തങ്കൽനിന്നും തിരികെയാക്കി യോജിപ്പിച്ച് 'ഹൌം നമഃ' ഇത്യാദികൊണ്ട് ഉൽഘാതവൃത്തിയായി പ്രാണായാമങ്ങൾ ചെയ്ത് ഭൂതസൃഷ്ടിയെ കല്പിച്ച് ലിപിപ്രാണായാമം, ലിപിവ്യാപകവും ചെയ്താൽ പീഠമദ്ധ്യത്തിൽ പ്രണവവും അതിനുചുററും അകാരാദി പതിനാറു സ്ഥാനങ്ങളിലും അതിനും പുറത്ത് കകാരാദി സകാരാന്തം മുപ്പത്തിരണ്ടു സ്ഥാനങ്ങളിലും 'ഹളക്ഷ' എന്ന മൂന്നും മദ്ധ്യത്തിൽ തന്നേയും ന്യസിച്ച് ശക്തികൊണ്ടും പ്രണവംകൊണ്ടും പ്രാണായാമവും ലിപിയുടെ അംഗന്യാസവും ചെയ്യുക. നപുംസകശിലയ്ക്കു സ്വരസ്പർശവ്യാപകാക്ഷരങ്ങളെ മൂലമദ്ധ്യാഗ്രങ്ങളിൽ ന്യസിച്ച് അംഗങ്ങളും ന്യസിച്ച് ശക്തിയും പ്രണവവും കൊണ്ടു പ്രാണായാമങ്ങളും ചെയ്ത് രണ്ടും മന്ത്രമയമാക്കിക്കല്പിച്ച് പീഠന്യാസം ചെയ്യുക. അവിടെ ആധാരശക്ത്യാദികൾ ചുവട്ടിലാകയാൽ വേണ്ട. ധർമ്മാദിസമഷ്ട്യന്തം പീഠത്തിങ്കൽ ന്യസിയ്ക്കുക. ആധാരശക്തി, അനന്തൻ, പൃഥിവീ ഇവ നപുംസകശിലയിങ്കൽ ന്യസിയ്ക്കണം. അനന്തരം ശക്തി പ്രാണായാമം ചെയ്ത് പീഠം പൂജിച്ച് പീഠത്തിങ്കൽ തന്റെ ശക്തിയെ ആവാഹിച്ചു പൂജിച്ച് അർഗ്ഘ്യ പുഷ്പാഞ്ജലി മാനസപൂജയും ചെയ്യുക. നപുംസകശിലയിങ്കൽ പ്രണവംകൊണ്ടാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വാഹിച്ച പൂജിച്ച് അർഗ്ഘ്യപുഷ്പാഞ്ജലി ചെയ്യണം. രണ്ടിങ്കലും പ്രസന്നപൂജ ചെയ്താൽ അധിവാസഹോമത്തിങ്കൽ ശക്തികൊണ്ടും പ്രണവംകൊണ്ടും എടുത്ത സമ്പാതങ്ങൾ യഥാക്രമം സ്പർശിച്ച് മൂടി രക്ഷിയ്ക്കുക. അനന്തരം പ്രാസാദാധിവാസത്തിന് പീഠാധിവാസത്തിങ്കലേപ്പോലെ ഭൂതസംഹാരാദി പീഠപൂജ കഴിവോളം എല്ലാം ചെയ്ത് മൂലംകൊണ്ടാവാഹിച്ച പൂജിച്ച് അർഗ്ഘ്യപുഷ്പാഞ്ജലിയും പ്രസന്നപൂജയും ചെയ്ത് വസ്ത്രംകൊണ്ടലങ്കരിച്ച് മൂലംകൊണ്ട് എടുത്ത സമ്പാതം സ്പർശിച്ച് രക്ഷിയ്ക്കുക. ഇവിടെ മൂർത്തിപൂജയിങ്കൽ ഇന്ദ്രാദികളെ എട്ടുദിക്കുകളിലും, ത്രിതത്വംകൊണ്ട് പാദുകം ജഗതിഗളം എന്നീ സ്ഥാനങ്ങളിലും പൂജിയ്ക്കണം. ഇങ്ങിനെ ധ്യാനാധിവാസം ചെയ്യേണ്ടും വിധം.

86 ബിംബഗ്രഹേ ƒ ജകൃഷ്ണാദൌ കാര്യം
വൈഷ്ണവവദ്ധ്രുതം
ശൈവവദ്ധനദാക്ഷാദാവിദാനീം ബിംബപൂർത്തിദം.

ബിംബപരിഗ്രഹത്തിങ്കൽ ബ്രഹ്മകൃഷ്ണാദികൾക്ക് വിഷ്ണുവിങ്കലേപ്പോലെ അക്ഷതഹോമവും മററുള്ളവക്ക് ശിവങ്കലേപ്പോലെ പ്രതിഷ്ഠാഹോമവും ചെയ്യണം.

ശിരസ്തത്വഹോമം

87 ഗുരുഃകസ്യേണ്ഡഗ്നിമുഖം വിധായസൃഗ്
ക്രമേണാഖിലതത്വമന്ത്രൈഃ
ഹുത്വാചതുർഭ്രുവ്യൂഹതാന്തമാജ്യം സമ്പാത
ഹതാദികരോതുബിംബേ.

അനന്തരം ശിരസ്തത്വഹോമത്തിന് അന്വാധാനാദി മൂലാഷ്ടാജ്യാഹുതി കഴിവോളം ചെയ്താൽ സംഹാരക്രമേണ എല്ലാ തത്വംകൊണ്ടും ഓരോ ഉരുഹോമിച്ച് പൂർണ്ണാഹുതി ചെയ്ത് ആ സമ്പാതം വേറെ എടുത്തുവെച്ച് അഖിലതത്വംകൊണ്ട് സൃഷ്ടി ക്രമേണ എട്ടെട്ടുരുവും ഉൽഘാതാവൃത്തിയായിട്ടുള്ളവക്ക് അപ്രകാരവും ഹോമിച്ച് ചതുർവ്യൂഹങ്ങളും ഹോമിച്ച് ... സമ്പാതങ്ങൾ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബിംബത്തിങ്കൽ യഥാക്രമം സംഹാരം കഴിഞ്ഞാലും സൃഷ്ടി കഴിഞ്ഞാലും സ്പർശിയ്ക്കുക.

88 ഹോമോ ഽയം പഞ്ചതത്വൈർവ്വാ
കേവലൈർവ്വിധിവൽ ഭവേൽ
സ്വേസ്വേതുകുണ്ഡേ വീരാദിനവാനാം
സ്യാദിദംഹുതം.

ഈ ഹോമം പഞ്ചതത്വംകൊണ്ടുമാത്രമായിട്ടും ആകാം. വീരഭദ്രാദി മാതൃക്കൾക്കു് ഈ തത്വഹോമം അവരവരുടെ കുണ്ഡങ്ങളിൽ വെവ്വേറെ ചെയ്യണം.

അധിവാസഹോമം

89 അഥാചാര്യകുണ്ഡാൽ ക്രമാദ്ധോമമന്ത്രൈ
വിഹൃത്യാഗ്നിമാധായ ദിക്കുണ്ഡകേഷു
സ്വകുണ്ഡേ ഗുരുർമ്മൂർത്തിപാഃ സ്വസ്വകുണ്ഡേ
ഷ്വധീവാസഹോമം വിദദ്ധ്യുർയ്യഥാസ്വം.

ആചാര്യകുണ്ഡത്തിങ്കൽനിന്നു് ക്രമേണ ദിക്കുണ്ഡങ്ങളിൽ ഹോമമന്ത്രങ്ങളേക്കൊണ്ടു് അഗ്നിവിഹരണംചെയ്തു് ഗുരുശിരസ്ഥാനകുണ്ഡത്തിങ്കലും മൂർത്തിപന്മാർ അതാതു കുണ്ഡങ്ങളിലും ഇരുന്നു് യഥാവിധി അധിവാസഹോമം ചെയ്യുക.

90 കൃഷ്ണാഗ്രജാജഗിരിജാസു ചതുർദ്ദിശാസു
ശേഷേഷ്വഥാഷ്ടസു രവീന്ദിരയോർദ്വിധാപി.
ഹോമോ ഽഥവാ ഭവതു രാശിദിശാസുമൂർത്തി
പാനാംഗുരോഃ സ്വദിശി മാതൃഷുതുസ്വദിക്ഷു.

ശ്രീകൃഷ്ണൻ, ജ്യേഷ്ഠാഭഗവതി, ബ്രഹ്മാവു്, ശ്രീപാർവ്വതി എന്നിവക്കു് നാലു ദിക്കിലും, മററുള്ളവക്കു് എട്ടുദിക്കിലും ആയിട്ടു് അധിവാസഹോമം ചെയ്യുക. ആദിത്യനും ശ്രീഭഗവതിയ്ക്കും നാലായിട്ടും, എട്ടായിട്ടും രാശിസ്ഥാനങ്ങളിൽ അതായതു് പന്ത്രണ്ടായിട്ടും ആകാം. മാതൃക്കൾക്കു് അവരവരുടെ കുണ്ഡത്തിൽത്തന്നെ ചെയ്യുക.

91 മൂലേന പക്വമചലാബ്ധി ജയോർജ്ജിനാർണ്ണേ-
[illegible]

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മൂലേന കുര്യ്യരഖിലേശ്വപിഹോമക്ലൃപ്തി-
ർഗ്ഗുർവ്വീരിതൈവ സമിദാദിഷു ചൈവ സംഖ്യാ

ശ്രീപാർവ്വതിയ്ക്കും ശ്രീഭഗവതിയ്ക്കും, പക്ഷത്തിനു് മൂല മാകുന്നു. മററുള്ളവക്കു് അവരവരുടെ ഗായത്രിയാണു്. മാതൃക്കൾക്കു് പൂർണ്ണാഹുതിയ്ക്കു് അവരവരുടെ ഗായത്രിയും മററുള്ളവക്കു് മൂലവുമാകുന്നു. ഹോമക്ലൃപ്തി, ചമത മുത ലായവരുടെ സംഖ്യ തുടങ്ങിയവയെല്ലാം ഗുരു പറഞ്ഞി രിയ്ക്കുന്നതുപോലെതന്നെ.

92 സമിദാജ്യ ഹവീംഷിലാജരാജീം
ശ്ചതുരാസ്യേ സയവാംസ്തിലാംശ്ച ശാലീൻ
സഘൃതാൻ നിഗമാദിഭിന്നിജാംഗ്ഗൈ -
രഥവാജ്ജുഹവതു ദിക്ഷുമൂലതോ f ന്തഃ

ബ്രഹ്മാവിനു് ചമത, നെയ്യു്, ഹവിസ്സു്, മലരു് കടുകു്, യവം, എള്ളു്, നവരനെല്ലു്, നെയ്യു് ഈ ഒമ്പതു ദ്രവ്യങ്ങളും ദിക്കുകളിൽ വേദാദികളേക്കൊണ്ടോ, അംഗ ങ്ങളേക്കൊണ്ടോ ഹോമിയ്ക്കുകയും നടുവിൽ മൂലംകൊണ്ടു ഹോമിയ്ക്കുകയും വേണം. ഇവിടെ അംഗങ്ങൾ ഹൃദയശിര ശ്ശിഖാകവചങ്ങളാകുന്നു.

93 രവൌ പലാശാർക്കസമിദ്ഗ്ഘൃതാന്ന
ലാജാംസ്തിലാനക്ഷതസർഷപാംശ്ച.
സ സർവ്വധാന്യാൻ സഘൃതാൻ സ്വമൂലേ
നാന്തർബ്ബഹിർജ്ജുഹവതു ധാതൃപൂർവ്വൈഃ

94 ദിക്ഷ്വംഗ്ഗൈ രഷ്ടഹോമാശ്ചേൽ
പ്രത്യൃഷാദിഭിരേവ വാ
ബീജവാപോദിതാന്യേവ സർവ്വധാന്യാനി ഭാസ്വതി

ആദിത്യനു് പ്ലാശിൻചമതയും, എരിക്കിൻചമ തയും, നെയ്യും, ഹവിസ്സും, മലരും, എള്ളും, അക്ഷതവും, കടുകും, സർവ്വധാന്യങ്ങളും, നെയ്യും ഇങ്ങിനെ പത്തു ദ്രവ്യ ങ്ങളെ അകത്തു് മൂലംകൊണ്ടും പുറത്തു് പന്ത്രണ്ടു ഹോമമാ കുമ്പോൾ 'ധാത്രാ'ദിമന്ത്രങ്ങളെക്കൊണ്ടും; എട്ടുഹോമമാകു മ്പോൾ അംഗങ്ങളേക്കൊണ്ടും-അതായതു് കിഴക്കാദി നാ ലുദിക്കിലും അസ്ത്രവും അഗ്ന്യാദി കോണുകളിൽ ഹൃദയശി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഖാകവച ശിരഃ എന്നീ മന്ത്രങ്ങളേക്കൊണ്ടും-; നാലു ഹോമമാകുമ്പോൾ ദ്വാരഘടത്തിങ്കൽ പറഞ്ഞ 'പ്രത്യുഷാ'ദികളേക്കൊണ്ടും ഹോമിയ്ക്കുക. സർവ്വധാന്യം എന്നാൽ മുളദ്രവ്യങ്ങളാകുന്നു.

95 ധനദേസമിദാജ്യഹവിർല്ലാജതിലാൻ
ജുഹുയുരഥചശാലിയവാൻ
പരിതഃ ശതമഷ്ടയുതം മൂലേനദ്വിഗുണമന്തശ്ച

വൈശ്രവണന് ചമത, നെയ്യ്, ഹവിസ്സ്, മലര്, എള്ള്, നവരനെല്ല്, യവം ഇവ മൂർത്തിപന്മാർ നൂറെട്ടു വീതവും ആചാര്യൻ ഇരുനൂററിപതിനാറു വീതവും ഹോമിയ്ക്കണം.

96 സമിധഃ സ്വർണ്ണാസനബില്വഖദിരജാഃ
സ്യുർദ്ദിശാസുവിദിശാസു
സാശോകശമീദ്വിജതരുരോഹിണജാമ
ധ്യതസ്സു പാലാശ്യഃ

ചമതകൾ ദിക്കുകളിൽ കൊന്ന, വേങ്ങ, കൂവളം, കരിങ്ങാലി ഇവയും കോണുകളിൽ അശോകം, വഹ്നി, പ്ലാശ്, പേരാൽ ഇവയും നടുവിൽ പ്ലാശും ആകുന്നു.

97 സൂക്തേന സർപ്പിഃ പുരുഷസ്യ ഹുത്വാ
സമിൽ ഘൃതാന്നം ശതമഷ്ടയുക്തം.
സർവ്വേƒപി സിദ്ധാർത്ഥതിലാംശ്ച കൃഷ്ണേ
സ്വപഞ്ചതത്വൈർജ്ജുഹുയുഃ ക്രമേണ.

ശ്രീകൃഷ്ണങ്കൽ എല്ലാവരും പുരുഷസൂക്തത്തിൻെറ ഋക്കുകൾകൊണ്ട് ആജ്യാഹുതി ചെയ്തിട്ട് ചമത, നെയ്യ്, ഹവിസ്സ്, കടുക്, എള്ള് ഇവ തൻെറ പഞ്ചതത്വത്തിലെ ഓരോന്നുകൊണ്ടും ഹോമിയ്ക്കുക. ചമത പ്ലാശുതന്നെ, സംഖ്യ പറയാത്തിടത്ത് നൂറെട്ട് എന്നും ധരിയ്ക്കണം,

98 മൂലേനമദ്ധ്യേ സമിദാജ്യമന്നം
ലാജാംശ്ചയോഗാദിഭിരഷ്ടദിക്ഷു
ശാലീൻ സസിദ്ധാർത്ഥക സർഷപാംശ്ച
വർണ്ണ്യാം തിലാൻ ജുഹുവത ചക്രമേണ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സരസ്വതിയിങ്കൽ മൂലംകൊണ്ടു് നടുവിലും 'യോഗാ' ദികളേക്കൊണ്ടു് എട്ടദിക്കുകളിലും പ്ലാശിൻ ചമത, നെയ്യ്, ഹവിസ്സ്, മലര്, നവരനെല്ല്, കടുക്, വെൺകടുക്, എള്ള് എന്നീ എട്ട ദ്രവ്യങ്ങളും ഹോമിയ്ക്കുക.

99 വേദാദിമന്ത്രൈസ്സമിദാജ്യമന്നം
ലാജാൻയവാൻ ശാലിതിലാൻ ക്രമേണ
ദിശാസു ജുഹുയാദ്വാഥ മൂലതോ ƒ ന്ത
രങ്ഗൈസ്തു ദിശാസ്വഷ്ടസു ചേൽ രമായാം.

100 ശ്രീബ്രഹ്മഖദിരപ്ലക്ഷപിപ്പലീ വടമാഗ്ഗ്രജാഃ
ശമീമയ്യശ്ച സമിധഃ പ്രാഗാദ്യാസുയഥാക്രമം.

ശ്രീ ഭഗവതിയ്ക്കു് നാലു ദിക്കുകളിലാകുമ്പോഠ വേദാദികളും; എട്ടദിക്കുകളിലാകുമ്പോഠ അംഗങ്ങളും അതായതു് ഹൃദയശിരശ്ശിഖാകവചങ്ങഠ നാലുദിക്കുകളിലും അസ്ത്രം അഗ്ന്യാദികോണകളിലും-; മദ്ധ്യത്തിൽ മൂലവും കൊണ്ടു് ചമത, നെയ്യ്, ഹവിസ്സ്, മലര്, യവം, നവരനെല്ല്, എള്ള് എന്നീ ഏഴ ദ്രവ്യങ്ങളും ഹോമിയ്ക്കുക. ചമത മദ്ധ്യത്തിൽ പ്ലാശും, കിഴക്കാദിക്രമത്തിൽ കൂവളം, പ്ലാശ്, കരിങ്ങാലി, ഇത്തി, അരയാൽ, പേരാൽ, കടലാടി, വഹ്നി എന്നിവയുമാകുന്നു.

101 പാലാശ്യോരാശികുണ്ഡേഷു ഹോമ്യാ
ദ്വാദശശക്തിഭിഃ
ശ്രീവാഗീശ്വര്യാദിഭിഃ സ്യരിന്ദിരായാം യഥാക്രമം.

ശ്രീഭഗവതിയിങ്കൽ പന്ത്രണ്ട ദിക്കുകളിൽ ഹോമമാകുമ്പോഠ എല്ലാ കുണ്ഡങ്ങളിലും ചമത പ്ലാശുതന്നെ. ദ്രവ്യങ്ങളും സംഖ്യയും മുൻപറഞ്ഞവയും മന്ത്രം ശ്രീവാഗീശ്വര്യാദി ദ്വാദശ നാമങ്ങളുമാകുന്നു.

102 മൂലേന ദശാഖ്യാഭിഃ സകൃദാജ്യം മൂലതോ ƒ ഷ്ട
ശതമപി ഗൌയ്യാം
എല്ലേഖാദ്യൈഃ സമിദാജ്യഹവിസ്തില
സർഷപാംശ്ചതാവജ്ജുഹുയുഃ

ശ്രീപാർവ്വതിയ്ക്കു് എല്ലാവരും മൂലംകൊണ്ടും ദശനാമങ്ങഠകൊണ്ടും ഓരോ ഉരു ആജ്യാഹുതിയും പൂർണ്ണാഹുതിയും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മൂലംകൊണ്ടു് നൂററെട്ടാജ്യാഹുതികളും പൂർണ്ണാഹുതിയും ചെയ്താൽ ഹൃല്ലേഖാദി പഞ്ചമൂർത്തിമന്ത്രങ്ങളിൽ ഓരോന്നു് ഓരോ ദ്രവ്യത്തിന്നായിട്ടു്, പ്ലാശിൻ ചമത, നെയ്യു്, ഹവിസ്സു്, എള്ളു്, കടുകു് ഇവ നൂററെട്ടുവീതം ഹോമിയ്ക്കുക.

103 സ്വാഖ്യാഭിർജ്ജ്യേഷ്ഠായാം കോഷ്ഠേത്യൃഗ്ഭിഃ
സ്വമൂലതഃ സമിധഃ
മദ്ധ്യാശാസുഫലീകരണതിലാൻ സക്തൂം
ശ്ച മൂർത്തിഭിർജ്ജുഹുയുഃ

ജ്യേഷ്ഠാഭഗവതിയ്ക്കു് തൻെറ നാമങ്ങളേക്കൊണ്ടും 'കോഷ്ഠാനരശ്രേഷ്ഠതമാ' ഇത്യാദി സൂക്തത്തിലെ ഋക്കുകൾ കൊണ്ടും ഓരോ ആജ്യാഹുതിയും, പൂർണ്ണാഹുതിയും ചെയ്തു് മൂലംകൊണ്ടു് ചമതയും, മൂർത്തികളിൽ, ആദ്യത്തേതുകൊണ്ടു് ഫലീകരണം, രണ്ടാമത്തേതുകൊണ്ടു് എള്ളു്, മൂന്നാമത്തേതുകൊണ്ടു് അരിവറുത്തു പൊടിച്ചതു്, ഇവ എല്ലാവരും എല്ലായിടത്തും ഹോമിയ്ക്കുക. ഫലീകരണമെന്നാൽ ഉണങ്ങലരിപ്പൊടി വെള്ളം കൂട്ടികുഴച്ചുരുട്ടി നെയ്യിൽ വറുത്തെടുത്തതാകുന്നു.

104 ജ്യേഷ്ഠായാം മൂർത്തയസ്തിസ്രോഭൂർല്ലക്ഷ്മ്യൈ
ഭുവഉഗ്രിയൈ
ക്രമാത്സ്വഃ കാളകർണ്ണിന്യൈ ദ്വിഠാ
ന്താദ്രവീണക്രമാൽ

105 ശമീപലാശബില്വാനാം സ്യുർദ്ദിക്ഷുക്രമാൽ
സമിധസ്ത്ര്യശ്രകുണ്ഡേഷു ഗുരുകുണ്ഡേ പലാശജാഃ

'ഭൂർല്ലക്ഷ്മ്യൈ സ്വാഹാ; ഭുവഉഗ്രിയൈസ്വാഹാ; സ്വഃ കാളകർണ്ണിന്യൈ സ്വാഹാ' ഇവയാണു് മൂർത്തിമന്ത്രങ്ങൾ. മൂന്നു ദിക്കിലും നടുക്കുമായി ത്ര്യശ്രകുണ്ഡങ്ങൾ വേണം; അവയിൽ ദിക്കുണ്ഡങ്ങളിൽ ചമത വഹ്നി, പ്ലാശു്, കൂവളം എന്നിവയും മദ്ധ്യത്തിൽ പ്ലാശുമാകുന്നു.

106 കാള്യാം മൂലേനാന്തർബ്രഹ്മോക്തന്യേവ
നവസസക്തൂനി
ജുഹുയാദ്രവ്യാണി ഗുരുർഭിക്ഷു

CC-0. In Public Domain. Gurukul Kangri Collection, Haridwar

നിജാങ്ഗൈതൈ മൂർത്തിധരാഃ

Digitized by Arya Samaj Foundation Chennai and eGangotri

ഭദ്രകാളിയ്ക്കു് മൂലംകൊണ്ടു നടുവിലും അംഗങ്ങളേക്കൊണ്ടു ദിക്കുകളിലും; അവിടെ ചമത, നെയ്യ്, ഹവിസ്സ്, മലരു്, കടുകു്, യവം, എള്ളു്, നവരനെല്ലു്, അരിവറുത്തു പൊടിച്ചതു്, നെയ്യ് ഇങ്ങിനെ പത്തു ദ്രവ്യങ്ങളുമാകുന്നു. ['കുഴിക്കാട്ടു് പച്ച' എന്ന ഗ്രന്ഥത്തിൽ പൂർവ്വാദിദിക്കുകളിൽ ഹൃദയ ശിരശ്ശിഖാകവചങ്ങൾ എന്നു കാണുന്നുണ്ടു്. പൂജാക്രമമനുസരിച്ചാകുമ്പോൾ 'അഗ്നീശാശരവായുദിക്ഷു' എന്ന നിയമമനുസരിച്ച് കിഴക്കാദി നാലു ദിക്കുകളിലും അസ്ത്രവും അഗ്ന്യാദികോണുകളിൽ 'ഹൃദയശിഖാ കവചശിരഃ' എന്നുമാകുന്നു.]

107 മാതൃഷു നിഖ്യനിജകുണ്ഡേസമിദാജ്യാന്നാനി
സക്തുലാജാംശ്ച.
ശാലീൻ രാജിതിലാനപി ജുഹുയുർവ്വീരേ
ഗുരുഃ പരേഷ്വിതരേ.

മാതൃക്കളിൽ അവരവരുടെ കുണ്ഡങ്ങളിൽ ചമത, നെയ്യ്, ഹവിസ്സ്, അരിവറുത്തുപൊടിച്ചതു്, മലരു്, നവരനെല്ലു്, കടുകു്, എള്ളു് എന്നീ എട്ടുദ്രവ്യങ്ങളെ ഹോമിയ്ക്കുക, അവിടെ വീരഭദ്രന്റേതായ പ്രധാന കുണ്ഡത്തിൽ ഗുരുവും മററുള്ളവയിൽ മൂർത്തിപന്മാരും വേണം.

108 വീരേബൈലേഭ്യഃ സമിധോ ബ്രഹ്മാർക്കൌ
ദംബചലദലവടോത്ഥാഃ;
കാഷ്മര്യ്യമാഗ്ഗ്ജാശ്ചമാതൃഷൌദുംബര്യ്യ ഇഭവദനേ.

വീരഭദ്രാദികളിൽ ക്കുവളം, പ്ലാശു്, എരിക്കു്, കടമ്പു്, അരയാൽ, പേരാൽ, കുമിഴ്, കടലാടി, അത്തി ഇവ യഥാക്രമം ഓരോരുത്തരുടെ ചമതയാകുന്നു.

109 അസിതാങ്ഗഭൈരവാദിഭിരഷ്ടസുദിക്ഷു
സ്വമൂലതോമദ്ധ്യേ
കാള്യുക്തദ്രവ്യാണിതുദശജുഹുയുഃ ക്ഷേത്രപാലേ /പി.

ക്ഷേത്രപാലകൽ 'അസിതാംഗാ'ദി ഭൈരവന്മാരെക്കൊണ്ടു് ദിക്കുകളിലും മൂലംകൊണ്ടു നടുവിലും, ഭദ്രകാളിയിങ്കൽ പറഞ്ഞ പത്തു ദ്രവ്യങ്ങളേ എല്ലാവരും ഹോമിയ്ക്കുക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

110 മദ്ധ്യേ പലാശസ്യ ചതുർദ്ദിശാസു
സ്വസ്വക്രമാൽ തോരണഭൂരുഹാണാം.
ബ്രഹ്മാദിഷ്വസ്യഃ സമിധോ ഽഥ യത്ര
നോക്താഃ പലാശസ്യതു തത്രചസ്യുഃ

എല്ലാവക്കുംനടുവിൽ പ്ലാശിൻ ചമതയും, നാലുദിക്കുകളിലാകുമ്പോൾ അവരവരുടെ തോരണക്രമമനുസരിച്ച് നാല്പാമരച്ചമതകളും കൊള്ളാവുന്നതാണ്. യാതൊരിടത്ത് ചമത ഇന്നതെന്നു പറയുന്നില്ലയോ അവിടെ ചമത പ്ലാശായിരിക്കണം.

111 പലാശഖദിരാശ്വത്ഥ പ്ലക്ഷന്യഗ്രോധബില്വജാഃ
ഔദുംബര്യ്യഃ സകാശ്മര്യ്യഃ സൂര്യ്യാദിഷ്വഷ്ടദിക്ഷുതു.

സൂര്യ്യാദി ദൈവന്മാരിൽ എട്ടുദിക്കിലാകുമ്പോൾ പ്ലാശ്, കരിങ്ങാലി, അരയാൽ, ഇത്തി, പേരാൽ, കൂവളം, അത്തി, കുമിഴ് ഇവ ചമതകളാകുന്നു.

112 തത്സമ്പാതേന സംസ്പൃശേദത്ര ബിംബം
പാദാദ്യാകം പാദഹൃന്നാഭിവക്ത്രേ
പൃഷ്ഠേകേദേഹേചയക്ഷേ ഽഥ ലക്ഷ്മ്യാം
പദ്ധസ്താങ്ഗുല്യാസ്യഹൃൽപൃഷ്ഠകേഷു.

ആ സമ്പാതംകൊണ്ട് എല്ലാവക്കും ബിംബത്തിങ്കൽ സ്പർശിക്കണം. വൈശ്രവണങ്കൽ ഓരോ ദ്രവ്യം ഹോമിക്കുമ്പോഴും ബിംബത്തിന്റെ പാദം, ഹൃദയം, നാഭി, മുഖം, പൃഷ്ഠം, മൂദ്ധാവ്, സർവ്വാംഗം എന്നീ ഏഴു സ്ഥാനങ്ങളിൽ സ്പർശിക്കണം. ശ്രീഭഗവതിയിങ്കൽ കാലിന്റേയും കൈകളുടേയും വിരലുകളിലും, മുഖം, വയറ്, പൃഷ്ഠം, ശിരസ്സ്, കഴുത്ത്, കടിപ്രദേശം എന്നീ സപ്തസ്ഥാനങ്ങളിലും ഓരോ ദ്രവ്യഹോമം കഴിയുമ്പോഴും സ്പർശിക്കണം.

113 ഭൂരാദ്യൈർജ്ജുഹുയാൽ ഘൃതം ദധിപയോമാധ്വീഃ
സമസ്തം ഗുരു-
മൂലേനത്വഖിലേഷു മാതൃഷ്വതുപഞ്ച
സ്വാണഭിർജ്ജുത്വതു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജ്യേഷ്ഠായാം തു ഗുരുഃ പയോ ƒ പിചഘൃതം
മൂലേന കാള്യാംസ്വമൂ
ലാംശൈഃ പഞ്ചഭിരംശവിദ്ധധിമധു
ക്ഷീരാജ്യസർവ്വാണിച.

അനന്തരം എല്ലാവക്കും ശാന്തിഹോമം ചെയ്യുവാൻ വ്യാഹൃതികൊണ്ടു് നെയ്യു്, തൈരു്, പാൽ, തേൻ ഇവയും മൂലംകൊണ്ടു് ഇവനാലും കൂട്ടിയതും എട്ടുരുവീതം ഹോമിക്കുക. മാതൃക്കളിൽ ഈ അഞ്ചിനും അവരവരുടെ മൂലമാണു് മന്ത്രം ജ്യേഷ്ഠാഭഗവതിക്കു് മൂലംകൊണ്ടു് പാലിനേയും നെയ്യിനേയും ഹോമിക്കുക. ഭദ്രകാളിക്കു് 'ഐം സ്വാഹാ, ക്ലീംസ്വാഹാ, സൌഃ സ്വാഹാ. ഹ്രീംസ്വാഹാ' എന്നു് നെയ്യുതുടങ്ങിയ നാലിനും, നാലുംകൂടിയതിനു് മൂലവും മന്ത്രമാകുന്നു.

114 പന്നാഭിഹൃച്ഛിരോദേഹേഷ്വപ്പയേൽ തത്തദന്തതഃ
സ്രുവേണൈവേഹ സമ്പാതം
ജ്യേഷ്ഠായാം ഹൃദിമൂദ്ധ്നി.

പാദം, നാഭി, ഹൃദയം, ശിരസ്സു്, സർവ്വാംഗം ഈ സ്ഥാനങ്ങളിൽ അതാതുഹോമിച്ചാലപ്പോഠംതന്നെ സ്രുവംകൊണ്ടു് സമ്പാതം സ്പർശിക്കണം. ജ്യേഷ്ഠാഭഗവതിക്കു് ഹൃദയത്തിങ്കലും മൂദ്ധാവിങ്കലുമാണു് സ്പർശിക്കേണ്ടതു്.

115 പീഠം സ്വശക്ത്യാ പ്രണവേന വേധഃ-
ശിലാംജിനാമ്ന്യേന മണീംശ്ചസർപ്പിഃ
ഹൃതോക്ത സംഖ്യംക്രമതഃ സമപ്പ്യ
സമ്പാതസപ്പിസ്ത്വധിവാസയേച്ച.

അനന്തരം എല്ലാവക്കും ശക്തികൊണ്ടു പീഠത്തിനും, പ്രണവംകൊണ്ടു നപുംസകശിലക്കും, ഗായത്രികൊണ്ടു് രത്നത്തിനും-(പകോപദിഷ്ടമന്ത്ര വേണമെങ്കിൽ ശ്രീപാർവ്വതിക്കും ശ്രീഭഗവതിക്കും മൂലമാണു്)- യഥോക്തസംഖ്യ ഹോമിച്ചു് സമ്പാതം സ്പർശിക്കുക. രത്നസമ്പാതം സൂക്ഷിച്ചുവെയ്ക്കുകയും വേണം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

116 ഹുത്വാ നിജാഭിന്നവശക്തിഭിശ്ച സർവ്വേഷു
സമ്പാതംഘൃതം സുരക്ഷേൽ
സർവ്വേതതഃ സ്വിഷ്ടകൃദാദിഹുത്വാ ഹോമം
വിധാനേനസമാപയേയുഃ

എല്ലാവക്കും അഷ്ടബന്ധത്തിന് അവരവരുടെ നവശക്തികൊണ്ട് എട്ടെട്ടുരു ഹോമിച്ച് ആ സമ്പാതം എടുത്തു സൂക്ഷിയ്ക്കുക. അനന്തരം എല്ലാവരും സ്വിഷ്ടകൃദാദി ഹോമശേഷവും ചെയ്യുക.

അധിവാസപൂജ

117 ഗുരു രഥച ദുഗ്ദ്ധസിദ്ധം നിവേദ്യ
മഖിലേഷു മൂലമന്ത്രേണ
ഇഷ്ട്വാനിവേദ്യ ഹുത്വാ വിപ്രാനപ
ഭോജ്യകിരതുബലിം.

പിന്നെ ആചാര്യൻ മൂലംകൊണ്ട് ബിംബത്തിങ്കലും മണ്ഡലത്തിങ്കലും പൂജിച്ച് പായസം നിവേദിച്ച് വൈശ്യഹോമവും ചെയ്ത് കാലുകഴുകിച്ചൂട്ടി, ബലിതൂകുകയും ചെയ്യണം.

118 ബലിശ്രീകൃഷ്ണവിധിഷു വൈഷ്ണവോ f
ന്യേഷു ശാംഭവഃ
കാര്യ്യഃ സ്വഃ സ്വോബലിസ്സ പ്രാങ്മാതൃഷു
സ്വസ്വസംനിധൌ.

ബ്രഹ്മശ്രീകൃഷ്ണന്മാർക്കും 'ആദ്യോശ്ചേ'തിമന്ത്രത്രയം കൊണ്ട് വൈഷ്ണവമായിട്ടും മററുള്ളവക്ക് 'ദേവം സൂര്യ്യം പുരസ്കൃത്യ' ഇത്യാദി ശൈവമായിട്ടും ബലിതൂകുക. വൈഷ്ണവത്തിങ്കൽ ഗോദോഹനാദി ചെയ്യണം. മാതൃക്കൾക്ക് അവരവരുടെ ശയ്യയുടെ കിഴക്കഭാഗത്തു് അവരവക്ക് പറയുന്ന ദ്രവ്യംകൊണ്ടു ബലിതൂകണം.

119 കുശഗന്ധാക്ഷതയുക്തം ക്ഷൈരേയം
രക്തഗന്ധകസുമയുതം
ഗൌളം ഹാരിദ്രാന്നം സർവ്വഗന്ധ കുസുമാ
ന്വിതം പിശിതയുക്തം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

120 മാതൄണാംബല്യന്നം സർവ്വാന്നം ഭവേതിവീരഭദ്രസ്യ
ഫലപൂപമിശ്രിതം സ്യാൽ വിഘ്നസ്യ
ബലിക്രമോ നിത്യഃ

ബ്രഹ്മാണിയ്ക്കു്-കുശയും, അഷ്ടഗന്ധവും, അക്ഷതവും കൂട്ടിയഹവിസ്സ്. മാഹേശ്വരിയ്ക്കു് - പായസം; കൌമാരിയ്ക്കു്-കുരുതിയും അഷ്ടഗന്ധവും പൂവും കൂട്ടിയ ഹവിസ്സ്; വൈഷ്ണവിയ്ക്കു്-ശക്കരപ്പായസം; വാരാഹിയ്ക്കു്-മഞ്ഞളിട്ട ഹവിസ്സ്; ഇന്ദ്രാണിയ്ക്കു്-അഷ്ടഗന്ധവും പൂവും കൂടിയ ഹവിസ്സ്; ചാമുണ്ഡിയ്ക്കു്-മാംസമാകുന്ന മോദകത്തോടുകൂടിയ ഹവിസ്സ്; വീരഭദ്രനു്-മേൽപറഞ്ഞവയെല്ലാം കൂടിയ ഹവിസ്സ്; ഗണപതിയ്ക്കു്-കദളിപ്പഴം, അപ്പം ഇവയോടുകൂടയ ഹവിസ്സ്. ഇങ്ങിനെ എല്ലാവർക്കുമുള്ള ബലിഹവിസ്സുകാം. ബലിക്രമം മുൻപോലെതന്നെ.

121 ആചമ്യനൈവേദ്യവിസർജ്ജനാദ്യം സർവ്വത്ര
നിർവ്വൎത്യസമുക്തരീത്യാ-
പ്രസന്നപൂജാമപിസംവിധായ പ്രജപ്യമന്ത്രാൻ
പ്രകരോത്തുരക്ഷാം

ബലിതൂകിക്കഴിഞ്ഞാൽ ആചാൎയ്യൻ കാലുകഴകി ആചമിച്ചു് നിവേദ്യവിസർജ്ജനാദിപൂജ മുടിച്ചു് മന്ത്രജപം ചെയ്തു രക്ഷിയ്ക്കുക.

122 രത്നാദിശയനേന്യസ്യ ധാരണാഭിവ്വിശോദ്ധ്യച
സമ്പൂജ്യ ഹൃതമന്ത്രേണസുധീരാച്ഛാദ്യരക്ഷതു.
രത്നാദികളേ ശയ്യയിങ്കൽവെച്ചു് ശോഷണാദിചെയ്തു് തത്തന്മന്ത്രംകൊണ്ടു പൂജിച്ചു് എല്ലാം മൂടി രക്ഷിയ്ക്കുക.

പ്രതിഷ്ഠ

123 തതഃ പ്രതിഷ്ഠാദിവസേ സ്നാനാചാമാദികൃദ്ഗുരുഃ
പ്രാസാദം പരിശോദ്ധ്യൈതദാത്മനഃ
സ്ഥാപനം ചരേൽ

പ്രതിഷ്ഠാദിവസം ആചാൎയ്യൻ നേരത്തെ കുറിച്ചു് സന്ധ്യാവന്ദനാദിയെല്ലാം ചെയ്തു് തററുടുത്തു കാലുകഴകി ദേഹശുദ്ധ്യാദി ചെയ്തു് പ്രാസാദപ്രതിഷ്ഠയെ ചെയ്യുക. അതി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന് മുഷ്ട്യാദി ദീപാന്തം സ്ഥലശുദ്ധി ചെയ്ത് പ്രാസാദ ത്തിന്റെ വലത്തെ കട്ടിളക്കാലിനു സമീപം ഇരുന്ന് പ ത്മമിട്ട് പീഠം പൂജിച്ച് മൂലം ചൊല്ലി പ്രാസാദത്തെ തൊട്ട് പ്രതിഷ്ഠയേക്കല്പിച്ച 'ധ്രുവാദ്യൌ' ഇത്യാദി ജപി ച്ച് ആവാഹിച്ച പൂജിച്ച് അർഗ്ഘ്യപുഷ്പാഞ്ജലിയും ചെയ്യുക.

പരിഹോമം

124 കൃഷ്ണേ *f* ജേച ഗ്രഹാഷ്ടദിക്ഷുപരിഹോമം
വാലുകാസ്ഥണ്ഡിലേ
ഷഢഷ്ടാർണ്ണാക്ഷരപൂർണ്ണകുംഭയുതമാദദ്ധ്യർന്റ
സൂക്തേനതു-
ഹൃത്വാജ്യം ശരതത്വഭാസ്വദഹിവർണ്ണൈഃ
സ്വോക്തസംഖ്യംചതു
ർദ്രവ്യം രാജിതിലാൻ ഘൃതംച
സമവസ്യേയുർഹ്ഹുതം മൂർത്തിപാഃ

അനന്തരം ശ്രീകൃഷ്ണനും ബ്രഹ്മാവിനും പ്രാസാദ ത്തിന്റെ എട്ടു ദിക്കിലും മണലിട്ടു കീറിത്തീർത്തിട്ട് അന്വാ ധാനാദി പരിധിയോളമായാൽ തെക്ക് കലശം പൂജിച്ച് അവരവരുടെ അഷ്ടാക്ഷരത്തിന്റെ ഓരോ അക്ഷരംകൊണ്ടു നിറച്ച് മൂലംകൊണ്ടാവാഹിച്ച് പൂജിച്ച് പരിധ്യാദിമൂലാ ഷ്ടാജ്യാഹുതി കഴിഞ്ഞാൽ പുരുഷസൂക്തംകൊണ്ട് ഓരോ ഉരു ആജ്യാഹുതിയും പൂർണ്ണാഹുതിയും ചെയ്ത് അവരവരുടെ പഞ്ചതത്വം, ദ്വാദശാക്ഷരം, അഷ്ടാക്ഷരം എന്നിവകൊണ്ട് ചതുർദ്രവ്യങ്ങളേയും കടുക്, എള്ള്, നെയ്യ് ഇവയും നൂറെറ ട്ടുരു വീതം ഹോമിച്ച് സ്വിഷ്ടകൃദാദിഹോമം മുടിച്ച്,

125 ഏവം ശൌര്യജയോർവ്വിധായ പരിഹോമാം
സ്താമ്രകുംഭംപരം
തത്സമ്പാതഫലടോദകൈഃ സമഭി പൂര്യ്യാഷ്ടാർണ്ണ
വർണ്ണൈഃ ക്രമാൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏകീഭൂതചിതിം സ്വമൂലമനനാസങ്കല്പ്യ
തസ്മിൻ വിഭും
പ്രാച്ച്യാവേഷ്ട്യനവാംശുകേനകര ഗ്രസ്തം
മണ്ഡപാന്തന്നയേൽ.

മറെറാരു വലിയ ചെമ്പുകുടം കലശന്യയേന പൂജിച്ച് ഈ എട്ടുകലശങ്ങളിലേയും വെള്ളം അതാതക്ഷരംകൊണ്ട് ഈ കലശത്തിൽ വീത്തിപ്രണവംകൊണ്ടു പൂവ്വാരാധിച്ച് ഒന്നാക്കിക്കല്പിച്ച് മൂലംകൊണ്ടാവാഹിച്ച് പൂജിച്ച് നിവേദിച്ച് പ്രസന്നപൂജചെയ്തു രക്ഷിച്ച് മൂടി കയ്യുകൊണ്ടടച്ച് മണ്ഡപത്തിങ്കൽ കൊണ്ടുവന്ന് സ്വസ്തികത്തിൽ വെയ്ക്കുക.

126 ആചായ്യോ നവവസ്ത്രയുഗവിധിവദാചമ്യാ
ലയാന്തന്നിഷ-
ദ്യാത്മാനം സകളം വിഭാവ്യഗണപം
സമ്പൂജ്യനാന്ദീമുഖം
കൃത്വാമൂത്തിധരൈഃ സഹാചരിത പുണ്യാഹോ
വടേ പീഠമി-
ഷ്ട്വാത്രാസ്ഥാപ്യ വിധേഃ ശിലാം പ്രണവതഃ
പ്രാഗ്ഭ്യാഗ്രതം ന്യസേൽ

ആചാര്യൻ കോടിവസ്ത്രം ഉടുത്ത് ആചമിച്ച് അകത്ത് ചെന്നിരുന്ന് ദേഹശുദ്ധ്യാദി ചെയ്ത് ഗുരുഗണപതി പൂജിച്ച് നാന്ദീമുഖം കല്പിച്ച് ദാനങ്ങൾ ചെയ്ത് മൂത്തിപന്മാരോടുകൂടി 'ഓം രത്നാഷ്ടബന്ധദേവതാഃ പ്രീയന്താം' എന്നു വിശേഷം കൂട്ടി പുണ്യാഹം ചെയ്ത് നപുംസകശില പ്രതിഷ്ഠിയ്ക്കുവാനുള്ള കുഴിയിങ്കൽ പീഠം പൂജിച്ച് നപുംസകശിലയെ പ്രണവംകൊണ്ടു പ്രതിഷ്ഠിച്ച്

'ത്വമേവപരമാശക്തിസ്ത്വമേവാസനധാരികാ
ദേവാജ്ഞയാ ത്വയാ ദേവി സ്ഥാതവ്യമിഹസവ്ദാ.
സ്ഥിതം ചരാചരം യസ്യാം രത്നാനാം നിധിരവ്യയഃ
സാത്വം ബ്രഹ്മശിലാരൂപാതിഷ്ഠാത്ര ധരണീസ്ഥിരാ'

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എന്നീ രണ്ടു മന്ത്രങ്ങൾകൊണ്ടും പ്രാൎത്ഥിച്ചു് രത്നന്യാസം ചെയ്യുക.

127 ജ്യേഷ്ഠായാം മണിധാതുലോഹമിഹബീജാന്തം
കഗൌൎയ്യോസ്തദാ-
ദ്യേതസ്യാന്മണിലോഹധാതു ധനദക്ഷേത്രേ
ശവാക്പൂഷസു
മുൽഗന്ധം ധനദേƒധികം ത്രിഷു പരേഷു തൊഷ
ധീബീജകം
ബീജോപാന്തമജോക്തമേവ ജനനീഷ്വന്യേഷു
രത്നം പരം.

ജ്യേഷ്ഠാഭഗവതിയ്ക്കു് 'രത്നധാതുലോഹബീജം' ഈ ക്രമത്തിലും; ബ്രഹ്മാവിനും, ശ്രീപാർവ്വതിയ്ക്കും 'ബീജമണി ധാതുലോഹം'; വൈശ്രവണനും, ക്ഷേത്രപാലനും, സരസ്വതിയ്ക്കും, സൂൎയ്യനും 'രത്നലോഹധാതു' എന്നീ ക്രമത്തിലും അവിടെ വൈശ്രവണനു് 'മണ്ണും, അഷ്ടഗന്ധവും' കൂടി വേണം. മററു മൂവക്കും 'ധാതു' കഴിഞ്ഞാൽ 'ഓഷധിയും, ബീജവും' കൂടിവേണം. മാതൃക്കളിൽ 'രത്ന ധാതു ബീജ ലോഹം' എന്നക്രമവും മററുള്ളവർക്കു് 'രത്നം മാത്രമേയുള്ളു.

128 ജ്യേഷ്ഠായാം കുലിശം മുക്താശങ്ഖസ്ഫടിക പുഷ്യകം
നീലം ചൈവ പ്രവാളം ചാബ്ജരാഗം
ചേന്ദ്രനീലകം.

129 മനഃ ശിലാം ഹരീതാലമഞ്ജനം ശ്യാമസീസകേ
സൌരാഷ്ട്രീം രോചനം ചൈവ
ഗൈരീകം രസമേവച.

130 സുവൎണ്ണം രജതം താമ്രമായസം ത്രപുസീസകേ
കാസീസമാരകൂടംച ഹിരണ്യം ചയഥാക്രമം.

131 വ്രീഹി പ്രിയങ്ഗു നിഷ്പാവശ്യാമാകം
വൈണവം ക്രമാൽ
ഗോധൂമം ചതിലം ചൈവ മുൽഗം സർഷപമേവച.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജ്യേഷ്ഠാഭഗവതിയ്ക്കു്-വൈരം, മുത്തു്, ശംഖരാഗം, സ്ഫടികം, പുഷ്യരാഗം, നീലം, പവിഴം, പത്മരാഗം ഇന്ദ്രനീലം ഇവരത്നങ്ങളും, മനയോല, അരിതാരം, അഞ്ജനം, ശ്യാമം, ഈയ്യം (കാരീയം) തിരുവട്ടപ്പശ, ഗോരോചനം, മലയിലെ ചെങ്കല്ലു്, രസം ഇവധാതുക്കളും; സ്വർണ്ണം, വെള്ളി, ചെമ്പു്, ഇരുമ്പു്, ചെമ്പ്രാക്കട്ടി, ഈയ്യം (വെള്ളീയ്യം) കാരീയ്യം, ആരക്കൂടം (പാണ്ടിപ്പിച്ചള-ഏററവും മാററു കുറഞ്ഞ സ്വർണ്ണം) സ്വർണ്ണം ഇവലോഹദ്രവ്യങ്ങളും; നെല്ലു്, തിന, തുവര, ചാമ, മുളനെല്ലു്, ഗോതമ്പു്, എള്ളു്, ചെറുപയറു്, കടുകു് ഇവ ബീജദ്രവ്യങ്ങളുമാകുന്നു.

132 കേ യവവ്രീഹി നിഷ്പാവപ്രിയങ്ഗ്ഗുതിലമാഷകാൻ
നീവാരാംശ്ച തഥാശാലീൻ സിദ്ധാത്ഥം
ചയഥാവിധി.

133 വജ്രം മൌക്തിക വൈഡൂര്യ്യം ശംഖം
സ്ഫടികപുഷ്യകം
ചന്ദ്രകാന്തം ചേന്ദ്രനീലം പത്മരാഗം ചമദ്ധ്യതഃ

134 മനശ്ശിലാം ഹരിതാലമഞ്ജനം ശ്യാമസീസകേ
സൌരാഷ്ട്രീം രോചനാം ചൈവ
ഗൈരികം പാരതംതഥാ.

135 സുവണ്ണം രജതം താമ്രമായസംത്രപുസീസകം
സൌവണ്ണം കച്ഛപം ശങ്ഖം
ബ്രഹ്മസ്ഥാനെ ഹിരണ്യകം

ബ്രഹ്മാവിനു്—യവം, നെല്ലു്, തുവര, തിന, എള്ളു്, ഉഴുന്നു്, വരിനെല്ലു്, ചെന്നെല്ലു്, കടുകു് ഇവ ബീജങ്ങളും;

വൈരം, മുത്തു്, വൈഡൂര്യ്യം, ശംഖരാഗം, സ്ഫടികം, പുഷ്യരാഗം, ചന്ദ്രകാന്തം, ഇന്ദ്രനീലം, പത്മരാഗം ഇവ രത്നങ്ങളും;

മനയോല, അരിതാരം, അഞ്ജനം, ശ്യാമം, ഈയ്യം (കാരീയ്യം), തിരുവട്ടപ്പശ, ഗോരോചനം, മലയിലെ ചെങ്കല്ലു്, രസം ഇവ ധാതുക്കളും സ്വണ്ണം, വെള്ളി, ചെമ്പു്,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇരുമ്പ്, ചെമ്പ്രാക്കട്ടി, ഈയ്യം (വെള്ളീയ്യം), സ്വർണ്ണംകൊണ്ടുള്ള ആമ, ശംഖ് ഇവ പൂർവ്വാദി എട്ടു ദിക്കിലും നടുവിൽ സ്വർണ്ണവും ഇങ്ങിനെ ലോഹങ്ങളും; യഥാക്രമം ന്യസിയ്ക്കുക.

136 അഷ്ടമം വൈണവം ഗൌര്യാം
മഹാനീലം മണിഷ്വപി
മധ്യേബ്ജരാഗമേ വാസ്യ ബീജേഷു
തിഷ്ഠബീജകം

137 പുളകം വിദ്രുമം ചാപി സാഞ്ജനം ശ്യാമസീസകം
മനശ്ശിലാം ഹരിതാലം ഗൈരികം പാരതം തഥാ

138 ഹിരണ്യം രജതം താമ്രമായസംത്രപു സീസകം
സുവർണ്ണം തപ്തഹേമാഢ്യമാരക്കുടം തിഹാഷ്ടമം

139 ശങ്ഖം ചക്രം ശൂലം ദണ്ഡം ഖഡ്ഗം
പാശം ശരം തഥാ
പിനാകമപി സൌവർണ്ണാന്യേതാനി തിഹമദ്ധ്യതഃ

ശ്രീപാർവ്വതിയ്ക്ക്— യവം, നെല്ല്, തുവര, തിന, എള്ള്, ഉഴുന്നു്, വരിനെല്ല്, മുളനെല്ല്, ഇവ എല്ലാംകൂടി നടുക്കുമായി ബീജങ്ങളും; വൈരം, മുത്തു്, വൈഡൂര്യം, ശംഖരാഗം, സ്ഫടികം, പുഷ്യരാഗം, ചന്ദ്രകാന്തം, മഹാനീലം, പത്മരാഗം ഇവ ക്രമത്തിൽ രത്നങ്ങളും;

പവിഴപ്പുററു്, പവിഴക്കൊടി, അഞ്ജനം, ശ്യാമം, കാരീയ്യം, മനയോല, അരിതാരം. മലയിലെ ചെങ്കല്ല്, രസം ഇവ ധാതുക്കളും സ്വർണ്ണം, വെള്ളി, ചെമ്പ്, ഇരുമ്പ്, ചെമ്പ്രാക്കട്ടി, വെള്ളീയ്യം, * സുവർണ്ണം തപ്തഹേമാഢ്യ്യം, ആരക്കൂടം ഈ ലോഹങ്ങളും കിഴക്കാദി എട്ടു ദിക്കിലും ന്യസിച്ച് നടുവിൽ സ്വർണ്ണംകൊണ്ടുണ്ടാക്കിയ ശംഖ്, ചക്രം, ശൂലം, ഉലയ്ക്ക, ഖഡ്ഗം, പാശം, ശരം, വില്ല് ഇവയും ന്യസിയ്ക്കുക

---

* പഴുപ്പിച്ച് കറകളഞ്ഞ സ്വർണ്ണം അതായതു് 'തങ്കം' എന്നു് ഒരു പക്ഷം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

140 പൂർവ്വാദി മദ്ധ്യപര്യന്തം ന്യാസഃ
സർവ്വേഷ്വപി സ്മൃതഃ
ജ്യേഷ്ഠായാം മദ്ധ്യതഃ സ്വാസ്ത്രമഷ്ട
ലോഹേഷ്വേവ വേഷ്യതേ.

എല്ലാവക്കും പൂർവ്വാദി മദ്ധ്യാന്തമാകുന്ന ന്യാസക്രമം, ജ്യേഷ്ഠാഭഗവതിയ്ക്കു് മദ്ധ്യത്തിൽ തൻെറ ആയുധമോ എട്ടു ലോഹങ്ങളും കൂടിയിട്ടോ ന്യസിയ്ക്കുകയുമാകാം.

141 വജ്രം മരതകം യക്ഷേ പത്മരാഗം പ്രവാളകം
മുക്താ പുഷ്യമഹാനീലേന്ദ്രനീലം സൂര്യ്യകാന്തകം
142 സുവർണ്ണം രജതം താമ്രമായസം ത്രപുസീസകേ
ആരകൂടംച വിദലം കാംസ്യം മദ്ധ്യാദിതഃ ക്രമാൽ
143 ഗന്ധകം ചരസം ചൈവ ഹരിതാലം മനഃശിലാം
സൌരാഷ്ട്രീം മാക്ഷികരസൌ ഗൈരികം
ചരസേന്ദ്രകം.
144 നദ്യാശ്വോഭയതസ്തീരാന്നാഗവത്മീക ഗോഷ്ഠകാൽ
ക്ഷേത്രാദ്ധ്രദാച്ച മൂച്ചൈലാദ്വേദിമദ്ധ്യാച്ചസാഗരാൽ
145 ചന്ദനം കുങ്കുമം, ലോധ്രം,വങ്ഗം, ജാതീംചവാനരം,
അങ്കോലം കടുകം വജ്രം ഗന്ധമേ തച്ച പൂർവ്വവൽ

വൈശ്രവണങ്കൽ വൈരം, മരതകം, പത്മരാഗം, പവിഴം, മുത്തു്, പുഷ്യരാഗം, മഹാനീലം, ഇന്ദ്രനീലം, സൂര്യ്യകാന്തം എന്നിവ യഥാക്രമം രത്നങ്ങളും;

സ്വർണ്ണം, വെള്ളി, ചെമ്പു്, ഇരുമ്പ്, ചെമ്പ്രാക്കട്ടി, വെള്ളീയ്യം, ആരകൂടം, വിദളം, (പിച്ചള) ഓട്ടു് ഇവ ലോഹങ്ങളും;

ഗന്ധകം, രസം, അരിതാരം, മനയോല, തിരുവട്ടപ്പശ, മാക്കീരക്കല്ല്, രസം, മലയിലെ ചെങ്കല്ലു്, രസേന്ദ്രകം എന്നിവ ധാതുക്കളും;

നദിയുടെ ഇരുകരകരം, പുററു്, പശുവിനെ കെട്ടിയ ഇടം, വിളഭൂമി കയം, പവ്വതം, അഗ്നിഹോത്രവേദി, സമുദ്രം എന്നീ ഒമ്പതു സ്ഥലങ്ങളിലേ മണ്ണുകരം മുത്തുകളും;

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചന്ദനം, കുങ്കമം പാച്ചോററി, തക്കാരിവഴുതിനയോ പരുത്തിയോ, ജാതിയ്ക്ക, കണ്ടിവെണ്ണ, അങ്കോലം, കടുകമെന്ന സുഗന്ധമുള്ള പുല്ല്, വയൽച്ചുള്ളി (അഥവാ വെളുത്ത ദർഭ; ചതുരക്കള്ളിയ്ക്കും വജ്രം എന്നു പേരുണ്ട്) ഇവ ഗന്ധദ്രവ്യങ്ങളും ആകുന്നു. ഇവ മധ്യാദീശാന്തം ന്യസിയ്ക്കുക.

146 വജ്രം ചാർക്കമണിം നീലം മഹാനീലംച മൌക്തികം
പുഷ്യഗാരുഡവൈഡൂര്യ്യ പത്മരാഗാശ്ചഭാസ്വതി

147 താമ്രായസ്ത്രപുരുപ്യാണിപിത്തളം
കാംസ്യസീസകേ
ദേവലോഹം സുവർണ്ണംച മദ്ധ്യാന്തം
പൂർവ്വവന്ന്യസേൽ

148 താലം ശിലാം തോലികാംചമാ
ക്ഷികം ഹേമമാക്ഷികം
ഗൈരികം ഗന്ധകം ചാഭ്രം പാരതം നവമം സ്മൃതം

149 ഉശീരം ജാതി രക്താഖ്യചന്ദനാഗരു ശാരിബാഃ
ഉല്പലം ചന്ദനം കുഷ്ഠം ശംഖപുഷ്പീം യഥാക്രമം

150 വ്രീഹി ഗോധൂമകതിലമാഷമുൽഗയവാനപി
ശ്യാമാകാൻ ശാലി സിദ്ധാർത്ഥാൻ
ദിക്ഷു മദ്ധ്യേചവിന്യസേൽ

സൂര്യ്യകൽ—വൈരം, സൂര്യ്യകാന്തം, നീലം, മഹാനീലം, മുത്ത്, പുഷ്യരാഗം, ഗരുഡശില, വൈഡൂര്യ്യം, പത്മരാഗം എന്നീ രത്നങ്ങളും; ചെമ്പ്, ഇരുമ്പ്, ചെമ്പ്രാക്കട്ടി, വെള്ളി, പിച്ചള, ഓട്, വെള്ളീയം, ദേവലോഹം, സ്വർണ്ണം എന്നീ ലോഹങ്ങളും.

അരിതാരം, കന്മദം, തോലികാ (??) മാക്കീരക്കല്ല് (വെളുത്തതു്), പാൽനിറമുള്ള മാക്കീരക്കല്ല്. മലയിലെ. ചെങ്കല്ല്, ഗന്ധകം, അഭ്രം, രസം എന്നീ ഒമ്പതു ധാതുക്കളും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാമച്ചം, ജാതിയ്ക്കു, രക്തചന്ദനം, അകിൽ, ശതാവരി, ഉല്പലം, ചന്ദനം, കൊട്ടം, ശംഖപുഷ്പം എന്നീ ഒമ്പതു ഗന്ധ ദ്രവ്യങ്ങളും;

നെല്ല്, ഗോതമ്പ്, എള്ള്, ഉഴുന്ന്, ചെറുപയറ്, യവം, ചാമ, നവരനെല്ല്, കടുക് എന്നീ ഒമ്പതു ബീജ ങ്ങളും യഥാക്രമം ന്യസിയ്ക്കണം.

151 സൂൎയ്യവൽ ക്ഷേത്രപേ വാചി ശൌൎയ്യാം
വാശൈവമേവ വാ
സൂൎയ്യാദിഷു ചതുഷ്ഷേഷു ശ്രീശൌൎയ്യോ
ൎവ്വാതുവൈഷ്ണവം

ക്ഷേത്രപാലനം, സരസ്വതിയ്ക്കും മുകളിൽ സൂൎയ്യന പ റഞ്ഞ വജ്രാദിരത്നങ്ങളും, താമ്രാദിലോഹങ്ങളും, അരിതാ രാദി ധാതുക്കളും, രാമച്ചാദി ഗന്ധദ്രവ്യങ്ങളും, നെല്ല തുട ങ്ങിയ ബീജങ്ങളും, കിഴക്കാദി മദ്ധ്യാന്തമായിട്ടു ന്യസിയ്ക്ക ണം. ശ്രീപാൎവ്വതിയ്ക്കും സൂൎയ്യങ്കലേപ്പോലെ ആകാം. സൂ ൎയ്യൻ, ക്ഷേത്രപാലൻ, സരസ്വതി, ശ്രീപാർവ്വതി എന്നി വൎക്ക് ശിവങ്കലേപ്പോലേയും ആകാം. ശ്രീഭഗവതിയ്ക്കും ശ്രീകൃഷ്ണനും വൈഷ്ണവമായിട്ടും ആകാം. വ്യാഖ്യാനത്തിൽ 'ബീജോപാന്തമജോക്തമേവ' എന്ന് ഒരു വിശദീകരണം കാണുന്നുണ്ട്. ഇതും മിക്കവാറും വൈഷ്ണവം തന്നേ യാണെങ്കിലും 'മഹാനീല'ത്തിന്റെ സ്ഥാനത്ത് ഇന്ദ്രനീ ലവും മദ്ധ്യത്തിൽ 'പയോരുഹ'ത്തിന്റെ സ്ഥാനത്ത് 'ഹിരണ്യകം' എന്നും കാണുന്നുണ്ട്. ശ്രീഭഗവതിയ്ക്കും ശ്രീ പാൎവ്വതിയ്ക്കും അപ്പോാ 'മണി ധാതുബീജലോഹ'മെന്ന ക്രമം വരും.

152 വജ്രം മാതൃഷ്മുക്താംചപുഷ്യരാഗേന്ദ്ര നീലകം
സ്ഫടികം ചാഥവൈഡൂൎയ്യം മരതകം നീലമേവച.

153 മനഃശിലാം ഹരീതാലം സൌരാഷ്ട്രീം വിദ്രുമം തഥാ
ഗോരോചനാം പ്രവാളം ചാപ്യഞ്ജനം
മാക്ഷികം ക്രമാൽ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

154 ശാലീയവം സഗോധൂമം കങ്ക്കമാഷതിലാൻക്രമാൽ
ദിക്ഷുനീവാര നിഷ്പാവാൻ മദ്ധ്യേ f ഷ്വാവപിസവ്വതഃ

155 സുവൎണ്ണം രജതം താമ്രമായസം ത്രപു മദ്ധ്യതഃ
സൌവൎണ്ണം വാഹനം സ്വം സ്വമിത്ഥം
വാ ക്ഷേത്രപാലകേ.

മാതൃക്കൾക്ക് — വൈരം, മുത്ത്, പുഷ്യരാഗം, ഇന്ദ്രനീലം, സ്ഫടികം, വൈഡൂൎയ്യം, മരതകം നീലം എന്നീ എട്ടു രത്നങ്ങൾ പൂൎവ്വാദി എട്ടുദിക്കുകളിലും എട്ടുംകൂടി മദ്ധ്യത്തിലും;

മനയോല, അരിതാരം, തിരുവട്ടപ്പശ, പവിഴം, ഗോരോചനം, പവിഴക്കൊടി അഞ്ജനം, മാക്കീരക്കല്ല് ഈ ധാതുക്കൾ ദിക്കുകളിലും എല്ലാംകൂടി മദ്ധ്യത്തിലും;

നവരനെല്ല്, യവം, ഗോതമ്പ്, കമ്പപ്പയറ്, ഉഴുന്ന്, എള്ള്, വരിനെല്ല്, തുവര ഈ ബീജങ്ങൾ ദിക്കുകളിലും എല്ലാംകൂടി മദ്ധ്യത്തിലും സ്വൎണ്ണം, വെള്ളി, ചെമ്പ്, ഇരുമ്പ്, ചെമ്പ്രാക്കട്ടി ഇവ നാലുദിക്കിലും നടുക്കിലും ന്യസിച്ച മദ്ധ്യത്തിൽ അവരവരുടെ സ്വൎണ്ണംകൊണ്ടുണ്ടാക്കിയ വാഹനവും വേണം- ക്ഷേത്രപാലകനും ഇപ്രകാരം ആകാം. (ഇവിടെ ചെമ്പ്രാക്കട്ടിയുടെ സ്ഥാനം സംശയാസ്പദമാണ്.)

156 രത്നാനി മാതൃഭിർദ്ധാതൂൻ ഭൈരവൈർല്ലോകപാലകൈഃ
ബീജാനീത്ഥം ന്യസേൽ കാല്യാം മദ്ധ്യേ
ലോഹാംശ്ചമൂലത;

157 രത്നാനി സൂൎയ്യവദ്വാ f സ്യാം
കേവലാന്യേവ വിന്യസേൽ.
കാളീവദ്വാക്ഷേത്രപാലേ മദ്ധ്യേസ്വം
സ്വംചവാഹനം.

ഭദ്രകാളിയ്ക്കു മാതൃക്കളിൽ പറഞ്ഞ രത്നങ്ങളേ മാതൃക്കളേക്കൊണ്ടും, ധാതുക്കളെ 'അസിതാംഗാ'ദി ഭൈരവമന്ത്രങ്ങളെക്കൊണ്ടും, ബീജങ്ങളേ ഇന്ദ്രാദി ദിക്പാല മന്ത്രങ്ങ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ളേക്കൊണ്ടും, ലോഹങ്ങളേയും നടുവിൽ വാഹനത്തേയും മൂലംകൊണ്ടും ന്യസിയ്ക്കുക. നടുവിൽ എല്ലാത്തിനും മൂലം.

ഭദ്രകാളിയ്ക്കു് രത്നങ്ങൾ മാത്രമായുള്ള പക്ഷത്തിങ്കൽ വൈരം, സൂര്യ്യകാന്തം, നീലം, മഹാനീലം, മുത്തു്, പുഷ്യരാഗം, ഗരുഡശില, വൈഡൂര്യ്യം, പത്മരാഗം എന്നീ ഒമ്പതുമാകുന്നു.

ക്ഷേത്രപാലനും ഭദ്രകാളിയേപ്പോലെ ആകാം. എല്ലാവക്കും മദ്ധ്യത്തിൽ അവരവരുടെ വാഹനവും വേണം.

158 വജ്രം മൌക്തിക വൈഡൂര്യ്യം സ്ഫടികം പുഷ്യരാഗകം
ഇന്ദ്രനീലം പ്രവാളം ചശങ്ഖം കൃഷ്ണേ *f* ബ്ജരാഗകം

ശ്രീകൃഷ്ണനു് — വൈരം, മുത്തു്, വൈഡൂര്യ്യം, സ്ഫടികം, പുഷ്യരാഗം, ഇന്ദ്രനീലം, പവിഴം, ശംഖരാഗം പത്മരാഗം ഈ രത്നങ്ങളാകുന്നു.

159 വജ്രം മുക്താഫലം ലക്ഷ്മ്യാം വൈഡൂര്യ്യം നീലമേവച
പത്മരാഗം പ്രവാളംച പുഷ്യം മരതകംക്രമാൽ

ശ്രീഭഗവതിയ്ക്കു് വൈരം, മുത്തുച്ചിപ്പി, വൈഡൂര്യ്യം, നീലം, പത്മരാഗം, പവിഴം, പുഷ്യരാഗം, മരതകം ഇവ കിഴക്കാദി എട്ടുദിക്കിലും എട്ടുംകൂടി നടുവിലും ന്യസിയ്ക്കണം.

160 മദ്ധ്യേ സർവ്വാണി വിന്യസ്യേൽ
യത്ര മദ്ധ്യേ നചോദിതം
ലക്ഷ്മ്യാം ഹിരണ്മയം കൂർമ്മം വൃഷംച പൃഥിവീമപി.

നടുവിലേയ്ക്കു് പറഞ്ഞിട്ടില്ലാത്തിടത്തെല്ലാം എല്ലാംകൂട്ടി നടുവിൽ ന്യസിച്ചുകൊള്ളണം. ശ്രീഭഗവതിയ്ക്കു് സ്വർണ്ണംകൊണ്ടുണ്ടാക്കിയ ആമ, കാള, പൃഥിവീ എന്നിവയും വേണം മദ്ധ്യത്തിൽ ന്യസിയ്ക്കുവാൻ.

161 ദിക്പാണവോ ദിക്ഷുരവാവിഭാർണ്ണവർണ്ണാസ്തു
കൃഷ്ണേനിജമൂലവർണ്ണാഃ
സ്യുരഗ്രജായാമിതരേഷു മൂലം മദ്ധ്യേ *f* പി
സർവ്വേഷ്വഹാരൌ തവിനാർണ്ണഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആദിത്യന് എല്ലാ ദ്രവ്യങ്ങളും ന്യസിയ്ക്കുവാനും കിഴക്കാദി ദിക്കുകളിൽ ഇന്ദ്രാദിലോകപാലമന്ത്രങ്ങളും; ശ്രീകൃഷ്ണന് തന്റെ അഷ്ടാക്ഷരമായിരിയ്ക്കുന്ന മൂലത്തിന്റെ അക്ഷരങ്ങളും; ജ്യേഷ്ഠാഭഗവതിയ്ക്കു് തന്റെ മൂലാക്ഷരങ്ങളുമാകുന്നു. നടുവിൽ എല്ലാവർക്കും മൂലംതന്നെ ശ്രീകൃഷ്ണന് മദ്ധ്യത്തിൽ ദ്വാദശാക്ഷരമാണ്. മററുള്ളവർക്ക് എല്ലാററിനും മൂലംതന്നെ.

162 പുനശ്ചതുർദിക്ഷു മദ്ധ്യേ ജ്യേഷ്ഠായാം കനകം ക്രമാൽ
പഞ്ചശക്ത്യണുഭിർന്ന്യസ്യേദസ്യാം രത്നാനിഹേമവാ.

ജ്യേഷ്ഠാഭഗവതിയ്ക്കു് മൂലാക്ഷര മൂലങ്ങളേകൊണ്ടു് 'മണി, ധാതുലോഹ, ബീജ'ങ്ങളെ ന്യസിച്ചാൽ ഒടുവിൽ താഴെ പറയുന്ന മന്ത്രങ്ങളേക്കൊണ്ടു് സ്വർണ്ണമോ * രത്നങ്ങളോ പൂർവ്വാദി നാലു ദിക്കുകളിലും നടുവിലും ന്യസിയ്ക്കുകയും വേണം.

1 'ഓം ഹൌം നമഃ സർവ്വലോക ഹൃദയായൈ സ്വാഹാ'
2 'ഓം ഹ്രം നമഃ ആത്മതേജസേ സ്വാഹാ'
3 'ഓം ഹ്ലും നമോ ധർമ്മതേജസേ സ്വാഹാ'
4 'ഓം ക്ഷ്ണ്രൂം നമഃ സർവ്വഹാസായൈ സ്വാഹാ'
5 'ഓം കം നമഃ പരമേശായൈസ്വാഹാ'

163 ഇതി ഹൃതമന്ത്രനാഭിമൃശേൽ പ്രണവേ
നാവാഹ്യാച്ചയേദഥപീഠം
സ്ഥാപിതപീഠേ ശക്ത്യാ *ff* വാഹ്യയജേദിഹച
പീഠമഥരക്ഷേൽ

അനന്തരം സമ്പാതശേഷം ന്യസിച്ച രത്നത്തിന്റെ മീതേയും തന്റെ കൈകളിലും പുരട്ടി രത്നങ്ങളെ അടച്ചു പിടിച്ചു് അണിമാദ്യൈശ്വര്യത്തെ പ്രാർത്ഥിച്ചു് പ്രണവം കൊണ്ടാവാഹിച്ചു പൂജിച്ചു് അർഘ്യ പുഷ്പാഞ്ജലി മാനസ പൂജയും ചെയ്തു് പീഠത്തിങ്കൽ ശക്തികൊണ്ടാവാഹിച്ചു പൂജിച്ചു് അർഘ്യപുഷ്പാഞ്ജലിയും മാനസപൂജയും ചെയ്തു്

* ഇവിടെ രത്നങ്ങളും ആണെങ്കിൽ അവ ഏതെന്നു പറഞ്ഞുകാണുന്നില്ല.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പീഠം പ്രതിഷ്ഠിച്ച്, 'ധ്രുവാദ്യൌഃ' ഇത്യാദി ജപിച്ച്, തങ്കൽനിന്നും ആവാഹിച്ച് ലിപി, പീഠമന്ത്രാദിന്യസിച്ച് പൂജിച്ച് അർഗ്ഘ്യപുഷ്പാഞ്ജലിയും ചെയ്ത് പ്രതിഷ്ഠാത്ഥം പീഠം പൂജിച്ച് ശക്ത്യാവാഹിച്ച് പൂജിച്ച് അർഗ്ഘ്യപുഷ്പാഞ്ജലിയും ചെയ്ത് ബിംബ, കലശാദികളെ വെയ്ക്കുവാൻ പത്മങ്ങളിട്ട് പീഠം പൂജിച്ച് എല്ലാം രക്ഷിച്ച് പുറത്തു പോരു.

164 ബിംബേതൽപരികുംഭസേചനകൃദിഷ്ടാ
കർമ്മവിന്മണ്ഡലാ—
വദ്ധ്യുദ്വാസന കക്ക്രരീകലശരാൺ
നിദ്രാഘടോദ്ധാരണം.
ശേഷോദ്വാസനമങ്ഗകർമ്മ ച ചരേന്നീരാജ
നാർഗ്ഘ്യാപ്പണോ-
ത്തിഷ്ഠോത്ഥാപനയാപനാനി പരിഗത്യ
സ്വാലയാസാദനം.

അനന്തരം മണ്ഡപത്തിൽ വന്നു് ബിംബത്തിങ്കൽ പൂജിച്ച് സ്നാനകാലത്തു് ബ്രഹ്മാവിനും ശ്രീകൃഷ്ണനും പരിഹോമകലശംകൊണ്ടും എല്ലാവക്കും വിദ്യേശ്വരകലശം കൊണ്ടും പ്രോക്ഷിയ്ക്കുകയോ ആടുകയോ ചെയ്ത് പൂജാശേഷവും ചെയ്ത് ദാനം ചെയ്ത് കയ്യിലപ്പിച്ച് മണ്ഡലത്തിങ്കലും അഗ്നിയിങ്കലും പൂർണ്ണപുഷ്പാഞ്ജലി ചെയ്ത് തോരണധ്വജാദികളെ ഉദ്വസിച്ച് കുംഭേശ നിദ്രാദികലശങ്ങളേ യഥാവിധി എടുത്തുകൊടുത്തു് മുള, ശയ്യ, മണ്ഡപശക്തി മുതലായവയും ഉദ്വസിച്ച് വ്യാപകാംശം ചെയ്ത് നീരാജനമുഴിഞ്ഞു് പാണികൊട്ടിച്ച് അർഗ്ഘ്യം കൊടുത്തു് 'ഉത്തിഷ്ഠ' മന്ത്രം ചൊല്ലിക്കൊണ്ടു് ബിംബത്തെ വാഹനാദികളിൽ വെച്ച എഴുന്നെള്ളിച്ച് വാദ്യഘോഷത്തോടും 'കനിക്രദൽ' 'സ്വസ്തി' സൂക്തജപത്തോടുംകൂടി പ്രദക്ഷിണമായി കൊണ്ടുപോകമ്പോാം

165 നീരാജനം പ്രാഗ്വദ്ധ്ന്യാ ധാരാഥാർഘ്യകരോഗുരുഃ
ബിംബം നിദ്രാഘടഃ കുംഭേശ്വരഃ കർത്തേത്യയം ക്രമഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നീരാജനം, കക്കരി, ഗുരു, ബിംബം, നിദ്രാകലശം, കുംഭേശൻ, യജമാനൻ എന്നീക്രമത്തിൽ വേണം.

166 ദ്വായ്യർഗ്ഘ്യാപ്പ്ണമന്തരാസ്പദപരാഗ്
ഭദ്രാസനേ സ്ഥാപനം
സദ്യോ ƒർഗ്ഘ്യാപ്പ്ണവദ്ധ്നീ ജലവൃതീ
തത്രാസ്യവിഘ്നാച്ഛനം
കുർവ്വീതാഥവിധാനവിൽ പരദശാ
മന്ത്രാഭിവാഹാൻ ക്രമാൽ
ദാനം കാലവിധാപനം തദനു നീരാജ്യ
പ്രതിഷ്ഠാപനം.

പ്രാസാദ ദ്വാരത്തിങ്കൽ വന്നാൽ ഉപചാരം കൊണ്ട ഘ്യം കൊടുത്തു് മണി കൊട്ടി തലമുട്ടാതെ വലത്തു കാൽ മുമ്പായി അകത്തു കടന്നു് ബിംബാദികളെ അതാതിനുള്ള സ്ഥാനങ്ങളിൽ വയ്പിച്ചു് അർഗ്ഘ്യം കൊടുത്തു് കക്കരി പരിഷേകം ചെയ്യുക. അനന്തരം കാലുകഴുകി ദേഹശുദ്ധി പുതുക്കി ഗുരുഗണപതി പൂജിച്ചു് പരാവാഹന, അവസ്ഥാവാഹന, മന്ത്രാവാഹന പൂജ, പ്രതിഷ്ഠാർത്ഥം പൂജ, ശക്ത്യാവാഹന പൂജയും ദാനവും മുഹൂർത്തവും ചെയ്തു് നീരാജനമുഴിഞ്ഞു് ദേവപ്രതിഷ്ഠയും എല്ലാം വിധിയാംവണ്ണം ചെയ്യുക.

167 പ്രണവോ മൂലതുർദ്ധോത്ര സ്യാൽ പരാവാഹനേ മനുഃ
തദന്തുരദ്ധപ്രണവാൻ വർണ്ണസ്ഥാനേഷു വിന്യസേൽ.

ഇവിടെ പരാവാഹനത്തിനു് മൂലപുടിത പ്രണവത്രയം മന്ത്രമാകുന്നു. മൂലാക്ഷരപുടിത പ്രണവത്തെ മൂലാക്ഷരസ്ഥാനത്തു ന്യസിക്കുകയും വേണം.

168 മൂർത്തയഃ സ്യുർമ്മൂലതുർദ്ധാ അവസ്ഥാവാഹനാണവഃ.
പഞ്ചഭിർവ്വ്യാപയേദ്വ്യാ ƒ ധാന്തിമൌതു
ഹൃദിന്യസേൽ.

അവസ്ഥാവാഹനത്തിനു് മൂലപുടിതമായിരിക്കുന്ന അവരവരുടെ പഞ്ചമൂർത്തികളാണു് മന്ത്രം. അവ അഞ്ചുകൊ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ണ്ടും വ്യാപകവും വേണം. അഥവാ ഒടുവിലത്തെ രണ്ടും ഹൃദയത്തിങ്കൽ ന്യസിയ്ക്കുകയുമാകാം.

169 ഗായത്രീ സ്വമനശ്ചകേധ്രുവ ഇന്ദ്രേ
വാക്ക്ഷേത്രപാലാത്ഥദേ
മൂലംതാരനിരുദ്ധമേതദഗജായാം പഞ്ചതത്വാനിച
കൃഷ്ണേ വൈഷ്ണവ സൂക്തമൂലമപരം
ലക്ഷ്മ്യാം പ്രതിഷ്ഠാമനുഃ
കാള്യാമോം ത്വയയാന്തതോ *f* ഗ്രഭുവിമൂലം
സ്ഥാപയാമ്യന്തതഃ

എല്ലാവക്കും പ്രതിഷ്ഠാമന്ത്രത്തെ പറയുന്നു. ബ്രഹ്മാവിങ്കൽ ഗായത്രിയും മൂലവും, സൂൎയ്യങ്കൽ പ്രണവം, സരസ്വതീ ക്ഷേത്രപാല വൈശ്രവണന്മാൎക്ക്-പ്രണവപുടിതമൂലം, ശ്രീപാൎവ്വതിയ്ക്ക് പ്രണവപുടിതമൂലവും പഞ്ചതത്വവും, ശ്രീകൃഷ്ണന്-വിഷ്ണുസൂക്തവും മൂലവും, ശ്രീഭഗവതിയ്ക്ക്-ശ്രീസൂക്തവും മൂലവും, ഭദ്രകാളിയ്ക്ക് 'യയാ വിശ്വമിദം' ഇത്യാദിയും പ്രണവവും, ജ്യേഷ്ഠാഭഗവതിയ്ക്ക് മൂലവും 'ഓം സ്ഥാപയാമി' ഇത്യാദിയും, മാതൃക്കൾക്ക് അവരവരുടെ ബീജമന്ത്രം, എന്നിങ്ങനേയാകുന്നു.

'യയാവിശ്വമിദം വ്യാപ്തം ശിവവച്ഛിവമായയാ
സാത്വം നാരായണീദേവീ സ്ഥാതവ്യമിഹസൎവ്വദാ.'
'ഓം സ്ഥാപയാമി കലിപതീം
സർവ്വസിദ്ധിപ്രദായിനീം
പത്മജാപൂൎവ്വജാം ദേവീമാദ്യാമമൃതസംഭവാം'

170 താരോപചാരമൂലാനിത്രിഃ പ്രതിഷ്ഠാമനുഃ സകൃൽ
മൂലരുദ്ധേഷ്വ തത്വാനി മൂലമോമിതി തൽക്രമഃ

പ്രണവോപചാരമൂലം മുമ്മൂന്നുരുവും പ്രതിഷ്ഠാമന്ത്രം ഒരുരുവും, മൂലപുടിതപഞ്ചതത്വവും മൂലവും പ്രണവും മുമ്മൂന്നുരുവും എന്നിങ്ങനെ ക്രമം.

171 കൎണ്ണീത ധ്രുവജാപവിശ്വത ഉപസ്ഥാനാ
ഷ്ടബന്ധസ്വമ-
ന്ത്രാവാഹാൻ കലശേശ സൃഷ്ടികലശാ
സേകൌസജീവക്രിയാം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്ഥൂലസ്ത്വത്യഭിവാഹപൂർവ്വവരുപ
സ്ഥാനസ്വമന്ത്രാഭിവാ
ഹേജ്യാപായതേസാഷണാനി പുനരംഗ
ന്യാസനീരാജനം

അനന്തരം ലൂക്കും വക്ക്വം തൊട്ടുജപിയ്ക്കുക. 'വിശ്വതശ്ചക്ഷുഃ' ഇത്യാദി ഉപസ്ഥാനം, അഷ്ടബന്ധത്തിൻെറ ക്രിയ, മന്ത്രാവാഹന, കുംഭേശകലശാഭിഷേകം, നിദ്രാകലശാഭിഷേകം, ജീവാവാഹന, സ്ഥൂലാവാഹന, സ്തോത്രാവാഹന ഇത്രയും പൂജയും 'വിശ്വതശ്ചക്ഷു' 'ലോകാനുഗ്രഹ' ഇത്യാദി ഉപസ്ഥാനം ചെയ്ത് സ്വമന്ത്രംകൊണ്ടാവാഹിച്ച് പൂജിച്ച് പായസം നിവേദിച്ച് പ്രസന്നപൂജ ചെയ്ത് രക്ഷിച്ച് നീരാജനമുഴിയുക.

172 സ്വാംഗം സ്വമൂലം സഖഷോൽക്കഹംസം
ഹൃദ്യേവ ദേഹേ ദശതാരകാം ശ്ച.
ന്യസ്യേദുപസ്ഥാനവിധേഃ പുരസ്താൽ
സൂര്യേ പ്രതിഷ്ഠാസി വദേദ്രമായാം.

സൂര്യ്യങ്കൽ ഉപസ്ഥാനത്തിനു മുമ്പ് തൻെറ അംഗവും മൂലമന്ത്രവും, 'ഖഷോൽക്കായ സ്വാഹാ' എന്നും, 'ഓംഹ്രീം ഹംസഃ' എന്നും ഹൃദയത്തിങ്കൽ ന്യസിയ്ക്കണം.

ദേഹത്തിങ്കൽ 'ഓംഭൂഃ' എന്നു തുടങ്ങി 'ഓം സത്യം' എന്നു കഴിവോളമുള്ള സപ്തവ്യാഹൃതികളേ ഹൃദയം, മുഖം, വലത്തെ ചുമൽ, ഇടത്തേ ചുമൽ, വലത്തേ തുട, ഇടത്തേ തുട, വയറ് എന്നീ സ്ഥാനങ്ങളിൽ ന്യസിച്ച് ഗായത്രിയുടെ അക്ഷരങ്ങളേ താഴെ പറയുന്ന സ്ഥാനങ്ങളിൽ ന്യസിയ്ക്കുക. രണ്ടു കാലിൻെറയും നന്നാലു സന്ധികൾ, രണ്ടു കൈകൊണ്ടും ഒപ്പം ന്യസിയ്ക്കണം, ലിംഗം, നാഭി, ഹൃദയം, കണ്ഠം, രണ്ടു കൈകളുടേയും നന്നാലു സന്ധികൾ രണ്ടു കൈകൊണ്ടും ഒപ്പം വേണം, മുഖം, മൂക്ക്, കവിളുകൾ, കണ്ണുകൾ, ചെവികൾ, പുരികങ്ങൾ, മൂർദ്ധാവ്, പശ്ചിമമുഖം, ഉത്തരമുഖം, ദക്ഷിണമുഖം, പൂർവ്വമുഖം, ഊർദ്ധ്വമുഖം ഇങ്ങിനെ ഇരുപത്തിനാലു സ്ഥാനങ്ങൾ. പിന്നെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പദങ്ങൾ പത്തും ശിരസ്സ്, ഭ്രൂമദ്ധ്യം, കണ്ണുകൾ, മുഖം, കണ്ഠം, ഹൃദയം, നാഭി ഗുഹ്യം, ജാനുക്കൾ, പാദങ്ങൾ എന്നീ പത്തു സ്ഥാനങ്ങളിൽ ന്യസിച്ചാൽ 'ഓമാപഃ, ഓംജ്യോതിഃ, ഓംരസഃ, ഓമമൃതം, ഓംബ്രഹ്മ, ഓംഭൂർഭുവസ്സ്വരോം' എന്നീ ആറും സ്തനങ്ങൾ, മൂക്ക്, കണ്ണുകൾ, മുഖം, ശിരസ്സ്, ശിഖാ എന്നീ ആറു സ്ഥാനങ്ങളിൽ യഥാക്രമം ന്യസിക്കുക ദേഹത്തിങ്കൽ ദശപ്രണവം ന്യസിക്കണമെന്നേ മൂലത്തിലും വ്യാഖ്യാനത്തിലും കാണുന്നുള്ളൂ. ശാരദാതിലകത്തിൽ പറഞ്ഞിട്ടുള്ള വിധിയാണ് ഇവിടെ ചേർത്തിട്ടുള്ളത്.

ശ്രീ ഭഗവതിക്കു് 'പ്രതിഷ്ഠാസി പ്രതിഷ്ഠാവന്തോ ഭൂയാസ്മ' ഇത്യാദികൊണ്ടും ഉപസ്ഥാനം ചെയ്യണം.

173 പീഠാച്ചേ നിജശക്തിമൂലമഹിതേ കൃത്വാഽംബരാദ്യുജ്ജ്വലേ
വിദ്വാംസ്തദ്വിവരേ സഹേമ സികതാ പൂർണ്ണേഽഥ ശുദ്ധാച്ഛിതം
സമ്പാതോർജ്ജിതമഷ്ടബന്ധമപി കൃത്വാ ക്ലൃപ്തനീരാജനോ
ബദ്ധ്വാമന്ത്ര്യമനാചരേദ് ധ്രുവജപോമാമേളനാംഗാദിച.

പീഠത്തേയും ബിംബത്തേയും ശക്തികൊണ്ടും മൂലംകൊണ്ടും യഥാക്രമം പൂജിച്ച്, വസ്ത്രാദികളേക്കൊണ്ടലങ്കരിച്ച് സ്വർണ്ണവും രത്നങ്ങളും മണലുംകൊണ്ട് വിവരം നിറച്ച് അഷ്ടബന്ധത്തിങ്കൽ തളിച്ചു രക്ഷിച്ച് ശോഷണദഹനപ്ലാവനം ചെയ്ത് നവശക്തികൊണ്ടു പ്രാണായാമവും വ്യാപകാംഗവും ചെയ്തു പൂജിച്ച് സമ്പാതം സ്പർശിച്ച് നീരാജനമുഴിഞ്ഞു് അഷ്ടബന്ധമിട്ട് 'ധ്രുവാദ്യൌ' ഇത്യാദി ജപിച്ച് സമ്മേളനവ്യാപകവും മൂലംകൊണ്ടാവാഹിച്ച് അംഗന്യാസാദിയും ചെയ്യുക.

174 നീരാജ്യ താരാദിയുതൈഃ സ്രുതൈതൈ-
രഥാഭിഷിഞ്ചേൽ കലശേശ്വരേണ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

വ്യാപയ്യ താരേണ സുധീസ്ത്രിതത്വ-
ന്യാസാദികൃൽ തം കുസുമൈർദ്ധിനോത്തു.

അനന്തരം നീരാജനമുഴിഞ്ഞു് പ്രണവോപചാരമൂലം ത്രിതത്വമൂല പ്രണവം എന്നിവ ചൊല്ലിക്കൊണ്ടു് കുംഭേശകലശമാടി ത്രിതത്വന്യാസാദി ചെയ്തു് അർഘ്യപുഷ്പാഞ്ജലി ചെയ്യുക.

175 നീരാജ്യതാരാദിയുതൈരശേഷ-
തത്വൈസ്തു നിദ്രാകലശേന ബിംബം
മൂലാവസാനൈ രഭിഷിച്യ ചോമാ
വ്യാപയ്യ തത്വാദ്യപി വിന്യസേച്ച.

പിന്നേയും നീരാജനമുഴിഞ്ഞു് പ്രണവോപചാരമൂലവും അഖിലതത്വങ്ങളും മൂലപ്രണവവും ചൊല്ലി നിദ്രാകലശമാടി പ്രാണവ്യാപകാദി അംഗന്യാസാന്തം ചെയ്തു് പൂജിയ്ക്കുക.

ജീവാവാഹന

176 സ്വർണ്ണം ന്യസ്യതു ബിംബകേഽർണ്ണ കമലം
ഹൃദ്യാത്മഹൃത്സ്ഥേഽണുഭി-
ർജ്ജീവം ത്ര്യന്യതമൈർവ്വിഭാവ്യ ശരത്വൈഃ
ശങ്ഖകേശ്വാസതഃ
ആധായാസ്യ ഹൃദങ്കരന്ധ്രസിരയാപ്രാപയ്യ
നീത്വാപരം
പ്രത്യാപത്ത്യ തദങ്ഗ ജാതമനുഭിഃ
സ്വൈന്ന്യസ്യ മന്ത്ര്യർഹതു.

ഈ ശ്ലോകംകൊണ്ടു് ജീവാവാഹനയെ സംക്ഷേപിയ്ക്കുന്നു. ഇതിലെ പദാനുസൃതം അർത്ഥം പറഞ്ഞുകൊണ്ടായാൽ സുഗമമായിരിയ്ക്കില്ലെന്നു കരുതി ജീവാവാഹനയെ ചുരുക്കത്തിൽ ഇവിടെ പറയുകയേ ചെയ്യുന്നുള്ളു.

അഭിവാദ്യം ചെയ്തു് 'ശതധാരം' ജപിച്ചു് ഗുരുക്കന്മാരെ സ്മരിച്ചു് തനിയ്ക്കും ദേവനും എട്ടെട്ടുരു പ്രണവപ്രാണായാമം ചെയ്തു് ഹൃദയപത്മം വിടന്നു എന്നു സങ്കല്പിച്ചു് അപ്പോഴാം കോരിക്കൊണ്ടു വന്ന വെള്ളം അരിച്ചു് ശംഖിൽ നിറച്ചു് ആവാഹിപ്പാനുണ്ടാക്കി ശംഖ് രണ്ടു കൈകൊണ്ടും എടുത്തു് തന്റെ പാദാഗ്രത്തിങ്കൽ തുടങ്ങി സാവധാനമാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യി മന്ത്രം ചൊല്ലുക. പ്രണവോപചാരമൂലം മുമ്മൂന്നുരു, * മൂല പുടിത പഞ്ചതത്വം സൃഷ്ടിസംഹാരക്രമങ്ങളിൽ, 'ശ്രീകൃഷ്ണസ്യ', ഗൌരീശക്തേഃ ഇത്യാദി തത്തന്നാമം കൂട്ടി 'പ്രാണാപാനവ്യാനോദാന സമാനാനാം മനോബുദ്ധ്യഹങ്കാരചിത്താനാം ജീവ ആഗച്ഛാഗച്ഛ ഓം സംസോം ഹ്രീംഹംസഃ സോഹം സ്വാഹാ' എന്നും പിന്നെ മൂലം, 'ശ്രീകൃഷ്ണസ്യ' ഇത്യാദി തത്തന്നാമം 'ജീവമാവാഹയാമി സംസോംഹ്രീം ഹംസഃ ഹ്രീം ഓം' ഇങ്ങിനെ ത്രിസ്ഥാനങ്ങളിലും മന്ത്രം ചൊല്ലി ആവാഹിച്ച് നേരെ കീഴ്പോട്ടു കൊണ്ടുവന്ന് ഇടത്തുഭാഗത്തുകൂടി മേല്പോട്ടു കൊണ്ടുപോയി ഇടത്തെ മൂക്കിൽക്കൂടെ ആവാഹിച്ച് പഞ്ചതത്വം മൂന്നുരു ചൊല്ലി ബിംബമൂർദ്ധാവിങ്കൽ മൂന്ന പ്രാവശ്യമായിട്ട് അഭിഷേകം ചെയ്ത് യോജിപ്പിയ്ക്കുക. അനന്തരം ചന്ദനവും പൂവും ചാർത്തി പ്രണവംകൊണ്ടു മൂന്ന വ്യാപകം ചെയ്ത് ക്ഷേത്രജ്ഞതത്വവും പഞ്ചതത്വവും ഹൃദയത്തിങ്കൽ തൊട്ടു ജപിച്ച് പഞ്ചതത്വംകൊണ്ട് അഞ്ചു വ്യാപകങ്ങളും ചെയ്ത് പഞ്ചതത്വം ന്യസിച്ച് മൂലംകൊണ്ടും മൂന്ന വ്യാപകം ചെയ്ത് പ്രാണന്യാസം ചെയ്യുക. 'ഷോം നമഃ പരായ പ്രാണാത്മനേ നമഃ' എന്ന്. അംഗുഷ്ഠദ്വയംകൊണ്ട് പാദതലാദി നാസികാന്തം, 'യം നമഃ പരായ അപാനാത്മനേ നമഃ' എന്ന് തർജ്ജനീദ്വയംകൊണ്ട് തദാദി പൃഷ്ഠത്തിങ്കൽ കൂടെ തുടങ്ങിയേടത്തോളം. 'രാം നമഃ പരായ വ്യാനാത്മനേ നമഃ' എന്നു മദ്ധ്യമകാംകൊണ്ട് വ്യാപകമായിട്ടും, 'വഃ നമഃ പരായ ഉദാനാത്മനേ നമഃ' എന്ന് അനാമികാദ്വയംകൊണ്ട് ഉദരാദി ഭ്രൂഗന്തവും, 'ലാംനമഃ പരായസമാനാത്മനേ നമഃ' എന്ന് കനിഷ്ഠികാദ്വയംകൊണ്ട് നാഭ്യാദി ഹൃദയാന്തവും ന്യസിയ്ക്കുക. ഇപ്രകാരംതന്നെ അംഗുഷ്ഠാദി അംഗുലീദ്വയങ്ങാംകൊണ്ട് പഞ്ചതത്വബീജവും 'നമഃ പരായ' എന്നും 'നാഗാത്മനേ, കൂർമ്മാത്മ

---

* ബ്രഹ്മാവിന്ന് ആദ്യം ക്ഷേത്രജ്ഞതത്വം മൂലപുടിതമായിട്ടു ചൊല്ലീട്ടുവേണം പഞ്ചതത്വം മൂലപുടിതമായിട്ടു സൃഷ്ടിസംഹാരങ്ങാം ചൊല്ലാൻ. പഞ്ചതത്വത്തിന്നു ഇതുകൂടി വേണം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നേ, കൃകലാത്മനേ, ദേവദത്താത്മനേ, ധനഞ്ജയാത്മനേ'. എന്നും എല്ലാം നമോന്തമായിട്ട് വാക്കിങ്കലും, കണ്ണുകളിലും, മൂക്കിങ്കലും, ബഹിർവ്യാപകമായിട്ടും, അന്തർവ്യാപകമായിട്ടും ന്യസിച്ച് ഹൃദയത്തിൽ പത്മമുദ്രകാട്ടി 'ബംനമഃ പരായ ബുദ്ധ്യാത്മനേനമഃ' ഇത്യാദി 'തം നമ: പരായ ഗന്ധതന്മാത്രാത്മനേ നമ:' ഇത്യന്തം ഹൃദയപത്മത്തിൻെറ ചുവട്ടിലെ ദളം മുതൽ പ്രദക്ഷിണമായി എട്ടു ദളങ്ങളിലും ന്യസിച്ചു നടുവിൽ 'ഭം നമഃ പരായ പ്രാണാത്മനേ നമഃ' 'മംനമഃ പരായ ജീവാത്മനേ നമഃ' എന്നും ന്യസിച്ച് മുകളിൽനിന്നു തുടങ്ങി പ്രദക്ഷിണമായി ദിക്ദളങ്ങളിൽ 'അ ഓന്നമോ ഭഗവതേ വാസുദേവായ അ; ആ ഓന്നമോ ഭഗവതേ സങ്കർഷ്ണായ ആ; അം ഓന്നമോ ഭഗവതേ പ്രദ്യുമ്നായ അം; അഃ ഓന്നമോ ഭഗവതേ നിരുദ്ധായ അഃ' എന്നും ന്യസിച്ച് നടുവിൽ ശക്തിയും മൂലവും പ്രണവവും ന്യസിച്ച് വ്യാപകംചെയ്തു് തത്വമൂലാക്ഷരാംഗങ്ങളം ന്യസിച്ച് പൂജിച്ച് അർഘ്യപുഷ്പാഞ്ജലിയും മാനസപൂജയും ചെയ്യുക. ഇങ്ങിനെ ശ്രീകൃഷ്ണങ്കലെ ജീവാവാഹനയും പ്രാണന്യാസവും പറയപ്പെട്ടു. മററുള്ളവക്കെല്ലാം അവരവരുടെ പഞ്ചതത്വവും അതിൻെറ ബീജങ്ങളും ആണെന്നും നടുവിൽ പറഞ്ഞ വാസുദേവാദിമൂർത്തിന്യാസം ഇല്ലെന്നുംഭേദം. ശേഷമെല്ലാം ഗുരൂപദേശം കൊണ്ടറിഞ്ഞുകൊള്ളണം. ശ്ലോകത്തിൽ ശിരസ്സിങ്കൽ സ്വർണ്ണം ന്യസിയ്ക്കുവാനും ലിപിപങ്കജം ന്യസിയ്ക്കുവാനും പറഞ്ഞിട്ടുള്ളതു് പക്ഷാന്തരമാകുന്നു. *

സ്ഥൂലാവാഹന

177 താരരുദ്ധേന മൂലേന സ്ഥൂലാവാഹനമാചരേൽ
തേനവ്യാപ്യഷഡങ്ഗാദി ന്യാസപുഷ്പാ
ഞ്ജലിം ചരേൽ.

അനന്തരം പ്രണവപുടിത മൂലത്രയംകൊണ്ടു് സ്ഥൂലാവാഹന ചെയ്തു് ഷഡങ്ഗം ന്യസിച്ച് പൂജിച്ച് അർഘ്യപുഷ്പാഞ്ജലിയും മാനസപൂജയും ചെയ്യുക.

178 കൃഷ്ണേ സ്യാൽ വൈഷ്ണവം സ്തോത്രം
കാള്യാമുക്തം യയേത്യദഃ
ജ്യേഷ്ഠായാ മൃഗ്യജ്ജരിതിതഥാന്യേഷ്വപി മൃഗ്യതാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീകൃഷ്ണങ്കൽ വിഷ്ണുവിങ്കലേ സ്തോത്രാവാഹന മന്ത്രങ്ങളേക്കൊണ്ടും ഭദ്രകാളിയിങ്കൽ 'യയാവിശ്വം' ഇത്യാദികൊണ്ടും ജ്യേഷ്ഠാഭഗവതിയിങ്കൽ 'ഋഗ്യജുസ്സാമരൂപായ' ഇത്യാദികൊണ്ടും സ്തോത്രാവാഹന ചെയ്യുക. മന്ത്രം പറഞ്ഞിട്ടില്ലാത്തവക്ക് മൂലംകൊണ്ടും ചെയ്യുക.

'ഋഗ്യജുസ്സാമരൂപായ സ്ഥിത്യുല്പത്തി വിനാശിനേ
ദേവ്യോ fയം സ്ഥാപയാമീഹ
കലപതി! കലിപ്രിയേ !'
'യസ്യാഃ സിംഹാരഥേയുക്താ
വ്യാഘ്രീചാപ്യനുഗാമിനീ
താമിമാം പുണ്ഡരീകാക്ഷീം ജ്യേഷ്ഠീം
ദേവീമാവാഹയാമി.'

179 പൂർവ്വവദ്വിശ്വതശ്ചക്ഷുരിത്യുപസ്ഥായ മന്ത്രവിൽ
ലോകാനുഗ്രഹഹേത്വർത്ഥമിതി ചാപ്യുപതിഷ്ഠതാം.

പിന്നെ മുൻപോലെ 'വിശ്വതശ്ചക്ഷു' രിത്യാദികൊണ്ടും 'ലോകാനുഗ്രഹേത്വർത്ഥ' മിത്യാദികൊണ്ടും ഉപസ്ഥാനം ചെയ്യുക.

180 പീഠേജ്യാവാഹന സകളനാഡ്യ്യാദി
സാങ്ഗാവൃതീജ്യാ-
നൈവേദ്യാന്നാർപ്പണഹുത പരീവാരക്ലൃപ്ത്യർത്ഥനാനി
ഇജ്യാശേഷസ്വമനകരവിന്യാസസമ്മേളനാനി
വ്യാപ്തിം രക്ഷാംചരതുചതതോദ്വാരമാവൃത്യ രക്ഷേൽ

അനന്തരം നിത്യപൂജാർത്ഥം പീഠം പൂജിച്ച് ആവാഹിച്ച് ലിപിപിതത്വാദി ന്യസിച്ച് സപരിവാരം പൂജിച്ച് നിവേദിച്ച് വൈശ്വഹോമം ചെയ്ത് ശീവേലി തൂകി പ്രാർത്ഥിച്ച് അകത്തുചെന്ന് പൂജാശേഷം ചെയ്ത് അവസാനീയാഘ്യത്തോളമരയാൽ തന്റെ കയ്യ് ശുദ്ധമാക്കി ദേവശിരസ്സിങ്കൽ കമുത്തിവെച്ച് മന്ത്രം ജപിച്ച് ചിദ്ബിംബസമ്മേളനം യഥാവിധി ചെയ്ത് ലയാംഗം ചെയ്ത രക്ഷിച്ച് പൂജാപാത്രം മുതലായവ വെച്ച് വിളക്കുകൊളുത്തിവെച്ച് നടയടച്ച് രക്ഷിയ്ക്കുക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

181 കല്പനം പരിവാരാണാമൌത്സവേന ക്രമേണതു
തദാസക്തൽ ബലിം ദദ്യാദ്യാവദിത്യർത്ഥനം തതഃ

ശിവേലി തൂകുവാൻ താല്ക്കാലികമായിട്ട് പരിവാരങ്ങളെ കല്പിച്ച് ഓരോ ഉരു തൂകി 'യാവദത്ര' ഇത്യാദികൊണ്ടു പ്രാർത്ഥിക്കുക.

'യാവദത്ര ജഗന്നാഥോ ബിംബമാശ്രിത്യ തിഷ്ഠതി-
താവദത്രൈവ രക്ഷാർത്ഥം യൂയം തിഷ്ഠത സർവ്വദാ.'

182 സ്വഹസ്തേ മണ്ഡലം ധ്യാത്വാ തത്ര മന്ത്രമയം വിഭും
വിഭാവ്യ ബിംബമൂർദ്ധ്നേ തൽന്യസ്യേ
ത്സോപാക്തമന്ത്രാൻജപേൽ.

തന്റെ കയ്യ് അസ്ത്രം ചൊല്ലിക്കഴുകി അഷ്ടഗന്ധം പുരട്ടി ധൂപിച്ച് മൂലാക്ഷരം എഴുതി മൂർദ്ധാവിങ്കൽ വെച്ച് അവരവർക്ക് പറയുന്ന മന്ത്രങ്ങളെ ജപിക്കുക.

183 ദ്വിദ്വേ്യകോത്ഭിദൂരേഷു തത്വമനുസം
വ്യാപ്യ്യാത്രചിന്മന്ത്രബിം-
ബാഞ്ചാ വിഷ്ടര പീഠികായതന സംയോഗം
വിഭാവ്യക്രമാൽ
ബ്രഹ്മാദ്ധ്വോദ്ധ്വചിതാ ff ദിനോദവ പരി
വ്യാപ്യാ f ഭിപൂർവ്വാഖിലം
കാണ്ഡം തൽപരികല്പയേദഥ മഹാ
സാലാത്മനാ f വസ്ഥിതം.

പഞ്ച തത്വത്തിലെ ഒന്നും രണ്ടും കൊണ്ടു വ്യാപകം ചെയ്ത് ചൈതന്യവും ബിംബവും കൂടിയുള്ള ഐക്യത്തേയും; മൂന്നും നാലും കൊണ്ടു വ്യാപകം ചെയ്ത് ബിംബവും പീഠവും കൂടിയുള്ള ഐക്യത്തേയും; അഞ്ചാമത്തേതു കൊണ്ട് പീഠവും പ്രാസാദവും കൂടിയ ഐക്യത്തേയും കല്പിച്ച് തൊഴുതിരുന്ന് പ്രണവം ജപിച്ച് ദേവന്റെ മൂലാധാരത്തിങ്കൽനിന്നും ഒരു ചൈതന്യം ഉണ്ടായി എന്നും അതു് സുഷുമ്നാ നാഡിയിൽക്കൂടി ക്രമേണ വളൎന്നു മൂർദ്ധാവും താഴികക്കുടവും പിളൎന്നു ബ്രഹ്മാണ്ഡം മുഴവൻ നിറഞ്ഞു എന്നും അതു് ക്രമേണ ചുരുങ്ങിച്ചുരുങ്ങി മതില്ക്കകത്തു മാത്ര

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മായി എന്നും സങ്കല്പിയ്ക്കുക * (ഇവിടേയും ബ്രഹ്മാവിന്ന് ക്ഷേത്രജ്ഞതത്വം വേണം)

184 തതഃകൃത്വാ ലയാങ്ഗാദി രക്ഷാകൃത്വാം നിധായതു
ദീപമബ്ഗന്ധപുഷ്പാദി ദ്വാരം
ബധ്നൻ ബഹിർവ്രജേൽ

പിന്നെലയാംഗാദി ചെയ്ത രക്ഷിച്ച് വിളക്കും ജല ഗന്ധപുഷ്പ ധൂപദീപാദികളോടുകൂടിയ പൂജാപാത്രങ്ങളും വെച്ച് നടയടച്ച് പുറത്തുപോരു.

185 നോൽഘാടയേ ദ്വാരമഹസ്ത്രയേ ƒ ത്ര
കൃത്വാഗ്രതഃ സ്ഥണ്ഡിലമാദധീത.
നിത്യാർച്ചനം സ്വാഹ്ഹുതാദിയുക്തം
സംസ്ഥാപ്യതുര്യേ ƒ ഹനിയജേച്ച ബിംബേ.

മൂന്നു ദിവസം നടതുറക്കരുത്. മുമ്പിൽ പത്മമിട്ട് ത്രികാലപൂജ ചെയ്യണം. രണ്ടാംദിവസം പരിവാര പ്രതിഷ്ഠയും മൂന്നാംദിവസം ഹോമാദികളും കലശപൂജയും ചെയ്ത് നാലാംദിവം നടതുറന്നു് പായസ നിവേദ്യാദി ചെയ്ത് ഹോമകലശങ്ങളും ദ്രവ്യകലശവും ആടി അവസ്രാവവും ശ്രീഭൂതബലിയും ചെയ്യുക.

186 തത്രൈവ ത്രിദിനേ ƒ ഗ്രിമാദിബലി
പീഠാനാം ദിശാഹോമവ-
ന്മാതൄണാം സഹ്ഹുതം ത്വവാനിജപദേശേഷാ
ശിനഃ സ്വാസ്പദേ.
കാര്യ്യം സ്ഥാപനമഗ്രിമോരുബലി
പീഠസ്യാധിവാസാദികം
സർവ്വം 'തന്ത്രസമുച്ചയേ' നിഗദിതം
തൽകർമ്മകേതോരപി.

ഇന്ദ്രാദിയോ വരുണാദിയോ ആയ ദിക്പാലപ്രതിഷ്ഠ ദിശാഹോമങ്ങളോടുകൂടിയും, മാതൃക്കളുടേതു് ഹോമം കൂടാതേയും ആകാം, നിർമ്മാല്യധാരിപ്രതിഷ്ഠ, വലിയബലിക്കൽ, ധ്വജം എന്നിവയുടെ പ്രതിഷ്ഠ, എല്ലാം തന്ത്രസമുച്ചയത്തിൽ പറഞ്ഞപോലേ ചെയ്യുക.

രണ്ടാംപടലം സമാപ്തം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Gurukul Kangri Vishwavidyalaya Library

മൂന്നാംപടലം

1 അഥപ്രതിഷ്ഠാപിതദേവതാനാ മാസാം
സപര്യ്യാ ƒ പ്യഭിധീയതേ ƒ ദ്യ.
തത്രാദിതോ മൂലമന്ത്രൻ സഹാങ്ഗൈഃ
ഷഡദ്ധ്വനോന്യാസമപിബ്രവീമി

ഈ പടലത്തിൽ, പ്രതിഷ്ഠാപിതന്മാരായ ദേവന്മാരുടെ പൂജയും പറയപ്പെടുന്നു. അവിടെ ആദ്യം മൂലമന്ത്രങ്ങളും, അംഗങ്ങളും, ഷഡദ്ധ്വന്യാസം മുതലായവയും പറയുന്നു.

2 താരോ നതിർബ്രഹ്മണിനാമചസ്വം ചതുർത്ഥ്യുപേതംപുനരേഷ മൂലം
തത്സന്നതേഃ പ്രാഗ്യദിനാഗവർണ്ണസ്തത്സന്നമോ ƒ ന്തസ്തുപയമക്ഷ്വർണ്ണഃ

ബ്രഹ്മാവിന്നു 'ഓന്നമേറബ്രഹ്മണേ' എന്നു ഷഡക്ഷരമൂലവും, 'ഓം തത്സന്നമോ ബ്രഹ്മണേ' എന്നു് അഷ്ടാക്ഷരമൂലവും, 'ഓം തത്സന്നമോ ബ്രഹ്മണേ തത്സന്നമഃ' എന്നു് ദ്വാദശാക്ഷരമൂലവും ആകുന്നു.

3 വർണ്ണൈഃ ഷഡങ്ഗാനി ദ്രുഗന്തിമാനി ഷഡക്ഷരസ്യോദരപൃഷ്ഠവന്തി
അഷ്ടാക്ഷരസ്യ ദ്വിഷഡക്ഷരസ്യ പദൈഃ ഷഡാഖ്യാനസമുജ്ജ്വലാനി.

ഷഡക്ഷരത്തിന്നു് അതിന്റെ അക്ഷരംകൊണ്ടു് അംഗംവിശ്ലം—'ഓം ഹൃദയായനമഃ, നം ശിരസേസ്വാഹാ, മോം ശിഖായൈ വഷൾ, ബ്രംകവചായഹും, ണേം അസ്ത്രായഫൾ, ഹ്മംനേത്രാഭ്യാം വൗഷൾ' എന്നിങ്ങനെ അഷ്ടാക്ഷരമാകുമ്പോൾ 'ഓം ഹൃദയായ നമഃ, തംശിരസേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്വാഹാ, ത്സംശിഖായൈ വഷൾ, നംകവചായഹും, മോം അസ്ത്രായഫൾ, ബ്രം നേത്രാഭ്യാം വൌഷൾ, ഷം ഉദരായ നമഃ ണേം പൃഷ്ഠായനമഃ' എന്നിങ്ങനേയും, ദ്വാദശാക്ഷര മാകുമ്പോൾ 'ഓം ഹൃദയായ നമഃ, തത്സച്ഛിരസേസ്വാഹാ, നമഃ ശിഖായൈ വഷൾ, ബ്രഹ്മണേ കവചായഹും, നമഃ അസ്ത്രായഫൾ, തത്സന്നേത്രാഭ്യാം വൌഷൾ' ഇവിടെ നേത്രം ആദ്യമായിട്ടും പതിവുണ്ട്. മൂലശ്ലോകത്തിലെ 'ഷഡാഖ്യാനി സമുജ്ജ്വലാനി' എന്നതു് 'ഷഡാഖ്യാനസമുജ്ജ്വലാനി' എന്നായാൽ ഷഡാഖ്യാനം=ഷണ്മന്ത്രംകൂടി കൂട്ടി ക്കൊണ്ടുള്ള അനുഷ്ഠാനപക്ഷത്തിന്നനുസൃതമായിരിയ്ക്കും.

4 പ്രജാപതി ഋഷിഃ പങ്ക്തിശ്ഛന്ദോ
ബ്രഹ്മാച ദേവതാ.
ഷഡ്വർണ്ണസ്യാഥഗായത്രീച്ഛന്ദ ഉത്തരയോർമ്മതം

പ്രജാപതിഃ ഋഷിഃ പങ്ക്തിശ്ഛന്ദഃ ബ്രഹ്മാദേവതാ. എന്നു് ഷഡക്ഷരത്തിൻെറ ഋഷ്യാദികൾ. മററു രണ്ടിനും ഗായത്രീച്ഛന്ദഃ എന്നു ഭേദം.

5 താരോ വീയൽ സാനലദീർഘബിന്ദുശക്തീരവൌ
സസ്വപദംചണ്ഡേന്തം
നതിശ്ചമൂലം നവവർണ്ണ ഏഷ ഭേക്താ ff ഹ
രബ്ധ്യർണ്ണമഥാങ്ഗവർണ്ണം.

ആദിത്യനു് 'ഓം ഹ്രാം ഹ്രീം സഃ രവയേ നമഃ' എന്നു് നവാക്ഷരമൂലവും; 'ഓം ഹ്രാംഹ്രീം സഃ' എന്നു ചതുരക്ഷരമൂലവും, 'ഓം രവയേനമഃ' എന്നു് ഷഡക്ഷരമൂലവു മാകുന്നു.

6 ശക്തേഃ ഷഡങ്ഗാനി യുഗാക്ഷരസ്യങ്ങേ f ന്ത
സ്വനാമ്നാസഹിതാനിതാനി
നവാക്ഷരസ്യാഥ ഷഡക്ഷരസ്യ സൈ്വരക്ഷരൈ
ർബ്ബിന്ദുയുതൈഃ ക്രമേണ.

ചതുരക്ഷര മൂലത്തിനു് ഹ്രാമാദ്യംഗവും, ഷഡക്ഷര ത്തിനു് അതിൻെറ അക്ഷരങ്ങളെക്കൊണ്ടു് അംഗവും, നവാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്ഷരത്തിന്ന് ഓം ഹ്രാം രവയേ ഹൃദയായ നമഃ, രംഹ്രീം രവയേ ശിരസേസ്വാഹാ, വംഹ്രൂംരവയേ ശിഖായൈ വഷൾ, യേം ഹ്രൈം രവയേ കവചായഹും, നം ഹ്രൗം രവയേ നേത്രത്രയായ വൌഷൾ, മഃ ഹ്രഃ രവയേ അസ്ത്രായ ഫൾ' എന്നുമാകുന്നു

7 ഋഷിർബ്രഹ്മാ ഭൃഗുർവാ സ്യാൽ
ഗായത്രീച്ഛന്ദ ഈരിതം
ഷഡക്ഷരസ്യ പങ്ക്തിർവ്വാ സ്വയം സൂര്യശ്ചദേവതാ

'ബ്രഹ്മാ ഋഷിഃ ഗായത്രീച്ഛന്ദഃ സൂര്യോ ദേവതാ' ഷഡക്ഷരത്തിന്ന് പങ്ക്തിയായിട്ടും, ഋഷി എല്ലാററിനും ഭൃഗുആയിട്ടും ആകാം.

8 താരോനിജാദിർദ്ധനദേ സരേഫ സ്ത്രി
രുദ്രവിശസ്വരബിന്ദുയുക്തഃ
ബീജത്രയം സ്യാന്നിജനാമ ങേന്തം നതിശ്ച
മൂലം ദശവർണ്ണ ഏഷഃ

9 പദൈരസ്യ ഷഡങ്ഗാനി സ്യാദൃഷിർന്നളക്കൂബരഃ
ഛന്ദോ ഗായത്ര്യൈതസ്യ ധനദോ ദേവതാ സ്മൃതഃ

വൈശ്രവണന്ന്' ഓം ധ്രീം ധ്രേം ധ്രോം ധനദായനമഃ' എന്നു ദശാക്ഷരമൂലവും, 'ഓം ഹൃദയായ നമഃ, ധ്രീം ശിരസേസ്വാഹാ, ധ്രേം ശിഖായൈ വഷൾ, ധ്രോം കവചായ ഹും, ധനദായ നേത്രാഭ്യാം വൌഷൾ, നമഃ അസ്ത്രായഫൾ' എന്ന് അംഗവും, 'നളക്കൂബരഃ ഋഷിഃ ഗായത്രീച്ഛന്ദഃ ധനദോദേവതാ' എന്ന് ഋഷ്യാദികളും.

10 കൃഷ്ണേ ധ്രുവഃ സ്വനാമാഥചതുർത്ഥ്യന്തം നതിഃ ക്രമാൽ
ഷഡർണ്ണോ f ർണ്ണൈഃ ഷഡങ്ഗാനി സപ്താർണ്ണഃ
കാമബീജയുക്.

'ഓം കൃഷ്ണായനമഃ' എന്ന ശ്രീകൃഷ്ണന്ന് ഷഡക്ഷരമൂലവും അതിന്റെ അക്ഷരങ്ങൾകൊണ്ട് നേത്രാന്തം അംഗവും 'ഓം ക്ലീം കൃഷ്ണായനമഃ' എന്ന് സപ്താക്ഷരമൂലവുമാകുന്നു. (മഃ അസ്ത്രം, നമ്നേത്രാഭ്യാം ചൌഷൾ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

11 നാമേഹഗോവിന്ദപദം ഗോപീജനപദം തുവാ
വല്ലഭാന്തം നാരദോ ƒ സ്യ ഗായത്ര്യൃഷ്യാദയഃ സ്വയം

'ഓം ക്ലീം ഗോവിന്ദായ നമഃ' എന്നു് അഷ്ടാക്ഷരവും, 'ഓം ക്ലീം ഗോപീജന വല്ലഭായ നമഃ' എന്നു് ദ്വാദശാക്ഷരവും, 'ശ്രീനാരദഃ ഋഷിഃ, ഗായത്രീച്ഛന്ദഃ ശ്രീകൃഷ്ണോ ദേവതാ' എന്നു് ഋഷ്യാദികളുമാകുന്നു.

12 സ്വാഖ്യാങ്ഗേന്താ സരസ്വത്യാം
നതിർമ്മൂലം ഷഡക്ഷരൈഃ
അങ്ഗാനി കണ്വോ ഗായത്രീ
സ്വയമൃഷ്യാദയഃ ക്രമാൽ

'ഓം സരസ്വത്യൈ നമഃ' എന്നു സരസ്വതിയുടെ മൂലവും, ഇതിൽ പ്രണവം കൂടാതെയുള്ള ഷഡക്ഷരംകൊണ്ടംഗവും, 'കണ്വഃ ഋഷിഃ ഗായത്രീച്ഛന്ദഃ സരസ്വതീദേവതാ' എന്നു് ഋഷ്യാദികളും ആകുന്നു.

13 സ്വാഖ്യാ ബിന്ദുമതീ ബീജം ബീജൈ
സ്ത്വങ്ഗാനിഷഡ്ച്ഛ്റിയഃ
ഭൃഗുന്നിച്യൃച്ഛ്റീ ഋഷ്യാദ്യാഃ സന്തി മൂലാന്തരാണ്യപി

ശ്രീഭഗവതിയ്ക്കു് 'ഓം ശ്രീം നമഃ' എന്നു മൂലവും 'ശ്രാ'മാദ്യംഗവും, 'ഭൃഗുഃ ഋഷിഃ നിചൃച്ഛന്ദഃ ശ്രീർദ്ദേവതാ' എന്നു് ഋഷ്യാദികളുമാകുന്നു. മൂലങ്ങൾ വേറേയും ഉണ്ടു്.

14 ശക്തിർമ്മൂലം ഷഡങ്ഗാനി ദീർഘൈഃ
ശക്തിരൃഷിർഭവേൽ
ദേവതാ ഭുവനാധീശാ ഗൌര്യ്യാം ഗായത്ര്യപീതരൽ

15 ഉമോമേ പ്രണവോദ്വേധാ ങേ ƒ ന്താ
സ്വാഖ്യാ നമോ ƒ ന്വിതാ
പഞ്ചാർണ്ണോ ƒ ഥ ശിവാശബ്ദോ
നത്യാദിർങ്ങേ ƒ ന്വിതസ്തഥാ

ശ്രീപാർവ്വതിയ്ക്കു് 'ഓംഹ്രീംനമഃ' എന്നു മൂലവും ഹ്രാമാദ്യംഗവും 'ശക്തിഃ ഋഷിഃ ഗായത്രീച്ഛന്ദഃ ഭുവനേശ്വരീ ദേവതാ' എന്നു് ഋഷ്യാദികളുമാകുന്നു. 'ഉം ഉമായൈനമഃ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഓം ഉമായൈ നമഃ, ഓം നമശ്ശിവായൈ, ഓം ഹാം ഉമാദേവ്യൈ നമഃ' എന്നിങ്ങനെ മൂലം പലതുമുണ്ട്. * ഗായത്രിയും മൂലമാവാം.

16 ജ്യേഷ്ഠായാമനലോനതാലവലസൽഖം
ബീജമൂർദ്ധ്വം ധ്രുവാ-
ദൂർദ്ധ്വംചപ്രണതേശ്ചതുർത്ഥ്യുപഗതം
സർവ്വാദിരിങ്ഗാപദം
മൂലംസ്യാ ദഥസുവർണ്ണമർണ്ണവിഹിതാഷ്ടാങ്ഗം
കലിഃ സ്യാദൃഷി-
ർഗ്ഗായത്രീ സ്വയമപ്യുതേതരദിഹ സ്വം
നാമ്നി മൂലാന്തരം.

ജ്യേഷ്ഠാഭഗവതിയ്ക്കു് 'ഓം ഹ്രൂം നമസ്സർവ്വരിംഗായൈ' ഇതിലെ അക്ഷരങ്ങൾകൊണ്ടു് അംഗവും 'കലിഃ ഋഷിഃ ഗായത്രീച്ഛന്ദഃ ജ്യേഷ്ഠാഭഗവതീ ദേവതാ'. എന്നു് ഋഷ്യാദികളുമാകുന്നു ഇവിടെ 'സർവ്വരിംഗാ' ശബ്ദസ്ഥാനത്തു് ജ്യേഷ്ഠാശബ്ദവും ആകാം. ആദ്യപ്രണവം കൂടാതേ അഷ്ടാക്ഷരം.

17 ബാലാദിശക്തിം നിജനാമഭേന്തം
നതിർദ്ദശാർണ്ണ സ്ത്വിഹ ഭദ്രകാല്യാം
ശക്ത്യുത്ഥദീർഘൈർന്നിജ ഭാദിവർണ്ണൈഃ
സഹാങ്ഗഷട്കം വിദധീത ചാസ്യ.

ഭദ്രകാളിയ്ക്കു് 'ഐം ക്ലീം സൌഃ ഹ്രീം ഭദ്രകാള്യൈ നമഃ' എന്നു മൂലവും 'ഹ്രാംഭം ഹൃദയായ നമഃ, ഹ്രീംദ്രം ശിരസേസ്വാഹാ, ഹ്രൂം കാം ശിഖായൈ വഷൾ, ഹ്രൈം ള്യൈം കവചായഹും, ഹ്രൌം നം നേത്രത്രയായ വൌഷൾ, ഹ്രഃ മഃ അസ്ത്രായഫൾ' ഇങ്ങിനെ അംഗവുമാകുന്നു.

18 ശക്തേരിഹോർദ്ധ്വം ഭമിതി സ്വബീജം
നചാസ്തി ബാലാധ്രുവവാന്നവാർണ്ണഃ
ഋഷ്യാദയശ്ചേശ്വര പങ്ക്തിശക്തി-
ഭൈരവ്യ ഉക്താമതിമത്ഭിരസ്യ.

'ഓം ഹ്രീം ഭം ഭദ്രകാള്യൈ നമഃ' എന്നു നവാക്ഷരമായിട്ടും മൂലം ആകാം. ഋഷ്യാദികൾ 'ഈശഃ ഋഷിഃ പങ്ക്തിശ്ഛന്ദഃ ശക്തി ഭൈരവീ ദേവതാ' എന്നുമാകുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

19 താരം സ്വബീജം നതിപശ്ചിമം തു
സ്വനാമമന്തേ ƒന്തം ക്രമതഃ സ്വമൂലം
സ്യാൽ വീരഭദ്രാദിഷു ദീർഘഭാജാ
ബീജേന ചാങ്ഗാനി പുനഃ ഷഡേഷാം.

20 വീരേ ഗണേശേ ച നിജാദിവർണ്ണോ
ബീജം ധ്രുവാദിസ്ത്വഥ വിഘ്നിഷം ദ്വിഃ
നഭശ്ചതുർമ്മാതൃഷു വിശ്വഭൂമി-
ദ്വ്യക്ഷേശ വിശ്വാങ്ഗ കലാന്വിതാനി.

21 ഋഷ്യാദ്യാ സ്ത്വീശ്വരോഗായത്ര്യേഷാം
ജ്ഞേയാസ്സ്വയം സ്വയം
സ്വം സ്വം നാമചതുർത്ഥ്യന്തമേഷാം
മങ്ഗേഷു യോജയേൽ

'ഓം വീം വീരഭദ്രായ നമഃ, ഓംഗം ഗണപതയേ നമഃ, ഓം വ്യോം ബ്രഹ്മാണ്യൈ നമഃ, ഓം മം മാഹേശ്വര്യൈ നമഃ ഓം മാം കൌമാര്യൈ നമഃ, ഓംഹൈം വൈഷ്ണവ്യൈനമഃ, ഓം ഹേം വാരാഹ്യൈ നമഃ, ഓം ഹോമിന്ദ്രാണ്യൈ നമഃ ഓം ഹ്രൂം ചാമുണ്ഡ്യൈ നമഃ വാം വീരഭദ്രായ ഹൃദയായ നമഃ' ഇത്യാദിയും 'വ്യാം ബ്രഹ്മാണ്യൈ ഹൃദയായ നമഃ ഇത്യാദ്യംഗങ്ങളും പിന്നെ എല്ലാവക്കും 'ഈശ്വരഃ ഋഷിഃ, ഗായത്രീച്ഛന്ദഃ' എന്നു് എല്ലാവക്കും സമം ദേവതകരം 'വീരഭദ്രോ ദേവതാ' ഇത്യാദി തത്തന്നാമം കൂട്ടിച്ചൊല്ലുകയും വേണം.

22 സംവത്ത്ശ്ചന്ദ്രദസ്രേശ മനുസ്വര വികല്പിതഃ
ധ്രുവാദിഃ ക്ഷേത്രപാലേ സ്യാന്മൂലം
ങേന്താഭിധാ നതിഃ

ക്ഷേത്രപാലനു് 'ഓംക്ഷം ക്ഷേത്രപാലായ നമഃ' എന്നും 'ക്ഷം' എന്നിടത്തു് 'ക്ഷാം', 'ക്ഷേം', 'ക്ഷൌം' എന്നീ ഏതെങ്കിലും ബീജം ചേത്തും നാലു വിധത്തിൽ മൂലമാകാം.

23 ശിരോ നേത്രാസ്യ ഹൃന്നാഭിഗുഹ്യജാനു പദാനിതു
സ്ഥാനാന്യഷ്ടൌണ്ണ മന്ത്രാണാം വർണ്ണ
ന്യാസോജ്ഞനിക്രമാൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശിരസ്സ്, നേത്രം, മുഖം, ഹൃദയം, നാഭി, ഗുഹ്യം, ജാനു, പാദം എന്നീ സ്ഥാനങ്ങളിൽ അഷ്ടാക്ഷരങ്ങളെ സൃഷ്ടിക്രമത്തിൽ ന്യസിയ്ക്കുക.

24 ബീജോത്ഥ ദീർഘൈരംഗാനി
ഷഡസ്യ വടുകസ്തൃഷിഃ
ഗായത്രീച്ഛന്ദ ഉദ്ദിഷ്ടം ക്ഷേത്രപാലശ്ച ദേവതാ.

ക്ഷാമാദ്യംഗവും 'ബടുകഃ ഋഷിഃ, ഗായത്രീച്ഛന്ദഃ, ക്ഷേത്രപാലോ ദേവതാ' എന്നു് ഋഷ്യാദികളും.

25 സപ്താർണ്ണേ ഹീയതേ നാഭിർന്നേത്രനാഭീ ഷഡക്ഷരേ
മന്ത്രേ പഞ്ചാക്ഷരേ നേത്രനാഭിജാന്വനുപിക്രമാൽ.

സപ്താക്ഷരമായിരിയ്ക്കുന്ന മൂലത്തിങ്കൽ 'നാഭി' വേണ്ട; ഷഡക്ഷരത്തിങ്കൽ നേത്രവും നാഭിയും വേണ്ട, പഞ്ചാക്ഷരമെങ്കിൽ നേത്രനാഭി ജാനുക്കളം വേണ്ട.

26 നാഭിഹൃന്മൂർദ്ധസുതതോ മൂർദ്ധ്നി ശ്രോത്രേചലോചനേ
മുഖേഘ്രാണേ കരേ പാദേ ന്യാസോ
ദാരുക വിദ്വിഷി.

ഭദ്രകാളിയ്ക്കു്-നാഭി, ഹൃദയം, മൂർദ്ധാവു്, പിന്നേയും മൂർദ്ധാവു്, ശ്രോത്രം, നേത്രം, മുഖം, ഘ്രാണം, കരം, പാദം എന്നീ പത്തു സ്ഥാനങ്ങളിലാണു് മൂലാക്ഷരന്യാസം.

27 ബ്രഹ്മാദീനാം സ്വഗായത്ര്യ ഉപചാരാണവഃ സ്മൃതാഃ
തേഷാം പ്രസിദ്ധം സാമാന്യം വിശേഷസ്ത്വപത്രേയം

ബ്രഹ്മാവു തുടങ്ങിയ എല്ലാവക്കും അവരവരുടെ ഗായത്രിയാണു് ഉപചാരം.

28 ഹിരണ്യ ഗർഭോ ƒ ഥ ശതാനന്ദോ
ബ്രഹ്മണ്യഥ സ്വയം
ധനാധിപോ വൈശ്രവണോ
ധനദേ ƒ പിതഥാ സ്വയം

'ഹിരണ്യഗർഭായ വിദ്മഹേ ശതാനന്ദായ ധീമഹേ-തന്നോ ബ്രഹ്മാ പ്രചോദയാൽ' എന്നു ബ്രഹ്മാവിന്റേയും,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

'ധനാധിപായ വിദ്മഹേ വൈശ്രവണായ ധീമഹേ തന്നോ ധനദഃ പ്രചോദയാൽ' എന്നു വൈശ്രവണൻേറയും ഗായത്രികരം.

29 വാഗീശ്വരീ സരസ്വത്യാം തതോ
വാഗ്വാദിനീ സ്വയം
സുഭഗാ കാമദായിന്യൌ ഹൈമവത്യാം
തു ഗൌര്യപി

'വാഗീശ്വര്യൈ വിദ്മഹേ വാഗ്വാദിന്യൈ ധീമഹേ തന്നഃ സരസ്വതീ പ്രചോദയായൽ' എന്നു സരസ്വതിയ്ക്കും 'സുഭഗായൈ വിദ്മഹേ കാമദായി ന്യൈ ധീമഹേ തന്നോ ഗൌരീ പ്രചോദയാൽ' എന്നു ശ്രീപാർവ്വതിയ്ക്കും ഗായത്രികരം.

30 കാള്യാം രുദ്രസുതാ ശൂലഹസ്താ കാളീതിചക്രമാൽ
വീരഭദ്രാദിഗായത്ര്യ ഉത്സവേ പ്രഥിതാഃ സ്മൃതാഃ

(മഹാലക്ഷ്മീർ വിഷ്ണുപത്നീ ലക്ഷ്മീർല്ലക്ഷ്മ്യാം യഥാക്രമം)

ഭദ്രകാളിയിങ്കൽ 'രുദ്രസുതായൈ വദ്മഹേ ശൂലഹസ്തായൈ ധീമഹേ തന്നഃ കാളീ പ്രചോദയാൽ', എന്നും ശ്രീഭഗവതിയിങ്കൽ 'മഹാലക്ഷ്മ്യൈ വിദ്മഹേ വിഷ്ണു പത്ന്യൈ ധീമഹേ തന്നോലക്ഷ്മീഃ പ്രചോദയാൽ' എന്നും ഗായത്രികരം. വീരഭദ്രാദി മാതൃക്കളുടേതെല്ലാം ഉത്സവത്തിങ്കൽ പറയപ്പെടുന്നവയാകുന്നു.

31 ഭൂർല്ലക്ഷ്മീ ഭുവ ഉഗ്രീ ചാഗ്ര്യായാം സ്വഃ കാളകണ്ണിനീ
ഗായത്രീയം സ്വബീജാദിഃ തന്നോ
ജ്യേഷ്ഠീ പ്രചോദയാൽ

ജ്യേഷ്ഠാഭഗവതിയ്ക്കു് 'ഓം ഹ്രൂം ഭൂർല്ലക്ഷ്മ്യൈ ഭുവ ഉഗ്ര്യൈ വിദ്മഹേ സ്വഃ കാളകണ്ണിന്യൈ ധീമഹേ തന്നോ ജ്യേഷ്ഠീപ്രചോദയാൽ' എന്നു ഗായത്രി.

32 ബ്രഹ്മാദീനാം മന്ത്രഭേദാനപി വച്മീഹ കാംശ്ചന
ബ്രഹ്മാപ്രജാപതിഃ കസ്യ പരമേഷ്ഠീ ഹിരണ്യതഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

33 ഗർഭശ്ചതുർമ്മുഖശ്ച സ്യഃ സ്വയം ഭ്രൂരാഹ്വയാഹ്വിഷട്
ന്യാസേ ഹോമേ ചയോജ്യാഹി
താരനത്യാദിയോഗതഃ

'ഓം ബ്രഹ്മണേ നമഃ, ഓം പ്രജാപതയേ നമഃ, ഓം പരമേഷ്ഠിനേ നമഃ, ഓം ഹിരണ്യ ഗർഭായ നമഃ, ഓം ചതുർമ്മുഖായ നമഃ, ഓം സ്വയംഭുവേ നമഃ ഈ മന്ത്രങ്ങൾ ന്യാസത്തിനും ഹോമത്തിനും ഉപയോഗിക്കേണ്ടവയാണ്.

34 'നമഃ സകലരൂപായ നിഷ്കളായോ ഭയാത്മനേ
ബ്രഹ്മണേ വേദഗർഭായ ശാശ്വതായ പരാത്മനേ.'

ഈ മന്ത്രവും ബ്രഹ്മാവിനെ സേവിക്കുവാനുള്ളതാകുന്നു.

35 ആദിത്യഃ സൂര്യഭാനുശ്ച സഹസ്രകിരണോ രവൌ
മാർത്താണ്ഡോ ദ്വാദശ ജ്യോതീരൂപോ f
പിചദിവാകരഃ

36 നാമാന്യം ശുപതിർവ്വിഷ്ണുസ്താരാദീനിരവിഃ ശിവഃ
ജ്യോതിർമ്മയോ നമോ f ന്താനിന്യാസ
ഹോമിദിഷുക്രമാൽ.

ആദിത്യന് 'ഓം ആദിത്യായ നമഃ, ഓം സൂര്യായ നമഃ; ഓം ഭാനവേ നമഃ, ഓം സഹസ്രകിരണായ നമഃ, ഓം മാർത്താണ്ഡായ നമഃ, ഓം ജ്യോതീരൂപായ നമഃ, ഓം ദിവാകരായനമ: ഓംഅംശുപതയേനമ: ഓംവിഷ്ണവേനമഃ, ഓം രവയേ നമഃ, ഓം ശിവായ നമഃ, ഓം ജ്യോതിർമ്മയായ നമഃ' എന്നീ ദ്വാദശനാമങ്ങളും ന്യാസഹോമാദികളിൽ ഉപയോഗിക്കേണ്ടവയാകുന്നു.

37 താരഃ ഷഷ്ഠേ ചതുർത്ഥം തുഷഷ്ഠ സ്വരവിഷ്ഠാന്വിതം
കുബേരായനതിർമ്മൂലമപരം നരധർമ്മണഃ
'ഓം ശ്രീം ധനദ വൈശ്രവണ
ശങ്ഖപത്മനിധിനാഥ
അവതരമേ സ്വർണ്ണം ബഹു പ്രയച്ഛസ്വാഹാ'

വൈശ്രവണങ്കൽ 'ഓം ഭ്രം കുബേരായ നമഃ' എന്നും മൂലമാകാം. 'ഓം ശ്രീം ധനദ' ഇത്യാദിമന്ത്രവും വൈശ്രവണനുള്ളതാണ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

38 കൃഷ്ണശ്ച വാസുദേവശ്ച തതോ നാരായണഃ പരഃ
ദേവകീ നന്ദനശ്ചാപി യദുശ്രേഷ്ഠസ്തു പഞ്ചമഃ

39 വാർഷ്ണേയശ്ചാസുരാക്രാന്തഭാഗഹാരീ യഥക്രമം
ധർമ്മ സംസ്ഥാപകോന്യസ്യേൽ
കൃഷ്ണാഷ്ടകമിദം സ്മൃതം.

40 താരനത്യനവിതം ന്യാസസ്ഥഷ്ടസ്ഥാനേഷു കീർത്തിതഃ
ശ്രീശ്ച വാഗീശ്വരീ കാന്തിഃ ക്രിയാ
ശക്തിർവ്വിഭൂതയഃ

41 ഇച്ഛാപ്രീതീ രതിർമ്മായാ ശ്രിയോ
ധീർമ്മഹിമാദ്വിഷട്
ഏതാദ്വിഠാന്താ ഹോമമേസ്യസ്താരാദ്യാ
നതിസംയുതാഃ

42 ന്യസേദ്ദളികകുക്ഷ്യോർഹൃൽ കണ്ഠയോ
ർദ്ദക്ഷിണേപുനഃ
പാർശ്വാംസകന്ധരേഷ്വേവം വാമേ
പൃഷ്ഠേ f പിചക്രമാൽ

'ഓം കൃഷ്ണായ നമഃ, ഓം വാസുദേവായ നമഃ, ഓം നാരായണായ നമഃ, ഓം ദേവകീനന്ദനായ നമഃ ഓം യദുശ്രേഷ്ഠായനമഃ, ഓം വർഷ്ണേയായ നമഃ, ഓം അസുരാക്രാന്തഭാഗഹാരിണേ നമഃ, ഓം ധർമ്മസംസ്ഥാപകായ നമഃ' ഈ എട്ടും അഷ്ടാക്ഷര സ്ഥാനങ്ങളിൽ ന്യസിയ്ക്കുകയും, അനന്തരം 'ഓം ശ്രീയൈ നമഃ, ഓം വാഗീശ്വര്യൈ നമഃ, ഓം കാന്ത്യൈ നമഃ, ഓം പ്രിയായൈ നമഃ, ഓം ശക്ത്യൈ നമഃ, ഓം വിഭൂത്യൈ നമഃ, ഓം ഇച്ഛായൈ നമഃ, ഓം പ്രീത്യൈ നമഃ, ഓം രത്യൈ നമഃ ഓം മായായൈ നമഃ, ഓം ധിയേ നമഃ, ഓം മഹിമ്നേ നമഃ (ഓം മഹിമായൈ നമഃ) എന്നും പക്ഷം)' ഈ പന്ത്രണ്ടും നെററി, വയറ്, ഹൃദയം, കഴുത്ത്, വലതുപാർശ്വം, വലതുചുമൽ, വലതുഭാഗം കഴുത്ത്, ഇടതുപാർശ്വം, ഇടതുചുമൽ, ഇടതുഭാഗം കഴുത്ത്, പൃഷ്ഠം, പിൻകഴുത്ത് ഈ സ്ഥാനങ്ങളിൽ ന്യസിയ്ക്കുകയും ഹോമത്തിങ്കൽ 'സ്വാഹാ'കാരം കൂട്ടുകയും വേണം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

43 ഉമാദേവീച ഗൌരീച സതീത്വ്യംശിവാ ഭവേൽ
രുദ്രാണീ പാൎവ്വതീചാഥ ഭവാനീ വിശ്വസംഭവാ.

44 ശിവശക്തി; സ്കന്ദമാതാ ഗൌൎയ്യാം നാമാനിവൈദശ
ഏഭിർഹോമോ ഽധിവാസേ ഽസ്യാ:
സ്തുതിപൂജാദിഷ്വസ്തതം

'ഓം ഉമാദേവ്യൈ നമ:, ഓം ഗൌൎയ്യൈ നമ., ഓം സത്യൈ നമ:, ഓം ശിവായൈ നമ:, ഓം രുദ്രാണ്യൈ നമ , ഓം പാർവ്വത്യൈ നമ:, ഓം ഭവാന്യൈ നമ:, ഓം വിശ്വസംഭവായൈ നമ:, ഓം ശിവശക്ത്യൈ നമ:, ഓം സ്കന്ദമാത്രേ നമ:' എന്നീ ദശനാമങ്ങൾ ശ്രീപാൎവ്വതിയിങ്കൽ ന്യാസം, ഹോമം, പുഷ്പാഞ്ജലി എന്നിവയ്ക്കു് വേണ്ടവയാകുന്നു.

45 ജ്യേഷ്ഠീ കലിപത്നീ കലിഹൃദയാ
മൂലാദികേശ്യഥ ചകുംഭീ
കൃഷ്ണാജേഷ്ഠാഖ്യാ: കൃഷ്ണപിങ്ഗലാഥ
ക്രിയാഹ്രീയാചനവ.

ജ്യേഷ്ഠാഭഗവതിയിങ്കൽ 'ഓം ജ്യേഷ്ഠായൈ നമ:, ഓം കലിപത്ന്യൈ നമ: ഓം കലിഹൃദയായൈ നമ:, ഓം മൂലകേശ്യൈ നമ , ഓം കുംഭ്യൈ നമ:, ഓം കൃഷ്ണായൈ നമ:, ഓം കൃഷ്ണപിംഗലായൈ നമ , ഓം ക്രിയായൈ നമ:, ഓം ഹ്രിയായൈ നമ:' എന്നീ നവനാമങ്ങൾ ന്യാസഹോമാദികളിൽ വേണ്ടതാകുന്നു.

46 താര: ശക്തിരഥ പ്ലീം ഫേം നാമ വിദ്യേഥജ്ഞം നതി:
മാതൃണാം മനവ: സപ്തഭിാന്തോ ബലിഹോമയോ:

മാതൃക്കളിൽ 'ഓംഹ്രീം പ്ലീം ഫേംബ്രഹ്മാണീ വിദ്യേ ജ്ഞം നമ: ഓംഹ്രീം പ്ലീം ഫേം മാഹേശ്വരീ വിദ്യേ ജ്ഞം നമ:' ഇപ്രകാരം മററുള്ള അഞ്ചു പേൎക്കും തന്നാമം യഥാസ്ഥാനത്തു ചേൎത്തു ചൊല്ലിക്കൊള്ളണം. ഇവ ബലിയ്ക്കും ഹോമത്തിന്നും 'സ്വാഹാന്ത'മായി ഉപയോഗിയ്ക്കണം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

47 സ്വനാമ്നൈവ ബലീർദ്ദേയോ വീരഭദ്രഗണേശയോഃ
മാലാമന്ത്രം തു വക്ഷ്യാമി ബലി പൂജാദിഷൂചിതം.

വീരഭദ്രനും ഗണപതിക്കും തന്റെ തന്റെ മൂലംകൊണ്ടുതന്നെ ബലിതൂകിയാൽ മതി. അനന്തരം ബലി പൂജാദികളിൽ വേണ്ടുന്നതായ മാലാമന്ത്രത്തെ പറയുന്നു :—

'ഓമാകാശമാതൃഭ്യഃ സർവ്വകാമാർത്ഥ സാധനീഭ്യോ ƒ ജരാമരീഭ്യഃ സർവ്വോപരി വർത്തിനീഭ്യഃ സർവ്വസത്വവശങ്കരീഭ്യഃ സർവ്വകർമ്മ പ്രവർത്തനീഭ്യഃ സർവ്വമാതൃഭ്യഃ സർവ്വമാതൃഗണേഭ്യഃ സ്വാഹാ'.

48 മോദപ്രമോദഹംസാഃ സാമഗസത്യൌ
ച പഞ്ചവിംശസൃജി.
പരമസുഖസപ്രഭൃത വിമലസാരര
ദിനകരേ സമാരാദ്ധ്യഃ

ബ്രഹ്മാവിന്ന്- 'ഓം മോദായ നമഃ, ഓം പ്രമോദായ നമഃ, ഓം ഹംസായ നമഃ, ഓം സാമഗായ നമഃ, ഓം സത്യായ നമഃ' എന്നും ആദിത്യന്ന്— 'ഓം പരമസുഖായ നമഃ, ഓം പ്രഭൃതായ നമഃ, ഓം വിമലായ നമഃ, ഓം സാരായ നമഃ, ഓം സമാരാദ്ധ്യായ നമഃ എന്നും പഞ്ചമൂർത്തി മന്ത്രങ്ങൾ ആകുന്നു.

49 വൈശ്രവണ കുബേര ധനദമഹാബലാ
രാജപദയുഗധിരാജഃ
യക്ഷപതാവഥ കൃഷ്ണേ വിഷ്ണ്വുക്താ
വാസുദേവാദ്യാഃ

വൈശ്രവണന്ന്— 'ഓം വൈശ്രവണായ നമഃ, ഓം കുബേരായ നമഃ, ഓം ധനദായ നമഃ, ഓം മഹാബലായ നമഃ, ഓം രാജാധിരാജായ നമഃ എന്നും ശ്രീകൃഷ്ണനു വിഷ്ണുവിങ്കലേ വാസുദേവാദികളും പഞ്ചമൂർത്തികളാകുന്നു.

50 സരസ്വത്യഥ വാഗീശ്വര്യഥ വാഗ്വാദിനീക്രമാൽ
വാഗ്ദേവീച സരസ്വത്യാം പഞ്ചമീ സർവ്വമാതൃകാ.

സരസ്വതിയിങ്കൽ - 'ഓം സരസ്വത്യൈ നമഃ, ഓം വാഗീശ്വര്യൈ നമഃ, ഓം വാഗ്വാദിന്യൈ നമഃ, ഓം വാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദേവൈ്യ നമ:, ഓം സർവ്വമാതൃകായൈ നമ:' എന്നിങ്ങനെ പഞ്ചമൂർത്തികൾ.

51 ശ്രീരഥ ജയാ സവിജയാസ്യാദജിതാ
ചാപരാജിതാ ലക്ഷ്മ്യാം
ജ്യേഷ്ഠായാം പരമേശാതതഃ ക്രമാൽ
സർവ്വലോകഹൃദയാദ്യാ:

ശ്രീഭഗവതീയിങ്കൽ 'ഓം ശ്രീയൈ നമ:, ഓം ജയായൈ നമ, ഓം വിജയായൈ നമ:, ഓം അജിതായൈ നമ:, ഓം അപരാജിതായൈ നമഃ' എന്നും; ജ്യേഷ്ഠാഭഗവതിയിങ്കൽ രത്നന്യാസത്തിങ്കൽ പറഞ്ഞവ അഞ്ചും—അവിടെ ഒടുവിലത്തേതു് ആദ്യവും പിന്നെ ക്രമത്തിൽ നാലും ആയിട്ടാണെന്നു ഭേദം— പഞ്ചമൂർത്തികളാകുന്നു.

52 ഹൃല്ലേഖാ ഗഗനാരക്താ ഗിരിജായാം കരാളികാ
മഹോച്ഛുഷ്മാചതാ ഏവ ഭദ്രകാള്യാം ചകീർത്തിതാ:

ശ്രീപാർവ്വതിയിങ്കലും 'ഭദ്രകാളിയിങ്കലും 'ഓം ഹൃല്ലേഖായൈ നമ:, ഓം ഗഗനായൈ നമ:, ഓം രക്തായൈ നമ:, ഓം കരാളികായൈ നമ:, ഓം മഹോച്ഛുഷ്മായൈ നമ: എന്നിങ്ങനെ പഞ്ചമൂർത്തികളാകുന്നു. *

53 ബ്രഹ്മതപനാദിഷു കലാതത്വ ഭുവനവർണ്ണപദമന്ത്രാ:
ഗുർവ്വീരിതയാ രീത്യാ പ്രായോജ്ഞേയാ: ഷഡദ്ധ്വാന:

ബ്രഹ്മാവു്, സൂര്യ്യൻ മുതലായ ദേവന്മാൎക്കു് കലാ, തത്വം, ഭുവനം, വർണ്ണം, പദം, മന്ത്രം എന്നീ ഷഡദ്ധ്വാക്കൾ മിക്കവാറും ഗുരുവിനാൽ പറയപ്പെട്ടപ്രകാരംതന്നെയാണെന്നറിയണം.

54 ഹൌമാദിബീജയോഗിന്യ: ശാന്ത്യ
തീതാദികാ: കലാ:
പഞ്ച കാദിഷു വിന്യസ്യേൽ
കാലാദ്ധ്വാ സകലേഷ്വയം.

---

* ഇവിടെ മാതൃക്കൾക്കു് പഞ്ചമൂർത്തി മന്ത്രങ്ങൾ പറഞ്ഞു കാണുന്നില്ല; രുരുജിദ്വിധാനത്തിലേവയായിരിയ്ക്കും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

'ഹൌം നമ: പരായ ശാന്ത്യതീത കലാത്മനേ നമ:' ഇത്യാദിതന്നെ എല്ലാവരിലും കലാദ്ധ്വാവു്. (ശ്രീകൃഷ്ണനു് ഹൌം നമ: പരായ ശാന്ത്യതീത കലാത്മനേ നാദാത്മനേ വാസുദേവായ നമ:' എന്നിത്യാദി വേണമോ എന്നു സംശയം).

55 സ്വപഞ്ചമൂർത്തി യോഗിന്യോ ബ്രഹ്മാ
ദിഷ്വന്തതഃക്രമാൽ
ഹൌമാദീനി നിജൈബ്ബീജൈഃ
കഖാദ്യൈർമ്മിളിതാനിവാ.

എല്ലാവരിലും അവരവരുടെ പഞ്ചമൂർത്തികളെ ഒടുവിൽ ചേർത്തിട്ടും ആകാം. 'ഹൌം നമഃ പരായ ശാന്ത്യതീത കലാത്മനേ മോദായ നമഃ' എന്നിങ്ങനെ *

56 ജീവപ്രാണാദീനിതത്വാനി സർവ്വേഷ്വാദിത്യേ
ശൈവാനിവാ വാങ്ഗ് മൃഡാന്യോഃ
കാള്യാദിഷ്വപ്യാസ്വവാശക്തിമായേ വിദ്യാ
പശ്ചാൽ പുംസ്പ്രകൃത്യാദിശേഷം.

എല്ലാവക്കും തത്വങ്ങൾ ജീവപ്രാണാദി പഞ്ചവിംശതിതന്നെ. ആദിത്യങ്കൽ ശൈവ ഷട്ത്രിംശൽ തത്വങ്ങളാകുന്നു. സരസ്വതിയ്ക്കും ശ്രീപാർവ്വതിയ്ക്കും, കാള്യാദികൾക്കും ഷട്ത്രിംശൽ തത്വമായിട്ടും, മൂവക്കു് (സരസ്വതി പാർവ്വതി കാളി) അഷ്ടാവിംശതി തത്വമായിട്ടും ആകാം. അഷ്ടാവിംശതിയാകുമ്പോൾ ശക്തി, മായാ, വിദ്യ പിന്നെ പുംസ്പ്ര കൃത്യാദിശേഷവും, ആകുന്നു.

57 ജീവാദിഷ്വിഹ മാദീനി ഹൽക്ഷാദീനി ശിവാദിഷു
ബീജാ ന്യൈം കാമസൌസ്സൾഃ
ശക്ത്യാദിഷു യഥാക്രമം.

ജീവാദിതത്വങ്ങൾക്കു് മകാരാദികൾതന്നെ ബീജങ്ങൾ; ശിവാദിതത്വങ്ങൾക്കു് ഹൌം എന്നും ക്ഷകാരാദി

* 'കഖാദ്യൈഃ' എന്നു് പറഞ്ഞിട്ടുള്ളതിന്റെ അർത്ഥം മനസ്സിലായില്ല.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യും, ശക്തി മായാവിദ്യകൾക്കു് 'ഐം, ക്ലീം, സൌഃ' എന്നിവയും യഥാക്രമം ബീജങ്ങളാകുന്നു.

58 ന്യസ്യേദ്ധൃൽ പുണ്ഡരീകാദിതത്വാന്തേഷു ചതുഷ്ടയം
പഞ്ചതത്വാന്യപി ലിപിതത്വാണ്ണന്യാസസംഭവേ.

ഹൃൽപുണ്ഡരീകാദി നാലിനേയും പഞ്ചതത്വങ്ങളേയും ഷഡദ്ധ്വന്യാസത്തിങ്കലും, ലിപി തത്വാക്ഷരാംഗന്യാസത്തിങ്കലും ഒരുപോലെ ന്യസിയ്ക്കുക.

59 കൃഷ്ണേഹരാവിവ നിസുംഭജിതീവ ലക്ഷ്മ്യാം
തത്വാനിമന്മഥ ജിതീവ പരേഷുപഞ്ച
ക്ഷേത്രജ്ഞഖാദി പദമേവ ഷഡണ്ണവണ്ണ
സംയോജിതം ശതധൃതാവിതി ഷട്ട്‌ു തസ്മിൻ.

ശ്രീകൃഷ്ണങ്കൽ വിഷ്ണുവിങ്കലേപ്പോലേയും, ശ്രീഭഗവതിയിങ്കൽ ദുർഗ്ഗയിങ്കലേപ്പോലേയും ശേഷമുള്ളവക്കെല്ലാം ശിവങ്കലേപ്പോലെയും പഞ്ചതത്വങ്ങൾ ഭവിയ്ക്കും. എന്നാൽ ഭദ്രകാളിയിങ്കലും ശ്രീപാർവ്വതിയിങ്കലും 'ഹൌം നമശ്ശിവായൈ ശാന്ത്യതീതായൈ ഹൃല്ലേഖായൈ നമഃ' ഇത്യാദിയും ഭവിയ്ക്കും; 'ഓം നമഃ പരായ ക്ഷേത്രജ്ഞ തത്വാത്മനേ നമഃ, നം നമഃ പരായ ആകാശാത്മനേ നമഃ, മോം നമഃ പരായ വായ്വാത്മനേ നമഃ, ബ്രം നമഃ പരായ തേജ ആത്മനേ നമഃ, ഫം നമഃ പരായ ƒ ബാത്മനേ നമഃ, ണം നമഃ പരായ പൃഥിവ്യാത്മനേ നമഃ 'എന്നു് ബ്രഹ്മാവിങ്കലും പഞ്ചതത്വങ്ങൾ. ഭവിയ്ക്കും മററെല്ലാവർക്കും 'ഹൌം നമഃ ശിവായ ശാന്ത്യതീതാത്മനേ നമഃ' എന്നു തന്നെ ആകാം; എന്നാൽ ദേവിമാക്കു് 'ശിവായൈ' എന്നും വൈശ്രവണനും സൂര്യനും 'പരായ' എന്നും വേണം.

60 സ്വബീജാന്യസമൈരജ്ഭിഃ ശ്രീദാ
ക്ഷാഗ്ര്യാദിവാക്ഷുതു
ബീജാനി പഞ്ചതത്വാനാം വാഗ്രാ
ഹ്യാണി ബുധൈരിഹ.

ഇവിടെ വൈശ്രവണൻ, സൂര്യൻ, ജ്യേഷ്ഠാഭഗവതി, സരസ്വതി എന്നിവക്കു് അവരവരുടെ മൂലങ്ങളിലേ ബീ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജം ഒററപ്പെട്ട സ്വരങ്ങളോട്ടുകൂടി ബീജങ്ങളാക്കിയിട്ടു മാകാം.

61 ദിവാകരാദിഷു ത്രീണി ബ്രഹ്മാദിഷു ചതുർദ്ദശ
ഭുവനാനി ഗുരുദ്ദിഷ്ടോ ന്യസോ ƒയം ഭുവനാഹ്വയഃ

ബ്രഹ്മശ്രീകൃഷ്ണന്മാക്കു് ചതുർദ്ദശ ഭുവനങ്ങളും മററുള്ളവക്കു് ത്രിഭുവനങ്ങളും ആയിട്ടു് ഭുവനന്യാസം ചെയ്യുക.

62 ന്യസ്യേൽ കാനനവൃത്താദൌ കേവലാമേവമാതൃകാം
വർണ്ണാദ്ധ്വാ ƒയം സമുദ്ദിഷ്ടോ വിരിഞ്ചമിഹിരാദിഷു

മൂലപുടിത ലിപിന്യാസം എല്ലാവക്കും വർണ്ണാദ്ധ്വാവാകുന്നു.

63 കേ ഫാലദേശേ ചിബുകകണ്ഠനാഭാവൂരുദ്വയേ
ജാനുപദദ്വയേച
ക്രമാന്ന്യസേൽ സ്വസ്വ ജിനാർണ്ണജാനി
പദാനി വിദ്വാനദിതഃ പദാദ്ധ്വാ.

അനന്തരം അവരവരുടെ ഗായത്രീ പദങ്ങളേ എട്ടിനേയും മൂദ്ധാവു്, നെററി, താടി, കണ്ഠം നാഭി, ഊരുദ്വയം, ജാനുദ്വയം, പദദ്വയം എന്നീ എട്ടു സ്ഥാനങ്ങളിലായിട്ടു ന്യസിക്കുക. [ഇവിടെ ആദിത്യനു് താന്ത്രികമായിട്ടുള്ള ഗായത്രി കാണുന്നില്ലാത്തതിനാൽ 'തത്സവിതുഃ' എന്ന ഗായത്രിയുടെ പദങ്ങൾ പത്തും മുമ്പു് പ്രതിഷ്ഠയിങ്കൽ പറഞ്ഞ സ്ഥാനങ്ങളിൽ ന്യസിക്കേണ്ടതായിവരുന്നു.]

64 ഗായത്ര്യാമുഖമദ്ധ്യാങ്ഘ്രിഷ്വ ങ്ഘ്രീൻ
മൂർത്തീസ്തുകാദിഷു
ന്യസ്യേന്മൂലാക്ഷരാങ്ങ്ഗാദിന്യേഷോ ƒദ്ധ്വാ
മന്ത്രസംജ്ഞിതഃ

ഗായത്രിയുടെ പാദങ്ങളെ മൂദ്ധാദികണ്ഠാന്തവും, തദാദികടൃന്തവും, തദാദി പാദാഗ്രാന്തവും ന്യസിച്ചു് മൂർത്തികളേയും, മൂലാക്ഷരാംഗങ്ങളേയും, ഋഷിച്ഛന്ദോദേവതകളേയും, ആയുധഭൂഷണങ്ങളേയും ന്യസിച്ചു് യഥാശക്തി മൂലവും ജപിച്ചു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

65 കംസ്യഹൃദസ്ഥപദേഷ്വിഹ പഞ്ചസത്ത്വങ്
നാഭിജാനുഷുതപ്ഷ്ഠ
സഭ്രൂമദ്ധ്യഗളേഷ്ഠ ചദശമൂർത്തീരിതി
ഷഡധ്വക്ലപ്തിരിയം.

പിന്നെ മൂർദ്ധാവ്, മുഖം, ഹൃദയം, ഗുഹ്യം, പാദം എന്നീ സ്ഥാനങ്ങളിൽ പഞ്ചമൂർത്തികളേയും; നേത്രം, നാഭി, ജാനുക്കൾ എന്നീ മൂന്നുംകൂടീ എട്ടു സ്ഥാനങ്ങളിൽ അഷ്ടമൂർത്തികളേയും; ഭ്രൂമദ്ധ്യം, കഴുത്ത് എന്നീ രണ്ടും കൂട്ടി പത്തു സ്ഥാനങ്ങളിൽ ദശമൂർത്തികളേയും ന്യസിയ്ക്കുക.

66 ഗുർവ്വാദിവന്ദനകരാസ്ത്രവിശുദ്ധിതാല
ത്രയ്യാദികൃദ്ധ്റുവയതാസുരുദാഹിതാത്മാ
ലീനക്ഷമാദികൃതശോഷണപൂർവ്വകാനീ
താത്മാക്ഷമാദൃദയ വൃദ്ധിവിഭേദകൃച്ച.

ഗുർവ്വാദി വന്ദനവും കരന്യാസവും അസ്ത്രംകൊണ്ട് താലത്രയാദിയും പന്ത്രണ്ടുരു പ്രണവ പ്രാണായാമവും, നാഡീശുദ്ധിയും രേചകപൂരകകുംഭകങ്ങളും ഭൂതസംഹാരം, ശോഷണാദി, ഭൂതസൃഷ്ടി, സംവത്സരോഷിത പ്രാണായാമം, അണ്ഡഭേദം എന്നിവയും ചെയ്ത്

67 ന്യസ്യേല്ലിപീഃ കൃതമന്ത്രദയതത്സമീരാ
യാ മാസനന്യസന മൂർത്ത്യഭിവാഹനോ f ഥ
ദോന്ന്യാസ ദേഹലിപിതത്വനിജാണ്ഡവണ്ണ
ന്യാസാദികൃൽ ധിഷണയാർച്ച്യ ജപാദികൃൽ.

ലിപിപ്രാണായാമവും, ലിപിന്യാസവും, മന്ത്രോദയ പ്രാണായാമവും, പീഠന്യാസവും, മൂർത്ത്യാവാഹനയും, മാനസപൂജയും ജപവും, മൂലപ്രാണായാമവും കരന്യാസവും, ലിപിതത്വാദിയോഷഡദ്ധ്വമോ ന്യാസവും ചെയ്ത് മാനസപൂജാദി മൂലജപാന്തം എല്ലാം ചെയ്യുക.

68 വ്യാപയ്യ മൂലേന തലാദിബാഹോ
സ്തദക്ഷരാണ്യങ്ഗുലിഷു സ്വക്ലപ്ത്യാ
ദ്യങ്ഗുഷ്ഠപൂർവ്വാസുതദങ്ഗകാനി
ന്യസേൽ കരന്യാസമിദീരിതൈവം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കരന്യാസത്തിന്ന് പ്രണവപുടിതമൂലംകൊണ്ട് തല പൃഷ്ഠപാൾശ്വങ്ങളിൽ വ്യാപകം ചെയ്ത് മൂലാക്ഷരങ്ങളേ യുക്തിപോലെ വിരലുകളിൽ ന്യസിച്ച് അംഗുഷ്ഠാദി തലാന്തം അംഗങ്ങളേ ന്യസിയ്ക്കുക. ഇങ്ങിനെ കരന്യാസത്തിൻെറ ചുരുക്കം

69 തത്വന്യാസേകൃതേ കുൎയ്യാദ്യഥാകാമം സമാഹിതഃ
ഷഡദ്ധ്വന്യാസവിസ്താരം മന്ത്രന്യാസം തതഃ പരം.

തത്വന്യാസം ചെയ്താൽ യഥാവസരം സമാഹിതനായിട്ട് വിസ്തരിച്ചുള്ള ഷഡദ്ധ്വന്യാസവും പിന്നെ മന്ത്രന്യാസവും ചെയ്യുക.

70 ശങ്ഖപൂരണമാധായ ഗുരുദീരിത രീതിതഃ
തഥാത്മാരാധനം പശ്ചാദിജ്യാമാരഭതാം വിഭോഃ

ഗുരുവിനാൽ പറയപ്പെട്ടപോലെ ശംഖപൂരണത്തേയും ആത്മാരാധനയേയും ചെയ്ത് പൂജ തുടങ്ങുക.

71 ഗുരുഗണപതി പൂജാപൂർവ്വമാധാരശക്ത്യാ
ദ്യുപരിയജതുധൎമ്മാധൎമ്മസത്വാദിപൂർവ്വം
ദ്രുഹിണതരണികൃഷ്ണശ്രീഷു സൂൎയ്യാദിചാത്മാ
ദിച നിജനവശക്തീസ്തത്സമഷ്ടിം ചമന്ത്രീ.

ഗുരു ഗണപതി പൂജ തുടങ്ങി ആധാരശക്ത്യാദി കഴിഞ്ഞാൽ ധൎമ്മാദിയേയും അധൎമ്മാദിയേയും, സത്വാദിയേയും യഥാവിധി പൂജിച്ച് ബ്രഹ്മാവ്, സൂൎയ്യൻ, ശ്രീകൃഷ്ണൻ, ശ്രീഭഗവതി എന്നിവക്ക് മണ്ഡലത്രയത്തേയും ആത്മചതുഷ്ടത്തേയും അവരവരുടെ നവശക്തികളേയും സമഷ്ടിയേയും പൂജിയ്ക്കുക.

72 പ്രാങ്മണ്ഡലേഭ്യോനവശക്തയോന്യേ-
ഷു ദ്ധ്വം ഗുണ്ണാഃ ശക്തിത ഏവകാല്യാം
പ്രാക്ഛക്തിതോ f സ്യാം നവയോനിചക്ര
മൂദ്ധ്വം സമഷ്ടേസ്ന്വ പീഠയോഗഃ

മററുള്ളവക്ക് മണ്ഡലത്രയത്തിന്നു മുമ്പ് നവശക്തികളും, മണ്ഡലത്രയവും, ആത്മചതുഷ്ടവും. സമഷ്ടിയും. ഭദ്ര

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കാളിയ്ക്കു് നവശക്തിയ്ക്കു് മുമ്പു് നവയോനി ചക്രവും വേണം; നവശക്തികൾ കഴിഞ്ഞിട്ടാണു് സത്വാദികൾ; സമഷ്ടിയ്ക്കുശേഷം നവപീഠങ്ങളേയും പൂജിയ്ക്കണം.

73 പൃഥിവ്യൂർദ്ധ്വംതു വിദ്യാബ്ധിം
രത്നദ്വീപം സുമങ്ഗലം
മണിമണ്ഡപമപ്യഹേൽ കാള്യാം കല്പദ്രുമം പുനഃ
വാണ്യാദിഷ്വപി വിദ്യാബ്ധ്യാദിയോഗഃ
കൈശ്ചിദിഷ്യതേ.

ഭദ്രകാളിയ്ക്കു് പൃഥിവികഴിഞ്ഞാൽ 'വിദ്യാബ്ധയേ നമഃ, രത്നദ്വീപായ നമഃ, സുമംഗലായ നമഃ, മണിമണ്ഡപായ നമഃ, കല്പകവൃക്ഷായ നമഃ' എന്നും പൂജിയ്ക്കണം. ചില ആചാര്യന്മാർ സരസ്വതി മുതലായവക്കും 'വിദ്യാബ്ധയേ നമഃ' ഇത്യാദി വേണമെന്നു പറയുന്നു.

ഇതിൽ കാണുംപ്രകാരം പീഠപൂജയുടെ ക്രമം-എടത്തു് 'ഗുരു'വും, വലത്തു് 'ഗണപതി'യും, അഗ്നികോണിൽ' 'കാത്ത്യായനിയും' ഈശകോണിൽ 'ക്ഷേത്രപാല'നും പിന്നെ 'ആധാരശക്തി, വിദ്യാബ്ധി, രത്നദ്വീപം, സുമംഗലം, മണിമണ്ഡപം, കല്പകവൃക്ഷം, ധർമ്മാദി, അധർമ്മാദി മായാവിദ്യാ അനന്തൻ, പത്മം, നവയോനിചക്രം, നവശക്തി, സത്വാദി മൂന്നു്, മണ്ഡലത്രയം, ആത്മചതുഷ്ടം, സമഷ്ടി, നവപീഠം' ഇങ്ങിനെയാകുന്നു.

74 വിരക്തിഃ ശാന്തിരുൽപ്രേക്ഷാ
സംസ്തുതിശ്ചമഹാദ്യുതിഃ
സംസ്തുതിർവ്വിരതിഃ സിദ്ധിരന്ത്യാ ബ്രഹ്മണ്യനുഗ്രഹാ.

ബ്രഹ്മാവിങ്കലെ നവശക്തികൾ—'വിരക്ത്യൈ നമഃ, ശാന്ത്യൈ നമഃ, ഉൽപ്രേക്ഷായൈ നമഃ, സംസ്തുത്യൈനമഃ, മഹാദ്യുത്യൈ നമഃ, സംസ്തുത്യൈ നമഃ വിരത്യൈ നമഃ, സിദ്ധ്യൈ നമഃ, അനുഗ്രഹായൈ നമഃ'

75 പ്രഭൂതാം വിമലാംസാരാം സമാരാദ്ധ്യാം യജേദ്ദ്രവൌ
പരമാദിസുഖാം പീഠക്ലപ്തേഃ പ്രാക്കോണമദ്ധ്യഗാഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സൂര്യന്ന് ധർമ്മാദികൾക്കുമുമ്പ് 'പ്രഭൂതായൈ നമഃ, വിമലായൈ നമഃ, സാരായൈ നമഃ, സമാരാദ്ധ്യായൈ നമഃ, പരമസുഖായൈ നമഃ,' ഇവ അഗ്ന്യാദികോണുകളിലും നടുവിലും പൂജിച്ച് 'ധർമ്മാദിയും, അധർമ്മാദിയും സത്വാദി' അഞ്ചും, 'പത്മ'വും, 'മണ്ഡല'ത്രയവും 'ആത്മ' ചതുഷ്ടവും കഴിഞ്ഞാൽ

76 ദീപ്താ സൂക്ഷ്മാ ജയാഭദ്രാ വിഭൂതിർവ്വിമലാരവൌ
അമോഘാ വിദ്യുതാ ചേതി നവമീ സർവ്വസിദ്ധിദാ

'ദീപ്തായൈ നമഃ, സൂക്ഷ്മായൈ നമഃ, ജയായൈനമഃ, ഭദ്രായൈ നമഃ, വിഭൂത്യൈ നമഃ, വിമലായൈ നമഃ, അമോഘായൈ നമഃ, വിദ്യുതായൈ നമഃ, സർവ്വസിദ്ധിദായൈ നമഃ' എന്നീ നവശക്തികളേയും പൂജിച്ച് സമഷ്ടിയേയും പൂജിക്കുക.

77 ലക്ഷ്മീഃ ശബ്ദനിധിഃ സർവ്വകാമദാ പ്രീതിവർദ്ധനീ
യശസ്കരീ ശാന്തിദാ ശ്രീദേ പുഷ്ടിസ്തുഷ്ടിരിഷ്ടദാ

വൈശ്രവണന്ന് 'ലക്ഷ്മ്യൈ നമഃ, ശബ്ദനിധയേ നമഃ, സർവ്വകാമദായൈ നമഃ, പ്രീതിവർദ്ധിന്യൈ നമഃ, യശസ്കര്യൈ നമഃ, ശാന്തിദായൈ നമഃ, പുഷ്ട്യൈ നമഃ, തുഷ്ട്യൈ നമഃ, ഇഷ്ടദായൈ നമഃ' എന്നിങ്ങനെ നവശക്തികൾ.

78 വിമലോൽകർഷിണീജ്ഞാനാ ക്രിയാ
യോഗാചപഞ്ചമീ
ദേവകീനന്ദനേ പ്രഹ്വീ സത്യേശാനുഗ്രഹാക്രമാൽ.

ശ്രീകൃഷ്ണന്ന് 'വിമലായൈ നമഃ, ഉൽകർഷിണ്യൈ നമഃ, ജ്ഞാനായൈ നമഃ, ക്രിയായൈ നമഃ, യോഗായൈ നമഃ, പ്രഹ്വ്യൈ നമഃ, സത്യായൈ നമഃ, ഈശായൈ നമഃ, അനുഗ്രഹായൈ നമഃ' എന്നു നവശക്തികൾ

79 മേധാപ്രജ്ഞാ പ്രഭാവിദ്യാ ധീർധൃതിസ്മൃതിബുദ്ധയഃ
വിശേശ്വരീ സരസ്വത്യാം സമുക്താനവ ശക്തയഃ

സരസ്വതിക്ക്— 'മേധായൈ നമഃ, പ്രജ്ഞായൈ നമഃ, പ്രഭായൈ നമഃ, വിദ്യായൈ നമഃ, ധിയേ നമഃ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ധൃത്യൈ നമഃ, സ്മൃത്യൈ നമഃ, ബുദ്ധ്യൈ നമഃ, വിശേഷബു ദ്ധ്യൈ നമഃ' ഇങ്ങിനെ നവശക്തികഠം

80 വിഭൂതിരുന്നതിഃ കാന്തിർഹൃഷ്ടിഃ കീർത്തിശ്ചസന്നതിഃ
പുഷ്ടിരുൽകൃഷ്ടിരൃദ്ധിശ്ച ക്ഷീരോദശ്ശഹിതശ്ശ്വപി.

ശ്രീഭഗവതിയ്ക്കു'- 'വിഭൂത്യൈ നമഃ, ഉന്നത്യൈ നമഃ, കാന്ത്യൈ നമഃ, ഹൃഷ്ട്യൈ നമഃ, കീർത്ത്യൈ നമഃ, സന്ന ത്യൈ നമഃ, പുഷ്ട്യൈ നമഃ, ഉൽകൃഷ്ട്യൈ നമഃ, ഋദ്ധ്യൈ നമഃ' എന്നിങ്ങനെ നവശക്തികഠം

81 ജയാചവിജയോമായാമജിതാ ചാപരാജിതാ
നിത്യാംവിലാസിനീദോശ്ധ്രീതതോ ƒ
ഘോരാചമങ്ഗലാ

ശ്രീപാർവ്വതിയ്ക്കു്— 'ജയായൈ നമഃ, വിജയായൈ നമഃ, അജിതായൈ നമഃ, അപരാജിതായൈ നമഃ, നിത്യാ യൈ നമഃ, വിലാസിന്യൈ നമഃ, ദോശ്ധ്ര്യൈ നമഃ, അഘോരായൈ നമഃ, മംഗലായൈ നമഃ' എന്നിങ്ങനെ നവശക്തികഠം.

82 കൃഷ്ണാവിഘ്നാ മൂകാ ƒ ഥജംഭനീസ്തംഭനീ മഹാമന്ദാ
അഥമലിനീ ഭ്രുതിഘ്നീ ജ്യേഷ്ഠായാം ദുർമ്മുഖീ നവമീ

ജ്യേഷ്ഠാഭഗവതിയ്ക്കു്— 'കൃഷ്ണായൈ നമഃ, വിഘ്നായൈ നമഃ, മൂകായൈ നമഃ, ജംഭന്യൈ നമഃ, സ്തംഭന്യൈ നമഃ, മഹാമന്ദായൈ നമഃ, മലിന്യൈ നമഃ, ഭ്രുതിഘ്ന്യൈ നമഃ, ദുർമ്മുഖ്യൈ നമഃ' ഇവ നവശക്തികഠം

I 'സ്വഗുരുൻവാമതോ ƒ ഭൃച്ച്യ ദക്ഷിണേഗണനായകം
വഹ്നൌ കാർത്യായനീമീശേക്ഷേത്ര
പാലമഥാർച്ചയേൽ

II ആധാരശക്തിം വിദ്യാബ്ധിം രത്നദ്വീപം സുമങ്ഗലം
മണിമണ്ഡപമപ്യർച്ചേൽ കല്പദ്രുമമനന്തരം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

*III ധർമ്മാദീനപ്യധർമ്മാദീൻ ദിശാസുവിദി ശാസുച
മദ്ധ്യേ ƒ നന്തം ചതന്മദ്ധ്യേ പങ്കജം പ്രയജേ ദിതി'

(ഈ മൂന്നു ശ്ലോകങ്ങളുടെ താല്പര്യം 73-ാം ശ്ലോകത്തിന കീഴിൽ പറഞ്ഞിട്ടുള്ളതാകുന്നു.)

83 ഇച്ഛാ ജ്ഞാനാ ക്രിയാകാള്യാം
കാമിനീ കാമദായിനീ
രതീ രതിപ്രിയാ ƒ നന്താ നവമീച മനോന്മനീ

ഭദ്രകാളിയ്ക്കു്—'ഇച്ഛായൈ നമഃ, ജ്ഞാനായൈ നമഃ, ക്രിയായൈ നമഃ, കാമിന്യൈ നമഃ, കാമദായിന്യൈ നമഃ രത്യൈ നമഃ, രതിപ്രിയായൈ നമഃ, ആനന്ദായൈ നമ, മനോന്മന്യൈ നമഃ' ഇങ്ങിനെ നവശക്തികൾ.

84 പ്രാഗാദി ദിക്ഷു മദ്ധ്യേചസവ്വേഷു നവശക്തയഃ
ദിഗ്വിദിക്ഷുചമദ്ധ്യേച സംപൂജ്യാ ദാരുകദ്വിഷി.

എല്ലാവക്കും പൂവ്വാദിപ്രദക്ഷിണമായിട്ടും ഭദ്രകാളിയ്ക്കു് ദിക്കും കോണുമായിട്ടുമാണു് നവശക്തികളുടെ ക്രമം. ഒട്ടുവിലത്തേതു് എല്ലാവക്കും മദ്ധ്യത്തിൽതന്നെ. [പക്ഷാന്തരം 73-ാംശ്ലോകത്തിന കീഴിൽ അടിക്കുറിപ്പു നോക്കുക]

85 ശൈവേവ്യാവാ വീരജനനീഷു മായാം
ക്ഷേത്രപേ ƒ പിച
വീരാദിഷു തുഗൌയ്യാവാ തീവ്രദ്യാസ്സു ഗണേശ്വരേ

വീരഭദ്രൻ, മാതൃക്കൾ, ശ്രീപാവ്വതി, ക്ഷേത്രപാലൻ എന്നിവക്കു് ശിവന്റേയോ ശ്രീപാവ്വതിയുടേയോ നവശക്തികളാകുന്നു. ഗണപതിയ്ക്കു 'തീവ്രാ'ദികൾതന്നെ. (വീരഭദ്രനും ക്ഷേത്രപാലനും ശിവന്റേയും മാതൃക്കൾക്കു് ശ്രീപാവ്വതിയുടേയും ആകുന്നതായിരിയ്ക്കും അധികം നല്ലതെന്നു തോന്നുന്നു.)

---

* 'പശ്ചാദ്യജേത ധർമ്മാദീന്നത്തു് പൂവ്വാൻ വിദിശാസു ചദിശാസുമദ്ധ്യേനന്തഞ്ച തന്മദ്ധ്യേ പങ്കജം യജേൽ.'

എന്നു ഭദ്രപദപക്ഷമെങ്കിൽ കോണും ദിക്കുമെന്നുവരും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

86 നതിം സർവ്വാത്മ സംയോഗയോഗ
പത്മേതി ചോച്ചരൻ
പീഠാത്മനേ നമ ഇതി കേഴ്വുവാദിഃ സമഷ്ട്യണഃ

'ഓന്നമസ്സർവ്വാത്മ സംയോഗയോഗ പത്മപീഠാത്മനേ നമഃ' എന്നു് ബ്രഹ്മാവിന്നു് സമഷ്ടിമന്ത്രം.

87 ദിവാകരേചതുർത്ഥ്യന്തം ബ്രഹ്മവിഷ്ണുശിവാത്മകം
സൌരം ചോക്ത്വാ വദേദ്ഭ്രയോഗപീഠാത്മനേ നമഃ

'ഓം ബ്രഹ്മ വിഷ്ണുശിവാത്മകായ സൌരായ യോഗപീഠാത്മനേ നമഃ' എന്നു സൂര്യ്യൻെറ സമഷ്ടിമന്ത്രം.

88 ഓം സർവ്വശക്തികിമലാസനായ നമഇത്യയം
മന്ത്രോ വൈശ്രവണേ കൃഷ്ണശ്രീ യോർബ്രാഹ്മോ
ƒ ഥ വൈഷ്ണവഃ

ശ്രീകൃഷ്ണനും ശ്രീഭഗവതിയ്ക്കും ബ്രഹ്മാവിൻേറയോ വിഷ്ണുവിൻേറയോ സമഷ്ടിമന്ത്രമാകാം.

89 ഐം വർണ്ണാബ്ജാസനായേതി സരസ്വത്യാം
നമോ ƒ ന്വിതം
ശൈവോ ഗൌര്യ്യാം യദാശൈവ്യോ
ഗൃഹ്യന്തേനവശക്തയഃ

'ഐം വർണ്ണാബ്ജാസനായ നമഃ' എന്നു് സരസ്വതിയുടെ സമഷ്ടിമന്ത്രം ശ്രീപാർവ്വതിയ്ക്കു് ശിവൻെറ നവശക്തിയാണെങ്കിൽ സമഷ്ടിയും ശിവൻേറതുതന്നെവേണം.

90 കുബേരോക്തോ ജയാദ്യാശ്ചേദഗ്രജായാമപി ത്വയം
പ്രേതാസനായ നമ ഇത്യന്തം കാള്യാം യഥാഗമം.

തൻെറ തന്നെ നവശക്തിയാണെങ്കിൽ വൈശ്രവണങ്കൽ പറഞ്ഞ സമഷ്ടിമന്ത്രം വേണം. ജ്യേഷ്ഠാഭഗവതിയ്ക്കും ഇതുതന്നെയാണു് സമഷ്ടിമന്ത്രം. ഭദ്രകാളിയ്ക്കു് 'ബ്രഹ്മവിഷ്ണുശിവാത്മകായ പ്രേതാസനായ നമഃ' എന്നു സമഷ്ടിമന്ത്രം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

91 കാരഞ്ജര കോൽഹാരകചോഹാരൌഡ്യാണമാലേയം
സകുളാന്ധകജാളന്ധരദേവീകോട്ടം ചപൂർണ്ണഗിരിം

92 ദിഗ്വിദിക്ഷ്വഷ്ട പീഠാനി ഭൈരവ്യാമന്തരന്തിമം
തസ്മിൻപീഠേ സ്വയം ദേവീം
പരിതോ ƒ ഷ്ടസുമാതരഃ

'കാരഞ്ജര പീഠായനമഃ, കോൽഹാരകപീഠായ നമഃ, ചോഹാരപീഠായ നമഃ, ഓഡ്യാണപീഠായ നമഃ, മാലേയ പീഠായ നമഃ, കുളാന്ധക പീഠായനമഃ, ജാളന്ധരപീഠായ നമഃ, ദേവീകോട്ട പീഠായനമഃ, പൂർണ്ണഗിരി പീഠായനമഃ' ഭദ്രകാളിയ്ക്കു ഇവ ദിക്കും കോണും നടുവും ആയിട്ട് പൂജിച്ച് നടുവിൽ ഭദ്രകാളിയേയും ചുററും മാതൃക്കളേയും പൂജിയ്ക്കുക.

93 കുളപത്മാസനായേതി നത്യന്തോമാതൃഷുസ്മൃതഃ
ക്ഷേത്രപാലേ ƒ പ്യയംപ്രായഃ പീഠമന്ത്രാഇതീരിതാഃ

'കുളപത്മാസനായ നമഃ' എന്നു മാതൃക്കൾക്കും ക്ഷേത്രപാലനും സമഷ്ടിമന്ത്രം. ഇങ്ങിനെ മിക്കവാറും പീഠമന്ത്രങ്ങൾ പറയപ്പെട്ടു.

94 ജലഗന്ധാദിഭിഃ പീഠമിഷ്ട്വാ ƒ ഘ്യം
പ്രാപ്പ്യശക്തയേ
താരോപചാരമൂലോക്ത്യാ ƒƒ വാഹ്യമുദ്രാശ്ചദശ്യേൽ

ജലഗന്ധാദികളേക്കൊണ്ടു പീഠം പൂജിച്ച് ശക്ത്യാവാഹിച്ചു പൂജിച്ച് പ്രണവോപചാരമൂലത്തോടുകൂടി ആവാഹിച്ച് മുദ്രകളേയും കാണിയ്ക്കുക.

95 താരാദി വ്യാഹൃതീർവ്യസ്താഃ സമസ്താശ്ച പൃഥഗ്വദൻ
ജ്യേഷ്ഠീമാവാഹയാമീതിജ്യേഷ്ഠായാം
യോജയേൽബുധഃ

ജ്യേഷ്ഠാഭഗവതിയ്ക്കു-'ഓം ഭൂർജ്യേഷ്ഠീമാവാഹയാമി, ഓം ഭുവഃ ജ്യേഷ്ഠീമാവാഹയാമി, ഓം സ്വഃ ജ്യേഷ്ഠീമാവാഹയാമി. ഓം ഭൂർഭുവസ്വഃ ജ്യേഷ്ഠീമാവാഹയാമി' എന്നും കൂട്ടി ആവാഹിയ്ക്കുക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

96 ലിപിതത്വാണ്ണ വിന്യാസൈഃ സകളീകൃത്യതം പ്രഭും
ഷഡധ്വാദിയുതൈർവ്വാ ƒ പി പുനസ്തം
ചിന്തയേൽ സുധീഃ

അനന്തരം ലിപിതത്വാദിയായോ ഷഡധ്വാദിയായോ ന്യാസങ്ങളേക്കൊണ്ടു് സകളീകളരിച്ചു് അതാതു ദേവനെ ധ്യാനിയ്ക്കുക.

97 ജടാമകുടമണ്ഡിതോ ജയതിദണ്ഡകുണ്ഡീസ്രുഗ്വ-
സ്രുവം ച കരപങ്ക്കജൈരരുണ
പങ്ക്കജാഭോവഹൻ
ദ്വിലോചന ചതുർമ്മുഖോ ƒ രുണ
സരോജബദ്ധാസനോ
ലസത്സകലഭൂഷണഃ സകല ദിവ്യവന്ദ്യോ വിധിഃ

ബ്രഹ്മാവു് ജടാ, മകുടം, എന്നിവയോടുകൂടിയവനും, ദണ്ഡു്, കുണ്ഡീ, സ്രുക്ക്, സ്രുവങ്ങളെ ധരിച്ചിരിയ്ക്കുന്നവനും ['ദണ്ഡായനമഃ, കുണ്ഡ്യൈ നമഃ, സ്രുചേ നമഃ, സ്രുവായ നമഃ] ചെന്താമരപ്പൂവിൻെറ നിറമുള്ളവനും, രണ്ടുകണ്ണുകളും, നാലു മുഖത്തോടും കൂടിയവനും, ചെന്താമരപ്പൂവിൽ ഇരിയ്ക്കുന്നവനും, മററു ദേവോചിത സകല ഭൂഷണങ്ങളോടുകൂടിയവനും എല്ലാ ദിവ്യന്മാരാലും സേവിയ്ക്കപ്പെടേണ്ടവനുമായ ബ്രഹ്മാവിനെ ധ്യാനിയ്ക്കണം.

98 അരുണസരോരുഹസംസ്ഥ
സ്ത്രിദൃഗരുണോ ƒ രുണ സരോജയുഗളധരഃ
കലിതാഭയവരദോദ്യുതി
ബിംബോ ƒ മിത ഭൂഷണോ ƒ വതാം ന ഇനഃ

സൂര്യ്യൻ ചെന്താമരപ്പൂവിൽ സ്ഥിതിചെയ്യുന്നവനും, ത്രിനേത്രനും, മുകളിലെ രണ്ടു കൈകളിലും ചെന്താമരപ്പൂക്കളും ചുവട്ടിലേവയിൽ അഭയവരദങ്ങളും ['പത്മായനമഃ, പത്മായ നമഃ, അഭയായ നമഃ, വരദായ നമഃ] കണക്കില്ലാത്ത ആഭരണങ്ങളും അണിഞ്ഞിരിക്കുന്നവനും, പ്രഭാമണ്ഡലത്തോടു കൂടിയവനുമായ സൂര്യ്യഭഗവാനെ ധ്യാനിയ്ക്കണം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

99 നാനാരത്നലസദ്വിചിത്രമകുടോ
ദോർഭ്യാം ഗദാം ഭോരുഹൌ
ബിഭ്രാണോഽത്ഭുതകുണ്ഡലോർമ്മി
വലയഗ്രൈവേയകാദ്യുജ്ജ്വലഃ
കിഞ്ചിദ്ധ്രസ്വഭുജാങ്ഘ്രിരുദ്ധൃതദുകൂലാ
ഢ്യോഽധിരാജോചിതേ
പീഠേ വൈശ്രവണഃ സ്ഥിതോ ജയതി
പീനാത്മാഽഽവൃതഃ സ്വാനുഗൈഃ

വൈശ്രവണൻ പലതരത്തിലുള്ള രത്നങ്ങൾ പതിച്ച മകുടത്തോടുകൂടിയവനും, കൈകളിൽ ഗദയും താമരപ്പൂവും ['ഗദായൈ നമഃ, പത്മായ നമഃ'] ധരിച്ചിരിക്കുന്നവനും, അത്ഭുതകുണ്ഡലങ്ങൾ, മോതിരങ്ങൾ, വളകൾ, കണ്ഠാലങ്കാരങ്ങൾ മുതലായവയാൽ ശോഭിച്ചിരിക്കുന്നവനും, കുറഞ്ഞൊന്നു് നീളം കുറഞ്ഞ കൈകാലുകളോടു കൂടിയവനും, വളരെ വിലപിടിപ്പുള്ള വസ്ത്രം ധരിച്ചിരിക്കുന്നവനും, രാജോചിത സിംഹാസനത്തിലിരിക്കുന്നവനും, തന്റെ അനുചരന്മാരാൽ ചുററപ്പെട്ടവനും ആയ വൈശ്രവണനെ ധ്യാനിക്കണം.

100 കൃഷ്ണോനഃ ശിഖിപിഞ്ഛസംയത
കചോബാലാകൃതിഃ കർണ്ണയോ-
സ്തന്മ്രാമകരോജ്വലോ ലകുടകം
വക്രം വഹൻദക്ഷിണേ
ദോഷ്ണ്വാമം സദരം കടൌ വിനിദധല്ലം
ബാഗ്രമദ്ധോരുകം
ബിഭ്രദ്ദീപ്തവിഭൂഷണഃ സുലളിതോ രക്ഷേൽ
സ്ഥിതോ ഗോവ്രജേ.

ശ്രീകൃഷ്ണൻ പീലിത്തിരുമുടി കെട്ടി, ബാലാകൃതിയോടുകൂടി കർണ്ണങ്ങളിൽ മകരകുണ്ഡലങ്ങളും, വലത്തെ കയ്യിൽ ചമ്മട്ടിയും, അരക്കെട്ടിൽ വെച്ചിരിക്കുന്ന ഇടത്തെ കയ്യിൽ ശംഖും ധരിച്ചിരിക്കുന്നവനും ['ലകുടകായ നമഃ, ശംഖായ നമഃ'] ഊരുക്കളുടെ പകുതിഭാഗം മറയുന്നതും അഗ്രം തൂങ്ങിക്കിടക്കുന്നതുമായ വസ്ത്രം ധരിച്ചിരിക്കുന്നവ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നം ['ലകുടകായ നമഃ, ശംഖായ നമഃ']. ഊരുക്കളുടെ പകുതിഭാഗം മറയുന്നതും അഗ്രം തൂങ്ങിക്കിടക്കുന്നതുമായ വസ്ത്രം ധരിച്ചിരിയ്ക്കുന്നവനും, വിളങ്ങുന്ന പല ഭൂഷണങ്ങളോടുകൂടിയവനും സർവ്വാകർഷകനും, ഗോശാലയിൽ സ്ഥിതിചെയ്യുന്നവനുമായ ശ്രീകൃഷ്ണനെ ധ്യാനിയ്ക്കണം.

101 ഹംസാരൂഢാ ദരഹസിതഹാരേന്ദുകുന്ദാവദാതാ
വാണീമന്ദസ്മിതയുതമുഖീ മൌലിബദ്ധേന്ദുരേഖാ
വിദ്യാ വീണാമൃതമയഘടാക്ഷസ്രഗാദീപ്തഹസ്താ
ശുഭ്രാബ്ജസ്ഥാഭവേദഭിമത പ്രാപ്തയേ ഭാരതീസ്യാൽ.

സരസ്വതി അരയന്നത്തിൻെറ പുറത്തിരിയ്ക്കുന്നവളും മന്ദസ്മിതത്തോടുകൂടിയവളും, ശംഖ്, മുത്തുമാല, കുരുക്കത്തി മുല്ലപ്പൂവ് എന്നിവയേപ്പോലെ വെളുത്തിരിയ്ക്കുന്നവളും ചന്ദ്രക്കലയോടുകൂടിയവളും വിദ്യ, വീണ, അമൃതകലശം, അക്ഷമാല ['വിദ്യായൈ നമഃ; വീണായൈ നമഃ, അമൃതകലശായ നമഃ, അക്ഷമാലായൈ നമഃ'] എന്നീ ആയുധങ്ങളോടുകൂടിയവളും വെളുത്ത താമരപ്പൂവിലിരിയ്ക്കുന്നവളുമായ സരസ്വതി നിങ്ങളുടെ അഭിമതത്തെ കൊടുക്കുന്നവളായി ഭവിയ്ക്കട്ടെ.

102 ഭൂയാദ്ഭൂയോ ദ്വിപത്മാഭയവരദകരാ
തപ്തകാർത്തസ്വരാഭാ
രത്നൌഘാബദ്ധമൌലിർവ്വിമലതരദുകൂലാർത്ത
വാലേപനാഢ്യാ
നാനാകല്പാഭിരാമാസ്മിതമധുരമുഖീ
സർവ്വഗീർവ്വാണവന്ദ്യാ
പത്മാക്ഷീപത്മനാഭോരസികൃതവസതിഃ
പത്മ ഗാശ്രീഃ ശ്രിയേവഃ

ശ്രീഭഗവതി പത്മദ്വയം അഭയവരദം ['പത്മായ നമഃ പത്മായ നമഃ, അഭയായ നമഃ, വരദായ നമ'] എന്നീ ആയുധങ്ങളോടുകൂടിയവളും, കാച്ചിയ കനകംപോലെ ശോഭയോടുകൂടിയവളും, അനേകം രത്നങ്ങൾ പതിച്ച കിരീടം, ഏററവും ശുഭ്രമായ വസ്ത്രം, പുഷ്പങ്ങൾ, കുറിക്കൂട്ടുകൾ, പലപല അലങ്കാരങ്ങൾ എന്നിവയോടുംകൂടിയവളും പുഞ്ചിരിതൂകിക്കൊണ്ടിരിയ്ക്കുന്നവളും, എല്ലാ ദേവന്മാരാലും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വന്ദിയ്ക്കപ്പെടുന്നവളും, താമരപ്പൂവിന്റെ ഇതളുപോലുള്ള കണ്ണുകളോടുകൂടിയവളും മഹാവിഷ്ണുവിന്റെ മാറിടത്തിങ്കൽ താമരപ്പൂവിൽ ഇരിയ്ക്കുന്നവളുമായ ശ്രീഭഗവതി നിങ്ങൾക്ക് ശ്രീയ്ക്കായിക്കൊണ്ടു ഭവിയ്ക്കട്ടെ.

103 ഉദ്യൽഭാസ്വത്സമാഭാം വിജിതനവജപാ
മിന്ദുഖണ്ഡാവനദ്ധ-
ദ്യോതന്മൌലീംത്രിനേത്രാം വിവിധമണിലസൽ
കുണ്ഡലാം പത്മഗാംച
ഹാരഗ്രൈവേയകാഞ്ചീ ഗ്ഗുണമണിവലയാ-
ദ്ദ്യൈവ്വിചിത്രാംബരാഢ്യാ-
മംബാം പാശാങ്കുശേഷ്ടാ ഭയകരകമലാ
മംബികാം താം നമാമി

ശ്രീപാർവ്വതി ഉദയസൂര്യനെപ്പോലെ ശോഭിയ്ക്കുന്നവളും ചെമ്പരത്തിപ്പൂ നിറത്തെ വെല്ലുന്ന കാന്തി പുഞ്ജത്തോടുകൂടിയവളും, ചന്ദ്രക്കല, ത്രിനേത്രം നാനാരത്നങ്ങൾ പതിച്ച കുണ്ഡലങ്ങൾ, താമരപ്പൂവിങ്കൽ സ്ഥിതി, മുത്തുമാല, കണ്ഠാലങ്കാരം ഉദരബന്ധം, രത്നങ്ങൾ പതിച്ച വളകൾ, വിചിത്രമായ വസ്ത്രം ഇത്യാദിയോടുകൂടിയവളും പാശം അങ്കുശം അഭയം വരദം ['പാശായ നമഃ, അങ്കുശായ നമഃ, അഭയായ നമഃ, വരദായ നമഃ,] എന്നീ ആയുധങ്ങൾ ധരിച്ചവളുമായി ലോകമാതാവായ ആ ശ്രീപാർവ്വതിയെ ഞാൻ നമസ്കരിയ്ക്കുന്നു.

104 ഭുജഗയമിതകേശാ പാടലീമാലയാ ഢ്യാ
കുമുദകുസുമചൂഡാകുണ്ഡലോദ്ദീപ്ത കർണ്ണാ
നവജലധരവർണ്ണാ ജങ്ഘവസ്ത്രാ കരാഭ്യാ-
മഭയകടിനിധാനോല്ലാസിനീ കാളകർണ്ണീ.

ജ്യേഷ്ഠാഭഗവതി പാമ്പിനേക്കൊണ്ടു തലമുടി കെട്ടി, പാതിരാപ്പൂമാലയണിഞ്ഞു്, ആമ്പൽപ്പൂവ് ചൂടി, കാതിൽ കുണ്ഡലങ്ങളും അണിഞ്ഞു് പുതുമേഘ നിറത്തോടുകൂടിയവളും ഞരിയാണിവരെ ഞാന്നുകിടക്കുന്ന വസ്ത്രത്തോടുകൂടിയവളും അഭയവും കടിബന്ധവും ['അഭയായ നമഃ, കടിബന്ധായ നമഃ'] ആയുധമുള്ളവളും ആയ ജ്യേഷ്ഠാഭഗവതിയെ ധ്യാനിയ്ക്കണം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

105 അഞ്ജനാചലനിഭാ ത്രിലോചനാ
സേന്ദുഖണ്ഡവിലസൽ കപർദ്ദികാ
രക്തപട്ടപരിധായിനീ ചതു-
ശ്ചാരുദംഷ്ട്ര പരിശോഭിതാനനാ

106 ഹാരനൂപുര മഹാർഹകുണ്ഡലാ
ദ്യുജ്ജ്വലാ ഘുസൃണരഞ്ജിതസ്തനാ
പ്രേതരുദ്ധഗുണസൽ കപാലിനീ
ഖഡ്ഗചർമ്മഭൃദിഹാസ്തഭൈരവീ.

ഭദ്രകാളി അഞ്ജനപർവ്വതംപോലെയുള്ളവളും, മൂന്നു കണ്ണുകരം ഉള്ളവളും ചന്ദ്രക്കല. ജടാബന്ധം, ചുവന്ന പട്ടുവസ്ത്രം, നാലു ദംഷ്ട്രകരംകൊണ്ടു ശോഭിച്ചിരിയ്ക്കുന്ന മുഖം, മുത്തുമാല, ചിലമ്പ്, കുണ്ഡലം മുതലായവയോടു കൂടിയവളും സ്തനങ്ങളിൽ കുങ്കുമം അണിഞ്ഞവളും ബ്രഹ്മാവ്, വിഷ്ണു, രുദ്രൻ, ഈശ്വരൻ, സദാശിവൻ ഇവരാൽ പ്രാപ്തമായിരിയ്ക്കുന്ന ആസനത്തിങ്കൽ ഇരിയ്ക്കുന്നവളും ശൂലം, കപാലം, ഖഡ്ഗം, ഖേടം 'ശൂലായ നമഃ, കപാലായ നമഃ ഖഡ്ഗായ നമഃ, ഖേടായ നമഃ'] എന്നീ ആയുധങ്ങളോടും കൂടിയിരിയ്ക്കുന്നവളുമായ ഭദ്രകാളിയെ ധ്യാനിയ്ക്കപ്പെടണം.

107 മൃഗടങ്കവരാഭീതികരോ വീരസ്ത്രീലോചനഃ
നാഗോപവീതാഭരണഃ ശ്വേതചർമ്മാംബരോഭവേൽ

വീരഭദ്രൻ പരശു, ഹരിണം, അഭയം. വരദം [പരശവേനമഃ, ഹരിണായ നമഃ, അഭയായ നമഃ, വരദായ നമഃ'] എന്നീ ആയുധങ്ങളും, ത്രിനേത്രവും, പാമ്പുകൊണ്ടുള്ള പൂണൂലാകുന്ന ആഭരണവുമുള്ളവനും വെളുത്ത തോലുടുത്തവനുമായ വീരഭദ്രനേ ധ്യാനിയ്ക്കണം.

108 ഗജാസ്യമേകദന്തം ചത്രിനേത്രം നാഗഭൂഷണം
കനകാഭം കരാസക്ത പാശാങ്കുശവരം തഥാ

109 ഭക്ഷ്യംച ബിഭ്രതം ദേവം ഹ്രസ്വപാദകരദ്വയം
ശുണ്ഡാഗ്രന്യസ്തചഷകം മഹാകായം വിചിന്തയേൽ.

ഗണപതി ആനയുടേതുപോലുള്ള മുഖത്തോടുകൂടിയവനും, ഒററക്കൊമ്പനും, ത്രിനേത്രനും, പാമ്പുകരം ആഭരണങ്ങളുള്ളവനും, സ്വർണ്ണവർണ്ണനും, പാശം, അങ്കുശം, ഭക്ഷ്യം,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വരദം ['പാശായ നമഃ, അങ്കുശായ നമഃ, ഭക്ഷ്യായ നമഃ, വരദായ നമഃ'] എന്നീ ആയുധങ്ങളോടുകൂടയവനും, നീളം കുറഞ്ഞ കൈകാലുകളോടുകൂടിയവനും, തുമ്പിക്കയ്യിൽ രത്ന കലശത്തോടുകൂടിയവനും ['രത്നകലശായനമഃ'] വലിയ ശരീരത്തോടുകൂടിയവനും ആയ ഗണപതിഭഗവാനെ ധ്യാനിയ്ക്കണം.

110 ദണ്ഡം കമണ്ഡലും ബിഭ്രത്യക്ഷസൂത്രമഥാങ്കുശം
സുവർണ്ണവർണ്ണാംബ്രഹ്മാണീ കൃഷ്ണാജിനധരാഭവേൽ.

ബ്രഹ്മാണി ദണ്ഡ്, കമണ്ഡലു, അക്ഷമാലാ, അങ്കുശം ['ദണ്ഡാനമഃ, കമണ്ഡലവേ നമഃ, അക്ഷമാലായൈ നമഃ, അങ്കുശായ നമഃ'] എന്നീ ആയുധങ്ങളോടുകൂടിയവളും; സ്വർണ്ണവർണ്ണമുള്ളവളും, കൃഷ്ണാജിനം ധരിച്ചിരിയ്ക്കുന്നവളുമായ ബ്രഹ്മാണിയേ ധ്യാനിയ്ക്കണം.

111 ശൂലം പരശ്വധം ക്ഷുദ്രദുന്ദുഭിം നൃകരോടികാം
ബിഭ്രതീമഭ്രശുഭ്രാഭാം സ്മരേൻ മാഹേശ്വരീമപി.

മാഹേശ്വരി ശൂലം, പരശ്വധം, ക്ഷുദ്രദുന്ദുഭിം (കടുന്തുടി) നൃകരോടിക (മനുഷ്യത്തലയോട്) [ശൂലായ നമഃ, പരശ്വധായനമഃ: ക്ഷുദ്രദുന്ദുഭയേ നമഃ, നൃകരോടികായൈ നമഃ'] എന്നീ ആയുധങ്ങളുള്ളവളും വെളുത്ത മേഘ നിറമുള്ളവളുമായ മാഹേശ്വരിയെ ധ്യാനിയ്ക്കണം.

112 അങ്കുശംദണ്ഡഖട്വാംഗ പാശാംശ്ചദധതീംഭുജൈഃ
ധ്യായേൽ സിന്ദൂരസങ്കാശാം
കൌമാരീം ശക്തിമാലികാം

കൌമാരി അങ്കുശം, ദണ്ഡ്, ഖട്വാംഗം, പാശം [അങ്കുശായ നമഃ ദണ്ഡായ നമഃ, ഖട്വാംഗായ നമഃ, പാശായ നമഃ] എന്നീ ആയുധങ്ങളോടും കുങ്കുമവർണ്ണത്തോടും കൂടിയവളും വേലുമാല ധരിച്ചവളുമായ കൌമാരിയെ ധ്യാനിയ്ക്കണം.

113 ചക്രഘണ്ടാപതാകാഖ്യശംഖ രാജച്ചതുർഭുജാം
കളായ ശ്യാമളാം ധ്യായേ ദ്വൈഷ്ണവീം
പീതവാസസം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വൈഷ്ണവീ. ചക്രം, ഘണ്ടാ, പതാകാ, ശംഖ് ['ചക്രായ നമഃ, ഘണ്ടായൈ നമഃ, പതാകായൈ നമഃ, ശംഖായ നമഃ'] എന്നീ ആയുധങ്ങളോടുകൂടിയവളും, കായാമ്പൂവര്‍ണ്ണമുള്ളവളും മഞ്ഞവസ്ത്രം ധരിച്ചവളുമായ വൈഷ്ണവീയേ ധ്യാനിക്കണം.

114 മുസലാസിലസൽഘണ്ടാം ഹലോദ്യൽ
കരപങ്കജാം
ഗദാവരദ സംയുക്താം വാരാഹീം നീരദപ്രഭാം.

വാരാഹി മുസലം, ഖഡ്ഗം, ഘണ്ടാ, ഹലം, ഗദാ, വരദം ['മുസലായ നമഃ, ഖഡ്ഗായനമഃ, ഘണ്ടായൈനമഃ, ഹലായ നമഃ, ഗദായൈ നമഃ, വരദായ നമഃ'] എന്നീ ആയുധങ്ങളോടുകൂടിയവളും മേഘവര്‍ണ്ണയുമായ വാരാഹിയെ ധ്യാനിക്കണം.

115 അങ്കുശം തോമരം വജ്രം ചക്രം ദധതീം ശുഭാം-
ഇന്ദ്രോപലാഭാമിന്ദ്രാണീം സ്മരേദുജ്ജ്വലഭൂഷണാം.

ഇന്ദ്രാണി. അങ്കുശം, തോമരം, വജ്രം, ചക്രം ['അങ്കുശായ നമഃ, തോമരായ നമഃ, വജ്രായ നമഃ, ചക്രായ നമഃ] എന്നീ ആയുധങ്ങളുള്ളവളും, മംഗളം തരുന്നവളും, ഇന്ദ്രനീലക്കല്ലിന്റെ നിറമുള്ളവളും ശോഭിക്കുന്ന പല ആഭരണങ്ങളോടുകൂടിയവളുമായ ഇന്ദ്രാണിയേ ധ്യാനിക്കണം.

116 ശൂലാസി നൃശിരോ രാജൽ കപാല വിലസൽഭുജാം
മുണ്ഡസ്രങ്മണ്ഡിതാം ചണ്ഡാംചാമുണ്ഡാമപി
ചിന്തയേൽ.

ചാമുണ്ഡി ശൂലം ഖഡ്ഗം, നൃശിരസ്സ്, കപാലം ['ശൂലായ നമഃ, ഖഡ്ഗായ നമഃ, നൃശിരസേ നമഃ. കപാലായ നമഃ] എന്നീ ആയുധങ്ങളും, മുണ്ഡമാലയും ഉള്ളവളും അത്യന്തം കോപിച്ചിരിക്കുന്നവളുമായ ചാമുണ്ഡിയെ ധ്യാനിക്കണം.

117 പത്മസ്ഥാവീരഭദ്രാദ്യാ ധ്യാതവ്യാ നവധീമതാ
പ്രകാരാന്തരമേതേഷാം മൃഗ്യം തന്ത്രാന്തരേഷ്വപി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വീരഭദ്രാദി മാതൃക്കൾ എല്ലാവരും പത്മത്തിങ്കൽ ഇരിയ്ക്കുന്നവരായിട്ടു് ധ്യാനിയ്ക്കപ്പെടണം. ഇവരുടെ ധ്യാനങ്ങളിൽ പ്രകാരാന്തരമുള്ളതിനെ മററു തന്ത്രങ്ങളിൽനിന്നും അറിയേണ്ടതാകുന്നു.

118 കപാലം ചത്രിശ്ശൂലംചപാശം ഡമരുകം ദധൽ
ക്ഷേത്രപോ ഽഞ്ജനസങ്കാശോ
ജ്വലിതോർദ്ധ്വ ശിരോരുഹഃ

119 സ്പഷ്ടദംഷ്ട്രോ മഹാകായോ രക്താകല്പോ ദിഗംബരഃ
സൌവർണ്ണ കിങ്കിണീ ദീപ്തോ
ഹേമപീഠാംബുജേ സ്ഥിതഃ

ക്ഷേത്രപാലൻ കപാലം, ത്രിശ്ശൂലം, പാശം, ഡമരുകം, ['കപാലായ നമഃ, ത്രിശ്ശൂലായ നമഃ, പാശായ നമഃ, ഡമരുകായ നമഃ'] എന്നീ ആയുധങ്ങൾ ധരിച്ചവനും അഞ്ജനവർണ്ണമുള്ളവനും തലമുടി മേല്പോട്ടായിട്ടുള്ളവനും ദംഷ്ട്രകളും, വലിയ ശരീരവും, ചുവന്ന അലങ്കാരങ്ങളും ഉള്ളവനും ദിഗംബരനും, സ്വർണ്ണക്കിങ്ങിണി ധരിച്ചവനും സ്വർണ്ണത്താമരപ്പൂവാകുന്ന പീഠത്തിങ്കൽ സ്ഥിതിചെയ്യുന്നവനുമായ ക്ഷേത്രപാലനെ ധ്യാനിയ്ക്കണം.

120 ഏവം ധ്യാത്വാ ഽർച്ചിതം പീഠമാസനം
വിനിവേദയേൽ
സാഞ്ജലിഃ സ്വാഗതം ബ്രൂയാൽ
പ്രദദ്യാല്ലോപചാരകാൻ

ഇപ്രകാരം ധ്യാനിച്ചിട്ടു് പൂജിച്ചിരിയ്ക്കുന്ന പീഠത്തെ "ആസനമിദം' എന്നു സമർപ്പിച്ചു് തൊഴുകയ്യോടുകൂടി "സ്വാഗതമസ്തു' എന്നു ചൊല്ലുകയും വേണം. അനന്തരം ഉപഹാരങ്ങൾ കൊടുക്കുക.

121 ദദ്യാ ദിഹാർഘ്യാദി വിരിഞ്ച ലക്ഷ്മ്യാഃ
ശേഷേഷു പാദ്യാദ്യുപഹാരജാതം.
കൃഷ്ണാഗ്രജാവാക്ഷു തഥാ ഽന്യഥാ വാ
തതഃ പ്രകുർവ്വീതച വിഗ്രഹേജ്യാം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബ്രഹ്മാവിനും ശ്രീഭഗവതിയ്ക്കും 'അർഘ്യാ'ദിയും മററു ള്ളവക്ക് പാദ്യാദിയും ആണ്. ശ്രീകൃഷ്ണനും ജ്യേഷ്ഠാഭഗവതിയ്ക്കും സരസ്വതിയ്ക്കും അർഘ്യാദിയായിട്ടോ പാദ്യാദിയായിട്ടോ ആകാം. അനന്തരം എല്ലാവക്കും മൂൎത്തിപൂജ ചെയ്യുക.

122 താരോപചാരമൂലാദ്യാന്യസ്തമന്ത്രാ യഥാക്രമം
ഭൂഷണായുധപൎയ്യന്താമനവോ വിഗ്രഹാൎച്ചനേ.

പ്രണവോപചാരമൂലം, ന്യസിച്ച മന്ത്രങ്ങൾ, ആയുധം, ഭൂഷണം ഇവയെല്ലാം യഥാക്രമം വിഗ്രഹപൂജയിങ്കൽ പൂജിയ്ക്കണം.

123 പരിവാരപ്രസരണം സ്നാനാരംഭേ വിധീയതേ
സ്നാനാദ്യപ്യങ്ഗമൂൎത്തിഭ്യഃ സൎവ്വേ
പൂജ്യാ ജലാദിഭിഃ

സ്നാനാരംഭത്തിങ്കൽ പരിവാരപ്രസരണം വിധിയ്ക്കപ്പെടുന്നു. അംഗാവരണത്തിനും മൂൎത്ത്യാവരണത്തിനും സ്നാനാദി ഉപഹാരവും കൊടുക്കണം. പിന്നെ എല്ലാവരേയും ജലഗന്ധാദികളേക്കൊണ്ടു് പൂജിയ്ക്കണം.

124 സ്യാദങ്ഗമൂൎത്തിലോകേശാസ്ത്രാണ്യാ
വരണമഖിലദേവേഷു
കാല്യാം തു മൂൎത്ത്യനന്തരമങ്ഗാന്യേവംക്രമഃ പ്രോക്തഃ

എല്ലാവക്കും അംഗാവരണം മൂൎത്ത്യാവരണം, ഇന്ദ്രാദി, വജ്രാദി എന്നിങ്ങനേ ക്രമം; ഭദ്രകാളിയ്ക്കു് മൂൎത്ത്യാവരണം അംഗാവരണം, പിന്നേയും മൂൎത്ത്യാവരണം, ഇന്ദ്രാദി, വജ്രാദി ഇങ്ങിനെ ക്രമം വേണം.

125 പ്രാഗാദി ദിക്ഷുഹൃദയാദ്യനലാദികോണേ-
ഷ്വസ്ത്രം പുരോ ƒ ക്ഷിച പിതാമഹകൃഷ്ണമാസു
അഗ്നീശനൈൎഋതമരുത്സുഹൃദാദിശേഷേ-
ഷ്വഗ്രേ ƒ ക്ഷി പൂജയതുദിക്ഷു തതഃ സ്വമസ്ത്രം

ബ്രഹ്മാവു്, ശ്രീകൃഷ്ണൻ ശ്രീഭഗവതി എന്നിവക്കു് കിഴക്കാദി ദിക്കുകളിൽ ഹൃദയാദിനാലും അഗ്ന്യാദികോണുക

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ളിൽ അസ്ത്രവും മുമ്പിൽ നേത്രവും എന്നിങ്ങനെ ക്രമം; മററു ള്ളവക്ക് അഗ്നി, ഈശൻ, നിരൃതി, വായു എന്നീ കോണു കളിൽ ഹൃദയാദിനാലും, മുമ്പിൽ നേത്രവും, പിന്നെ പൂർവ്വാ ദി ദിക്കുകളിൽ അസ്ത്രവും എന്നിങ്ങനെ ക്രമം വേണം.

126 വാസുദേവഃ സങ്കർഷണഃ പ്രദ്യുമ്നശ്ചാനിരുദ്ധകഃ
ദിക്ഷു കോണേഷു ശാന്തിഃ ശ്രീഃ
സരസ്വത്യപ്യജേ രതിഃ

ബ്രഹ്മാവിന്ന് ദിക്കുകളിൽ 'വാസുദേവായ നമഃ, സ ങ്കർഷണായ നമഃ, പ്രദ്യുമ്നായ നമഃ, അനിരുദ്ധായ നമഃ' 'എന്നും കോണുകളിൽ 'ശാന്ത്യൈ നമഃ, ശ്രിയൈ നമഃ, സരസ്വത്യൈ നമഃ, രത്യൈ നമഃ' എന്നും മൂർത്ത്യാവരണ മന്ത്രങ്ങൾ.

127 പ്രാഗാദിഷു ഗ്രഹാഃ സൂര്യേസ്യഃ
സോമാങ്ഗാരകാദയഃ
സൌമ്യാ വാദിക്ഷു ചത്വാരോ
വിദിക്ഷൂ ഗ്രായഥാക്രമം.

സൂര്യ്യങ്കൽ കിഴക്കാദി പ്രദക്ഷിണമായിട്ട് 'സോമാ യ നമഃ, അംഗാരകായ നമഃ, ബുധായ നമഃ, ബൃഹസ്പതയേ നമഃ, ശുക്രായ നമഃ, ശനൈശ്ചരായ നമഃ, രാഹവേ നമഃ, കേതവേ നമഃ' ഇങ്ങിനെ മൂർത്ത്യാവരണങ്ങൾ; എന്നിയേ ദിക്കുകളിൽ ശുഭന്മാരും കോണുകളിൽ പാപന്മാരും ആയി ട്ടുമാവാം ക്രമം.

128 ഭദ്രൌച മാണി പൂർണ്ണാദികൌ തതശ്ചേ
ലിമാലീചിബി കുണ്ഡലിനൌ-
ദിക്ഷുവിദിക്ഷു നരേന്ദ്രചരേന്ദ്രഹയഗ്രീവക
ധൃതരാഷ്ട്രാ ധനദേ.

വൈശ്രവണങ്കൽ-ദിക്കും കോണുമായിട്ട്- 'മാണിഭദ്രാ യ നമഃ, പൂർണ്ണഭദ്രായ നമ;, ചേലിമാലിനേ നമഃ, ചിബി കുണ്ഡലിനേ നമഃ, നരേന്ദ്രായ നമ:, ചരേന്ദ്രായ നമഃ, ഹ യഗ്രീവായ നമഃ, ധൃതരാഷ്ട്രായ നമഃ' ഇങ്ങിനെ മൂർത്ത്യാവ രണമന്ത്രങ്ങൾ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

129 സ്യുവ്വാസുദേവ ബലഭദ്രൌ പ്രദ്യുമ്നോ f നിരുദ്ധ
ആശാസുഹരൌ
വ്യാശാസുരുക്മിണീ സ്യരഥ സത്യഭാമാ
ചലക്ഷണാ ജാംബവതീ.

ശ്രീകൃഷ്ണന് ദിക്കും കോണുമായി 'വാസുദേവായ നമഃ, ബലഭദ്രായ നമഃ, പ്രദ്യുമ്നായ നമഃ, അനിരുദ്ധായ നമഃ, രുക്മിണ്യൈ നമഃ, സത്യഭാമായൈ നമഃ, ലക്ഷണായൈ നമഃ, ജാംബവത്യൈ നമഃ' ഇങ്ങിനെ മൂർത്ത്യാവരണം.

130 യോഗാസത്യാ f ഥ വിമലാ ജ്ഞാനാ
ബുദ്ധിഃ സ്മൃതിഃ ക്രമാൽ
മേധാപ്രജ്ഞാ ച ഭാരത്യാം പ്രാഗാദ്യാ അഷ്ടശക്തയഃ

സരസ്വതിയ്ക്ക് കിഴക്കാദി പ്രദക്ഷിണമായിട്ട്-'യോഗായൈ നമഃ, സത്യായൈ നമഃ, വിമലായൈ നമഃ, ജ്ഞാനായൈ നമഃ, ബുദ്ധ്യൈ നമഃ, സ്മൃത്യൈ നമഃ, മേധായൈ നമഃ, പ്രജ്ഞായൈ നമഃ' ഇങ്ങിനെ മൂർത്ത്യാവരണങ്ങും.

131 രമായാം വാസുദേവാദ്യാദിക്ഷു കോണേഷ്വാരണാഃ
ദമകഃ ശമകശ്ചൈവ ഗ്ഗുല്ഗുലുശ്ച കുരണ്ഡകഃ

ശ്രീ ഭഗവതിയ്ക്ക് ദിക്കും കോണുമായി 'വാസുദേവായ നമഃ, സങ്കർഷണായ നമഃ, പ്രദ്യുമ്നായ നമഃ, അനിരുദ്ധായ നമഃ, ദമകായ നമഃ, ശമകായ നമഃ, ഗുൽഗുലവേ നമഃ, കുരണ്ഡകായ നമഃ' ഇവ മൂർത്ത്യാവരണങ്ങും.

132 അനങ്ഗരൂപാ മദനാ f നങ്ഗപൂർവ്വാതഥാ ff തുരാ
തഥാമദനവേഗാ ചതതോ ഭുവനപാലികാ

133 സ്യാൽ സർവ്വശിശിരാ f നങ്ഗ
വേദനാ f നങ്ഗമേഖലാ
ദൂത്യഃപ്രാഗാദിക്ഷു സ്യുരുമായാം മാതരോഥവാ

ശ്രീ പാർവ്വതിയ്ക്ക് പൂർവ്വാദി പ്രദക്ഷിണമായിട്ട് 'അനംഗരൂപായൈ നമഃ, മദനായൈ നമഃ, അനംഗാതുരാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യൈ നമ:, മദനവേഗായൈ നമഃ, ഭുവനപാലികായൈ നമ:, സർവ്വശിശിരായൈ നമഃ, അനംഗവേദനായൈ നമഃ, അനംഗമേഖലായൈ നമഃ' ഇങ്ങിനെ മൂർത്ത്യാവരണങ്ങളം അല്ലെങ്കിൽ 'ബ്രഹ്മാണ്യാ'ദി 'മഹാലക്ഷ്മ്യ'ന്തം മാതൃക്കളായിട്ടും ആകാം.

133 ജ്യേഷ്ഠായാം ശക്തയഃ പഞ്ചപത്രുട്ടിക്ഷു പരീശ്വരേ
വശിനീമപികാമേശീം മോദിനീം വിമലാംക്രമാൽ

135 അരുണാംച മഹായക്ഷീം തഥാ സർവ്വേശ്വരീമപി
കൌളിനീമച്ഛയേൽ കാല്യാ മാദി
വർഗ്ഗൈഃ സഹാദിതഃ

ജ്യേഷ്ഠാഭഗവതിയ്ക്ക് പൂർവ്വാദി നാല്പ ദിക്കുകളിലും മൂകളിലേക്കായി ഈശകോണിലുംകൂടി അഞ്ചു ശക്തികളേയും പൂജിയ്ക്കുക. ഇവ സർവ്വലോകാദിയായിട്ടുവേണം. ഭദ്രകാളിയ്ക്ക് അ. ആ. ഇ. ഈ. ഉ. ഊ. ഋ. ൠ. ഌ. ൡ. ഏ. ഐ. ഓ. ഔ. അം. അഃ വശിന്യൈ നമഃ, ക. ഖ. ഗ. ഘ. ങ. കാമേശ്വര്യൈ നമഃ, ച. ഛ. ജ. ഝ ഞ. മോദിന്യൈ നമഃ, ട. ഠ. ഡ. ഢ. ണ. വിമലായൈ നമഃ, ത. ഥ. ദ. ധ. ന. അരുണായൈ നമ:, പ. ഫ. ബ. ഭ. മ. മഹായക്ഷ്യൈ നമഃ, യ. ര. ല. വ. സർവ്വേശ്വര്യൈ നമഃ, ശ. ഷ. സ. ഹ. ള. ക്ഷകൌളിന്യൈ നമഃ' ഇങ്ങിനെ മൂർത്ത്യാവരണങ്ങളം.

136 ബ്രഹ്മാണ്യാദ്യാ വീരഭദ്രസ്യ ദിക്ഷു
ബ്രഹ്മാണ്യാഃ സ്യുർവ്വീര ഭദ്രോ *f* ഥ സപ്ത
മാഹേശ്യാദ്യാ ശൈവമന്യേഷു ഷട്സു
ഗ്രാഹ്യാസ്സപ്തൈവ സേതരാ മൂർത്തയശ്ച.

വീരഭദ്രന് ബ്രഹ്മാണ്യാദി സപ്തമാതൃക്കളും ഗണപതിയും; ബ്രഹ്മാണിയ്ക്ക്-വീരഭദ്രനും മാഹേശ്വര്യാദി മാതൃക്കളും ഗണപതിയും; മററുള്ളവക്കും ഇപ്പ്രകാരം കണ്ടുകൊള്ളണം. ഇങ്ങിനെ മാതൃക്കളുടെ മൂർത്ത്യാവരണങ്ങളം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

137 ഹേതുക സ്ത്രി പുരാന്തശ്ചാപ്യഗ്നിവേതാള ഏവച
അഗ്നിജിഹ്വോ ഽ ഗ്നി കല്പശ്ച കരാളശ്ചൈകപാദകഃ
ഭീമരൂപോ ഽ ഷ്ട ദിക്ഷ്വേതേ ക്ഷേത്ര
പാലേ ഽ ഷ്ട മൂർത്തയഃ

ക്ഷേത്രപാലന് ഹേതുകക്ഷേത്രപാലായ നമഃ, ത്രിപുരാന്തക ക്ഷേത്രപാലായ നമഃ, അഗ്നിവേതാളക്ഷേത്രപാലായ നമഃ, അഗ്നിജിഹ്വക്ഷേത്രപാലായ നമഃ, അഗ്നികല്പക്ഷേത്രപാലായ നമഃ, കരാളക്ഷേത്രപാലായ നമഃ, ഏകപാദക്ഷേത്രപാലായ നമഃ' ഇങ്ങിനെ കിഴക്കാദി എട്ടു ദിക്കുകളിലായി മൂർത്ത്യാവരണങ്ങളും.

138 സൂര്യ്യവാഗ്ഭൈരവീ ഗൌരീഷ്വസ്തി മാതൃഭിരാവൃതിഃ
തൃതീയാ സ്യാന്മഹാലക്ഷ്മീരഷ്ടമീ മിഹിരേ ഽ രുണഃ

സൂര്യ്യൻ, സരസ്വതി, ഭദ്രകാളി, ശ്രീപാർവ്വതി ഇവർക്കു് മൂന്നാമത്തെ ആവരണം മാതൃക്കളെക്കൊണ്ടാകുന്നു. അവിടെ എട്ടാമത്തേതു് 'മഹാലക്ഷ്മി'യുമാകുന്നു. സൂര്യ്യങ്കൽ എട്ടാമത്തേതു് 'അരുണായ നമഃ' എന്നുമാണു്.

139 വലാംകീ വിമലാ ലക്ഷ്മ്യാം കമലാ വനമാലികാ
വിഭീഷികാ മാലികാ ച ശാങ്കരീ വസുമാലികാ

140 ഗൌര്യ്യാ മാവൃതിരന്യാവാ ഹൃല്ലേഖാദ്യാസ്തു ശക്തയഃ
മൂലൈശാന്യഗ്നിയാമ്യവരുണസൌമ്യേഷ്വച്ച്യാഃക്രമാദഥ

141 ഇഷ്ട്വാങ്ഗാന്യഥ ഗായത്രീം
സാവിത്രീംച സരസ്വതീം
പ്രാഗ്രക്ഷോവായുകോണേഷു ഷട്കോണസ്യ
തദാവൃതൌ.

142 ബ്രഹ്മാവിഷ്ണുശ്ചരുദ്രോ ഽ ഗ്നിവരുണേ
ശാശ്രിഷുക്രമാൽ
ചതുർത്ഥി താവൃതിരിയം മാതൃഭിഃ സ്യാദ്ദഭീരിതാ.

ശ്രീഭഗവതിയ്ക്കു് 'വലാകൈ്യ നമഃ, വിമലായൈ നമഃ, കമലായൈ നമഃ, വനമാലികായൈ നമഃ, വിഭീ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഷികായൈ നമഃ, മാലികായൈ നമഃ, ശാങ്കയ്യൈ നമഃ, വസുമാലികായൈ നമഃ' ഇങ്ങിനേയും ആവരണമാകാം.

ശ്രീപാർവ്വതിയ്ക്കു് അംഗാവരണത്തിനു മുമ്പു് മൂദ്ധാവിങ്കലും, പൂർവ്വദക്ഷിണ പശ്ചിമോത്തരമുഖങ്ങളിലും ഹൃല്ലേഖാദികരം കഴിഞ്ഞാൽ അംഗാവരണവും. പിന്നെ 'ഗായത്ര്യൈ നമഃ സാവിത്ര്യൈ നമഃ, സരസ്വത്യൈ നമഃ' എന്നു് ഷട്കോണിന്റെ കിഴക്കു് നിരൃതി വായു കോണുകളിലും പിന്നെ 'ബ്രഹ്മണേ നമഃ, വിഷ്ണവേനമഃ, രുദ്രായനമഃ' എന്നു് അഗ്നി, പടിഞ്ഞാറു്, ഈശകോണുകളിലും ഉള്ള അശ്രികളിൽ യഥാക്രമം പൂജിച്ചു് നാലാമത്തെ ആവരണമായി മാതൃക്കളേക്കൊണ്ടും പൂജിയ്ക്കുക.

143 ശങ്ഖപത്മനിധീ ശ്രീദേക്രമാദ്ദക്ഷിണവാമയോഃ
മായാഗ്നീത്തു തയോബ്ബീജം വൈന
തേയോ f ഗ്രതോഹരൌ.

വൈശ്രവണന്നു് മൂർത്ത്യാവരണം കഴിഞ്ഞാൽ 'ഹ്രീം ശംഖനിധയേ നമഃ, രംപത്മനിധയേ നമഃ' ഇവ വലത്തും എടത്തും പൂജിയ്ക്കണം. ശ്രീകൃഷ്ണന്നു് മൂർത്ത്യാവരണത്തിനു ശേഷം 'വൈനതേയായ നമ.' എന്നു് മുൻഭാഗത്തു് പൂജിയ്ക്കുകയും വേണം.

144 കാള്യാം തു മാതരഃ സ്വസ്വഭൈരവൈഃ സഹപീഠഗാഃ
അസിതാങ്ഗോ രുരുശ്ചണ്ഡഃ ക്രോധീ
ശോന്മത്തകൌ പരഃ

145 കപാലീ ഭീഷണശ്ചൈവ സംഹാരശ്ചാഷ്ടഭൈരവാഃ
തേഷാംഹ്രസ്വാഷ്ടകം ബീജം മാതൃണാമിതരാഷ്ടകം.

ഭദ്രകാളിയ്ക്കു് മാതൃക്കളേ പൂജിയ്ക്കുന്നതോടുകൂടിത്തന്നെ ഭൈരവന്മാരേയും പൂജിയ്ക്കണം. 'അം അസിതാംഗഭൈരവായ നമഃ, ആം ബ്രഹ്മാണ്യൈ നമഃ, ഇം രുരുഭൈരവായ നമഃ ഈം മാഹേശ്വര്യൈ നമഃ, ഉം ചണ്ഡ ഭൈരവായനമഃ ഊം കൌമാര്യൈ നമഃ, ഋം ക്രോധീശ ഭൈരവായ നമഃ, ൠം വൈഷ്ണവ്യൈ നമഃ, ഌം ഉന്മത്തഭൈരവായ നമഃ, ൡം വാരാഹ്യൈ നമഃ, ഏം കപാലി ഭൈരവായ നമഃ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഐം ഇന്ദ്രാണ്യൈ നമഃ, ഓം ഭീഷണഭൈരവായ നഃ, ഔം ചാമുണ്ഡ്യൈ നമഃ, അം സംഹാരഭൈരവായ നമഃ, അഃ മഹാലക്ഷ്മ്യൈ നമഃ' എന്നിങ്ങനെ.

146 വിഷ്വക്സേനോ വിധിയദ്ഗപയോ
രാജരാജേച ശുഭ്ര-
സ്തേജശ്ചണ്ഡോ ƒ ര്യ്യമണി സുഭഗാ പുഷ്പ
ധാരിണ്യത സ്യാൽ
ഗൌര്യ്യാം ലക്ഷ്മ്യാം ധൃതിരഥമതിർവ്വാചി
ചണ്ഡാദിദാസീ
ജ്യേഷ്ഠായാം ദാരുകജിതിപുനഃ ശേഷികാ
ശേഷഭുക്സ്യാൽ.

147 മാതൃഷ്വപ ചണ്ഡസേനാ ക്ഷേത്രപതൌ
ക്ഷേത്രചണ്ഡശ്ച-
പരിവാരശേഷഭുക്ഷ്വിഹ തന്ത്രവിദാംസന്തിമതഭേദാ:

ബ്രഹ്മാവിനും ശ്രീകൃഷ്ണനും-'വിഷ്വക്സേനായ നമഃ' എന്നും, വൈശ്രവണനു്-'ശുഭ്രായ നമഃ' എന്നും, സൂര്യ്യനു്-'തേജശ്ചണ്ഡായ നമഃ' എന്നും, ശ്രീപാർവ്വതിയ്ക്കു്-'സുഭഗായൈ നമ:' എന്നു്, അഥവാ 'പുഷ്പധാരിണ്യൈ നമ:' എന്നും, ശ്രീ ഭഗവതിയ്ക്കു്-'ധൃത്യൈ നമ:' എന്നും, സരസ്വതിക്കു്-'മത്യൈ നമ:' എന്നും, ജ്യേഷ്ഠാഭഗവതിക്കു് 'ചണ്ഡദാസ്യൈ നമ:' എന്നും, ഭദ്രകാളിക്കു്-'പ്രോംശേഷികായൈ നമ:' എന്നും, മാതൃക്കൾക്കു്-'ചണ്ഡാസേനായൈ നമ:' എന്നും, ക്ഷേത്രപാലനു് 'ക്ഷേത്രചണ്ഡായ നമ:' എന്നും നിർമ്മാല്യധാരി മന്ത്രങ്ങളാകുന്നു. പരിവാരങ്ങളിലും നിർമ്മാല്യധാരിയിലും തന്ത്രിമാർക്കു പക്ഷഭേദങ്ങളുണ്ടു്.

148 വിഗ്രഹാവരണപൂജനാന്തത: കേവലം
തമഭിപൂജ്യകിഞ്ചന
പാദ്യകാദ്യപിസമർപ്പ്യ തൽപുര: സ്ഥാനയേത്
ബഹുനിവേദ്യമുജ്ജ്വലം.

ഇങ്ങിനെ വിഗ്രഹപൂജയും ആവരണപൂജയും ചെയ്തു് പരിവാരസങ്കോചം ചെയ്തു് മൂലംകൊണ്ടർച്ചിച്ചു് പാദ്യാദി കൊടുത്തു് ധാരാളം നിവേദ്യം കൊണ്ടുവന്നു വെയ്ക്കുക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

149 നിവേദ്യ ഗുരു നിർദ്ദിഷ്ട ദിശാദ്വാരം പിധായച
കൃത്വാഹോമം ബലിംചാപി സമാ
ചമ്യാന്തരാവിശേൽ.

ഗുരു പറഞ്ഞതുപോലെ നിവേദിച്ച് നടയടച്ച് വൈശ്യഹോമവും ബലിയും ചെയ്ത് ആചമിച്ച് അകത്തേയ്ക്ക് പോകുക.

150 വിസൃജ്യ തന്നിവേദ്യാന്നം ദത്വാ നിർമ്മാല്യധാരിണേ
ഗണ്ഡൂഷാദി സമർപ്പ്യാഥ വിധിവൽ പരിപൂജയേൽ.

അനന്തരം നിവേദ്യ വിസർജ്ജനം ചെയ്ത് നിർമ്മാല്യധാരിക്കു നിവേദിച്ച് ഗണ്ഡൂഷാദി പ്രസന്നപൂജയും ചെയ്യുക.

151 പുഷ്പാഞ്ജലി ജപാദീനി കൃത്വാബ്രഹ്മാർപ്പണംചരേൽ
പ്രസന്നാർഘ്യം പ്രദായാഥ പ്രോക്ഷേൽ
തീർത്ഥജലൈ: ക്രമാൽ.

പുഷ്പാഞ്ജലി, ജപം മുതലായവയും ബ്രഹ്മാർപ്പണവും ചെയ്ത് പ്രസന്നാർഘ്യം കൊടുത്ത് തീർത്ഥം തളിക്കുക.

152 ദത്വാർഘ്യമവസാനീയം ലയാങ്ഗാദി വിധായച
താലത്രയാദിനാ ff രക്ഷ്യപ്രാണായാമാദികം ചരേൽ

അനന്തരം അവസാനീയാർഘ്യം കൊടുത്ത് ലയാംഗം ചെയ്ത് രക്ഷിച്ച് തന്റേയും ലയാംഗം ചെയ്യുക.

153 പൃഥിവ്യൃദ്ധംതു വിദ്യാബ്ധിം രത്നദ്വീപം സുമങ്ഗലം
മണിമണ്ഡപമപ്യഹേൽ കാര്യാം കല്പദ്രുമം പുന:

ഈ ശ്ലോകംതന്നെയാണ് 73-ാമത്തേത്. വിവരണം അവിടെ പറഞ്ഞിട്ടുമുണ്ട്.

154 വാണ്യാദിഷ്വപിവിദ്യാബ്ധ്യാദിയോഗ:
കൈശ്ചിദിഷ്യതേ-
സൂര്യേ പ്രസന്നപൂജായാംകേ ചിദർഘ്യം പ്രചക്ഷതേ.

സൂര്യന്നു് പ്രസന്നപൂജയിങ്കൽ അർഘ്യം കൊടുക്കണമെന്നു പറയുന്നു. അതിന്നർത്ഥമെന്തെന്നു അറിയുന്നില്ല. 'ഗായത്രി ചൊല്ലി ഊക്കുകയായിരിയ്ക്കാം'മെന്നാണ് ഗുരു പറഞ്ഞിട്ടുള്ളത്.

ഇപ്രകാരം മൂന്നാമത്തെ പടലം കഴിഞ്ഞു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നാലാംപടലം

ഈ പടലംകൊണ്ടു കലശത്തെ പറയുന്നു.

1 അഥകൃത ബീജവാപകൃത നിഷ്കൃതിതദ്ഹുതോ
വിഹിതദിശാ വിശോദ്ധ്യനിജമണ്ഡപമത്രഗുരുഃ
ദ്രവിണവശാദ്വിധായച പദാനി വിചിത്രതയാ
കലശചയം പ്രപൂജയതു കർമ്മവിദാഗമവിൽ.

കർമ്മത്തേയും ആഗമത്തേയും അറിയുന്ന ഗുരു മുളയിട്ട് തദ്ഹോമാന്തമുള്ള പ്രായശ്ചിത്തഹോമങ്ങളെച്ചെയ്ത് മുൻ പറഞ്ഞപോലെ മണ്ഡപസംസ്കാരവും ചെയ്ത് ദ്രവ്യന്യാസക്രമമനുസരിച്ച് ഭംഗിയായി പത്മമിട്ട് കലശസമൂഹത്തെ വിധിപോലെ പൂജിക്കുക.

2 സ്നാതാ ff ചാന്തോ ദ്രുഹിണ
കലശസ്യോപവിഷ്ടഃ സമീപേ
സ്വിഷ്ടാത്മാ സ്വിഷ്ടഗുരു ഗണപോ
വിഷ്ടരം പീഠഇഷ്ട്വാ
കുംഭേ f പ്രോക്ഷാദികൃദഥ
കലാന്യസ്യ കുംഭാദിവാഹം
കുര്യാൽ കൂർച്ചം ദ്രവിണനിഹിതം
മാനസം പൂരണം ച.

ഗുരു സ്നാനാചമനാദികളെച്ചെയ്ത് ബ്രഹ്മകലശസമീപത്തിരുന്ന് ദേഹശുദ്ധ്യാദി ചെയ്ത് ഗുരു ഗണപതി പൂജി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ച്ച് പീഠപൂജ, ശക്ത്യാവാഹനപൂജ, കുംഭസംസ്കാരം, ത്രികലാന്യാസം, കുംഭാവാഹനപൂജ, കൂർച്ചം ന്യാസം, ദ്രവ്യന്യാസം, മാനസപൂരണം എന്നിവയെല്ലാം ചെയ്യുക.

3 സമ്പൂര്യ്യാർണ്ണാംബുരുഹമഭിപൂജ്യാഭിവാഹ്യാത്രമൂർത്തിം
വിദ്യാദേഹം ക്രമവിദ്ഭയോ സ്തൽകലാതത്വജാതം.
മന്ത്രാവാഹന്യസനകൃദഥാഭ്യർച്ച്യ സാങ്ഗാവൃതിംതം
നൈവേദ്യാന്തേ മുദിതമപികൃത്വാ ƒ ഭി
മന്ത്ര്യാഥ രക്ഷേൽ.

അനന്തരം ജലദ്രോണി പൂജിച്ച് ശംഖിൽ നിറക്കുവാനുണ്ടാക്കി നിറച്ച് മുക്കാൽഭാഗവും നിറച്ച് ലിപിപങ്കജപൂജ. മൂർത്ത്യാവാഹന പൂജ, കലാവാഹന, തന്ന്യാസവും പൂജയും, വിദ്യാവാഹന പൂജ, തത്വാവാഹന, പൂജയും ചെയ്തു ശേഷവും നിറച്ച് ആലും മാവുമിട്ട് മൂടികെട്ടി മൂലംകൊണ്ടാവാഹിച്ച് ഷഡധ്വംന്യസിച്ച് സപരിവാരം പൂജിച്ച് ത്രിമധുരം നിവേദിച്ച് പ്രസന്നപൂജ ചെയ്ത് മന്ത്രങ്ങൾ ജപിച്ച് രക്ഷിക്കുക.

4 പീഠേഷ്ട്വീ കുംഭപരിശുദ്ധി തദീയകൂർച്ച
ദ്രവ്യാർപ്പണ ദ്വിവിധപൂരണകൃൽപ്രകല്പ്യ
മൂർത്തിദ്വയീം മനുചിതിം പരിഖണ്ഡമദ്ധ്യ-
കുംഭേഷ്വ തദ്വിദഭിവാഹ്യ സമർച്ച്യരക്ഷേൽ.

അനന്തരം പരികലശപൂജക്ക് പീഠപൂജ കുംഭസംസ്കാരം കൂർച്ചന്യാസം, ദ്രവ്യന്യാസം, മാനസപൂരണം, നിറക്കാനുണ്ടാക്കി നിറക്കുക. മൂർത്തി, വിദ്യാമൂർത്തി ആവാഹന പൂജകൾ മൂലംകൊണ്ടാവാഹിച്ച പൂജ എന്നിവയെല്ലാം ചെയ്തു രക്ഷിക്കുക.

5 ദ്രവ്യാണി സപ്തദശ വിശ്വസൃഗാദിഷ്വസ്യ:
പ്രായോ നവൈവ ജനനീഷു നവാപി കൃഷ്ണേ
കാല്യർണ്ണു പഞ്ചകൃതിരപ്യജകൃഷ്ണവാക്സു
യ്യോംമാസു വാ ശ്രിയി തു സപ്തദശാപി വാസ്യ:

ബ്രഹ്മാവു മുതലായവക്ക് പ്രായേണ സപ്തദശദ്രവ്യങ്ങൾ ഭവിയ്ക്കും; മാതൃക്കൾക്ക് നവദ്രവ്യം മാത്രമേയുള്ളൂ;

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീകൃഷ്ണന്നു് നവദ്രവ്യമായിട്ടും, സപ്തദശയായിട്ടും ആവാം; ഭദ്രകാളിയ്ക്കു് സപ്തദശയും പഞ്ചവിംശതിയും ആവാം; ബ്രഹ്മാവു്, ശ്രീകൃഷ്ണൻ, സരസ്വതി, സൂര്യൻ, ശ്രീപാർവ്വതി എന്നിവർക്കും പഞ്ചവിംശതിയായിട്ടും ആകാം. ശ്രീഭഗവതിയ്ക്കു് പഞ്ചവിംശതിയായിട്ടും സപ്തദശയായിട്ടും ആവാം.

6 വൈഷ്ണവീ പദക്ലൃപ്തിഃ സ്യാൽ ബ്രഹ്മശ്രീനരകാരിഷു
ശൈവീ സപ്തദശദ്രവ്യവിധാവന്യേഷു കീർത്തിതാ.

ബ്രഹ്മാവു്, ശ്രീഭഗവതി, ശ്രീകൃഷ്ണൻ ഇവർക്കു് വൈഷ്ണവപ്രകാരവും മററുള്ളവർക്കു് ശൈവപ്രകാരവും പത്മങ്ങളിടണം. ഇതു് സപ്തദശയ്ക്കും പഞ്ചവിംശതിയ്ക്കും തുല്യമാണു്.

7 ബ്രാഹ്മേ ബ്രഹ്മണിരത്നതോയമഥ
പാദ്യാചാമമർഘ്യംദധി
ക്ഷീരം മധ്വപിദിഗ്വിദിക്ഷ്വപിഘൃതം
ന്യസ്യേൽ തിലോദം തതഃ
തദ്വിൽ കൗശജലം സശാർക്കരമഥോ
കേര്യംബുബാഹ്യാവൃതൌ
തന്മന്ത്രേണ ഫലാരവിന്ദയവശാല്യം
ഭാംസി ഗന്ധാംബുച.

ബ്രഹ്മാവിങ്കൽ ബ്രഹ്മകലശത്തിൽ രത്നജലം; അനന്തരം അകത്തു് ദിക്കും കോണുമായിട്ടു് പാദ്യം, ആചാമം, അർഘ്യം തൈരു്, പാൽ തേൻ, നെയ്യു് തിലജലം; അപ്രകാരം പുറത്തു് കുശജലം, ശക്കര, നാളികേരജലം, ഫലജലം, താമരപ്പൂവിട്ട ജലം, യവജലം, നവരനെല്ലിട്ട ജലം, അഷ്ടഗന്ധജലം. എല്ലാററിന്നും നിറപ്പാൻ മൂലംതന്നെ.

8 ആപോഹിതിസ്രഃ സ്യുരൃതഞ്ചതിസ്രോ
ഹിരണ്യഗർഭാദശഷോഡശേമാഃ
ക്രമേണപാദ്യാദ്യഭിഷേകമന്ത്രാബ്രാഹ്മേതു
തേഷോഡശമൂലയുക്താഃ

ഈ കലശങ്ങൾ ആടുവാൻ അകത്തു് ദിക്കും കോണും, പിന്നെ പുറത്തേ ദിക്കും കോണും ഒടുവിൽ നടുവിലെ കലശവും. ഇങ്ങിനെ ക്രമം. മന്ത്രങ്ങൾ 'ആപോഹിഷ്ഠാ'ദി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഓരോ ഋക്കുകളായി മൂന്നും, അപ്രകാരം 'ഋതഞ്ചസത്യ ഞ്ചാ'ദി ഓരോ ഋക്കുകളായി മൂന്നും, പിന്നെ 'ഹിരണ്യഗ ർഭസ്സമവത്തതാഗ്രേ' ഇത്യാദി സൂക്തത്തിലെ പത്തു ഋക്കുക ളും യഥാക്രമം ഖണ്ഡബ്രഹ്മനകരംക്കും; ബ്രഹ്മകലശത്തിന് മേൽ പറഞ്ഞ പതിനാറു ഋക്കുകളും കൂടിയും വേണം.

9 ആജ്യോഷ്ണോദകരത്നകാനി ഫലലോഹം
മാർജ്ജനം ഗന്ധകം
പ്രാദക്ഷിണ്യവിധാനതോ ƒ ക്ഷതയവൌ
ബ്രാഹ്മേസദൈവേന്യസേൽ
പാദ്യാഘ്യാചമനീയഗവ്യദധിദുഗ്ദ്ധം
മാക്ഷികം കാഥകം
ദിക്കോണേഷു ബഹിസ്സദീശ മനഭിസ്സാരേണ
ശേഷേഷ്വപഃ

വിഷ്ണുവിങ്കലെ സപ്തദശയും ബ്രഹ്മാവിങ്കൽ ആകാമെ ന്നു പറഞ്ഞിട്ടുണ്ടല്ലൊ. അതും ഇവിടെ പറയുന്നു. നടു വിൽ നെയ്യ്, ദൈവികത്തിങ്കൽ കിഴക്കാദി പ്രദക്ഷിണ മായിട്ട് ഉഷ്ണോദകം, രത്നജലം, ഫലോദകം, ലോഹജലം, മാർജ്ജനജലം, ഗന്ധജലം, അക്ഷതജലം, യവജലം അന ന്തരം മാനുഷത്തിങ്കൽ ദിക്കും കോണുമായിട്ട് പാദ്യം, അഘ്യം, ആചമനീയം, പഞ്ചഗവ്യം, തൈരു്, പാൽ, തേൻ, കഷായം, ഇവ അതാതു മന്ത്രംകൊണ്ടു ന്യസിച്ച് പ്രണവംകൊണ്ടു് പരികലശങ്ങളിൽ ജലദ്രോണിജലം കൊണ്ടും നിറയ്ക്കുക.

10 ബ്രഹ്മോഷ്ണരശ്മ്യജകുബേരവസൂംശ്ചവിശാൻ
ഗന്ധർവ്വകാൻ നിരൃതിസുംഭജിതൌപിത്രുംശ്ച.
ശ്രീവാസ്തുദക്ഷകവിസോമസുരേശ്വരാക്കീ –
നാജ്യാദിഭാജ്യഭിദധത്യധി ദൈവതാനി

മേൽപറഞ്ഞ ദ്രവ്യന്യാസക്രമത്തിൽതന്നെ അവയുടെ അധിദേവതകളെ പറയുന്നു. മദ്ധ്യത്തിൽ ഒരു മൂലം അ ധികം ചൊല്ലിയാൽ മതി. പിന്നെ 'സൂര്യ്യായ നമഃ, ബ്ര ഹ്മണേ നമഃ, വൈശ്രവണായ നമഃ, വസുഭ്യോനമഃ, വി ശ്വേഭ്യോ ദേവേഭ്യോ നമഃ, ഗന്ധർവ്വേഭ്യോ നമഃ, നിരൃത

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യേ നമഃ, ദുർഗ്ഗായൈ നമഃ, പിതൃഭ്യോ നമഃ, ശ്രീയൈനമഃ, സരസ്വത്യൈ നമഃ, ദക്ഷായ നമഃ, ശുക്രായ നമഃ, സോമായ നമഃ, ഇന്ദ്രായ നമഃ യമായ നമഃ'

11 ഋചഃ ഷോഡശപുംസൂക്തസ്യേദം വിഷ്ണുരപിക്രമാൽ
സ്നാനമന്ത്രാസ്ത്വദീശാന്താഃ പ്രോക്താഃ
സ്നാനക്രമംബ്രുവേ.

12 മനുഷദിക്ഖണ്ഡഘടൈർബ്രഹ്മഘടേനാഥ
മാനുഷവിദിക്സ്ഥൈഃ
ദൈവികദിക്കോണഗതൈഃ സ്നപയേൽ
പരമേഷ്ഠിനം ക്രമതഃ

ഇവ ആട്ടവാനുള്ള മന്ത്രങ്ങളേപ്പറയുന്നു. പുരുഷസൂക്തത്തിന്റെ പതിനാറു് ഋക്കുകളും 'ഇദംവിഷ്ണുഃ' എന്ന ഋക്കും ആകുന്നു. പ്രണവോപചാരമൂലം ഋക്കു്, അധിദേവതാ, മൂലം പ്രണവം എന്നിവ എല്ലാററിനും വേണം. ഇവ ആട്ടവാനുള്ള ക്രമവും പറയുന്നു. ആദ്യം പുറത്തു് മനുഷത്തിങ്കലെ കിഴക്കാദി നാലു ദിക്കുകളിലേയും പിന്നെ മദ്ധ്യത്തിലെ ബ്രഹ്മനും കഴിഞ്ഞാൽ മാനുഷകോണുകളിലേയും ദൈവികത്തിങ്കലെ ദിക്കും കോണും ഇങ്ങിനെ ക്രമം ഭവിസ്സും.

13 വജ്രം മൌക്തിക വൈഡൂര്യ്യ പത്മ
രാഗപ്രവാളകം
രത്നം ദൂർവ്വാച ശ്യാമാകം പത്മം
ക്രാന്തിശ്ച പാദ്യകം

14 സിദ്ധാത്ഥമക്ഷതം ചൈവകശാഗ്രം തിലമേവച
യവം ഗന്ധം ഫലം പുഷ്പമർഘ്യമഷ്ടാങ്ഗമുച്യതേ

15 ലവങ്ഗജാതീതക്കോലമാചാമം ചേന്ദുസംയുതം
സേവ്യാത്ത്യംബുജടാമ്രായോ മുരശീതൈസ്സുഗന്ധകം

16 കദളീ നാളികേരാമ്രപനസാമലകാനിച
ഡാഡിമംച ഫലം പ്രോക്തം ഭവ്യ
ബില്വസമന്വിതം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

17 ലോഹം ഹിരണ്യം രജതം താമ്രമപ്യായ സംത്രപ
സഹദേവിശാ സദാഭദ്രാ ശിരീഷം സൂര്യവൽത്തിനീ

18 കുശാഗ്രം മാർജ്ജനം ബോധിന്യഗ്രോധൌ
ദുംബരദപിഞ്ജൈഃ
ബില്വവൈകങ്കത ശമീഖദിരൈഃ
കപാഥഈമിതഃ

ഇനി സംഘാതദ്രവ്യങ്ങളെ പറയുന്നു—

രത്നങ്ങരം—വൈരം, മുത്തു്, വൈഡൂര്യം, പത്മരാഗം, പവിഴം (അഞ്ചു്)

പാദ്യം—കറുക, കവിട്ടപ്പുല്ലു്, താമരപ്പൂവു്, കൃഷ്ണക്രാന്തി, (നാലു്)

അഘ്യം .. കടുകു്, അക്ഷതം, കുശ, എള്ളു്, യവം, അഷ്ടഗന്ധം, ഫലം, പുഷ്പം. (എട്ടു്)

ആചാമം—എലവങ്ഗത്തൊലി, ജാതിയ്ക്ക. തക്കോലപ്പുട്ടിൽ, പച്ചക്കർപ്പൂരം (നാലു്)

അഷ്ടഗന്ധം—രാമച്ചം, കൊട്ടം, ഇരുവേലി, ജടാമാഞ്ചി, കുങ്കുമപ്പൂവ്, അകിൽ, മുരാമാഞ്ചി, ചന്ദനം. (എട്ടു്)

ഫലങ്ങരം—കദളിക്കായ, നാളികേരം, മാങ്ങ, ചക്ക, നെല്ലിക്ക, മാതളനാരങ്ങ, ചെറുനാരങ്ങ, കൂവളക്കായ (എട്ടു്).

ലോഹങ്ങരം—സ്വർണ്ണം, വെള്ളി, ചെമ്പു്, ഇരുമ്പു്, ചെമ്പ്രാക്കട്ടി, (അഞ്ചു്)

മാർജ്ജനം—പൂവ്വാംകുരുന്നില, മഞ്ഞരം, ചെറൂള്ള, നെന്മേനിവാക, ആയ്യ്വേള, കുശ, ഇവ എല്ലാററിന്റേയും തയ്യുകരം വേണം. (ആറു്)

കഷായം—അരയാൽ, പേരാൽ, അത്തി, ഉപ്പാശു്, കൂവളം, വയ്യങ്കതവ്വു്, വഹ്നി, കരിങ്ങാലി ഇവയുടെ തൊലികരം. (എട്ടു്)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

19 അന്തഃ ശാന്ത്യുദകം പ്രദക്ഷിണതയേന്ദ്രാൽ
പഞ്ചഗവ്യംപയോ
ദധ്യാജ്യം മധുരത്നകം കുശജലം ഗന്ധാം
ബുബാഹ്യാവൃതൌ
തദ്വൽക്ഷാരഗുളാസവാജ്യ ദധിദുഗ്ദ്ധാം
ച്ഛോദഗർഭാഭിധാൻ
സങ്കല്പ്യ ദ്രുമണേർജ്ജലസ്ഥിത ഘടേഷ്വാ
പൂരയേദപ്യശ്വപി.

ആദിത്യങ്കൽ അകത്തു് ബ്രഹ്മകലശത്തിൽ ശാന്തിജലം; മാനുഷത്തിങ്കൽ പ്രദക്ഷിണമായിട്ടു് പഞ്ചഗവ്യം, പാൽ, തൈരു്, നെയ്യു്, തേൻ, രത്നം, കുശ, അഷ്ടഗന്ധം എന്നിവയും അകത്തു് ദൈവികത്തിങ്കൽ ലവണം, ഗുളം, മദ്യം, നെയ്യു്, ദധി, പാൽ, ശുദ്ധജലം എന്നിങ്ങനെ സപ്തസമുദ്രജലങ്ങളും, കാരണജലവും എന്നീ എട്ടും സങ്കല്പിച്ചു് ജലദ്രോണി ജലംകൊണ്ടു നിറയ്ക്കുക.

20 സാവിത്രീ ശീതാംശുരുദ്രൌ ഹുതാശഃ
സ്കന്ദോവിത്തേശശ്ച സപ്തർഷയശ്ച
ഇന്ദ്രശ്ച സ്യുർദേവതാ ബാഹ്യ സംസ്ഥാഃ
ബ്രാഹ്മേസൂര്യ്യസ്ത്വം ബുധീഷംബുധീശഃ

'സാവിത്ര്യൈ നമഃ, സോമായ നമഃ, രുദ്രായ നമ:, അഗ്നയേ നമഃ, സ്കന്ദായ നമഃ, വൈശ്രവണായ നമഃ, സപ്തർഷിഭ്യോ നമഃ, ഇന്ദ്രായ നമഃ, ഇവ എട്ടു്, പുറത്തെ അധിദേവതകൾ, അകത്തു് എല്ലാററിനും 'വരുണായ നമഃ' എന്നും മദ്ധ്യത്തിൽ 'സൂര്യ്യായ നമഃ' എന്നും ആകുന്നു.

21 ഗവ്യേ സ്വെപഞ്ചമന്ത്രാ നിജനിജമനവോ
ദുഗ്ദ്ധ ദധ്യാ ജ്യമാധ്വീ-
ഷ്വാസത്യേനാശ്മതോയേ കുശമയസലിലേസ്യാച്ച
ദേവസ്യ മന്ത്രഃ
ഗന്ധദ്വാരേതി ഗന്ധാംബുനിസലിലനിധി
ഷ്വഷ്ടസുസ്യുഃ സമുദ്ര-
ജ്യേഷ്ഠാദ്യാ ബ്രഹ്മകുംഭേ മനരഥദശതാരാഹ്വയഃ
സ്വാജിനാർണ്ണഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആടുവാൻ പുറത്തു് പഞ്ചഗവ്യം തുടങ്ങി പ്രദക്ഷിണമായിട്ടു് പഞ്ചതത്വം, 'ആപ്യായസ്വ' ഇത്യാദി, 'ദധിക്രാവ്ണഃ' 'ഇത്യാദി, തേജോസി' ഇത്യാദി, 'മധുവാതാഃ' ഇത്യാദി മൂന്നു്, 'ആസത്യേന' ഇത്യാദി, 'ദേവസ്യത്വാ സവിതുഃ' ഇത്യാദി മൂന്നു്, 'ഗന്ധദ്വാരാം' ഇത്യാദി ഋക്കുകളും അകത്തു് 'സമുദ്രജ്യേഷ്ഠാ' ഇത്യാദി സൂക്തത്തിലെ ഓരോ ഋക്കും, മഹാബ്രഹ്മനു് ദശപ്രണവഗായത്രിയും മന്ത്രങ്ങളാകുന്നു. നിറപ്പാനും ആടുവാനും പ്രദക്ഷിണക്രമമാകുന്നു.

22 മണിമുക്താമരതകമിന്ദ്രനീലം സവജ്രകം
വൈഡൂര്യം പുഷ്യഗോമേദം രത്നംഗന്ധസ്ത്വജോദിതഃ

23 ഹേമ രത്നം സഗന്ധോദം ശാന്തിദ്രവ്യമുദീരിതം

മാണിക്യം, മുത്തു്, മരതകം, ഇന്ദ്രനീലം, വൈരം, വൈഡൂര്യം, പുഷ്യരാഗം, ഗോമേദകം ഇവ എട്ടു് രത്നദ്രവ്യം, അഷ്ടഗന്ധം ബ്രഹ്മാവിങ്കൽ പറഞ്ഞതുപോലെ തന്നെ. നവരത്നസ്വർണ്ണവും അഷ്ടഗന്ധവും ചേർന്നതു് ശാന്തിദ്രവ്യം.

24 ഹേമരത്നാക്ഷതൈഃ ശ്രീദേസഗന്ധൈർമ്മധ്യതഃ പുനഃ
മൂലേനാന്തർബ്ബഹിശ്ചൈതൈർദ്ദിഗ്വിദിക്ഷുപ്രപൂരയേൽ

വൈശ്രവണങ്കൽ നവരത്ന സ്വർണ്ണാക്ഷതങ്ങളാകുന്ന ദ്രവ്യത്തെ മൂലംകൊണ്ടു് ബ്രഹ്മകലശത്തിൽ ന്യസിച്ചു് മൂലംകൊണ്ടുതന്നെ അകത്തും പുറത്തും ദിക്കും കോണും ക്രമത്തിൽ പാദ്യാദി ദ്രവ്യങ്ങളെ ന്യസിയ്ക്കുക.

25 പാദ്യാചാമാർഘ്യം ഗവ്യപയോ
ദധിഘൃതാനിമധ്വന്തം
സ്വർണ്ണകുശതിലസകേരീക്ഷു ഫലന്നിശാ
രത്നവാരി ബഹിരപിച

പാദ്യം, ആചാമം, അർഘ്യം, പഞ്ചഗവ്യം, പാൽ, തൈരു്, നെയ്യു്, തേൻ, സ്വർണ്ണം, കുശ, എള്ളു് നാളികേരജലം, കരിമ്പു്, ഫലം, മഞ്ഞൾ, രത്നം എന്നിങ്ങനെ പതിനാറു ദ്രവ്യങ്ങൾ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

26 അപനഃ ശോശുചദഷ്ഠാവാ പോഹിഷ്ഠ
ചനവേതി സപ്തദശ
മൂലാന്താ മന്ത്രാഃ സ്യുഃ പാദ്യാദിബ്രഹ്മ
കലശനിഷ്ഠാനാം.

പാദ്യം തുടങ്ങി ബ്രഹ്മകലശം കഴിവോളമുള്ള കലശങ്ങൾ ആടുവാൻ ന്യസിച്ച ക്രമത്തിൽത്തന്നെ 'അപനശ്ശോശുചൽ' ഇത്യാദി സൂക്തത്തിലെ എട്ടു ഋക്കുകളും 'ആപോഹിഷ്ഠാ' ദി ഒമ്പതു ഋക്കുകളും കൂടി പതിനേഴു മന്ത്രങ്ങൾ യഥാക്രമം. എല്ലാററിനും ഒടുക്കം മൂലവും പ്രണവവും വേണം.

27 തിലം സിദ്ധാത്ഥകം ദ്ദ്വാ ഗിരിമൃൽ പാദ്യമുച്യതേ
ലവങ്ഗജാതീതക്കോലമാചാമദ്രവ്യമീരിതം.

28 അക്ഷതം തിലസിദ്ധാത്ഥൌ യവം
തോയംപയോദധി
കുശാഗ്രം ചാഘ്യമുദ്ദിഷ്ടം ഫലഗന്ധാവജോദിതൌ

29 കദളീനാളികേരാമ്രപനസാമലകാനിച
ഡാഡിമം ചഫലം പ്രോക്തം ഭവ്യ
ബിലപസമന്വിതം

30 സേവ്യാത്ത്യംബുജടാസ്രായോമുരശീതൈസ്സു ഗന്ധകം
ബ്രഹ്മവൽ സ്നപനം കൃഷ്ണേസ്വയം ബ്രാഹ്മേതുദേവതാ

എള്ളു്, കടുകു്, കറുക, പർവ്വതത്തിലെ മണ്ണു് ഇവ പാദ്യദ്രവ്യമാകുന്നു. എലവർങ്ങ്ഗത്തൊലി, ജാതിയ്ക്ക, തക്കോലപ്പൂട്ടിൽ ഇവ ആചാമവും, അക്ഷതം, എള്ളു്, കടുകു്, യവം, പാൽ, തൈരു്, കുശ ഇവ അഘ്യദ്രവ്യവും, ഫലവും, ഗന്ധവും, ബ്രഹ്മാവിങ്കലേതുതന്നെയുമാകുന്നു. കദളിക്കായ, നാളികേരം, മാങ്ങ, ചക്ക, നെല്ലിയ്ക്ക, മാതളനാരങ്ങ, ചെറുനാരങ്ങ കൂവളക്കായ ഇവ ഫലദ്രവ്യങ്ങളും; രാമച്ചം, കൊട്ടം ഇരുവേലി, ജടാമാഞ്ചി, കുങ്കുമപ്പൂവ്, അകിൽ, മുരാമാഞ്ചി. ചന്ദനം ഇവ അഷ്ടഗന്ധവുമാണു്. ശ്രീകൃഷ്ണനു് ബ്രഹ്മാവിങ്കലേപ്പോലെ കലശം വേണ്ടു. ബ്രഹ്മ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കലശത്തിങ്കൽ തൻെറ മൂലംകൊണ്ടുവേണം ദ്രവ്യം ന്യസി ക്കുവാൻ വേറെ വിശേഷമൊന്നുമില്ല.

31 സ്വമൂലാന്താശ്ച മന്ത്രാഃ സ്യുരഥാന്യൽ
സ്നപനംബ്രുവേ
ബ്രാഹ്മേസ്യാച്ചന്ദനേന്ദ്വംഭശ്ചോതുർവ്വിം
ശതികാബഹിഃ

തൻെറ മൂലവും പ്രണവവും അവസാനമായിട്ട് ആട കയും വേണം. ഇനി വേറൊരു കലശവും പറയാം. അ വിടെ ബ്രഹ്മകലശത്തിങ്കൽ ചന്ദനവും പച്ചക്കർപ്പൂരവും ന്യസിയ്ക്കണം. പുറത്തു് ഇനി പറയാൻപേകുന്ന ഇരുപ ത്തിനാലു കൂട്ടവും ന്യസിയ്ക്കുക.

32 ബാഹ്യാദാരഭ്യദൈവാന്തം ദിഗ്വിദിക്ഷു പ്രപൂരയേൽ
ഗോമൂത്രം ഗോമയം ക്ഷീരം ദധിസപ്പിഃ കുശോദകം.

33 ന്യഗ്രോധൌദുംബരാശ്വത്ഥപ്ലക്ഷാണാം
ത്വഗ്രസംപൃഥക്
വേദ്യാ നദ്യാമൃദഃ ക്ഷേത്രാൽ പർവ്വതാൽ
സൂകരേഭതഃ

34 സിദ്ധാത്ഥയവഗോധൂമശാലീ മാണിക്യമേവച
രവ്യണ്ണേന്ദ്രനീലം ച വജ്രം മരതകംക്രമാൽ

പുറത്തു് ദിക്കും കോണും അന്തരാളവും തുടങ്ങി അക ത്തു് ദിക്കും കോണുമായി അവസാനിയ്ക്കുക. ഗോമൂത്രം, ചാണകം, പാൽ, തൈരു്, നെയ്യ്, കുശജലം, പേരാൽ തൊലി കഷായം, അത്തിത്തൊലിക്കഷായം, അരയാൽ തൊലി കഷായം, ഇത്തിത്തൊലികഷായം, അഗ്നിഹോ ത്രവേദി മണ്ണു്, നദിയിലെ മണ്ണു്, വിളഭൂമിയിലെ മണ്ണു്, പർവ്വതത്തിലെ മണ്ണു്, പന്നിപ്പുഴി, ആനക്കൊമ്പിലെ മണ്ണു്, കടുകു്, യവം, ഗോതമ്പു്, നവരനെല്ലു്, മാണിക്യം, ഇന്ദ്രനീലം, വൈരം, മരതകം, ഇങ്ങിനെ ഇരുപത്തിനാ ലിനും ദ്വാദശാക്ഷരം ന്യസിയ്ക്കുവാനുള്ള മന്ത്രമാകുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

35 മാനുഷേ പൌരുഷസ്യർശീർദ്വാഭ്യാം
ദ്വാഭ്യാംതു ദൈവികേ
കൃത്സ്നേന ബ്രഹ്മകലശേ സ്നപനം മൂലസംയുതം

ഇവ ആട്ടുവാൻ മാനുഷത്തിങ്കൽ പുരുഷസൂക്തത്തിന്റെ ഓരോ ഋക്കും ദൈവികത്തിങ്കൽ ഈ രണ്ടു ഋക്കുകളും, ബ്രഹ്മകലശത്തിന് പുരുഷസൂക്തം മുഴുവനും. എല്ലാം മൂലപ്രണവസംയുക്തമായിട്ടുവേണം.

36 സൂര്യ്യവൽ സ്നപനം ബ്രാഹ്മേ ദേവതാത്ര സരസ്വതീ
നാപരോ ƒ സ്തി വിശേഷോ ƒ ത്ര
സരസ്വത്യാം വിധീയതെ

സരസ്വതിയ്ക്കു് സൂര്യ്യങ്കലേപ്പോലെതന്നെയാണു് കലശം. നടുക്കു് സരസ്വതിയാണു് ദേവത. ഒരു മൂലം അധികം ചൊല്ലി നിറയ്ക്കുക. വേറെ വിശേഷം ഒന്നുമില്ല.

37 ബ്രാഹ്മേ ലക്ഷ്മ്യംബുലക്ഷ്മ്യാമഥസുരവിഷയേ
പാദ്യമാചാമമർഘ്യം
ക്ഷീരം ദധ്യാജ്യമാധ്വീമണിമപിമതിമാൻ
പൂരയേദ്ദിഗ്വിദിക്ഷു
ബാഹ്യേ ƒ പികാഥഗവ്യേഫലകുശകനകം
കേരയാവേ ത്തിലാംഭോ-
ഥേ ക്ഷൂ ദംശാലീപത്മോല്പല സരജനീ
മുക്താമൃദഃ സക്തുകംച

ശ്രീഭഗവതിയ്ക്കു് ബ്രഹ്മകലശത്തിങ്കൽ തിരുതാലിയും നവരത്നസ്വർണ്ണവും ദ്രവ്യമാകുന്നു. ദൈവികത്തിങ്കൽ ദിക്കും കോണുമായിട്ടു് പാദ്യം, ആചാമം, അർഘ്യം പാൽ, തൈരു്, നെയ്യു്, തേൻ, രത്നം, എന്നിവയും അപ്രകാരം തന്നെ പുറത്തു കഷായം, പഞ്ചഗവ്യം, ഫലം, കുശ, സ്വർണ്ണം, നാളികേരം, യവം, എള്ളു്, കരിമ്പു്, നവരനെല്ലു്, താമരപ്പൂവു്, ചെങ്ങഴിനീർപൂവു്, മഞ്ഞൾ, മുത്തു്, മണ്ണു്, സക്തു എന്നിവയും യഥാക്രമം ദ്രവ്യങ്ങളാകുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

38 അപനഃ ശോശുചദഷ്ടൌ ഹിരണ്യവർണ്ണാം
ചപഞ്ചദശ സുമിത്രാനഃ
മൂലാനചിതാസ്തപാദ്യാദ്യണവോബ്രാഹ്മേ
മനശ്ചസപ്തദശകമിദം

ഇവ ആടുവാനുള്ള മന്ത്രവും ക്രമവും-'അപനഃശ്ശോചൽ' ഇത്യാദി എട്ടും, 'ഹിരണ്യവർണ്ണാംഹരിണീം' മിത്യാദിപതിനഞ്ചും 'സുമിത്രാനഃ' ഇത്യാദി ഒന്നുംകൂടി ഇരുപത്തിനാലു മന്ത്രങ്ങളും, ബ്രഹ്മകലശത്തിന് ഈ പറഞ്ഞ പതിനേഴു മന്ത്രങ്ങളും 'അതായത് ശ്രീ സൂക്തവും സുമിത്രാന എന്നും മൂലവും) മൂലവും പ്രണവവും ആകുന്നു. അകത്തു ദിക്കും കോണും, പിന്നെ പുറത്തെ ദിക്കും കോണും അന്തരാളങ്ങളും എന്നിങ്ങനെ അഭിഷേകക്രമം.

39 പാദ്യാർഘ്യാദ്യഖിലം ദ്രവ്യം രമായാം
വൈഷ്ണവം ഭവേൽ
ഗൌര്യാം മദ്ധ്യാദിപാദ്യാദ്യൈഃ പൂരണം
സ്നപനം തഥാ

ശ്രീഭഗവതിയ്ക്ക് പാദ്യാർഘ്യാദി എല്ലാ ദ്രവ്യങ്ങളും വിഷ്ണുവിൻേറതുതന്നെ. ശ്രീപാർവ്വതിയ്ക്കു മദ്ധ്യാദിയായിട്ടു പൂരണവും അഭിഷേകവും വേണം.

40 പാദ്യമാചമനം ചാർഘ്യം യവോദംഗവ്യസർപ്പിഷീ
ദധിക്ഷീരം തഥോഷ്ണോദം മദ്ധ്യാദീശാവധിക്രമാൽ.

പാദ്യം, ആചമനം, അർഘ്യം, യവോദം, പഞ്ചഗവ്യം, നെയ്യ്, തൈര്, പാൽ, ഉഷ്ണോദകം ഇവ നടുവിൽ തുടങ്ങി കിഴക്കാദി പ്രദക്ഷിണമായിട്ടു ന്യസിയ്ക്കുക.

41 ഫലംസക്തുതിലം ഗന്ധം ഹിരണ്യം രത്നവാരിച
പ്രാഗാദീശാനപര്യന്തം മാർജ്ജനം പരിമാർജ്ജനം.

അപ്രകാരംതന്നെ പുറത്ത് ഫലം, സക്തു, എള്ള്, ഗന്ധം, സ്വർണ്ണം രത്നം, മാർജ്ജനം, പരിമാർജ്ജനം എന്നിവ കിഴക്കാദി ഈശാനാന്തം പ്രദക്ഷിണമായിട്ടു ന്യസിയ്ക്കുക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

42 മന്ത്രാസ്സ്വേഷാമിദം വിഷ്ണുർബ്രഹ്മജജ്ഞാനമിത്യപി
ത്രീയംബകം ചകദ്രുദ്രായാഗ്നിമീളേപുരോഹിതം.

43 ഘൃതം മിമിദധിക്രാവ്ണ ആപ്യായ സ്വ സമേതുതേ
ഉപത്വാഗ്നേ മാനസ്തോകേ തഥാതത്സവിതുഃ പുനഃ

44 യത്തേ യമം ഗന്ധദ്വാരാം ഹിരണ്യാദി
ദ്വയം ക്രമാൽ
സ്വ മൂലാന്താ ഇമേയോജ്യാ അഗ്നിർമൂർദ്ധാ കനിക്രദൽ.

ഇവ ആടുവാനുള്ള മന്ത്രങ്ങൾ യഥാക്രമം 'ഇദംവിഷ്ണുഃ, ബ്രഹ്മജജ്ഞാനം, ത്ര്യംബകം, കദ്രുദ്രായ, അഗ്നിമീളേ പുരോഹിതം, ഘൃതം മിമിക്ഷേ, ദധിക്രാവ്ണഃ, ആപ്യായസ്വ, ഉപത്വാഗ്നേ, മാനസ്തോകെ, തത്സവിതുഃ, യത്തേയമം, ഗന്ധദ്വാരാം, ഹിരണ്യവർണ്ണാം ഹരിണീം, ഹിരണ്യവർണ്ണാശ്ശുചയഃ, അഗ്നിർമൂർദ്ധാദിവഃ, കനിക്രദൽ' എന്നിവയാകുന്നു.

48 ദൂർവ്വാശ്യാമാക സിദ്ധാർത്ഥം പാദ്യം
തക്കോലജാതിയുക്
കർപ്പൂരമാചമം പ്രോക്തം ഗന്ധപുഷ്പാക്ഷതോദകൈഃ

46 കുശാഗ്രതിലസിദ്ധാർത്ഥ ക്ഷീരൈരഷ്ടാങ്ഗമർഘ്യകം
കപിമാംസീന്ദുചോരാസ്രചന്ദനാഗരുരോചനൈഃ

47 ഗന്ധോദകമഥോ രത്നം സൂര്യ്യോക്തം ഫലമുച്യതേ
കദളീപനസം ചാമ്രംബില്വമാമലകംതതഃ

48 ബീജപൂരം ചഭവ്യംച നാളികേരം ഫലോദകം
സ്ഥലാബ്ജം ഗോക്ഷുരാഭദ്രാ വരീ
വ്യാഘ്രപദീനിശാ.

49 ഷഡങ്ഗം മാർജ്ജനംപ്രോക്തം
വൽമീകാദ്രിതടാകമൂൽ
വൃക്ഷമൂലദ്വയോത്ഥാച പരിമാർജ്ജനമീരിതം.

കറുക, കവിട്ടപ്പുല്ല്, കടുക് ഇവ പാദ്യം; തക്കോലപ്പട്ടിൽ, ജാതിയ്ക്ക, കർപ്പൂരം ഇവ ആചാമം; ഗന്ധം, പുഷ്പം,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അക്ഷതം, കുശാഗ്രം, എള്ളു്, കടുകു്, പാൽ ഇവ അർഘ്യദ്രവ്യവുമാകുന്നു. കണ്ടിവെണ്ണ, ജടാമാഞ്ചി, പച്ചക്കർപ്പൂരം, കച്ചൂരിക്കിഴങ്ങു്, കുങ്കുമപ്പൂവു്, ചന്ദനം, അകിൽ, ഗോരോചനം ഇവ അഷ്ടഗന്ധവും; രത്നങ്ങൾ സൂര്യ്യങ്കൽ പറഞ്ഞവതന്നേയും; കദളിക്കായ, ചക്ക, മാങ്ങ, കൂവളക്കായ, നെല്ലിയ്ക്ക, ഗണപതിനാരങ്ങ, ചെറുനാരങ്ങ, നാളികേരം ഇവ ഫലദ്രവ്യവും; നിലത്താമര, ഞെരിഞ്ഞിൽ, ചെറൂള്ള, ശതാവരീ, പുലിച്ചുവടു്, മഞ്ഞൾ ഇവയുടെയെല്ലാം തയ്യകരം, മാർജ്ജനദ്രവ്യവും; പുററു്, പർവ്വതം, കുളം, കാളക്കൊമ്പു്, ഇരുകര എന്നീ സ്ഥലങ്ങളിലേ മണ്ണു് പരിമാർജ്ജനദ്രവ്യവും ആകുന്നു.

50 ജ്യേഷ്ഠായാം തൈലാജ്യതിലദുഗ്ദ്ധാനി
ദധീസക്തുകം
ലാജഗുഗ്ഗുലുധാന്യാനിബ്രാഹ്മേദിക്ഷുവിദിക്ഷ്വപി

51 പാദ്യാർഘ്യാ ചമനീയാനിമാർജ്ജനംചഗുളംതഥാ
മധു ഗന്ധം ഫലം ചൈവ മാനുഷേ ദിഗ്വിദിക്ഷ്വപി

ജ്യേഷ്ഠാഭഗവതീയ്ക്കു് ബ്രഹ്മകലശത്തിങ്കൽ എണ്ണയും, ദൈവികത്തിങ്കൽ ദിക്കും കോണുമായി നെയ്യു്, എള്ളു്, പാൽ, തൈരു്, സക്തു, മലരു്, ഗുൽഗുലു, ധാന്യം ഇവയും പുറത്തു് അപ്രകാരം പാദ്യം, അർഘ്യം, ആചമനീയം, മാർജ്ജനം, ശക്കര, തേൻ, അഷ്ടഗന്ധം, ഫലം എന്നിവയും ന്യസിയ്ക്കുക.

52 ബ്രാഹ്മേസ്യാന്മൂലമന്യേഷു ദ്വ്യഷ്ട
കൃഷ്ണാദയോ f ഭിധാഃ
അധിവാസോദിതാഃ പാദ്യാദ്യഖിലം ഗിരിജോദിതം

ഇവന്യസിയ്ക്കുവാൻ ബ്രഹ്മകലശത്തിങ്കൽ മൂലംതന്നെ. മററുള്ളവയിൽ കൃഷ്ണാദികളായിരിയ്ക്കുന്ന തന്റെ ഷോഡശനാമം (അധിവാസത്തിങ്കൽ പറഞ്ഞിട്ടുള്ളവ) മന്ത്രങ്ങളാകുന്നു. പാദ്യാദിസംഘാതദ്രവ്യങ്ങളെല്ലാം ശ്രീപാർവ്വതിയിങ്കൽ പറഞ്ഞവതന്നെയാകുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

53 കൃഷ്ണാവിഘ്നാചമൂകാചജംഭനീസ്തംഭനീക്രമാൽ
മഹാധീയാ മഹാഘോരാ കാളീച പരമാങ്കുശാ

54 മഹാമന്ദീച മലിനീ ഭ്രതിഘ്നാദ്ഭമ്മുഖീപുനഃ
മന്ദാശുഭാ ƒ ശുഭാ ചേമാജ്യേഷ്ഠായാഃപൂർവ്വതഃക്രമാൽ

(ഈ ശ്ലോകങ്ങൾ രണ്ടും രണ്ടാം പടലം 44, 45 ശ്ലോകങ്ങൾ തന്നെയാകുന്നു)

55 പാദ്യാദീനീഹചത്വാരി തൈലം ദൈവികമഷ്ടകം
ചത്വാരിച്ചുള്ളാദീനി കഥിതഃ സ്നപനക്രമഃ

അധിവാസക്രമം— പുറത്തെ ദിക്കുകൾ നാലും പിന്നെ ബ്രഹ്മകലശവും അനന്തരം അകത്തെ ദിക്കും, കോണും പിന്നെ പുറത്തെ കോണുകളും ആകുന്നു.

56 ബ്രാഹ്മേ ƒ ഷ്ടഗന്ധമണിവായ്വഥ ദൈവ ഏഷാ
മേ കൈകമപ്പ്യത്തു ദിഗ്വിദിശാസു യുഗ്മം.
മൂൽ കഷായൗഷധി സുമാനിസതൈലഗവ്യാ-
ന്യാജ്യൈക്ഷവം ചബഹിരുക്തദിശാസുകാള്യാം.

ഭദ്രകാളിയ്ക്ക് നടുക്ക് അഷ്ടരത്നങ്ങളും അഷ്ടഗന്ധങ്ങളും നവരത്നസ്വർണ്ണത്തോടുകൂടി മൂലംകൊണ്ടു ന്യസിയ്ക്കുക. ദൈവികത്തിങ്കൽ ദിക്കും കോണുമായി അഷ്ടരത്നത്തിൽ ഓരോന്നും അഷ്ടഗന്ധത്തിലെ ഓരോന്നും ന്യസിയ്ക്കണം. മാനുഷത്തിങ്കൽ അപ്രകാരംതന്നെ മണ്ണ്, കഷായം, ഓഷധി, പുഷ്പം, എണ്ണ, പഞ്ചഗവ്യം, നെയ്യ്, ശക്കര, ഇവയും ന്യസിയ്ക്കുക. ഇങ്ങിനെ സപ്തദശദ്രവ്യകലശം.

57 പാദ്യാർഘ്യമാചമന ഗവ്യഘൃതാനി മാധ്വീ
ഗൌളം സതൈലമഥമൂൽകഷായൗഷധീശ്ച
പുഷ്പം ഫലം മനുജദിഗ്വിദിഗന്തരേഷു
തീർത്ഥം സകേയ്യുദകലോഹജലം ന്യസേദ്വാ

പഞ്ചവിംശതിയാകുമ്പോൾ ബ്രഹ്മനിലും ദൈവികത്തിങ്കലും മുമ്പുപറഞ്ഞതുപോലെ ന്യസിച്ച് മാനുഷത്തിങ്കൽ ദിക്കും കോണും അന്തരാളവുമായി പാദ്യം, അർഘ്യം,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആചമനീയം, പഞ്ചഗവ്യം, നെയ്യ്, തേൻ, ശക്കര, എണ്ണ, മണ്ണ്, കഷായം ഓഷധി, പുഷ്പം, ഫലം, തീർത്ഥം, നാളികേരജലം, ലോഹം, ഇവ ന്യസിയ്ക്കുക.

58 ബ്രാഹ്മേ മൂലം ജനന്യഃ സ്യുഃ ദൈവികേ
മാനുഷേഷ്വസു
ഭൈരവാ അന്തരാളേഷു വശിന്യാദ്യാസ്തദനന്വയേ

ബ്രഹ്മകലശത്തിങ്കൽ മൂലംകൊണ്ടും ദൈവികത്തിങ്കൽ മഹാലക്ഷ്മ്യന്തമുള്ള മാതൃമന്ത്രങ്ങളേക്കൊണ്ടും മാനുഷത്തിങ്കൽ ദിക്കും കോണും 'അസിതാംഗാ'ദി അഷ്ടഭൈരവന്മാരേക്കൊണ്ടും, അന്തരാളങ്ങളും 'വശിന്യാ'ദികളേക്കൊണ്ടും പൂരണം ചെയ്യുക.

59 ഭൈരേവമന്ത്രൈഃ സ്നപനം കർത്തവ്യം പൂരണക്രമാൽ
സർവ്വാന്തേ ബ്രഹ്മകലശേ നാഭിഷിഞ്ചേൽ സ്വമൂലതഃ

ഈ മന്ത്രങ്ങളേക്കൊണ്ടുതന്നെ പൂരണക്രമത്തിൽ ആടുകയും വേണം. ഒടുവിൽ മൂലംകൊണ്ടു ബ്രഹ്മകലശം ആടുകയും വേണം.

60 ഇന്ദുചന്ദനകാശ്മീരരോചനാ കപിമാംസികാഃ
കച്ചൂരാഗരു സംയുക്താഃ കാല്യാം
ഗന്ധാഷ്ടകംഭവേൽ

പച്ചക്കർപ്പൂരം, ചന്ദനം, കുങ്കമം, ഗോരോചനം, കണ്ടിവെണ്ണ, ജടാമാഞ്ചി, കച്ചൂരിക്കിഴങ്ങ്, അകിൽ ഇവ ക്രമേണ അഷ്ടഗന്ധമാകുന്നു.

61 വജ്രം മൌക്തികമാണിക്യപുഷ്യ
വൈഡൂര്യനീലകം
ഗോമേദകം മരതകമേതദ്രത്നാഷ്ടകംഭവേൽ

വൈരം; മുത്ത്, മാണിക്യം, പുഷ്യരാഗം, വൈഡൂര്യം, നീലം, ഗോമേദകം, മരതകം ഇവ അഷ്ടരത്നങ്ങളാകുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

62 വത്മീകോക്ഷാപഗാസിന്ധ്വാഖു

പോത്രിഖലവേദിജാഃ

മൃദഃ ക്വാഥഃ ശിരീഷാമ്രശമീപർണ്ണപയോദ്രുമൈഃ

പുററ്, കാളക്കൊമ്പ്, നദി, സമുദ്രം, എലിമാളം, പന്നിതുരന്നിടം, കളം, അഗ്നിഹോത്രവേദി എന്നീ സ്ഥലങ്ങളിലെ മണ്ണുകൾ അഷ്ടമൃത്തുകളും, നെന്മേനിവാക, മാവ്, വഹ്നി, പ്ലാശ്, നാല്പാമരം ഇവയുടെ തൊലികൾ കഷായദ്രവ്യവുമാകുന്നു.

63 സഹാച സഹദേവീച സദാഭദ്രാകൃതാഞ്ജലിഃ

ശ്രീദേവീ വിഷ്ണുപർണ്ണീച ഭൃംഗ്യൈന്ദ്ര്യാഷധയഃ സ്മൃതാഃ

പൂവ്വാംകുരുന്നില, മുയൽച്ചെവി, ചെറൂള്ള, മുക്കററി, തിരുതാളി, വിഷ്ണുക്രാന്തി, കറുക, ഉഴിഞ്ഞ ഇവ അഷ്ടൌഷധികളാകുന്നു.

64 ജാതിസ്രൂീമല്ലികാകുന്ദനന്ദ്യാവത്താബ്ജചമ്പകൈഃ

യൂഥികാസഹിതം പുഷ്പമഥവാബകുളാന്വിതം

പിച്ചകം, കുറുമൊഴിമുല്ല, കുരുക്കുത്തിമുല്ല, ഇരുവാച്ചിമുല്ല, നന്ത്യാർവ്വട്ടം, താമര, ചമ്പകം, ഇലഞ്ഞി ഇവ അഷ്ടപുഷ്പങ്ങളാകുന്നു. ഇവിടെ യൂഥികാ എന്ന മറെറാരു മുല്ലയുടെ സ്ഥാനത്ത് ആണ് ഇലഞ്ഞി വികല്പിച്ചിരിയ്ക്കുന്നതു്.

65 പാദ്യം ദൂർവ്വാ വിഷ്ണുപർണ്ണീ ശ്യാമാകം പത്മമിത്യദഃ

സിദ്ധാത്ഥമക്ഷതം ചൈവ കുശാഗ്രം തിലമേവച.

66 യവം ഗന്ധംഫലം പുഷ്പമർഘ്യമഷ്ടാങ്ഗമുച്യതേ

ലവംഗജാതിതക്കോലം ഭവേദാചമനീയകം

കറുക, വിഷ്ണുക്രാന്തി, കവിട്ടപ്പുല്ല് ഇവ പാദ്യദ്രവ്യങ്ങളും; കടുക് അക്ഷതം, കുശ എള്ള്, യവം, അഷ്ടഗന്ധം, ഫലം, പുഷ്പം ഇവ അർഘ്യദ്രവ്യങ്ങളും; എലവങ്ഗത്തൊലി, ജാതിയ്ക്ക, തക്കോലപ്പുട്ടിൽ ഇവ ആചമനീയദ്രവ്യങ്ങളുമാകുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

67 പനസംഡാഡിമം ഭവ്യം ബീജപൂരംചകാദളം
ബിലവാമ്ര പൂഗജാതാനിയഥാലാഭം ഫലോദകം

ചക്ക, മാതളനാരങ്ങ (ഉറുമാമ്പഴം), ചെറുനാരങ്ങ, ഗണപതിനാരങ്ങ, കദളിക്കായ, കൂവളക്കായ, മാങ്ങ, അടയ്ക്ക, ഇവ അഷ്ടഫലങ്ങളാകുന്നു.

68 നദീസേതുതടാകാബ്ധി കൂപജം തീൎത്ഥവാരിച
സുവൎണ്ണം രജതം താമ്രമായസംത്രപുസീസകം

69 കാംസ്യംച പിത്തലം ചൈവലോഹോദകമുദീരിതം
മദ്ധ്യേ ഗന്ധജലം വ്യസ്തപഞ്ചഗവ്യാനിമൃജ്ജലം

നദി, ചിറ, തടാകം (കുളം) സമുദ്രം, കിണർ ഇവയിലെ ജലം തീൎത്ഥജലവും, സ്വൎണ്ണം, വെള്ളി, ചെമ്പ്, ഇരുമ്പ്, ചെമ്പ്രാക്കട്ടി, ഈയ്യം, ഓട്, പിച്ചള ഇവ ലോഹങ്ങളും ആകുന്നു.

അനന്തരം മാതൃക്കളുടെ കലശത്തിന് നടുക്ക് അഷ്ടഗന്ധജലവും പുറത്ത് പഞ്ചഗവ്യദ്രവ്യങ്ങൾ വെവ്വേറെയും മൃജ്ജലവും,

70 മാതൃഷ്വക്ഷതകം ക്വാഥം ദിഗ്വിദിക്ഷുപ്രപൂരയേൽ
ബ്രാഹ്മേ നിജനിജം മൂലം ദൈവികേയ ജനക്രമാൽ

അക്ഷതവും, കഷായവും ഇവ ദിക്കും കോണുമായിട്ട നിറയ്ക്കുക. നടുക്ക് അതാതു ദേവതയും ചുററും തന്റെ പൂജയിലേപ്പോലെ പരിവാരങ്ങളും ഭവിയ്ക്കും.

71 സ്യുഃ സ്വേതരാണവസ്ഥാസാം സ്നപനം പൂരണക്രമാൽ
മധൂകാശ്വത്ഥപനസശിരീഷാമ്രവടോത്ഭവൈഃ

72 പലാശോദുംബരയുതൈ മാതൃഷുസ്യാൽ കഷായകം
വത്മീകചത്വരഗിരിനദീതീൎത്ഥാഗ്നിവേശ്മജാഃ

73 വൃഷകുഞ്ജരശൃങ്ഗോത്ഥാമൃദോഗന്ധാസ്ത്വജോദിതാഃ
ക്ഷേത്രപാലേ ƒ ഭിഷേകസ്തു സൂൎയ്യവൽ
കഥിതോബുധൈഃ

പൂരണക്രമത്തിൽതന്നെ അഭിഷേകവും ഭവിയ്ക്കും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇരിപ്പ, അരയാൽ, പ്ലാവ്, വാക, മാവ്, പേരാൽ, പ്ലാശ്ശ്, അത്തി ഇവയുടെ തൊലികൾകൊണ്ടുള്ള കഷായ മാണ് എല്ലാവർക്കും, പുററ്, നാൽക്കൂട്ടപെരുവഴി, പർവ്വതം, നദി, തീർത്ഥം, അഗ്നിഹോത്രവേദി, കാളക്കൊമ്പ്, ആന ക്കൊമ്പ് എന്നീ സ്ഥാനങ്ങളിലേ മണ്ണുകൾ മൃദ്രവ്യവും, അഷ്ടഗന്ധം ബ്രഹ്മാവിങ്കൽ പറഞ്ഞതുതന്നേയുമാകുന്നു. ക്ഷേത്രപാലങ്കൽ അഭിഷേകം സൂര്യ്യങ്കലേതുപോലെ എന്നു വിദ്വാന്മാരാൽ പറയപ്പെട്ടിരിയ്ക്കുന്നു.

74 മാലേയാഗരു കച്ചൂര കുഷ്ഠകങ്ക്കുമവാരിഭിഃ
മുരോശീരേന്ദുഭിഃ കൃഷ്ണേദിഗവിദിക്ഷുപ്രപൂരയേൽ

ശ്രീകൃഷ്ണങ്കൽ ചന്ദനം, അകിൽ, കച്ചൂരിക്കിഴങ്ങ്, കൊട്ടം കുങ്കുമം, ഇരുവേലി, മുരാമാഞ്ചി, രാമച്ചം, പച്ചക്ക പ്പൂരം ഇവയെ നടക്കും പൂർവ്വാദി ദിക്കിലും അഗ്ന്യാദി കോണുകളിലും ന്യസിയ്ക്കുക.

75 ലക്ഷ്മ്യാം പ്രാഗുക്തലക്ഷ്യാദ്യൈന്ന
വഭിർവ്വാഭിഷേചനം
ബ്രഹ്മാദിഷ്വപി രത്നാദ്യൈന്നവകം കചിദീരിതം

ശ്രീഭഗവതിയ്ക്ക് മുമ്പ് പറഞ്ഞ തിരുതാളി മുതലായ നവദ്രവ്യങ്ങളേക്കൊണ്ടും അഭിഷേകമാവാം; ബ്രഹ്മാദികൾ ക്കും രത്നം മുതലായവകൊണ്ടു് നവകമായിട്ടും ചിലയിട ത്തു് അഭിഷേകമാകാമെന്നു പറയപ്പെട്ടിരിയ്ക്കുന്നു.

76 പാദ്യം മദ്ധ്യേ ƒ ഥാചമനീയാർഘ്യപയോദ
ധ്യാജ്യക്ഷൌദ്രം രത്നകഷായം സുരഭിക്ഷു.
സ്യർവ്വാദിത്യേ തിലകുശഗവ്യം ഫലശാലീ
മനുജാശാസ്വഥ യവകേ ƒ യ്യം ബൈചക്ഷവമപിച,

ആദിത്യങ്കൽ നടക്കു് പാദ്യവും പിന്നെ ദൈവീക ത്തിങ്കൽ ആചമനീയം, ആർഘ്യം, പാൽ, തൈരു്, നെയ്യ്, തേൻ, രത്നം, കഷായം എന്നിവയും മാനുഷത്തി ങ്കൽ എള്ളു്, കുശ, പഞ്ചഗവ്യം, ഫലം, നവരനെല്ല്, യവം, നാളികേരജലം, ശക്കര എന്നിവയും ന്യസിച്ച് ആ ടുകയുമാകാം. ഇതിന്റെ ക്രമം ദിക്കും കോണും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

77 സ്യാൽ പഞ്ചവിംശതിർദ്രവ്യം
വൈഷ്ണവം ദ്രുഹിണാദിഷു
ശൈവം സൂര്യ്യാദിഷു ഹരേഃ സ്യാൽ
സപ്തദശകം ശ്രിയി.

ബ്രഹ്മാദികളിൽ വൈഷ്ണവത്തിങ്കലേ പഞ്ചവിംശതി ദ്രവ്യവും സൂര്യ്യാദികളിൽ ശൈവത്തിങ്കലെ പഞ്ചവിംശതി ദ്രവ്യവും ആകാം. ശ്രീഭഗവതിയ്ക്കു് വിഷ്ണുവിൻെറ സപ്തദശദ്രവ്യവും ആകാം.

78 കത്തവ്യമന്തരാസ്നാനം ധനദേ പഞ്ചവാരുണൈഃ
രമായാം ബ്രഹ്മസൂക്തേനാപ്യന്തരാസ്നാനമാചരേൽ,

അന്തരാസ്നാനത്തിനു് വൈശ്രവണങ്കൽ പഞ്ചവാരുണവും ശ്രീഭഗവതിയിങ്കൽ 'ബ്രഹ്മജജ്ഞാനം' ഇത്യാദിയുമാകുന്നു.

79 ഗൌയ്യാം ശുദ്ധോദകലശൈഃ ശ്രീസൂക്തേ
നാഭിഷിഞ്ചതു
പാവമാനാണനാ ചാപീസ്നാനമന്ത്രാ ഇതിരിതാഃ

ശ്രീപാർവ്വതിയ്ക്കു് 'ശ്രീസൂക്തം'കൊണ്ടും 'പാവമാനാണ'കൊണ്ടും അന്തരാസ്നാനം ഭവിയ്ക്കും. [ഇവിടെ 'ശ്രീസൂക്തം' എന്നതും 'പാവമാനാണ' എന്നതും 78-ാം ശ്ലോകത്തിലെ 'ബ്രഹ്മസൂക്തം' എന്നതിനു് 'ബ്രഹ്മജജ്ഞാനം' എന്നതുപോലേ 'ശ്രിയേജാത' എന്ന ഋക്കും 'പാവമാനീ' സ്വസ്ത്യയനീഃ' എന്ന ഋക്കും ആയിരിയ്ക്കുവാനാണു് ന്യായം. പഞ്ചവാരുണംതന്നെ വളരെ അധികമാണു്. അപ്പോഠം 15 ഋക്കുള്ള ശ്രീസൂക്തവും, 610 ഋക്കുകളുള്ള ചെറുമാനവും ആകാൻ ന്യായമില്ല. മൂലംകൊണ്ടു് അന്തരാസ്നാനമായിട്ടും കണ്ടുവരുന്നുണ്ടു്. ശേഷം തന്ത്രിമാരുടെ യുക്തംപോലെ ആകട്ടെ എന്നു പറവാനെ സാധിയ്ക്കുന്നുള്ളു.]

80 കൃത്വാധിവാസഹോമം സമ്പാതസ്പർശനം
വിധായ ഗുരുഃ
പ്രാഗ്ഗുക്തവദധിവാസം കൃത്വാ വിജ്ഞാപനം
തതഃ കുയ്യാൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അനന്തരം വിധിപ്രകാരം അഗ്നിവിഹരണം ചെയ്തു് അധിവാസഹോമവും സമ്പാതസ്പശ്നവും ചെയ്തു് മൂടി മുൻ പറഞ്ഞവിധം കലശം അധിവസിച്ചു് പ്രാത്ഥിയ്ക്കുക.

81 പ്രാതസ്സയ്യദിനേ സ്വസാമ്പ്രതികകൃൽ
സമ്പൂജ്യസവ്വാത്മകം
താരേണാഥ പൃഥക് സ്വതത്വവപുഷം
കൃതാർഘ്യഹസ്തോ ƒ ഗ്രതഃ
സ്ഥിതാമൂലമനം പ്രജപ്യമരുതാ ദ്വാരം വിദായ്യാഭിഗ
മ്യാന്തദ്ദ്ശിത മങ്ഗലോ ƒ ർഘ്യസലിലം
ദേവായദദ്യാദ്ഗുരുഃ

നാലാം ദിവസം നേരത്തെ ആചായ്യൻ കുളി, സന്ധ്യാവന്ദനാദി നിത്യകമ്മങ്ങളെല്ലാം കഴിഞ്ഞാൽ ദേഹശുദ്ധ്യാദി ചെയ്തു് എല്ലാംകൂടി ഒന്നായിരിയ്ക്കുന്ന കലശമൂത്തിയിങ്കൽ ഒരു പൂജ ചെയ്തു് നിവേദ്യം നിവേദിച്ചു് പൂജ മുടിച്ചു് പ്രണവംകൊണ്ടും തത്വങ്ങൾകൊണ്ടും പൂവ്വാരാധിച്ചു് എല്ലാം വേറെയായി എന്നു സങ്കല്പിച്ചു് വെവ്വേറെ വ്യാപകാംഗം ചെയ്തു് രക്ഷിച്ചു് നീരാജനമുഴിയുക. അനന്തരം അഷ്ടമംഗല്യാദികളോടുകൂടി അർഘ്യഹസ്തനായിട്ടു് നടയ്ക്കൽ വന്നു് മൂലം ജപിച്ചു് വായുബീജംകൊണ്ടു് നടതുറന്നു് അകത്തു കടന്നു് നേത്രമന്ത്രം ചൊല്ലി അഷ്ടമംഗല്യവും, പശുവിനേയും ദശിപ്പിച്ചു് ദേവനു് അർഘ്യം കൊടുക്കുക.

82 ദീപികാ ദപ്പണം ഹേമ ധാന്യപാത്രം ഘൃതംദധി
പുസ്തം മങ്ഗലപാത്രീച ലൌകികം
മങ്ഗലാഷ്ടകം

വിളക്കു്, കണ്ണാടി, സ്വണ്ണം, ധാന്യപാത്രം, നെയ്യ്, തൈരു്, പുസ്തകം, മംഗലപാത്രി, ഇവയാകുന്നു ലൌകികാഷ്ടമംഗല്യം.

83 നിമ്മാല്യമസ്ത്രേണാപാസ്യ തൈലേനാങ്ക്ത്വാ
വിശോദ്ധ്യച
ശിരീഷ ചൂണ്ണൈരഭിഷിച്യാംച്ചയേൽ
പായസാന്വിതം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അസ്ത്രംകൊണ്ടു നിർമ്മാല്യം വാങ്ങി നിർമ്മാല്യധാരി യിങ്കൽ സമർപ്പിച്ച് എണ്ണ ആടി വാകപ്പൊടികൊണ്ടു തേച്ച് വെള്ളം വീത്തി കഴുകി അഭിഷേകം ചെയ്ത് ചന്ദ നവും പൂവും ചാത്തി പൂജിച്ച് പായസം നിവേദിക്കുക.

84 പീഠമിഷ്ട്വാ സമാവാഹ്യ പാദ്യമർഘ്യം സമർപ്പ്യച
അസ്ത്രേണ കൌതുകം ഹിത്വാ
ഥാചാമാദ്യപിദീയതാം.

അനന്തരം പീഠം പൂജിച്ച് മൂലംകൊണ്ടാവാഹിച്ച് പാദ്യവും അർഘ്യവും കൊടുത്ത് അസ്ത്രംകൊണ്ട് കൌതു കം കെട്ടഴിച്ചുകളഞ്ഞ് കൈകഴുകി പിന്നെശേഷമുള്ള ഉപ ഹാരങ്ങളെ കൊടുത്ത്

85 തത്വാന്തകലശൈഃ സിക്ത്വാ പ്രത്യേകം
പൂജയേദ്വിഭും
പീഠമിഷ്ട്വാ സമാവാഹ്യ സ്നാപയേൽ സകളീകൃതം.

ഹോമകലശങ്ങളും തത്വകലശവും പ്രത്യേകം ഓരോ പൂജ ചെയ്ത് ആടി ആ പൂജകരം മുടിച്ച് പിന്നേയും പീഠം പൂജിച്ച് ആവാഹിച്ച് സകളീകരിച്ചിരിക്കുന്ന ദേവനെ.

86 യഥോക്തരീത്യാ സ്നപനം നീരാജ്യപ്രതിഖണ്ഡതഃ
നിവേദനം ചകാര്യം സ്യാദന്തേ സമ്യക്പ്രപൂജയേൽ.

ഉക്തരീതിയിൽ വിധിപ്രകാരം കലശമാടുക. ഖ ണ്ഡംതോറും നീരാജനം, ഖണ്ഡനിവേദ്യം, അന്തരാസ്നാനം മുതലായ എല്ലാം വേണം. ഒടുവിൽ പാണി കൊട്ടിച്ച്, എല്ലാം ബ്രഹ്മകലശത്തിങ്കലുദ്വസിച്ച് യഥാവിധി എഴു ന്നെള്ളിച്ച് ആടി ഷഡധ്വന്യാസാദി പൂജ മുടിച്ച് അവ സ്രാവപ്രോക്ഷണവും ശ്രീഭൂതബലിയും ചെയ്യുക.

ഇപ്രകാരം നാലാംപടലം കഴിഞ്ഞു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഞ്ചാംപടലം

1 അഥനിശി ഗുരുസ്തസ്യാം ധീമാൻ
കൃതാങ്കുരരോപണോ
ധ്വജമപിനിജം സമ്പൂജ്യോത്ഥാപ്യ
വായദിനാസ്ത്രീസഃ
പുനരപചിതൈർവ്വാദ്യൈഃ പാണീൻ
പ്രവർത്തയതാംക്രമാ
ദയമജസവിത്രാദിഷ്വാരംഭ ഉത്സവമ്മണഃ

അനന്തരം ബുദ്ധിമാനായിരിക്കുന്ന ആചാര്യൻ അന്നു രാത്രി മുളയിട്ടു് കൊടികയറി ഉത്സവം തുടങ്ങുക. കൊടി കയററം മുമ്പു കഴിഞ്ഞിട്ടുണ്ടെങ്കിൽ ഇപ്പോൾ ചെയ്യേണ്ട തില്ല. പിന്നെ വാദ്യപൂജയും പാണിയും വിധിപ്രകാരം ചെയ്യുകയും, ചെയ്യിക്കുകയും വേണം. ഇങ്ങിനെയാണു് ബ്രഹ്മാവ്, ആദിത്യൻ, മുതലായവരിൽ ഉത്സവം തുടങ്ങേ ണ്ടതു്.

2 തസ്യാം നിശായാം പരിപൂജ്യദേവം
തം തന്ത്രവിൽ ഭൂതബലിം കരോതു.
ദിവാചനക്തംച പരേഷ്വഹസ്സു
ദേവസ്യ പൂജാം സവനത്രയേ ƒ പി.

അന്നുരാത്രി അത്താഴപ്പൂജയും ശ്രീഭൂതബലിയും വേ ണം. പിറേറ ദിവസം മുതൽ നിത്യവും ത്രികാലപൂജയും ഉച്ചപ്പൂജയ്ക്കു് നവകവും പഞ്ചഗവ്യവും ആടുകയും രാവിലേ യും വൈകുന്നേരവും ശ്രീഭൂതബലിയും വേണം.

3 ദ്വാരിചണ്ഡം പ്രചണ്ഡം ചഹംസം
ബ്രഹ്മണി മണ്ഡപേ
പൃഷ്ഠേ ƒ നന്തം ചവിഘ്നേശൌ ദക്ഷിണ
ദ്വാരി പൂജയേൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹവിസ്സു പൂജിച്ച് പാണി കൊട്ടിച്ച് ശ്രീഭൂതബലി തൂകുക:—

ബ്രഹ്മാവിന്ന്—ദ്വാരത്തിങ്കൽ 'ചണ്ഡായ നമഃ' 'പ്രചണ്ഡായ നമഃ' എന്നും; മണ്ഡപത്തിങ്കൽ വാഹനത്തിന്ന് 'ഹംസായ നമഃ' എന്നും പിന്നെ പുറകിൽ 'അം അനന്തായ നമഃ' എന്നും തെക്കെ ദ്വാരത്തിൽ ഗണപതി ദക്ഷിണാമൂർത്തിമാരേയും പൂജിച്ചുതൂകുക.

4 ദിക്പാൻ ദശ തതോ മാതൃശ്ശാസ്താരം മഹിഷദ്വിഷം
സ്കന്ദം ചവിഷ്വക്സേനം ചേത്യേവമന്തർബ്ബലിഃ സ്മൃതഃ

പിന്നെ അഗ്ര്യാദിയായി ദിക്പാലന്മാർ പത്ത്, മാതൃക്കൾ, ശാസ്താവ്, ദുർഗ്ഗാ, സുബ്രഹ്മണ്യൻ, വൈശ്രവണൻ, വിഷ്വക്സേനൻ ഇങ്ങിനെ അകത്തെ ബലിക്രമം.

5 ചക്രപാണിം ശങ്ഖപാണിം ഗോപുര
ദ്വാർയ്യഥോ ബഹിഃ
കുമുദാദീംശ്ച പഞ്ചാശത്ഗണാംശ്ച പരിപൂജയേൽ

വലിയമ്പലത്തിങ്കൽ 'ചക്രപാണയേ നമഃ, ശംഖപാണയേ നമഃ' എന്നും പുറത്ത് 'കുമുദാ'ദിയും, 'പഞ്ചാശദ് ഭൂതഗണേഭ്യോ നമഃ' ഇത്യാദിയും പൂജിയ്ക്കുക.

6 കുമുദാദീൻ മഹാപീഠേ f ഷ്ടു ദിക്ഷു ബലമുദ്ധ്വതഃ
ദേവഗ്രഹാദീൻ സർവ്വാണി ഭൂതാനി ക്ഷേത്രപാലകം.

വലിയ ബലിക്കല്ലിങ്കൽ ചുവട്ടിൽ 'കുമുദാ'ദികളേയും മുകളിൽ 'ബലായ നമഃ' എന്നും; പിന്നെ ദേവഗ്രഹാദിയും ക്ഷേത്രപാലനേയും എല്ലാം സാധാരണപോലെ തൂകുക.

7 ബഹിർബ്ബലി രിതി പ്രോക്തഃ സർവ്വം
തന്ത്രസമുച്ചയേ
ബലിക്കല്പ്പീഃ സമുദ്ദിഷ്ടോ ബ്രഹ്മണ്യേവം ബലിക്രമഃ

ഇപ്രകാരം പുറത്തെ ബലിയുടെ ക്രമം ഭവിയ്ക്കും; ബലിക്കല്പ്പി തന്ത്രസമുച്ചയത്തിൽ പറഞ്ഞിട്ടുണ്ടല്ലൊ. ഇങ്ങിനെ ബ്രഹ്മാവിന്റെ ശ്രീഭൂതബലി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

8 ദണ്ഡീചപിങ്ഗലോ ദ്വാരി ദക്ഷിണേ
വിഘ്നശങ്കരൌ
ലോകേശസ്ഥാനഗാസ്ത്വഷ്ടൌ ഗ്രഹാഃ
സോമാദയഃ ക്രമാൽ

9 മാതൃാദ്യ ദുർഗ്ഗാഗ്നിഭൂവസ്തേജ ശ്ചണ്ഡോ f ഥ
മണ്ഡപേ
അരുണഃ സപ്തതുരഗാ ഗായത്ര്യാദ്യാ ദിവാകരേ.

സൂര്യന്‌—'ദണ്ഡിനെ നമഃ' 'പിംഗലായ നമഃ' ഇങ്ങിനെ ദ്വാരസ്ഥന്മാർ. പിന്നെ 'ഗണപതി, ദക്ഷിണാമൂർത്തി' കഴിഞ്ഞാൽ ദിക്‌പാലസ്ഥാനത്തു് 'സോമാ'ദി അഷ്ടഗ്രഹങ്ങളേയാണു് പൂജിക്കേണ്ടതു്. അനന്തരം മാതൃക്കൾ ശാസ്താവു്, ദുർഗ്ഗാ, സുബ്രഹ്മണ്യൻ, വൈശ്രവണൻ, തേജശ്ചണ്ഡൻ, പിന്നെ മണ്ഡപത്തിൽ 'അരുണായ നമഃ' എന്നും 'ഗായത്ര്യാ'ദികളായിരിക്കുന്ന ഏഴു കുതിരകളേയും പൂജിക്കുക.

10 ഗായത്ര്യുഷ്ണിഗനുഷ്ടുപ്‌ച ബൃഹതീ പങ്‌ക്തിരേവച
ത്രിഷ്ടുപ്‌ച ജഗതീ ചൈവ സപ്തച്ഛന്ദാം
സ്യനക്രമാൽ

'ഗായത്ര്യൈ നമഃ, ഉഷ്ണിഹേ നമഃ, അനുഷ്ടുഭേ നമഃ, ബൃഹത്യൈ നമഃ, പങ്‌ക്ത്യൈ നമഃ, ത്രിഷ്ടുഭേ നമഃ, ജഗത്യൈ നമഃ' ഇങ്ങിനെ ഛന്ദോമയികളായിരിക്കുന്ന ഏഴു കുതിരകളെ പൂജിക്കുവാനുള്ള മന്ത്രങ്ങൾ.

11 ഗോപുരാന്തഃ പൂർവ്വപക്ഷാപരപക്ഷൌ ബഹിഃ പുനഃ
സ്തോ ദക്ഷിണായനം ദ്വാസ്ഥാവുത്തരായണമേവച.

സഭാദ്വാരത്തിങ്കൽ 'പൂർവ്വപക്ഷായ നമഃ, അപരപക്ഷായ നമഃ' എന്നും വലിയമ്പലത്തിൻെറ പുറത്തെ ദ്വാരത്തിങ്കൽ പുറത്തു് 'ദക്ഷിണായനായ നമഃ, ഉത്തരായണായ നമഃ' എന്നും പൂജിക്കുക.

12 മേഷാദ്യാദ്വാദശ സ്വസ്ഥാനേഷ്വ മധ്വാദിഭിഃ സഹ
മധുമാധവ ശുക്രാശ്ചശുചിർമ്മാസാ നഭസ്തഥാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

13 നഭസ്യേഷോർജ്ജാശ്ച സഹതപൌ
സ്യാതാംസ്യസംയുതൌ
ബഹിരിന്ദ്രാദയോ ദിക്ഷുസ്യസ്തല്പാരിഷദാസ്തതഃ

അനന്തരം പുറത്തു് മേഷാദിരാശിസ്ഥാനങ്ങളിൽ

1 'ഓം മേഷായ മധ്വാത്മനേ സൂര്യ്യപാർഷദേ നമഃ'
2 'ഓം ഋഷഭായ മാധവാത്മനേ സൂര്യ്യപാഷ്ദേ നമഃ'
3 'ഓം മിഥുനായ ശുക്ലാത്മനേ സൂര്യ്യപാഷ്ദേ നമഃ'
4 'ഓം കക്ടെകായ ശുച്യാത്മനേ സൂര്യ്യപാഷ്ദേ നമഃ'
5 'ഓം സിംഹായ നഭ ആത്മനേ സൂര്യ്യപാഷ്ദേ നമഃ'
6 'ഓം കന്യായൈ നഭസ്യാത്മനേ സൂര്യ്യപാഷ്ദേ നമഃ'
7 'ഓം തുലായൈ ഇഷാത്മനേ സൂര്യ്യപാഷ്ദേ നമഃ'
8 'ഓം വൃശ്ചികായ ഊർജ്ജാത്മനേ സൂര്യ്യപാഷ്ദേ നമഃ'
9 'ഓം * ധനുഷേ സഹ ആത്മനേ സൂര്യ്യപാഷ്ദേ നമഃ'
10 'ഓം മകരായ സഹസ്യാത്മനേ സൂര്യ്യപാഷ്ദേ നമഃ'
11 'ഓം കുംഭായ തപ ആത്മനേ സൂര്യ്യപാഷ്ദേ നമഃ'
12 'ഓം മീനായ തപസ്യാത്മനെ സൂര്യ്യപാഷ്ദേ നമഃ'

ഇങ്ങിനെ മധ്വാദികരം പന്ത്രണ്ടും തൂകിയാൽ അതിൻെറ പുറത്തു് ഇന്ദ്രാദികളും തൽപാഷ്ത്തും തൂകുക.

14 ഗന്ധർവ്വാസുരപിതരോ രക്ഷോമരുതോ ƒ ഥ
യക്ഷഭൂതാനി
ഋഷയസ്ത്വഷ്ടഗണാബലിപീഠസ്യാഷ്ടസു
പദിക്ഷു യഷ്ടവ്യാഃ

വലിയ ബലിക്കല്ലിിങ്കൽ ചുവട്ടിൽ 'ഗന്ധർവ്വഗണേഭ്യോ നമഃ', അസുരഗണേഭ്യോ നമഃ, പിതൃഗണേഭ്യോ നമഃ, രക്ഷോഗണേഭ്യോ നമഃ, മരുദ്ഗണേഭ്യോ നമഃ, യക്ഷഗണേഭ്യോ നമഃ, ഭൂതഗണേഭ്യോ നമഃ, ഋഷിഗണേഭ്യോനമഃ എന്ന എട്ടും

15 ബലിപീഠോപരി രവിസേനോ ദേവഗ്രഹാദയഃ
യഥോക്തം ക്ഷേത്രപാലാന്താ
ഇതിസൂര്യ്യേ ബലിക്രമഃ

---

* ധനുദ്ധരായ എന്നും പക്ഷം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബലിപീഠത്തിന്നു മുകളിൽ 'രവിസേനായ നമഃ' എന്നും, പിന്നെ ദേവഗ്രഹാദിക്ഷേത്രപാലാന്തം സാമാന്യമായും, ഇങ്ങിനെ സൂര്യ്യന്റെ ശ്രീഭൂതബലിക്രമം.

16 ധനദാദിഷു യോ ഭേദഃ സഇദാനീം നിഗദ്യതേ-
ഹിരണ്യാക്ഷവിരൂപാക്ഷൌ ദ്വാര്യ്യൌ
മണ്ഡപേ ഗജഃ

17 വിഘ്നാദ്യാഃ ശുഭ്രപര്യ്യന്താ ധനദേ ƒന്തർബ്ബലിഃ ക്രമാൽ
ശംഖപുഷ്പനിധീപശ്ചാൽ ഗോപുരദ്വാരി പൂജയേൽ.

വൈശ്രവണാദികളിൽ യാതൊരു ഭേദം ഭവിയ്ക്കുന്നുവോ അതു് ഇപ്പോറം പറയപ്പെടുന്നു. ദ്വാസ്ഥന്മാർ—'ഹിരണ്യാക്ഷായ നമഃ, വിരൂപാക്ഷായ നമഃ', മണ്ഡപത്തിൽ വാഹനം 'ഗജായ നമഃ'; പിന്നെ ഗണപതി ദക്ഷിണാമൂർത്തി തുടങ്ങി നിർമ്മാല്യധാരി കഴിവോളം അകത്തെ ബലിക്രമം ഭവിയ്ക്കുന്നു. സഭാദ്വാസ്ഥന്മാർ 'ശംഖനിധയേ നമഃ, പുഷ്പനിധയേ നമഃ' എന്നാകുന്നു.

18 നിധയോ ƒഷ്ടൌ ബഹിസ്തൽ പാരിഷദാശ്ച
തതോ ബഹിഃ
നിധിഃ ശങ്ഖോ മഹാപത്മഃ കുന്ദശ്ച കുമുദസ്തതഃ

19 മകരഃ കച്ഛപോനീലഃ പത്മോ ƒഷ്ടനിധയഃ ക്രമാൽ
മഹാപീഠേ ƒഷ്ട ദിക്ഷ്വഷ്ടൌ മാണിഭദ്രാദയോ ƒ ഥവ

20 മഹായക്ഷ ഉപര്യ്യർച്ച്യഃ സമം ദേവഗ്രഹാദികം
കൃഷ്ണേ ƒപി ബ്രഹ്മവൽ സർവ്വം
ഗരുഡസ്തുപീഠമണ്ഡപേ.

ധ്വജദേവതകറം—അഷ്ടനിധികളും, രണ്ടാം പ്രദക്ഷിണത്തിനു് 'തൽപാരിഷദേഭ്യോ നമഃ' എന്നുമാകുന്നു. അഷ്ടനിധികറം—'ശംഖായ നമഃ, മഹാപത്മായ നമഃ, കുന്ദായ നമഃ, കുമുദായ നമഃ, മകരായ നമഃ, കച്ഛപായ നമഃ, നീലായ നമഃ, പത്മായ നമഃ' എന്നിവയാകുന്നു. വലിയ ബലിക്കല്ലിങ്കൽ ചുവട്ടിൽ 'മാണിഭദ്രാ'ദി എട്ടും, മുകളിൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

'മഹായക്ഷായ നമഃ' എന്നും; പിന്നെ ദേവഗൃഹാദി ക്ഷേത്രപാലാന്തം സാധാരണപോലേയുമാകുന്നു. ശ്രീകൃഷ്ണങ്കൽ എല്ലാം ബ്രഹ്മാവിനെപ്പോലെ, അവിടെ മണ്ഡപത്തിൽ വാഹനം 'ഗരുഡായ നമഃ' എന്നു ഭേദം വേണം

21 മേധാപ്രജ്ഞേ പ്രഭാവിദ്യേ ധീധൃതീ ഗിരിചക്രമാൽ
സ്മൃതിബുദ്ധീചയഷ്ടവ്യേ ദ്വാഃ സ്ഥേ ദ്വാരിചതുഷ്ടയേ

22 ദിക്പാഹംസോഽഥ മാത്രാദ്യാ
മതിരിത്യാന്തരോ ബലിഃ
കൃതിശ്ച പ്രതിഭാച ദ്വേ ഗോപുരദ്വാര്യ്ഥോ ബഹിഃ

23 ദിഗ്ഗജാസ്തൽ പാരിഷദാശ്ചാവൃതിദ്വിതയം ക്രമാൽ
ഐരാവതഃ പുണ്ഡരീകഃ കുമുദോഽഞ്ജനവാമനൌ

24 പുഷ്പദന്തഃ സാർവ്വഭൌമഃ സുപ്രതീകശ്ച ദിഗ്ഗജാഃ
ക്രതവാദ്യഷ്ടൌ മഹാപീഠേ രോചമാന സ്തദ്ബഹിഃ ക്രതഃ

25 ക്രതുർദ്ദക്ഷഃ സുവഃ സ്തവ്യഃ കാലഃ കാമോ ധൃതിസ്തഥാ
കുരമാനഷ്ട ദിക്ഷേപതേ മധുമാൻ കുമുദേ സ്ഥിതഃ
ദേവഗൃഹാദി തുല്യം സ്യാദിതി സാരസ്വതോ ബലിഃ

സരസ്വതിയ്ക്ക് — നാലു ദ്വാരത്തിങ്കലും പൂർവ്വാദിയായി ''മേധായൈ നമഃ, പ്രജ്ഞായൈ നമഃ, പ്രഭായൈ നമഃ, വിദ്യായൈ നമഃ, ധിയേ നമഃ, ധൃത്യൈ നമഃ, സ്മൃത്യൈ നമഃ, ബുദ്ധ്യൈ നമഃ' എന്നും; പിന്നെ ദിക്പാലന്മാരും; മണ്ഡപത്തിൽ വാഹനത്തിന് 'ഹംസായ നമഃ' എന്നും, പിന്നെ മാതൃക്കൾ തുടങ്ങി നിർമ്മാല്യധാരി 'മത്യൈ നമഃ' എന്നു കഴിവോളവും അകത്തെ ബലിക്രമം; സഭാദ്വാസ്ഥന്മാർക്ക് — 'കൃത്യൈ നമഃ, പ്രതിഭായൈ നമഃ' എന്നും കഴിഞ്ഞാൽ പുറത്ത് ധ്വജദേവതകൾ — 'ഐരാവതായ നമഃ, പുണ്ഡരീകായ നമഃ, കുമുദായ നമഃ, അഞ്ജനായ നമഃ, വാമനായ നമഃ, പുഷ്പദന്തായ നമഃ, സാർവ്വഭൌമായ നമഃ, സുപ്രതീകായ നമഃ', എന്നും, രണ്ടാം പ്രദക്ഷിണത്തിന് 'തല്പാർഷദേഭ്യോ [illegible] ലിങ്കൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

താഴെ എട്ടു ദിക്കിലുമായി 'ക്രതവേ നമഃ, ദക്ഷായ നമഃ, സുവായ നമഃ, സ്തവ്യായ നമഃ, കാലായ നമഃ, കാമായ നമഃ, ധൃതയേ നമഃ, കുരുമതേ നമഃ എന്നും, 'മധുമതേ നമഃ' എന്നു കുമുദത്തിങ്കലും 'രോചനായ നമഃ' എന്നു മുകളിലും കഴിഞ്ഞാൽ ദേവഗ്രഹാദി എല്ലാം എല്ലാവക്കും തുല്യവു മാകുന്നു.

26 ലക്ഷ്മ്യാം ഗങ്ഗായമുനേ ദ്വാരി
തതശ്ചാഗ്രമണ്ഡപേ ഗരുഡഃ
വിഘ്നാദ്യോ ധൃത്യന്താഃ ശങ്ഖനിധിർഗ്ഗോപുരേ *f* ഥ
പത്മനിധിഃ

27 പത്മാച പത്മഹസ്താച പത്മാക്ഷീ കമലാലയാ
ഇന്ദിരാ വിഷ്ണുദയിതാ രമാ സാഗരസംഭവാ

28 തദ്ബഹിസ്തൽ പാരിഷദാ, മഹാപീഠേ ബലിസ്തതഃ
രതിഃ പ്രീതിസ്തഥാ കീർത്തിഃ ശാന്തിഃ പുഷ്ടിഃ ക്രമാദധഃ

29 സന്തുഷ്ടിരുന്നതിഃ കാന്തീർമ്മഹാലക്ഷ്മീരുപര്യ്യപി
തതോദേവഗ്രഹാദിഃ സ്യാദിതി ലക്ഷ്മ്യാം ബലിക്രമഃ

ശ്രീഭഗവതിയ്ക്കു് 'ഗംഗായൈ നമഃ, യമുനായൈ നമഃ' എന്നു് പ്രാസാദദ്വാസ്ഥന്മാർ; മണ്ഡപത്തിൽ 'ഗരുഡായ നമഃ', പിന്നെ ഗണപതി ദക്ഷിണാമൂത്തി തുടങ്ങി 'ധൃത്യൈ നമഃ' എന്നു നിർമ്മാല്യധാരി കഴിവോളം വിശേഷമൊന്നുമില്ല. സഭാദ്വാസ്ഥന്മാക്കു് 'ശംഖനിധയേ നമഃ, പത്മനിധയേ നമഃ' എന്നും ധ്വജദേവതകം—'പത്മായൈ നമഃ, പത്മഹസ്തായൈ നമഃ, പത്മാക്ഷ്യൈ നമഃ, കമലാലയായൈ നമഃ. ഇന്ദിരായൈ നമഃ, വിഷ്ണുദയിതായൈ നമഃ, രമായൈ നമഃ, സാഗരസംഭവായൈ നമഃ' എന്നും; രണ്ടാം പ്രദക്ഷിണത്തിന്നു് 'തൽപാർഷദേഭ്യോ നമഃ' എന്നും; വലിയ ബലിക്കല്ലിങ്കൽ താഴെ 'രത്യൈ നമഃ, പ്രീത്യൈ നമഃ, കീർത്ത്യൈ നമഃ, ശാന്ത്യൈ നമഃ, പുഷ്ട്യൈ നമഃ, സന്തുഷ്ട്യൈ നമഃ, ഉന്നത്യൈ നമഃ, കാന്ത്യൈ നമഃ 'എന്നീ എട്ടും മുകളിൽ 'മഹാലക്ഷ്മ്യൈ നമഃ' എന്നും; പിന്നെ ദേവഗ്രഹാദി ക്ഷേത്രപാലാന്തം. ഇങ്ങിനെ ശ്രീഭഗവതിയുടെ ബലിക്രമം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

30 ദ്വാരിപ്സാവനി മോദിന്യൗ പാർവ്വത്യാ
 വൃഷഭോ ʃ ഗ്രതഃ
വിഘ്നാദ്യാഃ സുഭഗാന്തശ്ച ജയാചവിജയാ പുരഃ

31 കുന്ദീ കമുദിനീ ബാഹ്യേ വിദ്യാമാലീ വിഭ്രൂഷണീ
കല്യഷീ ഘോഷണീ ചൈവകരവീരാക്ഷിരേവതീ.

32 സ്യന്തല്പാരിഷദാ ബാഹ്യേ കുന്ദ്യാദ്യാ ഏവപീഠഗാഃ
മദ്ധ്യേ സർവ്വേശ്വരീ തുല്യാ ഗൌര്യ്യാം ദേവഗ്രഹാദയഃ

ശ്രീപാർവ്വതിയ്ക്ക്—പ്രാസാദദ്വാസ്ഥന്മാർ—'ദ്വാവന്യൈ നമഃ, മോദിന്യൈ നമഃ' എന്നും; വാഹനത്തിന് മുമ്പിൽ 'വൃഷഭായ നമഃ' എന്നും; പിന്നെ ഗണപതി ദക്ഷിണാമൂർത്തി തുടങ്ങി 'സുഭഗായൈ നമഃ' എന്നോ അഥവാ 'പുഷ്പധാരിണ്യൈ നമഃ' എന്നോ, നിർമ്മാല്യധാരി കഴിവോളം എല്ലാം സാധാരണപോലെ; വലിയമ്പലത്തിങ്കൽ 'ജയായൈ നമഃ, വിജയായൈ നമഃ' എന്നും; * പിന്നെ ധ്വജദേവതകൾ—'കുന്ദിന്യൈ നമഃ, കുമുദിന്യൈ നമഃ, വിദ്യുന്മാലിന്യൈ നമഃ, വിഭ്രൂഷണ്യൈ നമഃ, കല്യഷ്യൈ നമഃ, ഘോഷണ്യൈ നമഃ, കരവീരാക്ഷ്യൈ നമഃ, രേവത്യൈ നമഃ' എന്നും; രണ്ടാം പ്രദക്ഷിണം 'തൽപാർഷദേഭ്യോ നമഃ' എന്നും, വലിയ ബലിക്കല്ലിങ്കൽ താഴെ 'കുന്ദിന്യൈ നമഃ' ഇത്യാദി എട്ടുംതന്നെ, മുകളിൽ 'സർവ്വേശ്വര്യൈ നമഃ' എന്നും, അനന്തരം ദേവഗ്രഹാദി ക്ഷേത്രപാലാന്തം ഇങ്ങിനെ ശ്രീപാർവ്വതിയുടെ ബലിക്രമം.

33 ചണ്ഡിനീം ചണ്ഡനാദാം ച
 ഗോപുരദ്വാരിപൂജയേൽ
ഉലൂഖലം മണ്ഡപേ ʃ ഥ വിഘ്നാദ്യോശ്ചണ്ഡദാസ്യപി

34 ചണ്ഡനാദാം ചണ്ഡഘോഷാം
 ഗോപുരദ്വാര്യ്ഥോബഹി:
ജ്യേഷ്ഠീ കലീച തൽപത്നീ മൂലാദി ഹൃദയാ തത

* ഇവിടെ മുകളിലെ ശ്ലോകവും, അടിയിലെ അർത്ഥവും പൊരുത്തപ്പെടില്ലായിരിയ്ക്കാം. പുസ്തകത്തിൽ കണ്ട പ്രകാരം ശ്ലോകവും നടപ്പുള്ളമാതിരി മന്ത്രവും ചേർത്തതാണ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

35 കുംഭീച മൂലകേശീച കൃഷ്ണാ f ഥോ കൃഷ്ണപിങ്ഗലാ
തതശ്ച തൽപാരിഷദാ ജ്യേഷ്ഠ്യാദ്യം ഏവ പീഠഗാഃ

36 മദ്ധ്യേ കലിസ്തത: പ്രോക്ത: സമോ f
ഗ്ര്യായമിതിക്രമ:
സുന്ദരീ സുമുഖീ കാള്യാം വിരൂപാ വിമലാദ്വിശ:

ജ്യേഷ്ഠാഭഗവതിയ്ക്ക് — പ്രാസാദ ദ്വാസ്ഥന്മാർ 'ച ണ്ഡിന്യൈ നമഃ, ചണ്ഡനാദായൈ നമ:' എന്നും, മണ്ഡ പത്തിൽ വാഹനത്തിന് 'ഉലൂഖലായ നമ:' എന്നും, പിന്നെ ഗണപതി ദക്ഷിണാമൂർത്തി തുടങ്ങി 'ചണ്ഡദാ സ്യൈ നമ: 'എന്ന നിർമ്മാല്യധാരി കഴിവോളം അകത്തെ ബലിയും, സഭാദ്വാസ്ഥന്മാർക്ക് 'ചണ്ഡനാദായൈ നമ:, ചണ്ഡഘോഷായൈ നമ:' എന്നും, പിന്നെ ധ്വജദേവത കറ— 'ജ്യേഷ്ഠായൈ നമ:, കലിനേ നമ: *, കലിപത്ന്യൈ നമ:, മൂലഹൃദയായൈ നമ:, കുംഭൈ്യ നമ:, മൂലകേശ്യൈ നമ:, കൃഷ്ണായൈ നമ:, കൃഷ്ണപിംഗലായൈ നമ.' എന്നും, രണ്ടാം പ്രദക്ഷിണം 'തൽപാർഷദേഭ്യോ നമ: എന്നും, വലിയ ബലിക്കല്ലിങ്കൽ താഴെ 'ജ്യേഷ്ഠായൈ നമ:' ഇത്യാദി എട്ടുംതന്നെ, മുകളിൽ 'കലയേ നമ:'എന്നും, പിന്നെ ദേവ ഗ്രഹാദി എല്ലാം സാധാരണപോലെ ഇങ്ങിനെ ജ്യേഷ്ഠാഭ ഗവതിയുടെ ശ്രീഭൂതബലിക്രമം.

ഭദ്രകാളിയ്ക്ക് — 'സുന്ദര്യൈ നമ:, സുമുഖ്യൈ നമ:, വി രൂപായൈ നമ:, വിമലായൈ നമ:

37 അന്തകീ വന്ദനീദ്വാർഷ്ഷ പുരന്ദരീ പുഷ്പമട്ടിനീ
മൂലാദ്യാഷ്ടാർണ്ണസംയുക്താ ഏതാ: സ്യുർദ്വാരപാലികാഃ

38 മണ്ഡപേ വാഹനം ത്വഗ്രേ പൃഷ്ഠേ സ്യാദാസനം തതഃ
ഛം സർവ്വശക്തിരൂപിണ്യൈ
വേതാള്യൈ നമഇത്യപി

---

* ഇവിടേ കല്യൈ, കലിനേ, കലയേ എന്ന് 2, 3 സംശയം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

39 പ്രേതാസനായ ഹ്ഹ്രം ഫട് സ്വഹേതിബ്രഹ്മാദിപൂർവ്വക:
വിഘ്നാദ്യാ: ശേഷികാഥാഗ്രേജയാചവിജയാപുരേ.

40 ക്ഷേത്രപാലാബഹിസ്സൽപാരിഷദാ ദശദിക്ഷ്വപി
ഹേതുകസ്ത്രീപുരാന്തശ്ച സാഗ്നിവേതാളജിഹ്വകൗ

41 കാളാക്ഷശ്ച കരാളശ്ചൈ ഏകപാൽ ഭീമരൂപക:
അലോഹശ്ചാഷ്ടകോശശ്ച ക്ഷേത്രപാലാദശക്രമാൽ.

42 ജയാദ്യാ ബലിപീഠേ ƒധ: സർവ്വേശ്വര്യ്യപരിക്രമാൽ
ജയാചവിജയാ പശ്ചാദജിതാചാപരാജിതാ

43 നിത്യാവിലാസിനീദോശ്ധ്റീചാഘോരാ
മങ്ഗലാക്രമാൽ
മങ്ഗലാസ്യാൽ കമുദകേ സമാദേവേഗ്രഹാദയ:
അന്തക്യൈനമ:, വന്ദന്യൈനമ: പുരന്ദര്യൈനമ:,
പുഷ്ടമത്ത്യൈനമഃ

എന്നിങ്ങനെ കിഴക്കാദി നാലുദ്വാരങ്ങളിലും ഈരണ്ടു ദ്വാസ്ഥന്മാർ. മൂലത്തിന്റെ ആദ്യത്തെ എട്ടക്ഷരങ്ങളിൽ ഓരോന്ന് ഇവർക്ക് ബീജമായികൂട്ടി പൂജിയ്ക്കണം. മണ്ഡപത്തിൽ 'ഹ്ഹ്രം സർവ്വശക്തിരൂപിണ്യൈവേതാള്യൈ നമഃ' എന്നും പൃഷ്ഠഭാഗത്ത് 'ബ്രഹ്മവിഷ്ണുശിവാത്മകായ പ്രേതാസനായ ഹ്ഹ്രം ഫം സ്വാഹാ' എന്നും; ഇവ രണ്ടിനും മൂലത്തിലെ ബാക്കിയുള്ള രണ്ടക്ഷരം ബീജമായിട്ടുകൂട്ടുകയും ആകാം. അനന്തരം ഗണപതി ദക്ഷിണാമൂർത്തി തുടങ്ങി 'പ്രോം ശേഷികായൈ നമഃ' എന്ന നിർമ്മാല്യധാരി കഴിവോളവും; വലിയമ്പലത്തിങ്കൽ 'ജയായൈ നമഃ, വിജയായൈ നമഃ' എന്നും; പിന്നെ ധ്വജദേവതകൾ ക്ഷേത്രപാലന്മാർ പത്തും, തൽപാർഷത്തുക്കൾ പത്തും, ഇവർക്ക് ഈരണ്ടു പ്രദക്ഷിണമായി വരുമല്ലൊ. അങ്ങിനെ നാലു പ്രദക്ഷിണം 'ഹേതുക ക്ഷേത്രപാലായ നമഃ, ത്രിപുരാന്തക ക്ഷേത്രപാലായ നമഃ, അഗ്നിജിഹ്വ ക്ഷേത്രപാലായ നമഃ, വേതാളജിഹ്വക്ഷേത്രപാലായനമ:, കാളാക്ഷക്ഷേത്ര പാലായ നമ:, കരാളക്ഷേത്രപാലായ നമ:, ഏകപാദക്ഷേത്ര

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പാലായ നമ:, ഭീമരൂപക്ഷേത്രപാലായ നമ:' രണ്ടാംപ്രദക്ഷിണമായിട്ട് 'അലോഹക്ഷേത്രപാലായ നമ:, അഷ്ടകോശക്ഷേത്രപാലായ നമ:' എന്നിങ്ങനേയും അപ്രകാരം 'തല്പാർഷദേഭ്യോനമ:' എന്ന് എട്ടും, രണ്ടും ആയി രണ്ടു പ്രദക്ഷിണവും ആകുന്നു.

വലിയ ബലിക്കല്ലിങ്കൽ താഴെ 'ജയായൈ നമ:, വിജയായൈ,നമ:, അജിതായൈനമ: അപരാജിതായൈ നമ:, നിത്യായൈ നമ:, വിലാസിന്യൈ നമ:, ദോഗ്ധ്ര്യൈ നമ:,അഘോരായൈ നമ:'എന്നും കുമുദത്തിങ്കൽ 'മംഗലായൈ നമ:' എന്നും മുകളിൽ'സർവ്വേശ്വര്യൈ നമ:' എന്നും അനന്തരം ദേവഗ്രഹാദിക്ഷേത്രപാലാന്തം സാമാന്യവുമാകുന്നു ബലിക്രമം.

44 സുന്ദര്യ്യാദ്യാ ദ്വിശോദ്വാ:സ്ഥാ വിഘ്നേശോ
ലോകപാദശ
വാഹനാനിനവാഗ്രേ സ്യൂർമ്മാത്രാദ്യാ
ശ്ചണ്ഡസേനികാ

മാതൃക്കാംക്കു്; - 'സുന്ദര്യ്യൈ നമ:' ഇത്യാദി ഭദ്രകാളിയിങ്കലേ ഈരണ്ടുതന്നെ ദ്വാസ്ഥന്മാർ. പിന്നെ ഗണപതി ദക്ഷിണാമൂർത്തി തുടങ്ങി ദിക്പാലന്മാർ കഴിഞ്ഞാൽ അഗ്രമണ്ഡപത്തിൽ ഒമ്പതു വാഹനങ്ങളേയും വെവ്വേറെ പൂജിച്ചുതുകി മാതൃക്കാം തുടങ്ങി'ചണ്ഡസേനായൈ നമ: എന്നുള്ള നിർമ്മാല്യധാരി കഴിവോളം ഒന്നും വിശേഷമില്ല.

45 വൃഷഭോ മൂഷികോ ഹംസോ ബാഡവേയോ മയൂരക:
ഗരുഡോ മഹിഷശ്ചേതി ഗജോ ƒ പ്യഥതു കൗശിക:

46 ഗോപുരദ്വാരിമാതൃണാം കുംഭിനീചനികുംഭിനീ
ബഹിര്യേതപഷുഗണാഏവ മഹാപീഠേ ƒ പിതേസ്മൃതാ:

47 യോഗിന്യശ്ചൈവ ശാകിന്യോഗണാ:
പ്രേതാശ്ചപൂതനാ:
ഡാകിന്യോ ƒ ഷ്ടൗ പിശാചാശ്ച വേതാളാ
ഭൂതസംജ്ഞിതാ:

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

48 ഉഗ്രസേനോ മഹാപീഠോപരിശേഷ: സമോ ഭവേൽ
ദ്വാരി ശൂലീകപാലീച ദ്വാ:സ്ഥൌച
ദ്വാരപാ:ക്രമാൽ.

'ഋഷഭായ നമ:, മൂഷികായ നമ:, ഹംസായ നമ:, ബാഡവേയായ നമ:, മയൂരായ നമ:, ഗരുഡായ നമ:, മഹിഷായ നമ:, ഗജായ നമ:, കൌശികായ നമ:' ഇവ ഒമ്പതും വാഹനങ്ങളാകുന്നു. സഭാദ്വാസ്ഥന്മാർ 'കുംഭിന്യൈ നമ:, നികുംഭിന്യൈ നമ:' എന്നും പിന്നെ ധ്വജദേവതകൾ—'യോഗിനീ ഗണേഭ്യോ നമ, ശാകിനീ ഗണേഭ്യോ നമ:, പ്രേത ഗണേഭ്യോ നമ:, പൂതനാ ഗണേഭ്യോ നമ:, ഡാകിനീ ഗണേഭ്യോ നമ:, പിശാച ഗണേഭ്യോ നമ:, വേതാള ഗണേഭ്യോ നമ:, ഭൂതഗണേഭ്യോ നമ:' എന്നിങ്ങനെ എട്ടും; രണ്ടാം പ്രദക്ഷിണം 'തൽപാർഷദേഭ്യോ നമ;' എന്നും വലിയ ബലിക്കല്ല്ിങ്കൽ താഴെ 'യോഗിനീഗണാ'ദി എട്ടുംതന്നെ; മുകളിൽ 'ഉഗ്രസേനായ നമ:' എന്നും ശേഷമെല്ലാം സാമാന്യംപോലെതന്നേയാകുന്നു.

ക്ഷേത്രപാലനു :— 'ശൂലിനേ നമ:, കപാലിനേ നമ:' എന്നു് പ്രാസാദദ്വാസ്ഥന്മാർ,

49 ചതുർദ്ദിക്ഷു ജയോ രാജാ കപാലീചമഹാമനാ:
ലോകപാ: സാരമേയോ ƒഗ്രേ മാത്രാദ്യാ:
ക്ഷേത്രചണ്ഡക:

50 ഗോപുരദ്വാരിസൌമ്യായ ചോഗ്രായച
ബലിം ഹരേൽ
ബാഹ്യതോഹേതുകാദ്യൈഷ്വേ തേഷാം
പാരിഷദാസ്തത:

51 അ*പരാവമരേന്ദ്രമൂർത്തീശാനോഗ്രാ
ഊർദ്ധ്വബാഹുർവൃഷഭശ്ച
പീഠം പരിതോ ƒധസ്താൽ സ്യുരഷ്ടമ:
സോമപശ്ചാപി.

52 അസംഭവോ ƒഥ ആജന്മാ ഏകദംഷ്ട്രസ്തത: പര:
ഐരാവതോ ƒ പ്യോഘബല:
ഔഷധേയോ ƒഞ്ജനപ്രഭ:

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

53 അസംഭവശ്ചക്രമതഃ പീഠപത്മദളേഷ്വപി
പീഠോപരി ക്ഷേത്രപാലസേന: ശേഷഃ സമഃ സ്മൃത:

പിന്നെ മുമ്പിൽ തുടങ്ങി നാലു ദ്വാരങ്ങളിലും ഓരോന്നു ആയിട്ടു് 'ജയായ നമഃ, രാജ്ഞേ നമഃ. കപാലിനേ നമഃ, മഹാമനസേ നമഃ' എന്നും; പിന്നെ ദിക്പാലന്മാർ, മണ്ഡപത്തിൽ വാഹനം 'സാരമേയായ നമഃ' എന്നും; മാതൃക്കളും തുടങ്ങി 'ക്ഷേത്രചണ്ഡായ നമഃ' എന്ന നിർമ്മാല്യധാരി കഴിവോളം വിശേഷമൊന്നുമില്ല. സഭാദ്വാസ്ഥന്മാർക്കു് 'സൌമ്യായ നമഃ, ഉഗ്രായ നമഃ' എന്നും പുറത്തു് 'ഹേതുകാ'ദി എട്ടു ക്ഷേത്രപാലന്മാർക്കും, രണ്ടാം പ്രദക്ഷിണം 'തൽപാർഷദേഭ്യോ നമഃ' എന്നും; വലിയ ബലിക്കല്ലിങ്കൽ താഴെ * 'അവരായ നമഃ' അവമായ നമഃ, ഇന്ദ്രമൂർത്തയേ നമഃ, ഈശാനായ നമഃ, ഉഗ്രായ നമഃ, ഊർദ്ധ്വബാഹവേ നമഃ, ഋഷഭായ നമഃ, സോമപായ നമഃ' എന്നും; പിന്നെ പീഠപത്മദളങ്ങളിൽ 'അസംഭവായ നമഃ, ആജന്മനേ നമഃ, ഏകദംഷ്ട്രായ നമഃ, ഐരാവതായ നമഃ, ഓഘബലായ നമഃ, ഔഷധേയായ നമഃ, അഞ്ജനപ്രഭായ നമഃ, അസംഭവായ നമഃ' എന്നും; മുകളിൽ 'ക്ഷേത്രപാലസേനായ നമഃ' എന്നും പൂജിച്ചുതുകി ദേവഗ്രഹാദി എല്ലാം സാധാരണ പോലെ ചെയ്യുക.

54 അഥൈതേഷൂത്സവബലിരേകകാലേ ക്രിയേതവാ
ദ്വികാലേ വൈകദിവസേ തത്രഭേദോ f ധുനോച്യതേ.

അനന്തരം ഈ ദേവന്മാരുടെ ഉത്സവബലിയെപ്പറയുന്നു. അതു് ഒരു നേരമോ രണ്ടു നേരമോ ആകാം. ഉത്സവക്കാലത്തു് ഒരു ദിവസമെങ്കിലും വേണം. അതിനു് ശ്രീഭൂതബലിയിൽനിന്നുമുള്ള വ്യത്യാസത്തെ മാത്രം പറയുന്നു.

55 ഉപസ്ഥായസ്തോത്രൈഃ പ്രവികിരതു
മന്ത്രൈസ്ത്രിജനിജൈ-
ർദ്ധ്വഥാന്യായം ദ്വാഃസ്ഥപ്രഭൃതി
ദിഗധീശാന്തിമ ബലീം

---

* 'അപരാ' എന്ന മൂലപാഠവും 'അവരാ' എന്ന വ്യാഖ്യാനപാഠവുംകൂടി യോജിയ്ക്കുന്നില്ല.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദശസ്വാശാ സ്വാശാധിപ പരിഷദന്തേ f
ത്ര മന്ദനോ
ന്നമോ ഭൂതേത്യാദ്യേന ച സകല
ദേവോത്സവബലൌ.

എല്ലാവക്കും ഉപസ്ഥാനം ചെയ്ത് യഥാന്യായം അവരവരുടെ മന്ത്രങ്ങളേക്കൊണ്ടു് ദ്വാസ്ഥന്മാർ തുടങ്ങി ദിക്പാലന്മാർ കഴിവോളം ബലിയെ ചെയ്യുക. ദിക്പാലന്മാർ പത്തിങ്കലും 'ഓന്നമോ ഭൂതേഭ്യ' ഇത്യാദി മന്ത്രംകൊണ്ടു് തൽപാർഷത്തിനശേഷം എല്ലാവക്കും വേണം.

56 ദിക്പാലാനാമുപസ്ഥാനം സ്തോത്രൈഃ
സർവ്വേഷ്വപീഷ്യതേ.
ദ്വാസ്ഥയോർവ്വാഹനസ്യാപി കാര്യം
തൽബ്രഹ്മകൃഷ്ണയോഃ

ദിക്പാലന്മാക്കുപസ്ഥാനം എല്ലാ ദേവന്മാർക്കും വേണം. ബ്രഹ്മാവിനും ശ്രീകൃഷ്ണനും ദ്വാസ്ഥന്മാക്കും വാഹനത്തിനും കൂടി വേണം

57 'നമസ്തേ ദ്വാരിയുക്തായ ചണ്ഡായാമിതതേജസേ
നരസിംഹതനൂജായ ചക്രേണാങ്കിത മൌലയേ'

58 'നമസ്തേ ദ്വാരിയുക്തായ പ്രചണ്ഡായാമിതൌജസേ
നരസിംഹതനൂജായ ശങ്ഖേനാങ്കിത മൌലയേ'

59 'വാഹനായ വിരിഞ്ചസ്യ ഹംസായാമിത തേജസേ
വേദാത്മനേ നമസ്തുഭ്യം സർവ്വദ്വിജകലാധിപ'
'ഓം ഹംസായ നമഃ' തൽപാർഷത്തും. മൂലവും.

ഇതു് ബ്രഹ്മാവിൻെറ ദ്വാസ്ഥന്മാരുടേയും വാഹനത്തിൻേറയും ഉപസ്ഥാനമന്ത്രങ്ങളും വാഹനത്തിങ്കൽ ഭൂകവാനുള്ള മന്ത്രവും ആകുന്നു.

60 'വാഹനായ മഹാവിഷ്ണോസ്താർക്ഷ്യായാമിതതേജസേ
ഗരുഡായ നമസ്തേ f സ്തു ഉഷ്ണസർപ്പേന്ദ്രമൃത്യവേ'

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

61 'നമസ്തേ സർവ്വഭൂതേശ സർവ്വസമ്പൽപ്രദായിനേ
സർവ്വവിഘ്നവിനാശായ വിഘ്നേശായ ശിവാത്മനേ'

62 'നമസ്തേസ്തു മഹായോഗിൻ വ്യാഖ്യാമുദ്രാലസൽകര !
ദക്ഷിണാമൂർത്തിരൂപായ രുദ്രായ പരമാത്മനേ'

63 'ശസ്താ യോ ജഗതാം ധാതുർവ്വിഷ്ണോർവ്വിവിധമായിനഃ
അനന്തായ നമസ്തുഭ്യമഹീന്ദ്രനമിതാങ്ഘ്രയേ'

64 'ദൈത്യദർപ്പവിനാശായ സഹസ്രാക്ഷായ ധീമതേ!
കുലിശവ്യഗ്രഹസ്തായ നമസ്തേ ƒ സ്തു ശതക്രതോ!'

65 'മുഖംയഃ സർവ്വദേവാനാം യേനഹവ്യം ചനീയതേ
യേന പ്രവർത്തതേ സർവ്വം നമസ്തസ്മൈഹവിർഭുജേ'

66 'യേന സംഹ്രിയതേ സർവ്വം യേനധർമ്മശ്ചരക്ഷ്യതേ
യസ്മാദ്ബിഭേതി ലോകോ ƒ യം
പ്രേതനാഥ ! നമോസ്തുതേ'

67 'രാക്ഷസായാതുധാനാശ്ച പിശാചാശ്ചാശ്രയന്തിയം
തസ്മൈ നിരൃതിരൂപായ രക്ഷസാം പതയേ നമഃ'

68 'യേന പ്രവർത്തതേ സർവ്വം യസ്മിൻ
സർവ്വം പ്രലീയതേ
അമോഘപാശഹസ്തായ തസ്മൈ വാപ്പതയേ നമഃ'

69 'പൂര്യന്തേച ഹ്രിയന്തേചയേന പ്രാണാദയഃ ക്രമാൽ
ഭൂതാനാം പതയേ നിത്യം നമസ്തസ്മൈ മരുത്വതേ!'

70 'യം പ്രാശ്യാമരതാം യാന്തിദേവായജ്ഞശരീരിണഃ
സോമായ ഗദിനേതസ്മൈ ജ്യോതിഷാംപതയേ നമഃ'

71 'യൽപ്രസാദാജ്ജഗത്സർവ്വം ധനേന പരിപൂര്യതേ
യക്ഷഗുഹ്യകനാഥായ ധനനാഥ! നമോ ƒ സ്തുതേ'

72 'യേനകാലാഗ്നിനാ ലോകോയുഗാന്തേഷ്വവദഹ്യതേ
തസ്മൈതേ ബ്രഹ്മണഃ പുത്രവിരൂപാക്ഷ!
നമോ ƒ സ്തുതേ'

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

73 'യേനസൃഷ്ടം ജഗത്സർവ്വം സർഗ്ഗാദൌ
വിഷ്ണുശാസനാൽ
പിതാമഹ! നമസ്തുഭ്യം സർവ്വലോകേശ! പത്മജ!'

74 'പന്നഗാധിപതിർദ്ദേവ അനന്തോ നാമനാമതഃ
പാതാളവാസിനേ നിത്യം നാഗരാജായ വൈനമഃ'

60 മുതൽ 74 കൂടിയുള്ളവ വാഹനം തുടങ്ങി ദിക്പാലന്മാരിൽ പത്താമത്തേതായ അനന്തൻ കൂടിയുള്ളവരുടെ പ്രാർത്ഥനാമന്ത്രങ്ങൾ യഥാക്രമം ആകുന്നു.

75 പൂർവ്വസ്യാമിതി പൂർവ്വകേണചനമോ
ഭൂതാദിമന്ത്രാന്തതോ
ദിഗ്ദിക്ഷ്വർത്ഥപവാഗ്ഗമാദിഷു തുയേ
ഭൂതാദിനാചാണുനാ
ഓജാംശാസുബലിം കരോതു വിധികൃഷ്ണം
സർവ്വതോവാതഥാ
ശ്രീദാദൌ പുര ഇന്ദുപൂജനവിധേരച്ച്യേശ്ച
വിത്താധിപഃ

വൈശ്രവണൻ, സരസ്വതി, ശ്രീപാർവ്വതി മുതലായവൾക്ക് 'ഓന്നമോ ഭൂതേഭ്യഃ' എന്നു കഴിഞ്ഞാൽ 'പൂർവ്വസ്യാന്ദിശി ധനദസ്യ ഭഗവതഃ' ഇത്യാദിമന്ത്രംകൊണ്ട് പത്തു ദിക്കുകളിലും 'യേ ഭൂതാഃ പുരസ്സദഃ' ഇത്യാദികൊണ്ട് ഒററപ്പെട്ട ദിക്കുകളിലും ബലിതൂകണം. ബ്രഹ്മാവും ശ്രീകൃഷ്ണനം ഒഴികെ എല്ലാവക്കും ഇങ്ങിനെ ആകാം. വൈശ്രവണാദികളിൽ സോമനു തൂകുന്നതിനുമുമ്പ് വൈശ്രവണനു തൂകണം.

'പൂർവ്വസ്യാംദിശി ധനദസ്യ ഭഗവതോയേ
ഗണാ വജ്രപാണയഃ
ശ്വേതാഃ ശ്വേതാക്ഷാഃ ശ്വേതലോഹിതാഃ
ദിവ്യന്തരിക്ഷഭൌമാഃ പാതാളനിവാസിനശ്ച
തേഭ്യോ വൈ നമോ നമഃ സ്വാഹാ'

എന്നിങ്ങനെ മന്ത്രം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

76 യഥാന്യായം മാതൃപ്രഭൃതി ഗുഹനിഷ്ഠാവൃതിമഥോ
യജേൽ ഗായത്ര്യാദ്യൈര്മ്മനുഭിരപി
സർവ്വേഷു വിധിവൽ
ഇമാം പ്രാഗാദ്യാശാ പരിഗത കുമാരാദി സഹിതാം
കശൌര്യ്യോരേവം വാട്ടഹിതരി സമുദ്രസ്യ മനുവിൽ.

മാതൃക്കരം തുടങ്ങി യഥാന്യായം സുബ്രഹ്മണ്യൻ കഴി വോളമുള്ള ആവരണത്തെ ഗായത്ര്യാദികളായിരിയ്ക്കുന്ന വിശേഷമന്ത്രങ്ങളോട്ട കൂടെ എല്ലാവക്കും തുകണം. ഈ ആവരണം ബ്രഹ്മാവിനും ശ്രീകൃഷ്ണനും കിഴക്കാദി ദിക്കുകളിലുള്ള 'സ്കന്ദാവരണ'ത്തോടുകൂടെ വേണം. ശ്രീഭഗവതിയ്ക്കും ഇതുപോലെയാകാം.

77 പ്രാചിസ്കന്ദം പ്രഭേശം ശിഖിനി
പിതൃപതൌ ധർമ്മമാതൃസ്ഥാര്യ്യം
ഭൃങ്ഗേ ഭാനും പിതൃസ്ഥം ദ്രുഹിണ
മുദകരാജീരണേ സൂകരാര്യ്യേ
സ്കന്ദം മുഖ്യേ f ന്യ മാതൃരപിതുഹിനരു
ചൌചാംബികാം ത്ര്യംബകംസേ
കോണേചാർഹേൽ പരീത്യാച്ച്യതു പുനരു
ദിത്യാം ച നിർമ്മാല്യഭാജം

കിഴക്കു് സ്കന്ദനേയും, അഗ്നികോണിൽ പ്രഭേശനേയും തെക്കു് ധർമ്മനേയും, മാതൃക്കളേയും, ഭൃംഗപദത്തിൽ ശാസ്താവിനേയും നിരൃതികോണിൽ സൂര്യ്യനേയും, പടിഞ്ഞാറു് ബ്രഹ്മാവിനേയും വായുകോണിൽ സൂകരനേയും, ദുർഗ്ഗയേയും, മുഖ്യപദത്തിൽ സ്കന്ദനേയും ഉത്തരമാതൃക്കളേയും വടക്കു് ,അംബികയേയും ഈശകോണിൽ ത്ര്യംബകനേയും പിന്നെ പ്രദക്ഷിണമായി ഉദിതിപദത്തിങ്കൽ വന്നു് നിർമ്മാല്യധാരിയ്ക്കും തുകുക.

78 ഓം നമഃ ഷണ്മുഖായേതിസ്കന്ദമൈന്ദ്ര്യാം
സ്ഥിതം യജേൽ
ശാസ്താരമഗ്നൌ ഓം ബീജം ഭൂതാധിപതയേ നമഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കിഴക്കു് 'ഓന്നമഷ്ഷണ്മുഖായ' എന്നും അഗ്നികോണിൽ 'ഭാം ഭൂതാധിപതയേ നമഃ' എന്നും പൂജിച്ചുകുക. തൽപാർഷത്തും മൂലവും വേണം.

79 'വീരഭദ്ര! നമസ്തേസ്തു നമോ വിഘ്നേശ്വരായ ച
ബ്രാഹ്മ്യാദിഭ്യശ്ച മാതൃഭ്യഃ സർവ്വാഭ്യോ
വൈ നമോനമഃ'

80 മാതൃഭ്യോ ലോകമാതൃഭ്യഃ സർവ്വമാതൃഭ്യ ഇത്യപി
സർവ്വമാതൃഗണേഭ്യശ്ച ക്രമാദ്ദിക്ഷു ബലിം തതോ ƒ മുനാ
'നാനാരൂപാമാതരഃ പ്രതിദിശം വ്യവസ്ഥിതാഃ
ദിവ്യന്തരിക്ഷഭൗമാഃ പാതാളനിവാസിന്യശ്ചേ
ഹായന്തു ധാത്രാജ്ഞയാ മാമനുഗൃഹ്ണന്തു
പ്രതിഗൃഹ്ണന്തു
പൂജാം സൌമ്യരൂപധാരിണ്യസ്താഭ്യോദേ
വീഭ്യോ നമോനമഃ സ്വാഹാ'

81 സാധാരണമന്യൈ ധാതുഃ പദേ സ്വസ്വാക്ഷരം പഠേൽ
സർവ്വത്രാകാശമാതൃഭ്യ സ്തൽഗണേഭ്യോ ƒ
പിചാഹരേൽ

തെക്കു് 'ധർമ്മായ നമഃ' എന്നും തൽപാർഷത്തും മൂലവും കഴിഞ്ഞാൽ 'വീരഭദ്ര! നമസ്തേസ്തു' ഇത്യാദികൊണ്ടു പ്രാർത്ഥിച്ചു് തന്മന്ത്രവും, ഗായത്രിയും, തൽപാർഷത്തും, മൂലവും കഴിഞ്ഞാൽ 'മാതൃഭ്യോ നമഃ' ലോകമാതൃഭ്യോ നമഃ; സർവ്വമാതൃഭ്യോ നമഃ, സർവ്വമാതൃഗണേഭ്യോ നമഃ' എന്നും കഴിഞ്ഞാൽ 'നാനാരൂപാ' ഇത്യാദി മന്ത്രം 'ധാത്രാജ്ഞയാ' എന്നുള്ളിടത്തു് 'കൃഷ്ണാജ്ഞയാ' ഇത്യാദി അവരവരുടെ പേരുകൂട്ടിക്കൊള്ളണം. ആകാശമാതൃഭ്യോ നമഃ എന്നും ആകാശമാതൃഗണേഭ്യോ നമഃ എന്നും കഴിഞ്ഞാൽ തൽപാർഷത്തും മൂലവും ജലാപ്പുതബലിയും വേണം.

82 നിജമന്ത്രശാസ്ത്രശംബരകുമാരഹസ്ത്യ
ശ്വനീലകളാശ്ച
ആയ്യാച്ചനേകപത്ന്യഗ്രൌ രുദ്രസുതശ്ചഭൂതനാഥശ്ച.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശാസ്താവിങ്കൽ 'ഓംഹ്ര്യൂം നമഃ പരായഗോപ്ത്രേ, ശാസ്ത്രേ നമഃ, ശംബരകുമാരായ നമഃ, ഹസ്ത്യശ്വായ നമഃ, നീലായ നമഃ. കാളായ നമഃ, കപർദ്ദിനേ നമഃ, ഉഗ്രായനമഃ, രുദ്രസുതായ നമഃ, ഭൂതനാഥായ നമഃ', എന്നീ പത്തും ഗായത്രിയും, തൽപാർഷത്തും, മൂലവും എല്ലാം വെവ്വേറെ പൂജിച്ചുകൊള്ളുക.

83 ചാംബാദ്യഃ പശ്ചിമേശാസ്തുഃ സ്വ
നാമ്നാ ഽ ർച്ച്യോദിവാകരഃ
ഖഷോല്കായേതി മന്ത്രേണവാഹ്നതാന്തസ്തദപി ധ്യൌ സ്മൃതഃ

ശാസ്താവിൻെറ പടിഞ്ഞാറ് 'ചാംബാദീനാം' ഇത്യാദികൊണ്ടും നിരൃതിയിൽ 'ദിവാകരായ നമഃ' എന്നോ 'ഖഷോൽക്കായ സ്വാഹാ' എന്നോ പൂജിച്ചുകൊള്ളുക. തൽപാർഷത്തും മൂലവും വേണം.

84 'ചാംബാദീനാം ഗണാഃ സർവ്വേ
കോടികോടി ഗണാധിപാഃ
ഭവന്തു സഹിതാഃ സർവ്വേ തേഭ്യസ്താഭ്യോ നമോ നമഃ'

85 ഓം തദാദി ദ്വിഷട്കേന ബ്രഹ്മാഹ്വമിതി സ്മരഃ
ദുർഗ്ഗാ സ്വമൂലതഃ സ്കന്ദോ മൂലനാമജിനാക്ഷരൈഃ

പടിഞ്ഞാറ് 'ഓം തത്സന്നമോ ബ്രഹ്മണേ തത്സന്നമഃ' എന്നും തല്പാർഷത്തും മൂലവും; വായുകോണിൽ 'ഹ്മം സ്മരായ നമഃ' എന്നും തല്പാർഷത്തും മൂലവും; അവിടെത്തന്നെ 'ഓം ഹ്രീം ദും ദുർഗ്ഗായൈ നമഃ' എന്നും തല്പാർഷത്തും മൂലവും; പിന്നെ മുഖ്യപദത്തിങ്കൽ 'ഓം വചത്ഭുവേ നമഃ' എന്നും സനൽക്കുമാരാദിഷൺമന്ത്രവും, ഗായത്രിയും, തല്പാർഷത്തും; മൂലവും അനന്തരം ഉത്തരമാതൃക്കൾക്ക്

86 'ശ്രീധരായ നമസ്തേ ഽ സ്തു നമസ്തേ ഽ ശ്വമുഖായച
വാഗീശ്വര്യാദി മാതൃഭ്യഃ സർവ്വാഭ്യോ
വൈ നമോ നമഃ'

എന്ന പ്രാർത്ഥനാമന്ത്രം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

87 ശ്രീധരാശ്വമുഖൌ പാശ്വദ്വയേ വാഗീശ്വരീക്രിയാ
കീത്തിർല്ലക്ഷ്മീ സ്തഥാ സൃഷ്ടിർവ്വിദ്യാ
ശാന്തിശ്ച മാതരഃ

88 തദ്ബീജം തുര്യ്യഷഷ്ഠൌച ദ്വാദശശ്ചത്രയോദശഃ
ആദ്യശ്ചൈകാദശശ്ചൈവ ദ്വിതീയ
ശ്ചേന്ദ്രഗാഃ സ്വരാഃ

'ശ്രീം ശ്രീധരായ നമഃ അം അശ്വമുഖായ നമഃ' ഇവ പടിഞ്ഞാറും കിഴക്കും; പിന്നെ 'ലീം വാഗീശ്വര്യ്യൈ നമഃ, ലൂം ക്രിയായൈ നമഃ, ലൈം കീർത്ത്യൈ നമഃ, ലോം ലക്ഷ്മ്യൈ നമഃ, ലം സൃഷ്ട്യൈ നമഃ, ലേം വിദ്യായൈ നമഃ, ലാം ശാന്ത്യൈ നമഃ' എന്നിങ്ങനെ മാതൃമന്ത്രങ്ങൾ

89 ഗായത്രീരഹിതം സർവ്വം യോജ്യമത്രാപിപൂർവ്വവൽ
ശിവംയജേൽ ഷഡംഗ്ഞേന നാമ്നാ നിർമ്മാല്യധാരിണം

ഇവിടെ ഗായത്രി ഒഴികെ എല്ലാം ദക്ഷിണമാതൃക്കളേപ്പോലെ വേണം. വടക്ക് 'അംബികായൈ നമഃ' എന്നും ഈശകോണിൽ 'ഓന്നമശ്ശിവായ' എന്നും പൂജിച്ചുതുകി പ്രദക്ഷിണമായി വന്ന് നിർമ്മാല്യധാരിയേയും പൂജിച്ചുതുകുക.

90 ഇഷ്ട്വാ f ഥ ഗേപുരദ്വാസ്യൈഥ
ബഹിർന്നിഷ്ക്രമ്യദേശികഃ
യേ സമസ്തം ജഗദിതി സകൃദേവോപതിഷ്ഠതാം.

അനന്തരം സഭാദ്വാസ്ഥന്മാർക്കു തുകി പുറത്തുകടന്ന് 'യേ സമസ്ത' മിത്യാദികൊണ്ടു പ്രാർത്ഥിയ്ക്കുക.

91 'യേസമസ്തം ജഗദ്വാപ്യ തിഷ്ഠന്തി
ബലി കാങ്ക്ഷിണഃ
തേ ബ്രഹ്മപാർഷദാഃ സർവ്വേ ഗൃഹ ണന്തു
ബലിമുത്തമം'

92 ആരാദ്ധ്യ ധ്വജദേവതാദി ബഹിരാവാര
ദ്വയം പൂർവ്വവൽ
ദദ്യാദ്ത്രിഗ്ഗുണ മന്ത്രതശ്ച ദശദിക്ഷ്വത്രാജ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യേ ഭൂതാദിപുരഃ പ്രഭൃത്യുപരിനിഷൈഃ
സർവ്വദിക്ഷുക്രമാൽ
പീഠസ്യാധിപതിം നിജാവൃതിവൃതം
മദ്ധ്യേ സമഭ്യേർച്ചയേൽ

ബ്രഹ്മാവിനും ശ്രീകൃഷ്ണനും രണ്ടു പ്രദക്ഷിണം ശ്രീഭൂതബലിപോലെ തൂകി 'പൂർവ്വസ്യാന്ദിശി' ഇത്യാദികൊണ്ടു് പത്തു ദിക്കിലും തൂകുക. വലിയ ബലിക്കല്ലിങ്കൽ 'യേ ഭൂതാഃ പുരസ്സദഃ' ഇത്യാദികൊണ്ടു് കിഴക്കാദി എട്ടു ദിക്കിലും മുകളിലെന്നു സങ്കല്പിച്ചു് ഈശകോണിലും തൂകി കുമുദാദികാൾക്കും പീഠാധിപനും മുറയ്ക്കു് പൂജിച്ചു തൂകുക.

93 സ്വനാമ മന്ത്ര ഗായത്രീ തത്തന്മൂർത്ത്യാദിമന്ത്രകൈഃ
സാസംഖ്യ ദേവതാ മൂലൈർബ്ബലിപീഠേ
ബലിംഹരേൽ.

അവിടെ തന്റെ നാമവും വിശേഷനാമവും, ഗായത്രി, 'അഷ്ടമൂർത്തി പാർഷദേഭ്യഃ', 'അസംഖ്യാതാഃ' 'ദേവതാഭ്യഃ' ഇത്യാദിയെല്ലാം പ്രസിദ്ധമായി ചെയ്യുക.

94 യത്രാന്തർവ്വൈശ്രവണവൽ തത്രതദ്വൽ ബഹിർബ്ബലിഃ
ധ്വജബാഹ്യാവൃതാവേകേ ഗണമന്ത്രാൻക്രമാദ്വിദുഃ

ശ്രീ ഭഗവതിയിങ്കൽ അകത്തു് വൈശ്രവണൻേറതു പോലെ തൂകുകയാണെങ്കിൽ പുറത്തും അപ്രകാരം തന്നെ വേണം. ഇവിടെ ശൈവത്തിങ്കലേപ്പോലെ ധ്വജാവരണവും ഗണാവരണവും കഴിഞ്ഞാൽ 'പൂർവ്വസ്യാന്ദിശി' ഇത്യാദികൊണ്ടും ആകാമെന്നു് ചില ആചാര്യന്മാർ പറയുന്നു. അങ്ങിനെയാണെങ്കിൽ 'പൂർവ്വസ്യാന്ദിശി' എന്നതും 'യേ ഭൂതാഃ' പുരസ്സദഃ ഇത്യാദിയും അകത്തുവേണ്ട; പുറത്തു മാത്രം മതി. അപ്പോൾ ധ്വജാവരണം, ഗണാവരണം, 'പൂർവ്വസ്യാദിശി' ഇത്യാദ്യാവരണം കഴിഞ്ഞാൽ വലിയ ബലിക്കല്ലു്, പിന്നെ അഞ്ചു ദിക്കിൽ 'യേ ഭൂതാഃ' ഇത്യാദിയും വേണം. അകത്തു് ദിക്പാലന്മാർക്കു് 'ഓം നമോ ഭൂതേഭ്യഃ' ഇത്യാദി മാത്രം മതി. സ്കന്ദാവരണം വേണ്ട. ശിവങ്കൽ ജയാ ബലിയ്ക്കും ഭദ്രകാളിയിങ്കൽ ഉത്സവബലിയ്ക്കും ഇപ്രകാരമാകുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

95 സർവ്വത്രൈക പരിക്രമാത്ത്ʼറിവാധ
മന്ത്രൈര്യേ സമസ്തം നമോ
ഗൃഹ്ʼണന്ത്വാദിഭിരാഹരേൽ പ്രഥമതോ
വൈതെദ്ധ്വജാവാരതഃ
ശ്രീദോമാദിഷു തുല്യമേവ തു പുനദ്ദ്രേവ
ഗൃഹാദ്യാഖിലം
സൂര്യ്യാദൌത്വപരോ ƒ സ്തി ഭേദ ഇഹതം
സങ്ʼകീർത്തയാമിക്രമാൽ

പിന്നെ എല്ലാവക്കും മന്ത്രത്രയാവരണം, ദേവഗ്രഹാദി ക്ഷേത്രപാലാന്തം എല്ലാം മുറപോലെ ചെയ്യുക. സൂര്യ്യാദി കാംക്ക് മറെറാരു വിശേഷമുള്ളതിനെ പറയാം.

96 നമോ ഭൂതേഭ്യ ഇത്യേവ സൂര്യേ സോമാദ്യനന്തരം
ബഹിസ്സു ദിക്ʼപാവരണാനന്തരം ത്ര്യാവൃതിബ്ബ്ലിഃ

97 'ഓം നമോ ഭൂതപൂവ്വസ്യാംയേ ഭൂതാ ഇതിചാണ്ഡഭിഃ'
മഹാപീഠബലേരന്തേ ദിക്ഷ്വഷ്ടാസുയഥാക്രമം

98 'യേ ഭൂതാ ഇത്യാദി മന്ത്രൈര്ദ്ദ്യാദ്വൈ
ശ്രവണേ ബലിം
'യേ ഭൂതാ ധനനാഥസ്യ പൂർവ്വസ്യാം
ദിശി സംസ്ഥിതാഃ
തേഷാം സർവ്വേഷാം ബലിം ഹരാമി നമഃ'
'യേ ഭൂതാധനനാഥസ്യ ആഗ്നേയ്യാം
ദിശി സംസ്ഥിതാഃ
തേഷാം സർവ്വേഷാം ബലിം ഹരാമി നമഃ

അകത്തു സോമാദികാംക്ക തൂകുമ്പോരം തല്ലാർഷത്തു കഴിഞ്ഞാൽ 'ഓന്നമോ ഭൂതേഭ്യഃ' ഇത്യാദികൊണ്ടു മാത്രം ബലിതൂകിയാൽ മതി. പുറത്തു് ദിക്ʼപാലാവരണവും, തല്ലാർഷദാവരണവും കഴിഞ്ഞാൽ 'ഓന്നമോ ഭൂതേഭ്യഃ' ഇത്യാദി മന്ത്രംകൊണ്ടും 'പൂവ്വസ്യാം ദിശിരവേഭഗവതഃ' ഇത്യാദികൊണ്ടും 'യേഭൂതാഃ പുരസ്സദഃ ഇത്യാദികൊണ്ടും മൂന്നു പ്രദക്ഷിണമായി എട്ടിടത്തും തൂകണം. വൈശ്രവണനു് വലിയ ബലിക്കല്ലു കഴിഞ്ഞാൽ 'യേ ഭൂതാഃ ധനനാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഥസ്യ പൂർവ്വസ്യാം ദിശിസംസ്ഥിതാഃ തേഷാം സർവ്വേഷാം ബലിം ഹരാമിനമഃ' പിന്നെ 'ആഗ്നയ്യാം' ഇത്യാദി ദിങ് നാമങ്ങളേക്കൂട്ടി എട്ടു ദിക്കുകളിലും ബലിതൂകുക.

99 ദിക്പാലാനന്തരം കാള്യാം നമോ ഭൂതേഭ്യ ഏവച
ബഹിർഭൈരവയോഗിന്യഃ പ്രാഗ്ദ്ധ്വജാ
വരണാൽസ്മൃതാഃ

100 ധ്വജാവരണ തല്പാരിഷദാവൃത്യോരനന്തരം
പൂർവ്വസ്യാംദിശി കാള്യാ ഇത്യാദിഭി സ്ഥപരാവൃതിഃ

101 മഹാപീഠംബലേരന്തേ യേ ഭൂതാഃ പുര ആദിഭിഃ
പഞ്ചഭിഃ പഞ്ചദിക്ഷ്വസ്യ ബലിം ദദ്യാദ്യഥാക്രമം.
ഭിന്നസ്ഥ മദ്ധ്യമോമന്ത്ര ഏകാവൃതിബലാവിഹ

ഭദ്രകാളിയ്ക്കു ദിക്പാലന്മാർക്കു തൂകുമ്പോൾ 'ഓന്നമോ ഭൂതേഭ്യഃ' എന്ന മന്ത്രംകൊണ്ടു മാത്രം തൂകിയാൽ മതി. പുറത്തു ധ്വജാവരണത്തിനു മുമ്പ് 'അസിതാംഗഭൈരവായ നമഃ' എന്നും 'തദ്യോഗിനീഭ്യോ നമഃ' എന്നും തൂകണം. പിന്നെ ധ്വജാവരണവും, തൽപാർഷത്തും; ഇങ്ങിനെ അഞ്ചു പ്രദക്ഷിണം കഴിഞ്ഞാൽ 'പൂർവ്വസാന്ദിശി കാള്യാശ്ശക്തേ, യ്യേ ഗണാ' ഇത്യാദി പത്തു ദിക്കിലും പിന്നെ വലിയ ബലിക്കല്ലിങ്കൽ ചുവട്ടിലും മുകളിലും സാധാരണപോലെ കഴിഞ്ഞാൽ 'യേ ഭൂതാഃ പുരസ്സദഃ' ഇത്യാദികൊണ്ടു നാലുദിക്കിലും മുകളിലും തൂകണം. മന്ത്രത്രയാവരണത്തിങ്കൽ നടുവിലെ മന്ത്രം.

'ഓം നമോ ഭൂതേഭ്യോ ഭൂതികൃത്ഭ്യോ f രിഷ്ടേഭ്യോ f രിഷ്ടകൃത്ഭ്യശ്ചരകൃത്ഭ്യോ f ചരകൃത്ഭ്യോ വ്യാപ്തേഭ്യോ f വ്യാപ്തേഭ്യ സ്ത്രീ പുംനപുംസകേഭ്യഃ സർവ്വരൂപധരേഭ്യോ വിരൂപേഭ്യഃ സത്ഭ്യോ f സത്ഭ്യഃ സർവ്വരൂപേഭ്യസ്തേഭ്യസ്താഭ്യഃ ശക്തിപാഷദേഭ്യോ നമോ നമഃ സ്വാഹാ' എന്നിങ്ങനെയാകുന്നു.

102 ബലിം വിധായേതി പരീത്യ സന്നതഃ
സ്വാചമ്യ ഗർഭാലയമഭ്യുപേത്യ
ആയോജ്യദേവം ബലിബിംബ സംസ്ഥിതം
സ്വമൂലബിംബേ തമഥക്ഷമാപയേൽ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇപ്രകാരം ബലിതൂകി പ്രദക്ഷിണം വെച്ച് നമസ്കരിച്ച് കാലുകഴുകി അകത്തുചെന്നു് തിടമ്പിന്മേലെ ചൈതന്യം മൂലബിംബത്തിങ്കലേയ്ക്കാക്കി ക്ഷമാപണം ചെയ്യുക.

103 തീർത്ഥസ്നാന ദിനാധരേദ്യുരഭിസായം
സോ ƒ യമാചാര്യകോ
ഗ്രാമേ ചൈത്യ ചതുഷ്പഥാദിഷു ബലിം
കുർവ്വൻ പരീത്യാഖിലേ
ഗ്രാമാന്തേ മൃഗയാ പ്രചാരവിഹൃതിം
കൃത്വാ സുയോധൈഃ സമം
പ്രത്യാപത്യ തതഃ സ്വ കൌതുകഗതം
ദേവേസമാഽയാജയേൽ.

ആറാട്ടിന്റെ തലേ ദിവസം വൈകുന്നേരം ആചാര്യൻ ശ്രീഭൂതബലികഴിഞ്ഞാൽ പാണികൊട്ടിച്ച് പള്ളിവേട്ടയ്ക്ക് എഴുന്നെള്ളിയ്ക്കുക. അതിന്നു് യജമാനനും വേട്ടക്കാരും എല്ലാം വേണം. ഗോപുരദ്വാരസ്ഥന്മാർക്ക് മൂലംകൊണ്ടു തൂകണം, പിന്നെ തീർത്ഥം, അരയാൽ, നാൽക്കൂട്ടപ്പെരുവഴി, മററു പുണ്യസ്ഥലങ്ങൾ എന്നിവിടങ്ങളിൽ എല്ലാം മൂലംകൊണ്ടുതന്നെ ബലിതൂകി നായാട്ടിന്നുള്ള സ്ഥലത്തുചെന്നു അവിടേയും മൂലംകൊണ്ടു എട്ടു ദിക്കിലും നടുവിലും തൂകി നായാട്ടു കഴിപ്പിച്ച് തിരിച്ചുവന്നു് തിടമ്പിന്മേലെ ചൈതന്യം മൂലബിംബത്തിങ്കലേയ്ക്കാക്കുക.

104 യേ സമസ്തം ജഗദ്വ്യാപ്യ നമോ ഭൂതേഭ്യ ഇത്യപി
മന്ത്രാഗ്രാമബലൌജ്ഞേയോ യശ്ച
സ്യാൽസ്വാഗമോ ദിതഃ

'യേ സമസ്തം, ഓന്നമോ ഭൂതേഭ്യഃ' ഇത്യാദി മന്ത്രവും ഗ്രാമബലിയ്ക്കാകാം. സമുച്ചയത്തിലും മററും കാണുന്ന മന്ത്രങ്ങളും യുക്തംപോലെ ഉപയോഗിയ്ക്കാം.

105 സ്നാത്വാ ങ്കുരാദ്യജലമണ്ഡപേഷു
ശയ്യോ ƒ ന്തരേത്യാച്ഛിത പീഠസംസ്ഥം
ദേവം പ്രപൂജ്യാർത്ഥ്യ ച തീർത്ഥയാത്രാ
ണനാ ഹ്ലതാരോപണമാദധീത.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അനന്തരം ആചാര്യൻ കളിച്ച് തററുടുത്ത് ദേഹശുദ്ധ്യാദി ചെയ്ത് മണ്ഡപത്തിലെ മറെറാ മറച്ചുകെട്ടി വിതാനിച്ച് അലങ്കരിച്ചിടത്ത് ശയ്യാപത്മമിട്ട് പീഠം വിരിച്ച് ശയ്യയ്ക്കു ചുററും മുളപ്പാലികകൾ വെയ്ക്കുവാനുള്ള പത്മവുമിട്ട് മുള എഴുന്നെള്ളിച്ച് കൊണ്ടുവന്നു വെച്ച് തത്സമീപത്തു ഒരു സ്വസ്തികമിട്ടു ഭദ്രപീഠം വെച്ച് ഗുരുഗണപതി പൂജ തുടങ്ങി ശക്തിപൂജ കഴിവോളം ശയ്യയിങ്കൽ ചെയ്ത് ഭദ്രപീഠത്തിങ്കൽ പീഠം പൂജിച്ച് അകത്തു ചെന്നു ദേവനേപ്പൂജിച്ച് ത്രിമധുരം നിവേദിച്ച് അവസാനീയാർഘ്യത്തോളമായാൽ 'തീർത്ഥയാത്രാ' ദികൊണ്ടു പ്രാർത്ഥിച്ച് ഘൃതാരോപണം ചെയ്യുക.

106 സംക്ഷാള്യ തൽ കൌതുകമത്ര മന്ത്രീ
പുണ്യാഹകൃൽ കൌതുകമാകലയ്യ
സംശോദ്ധ്യതസ്മിന്നഭിവാഹ്യബിംബാൽ
സാകല്യകൃൽ ബിംബഗതം സുരക്ഷേൽ

തിടമ്പെടുത്ത് മുമ്പിൽ വെച്ച് അഭിഷേകം ചെയ്ത് ചന്ദനവും പൂവും ചാർത്തിപ്പുണ്യാഹം ചെയ്ത് കൌതുകം കെട്ടി ഭൂതസംഹാരാദി പീഠപൂജാന്തം ചെയ്ത് നീരാജനമുഴിഞ്ഞു് ശംഖുകൊണ്ട് മൂലബിംബത്തിങ്കൽനിന്നു് അംശത്തെ ആവാഹിച്ച് തിടമ്പിന്മേൽ യോജിപ്പിച്ച് രണ്ടിടത്തും ന്യാസാദികൾ ചെയ്ത് മൂലബിംബത്തെ മൂടിക്കെട്ടി രക്ഷിയ്ക്കുക.

107 തന്മണ്ഡപേ പീഠഗമച്ച്യയിത്വാ
സംവേശ്യ തസ്മിൻ ശയനീയ ഏവം
വ്യാവേഷ്ട്യ തത്വ സ്വമനുധ്രുവൈ സ്സ്വൈ
സ്സുപ്താം ദശാം പ്രാപ്യ സുവ്യത്യരക്ഷേൽ

അനന്തരം തിടമ്പ് എഴുന്നെള്ളിച്ചു കൊണ്ടുവന്നു് മുമ്പ് പീഠം പൂജിച്ചിടത്തുവെച്ച് ആവാഹിച്ചു പൂജിച്ച് നിവേദിച്ച് പ്രസന്നപൂജ ചെയ്ത് അവസാനീയാർഘ്യത്തോളമായാൽ ആലവട്ടവും വെൺചാമരയും വീശി പഞ്ചതത്വം ചൊല്ലി കിടത്തി പഞ്ചതത്വ മൂലപ്രണവങ്ങ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ളേക്കൊണ്ടു് ഉദ്വ്യാപകം ചെയ്തു് തുരീയാവസ്ഥയേ പ്രാപിപ്പിച്ചു് രക്ഷിയ്ക്കുക.

108 പ്രാതബ്‌ഹിഃ പ്രാച്ഛിത പീഠ ഏത്യ
തന്മണ്ഡപേ സമ്പ്രതിബോദ്ധ്യ ദേവം
ഉത്ഥാപ്യ സന്ദർശിത മങ്ഗലോ ഹ്യോ ƒ
ച്ഛനം സമാപ്യ ന്യസതുക്തപീഠേ

പിററന്നാറം കുളി സന്ധ്യാവന്ദനാദിയും ദേഹശുദ്ധ്യാദി ആത്മാരാധനാന്തവും ചെയ്തു് ഒരിടത്തു ജലദ്രോണി പൂജിച്ചു് അതിന്റെ സമീപം പത്മത്തിൽ ഭദ്രപീഠവും വെച്ചു് പീഠം പൂജിച്ചു് വടക്കുവശത്തു് ഉപഹാരങ്ങളേയും ചാർത്തിച്ചു് ദേവകൾ പൂർവ്വാരാധിച്ചു് തൊഴുതു പ്രണവ മൂല പഞ്ചതത്വങ്ങളേക്കൊണ്ടു് വ്യാപകം ചെയ്തു് പള്ളിക്കുറുപ്പുണത്തി എഴുന്നേല്പിച്ചു് അഷ്ടമംഗല്യം, കണ്ണിക്കോപ്പു്, പശു എന്നിവയേ ദർശിപ്പിച്ചു് തലേന്നാളത്തെ പൂജമുടിച്ചു് ഇപ്പോറം പീഠം പൂജിച്ച ഭദ്രപീഠത്തിന്മേൽ എടുത്തുവെയ്ക്കുക.

109 ആവാഹനാദി പുനരാചമനാവസാനം
കൃത്വാ സദന്ത രസനാവപനം വിധായ
ഗണ്ഡൂഷ സംസ്നപിതമുക്ഷിതമാപ ആദ്യൈഃ
സംസ്നാപ്യ യച്ഛതു തതോ ƒ oബര പൂർവ്വകാണി

ആവാഹനാദി പുനരാചമനാവസാനം ചെയ്തു് പല്ലു തേപ്പിയ്ക്കുക, നാവുവടിപ്പിയ്ക്കുക. ഗണ്ഡൂഷസമപ്പ്ണം, പാദ്യാദി, സ്നാനം, പാദ്യം, ആചമനം, പുണ്യാഹം, തേൻ, നെയ്യു്, മഞ്ഞപ്പൊടി ആടൽ, തേച്ചുകഴുകുക, അഭിഷേകം ചന്ദനവും പൂവും ചാത്തൽ മുതലായവ ചെയ്തു് വസ്ത്രാദി ഉപഹാരങ്ങറം കൊടുക്കുക.

110 ദൂർവ്വാ പ്രസൂനമഥ ചന്ദനമഞ്ജനാന്ത
ലേപാവലങ്കരണ ദപ്പ്ണമപ്യഥേഷ്ട്വാ
വിഷ്ണും ഗവേയവസദോ ƒ ഥ കൃതേതിഹാസ
സംശ്രാവണോ ദ്വിജ വിതീർണ്ണ സുവർണ്ണധേനുഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കറുക, പൂവ്, ചന്ദനം, അഞ്ജനം, അനുലേപനം, ദശ പുഷ്പമാല, കണ്ണാടി, ഇവയെല്ലാം കാണിച്ച് ഗണപതി നിവേദിച്ച് പശുവിനു് വയറ ഉഴിഞ്ഞുകൊടുത്തു് ഇതിഹാസം വായിച്ചു കേൾപ്പിച്ച് ബ്രാഹ്മണക്ക് ദക്ഷിണയും ചെയ്യുക.

111 ദേവം സമ്പൂജ്യ നീരാജ്യ ശയ്യാദ്യുദ്വാസ്യ തം ഗുരുഃ
നീത്വാ ƒ ന്തർമ്മൂല ബിംബേ തു
പ്രത്യപ്യാവാഹ്യപൂജയേൽ.

അനന്തരം ദേവനെ പൂജിച്ച് നിവേദിച്ച് പ്രസന്ന പൂജ ചെയ്തു് ശയ്യാദി ഉദ്വസിച്ച് നീരാജനമുഴിഞ്ഞു് പാണികൊട്ടിച്ച് അകത്തെഴുന്നെള്ളിച്ച് മൂലബിംബത്തിങ്കൽ യോജിപ്പിച്ച് തങ്കൽനിന്നാവാഹിച്ച് യഥാവിധി പൂജിയ്ക്കുക.

112 യാത്രാഹോമമഥാദധീത വിനിധായാഗ്നിം
യഥോക്തക്രമാൽ
കൃത്വാസ്മിൻ പരിവാരഹോമ ചരമം
സപ്പിർഹുനേദേകശഃ
ഷണ്മന്ത്രൈ ശ്ച കനിക്രദൽ പ്രഭൃതിഭിഃ
സ്വസ്ത്യാദി പഞ്ചാണുഭി
ശ്ചാഥ സേ്വന ജുഹോതു മൂലമനുനാ
ദ്രവ്യാണി ചത്വാര്യ്വപി

അനന്തരം യാത്രാഹോമം ചെയ്യുക. അതിനു് അന്വാധാനാദി മൂലാഷ്ടാജ്യാഹുതി കഴിഞ്ഞാൽ 'കനിക്രദൽ' ഇത്യാദി ആറും 'സ്വസ്ത്യാ'ദി അഞ്ചും കൊണ്ടും ആജ്യാഹുതികരം ചെയ്തു് മൂലം കൊണ്ടു് ചതുർദ്രവ്യവും ഹോമിച്ച് പഞ്ചതത്വംകൊണ്ടു് എട്ടെട്ടുരു ആജ്യാഹുതികളും ചെയ്തു് സമ്പാതം വേറെ വെച്ച് സ്വിഷ്ടകൃദാദിഹോമം മുടിച്ച് ഹവിസ്സുപൂജയും ചെയ്യുക.

113 ഗത്വാഗർഭഗൃഹം സമിഷ്ടനിജപീഠം
ദേവമാസ്ഥാപിതം
സംസ്നാപ്യാച മനീയകാവധി സമപ്യ
പ്രോക്ഷ്യ ചാപ്യാദിഭിഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

ചൂൎണ്ണൈസ്തണ്ഡുലമുദ്ഗമാഷയവ
ഹേമാദിക്ഷപാംഗന്ധജൈ
* രുദ്ധൃത്യ ദ്രുപദാദിവേതി മനുവിൽ
ബ്രഹ്മാദിഷൂദ്വൎത്തയേൽ

അകത്തു ചെന്നു് പീഠം പൂജിച്ചാവാഹിച്ചു് സ്നാനകാലത്തു് ആചമനീയം കഴിവോളം മൂന്നുപഹാരങ്ങൾ കൊടുത്തു് ദേവങ്കലും മഞ്ഞപ്പൊടിയിങ്കലും പുണ്യാഹം തളിച്ചു് 'ദ്രുപദാദിവേന്മുമുചാന' ഇത്യാദികൊണ്ടു ബ്രഹ്മാദികളിൽ മഞ്ഞപ്പൊടി ആട്ടുക.

114 സംസ്ഥാപ്യ സമ്പൂജ്യതഥൈവ വാതം
കൃത്വാ തദഗ്രേ ശുചികൎമ്മബിംബേ.
കൎമ്മേതി സമ്പ്രാൎത്ഥ്യ തതോ ഽഭിവാഹ്യ
സമ്പാത സംസ്പൃശ്പുരഃ സരംതു

പിന്നെ അഭിഷേകം ചെയ്തു് പൂജമുടിച്ചിട്ടോ, അങ്ങനേത്തന്നേയോ, തിടമ്പു് മുമ്പിൽവെച്ചു് തലേന്നാളത്തേപ്പോലെ ഭൂതസംഹാരാദി മൂൎത്തി കല്പനാന്തം ചെയ്തു് സമ്പാതം സ്പൃശിച്ചു് 'കൎമ്മാച്ച്വാ തീൎത്ഥയാത്രാൎത്ഥം' ഇത്യാദി പ്രാൎത്ഥിച്ചു് തലേന്നാളത്തേപ്പോലെ ആവാഹിക്കുക.

115 സാകല്യമാപദ്യ സുരക്ഷ്യമൂലബിംബം
തതോ മങ്ഗലവാദപൂൎവ്വം
ഗൃഹീത തൽകൌതുകമൂൎത്തിപാദ്ധ്യോ നിൎയ്യാ
ത്വ സൌദ്വാര പിധാനപൂൎവ്വം

രണ്ടിടത്തും സാകല്യം വരുത്തി മൂലബിംബം രക്ഷിച്ചു തിടമ്പിന്മേൽ ആവാഹിച്ചു പൂജിച്ചു് പരികൎമ്മിയുടെ കയ്യിലെടുത്തു കൊടുപ്പൂഃ പിന്നെ 'ജഗന്നിൎമ്മാണ' ഇത്യാദി ചൊല്ലൂഃ പിന്നെ നടയടച്ചു് പുറത്തേയ്ക്കെഴുന്നെള്ളിക്കുക.

116 അന്തൎവ്വികീൎയ്യ ബലിമേക പരിക്രമേണ
ബാഹ്യേ ചതദ്ധ്വജചിതീഃ പ്രവിലാപ്യദേവേ,
ക്ഷേത്രേശ ഗുപ്തസദനോ ധ്വജഗുപ്തവേശ്മാ ഽഥ
പ്രയാതു നിജയാനസുരോഹിതേശഃ

---

* ഇവിടെ വേറെ ഏതെങ്കിലും പദമായിരിക്കുമോ ? അല്ലെങ്കിൽ പൌനരുക്ത്യം വരും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അകത്തും പുറത്തും ഓരോ പ്രദക്ഷിണമായിട്ട് ശ്രീഭൂതബലി തൂകി ദിക്കൊടി ഉദ്വസിച്ച് ക്ഷേത്രപാലനേയോ ധ്വജത്തിങ്കലെ വാഹനത്തേയോ ക്ഷേത്രരക്ഷസ്സു കല്പിച്ച് ദേവനെ ആറാട്ടിന്നെഴുന്നെള്ളിക്കുക.

117 ദ്വാഃ സ്ഥാദിയജ്വായജമാനയുക്തോ
ദിങ്മന്ത്രതഃ സാലബഹിഃ പരീത്യ
അർവ്വാഗ്‌വ്രജേദ്യോജനതഃ സമേതോ വിപ്രൈർഹ
വിഭ്വാരിഘടാദിയുക്തൈഃ

ദ്വാസ്ഥന്മാക്കു തൂകി യജമാനനോടുകൂടി 'ഓന്നമോ ഭൂതേഭ്യഃ, പൂർവ്വസ്യാന്ദിശി' ഇത്യാദി മന്ത്രംകൊണ്ട് മതിലു പുറത്തും തൂകി ഒരു യോജന (= നാലുനാഴിക)യിൽ കവിയാത്ത സ്ഥലത്തുള്ള ജലാശയത്തിലേയ്ക്ക് എഴുന്നെള്ളിയ്ക്കുക.

118 ആസാദ്യനദ്യാദി വിശിഷ്ടതീർത്ഥം
തത്സമ്മുഖം ന്യസ്യസമിഷ്ടപീഠേ
സാങ്ഗീക്രിയാദ്യം പ്രവിധായ തസ്മൈ
ദദ്യാദ്ദ്വിതീയാചമനാവസാനം

നദി മുതലായ വിശിഷ്ട തീർത്ഥക്കരയിലെത്തിയാൽ താൻ കളിച്ചിട്ടോ അഥവാ കാലുകഴുകിയിട്ടോ യഥോചിതം ദേഹശുദ്ധ്യാദി ചെയ്ത് ഭദ്രപീഠത്തിന്മേൽ പീഠം പൂജിച്ച് അതിന്മേൽ തിടമ്പ് ജലാഭിമുഖമായി എഴുന്നെള്ളിച്ചുവെച്ചു ആവാഹിച്ചു സ്നാനത്തോളമാക്കുക.

119 വിശോധിതേ തീർത്ഥജലേ ജലേശാദീജ്യാത
ദഹാഹുതിജാജ്യസിദ്ധേ
ത്രിമ്മജ്ജയേത്തജ്ജലസമ്മുഖീനം ദേവം സുധീഃ
സൈവരഥ പഞ്ചമന്ത്രൈഃ

തീർത്ഥത്തിങ്കൽ ജലദ്രേണി പൂജിച്ച് സമ്പാതം സ്പർശിച്ച് തിടമ്പെടുത്ത് പഞ്ചതത്വം ചൊല്ലി മൂന്നുമുങ്ങുക.

120 പീഠേ നിവേശ്യാചമനീയനിഷ്ടം ദത്വാ ƒ ഥ
സമ്പ്രോക്ഷ്യ യഥോക്തനീത്യാ
ചൂർണ്ണേസ്സമുദ്വർത്ത്യജലേ ƒ വഗാഹം കൃത്വാ
ദ്ദതം ചേത്യഘമർഷണേന

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തിടമ്പ് പീഠത്തിന്മേൽ വെച്ച് താൻ കാലു കഴുകി ആചമിച്ചു മൂന്നു ഋക്കു ചൊല്ലിത്തളിച്ച് ദേവന് ആചമനീയാന്തം കൊടുത്തു് പുണ്യാഹം തളിച്ച് മുന്നേപ്പോലെ മഞ്ഞപ്പൊടി ആടി 'ഋതഞ്ചസത്യഞ്ച' എന്നതുകൊണ്ടു് പ്രാണായാമം ചെയ്തു് രണ്ടാമതും തിടമ്പെടുത്തു മുങ്ങുക.

121 പീഠേ നിവേശ്യവസനാദ്യമഥോപഹൃത്യ
ദേവം സുപൂജ്യവിനിവേദ്യ നിവേദ്യമഗ്നൗ
ഹുത്വാഭിതോ ബലിമപി പ്രവികീര്യ്യപൂജാ
ശേഷം സമാപ്യമനുവിധാനിവേദയേച്ച.

തിടമ്പ് പീഠത്തിന്മേൽവെച്ച് കുളി മുഴുമിച്ച് തററുടുത്തു് വസ്ത്രാദി പൂജിച്ച് നിവേദിച്ച് വൈശ്വദേവഹോമവും ബലിയും ചെയ്തു് പൂജാശേഷം ചെയ്തു്

122 'തീർത്ഥേ ഽസ്മിൻ പാവനേ പുണ്യേ
സ്നാതോ ഽസി ചതുരാനന !
അതസ്ത്വാമനുഗൃഹ്ണീഷ്വ സ്വസ്ഥാനോ
പാശ്രയേണ നഃ

ഈ മന്ത്രംകൊണ്ടു പ്രാർത്ഥിയ്ക്കുക.

123 ഉദ്വാസ്യ തീർത്ഥം നിജവാഹനേ തമാരോപ്യ
മൂലാലയമാഗമയ്യ
തസ്മിന്നഹന്യേവനിയോജ്യ മൂലബിംബേ ഽ
ഭിഷിച്യപ്രയജേച്ചദേവം

അനന്തരം തീർത്ഥമുദ്വസിച്ച് ദേവനെ വാഹനത്തിൽ കരേററി എഴുന്നെള്ളിച്ചു മൂലാലയത്തിൽ കൊണ്ടുവന്നു് അന്നുതന്നെ മൂലബിംബത്തിങ്കലേയ്ക്കു് യോജിപ്പിച്ച് തങ്കൽനിന്നാവാഹിച്ചു പൂജിയ്ക്കുക.

124 തസ്മിൻ പരസ്മിന്നപി വാഹ്നിദേവം
സമുക്തനീത്യാ കലശൈഃ പ്രഭൂതൈഃ
സംസ്നാപ്യ യാത്രോത്ഥിതദോഷശാന്ത്യൈ
സമച്ചയേൽ ഭൂതബലിം കിരേച്ച.

അന്നുതന്നേയോ പിറേറ ദിവസമോ ധാരാളം കലശങ്ങളേ പൂജിച്ച് ആടി അവസ്രാവം തളിച്ച് ശ്രീഭൂതബലിയും തൂകുക.

അഞ്ചാം പടലം സമാപ്തം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആറാംപടലം

1 അഥപ്രായശ്ചിത്തം പതനമസതാം വേശനമസൃക്
പ്രപാതോവേദ്യാദൌ സതിസപദി കര്യ്യാൽ ഗുരുവരഃ
പുരഃ ശോദ്ധ്യം സ്ഥാനം യദി തദുപഘാതഃപ്രതികൃതിഃ
പുനഃ സംശോദ്ധ്യാ സ്യാത്തദുപഹതി
യോഗേക്രമവിദാ.

ബിംബത്തിൻെറ പതനമോ, ചണ്ഡാലാദികളുടെ പ്രവേശനമോ തിരുമുററം മുതലായ സ്ഥലങ്ങളിൽ ചോര, മാംസം മുതലായവ വീഴുകയോ കാണുകയോ ചെയ്യുക ഇത്യാദി നിമിത്തങ്ങളിലും മനുഷ്യർ, ആന മുതലായ മൃഗങ്ങൾ എന്നിവയുടെ ജനനം, മരണം എന്നിവ സംഭവിച്ചുകിലും ആചാര്യൻ ആദ്യം ഖനനാദി സ്ഥാനശുദ്ധിയും പിന്നെ പ്രാസാദശുദ്ധിയും ബിംബശുദ്ധിയും ചെയ്യണം.

2 ഖനനം ഹരണം ദാഹഃ പൂരണം ഗോനിവാസനം
വിപ്രോച്ഛിഷ്ടംച ഗവ്യംച സപ്തൈതാഃ
സ്ഥാനശുദ്ധയഃ

സ്ഥാനശുദ്ധിയിലേ ഏഴു കാര്യ്യങ്ങളാണ് ഈ ശ്ലോകം കൊണ്ടു പറയുന്നതു്.

3 ഗുരുരിത നയേനൈതാ വിദധീത വിചക്ഷണഃ
ദോഷാനുസാരതോ ലഘ്വീരുത ഗുർവ്വീര്യ്യഥാക്രമം.

ഈ വക ശുദ്ധികളെ ഗുരു പറഞ്ഞതുപോലെ ദോഷത്തിനെ അനുസരിച്ചു് വലുതാക്കിയോ ചെറുതാക്കിയോ യഥോചിതം ചെയ്യണം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

4 തതോയഥാഹം പ്രസമുപ്തബീജ
സ്രുീസൂത്രമാലാപരിവേഷ്ടനാദ്യാം
പ്രാസാദശുദ്ധിം പ്രവിധായ പുണ്യാഹാന്താം
വിദധ്യാദഥ ബിംബശുദ്ധിം.

മുളയിട്ടു് നൂലുമാല ചുററുക തുടങ്ങി പുണ്യാഹം കഴിവോളമുള്ള പ്രാസാദശുദ്ധിയേയും പിന്നെ ബിംബശുദ്ധിയേയും ചെയ്യുക.

5 ക്ഷാളന പ്ലാവന സ്നാനമാർജ്ജനാനിയഥാക്രമം
ധാരാവഗാഹസേകാശ്ച സപ്തൈതാ ബിംബശുദ്ധയഃ

ബിംബശുദ്ധിയിലേ ഏഴു കാര്യങ്ങളായ ക്ഷാളനം, പ്ലാവനം, സ്നാനം മാർജ്ജനം, ധാര, അവഗാഹം, സേകം എന്നിവയേയാണു് ഈ ശ്ലോകംകൊണ്ടു പറഞ്ഞതു്.

6 ഗുരൂദിതക്രമേണൈവ കുര്യാദേതാ വിചക്ഷണഃ
ധാരായാം നിജസൂക്താനിജപ്യാന്യപ്യവഗാഹനേ.

ഗുരുവിനാൽ പറയപ്പെട്ട പ്രകാരം തന്നെ ഇവയെ വിദ്വാനായിരിക്കുന്ന ആചാര്യൻ ചെയ്യണം. ധാരക്കും അവഗാഹത്തിനും തന്റെ തന്റെ സൂക്തങ്ങൾ ജപിക്കണം.

7 ഹിരണ്യഗർഭഃ സൌരം ച ജഗൃഭ്മാതേ ƒഥ
വൈഷ്ണവം
സാരസ്വതം ചശ്രീസൂക്തം ഗൌരീര്യക്പൂർവ്വരൌദ്രകം

8 ക്ഷേഷ്ഠാനരശ്ച കേശ്യഗ്നിം ക്രാണാശിശുരപിക്രമാൽ
'ക്ഷേത്രസ്യ' പതിനാസൂക്തം
ജപ്യാന്ദ്രുഹിണാദിഷു.

ബ്രഹ്മാവിനു് 'ഹിരണ്യഗർഭഃ' ഇത്യാദി രണ്ടുവക്കവും; സൂര്യനു് സൌരം മുഴവനും; വൈശ്രവണനു് 'ജഗൃഭ്മാതേ' ഇത്യാദി രണ്ടുവക്കവും; ശ്രീകൃഷ്ണനും ബ്രഹ്മാവിനും വിഷ്ണുസൂക്തവും; സരസ്വതിക്കു് സാരസ്വതം മുഴവനും; ശ്രീഭഗവതിക്കു് ശ്രീസൂക്തവും; ശ്രീപാർവ്വതിക്കു് 'ഗൌരീമ്മിമായ' ഇത്യാദിയും രുദ്രസൂക്തവും; ജ്യേഷ്ഠാഭഗവതിക്കു് 'ക്ഷേഷ്ഠാനര' ഇത്യാദി സൂക്തവും; ഭദ്രകാളിക്കു് 'കേശ്യഗ്നിം'

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇത്യാദി രണ്ടുവക്കും; മാതൃക്കൾക്കു് 'ക്രാണാശിശ്ശു:' ഇത്യാദി സൂക്തവും; ക്ഷേത്രപാലനു് 'ക്ഷേത്രസ്യ പതിനാവയം' ഇത്യാദി സൂക്തവും ജപിക്കേണ്ടതാകുന്നു. ബ്രഹ്മശ്രീകൃഷ്ണന്മാക്കു് വിഷ്ണുസൂക്തവും മററുള്ളവക്കു് രുദ്രസൂക്തവുംകൂടി വേണം.

9 സ്വപഞ്ചതത്വം ദശതാരകാദ്യം വേദാദി
മന്ത്രാന്നിജസൂക്തമുക്തം
സപാവമാനാദ്യഥഗുഹ്യമന്ത്രാൻ വേദാന്ത
മന്ത്രാനപിസഞ്ജപേയുഃ

പഞ്ചതത്വം, ദശപ്രണവഗായത്രി, വേദാദികം, അവരവരുടെ സൂക്തം, ചെറുമാനം, പുരുഷസൂക്തം, വേദാവസാനം എന്നിവയെല്ലാം ജപിച്ചു് മുറമൂടിയുക.

10 കാര്യാ പുണ്യാഹപര്യന്താ ശുദ്ധിരേവമജാദിഷു
പാരായണം തതഃ കുര്യാൽ പ്രായശ്ചിത്ത ഹുതാദിച

ഇപ്രകാരം ബ്രഹ്മാദികളിൽ പുണ്യാഹം കഴിവോളമുള്ള ശുദ്ധികളെച്ചെയ്തിട്ടു് വേദപാരായണവും പ്രായശ്ചിത്തഹോമാദികളും ചെയ്യുക.

11 ദേവാഗ്രതോ ƒഗ്നിം പ്രജനയ്യകുണ്ഡേ
ചതുർഷുവാഷ്ടാ സ്വഥവാദ്വിഷട്സ്സു
വിഹൃത്യകുണ്ഡേഷുകരോതുഹോമം
സമൂർത്തിപോ ദോഷഭിദോപത്യാം.

ദേവൻെറ മുമ്പിൽ അഗ്നിജനനം ചെയ്തു് ദോഷത്തിൻെറ ഗുരുലാഘവംപോലെ നാലോ, എട്ടോ, പന്ത്രണ്ടോ ദിക്കുകളിൽ വിഹരിച്ചിട്ടോ അഥവാ ഒരു കുണ്ഡത്തിൽ മാത്രമായിട്ടോ, മൂർത്തിപന്മാരോടുകൂടി ഹോമം ചെയ്യുക.

12 അന്വാധാനാദികൃത്തത്ര കലശം പ്രാച്ച്യരക്ഷിണേ
പരിധാനാദി പരിവാരാജ്യ ഹോമാന്തമാചരേൽ.

അന്വാധാനാദി പരിധിയോളമായാൽതെക്കു് കലശം പൂജിച്ചു് പരിധി തുടങ്ങി മൂലാഷ്ടാജ്യാഹുതി കഴിവോളം ചെയ്തു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

13 മന്ത്രൈഃ പഞ്ചകചോദിതൈ സ്രുഗ്ഗണ
സാഹസ്രം ഘൃതം സാഷ്ടകം
സാഹസ്രം സമിദാജ്യശാലിതില
ലാജാനാം പൃഥങ്മൂലതഃ
ഭ്രരാദ്യൈര്ജ്ജുഹുയാൽ പലാശസമിധോ ƒ ഥ
ദ്വാദശാഢ്യം ശതം
സാവിത്ര്യാഷ്ടശതം സ്ദുഗ്ദ്ധദധിമധ്വാ
ജ്യാനി ചാന്തേ പൃഥക്.

എല്ലാവക്കും പഞ്ചതത്വംകൊണ്ടു് മൂവ്വായിരം ഉരു ആജ്യാഹുതി ചെയ്തു് ആയിരത്തെട്ടുവീതം ചമത, നെയ്യ്, നവരനെല്ല്, എള്ള്, മലര് ഇവ മൂലംകൊണ്ടു് ഹോമിച്ച് വ്യാഹൃതികാംകൊണ്ടു് നൂററപ്പന്ത്രണ്ടു് പ്ലാശിൻ ചമതയും ഹോമിച്ച്, സവിതൃഗായത്രികൊണ്ടു് പാൽ, തൈരു്, തേൻ, നെയ്യ് ഇവനാലും നൂറെറട്ടുവീതവും ഹോമിയ്ക്കുക. ഇപ്രകാരം എല്ലാ ഹോമക്കാരും ചെയ്യണം.

14 മോദാദയോ ƒ ജേ പ രമസുഖാദ്യാശ്ചണ്ഡദീധിതൌ
പരേഷുപഞ്ചതത്വാനിസ്യുർമ്മന്ത്രാഃ സ്നാനഹോമയോഃ

ഇവിടെ ബ്രഹ്മാവിനു് പഞ്ചതത്വമല്ല, 'മോദാ'ദിപഞ്ചമൂർത്തിമന്ത്രങ്ങളാണു്. സൂര്യനും പരമസുഖാ'ദി പഞ്ചമൂർത്തികളാണു്. മററുള്ളവക്കെല്ലാം പഞ്ചതത്വം തന്നെ.

15 കാള്യാം ന്തു പഞ്ചദുർഗ്ഗാവാഹോമേസ്യുഃ
പഞ്ചവാ കലാഃ
ഹൃല്ലേഖാദ്യാസ്തു വോമായാമേക ഹോമാസ്തുമാതരഃ

16 നതുകാള്യാം സമിദ്ധോമോ ദുഗ്ദ്ധാദീനാം ഹുതം പുനഃ
സ്വഗായ ത്രൈ്യവ കാര്യ്യം സ്യാജ്ജ്യേ
ഷ്ഠാദിഷ്വേവമേവ വാ.

ഭദ്രകാളിയ്ക്കു് പ്രായശ്ചിത്തഹോമം പ്രാസാദത്തിൻെറ നാലു ദിക്കുകളിലും വെവ്വേറെ ആയിട്ടും ആകാം. പഞ്ചതത്വസ്ഥാനത്തു് പഞ്ചദുർഗ്ഗയായിട്ടോ അഥവാ 'നിവൃത്യാ'ദി പഞ്ചകലകളായിട്ടോ ആകാം. ശ്രീപാർവ്വതിയ്ക്കു് പഞ്ചതത്വസ്ഥാനത്തു് 'ഹൃല്ലേഖാ'ദി പഞ്ചമൂർത്തികളായിട്ടുമാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കാം. മാതൃക്കറംക്കു് ഒമ്പതു കുണ്ഡങ്ങറം ഉള്ളേടത്തു് നടുവിൽ വീരഭദ്രന്റെ അഗ്നിജനനം ചെയ്തു് മററുള്ളവയിലേയ്ക്കു് വിഹരിച്ചു് യഥോക്തം ഹോമം ചെയ്യുക. ഭദ്രകാളിയ്ക്കു് വ്യാഹൃതികൊണ്ടുള്ള 112 ചമത ഇല്ലാതേയും ആകാം; പാൽ തുടങ്ങിയവ നാലിനും തന്റെ ഗായത്രിയായിട്ടും ആകാം. ജ്യേഷ്ഠാഭഗവതി മുതലായവക്കും ഇപ്രകാരംതന്നെ യാകാം.

17 തതഃസ്വിഷ്ടകൃദാദീനി കൃത്വാഹോമം സമാപയേൽ
തന്മന്ത്രൈഃ കലശൈശ്ചൈവമഭിഷിച്യാഥ പൂജയേൽ.

സ്വിഷ്ടകൃദാദിഹോമം മുടിച്ചു് അഗ്നിയേ സംപാതത്തിലുദ്വസിച്ചു് നിവേദിച്ച ഹോമമന്ത്രങ്ങറം തൊട്ടുജപിച്ചു് അകത്തുചെന്നു് പൂജിച്ചു് സ്നാനകാലത്തു് ഹോമകലശംകൊണ്ടു് അഭിഷേകം ചെയ്തു് വസ്ത്രാദി പൂജ മുഴമിയ്ക്കുക.

18 ഗേഹദക്ഷിണദിശി പ്രകല്പിതേ സൂൎയ്യ
വൈശ്രവണവാഗുമാദിഷു
പൂൎണ്ണകാൎമ്മുക സമാകൃതൌ ഗുരുഃ
കുണ്ഡഏകഹുതമാദധീതവാ

സൂൎയ്യൻ, വൈശ്രവണൻ, സരസ്വതി, ശ്രീപാർവ്വതി മുതലായവക്കു് പ്രാസാദത്തിന്റെ തെക്കുഭാഗത്തു് അദ്ധചന്ദ്രാകാരമായിരിയ്ക്കുന്ന കുണ്ഡത്തിങ്കൽ പ്രോക്തഹോമം, പ്രായശ്ചിത്ത ഹോമത്തിനു മുമ്പു്, ചെയ്യണം.

19 തത്രാഗ്നിം ജനയിത്വാഥകലശം ദക്ഷിണേ f ച്ചയേൽ
പരിധാനാദി സകലം പൂൎണ്ണാഹുത്യന്തമാചരേൽ

അഗ്നിജനനം ചെയ്തു് തെക്കു് കലശം പൂജിച്ചു് പരിദ്ധ്യാദിമൂലാഷ്ടാജ്യാഹുതി കഴിവോളം എല്ലാം ചെയ്യുക.

20 ഉദുംബരമയൂരജാ ഘൃതഹവിഃ സഹസ്രംശതം
തിലാവസുയുതം സസഷ്പസമുദ്ഗശാലീയവാഃ
സഹസ്രമപി മൂലതോ ഗുണമിതാശ്ച ദൂർവ്വാങ്കുരാഃ
ശതം ചദധി മാക്ഷികം ഘൃതമപീഹ
ഹോമ്യാഃ ക്രമാൽ.

അനന്തരം അത്തിച്ചമത, കടലാടിച്ചമത, നെയ്യു്, ഹവിസ്സു് ഇവ ആയിരത്തെട്ടുവീതവും, എള്ളു്, കടുകു്,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചെറുപയറ്, നവരനെല്ല്, യവം ഇവ 108 വീതവും നെയ്യിൽ മുക്കിയ കറുക ആയിരത്തെട്ടുരുവും, പിന്നെ തൈര്, തേൻ, നെയ്യ് ഇവ നൂറെറട്ടുരുവീതവും മൂലംകൊണ്ട് ഹോമിക്കുക.

21 ഹോമാന്തേ കലശേനാഭിഷിച്യ ദേവം പ്രപൂജയേൽ
അത്ഭുതേഷ്വീശകോണേ ƒ ഗ്നിം
ജനയിത്വാ ഹുതംചരേൽ

ഹോമാന്തത്തിങ്കൽ കലശംകൊണ്ട ദേവനെ അഭിഷേകം ചെയ്ത പൂജിക്കുക. അത്ഭുതങ്ങളിൽ ഈശകോണിൽ അഗ്നിജനനം ചെയ്ത് ഹോമം ചെയ്യണം.

22 സപ്പിഃ സ്വോപനിഷദ്ദ്വിഷഡ്വസുജിനാണ്ണാ
ഞ്ചാപചാരൈരന്ന്യസൂ
ക്തോത്ഥാഭിജ്ജിനവാരമുശിരപിഹുത്വാ
ജ്യാന്തരാളേഷ്വതൈഃ
കൃഷ്ണേ മാർഗ്ഗഭവാമൃതാഃ സഹസഹൈന്ദ്രീ
ഭദ്രികാഃ സാഞ്ജലീ
ദ്ദൂർവ്വാ സഷ്പശാലികാ ന്യവതിലാന്ന
ഞ്ചോക്തങ്ഖ്യം ഹുനേൽ

ശ്രീകൃഷ്ണന്റ പഞ്ചതത്വം, ദ്വാദശാക്ഷരം, അഷ്ടാക്ഷരം, ഗായത്രി, ഉപചാരം, പുരുഷസൂക്തം പതിനാറ് ശ്ലോകം ഇങ്ങിനെ ഇരുപത്തഞ്ചു മന്ത്രങ്ങളേക്കൊണ്ട് ഇരുപത്തിനാലുരുവീതം അന്നൂറ് ആജ്യാഹുതികൾ ഇടയിലും ഒടുവിലും പൂർണ്ണാഹുതിയോടുകൂടിച്ചെയ്ത നെയ്യ തുടങ്ങി നെയ്യവസാനിക്കുമാറും ഇടയിലും നെയ്യ വരുമാറും ഇരുപത്തഞ്ചു ദ്രവ്യങ്ങൾ ഇരുപത്തിനാലുരുവീതം മേൽ പറഞ്ഞ ഓരോ മന്ത്രം ഓരോ ദ്രവ്യത്തിന്നായി ഹോമിക്കുക. 1,3,5 എന്നിങ്ങനെ ഒററപ്പെട്ട സംഖ്യ നെയ്യും എരട്ടപ്പെട്ടവ യഥാക്രമം കടലാടിച്ചമത ചിററമൃത്, പൂവ്വാംകുരുന്നില, ഉഴിഞ്ഞ് ചെറൂള്ള, മുക്കററി, കറുക, കടുക്, നവരനെല്ല്, യവം, എള്ള്, ഹവിസ്സ് എന്നിവയും ആകുന്നു. ദ്രവ്യം മാറുമ്പോഴും ഒടുവിലും പൂർണ്ണാഹുതിയും വേണം. പിന്നെ സ്വിഷ്ടകൃദാദി ഹോമം മുടിച്ച് യഥാവിധി കലശമാടിപ്പൂജിക്കുക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

23 മോദാദ്യാബ്രഹ്മണിഗ്രാഹ്യാ മൂലമഷ്ടാർണ്ണഗോചരേ
ലക്ഷ്മ്യാം കൃഷ്ണവദേവ സ്യാദഷ്ടാർണ്ണേതു സ്വമൂലകം.

ബ്രഹ്മാവിന് പഞ്ചതത്വസ്ഥാനത്ത് മോദാദിയും, അഷ്ടാക്ഷരസ്ഥാനത്ത് മൂലവുമാകുന്നു. ശ്രീഭഗവതിയ്ക്ക് എല്ലാം കൃഷ്ണങ്കലേപ്പോലെതന്നെ; അഷ്ടാക്ഷരസ്ഥാനത്ത് തന്റെ മൂലമാണെന്നുമാത്രം ഭേദം.

24 ഗായത്ര്യാ നിജയാപയോദ്രുസമി
ദാജ്യാന്നാനിദൂർവ്വാമധു
ക്ഷീരാജ്യസ്നപിതാവസൂത്തരശതം
ലാജാഃ സരാജീതിലാഃ
ഹോതവ്യായവശാലിസക്തു ഘൃത
യുക്താശ്രീദസൂർയ്യാദിഷു
ഗ്രാഹ്യാഃ സ്യുഃ സമിധഃ സ്വതോരണ
വിധാവുക്തക്രമാദേഷ്വച.

വൈശ്രവണൻ, സൂർയ്യൻ മുതലായവർക്ക് ഈശകോണിൽ അഗ്നിജനനാദി ഹോമസാമാന്യം ചെയ്താൽ അവരവരുടെ ഗായത്രികൊണ്ട് നാല്പാമരച്ചമത, നെയ്യ്, ഹവിസ്സ്, തേനും പാലും നെയ്യും കൂട്ടിയ ത്രിമധുരത്തിൽ മുക്കിയ കറുക, മലര്, കടുക്, എള്ള്, യവം, നവരനെല്ല്. സക്തു, നെയ്യ് ഇവ എല്ലാം നൂറെറട്ടുരുവീതം ഹോമിയ്ക്കുക. നാല്പാമരച്ചമത അവരവരുടെ തോരണക്രമമനുസരിച്ച് വേണം.

25 ഇയമേവ പഞ്ചദശഭിഃ സഹസ്രശീഷാ
ചഷോഡശഭിരാജ്യം
ഹുത്വാമൂലേനൈവതു കാള്യാം
ദ്രവ്യാണിനവജുഹുയാൽ
26 വടസമിദാജ്യഹവീംഷി ക്ഷീരാക്താ
വാത്രിമധുരാക്താവാ
ദൂർവ്വാഃ സലാജ രാജീയവതിലസർപ്പീംഷി ചാഷ്ടശതം.

ഭദ്രകാളിയിങ്കൽ ശാന്തിഹോമത്തിന് 'ഇയമേവാ'ദി പതിനഞ്ചും 'സഹസ്രശീർഷാ' ഇത്യാദി പതിനാറുംകൊണ്ട് ആജ്യാഹുതികഠം ചെയ്ത് മൂലംകൊണ്ട് പേരാൽച്ച

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മുത, നെയ്യ്, ഹവിസ്സ്, പാലിലോ ത്രിമധുരത്തിലൊ മുക്കിയ കറുക, മലര്, കടുക്, യവം, എള്ള്, നെയ്യ് ഇവ ഒമ്പതും നൂറെറട്ടുവീതം ഹോമിയ്ക്കുക.

27 ശിവമാവാഹ്യ പുംസാവാ ഹോമോ
മാതൃഷുകീർത്തിതഃ
വീരഭദ്രമുതാവാഹ്യ തദ്ഗായത്ര്യൈവ വാഭവേൽ.

28 ഹോമം സമാപ്യ സമ്പാതകലശേ നാഭിഷിച്യച.
ദേവം സമ്പൂജയേദേവം ശാന്തിഹോമോ ƒ പ്യദീരിതഃ

മാതൃക്കളിൽ ശാന്തിഹോമം ചെയ്യുവാൻ ഈശകോണിൽ ചതുരശ്രകുണ്ഡത്തിൽ ശിവൻേറയോ വീരഭദ്രൻേറയോ അഗ്നിജനനം ചെയ്ത് ഒമ്പതുകലശം പൂജിച്ച് ശിവനെയാണ് അഗ്നിയിങ്കൽ പൂജിയ്ക്കുന്നത് എങ്കിൽ തൽപുരുഷനേക്കൊണ്ടും, വീരഭദ്രനെയാണെങ്കിൽ വീരഭദ്രഗായത്രി കൊണ്ടും, 'ഗായത്ര്യാ നിജയാ' ഇത്യാദി 24-ാം ശ്ലോകത്തിൽ പറഞ്ഞിട്ടുള്ള പതിനാലുദ്രവ്യങ്ങളും നൂറെറട്ടുവീതം ഹോമിച്ച് സമ്പാതം എല്ലാ കലശങ്ങളിലും സ്പർശിച്ച ഹോമം മുടിച്ച് അതാതു കലശം അതാതു മാതൃക്കാംക്ക് ആടുക. (പ്രോക്തത്തിനും പ്രായശ്ചിത്തത്തിന്നും ഈ ന്യായംതന്നെയാകാം.)

29 ശപസ്പർശനാദിവിഷയേ ശാന്തിഹോമോ ഗുരുദിതഃ
യഃ സ ഏവാജകൃഷ്ണാദിഷപികായ്യോ വിപശ്ചിതാ,

ശപസ്പർശനാദി വിഷയത്തിങ്കൽ ശാന്തിഹോമം ഗുരുവിനാൽ പറയപ്പെട്ടതുതന്നെയാണ് ബ്രഹ്മാവ്, ശ്രീകൃഷ്ണൻ മുതലായവക്ക്. വിദ്വാനായിരിയ്ക്കുന്ന ആചാര്യൻ അതിനെ വേണ്ടുംവണ്ണം ചെയ്തുകൊള്ളുക.

30 ദേവാഗ്രേ പ്രജനയ്യ വഹ്നിമഥ തൽപാർശ്വേ ƒ
ഷ്ടപത്രേ ƒ ംബുജേ
പീഠാരാദ്ധ്യധിപുരഃസരേണ വിധിനാ
സമ്പൂജ്യകുംഭം ഗുരുഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തത്വാവാഹനനിഷ്ടമത്ര സുവിധായാ
വാഹ്യ മൂലാണുനാ
സാങ്ഗ്ഗീകൃത്യ യജേതതംഹുതവഹേ
കുയ്യാൽ പരിദ്ധ്യാദിച.

എല്ലാവക്കും തത്വഹോമത്തിന്നു് ദേവൻെറ മുമ്പിൽ അഗ്നിജനനം ചെയ്ത തെക്കഭാഗത്തു് അഷ്ടദളം പത്മമിട്ടു പീഠം വിരിച്ചു് ബ്രഹ്മകലശം നൂലുചുററി കമുത്തി പീഠ പൂജ തുടങ്ങി വലിയ കലശപൂജപോലെ നിറകഴിവോളം ചെയ്തു് ലിപിപ-ങ്കജം തുടങ്ങി തത്വാവാഹാന കഴിഞ്ഞാൽ മൂലംകൊണ്ടാവാഹിച്ചു് ലിപിതത്വാദിന്യസിച്ചു് സപരി വാരം പൂജിയ്ക്കുക. അഗ്നിയിങ്കൽ പരിധി തുടങ്ങി.

31 പൂജാമന്ത്രഹുതാന്തമത്ര സുവിധായാ
പീതിരീത്യൈ കശ
സ്ഥതൈ രാജ്യഹുതിം വിധായമനു
ബിംബേ f ന്തഃ സമായോജ്യച
സമ്പാതം പരികല്പ്യ വിശ്വവിലയം ഭൂയഃ
സിസൃക്ഷാത്മനാ
പൂവ്വം പ്രാപ്യബഹിഃ സ്വമൂല നനാഷ്ടാ f
ജ്യാഹുതിം ചാചരേൽ.

പൂജാമന്ത്രഹോമാന്തം ചെയ്തു് സംഹാരക്രമേണ എല്ലാ തത്വങ്ങളേക്കൊണ്ടും ഓരോ ഒരു ആജ്യാഹുതിയും പൂണ്ണാഹു തിയും ചെയ്തു് സമ്പാതം അകത്തു കൊണ്ടുചെന്നു് ദേവ ങ്കൽ പൂജിച്ചു് തത്വന്യാസാദി ചെയ്തു് അവസാനീയാംഘ്യ ത്തോളമായാൽ സമ്പാതം സ്പശിച്ചു് പൂണ്ണപുഷ്പാഞ്ജലി ചെയ്തു് എല്ലാം ദേവങ്കൽ ലയിച്ചുവെന്നു് സങ്കല്പിച്ചു് പി ന്നേയും പൂണ്ണപുഷ്പാഞ്ജലി ചെയ്തു് 'സൃഷ്ട്യത്മമനുജ്ഞാന്ദേ ഹി' എന്നു പ്രാത്ഥിച്ചു് നാഡീസന്ധാനം ചെയ്തു് പുറത്തു് വന്നു് മൂലംകൊണ്ടു് എട്ടുരു ആജ്യാഹുതി ചെയ്യുക.

32 സൃഷ്ടിക്രമാൽ സ്വാഖില തത്വമന്ത്രൈ
രാജ്യം യഥാശക്തിപൃഥഗ്ജ്ജുഹോത്തു
ഹുത്വാഥമൂലേന സമിദ ഘൃതാദ ദ്രവ്യാണി
ഹോമം സമാപയേച്ച.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അനന്തരം സൃഷ്ടിക്രമത്തിൽ എല്ലാ തത്വങ്ങളേക്കൊണ്ടും എട്ടെട്ടുരുവായോ ഉൽഘാതവൃത്തിയായോ ആജ്യാഹുതികറം ചെയ്തു് മൂലംകൊണ്ടു് ചതുർദ്രവ്യം ഹോമിച്ചു് സ്വിഷ്ടകൃദാദി ഹോമം മുടിയ്ക്കുക.

33 സമ്പാതം പ്രസമപ്പ്യ വഹ്നിഗത
ചൈതന്യം സമുദ്വാസ്യതൽ
കുംഭേതം പ്രതിജപ്യസാധിത സമ
ഗ്രാത്മോദയം ഭാവയേൽ.
പീഠേജ്യാദി വിധാനതഃ സ്നപിതയേൽ
സംശുദ്ധതത്വോന്മിഷൽ
സ്വാങ്ഗം തൽക്കലശേന ദേവമഥ
തദ്വിന്യാസപൂർവ്വം യജേൽ.

അഗ്നിയെ സമ്പാതത്തിലുദ്വസിച്ചു് സമ്പാതം കലശത്തിലാക്കി തത്വന്യാസാദി ചെയ്തു് പൂജിച്ചു് നിവേദ്യം നിവേദിച്ചു് പൂജ മുടിച്ചു് അകത്തുചെന്നു് പൂജതുടങ്ങി സ്നാനകാലത്തു് കലശത്തിങ്കൽവന്നു് പാണികൊട്ടിച്ചു് ദാനം ചെയ്തു നീരാജനമുഴിഞ്ഞു് പീഠശക്തിയെ ഉദ്വസിച്ചു് അർഘ്യം കൊടുത്തു് 'ഉത്തിഷ്ഠ' ചൊല്ലി എടുത്തുകൊടുത്തു് നീരാജനം മുമ്പായി ശാകുന സ്വസ്തിസൂക്തങ്ങറം ജപിച്ചു കൊണ്ടു് എഴുന്നെള്ളിച്ചു് ദ്വാരത്തിങ്കൽ ഉപചാരംകൊണ്ടു ഘ്യം കൊടുത്തു് ദ്വാസ്ഥന്മാക്കും അർഘ്യംകൊടുത്തു് മണിയടിച്ചു് വലത്തുകാൽ മുമ്പായി അകത്തു കടന്നു് ദേവനും അർഘ്യം കൊടുത്തു് നീരാജനമുഴിഞ്ഞു് വിധിപ്രകാരം കലശമാടി ന്യാസാദികളെല്ലാം ചെയ്തു് പായസം നിവേദിച്ചു് നീരാജനമുഴിഞ്ഞു് വസ്ത്രാദി പൂജിച്ചു് പൂജ മുഴമിയ്ക്കുക.

34 നവകുണ്ഡാനി ജനനീഷഡധിവാസോക്തവൽ പുരഃ
വിധായ തേഷുകത്ത്വന്യസ്തത്വഹോമോയഥോചിതം.

മാതൃക്കറംക്കു് തത്വഹോമത്തിന്നു് വീരഭദ്രകുണ്ഡത്തിൽ അഗ്നിജനനം ചെയ്തു് വിഹരിച്ചു് അവരവരുടെ തത്വങ്ങളേക്കൊണ്ടു് ഹോമം ചെയ്വൂ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

35 പ്രാഗുക്തകൢപ്ത്യാ കലശാന്യഥാർഹം
സമ്പൂൎയ്യസമ്പൂജ്യതതോ ƒ ഭിഷിച്യ
സമ്പൂജയേദ്ദേവ മവസ്രുതേന
സമ്പ്രോക്ഷ്യകുൎയ്യാൽ പരിഷദ്ബലിംച.

അനന്തരം മുൻപറഞ്ഞപ്രകാരം അവസ്ഥാനുസരണം ദ്രവ്യകലശം പൂജിച്ചധിവസിച്ച് അഭിഷേകം ചെയ്തു് പൂജിച്ച് അവസ്രാവപ്രോക്ഷണവും ശ്രീഭൂതബലിയും ചെയ്യുക.

36 ലേപാദിദാഹാദി വിശേഷദോഷേ
തന്നിഷ്കൃതിഃ സാധുവിചാൎയ്യകാൎയ്യം
ബിംബസ്യധാമ്നോ ƒ പിചജീൎണ്ണഭങ്ഗാദി
സംഭവേ നിഷ്ക്രമണം വദാമി

ലേപാദിപ്രായശ്ചിത്തം, ദാഹാദി പ്രായശ്ചിത്തം മുതലായ വിശേഷദോഷങ്ങളിൽ വേണ്ടുന്നവയെല്ലാം തന്ത്രസമുച്ചയം നോക്കി ചെയ്യേണ്ടതാകുന്നു. ബിംബം, പ്രാസാദം മുതലായവയുടെ ജീൎണ്ണത ഭംഗം മുതലായവ സംഭവിച്ചാൽ ചെയ്യേണ്ടതായ നിഷ്ക്രാമണക്രിയയെ ഇവിടെ പറയുന്നു.

37 മൂലാലയാദക്ഷിണ ഭാഗസംസ്ഥം തത്സം
മുഖം ബാലഗൃഹംസമാപ്യ
സമണ്ഡപം ശില്പിഭിരല്പബിംബം പ്രകല്പയേ
ല്ലൌഹിക മാങ്ഘ്രിപം വാ.

മൂലപ്രാസാദത്തിൻെറ ഇടത്തുഭാഗത്ത്, അതിൻെറ പ്രതിമുഖമായിട്ട് ഇളംകോവിലും മണ്ഡപവും, ലോഹംകൊണ്ടോ മരംകൊണ്ടോ ബാലബിംബവും പീഠവും ശില്പികളെക്കൊണ്ടു് യഥാലക്ഷണം ഉണ്ടാക്കിയ്ക്കണം.

38 സൎവ്വേഷുസപാദ്മധംവാ സ്യാൽ
കാൎയ്യാദിഷുരുഷജൈവ വാ
ലിങ്ഗാകാരം ത്വവാ കല്പ്യം
പീഠം വാപത്മശോഭിതം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എല്ലാവക്കും ബാലബിംബം തന്റെ തന്റെ ആയുധമായിട്ടോ, കാള്യാദികളിൽ ശൂലമായിട്ടോ, ലിംഗാകാരമായിട്ടോ, പത്മത്തോടുകൂടിയ പീഠം മാത്രമായിട്ടോ ഇങ്ങിനെ പലപ്രകാരത്തിലും ഉണ്ടാക്കാം.

39 അത്രാപ്യങ്കുരരോപണം പ്രഥമതഃ
കൃത്വാ ഗൃഹീത്വാനവം
ബിംബം വായ്വധിവാസ്യബാലനിലയം
സംശോദ്ധ്യതന്മണ്ഡപം
സംസ്കൃത്യോദകതോഽല്പബിംബ
മുപനീയസ്നാപയിത്വാ പുന
സ്തത്തൽ ബിംബഘലടൈഃ പ്രണീയ
ശയനീയേ ശായയേദ്ദേശികഃ

ഇവിടേയും ആദ്യം മുളയിട്ടു് പുതിയ ബിംബത്തെ ഗ്രഹിച്ചു് ശോധനയും ജലാധിവാസവും ചെയ്തു് ബാലാലയം ഗ്രഹിച്ചു് പ്രാസാദശുദ്ധിയും അവിടെയുണ്ടാക്കിയിട്ടുള്ള മണ്ഡപത്തിങ്കൽ മണ്ഡപസംസ്കാരവും ചെയ്തു് ജലാധിവാസത്തിങ്കൽനിന്നും ബിംബത്തെ കൊണ്ടുവന്നു ബിംബശുദ്ധീകലശം ആടി വിധിപ്രകാരം ശയ്യയിങ്കൽ കിടത്തുക.

40 തതസ്സൂത്രാകലനാദിമൂല പ്രാസാദ
ശുദ്ധിം വിധിവദ്വിധായ
പ്രക്ഷാളനാദ്യാശ്ച യഥാഹ്കാലം കർവ്വീത
മൂലപ്രതിമാ വിശുദ്ധീഃ

അനന്തരം മൂലപ്രാസാദത്തിങ്കൽ നൂലുമാല ചുററുക തുടങ്ങിയുള്ള പ്രാസാദശുദ്ധിയും ക്ഷാളനാദിബിംബശുദ്ധികളും യഥാകാലം യഥാവിധി ചെയ്യുക.

41 സംസ്നാപ്യദേവമഥ നിഷ്കൃതിതത്വഹോമ
സമ്പാതസിദ്ധകലശൈഃ കലശൈഃ പരൈശ്ച
പ്രാച്ച്യപ്രസാദ്യപരിഷത്സുബലിം വികീര്യ്യ
പ്രാർത്ഥ്യാരഭേത സുസമീഹിതകമ്മ സമ്യക്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പിന്നെ ദേവനേ പ്രായശ്ചിത്ത ഹോമകലശങ്ങളേക്കൊണ്ടും തത്വഹോമകലശംകൊണ്ടും ദ്രവ്യകലശങ്ങളേക്കൊണ്ടും അഭിഷേകം ചെയ്തു് പ്രസാദിപ്പിച്ചു് ശ്രീഭൂതബലിയും തൂകി പ്രാൎത്ഥിച്ചു് അനുജ്ഞ കഴിച്ചു് പിറേറ ദിവസം സംഹാരതത്വഹോമം തുടങ്ങുക.

42 മൂലാലയാഗ്രാഹിതമണ്ഡപസ്ഥേ കുണ്ഡേ
സമുല്ലാദ്യകൃപീടയോനിം
തല്പാൎശ്വദേശേ കലശം പ്രപൂജ്യകുൎയ്യാദ്ഗുരുഃ
സംഹൃതിതത്വഹോമം

43 സമ്പാതമസ്മിൻ പ്രസമൎപ്പ്യകുംഭേ
പൂജാമനുദ്രവ്യഹുതി പ്രസിദ്ധം
സൃഷ്ടിക്രമേണാഖില തത്വമന്ത്രൈഃ സകൃത്സകൃൽ
സൎപ്പിരഥോജ്ജുഹോതു

മൂലാലയത്തിലെ അഗ്രമണ്ഡപത്തിലുള്ള കുണ്ഡത്തിങ്കൽ അഗ്നിജനനം ചെയ്തു് അതിന്റെ തെക്കുഭാഗത്തു് കലശം പൂജിച്ചു് നിവേദ്യം നിവേദിച്ചു് പൂജമുടിച്ചു് അഗ്നിയിങ്കൽ പൂജാമന്ത്രഹോമാന്തം ചെയ്തു് മൂലംകൊണ്ടു് ചതുർദ്രവ്യം ഹോമിച്ചു് സമ്പാതം കലശത്തിങ്കലാക്കി, സൃഷ്ടിക്രമത്തിൽ എല്ലാ തത്വങ്ങളേക്കൊണ്ടും ഓരോ ഉരു ആജ്യാഹുതി ചെയ്തു് പൂൎണ്ണാഹുതിയും ചെയ്യുക.

44 ഗത്വാഗൎഭഗൃഹം സമീപ്സനിജപീഠേ
ദേവമാസ്ഥാപിതം
തത്വന്യാസപുരഃ സരം സകളിതം
കൃത്വാ സമഭ്യൎച്ച്യയേൽ
തത്സമ്പാതഘൃതം സമൎപ്പ്യപരിപൂൎണ്ണം
ഭാവയിത്വാപുനഃ
സംഹാരാനുമതിം വികീൎയ്യകസുമം
സമ്പ്രാൎത്ഥയേൽസാഞ്ജലിഃ

അനന്തരം സമ്പാതം ഗൎഭഗൃഹത്തിൽ കൊണ്ടുചെന്നു് ദേവങ്കൽ പീഠം പൂജിച്ചാവാഹിച്ചു് തത്വന്യാസാദികളേക്കൊണ്ടു് സകളീകരിച്ചു് പൂജിച്ചു് നിവേദിച്ചു് വൈശ്വഹോമം മുതലായതു ചെയ്തു് നിവേദ്യ വിസൎജ്ജനാദി അ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വസാനീയാഘ്യത്തോളം ചെയ്താൽ സമ്പാതം സ്പർശിച്ച് പരിപൂർണ്ണനായി സ്സങ്കല്പിച്ച് പിന്നേയും പൂർണ്ണപുഷ്പാഞ്ജലിചെയ്ത് സംഹാരാനുജ്ഞയെ പ്രാത്ഥിയ്ക്കുക.

45 നാഡീസന്ധാനകൃദ്വിദ്വാൻ മൂലേനാഷ്ടാഘ്യതാഹുതീഃ
കൃത്വാ ബല്യച്ചനാവൃത്യോഃ സംഹാ
രാജ്യാഹുതിം ചരേൽ.

പിന്നെ നാഡീസന്ധാനം ചെയ്ത് പുറത്തുവന്ന് മൂലം കൊണ്ട് എട്ടുരു ആജ്യാഹുതിയും പൂർണ്ണാഹുതിയും ചെയ്ത് ക്ഷേത്രപാലാദി ദ്വാസ്ഥാന്തവും നിർമ്മാല്യധാര്യാദിഗുവ്വന്തവും ഓരോ ഉരു ആജ്യാഹുതിയും പൂർണ്ണാഹുതിയും ചെയ്യുക.

46 പുരഃ കോപതത്വേന തദ്വത്യശേഷേതതഃ
ക്ഷ്മാദികാവ്യക്തപര്യന്തതത്വൈഃ
കൃശാനാദിഹൃൽ പുണ്ഡരീകാവസാനൈർ
വിശേഷാനപിതൈഃ സൈപർഹുനേച്ചേഷു തത്വൈഃ

പിന്നെ കോപതത്വമുള്ളേടത്ത് ആദ്യം കോപതത്വം കൊണ്ടും പിന്നെ പൃഥി വ്യാദിപ്രാണതത്വാന്തവും, വഹ്നി മണ്ഡലാദിഹൃൽ പുണ്ഡരീകാന്തവും, അവരവരുടെ വിശേഷപഞ്ചതത്വവുംകൊണ്ടും ആജ്യാഹുതികൾ ചെയ്യുക.

47 ജുഹോതു യക്ഷാദിഷു പഞ്ചതത്വൈരുൽഘാത
വൃത്യൈകശ ഏവവാന്യൈഃ
സർവ്വേഷു വൈതൈന്നിജ പഞ്ചതത്വൈ
രേവാചരേൽ തത്വഹുതം വിപശ്ചിൽ

വൈശ്രവണാദികൾക്ക് പഞ്ചതത്വങ്ങൾ കൊണ്ട് ഉൽഘാതവൃത്തിയായിട്ടുവേണം. മററുള്ളവകൊണ്ടു ഓരോ ഉരു ആയാലും മതി. എല്ലാ ദേവന്മാക്കും പഞ്ചതത്വങ്ങൾ കൊണ്ടുതന്നെ ആയിട്ടും ആകാം.

48 സൂത്രച്ഛിദാകർമ്മണിഹുംഫഡന്താന്യക്താ
നി തത്വാനിനചാപരത്ര
തഥൈവനിഷ്ക്രാമണകർമ്മ വജ്ജം
വിശേഷവത്വം നചപഞ്ചസൂക്തം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സൂത്രച്ഛേദത്തിങ്കൽ എല്ലാവക്കും തത്വങ്ങൾ ഹോമാന്തമായിട്ടുവേണം; നിഷ്ക്രാമമില്ലാത്തിടത്തു് വിശേഷപഞ്ചതത്വം വേണ്ട.

49 സർവ്വത്രാപ്യന്ത്യതത്വേന പൂർവ്വസംഖ്യം
ഹുനേൽ ഘൃതം
പൂർണ്ണാഹുതിസ്തു സർവ്വത്ര പ്രതിതത്വ
മിഹേഷ്യതേ

എല്ലായിടത്തും ഒടുവിലെ തത്വംകൊണ്ടു് മററു തത്വങ്ങളേപ്പോലെ അത്ര സംഖ്യ ആജ്യാഹുതി ചെയ്യുക ഇവിടെ ഓരോ തത്വം കഴിഞ്ഞാൽ പൂർണ്ണാഹുതിവേണം.

50 കനിക്രദത്സ്വസ്തിസമുക്തമന്ത്രൈഃ
സകൃത്സകൃന്നിഷ്ക്രമണേ ജുഹോതു.
സൂത്രച്ഛിദായാം തുചതുർഗൃഹീതം
വാസ്തോഷ്പതേ പ്രത്യൃഗണദ്വയേന.

നിഷ്ക്രാമണം ഉള്ളേടത്തു് ശാകുനസ്വസ്തിസൂക്തങ്ങളേക്കൊണ്ടു് ആജ്യാഹുതികൾ ചെയ്തു് പൂർണ്ണാഹുതിയും ചെയ്തു് തത്സമ്പാതം വേറെ വെച്ചു്, സൂത്രച്ഛേദമുള്ളേടത്തു് 'വാസ്തോഷ്പതേ പ്രതിജാനീഹി' എന്നും 'വാസ്തോഷ്പതേശഗ്മയാ' എന്നുമുള്ള രണ്ടു ഋക്കുകൾകൊണ്ടു് ജുഹുവിൽ ചതുർഗൃഹീതം ചെയ്തു നിറച്ചു് ഒരു കയ്യുകൊണ്ടു് മാത്രമായി പൂർണ്ണാഹുതി ചെയ്യുക. ഈ സമ്പാതവും വേറെ എടുത്തു വെയ്ക്കണം സ്രുവം വേണ്ട.

51 ഗത്വാഗർഭഗൃഹം വിധായ പരമാന്ന
പ്രീണനാദ്യം വിഭോ-
സ്തദ്ധോമം സുസമാപ്യതത്വകലശേ
സമ്പാതപാതാദികം
കൃത്വാസ്വസ്തിക വിഷ്ടരേ ƒന്ത രുപനീയാ
സ്ഥാപയേ ദഗ്രതോ
യാത്രാദ്യാഹുതി സാധിതാജ്യ യുഗളം
ചാസ്ഥാപ്യ രക്ഷേൽകചചിൽ.

പിന്നെ അകത്തു ചെന്നു് ചുരുക്കത്തിൽ പൂജിച്ചു് അതിമധുരമായിരിയ്ക്കുന്ന പായസംനിവേദിച്ചു് പുറത്തുവന്നു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പായസംകൊണ്ടുതന്നെ വൈശ്വഹോമം ചെയ്തു് മൂലംകൊണ്ടു് ബലിക്കല്ലിൻെറ താഴത്തു് ഇലവെച്ചു് തൂകി കാലുകഴുകി അകത്തുചെന്നു് നിവേദ്യ വിസർഗ്ഗാദി പൂജ മുടിച്ചു് അവിടെ ഒരു പത്മമിട്ടു പീഠം പൂജിച്ചു് പുറത്തുവന്നു് ഹോമം മുടിച്ചു് സമ്പാതം തത്വകലശത്തിങ്കലാക്കി പൂജിച്ചു് ത്രിമധുരം നിവേദിച്ചു് പൂജമുടിച്ചു് പാണി കൊട്ടിച്ചു് കലശന്യായേന അകത്തെഴുന്നെള്ളിച്ചു് പീഠം പൂജിച്ചിടത്തുവെച്ചു്, യാത്രാവാസ്തുസമ്പാതങ്ങൾ സൂക്ഷിച്ചുവെച്ചു് കൊള്ളുക.

52 നിർഗ്ഗത്യവിപ്രാനവിദൂഷഃ സമൂഹ്യപ്രസാദ്യ
ഹേമാദീസമർപ്പണേ ന
ദേവം ചതത്തന്മനനാ പ്രണമ്യ കൃതാഞ്ജലിഃ
കർമ്മനിവേദയേത.

പുറത്തുവന്നു് നാലു ബ്രാഹ്മണരെ ഇരുത്തി അവക്കു സ്വർണ്ണാദികളെ ദാനം ചെയ്തു സന്തോഷിപ്പിച്ചു് അവരേയും ദേവനേയും പ്രദക്ഷിണംവെച്ചു് മൂലംകൊണ്ടു് നമസ്കരിച്ചു് തൊഴുതു് പ്രാർത്ഥിയ്ക്കുക.

53 'പൂജാബിംബമിദം ധാതുഃ സ്ഥാപിതം
പൂർവ്വസൂരിഭിഃ
അനേന ദൂഷണേനാദ്യ ദൂഷിതം ചേഹവർത്തതേ.'

54 'ദുഷ്ടബിംബസ്യ ചോദ്ധാരഃ കർത്തവ്യ ഇതിശാസനം
ആഗമസ്യ വയം കർത്തും വ്യവയായമുപാസ്മഹേ'

55 'അത്രേദം യദികർത്തവ്യമാഗമാത്ഥതയാ ഭവേൽ
ഭവന്തോനോ f ന ജാനന്തുഭവേമാജ്ഞാകരാവയം'

ഈ മൂന്നും പ്രാർത്ഥനാമന്ത്രങ്ങളാകുന്നു.

56 പൂജാബിംബമിദം ഭവനോരിത്യാദ്യൂഹ്യം പരേഷ്വിഹ
ക്രിയതാമിതി തൈരുക്തേ ലോകേഭ്യഃ പ്രവദേദിദം

പ്രാർത്ഥനാമന്ത്രങ്ങളിൽ 'പൂജാബിംബമിദം ഭവനോഃ' ഇത്യാദി ഭേദങ്ങൾ മററുള്ളവരിലും ഊഹിച്ചുകൊള്ളണം. ആ ബ്രാഹ്മണർ 'ക്രിയതാം' എന്നു ചൊല്ലിയാൽ പിന്നെ എല്ലാവരോടുമായിട്ടു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

57 'യദ്ദൈവ ദേവപൂജായാം വിനിയുക്തമനിന്ദിതം
ദ്രവ്യം പുഷ്പാദികം പശ്ചാന്നിർമ്മാല്യമിതി നിന്ദ്യതേ'
58 'ഏവം ബിംബമദുഷ്ടം യൽ
പൂജായാം വിനിയുജ്യതേ
തദേവ ദൂഷിതം പശ്ചാന്നിർമ്മാല്യമിതി നിന്ദ്യതേ'
59 'തസ്മാദ്ദുഷ്ടമിദം ബിംബം ഭവത്ഭി
ർമ്മുക്തസംശയൈഃ
നിർമ്മാല്യബുദ്ധ്യാ ത്യക്തവ്യമിതി
ശാസ്ത്രസ്യശാസനം.
60 'കിയന്തം കാലമത്രേശഃ പ്രവാസവസതിം വസേൽ
മാസാദൂർദ്ധ്വം ദ്വാദശാബ്ദാദർവ്വാ
ക്കാലാവധിഃ സ്മൃതഃ'
61 'നാർവ്വാഗൂർദ്ധ്വം ക്ലേശവാസം പരമേഷ്ഠ്യനുമന്യതേ
ശൃണ്വന്തുദേവതാഃ സർവ്വാഃ പ്രാസാദ
മിമമാശ്രിതാഃ
യദുച്യമാനമസ്മാഭിരനുഗൃഹ്ണന്തുതേന നഃ'
62 'പൂർവ്വൈഃ പൂർവ്വം കൃതമിദം ദേവാലയമസാരവൽ
പ്രാപ്തം കാലവശാദ്ഭൂയോ വയം തൽ
കർത്തുമുദ്യതാഃ'
63 'കാലേനൈതാവതാ ഭൂയഃ പ്രാസാദേ
സ്മിൻ പുനർന്നവേ
പ്രാപയാമോ വയം സത്യം തദനുജ്ഞാതുമർഹഥ'
64 'ഭഗവൻ വാസ്ത്വഭിനവം ബിംബം വാതവ ശോഭനം
കാരയിഷ്യന്തിതേ ഭക്താസ്തദനുജ്ഞാതുമർഹസി'
65 'ക്ലേശവാസ സ്ത്വയാദേവ! രോചനീയോ
ല്പകേ ഗൃഹേ
യാവന്നവം ശുഭം കൃത്വാ പുനഃ സംസ്ഥാപയാമഹേ'
66 'ജീർണ്ണം ബിംബമിദം ദേവ! സർവ്വ
ദോഷാവഹം നൃണാം
അസ്യോദ്ധാരേകൃതേ ശാന്തിരിത്യേവം
ഭാഷിതം ത്വയാ
67 'ത്വയാധിഷ്ഠിതം ദേവ! ഉദ്ധരാമിത്വദാജ്ഞയാ
തദുപക്രാന്തമസ്മാഭിസ്ത്വ ദനുജ്ഞാതുമർഹസി'

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

57 മുതൽ 67 കൂടിയുള്ള ശ്ലോകങ്ങരം പ്രാത്ഥനാ ശ്ലോകങ്ങളാകുന്നു.

68 ദേവം സമിഷ്ട സരസീരുഹമാത്രപീഠേ
സങ്കല്പ്യ തന്നിഹിതമപ്യയ തത്വതാരൈ;
ഉദ്വാപ്യ തത്വകലശേന തതോഽഭിഷിച്യോ-
ദ്വാപ്യപ്രകല്പയതു കേവലചിന്മയം തം.

അനന്തരം കാലുകഴകി അകത്തുചെന്നു് പ്രാണായാമവും വ്യാപകാംഗവും ചെയ്തു് പത്മമാത്രം പീഠം പൂജിച്ചു് ആവാഹിച്ചു് തത്വംകൊണ്ടും പ്രണവംകൊണ്ടും ബിംബത്തിങ്കലും കലശത്തിങ്കലും മുമ്മൂന്നുരു ഉദ്വാപകം ചെയ്തു്. മൂന്നുരു ചൊല്ലി കലശം ആടി പിന്നേയും മൂന്നുരു ഉദ്വാപകം ചെയ്യുക.

69 പ്രതിധ്യാനക്രമസ്ത്വത്ര ഗുരുഭിഃ സമുദീരിതഃ
ഗുരുണാഽംബാസുകൃൽസന്നം സ്യാദ്ധ്യേയം
ബിംബാദിമൂത്തിപൈഃ

ധ്യാനസങ്കോചത്തിന്റെ ക്രിയ ഗുരുവിനാൽ പറയപ്പെട്ടപ്രകാരം ചെയ്യുക. മാതൃക്കളിൽ ധ്യാനസങ്കോചം പീഠംവരേയുള്ളതു് എല്ലാം ആചാര്യൻ തന്നേയും, പീഠം തുടങ്ങിയുള്ളതു് അവരവരുടെ ക്രിയ ചെയ്യുന്നവരും ആണു് വേണ്ടതു്.

70 കൃത്വാഽഗ്രതഃ പീഠമമുത്രലൌഹം സംസ്കൃത്യ
കുംഭം വിധിവൽ പ്രപൂര്യ
മൂത്തിദ്വയാവാഹന നിഷ്ഠമത്ര കൃത്വാഽഥ
നിഷ്ക്രാമണമാരഭേത.

ദേവന്റെ മുമ്പിൽ ഒരു സ്വസ്തകപത്മമിട്ടു് നെല്ലുകൊണ്ടു പീഠം വിരിച്ചു് ലോഹമയമായ കലശം നൂലുചുററിക്കമുത്തിമൂത്തി, വിദ്യാമൂത്തി ആവാഹന കഴിവോളം ചെയ്തു് നിഷ്ക്രമണത്തെ ചെയ്യുക.

71 സമ്പ്രാത്ഥ്യദേവം മനുബിംബകേതത്സമ്പാത
യുഗ്മം പ്രസമപ്പ്യഭ്രയഃ
സ്ഥൂലം ച സൂക്ഷ്മംച പരം ചരൂപമാവാഹയേ
ദ്യുൽക്രമതശ്ചബിംബാൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പൂർണ്ണപുഷ്പാഞ്ജലിചെയ്തു പ്രാർത്ഥിച്ച് സമ്പാതങ്ങൾ രണ്ടും സ്പർശിച്ച് നീരാജനമുഴിഞ്ഞ് സ്ഥൂല, സൂക്ഷ്മ, പരങ്ങളേ ഉൽക്രമമായിട്ട് ബിംബത്തിങ്കൽനിന്നും ആവാഹിച്ച് കലശത്തിങ്കൽ യോജിപ്പിയ്ക്കുക.

72 സർവ്വത്ര ഗായത്ര്യണുമൂലതാരൈർവ്വൈ തൈജ്ജി
നാർണ്ണാംശകൃതോപചാരൈഃ
പൃഥക് സ്വമൂലന്യസനാദി കൃത്വാ ƒ ഥാ
വാഹയേജ്ജീവമതോ ദരേണ

എല്ലാവരിലും ഗായത്രിയും, മൂലവും, പ്രണവവുമാകുന്ന മന്ത്രം. ഗായത്രീസ്ഥാനത്ത് ഉപചാരമായിട്ടുമാകാം. ഓരോ ആവാഹനയും മൂന്നു പ്രാവശ്യം കഴിഞ്ഞാൽ വ്യാപകാംഗാദി പൂജിച്ച് അർഘ്യപുഷ്പാഞ്ജലിയും വേണം. പിന്നെ ശംഖു കൊണ്ടു് ജീവോദപാസനചെയ്യുക.

73 പ്രണവാദ്യന്തരുദ്ധൈസ്സു ബിന്ദുനാദാ
ന്ത ദീപിതൈഃ
പഞ്ചമന്ത്രൈരജാക്ക്ാദിഷ്വാവാഹന വിധിംനയേൽ

പ്രണവോപചാരമൂലം മുമ്മൂന്നുരു. സംഹാരതത്വം പഞ്ചതത്വത്തോളം ഒരുരു മൂലപുടിത ക്ഷേത്രജ്ഞതത്വം മൂലപുടിത വിശേഷപഞ്ചതത്വം സൃഷ്ടി, സംഹാരക്രമങ്ങളിലും, 'ബ്രഹ്മണഃ പ്രാണോപാനേ' ത്യാദി 'സ്വാഹാ' ന്തം, മൂലം, ബ്രഹ്മണഃ ജീവമാവാഹയാമി സംസോഹ്രീം ഹംസഃ', ജീവതത്വം, 'ജീവതത്വസ്യ പ്രാണാപാനേ' ത്യാദി 'സ്വാഹാ'ന്തം, 'ജീവതത്വസ്യ ജീവ' മിത്യാദി' ഹംസഃ ഹ്രീം ഓം' ഇങ്ങിനെ ത്രിസ്ഥാനത്തും മന്ത്രം ഭവിയ്ക്കും. ശേഷമുള്ളവക്കു ഇപ്രകാരം ഊഹിച്ചറിഞ്ഞു കൊള്ളണം. ശ്രീകൃഷ്ണനും, ശ്രീഭഗവതിയ്ക്കും വിഷ്ണുവിനേപ്പോലെ കോപതത്വം വേണം.

74 പ്രാണാണുവിന്യാസ വിവർജ്ജമത്ര കൃത്വാഹ്യ ദാ
മന്ത്രമഹോ ƒ ഭിവാഹ്യ
സാങ്ഗീക്രിയാദ്യം പ്രവിധായ കിഞ്ചിദിഷ്ട്വാ
നിവേദ്യപ്രധിനോത്തുദേവം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പിന്നെ പഞ്ചതത്വം മൂന്നരു ചൊല്ലി കലശത്തിൽ മൂന്നു പ്രാവശ്യമായിട്ടു വീഴ്ത്തി പ്രണവവ്യാപകാദി പ്രാണന്യാസം കൂടാതെ എല്ലാം ചെയ്തു തങ്കൽനിന്നും ആവാഹിച്ച് മുറയ്ക്കു പൂജിയ്ക്കുക.

75 സുവാസസാ ƒƒ ച്ഛാദ്യസദർഭാമ്നാ സമപ്പ്യ
യാത്രാഹൃതിജാജ്യശേഷം
ഉത്ഥാപ്യചോത്തിഷ്ഠ മനുപ്രജാപതീ സോഷ്ണീഷ
മൂദ്ധോദ്ധൃത ജീവകുംഭഃ

അനന്തരം കോടിവസ്ത്രംകൊണ്ട് മൂടി കൂച്ചംവെച്ച് കെട്ടി സമ്പാതശേഷം സമപ്പിച്ച് നീരാജനമുഴിഞ്ഞു് അഘ്യം കൊടുത്തു് ഉഷ്ണീഷം കെട്ടി 'ഉത്തിഷ്ഠ' ചൊല്ലി സാവധാനത്തിൽ എടുത്തു് തലയിൽ വെയ്ക്കുക.

76 നിഗ്ഗത്യപശ്യേത്യച ശാകുനാദ്യൈഃ
പ്രാസാദമേതല്ലഘുമണ്ഡപംച
അന്തഃയ്യഥാവിദ്ധ്യുപനീയ ശയ്യാമാരോപ്യ
മൂലേന സമച്ച്യരക്ഷേൽ

പിന്നെ പുറത്തുകടന്നു് അർഘ്യഹസ്തനായി ശാകുനസ്വസ്തിസൂക്തങ്ങൾ ജപിച്ച് പ്രാസാദവും മണ്ഡപവും പ്രദക്ഷിണം വെച്ച് ദ്വാരത്തിങ്കൽ ഉപചാരംകൊണ്ടഘ്യം വീത്തി മൂലം ചൊല്ലി തലയിൽനിന്നും ഇറക്കി അകത്തു കൊണ്ടുപോയി ശയ്യയിങ്കൽവെച്ച് മൂലംകൊണ്ടച്ച്ിച്ച് രക്ഷിയ്ക്കുക.

77 ബിംബോദ്ധാര വിധൌസശാന്തി കലശം
കൃത്വാ ƒ ഗ്നതഃ പാവകം
സാവിത്ര്യാ ƒ ഷ്ട സഹസ്രമത്ര ജുഹുയാദ്ദൂർവ്വാ
സ്രുഗിമധ്വാപ്ലുതാഃ
ഭ്രൂരാദ്യൈരപിവാ പയോദ്രുസമിധഃ
സമ്പാതമേതദ്ഘടേ
സിക്ത്വാപഞ്ചഭിരഷ്ടശശ്ച ജുഹുയാത്ത
ത്വൈഃ സസമ്പാതകം.

ബിംബോദ്ധാരമുള്ളേടത്തു് ദൂർവ്വാശാന്തിഹോമത്തിനു് കീറിത്തിയ്യിട്ട് ആജ്യസംസ്കാരാന്തം ചെയ്ത് തെക്കഭാഗ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തു് 'ശന്നോദേവി' കൊണ്ടു് ഒരുകലശം പൂജിച്ചു് അഗ്നിയിങ്കൽ പൂജിച്ചു് മൂലാഷ്ടാജ്യാഹുത്യന്തം ചെയ്തു് സവിതൃ ഗായത്രികൊണ്ടു് ആയിരത്തെട്ടു് കറുക ത്രിമധുരത്തിൽ മുക്കി ഹോമിച്ചു് വ്യാഹൃതികൊണ്ടു് വികല്പേന നാല്പാമരച്ചമതയും ഹോമിച്ചു്, പഞ്ചതത്വംകൊണ്ടു് സംഹാരക്രമത്തിൽ എട്ടെട്ടുരു ആജ്യാഹുതികളും ചെയ്തു് സമ്പാതം വേറെ വെച്ചു് കോരിവാത്തു്ഗണ്ഡൂഷാദി പൂജയും ഹോമവും മുടിച്ചു് ആദ്യത്തെ സമ്പാതം കലശത്തിലാക്കി മറേറതു് സൂക്ഷിച്ചുവെയ്ക്കുക.

78 അനേനസ്നപയേൽ ബിംബം പ്രാക്
പായസനിവേദനാൽ
ജീവോദ്വാസനതഃ പശ്ചാദപി വാ ƒ ഥോ
ദ്ധൃതിം ചരേൽ

ഈ ശാന്തികലശംകൊണ്ടു് മുമ്പു് പായസം നിവേദിയ്ക്കുവാൻ പൂജിച്ച പൂജയുടെ സ്നാനകാലത്തോ അഥവാ ജീവകലശം ശയ്യയിൽവെച്ചതിനുശേഷമോ ആടി ബിംബോദ്ധാരം ചെയ്യുക.

79 പ്രണാമ: ശാന്തിവാദോ ƒ ഥ പുണ്യാഹം
കൌതുകം പുനഃ
വാസനോദ്വാസനം ബിംബോദ്ധാരണം
പീഠശായനം

80 പുനരുദ്വാസനം യാമ്യേശായനം വാമപയ്യയഃ
പുനശ്ചോദ്വാസനം തീർത്ഥേ നയനം പ്രതിപാദനം

81 സ്നാനം തപ്പണമിത്യേഷ ബിംബത്യാഗവിധൌക്രമഃ
ത്യക്തവാതദീയപീഠാനിനിയുജ്ജീതചശില്പിനഃ

നമസ്കാരം, ശാന്തിവാദം, പുണ്യാഹം, കൌതുകം, വാസനോദ്വാസനം ബിംബോദ്ധാരം പീഠത്തിന്മേൽ കിടത്തൽ,, വീണ്ടും വാസനോദ്വാസനം, തെക്കുഭാഗത്തു കിടത്തൽ, ഇടത്തുവെയ്ക്കൽ, പിന്നേയും ഉദ്വാസനം, തീത്ഥത്തിങ്കലേയ്ക്കു കൊണ്ടുപോകൽ, നിമ്മാല്യധാരിയ്ക്കു സമപ്പിയ്ക്കൽ, കളി, തപ്പണം എന്നിങ്ങനെ ബിംബത്യാഗത്തിൻെറ സംക്ഷേപം. അനന്തരം അതിൻെറ പീഠാദിക

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ളേയും കളഞ്ഞു് ശില്പികളെ അകത്തുകടത്തി വേണ്ട പണി കരംക്ക നിയോഗിയ്ക്കുക.

82 അഥാധിവാസ്യോക്തവദല്പബിംബം
ഹുത്വാതഥാഭ്യച്ച്യസജീവകുംഭം
സമണ്ഡലം തൽപരിതോബലിഞ്ചകൃത്വാ
പ്രസന്നാപചിതിം ച കുര്യ്യാൽ

പിന്നെ മുൻപറഞ്ഞതുപോലെ അല്പബിംബത്തേയും ജീവകലശത്തേയും അധിവസിച്ച് അധിവാസഹോമം ചെയ്തു് കലശത്തോട്ടുകൂടി പൂജിച്ച് മണ്ഡലപൂജയും ചെയ്തു് കാൽകഴുകിച്ച് ഊട്ടി പ്രസന്നപൂജയും ചെയ്യുക

83 അഥാല്പഗേഹേസുവിശോധിതേ *f* ല്പ പീഠം
ച സംശോദ്ധ്യതഥാ *f* ധിവാസ്യ
സംരക്ഷ്യഗത്വാ *f* ഭിഘടം നിഷദ്യതദ്രാത്രി
ശേഷം ഗമയേ ദ്വിനിദ്രഃ

അനന്തരം ബാലാലയപ്രാസാദശുദ്ധിയും പീഠാധിവാസവും ചെയ്തു രക്ഷിച്ച് മണ്ഡപത്തിൽ വന്നു് ദേവൻെറ മുമ്പിൽ ഉറങ്ങാതെ ദേവതാസ്മരണം ചെയ്തിരുന്നുകൊള്ളുക.

84 കൃത്വാവിധിം സാമ്പ്രതികം പ്രഭാതേ
നാന്ദീമുഖാദി ക്രമതോ *f* ല്പഗേഹേ
പീഠം പ്രതിഷ്ഠാപ്യ തതോ *f* ച്ച്യയിത്വാ
സംരക്ഷ്യതന്മണ്ഡപമഭ്യുപേത്യ

85 ഉദ്വാസ്യ ബിംബേ മഹിതേ *f* ഖിലം
തന്നീതോ്വാക്തവദ്ബിംബഘടക്രമേണ
കൃത്വാപരാവാഹനപൂജനാദ്യം ബിംബം
പ്രതിഷ്ഠാപയ ദുക്തനീത്യാ

പിന്നെ പ്രഭാതത്തിങ്കൽ കുളിസന്ധ്യാവന്ദനാദിയെല്ലാം ചെയ്തു് നാന്ദീമുഖാദി ക്രമത്തിൽ ബാലാലയത്തിൽ പീഠം പ്രതിഷ്ഠിച്ച് പൂജിച്ച് രക്ഷിച്ച് മണ്ഡപത്തിൽ വന്നു് എല്ലാം ബിംബത്തിങ്കലുദ്വസിച്ച് മുൻപറഞ്ഞ ക്രമത്തിൽ അകത്തെയ്ക്കെഴുന്നള്ളിയ്ക്കുക. അവിടെ ബിംബത്തിൻെറ പിന്നാലെ ജീവകലശം വേണം. അകത്തുചെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്നു് പരാവാഹന പൂജനാദി എല്ലാം ചെയ്തു് വിധിപ്രകാരം ബിംബപ്രതിഷ്ഠയും ചെയ്യുക.

86 നിദ്രാഘടസ്നപനശ്ചിമ മന്ത്രകൃത്വാ സമ്പ്രാർത്ഥ്യ
സാധുഭഗവന്നിതിസന്നതാത്മാ
ജീവാഽധിവാഹനവിധൌ കലശേനതേനസിഞ്ചേത്തദ്
ഹംമനുവിന്യസനം ചകുർയ്യാൽ.

നിദ്രാകലശം ആട്ടകകഴിയുവോളം എല്ലാം മുൻപോലെ ചെയ്തു് 'ഭഗവൻ' ഇത്യാദി മന്ത്രംകൊണ്ടു് തൊഴുതു പ്രാർത്ഥിച്ചു് ജീവാവാഹന കാലമായാൽ ജീവകലശമാടി ജീവന്യാസം പ്രാണന്യാസം മുതലായവ മുറപോലെ ചെയ്യുക.

87 'ഭഗവന്നല്പഗേഹേ ƒ സ്മിൻ വാസഃ
ക്ലേശോ ƒ പിതേ വിധേ
വസ്തവ്യോഭഗവം സ്താവദ്യാവദ്ഗേഹം
സമാപ്യതേ.'

88 'കാരകസ്യ പരാമൃദ്ധിമനുജാനന്മഹോദയാം
ഭക്താനാമനുകമ്പാർത്ഥമിഹത്വം സ്ഥാതുമർഹസി'
ഈ രണ്ടു ശ്ലോകങ്ങൾ പ്രാർത്ഥനാമന്ത്രങ്ങളാകുന്നു.

89 സ്ഥൂലാവാഹനപൂർവ്വംയൽ പൂർവ്വംകർമ്മാഭ്യധായിതൽ
സർവ്വം കുർയ്യാൽ ഗുരുവരസ്തുർയ്യാഹസ്നപനാവധി.

പിന്നെ സ്ഥൂലാവാഹന തുടങ്ങി നാലാം കലശം കഴിയുന്നതുവരെ മുമ്പുപറഞ്ഞിട്ടുള്ള എല്ലാം ഇവിടേയും ചെയ്യണം.

90 ബിംബേ ഗൃഹേച നിഷ്പന്നേ
മുഹൂർത്തേ ചാപ്യുപാഗതേ
ബീജവാപാദി സകലം കുർയ്യാൽ പൂർവ്വം യഥീരിതം
ബിംബം, പ്രാസാദം മുതലായവയുടെ പണികളെല്ലാം കഴിഞ്ഞാൽ മുഹൂർത്തം നിശ്ചയിച്ചു് മുളയിടുക മുതൽ മുമ്പുപറഞ്ഞതെല്ലാം ഇവിടേയും ചെയ്യണം.

91 ജലേ ƒ ധിവാസിതം ബിംബം
ശോധിതം ചാഭിഷേകതഃ
സംസ്കൃതേ മണ്ഡപേസ്ഥാപിഷ്ടം
ശയനീയേ ƒ ഥ ശായയേൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

പുതിയതായുണ്ടാക്കിച്ച മൂലബിംബത്തെ ഗ്രഹിച്ച് ശോധനയും ജലാധിവാസവും ചെയ്ത് ജലത്തിൽനിന്നും എടുത്ത് ബിംബശുദ്ധി കലശമാടി പൂജിച്ച് മൂലാലയ സമീപത്തുള്ള സംസ്കൃതമണ്ഡപത്തിൽ ശയ്യവിരിച്ചു പൂജിച്ചിടത്ത് കൊണ്ടുവന്നു കിടത്തുക.

92 ശോധിതേ ƒ ല്പാലയേ ബിംബാച്ഛോധിതാൽ
പ്രോക്തവർത്മനാ
ജീവം കലശ ആദായതന്ന്യസേൽ ബിംബപാശ്വതഃ

ബാലാലയത്തിങ്കൽ പ്രാസാദശുദ്ധി തുടങ്ങി അനുജ്ഞാകലശം കഴിവോളം ചെയ്ത് ശ്രീഭൂതബലിയും ചെയ്ത് പ്രാർത്ഥിച്ച് പിറേറദിവസം സംഹാരതത്വഹോമം സൂത്രച്ഛേദന്യായമനുസരിച്ചു ചെയ്ത് ജീവകലശത്തിങ്കലാവാഹിച്ച് ജീവകലശം ഈ ബിംബത്തിൻെറ വലത്തുഭാഗത്ത് കൊണ്ടുവന്നു വെയ്ക്കുക. ജീവോദ്വാസനകാലമാകുമ്പോഠ പ്രാർത്ഥനയ്ക്ക്

93 'യാത്രാം കുരുഷ്വ ദേവേശഭക്തനാമനുകമ്പയാ
ജീർണ്ണമുദ്ധൃത്യതത്ഭക്തൈഃ കല്പിതം
ബിംബമുജ്ജ്വലം.'
തേ ഗേഹം വിശാദ്യേശ ഉത്തിഷ്ഠചതുരാനന

ഈ ശ്ലോകം മന്ത്രമാകുന്നു.

94 ഉൽപാട്യോക്തവദല്പ ബിംബമുപനീയാതോ
ബഹിഃ സന്ദഹേൽ
ഗോസപ്പിഃ സ്നപിതം തദഗ്ദഹനേ
തദ്ദാരവം ചേൽഗുരുഃ
ലൌഹഞ്ചേൽ ഗുരവേ സമപ്പയത്ത
തദപിദ്രാവ്യയജ്വാ ƒ ഥവാ
ഛരിത്വാ നാളമിദം വിശോദ്ധ്യസുശുഭം
തൽകൌതുകം കല്പയേൽ

ഇവിടെ പറഞ്ഞതുപോലെ അല്പബിംബത്തിൻെറ ഉദ്ധാരക്രിയയെല്ലാം ചെയ്ത് അത് മരംകൊണ്ടാണെങ്കിൽ നെയ്യിൽ മുക്കി നിർമ്മാല്യധാരിയേ പൂജിച്ചു അഗ്നിയിൽ ഹോമിയ്ക്കുക; ലോഹംകൊണ്ടുള്ളതാണെങ്കിൽ ഉരുക്കി ആ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചായ്യുന്ന ദാനം ചെയ്യുക; അല്ലെങ്കിൽ അതിൻെറ നാളം മുറിച്ചുകളഞ്ഞു് ദേവൻെറ തിടമ്പാക്കിക്കൊള്ളുക. യോനിപ്പൊരുത്തമില്ലായ്കയാൽ ദാനം ചെയ്യുകതന്നെയാണു് ഉത്തമം.

95 ആധായപ്രതിമാധിവാസമഥരേദ്യുസ്തത്ര ദഹ്രാഹ്ണാ
ഹോമബ്രാഹ്മണതർപ്പണാദ്യപരിഷൽ
പീഠാധിവാസാന്വിതം
അന്യേദ്യുഃ കൃതരത്നകർമ്മണിസമാനീയ
പ്രതിഷ്ഠാപ്യതൽ-
പീഠേ ബിംബമഥ സ്വകീയ കലശാ
സേകാദികം ചാചരേൽ

മുഹൂർത്തത്തിൻെറ തലേദിവസം പുതിയ ബിംബത്തെ അധിവസിയ്ക്കണം. അതാതു പൂജയും ഹോമവും കാലുകഴകിച്ച് ഊട്ടുകയും, പീഠാധിവാസം, പ്രാസാദശുദ്ധി മുതലായവയെല്ലാം മുമ്പു പറഞ്ഞതുപോലെ വിസ്തരിച്ചു ചെയ്യണം. പിറേറന്നാൾ രത്നന്യാസാദി ചെയ്തു് ബിംബത്തെ യഥാവിധി കൊണ്ടുവന്നു് ആ പീഠത്തിങ്കൽ പ്രതിഷ്ഠിച്ചു ജീവകലശം ആടുക മുതലായ എല്ലാം ചെയ്യണം.

96 ഇത്ഥം പ്രായഃ സമുദ്ദിഷ്ടോ ജീർണ്ണോദ്ധാരക്രമോ മയാ
സംകോചാദിക്രമഃ സർവ്വോജ്ഞേയ
സ്തന്ത്രസമുച്ചയാൽ

ഇപ്രകാകാരം ജീർണ്ണോദ്ധാരത്തിൻെറ ക്രിയ മിക്കവാറും പറയപ്പെട്ടു. സങ്കോചാദികളുടെ ക്രിയ തന്ത്രസമുച്ചയത്തിൽനിന്നും മനസ്സിലാക്കേണ്ടതാകുന്നു.

97 സ്വാതന്ത്ര്യകം പരനിരപേക്ഷമാദിതഃ
പ്രതിഷ്ഠിതം ഹരിഹര വിദ്ധ്യമാദികം
സമന്വിതം സ്വപരിഷദാദി കേവലം
സുരാന്തരാന്വിതമപി വായഥാഗമം.

തന്ത്രസമുച്ചയത്തിൻെറ ശേഷം എന്ന നിലയിൽ ബ്രഹ്മാവു തുടങ്ങി ക്ഷേത്രപാലൻ കഴിവോളമുള്ള ദേവന്മാരുടെ ഭൂപരിഗ്രഹം തുടങ്ങി ജീർണ്ണോദ്ധാരം കഴിവോളമുള്ള ക്രിയകളിലെ വിശേഷത്തെ ചുരുക്കി പറഞ്ഞതിനുശേഷം വിഷ്ണു, ശിവൻ മുതലായ എല്ലാ ദേവന്മാരുടേയും ഒരു ക്ഷേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്രത്തിൽത്തന്നെ മറെറാരു ദേവൻെറ പ്രതിഷ്ഠ ഉണ്ടാകുന്നിടത്തെ ക്ലൃപ്തിവിശേഷത്തെ പറയുന്നു. വിഷ്ണു, ശിവൻ, ബ്രഹ്മാവ് തുടങ്ങിയ പ്രധാന ദേവതാ സ്വരൂപമായിരിയ്ക്കുന്ന മന്ത്രബിംബം ആദ്യമായിട്ടു പ്രതിഷ്ഠിച്ചതായിരിയ്ക്കട്ടെ, അവിടെ മറെറാരു ദേവനുണ്ടെങ്കിലും ആ ദേവനേക്കാറം മുമ്പ് പ്രതിഷ്ഠിച്ചതായിരിയ്ക്കണം. പരനിരപേക്ഷം — മറെറാരു ദേവനെ പ്രതിഷ്ഠിച്ചേടത്തു് താൻ വന്നുകൂടിയതല്ലാതെയിരിയ്ക്കണമെന്നു സാരം. ഇങ്ങനേയുള്ള പ്രതിഷ്ഠയേ 'സ്വതന്ത്രകം' എന്നു പറയുന്നു. ആ ദേവൻ താൻ മാത്രമായോ, തൻെറ പരിഷത്തുകളോടുകൂടിയോ വന്നതിനു ശേഷം മറെറാരു ദേവനേ തൻെറ ക്ഷേത്രപരിധിയ്ക്കുള്ളിൽ പ്രതിഷ്ഠിച്ചാലും ഈ പേരിനു മാററം വരികയില്ല.

98 തദേകമേ വേഷ്ടമഭീഷ്ടദിങ്മുഖം ദ്വിബഹ്വപീഷ്ടാ
ത്മവശാത്തഥാ യദി
ദ്വയോർബ്ബഹൂനാമപി വാവൃതിദ്ധരാപരിഗ്രഹാ
ദിശ്ച പൃഥക്ക്രിയാക്രമഃ

ആ ഈ ദേവൻ ഇഷ്ടമുള്ള ദിക്കിലേക്കഭിമുഖമായി പ്രതിഷ്ഠിയ്ക്കപ്പെടാവുന്നതാണ്. ഇതുപോലെ രണ്ടോ അതിലധികമോ യഥേഷ്ടം ഒരു ക്ഷേത്രത്തിൽതന്നെ പ്രതിഷ്ഠിയ്ക്കപ്പെടുന്നുവെങ്കിൽ എല്ലാററിനും വെവ്വെറെ ആചാര്യവരണം ഭൂപരിഗ്രഹം മുതലായവ ചെയ്യണം.

99 ദൌവാരികാദിസകലാകൃതി പീഠരൂപം
ലിംഗാത്മകം ചബഹുയന്നിലയേ ബഹിർവ്വാ
യദ്വാഹനം സ്വവഹമൂരുഗതാസ്യദേവീ
യാപീഠഗാപിതദിദം നിഖിലം തദങ്ഗം.

സ്വതന്ത്രനായിരിയ്ക്കുന്ന ദേവൻെറ അംഗഭൂതങ്ങളായ പരിവാരങ്ങളുടെ നിയമത്തേയും അവയുടെ ക്രിയാക്രമത്തേയും പറയുന്നു. ഈദേവൻെറ പരിവാരങ്ങറം പ്രാസാദത്തിലൊ പുറത്തോ ഭവിയ്ക്കാം. ദ്വാസ്ഥൻ മുതലായവരെ സകലാകൃതിയായിട്ടും ദിക്പാലന്മാരുടേതു് ബലിപീഠരൂപത്തിലോ മാത്രാദികളുടേതു് ലിംഗരൂപത്തിലോ ഭവിയ്ക്കും. താൻ ആരോഹണം ചെയ്യിരിയ്ക്കുന്ന വാഹനം — ഗരുഡൻ, കാള മുതലായവ — ആലിംഗനം ചെയ്യിരിയ്ക്കുന്ന

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭായ്യ തുടയിലോ, പീഠത്തിങ്കൽത്തന്നേയോ ഇങ്ങിനെ ബഹുപ്രകാരത്തിൽ ഭവിയ്ക്കാം. ഇവയെല്ലാം അതിൻെറ അംഗമാകുന്നു

100 ബിംബഗ്രഹേ സഹതദങ്ഗമിദംഗൃഹീത്വാ
തച്ഛോധനാദി സമയേ ƒ സ്യ ചശോധനാനി
തന്മണ്ഡപേ ƒ ധിവസനം ചനിജോക്തരീത്യാ
കൃത്വാൽ പ്രതിഷ്ഠിതിമവസ്രുതസേചനം ച

ഈ തദംഗത്തെ ബിംബപരിഗ്രഹത്തിങ്കൽ ഗ്രഹിച്ച് ബിംബശോധന ചെയ്യുമ്പോരം ശോധനചെയ്ത് ബിംബം അധിവസിയ്ക്കുമ്പോരം അധിവാസവും ചെയ്ത് അവരവക്കുള്ള എല്ലാ ക്രിയകളും താരതമ്യമനുസരിച്ച് ദേവപ്രതിഷ്ഠ കഴിഞ്ഞാൽ പ്രതിഷ്ഠിച്ച് അവസ്രാവംകൊണ്ടഭിഷേകവും വേണം.

101 ദേവാഭിഷേകസമയേ ƒ സ്യതു വാഹനസ്യ
സ്യാൽ പീഠവൽ സ്നപനമത്രതുശേഷതോയൈഃ
ദേവ്യാ വിധേയമഥ പീഠഗതാതുസാചേൽ
സർവ്വം പൃഥഗ്വിതനുയാൽ തനുഭാക്തു കർമ്മ.

ദേവൻെറ അഭിഷേകസമയത്ത് ഈ വാഹനത്തിൻേറയും അഭിഷേകം കഴിയും. പീഠത്തിന്ന് വേറെ കലശമാട്ടുക പതിവില്ലല്ലോ എന്നു ന്യായം. ആലിംഗിതയായ ദേവിയുടേയും ഇപ്രകാരംതന്നെ കഴിയും; എന്നാൽ പീഠത്തിലാണ് ദേവിയിരിയ്ക്കുന്നതെങ്കിൽ ശരീരസംബന്ധിനിയായിരിയ്ക്കുന്ന ക്രിയയെല്ലാം ചുരുക്കത്തിൽ വേറെ വേണം.

102 ദേവീ വാഹനയോഃ സഹൈവസകലം
കേതോസ്തദപോ ƒ ത്യയേ ƒ
പ്യേവം കർമ്മദിനാന്തരേ വിതനുയാൽ
ഭൃതേന്ദ്രപീഠസ്യതു
ഏവം വാ ƒ ഥ ദിശാംഹൃതോക്ത വിധയാ
വേന്ദ്രാദി പീഠാദയഃ
സ്ഥാപ്യാഃ സ്വാസ്പദശോഭിതാ അപിതുരീയേ ƒ
ഹനീതിതം പ്രോക്ഷണം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദേവിയുടേയും വാഹനത്തിന്റേയും പ്രതിഷ്ഠ ദേവപ്രതിഷ്ഠയോടു കൂടെത്തന്നേ കഴിയ്ക്കണം. ധ്വജപ്രതിഷ്ഠ പിറേറദിവസമോ, മറെറാരു ദിവസമോ നാലാം കലശം കഴിഞ്ഞശേഷം എന്നെങ്കിലുമോ കഴിയ്ക്കാം. വലിയ ബലിക്കല്ലും ഇപ്രകാരമാകാം. ദിശാഹോമാദികളോടുകൂടി ഇന്ദ്രാദി ദിക്പാലന്മാരേയും മാതൃക്കളെ, നിർമ്മാല്യധാരി ഇവരേയും പ്രതിഷ്ഠിക്കുക. എല്ലാവക്കും നാലാം കലശം കഴിഞ്ഞാൽ അവസ്രാവം തളിയ്ക്കണം.

103 അങ്ഗാശുദ്ധൌ ദേവശുദ്ധൌതുശേഷൈഃ
ശുദ്ധിഃ കാര്യ്യാവസ്രുതപ്രോക്ഷണാന്താ
കേതൌ കുര്യ്യാൽ സപ്തശുദ്ധീർവ്വിശേഷാൽ
ഭൂതേശാദേർഗവ്യ സംപ്രോക്ഷണം വാ.

അംഗങ്ങളോ ഏതാനും അശുദ്ധമായാൽ ദേവങ്കൽ ശുദ്ധിചെയ്യതിന്റെ അവസ്രാവം തളിയ്ക്കണം; കൊടിമരത്തിനും വലിയ ബലിക്കല്ലിനും സപ്തശുദ്ധികളും പഞ്ചഗവ്യപ്രോക്ഷണവും വേണ്ടതാകുന്നു.

104 രൂപാണിസ്വാംനിവിഷ്ണോ രജഹരധന
ദാദ്യാശ്ചതത്സമ്മുഖാഃ സ്യു-
സ്തത്തദ്ധാരാ വിരോധാഹിതഭവനജുഷഃ
ശാസ്ത്രതഃ സാങ്ഗമേതൽ
തൽക്കർമ്മണ്യേവ വാസ്യാംഖിലമപി തനയാൽ
കർമ്മകാലാന്തരേവാ
നാസ്യാംന്യാ മണ്ഡപോ നാങ്ഗമപിനതദശുദ്ധ്യാ ƒ
സ്തിദേവേ ƒപി ദോഷഃ

സ്വതന്ത്രനായിരിയ്ക്കുന്ന ദേവന്നു് സാംഗനായിരിയ്ക്കുന്ന മറെറാരു ദേവന്റെ യോഗത്തിങ്കലേ നിയമത്തേപ്പറയുന്നു. വിഷ്ണുവിന്റെ ക്ഷേത്രത്തിങ്കൽ തന്റെ രൂപാന്തരങ്ങളായ മത്സ്യകൂർമ്മവരാഹാദികളോ, ബ്രഹ്മാവു്, വൈശ്രവണൻ മുതലായ മൂർത്തികളോ അഭിമുഖമായിട്ടോ, ആ വിഷ്ണുവിന്റെ ദ്വാരത്തിന്നു് അവിരോധമായിട്ടോ പ്രതിഷ്ഠിയ്ക്കപ്പെട്ടിരിയ്ക്കുന്നു എങ്കിൽ അതു് 'സാംഗം' എന്ന പേരിൽ അറിയപ്പെടുന്നു. ഈ സാംഗപ്രതിഷ്ഠക്കു, വിധിച്ചിരിക്കുന്ന എല്ലാം ക്രിയകളും ചെയ്യണം. സാംഗപ്രതിഷ്ഠ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രധാന പ്രതിഷ്ഠയോടുകൂടിയോ മററൊരവസരത്തിലോ ആകാം. ഇതിനു് മണ്ഡപം മുതലായവയും അംഗാന്തരമായ ദ്വാസ്ഥാദിയും വേറെ വേണ്ട. അതിൻെറ അശുദ്ധികൊണ്ടു് പ്രധാന ദേവനു് അശുദ്ധി സംഭവിക്കുകയുമില്ല.

105 സാങ്ഗം വിധീയതേത്വേവം
ശിവാദ്യായ തനേഷ്വപി
സ്വാഗ്രതഃ സ്വാധിവാസാദിരപിവാ ദേവമണ്ഡപേ

ശിവാദികളുടെ ക്ഷേത്രത്തിങ്കലും ഇതുപോലെ 'സാംഗ' പ്രതിഷ്ഠ ചെയ്യാം. ആ സാംഗദേവൻെറ അധിവാസം മുതലായവ ആ ദേവൻെറ മുമ്പിലോ പ്രധാന ദേവൻെറ മണ്ഡപാദികളിലോ ആകാം.

106 ദൌവാരികാദ്യ ങ്ഗയുതസ്യ താദൃക്
സ്ഥാപ്യേത ചേദായതനേ തദേതൽ
സാങ്ഗാന്തരം വിക്രിയതേ വിഹാരാഃ
സ്വേമണ്ഡപേത്വേവതദാധിവാസഃ

ദ്വാസ്ഥാദി സകല പരിവാരങ്ങളോടുകൂടിയിരിക്കുന്ന സ്വതന്ത്രദേവൻെറ ക്ഷേത്രത്തിൽ എല്ലാ പരിവാരങ്ങളോടു കൂടിയ മററൊരു ദേവനെ പ്രതിഷ്ഠിക്കുന്നതു് 'സാംഗാന്തരം' എന്നു പറയപ്പെടുന്നു. അവിടെ 'ഹാരകം' തമ്മിൽ യോജിക്കും. ആ ദേവൻെറ എല്ലാ ക്രിയകളും ആ ദേവൻെറ മണ്ഡപത്തിൽത്തന്നെ വേണം.

107 വൃതിർഗ്ഗുരോരി ഹൈകസ്യ പ്രധാനസ്യൈവ ഭൂഗ്രഹഃ
കാര്യോ രാക്ഷോഘ്നഹോമാദിന്നാനാവാ പൃഥഗുത്സവഃ

ഇവിടെ ആചാര്യവരണം പ്രധാനത്തിൻേറതുതന്നെ മതി, ഭൂപരിഗ്രഹവും അപ്രകാരംതന്നെ മതി. രാക്ഷോഘ്നാദി ഹോമങ്ങരം ഒന്നായിട്ടായാലും പോരായ്കയില്ല. ഉത്സവം വേറെത്തന്നെ വേണം.

108 യദ്യേകസ്യായതനേ സ്വാങ്ഗൈഃ സഹിതഃ
പരോ / ഥ രഹിതോ വാ
സ്വാതന്ത്ര്യേണ സ്ഥാപ്യസ്തദിദമിഹ
നി[illegible]ങ്ഗമഭിഷ്ടം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഒരു ദേവാലയത്തിൽ തന്റെ അംഗങ്ങളോടുകൂടിയോ കൂടാതേയോ സ്വാതന്ത്ര്യത്തോടുകൂടി പ്രതിഷ്ഠിയ്ക്കുന്നതു് 'നിരംഗം' എന്നു പറയപ്പെടുന്നു.

109 നാനൈവേതീഹ രാക്ഷോഘ്ന
ഹോമാദി രപിചോദിതഃ
നിരങ്ഗാന്തരമേവൈതദ്യൽ
പ്രാഗുക്തം സ്വതന്ത്രകം.

ഇവിടെ രക്ഷോഘ്നാദിഹോമങ്ങൾ എല്ലാം വേറെ വേണം ആദ്യം സ്വതന്ത്രകമായിട്ടു പ്രതിഷ്ഠിയ്ക്കപ്പെട്ട ദേവനം ഇപ്പോൾ അപ്രകാരം പ്രതിഷ്ഠിയ്ക്കപ്പെട്ട ഈ ദേവനെ അപേക്ഷിച്ചു് മറെറാരു നിരംഗം എന്നു പറയേണ്ടതായിട്ടാണു് വരുന്നതു്.

110 സരസ്വതീ കസ്യഹരേരളിന്ദ
ധാമ്നേവ ലക്ഷ്മീരുപധാമ്നി വാസ്യാൽ
ശംഭോരുമാ ചൈവ തദേതദങ്ഗം
സാങ്ഗം തുവാ കമ്മഭവേദ്യഥാസ്വം

ബ്രഹ്മാവിനു് സരസ്വതിയെ ഇടനാഴിയിലോ, ഉപഗൃഹത്തിലോ പ്രതിഷ്ഠിയ്ക്കാം അപ്രകാരം വിഷ്ണുവിനു് ശ്രീഭഗവതിയേയും ശിവനു് ശ്രീപാർവ്വതിയേയും ആകാം. അംഗമായിരിയ്ക്കുന്ന ഈ പ്രതിഷ്ഠ സാംഗമായോ നിരംഗമായോ ഭവിയ്ക്കാം.

111 യദാ ബഹിർധാമ്നി തദാപിസാങ്ഗം
തത്സമ്മുഖം തത്സമദിങ്മുഖം വാ.
തദാപി ദേവേന സഹപ്രതിഷ്ഠാം
കാലാന്തരേവാ വിധിവദ്വിദദ്ധ്യാൽ

എവിടെ അന്തർമ്മണ്ഡലത്തിനു പുറത്തു് പ്രാസാദത്തിൽ പ്രധാന ദേവനു് അഭിമുഖമായോ സമമുഖമായോ പ്രതിഷ്ഠ ഭവിയ്ക്കുന്നുവോ അതും സാംഗംതന്നെയാകുന്നു. ആപ്രതിഷ്ഠയും ദേവപ്രതിഷ്ഠയോടുകൂടെത്തന്നേയോ മറെറാരവസരത്തിലോ ആകാം.

ആറാം പടലം സമാപ്തം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Gurukul Kangri Vishwavidyalaya
Library

ഏഴാം പടലം

1 അഥസ്വതന്ത്രസ്യയദഗ്രത സ്വാൽ സാങ്ഗം
നിജാങ്ഗൈന്നിഖിലൈരുപേതം
പ്രധാന പൃഷ്ഠോചിതമണ്ഡപം തത്ഭിന്നം
വിദുരന്യൈവമിദം സ്വതന്ത്രം

'രുരുജിദ്ഗിരിശാദിരൂപാണി' എന്നു് ആദ്യംതന്നെ പ്രസക്തന്മാരായിരിയ്ക്കുന്ന ശിവൻ, രുരുജിത്തു്, മാതൃക്കൾ, ക്ഷേത്രപാലൻ എന്നിവരുടെയെല്ലാം ഒരു ക്ഷേത്രത്തിൽ പ്രതിഷ്ഠിയ്ക്കുന്ന സമ്പ്രദായം കാണിപ്പാൻവേണ്ടി' 'മാതൃസത്ഭാവാ'ദി ആഗമങ്ങളിൽ പറഞ്ഞപ്രകാരത്തെ പറഞ്ഞും കൊണ്ടും 'സ്വതന്ത്രാ'ദി ഭേദങ്ങളേ യോജിപ്പിച്ചുകൊണ്ടും ഭിന്ന ലക്ഷണത്തെ പറയുന്നു

'അഥ സ്വതന്ത്രസ്യ' എന്നു തുടങ്ങിയുള്ള ശ്ലോകങ്ങളേ ക്കൊണ്ടു പറയപ്പെടുന്നവയുടെ താല്പര്യത്തെയാണു് പറയാൻ പോകുന്നതു്. സ്വതന്ത്രനായിരിയ്ക്കുന്ന ദേവന്റെ മുമ്പിൽ തന്റെ അംഗങ്ങളായ ദ്വാസ്ഥാദികളോടുകൂടിയതും, സാംഗവുമായിരിയ്ക്കുന്ന ദേവനു് പ്രധാന ദേവന്റെ പൃഷ്ഠഭാഗത്തു് ഉചിതമായിരിയ്ക്കുന്ന മണ്ഡപത്തോടുകൂടിയും ഇരിയ്ക്കുന്നതിനെ 'ഭിന്നം' എന്നാണു് പറയുക. 'സ്വതന്ത്ര'മെന്ന പേരല്ല ഭവിയ്ക്കുന്നതു്.

2 സ്യാൽ പ്രാഗസ്യഃ സ്വതന്ത്രഃ സ്മരജിദിഹപുരോ
ദക്ഷിണേപശ്ചിമാസ്യാ-
ചാമുണ്ഡാ സ്യാച്ഛിന്നാനമുചിരിപുദിശാ
സ്യാ നിരം ശൈവ വാ ƒ ഥ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദേവസ്യാ സ്യാസ്സ്ഥ വാ യാമ്യദിശി ശശിദിഗാ
സ്യാ ജനന്യോ *f* പിസാങ്ഗാ-
സ്തൽപ്രാക് സാ വേഹ സാങ്ഗാനലദിശി
നിഖിലാ മാതരോവേഹഭിന്നാഃ

ഇവിടെ സ്വതന്ത്രനായിരിയ്ക്കുന്ന ശിവൻ കിഴക്കഭിമുഖമായിരിയ്ക്കും. അവിടെ മുൻഭാഗത്ത് തെക്കോട്ടു നീങ്ങി. ഭിന്നയായിരിയ്ക്കുന്ന രുദ്രജിത്ത് പടിഞ്ഞാറ് അഭിമുഖമായിട്ടു ഭവിയ്ക്കും. അഥവാ അവിടെത്തന്നെ പൂർവ്വാഭിമുഖമായിട്ട് നിരംഗയായിട്ടോ ആകാം. ഈ ശിവൻേറയോ രുദ്രജിത്തിൻേറയോ തെക്ക്, വടക്കോട്ടഭിമുഖമായി മാതൃക്കളും ഭവിയ്ക്കും. ഇവിടെ മാതൃക്കളുടെ മുൻഭാഗത്ത് രുദ്രജിത്ത് സാംഗയായിട്ടും ആകാം. ശിവൻെറ അഗ്നികോണിൽ എല്ലാ മാതൃക്കളും ഭിന്നകളായിട്ടുമാകാമെന്ന് മാതൃസത്ഭാവത്തിൽ പറയുന്നു. —

'ഉത്തരാഭിമുഖം സാംഗം നിരംഗം
പ്രാങ്മുഖം സ്മൃതം-
പശ്ചിമാഭിമുഖം ഭിന്നം ഇതിത്രേധാ നിഗദ്യതേ'

എന്നിങ്ങനെ.

3 വ്യതോഗ്രരുഗ്ഗിരിശകൃതേ ഗൃഹീതഭ്രഃ സ്വ
കൃഷ്ടതത്തലപൃഥഗാഹിതാവടഃ
ശിവോക്തവത്തദവട ശർവ്വവേദിഷ്വക്രമാദ്യജേൽ
പൃഥഗഥ വാസ്തുദേവതാഃ

ശിവപ്രതിഷ്ഠയ്ക്കായിക്കൊണ്ട് ആചാര്യവരണം, ഭൂപരിഗ്രഹം, കർഷണം മുതലായവയെല്ലാം ചെയ്ത് എല്ലാ ശ്രീകോവിലുകൾക്കും വെവ്വേറെ ഷഡാധാരപ്രതിഷ്ഠ ചെയ്യുവാൻ കുഴിച്ച് അതാതു കുഴിയുടെ ഈശകോണിൽ. ശിവൻ, രുദ്രജിത്ത്, മാതൃക്കൾ എന്നീ ക്രമത്തിൽ വാസ്തുബലിയും ചെയ്യുക.

4 ബ്രഹ്മാദിശ്യാശ്ച ഭൈരവ്യാം സാവിത്രാ
ദ്യാശ്ചകോണഗാഃ
ഈശാനാദ്യാ[illegible]ക്രമഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇവിടെ ക്രമത്തിന്നും പക്ഷഭേദമുള്ളതിനെ പറയാം- രുജിത്തിങ്കൽ ആദ്യം നടുവിൽ ബ്രഹ്മാവും പിന്നെ കിഴക്കു് ആയ്യകൻ, തെക്കു് വിവസ്വാൻ, പടിഞ്ഞാറുമിത്രൻ, വടക്കു മഹീധരൻ, പിന്നെ ആഗ്ന്യാദി കോണുകളിൽ 'സാവിത്ര്യായ നമഃ; സവിത്രേ നമഃ; ഇന്ദ്രജയായ നമഃ, ഇന്ദ്രായ നമഃ; രുദ്രജയായ നമഃ, രുദ്രായ നമഃ; ആപവത്സായ നമഃ, ആപായ നമഃ' എന്നിങ്ങനെ കഴിഞ്ഞാൽ പുറത്തു് ഈശാനാദിയും, ശർവ്വസ്കന്ദാദിയും മുൻപറഞ്ഞ ക്രമമായിട്ടും. ഈ ക്രമമായിട്ടും ആകാം.

5 നിധികലശ കമല കച്ഛപവിന്യാസോ ƒ
വടതലേഷു ശൈവോക്തഃ
കാര്യോ മാതൃഷ്വതു പുനശ്ചാമുണ്ഡ്യാം
നവസുവാത്ഥനാത്ര സകൃൽ.

കുഴികളിൽ ശിവോക്തംപോലെ ആധാരശില. നിധികലശം, ശിലാപത്മം ശിലാകൂർമ്മം, രജതപത്മം രജതകൂർമ്മം, സ്വർണ്ണപത്മം സ്വർണ്ണകൂർമ്മം ഇത്യാദികളെ പ്രതിഷ്ഠിക്കണം. മാതൃക്കളിൽ ചാമുണ്ഡിയുടെ സ്ഥാനത്തു മാത്രമായിട്ടോ, അഥവാ എല്ലായിടത്തും വെവ്വേറെ ആയിട്ടോ ആകാം. പ്രാത്ഥന എല്ലായിടത്തിലേയ്ക്കും കൂടി ഒന്നായിട്ടുമതി.

6 ദ്വാരാമവാമേ പ്രഥമഷ്ടേകാനാം ന്യാസം
വിദധ്യാജ്ജനനീഷ്വവാമർ-
ദ്വാർഗ്ഗൃഹ്യതാ മത്രഹൂതം വിദദ്ധ്യാൽ കൃതേഷു
കാതൽ കലശാധിവാസഃ

അനന്തരം ഈ മുഹൂർത്തത്തിൽ ദ്വാരങ്ങളുടെ ദക്ഷിണപാശ്വത്തിങ്കൽ ഇഷ്ടകാന്യാസം ചെയ്യണം. മാതൃക്കളിൽ മൂന്നു നടയുണ്ടെങ്കിൽ വലത്തേ ദ്വാരത്തിങ്കലാണു് ചെയ്യേണ്ടതു്. ഇഷ്ടകാഹോമത്തിന്നു് ഹോമം തുടങ്ങി കലശപൂജയോടുകൂടി പീഠമന്ത്രാജ്യാഹുതി കഴിവോളം ചെയ്യുക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

7 പകാരാധസ്സ്ഥാന്നവലിപി തദന്ദേ
ജ്ജുഹോത്വാജ്യമുദ്ധൃതം
ഫ്രോം ഫ്രേമാദ്യൈർഭുവനപതിനാ
പഞ്ചഭിർബ്രഹ്മഭിശ്ച
ഗായത്ര്യാ f ഥോ ഹുതയതു ചതുർ
ദ്രവ്യമാജ്യം ചദേവ്യാം
വ്യാഹൃത്യാദി ദിനവമന്ത്രഭീ രുദ്രവൽ സർവ്വമന്യൽ

ഈ ഹോമത്തിങ്കൽ രുദ്രജിത്തിന്ന് പകാരത്തിന്നുമുമ്പ് നവാക്ഷരംകൊണ്ടും അതിന്റെ ഓരോ അക്ഷരംകൊണ്ടും ആജ്യാഹുതികൾ ചെയ്യണം. പകാരത്തിനുശേഷം ഫ്രോം സ്വാഹാ, ഫ്രേം സ്വാഹാ, ഫ്രൂം സ്വാഹാ, ഫ്രിം സ്വാഹാ, ഫ്രം സ്വാഹാ, ഫ്രീം സ്വാഹാ', പിന്നെ പഞ്ചബ്രഹ്മം എന്നിവകൊണ്ട് ആജ്യാഹുതികൾ ചെയ്ത് ഗായത്രികൊണ്ട് ചതുർദ്രവ്യഹോമവും ചെയ്താൽ 'ഭൂസ്വാഹാ' ഇത്യാദി പതിനെട്ടുകൊണ്ടും ആജ്യാഹുതികളും ചെയ്യണം. മറ്റെല്ലാം ശിവങ്കലേപ്പോലെ.

8 ചതുർവ്യാഹൃതയോ ദിക്പാദശാഗ്നിഃ
സോമ ഏവ ച
സർവ്വാശ്ച ദേവതാ വിശേച ദേവാശ്ച ദിനവാണവഃ

ചതുർവ്യാഹൃത്യാദി പതിനെട്ടു മന്ത്രങ്ങൾ:— ഭൂസ്വാഹാ, ഭുവസ്വാഹാ, സ്വസ്വാഹാ, ഭൂർഭുവസ്വസ്വാഹാ, ഇന്ദ്രായസ്വാഹാ, അഗ്നയേ സ്വാഹാ, യമായസ്വാഹാ, നിരൃതയേ സ്വാഹാ, വരുണായ സ്വാഹാ, വായവേസ്വാഹാ, സോമായ സ്വാഹാ, ഈശാനായ സ്വാഹാ, ബ്രഹ്മണേ സ്വാഹാ, അനന്തായ സ്വാഹാ, അഗ്നയേ സ്വാഹാ, സോമായ സ്വാഹാ, സർവ്വാഭ്യോ ദേവതാഭ്യ സ്വാഹാ, വിശേഭ്യോ ദേവഭ്യഃ സ്വാഹാ' ഇവയാകുന്നു.

9 നവാണ്ണം പ്രാങ്മുഖസ്ഥിഷ്വൻ
ജപിത്വൈ കാദശാവരം-
അഗ്നിമുദ്വാസയേത്സദ്യഃ കലാഭിശ്ചേഷ്ടകാന്യസേൽ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

10 ശിവേ സോക്തമേവേഷ്ടകാ ഗർഭകർമ്മാ-
ഖിലം മാതൃഷ്വതേവക വീര്യ്യാമിവസ്യാൽ
പരാഃ പശ്യഗന്തസ്സ ചാമുണ്ഡികാ ƒ ച്ച്യാ
ജിനാഗ്ന്യേന ഗാണേന ചദ്രവ്യഹോമം

രുരുജിത്തിങ്കൽ കിഴക്കുനോക്കിനിന്നു് നവാക്ഷരം പതിനൊന്നുരു ജപിച്ച് അഗ്നിയേ ഉദ്വസിച്ച് സദ്യോജാതകലകഠ എട്ടുകൊണ്ടും ഇഷ്ടകകളേ ന്യസിയ്ക്കുക. ശിവങ്കലേ ഇഷ്ടകാന്യാസവും ഗർഭന്യാസവും 'തന്ത്രസമുച്ചയ'ത്തിങ്കൽ പറഞ്ഞതുപോലെ ചെയ്യണം. മാതൃക്കളിൽ രുരുജിത്തിന്നു് പറഞ്ഞതുപോലെയും വേണം. നടുവിൽ ചാമുണ്ഡിയേയും ചുററും മററുള്ളവരേയും പൂജിയ്ക്കുകയെന്നാണു് സാമാന്യ ന്യായം. ദ്രവ്യഹോമത്തിന്നു് 'ഗണഗായത്രി' വേണം.

11 ഗർഭാധാനേ രുദ്രവത്തത്രഹോമഃ കാര്യോ
ദേവ്യാ മിഷ്ടകോക്തക്രമേണ-
സ്യർമ്മൃന്മൂലാ ധാതവോ രത്നബീജാലോഹാശ്ച
ദ്രവ്യാണിഷോഢേഹ ഗർഭേ.

രുരുജിത്തിങ്കൽ ഗർഭന്യാസം മിക്കവാറും ശിവങ്കലേപ്പോലെത്തന്നെയാകുന്നു. അവിടെ ഹോമത്തിങ്കൽ ഇഷ്ടകാഹോമത്തിങ്കൽ പറഞ്ഞ വിശേഷമെല്ലാം വേണം; ദ്രവ്യങ്ങഠ-മണ്ണുകഠ, മൂലങ്ങഠ, ധാതുക്കഠ, രത്നങ്ങഠ, ബീജങ്ങഠ, ലോഹങ്ങഠ ഇങ്ങിനെ ആറു കൂട്ടമാകുന്നു.

12 ഗിരിതീർത്ഥ നദീഹ്രദജാ ദിശിവിദിശി
കളീരനാകഖലജാശ്ച
ദ്വിരദരദജാ അപിമൃദോമദ്ധ്യേ ƒ ണ്ണവ
വൃഷവിഷാണജാന്യസത്തു.

പർവ്വതം, തീർത്ഥം, നദി, കയം, ഞണ്ടിൻകുഴി, പുററു്, കളം, ആനക്കൊമ്പു്, സമുദ്രം, കാളക്കൊമ്പു് എന്നീ പത്തു സ്ഥലങ്ങളിലെ മണ്ണുകഠ ദിക്കും കോണും ക്രമത്തിലും ഒട്ടുവിലേത്തു രണ്ടും മദ്ധ്യത്തിലും ന്യസിയ്ക്കുക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

13 കമലസ്യ തഥാ നീലോല്പലസ്യ കമുദസ്യ ച-
രക്തോല്പലസ്യ ചന്യസ്യേ
ദ്ദിക്ഷു മൂലാന്യപിക്രമാൽ

താമര, കരിംകൂവളം, ആമ്പൽ, ചെങ്ങഴിനീർ ഇവ നാലിൻേറയും കിഴങ്ങുകൾ കിഴക്കാദി നാലുദിക്കുകളിൽ യഥാക്രമം ന്യസിയ്ക്കണം.

14 മനഃശിലാം ഹരീതാലമഞ്ജനം ശ്യാമസീസകേ
സൌരഷ്ട്രീം രോചനാം ദിക്ഷുഗൈരികം
മദ്ധ്യതോ രസം.

മനയോല, അരിതാരം, അഞ്ജനം, ശ്യാമം, ഈയം, തിരുവട്ടപ്പശ, ഗോരോചനം, മലയിലെ ചെങ്കല്ല്, രസം, ഈ ധാതുദ്രവ്യങ്ങൾ കിഴക്കാദി ദിക്കുകളിലും മദ്ധ്യത്തിലും ആയിട്ട് യഥാക്രമം ന്യസിയ്ക്കുക.

15 വജ്രവൈഡൂര്യഗോമേദശംഖപുഷ്യേന്ദുകാന്തകം.
ക്രമാദ്ദിക്ഷ്വിന്ദ്ര നീലാർക്കകാന്തം
മദ്ധ്യേ ƒ ബ്ജരാഗകം.

വൈരം, വൈഡൂര്യം, ഗോമേദകം, ശംഖരാഗം, പുഷ്യരാഗം, ചന്ദ്രകാന്തം, ഇന്ദ്രനീലം, സൂര്യകാന്തം, പത്മരാഗം എന്നീ രത്നങ്ങളും കിഴക്കാദി മദ്ധ്യാന്തം ന്യസിയ്ക്കുക.

16 ശാലി നീവാരകശ്യാമകങ്ങുമാഷകുലത്ഥകാൻ
ദിക്ഷുനിഷ്പാവമുദ്ഗാംശ്ചമദ്ധ്യേ
രാജീന്തിലാംശ്ചവാ.

നവരനെല്ല്, വരിനെല്ല്, ചാമ, കമ്പപ്പയറ്, ഉഴുന്ന്, മുതിര, തുവര, ചെറുപയറ്, കടുക്, ഈ ബീജങ്ങളും യഥാക്രമം മുൻപോലെ ന്യസിയ്ക്കുക. മദ്ധ്യത്തിൽ കടുക് അല്ലാതെ എള്ള് ആയിട്ടും ആകാം.

17 ദിക്ഷുഹിരണ്യരജതതാമ്രായാം
സിവിദിക്ഷ്വഥ ത്രപുച ഹൈമം
കൂർമ്മാബ്ജ ശൂലമന്തർവൃഷഖടാങ്ഗാ
ദ്ധ്ചന്ദ്രപരശു ധനുഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

ദിക്കുകളിൽ സ്വർണ്ണം, വെള്ളി, ചെമ്പ്, ഇരുമ്പ്; കോണുകളിൽ ചെമ്പ്രാക്കട്ടി, സ്വർണ്ണംകൊണ്ടുണ്ടാക്കിയ ആമ, താമരപ്പൂവ്, ശൂലം ഇവയും മദ്ധ്യത്തിൽ സ്വർണ്ണം കൊണ്ടുള്ള കാള, കട്ടുത്തുടി, ചന്ദ്രക്കല, വെണ്മഴു, വില്ല് എന്നിവയും ന്യസിയ്ക്കുക.

18 നവാർണ്ണേനാന്യസേൽ സർവ്വം ഗവ്യ
നോക്ഷേജ്ജിനാർണ്ണതഃ
ഹുത്വാനവാർണ്ണ സഞ്ജപ്തം തത്പാത്രം
ശിവവന്ന്യസേൽ

ദ്രവ്യന്യാസത്തിന്നു് എല്ലാററിന്നും നവാർണ്ണംതന്നെ മന്ത്രം. പിന്നെ ഗായത്രികൊണ്ടു പഞ്ചഗവ്യം തളിച്ച് ഹോമം മുടിച്ച് ശിവകലശംപ്പോലെ നവാർണ്ണം ജപിച്ചുകൊണ്ടു് ആ പാത്രത്തെ ന്യസിയ്ക്കുക.

19 തത്തദ്രവ്യം മാതൃഷ്വതത്തദ്ദിങ്ങ്മാതൃമന്ത്രതോ ന്യസത്തു-
തത്തദ്ദിശി മന്ത്രിതമസ്ത്രത്തച്ഛസ്ത്രം ച സൌവർണ്ണം

മാതൃക്കളിൽ രുരുജിത്തിന്നു പറഞ്ഞ ദ്രവ്യങ്ങളാംതന്നെ ന്യസിക്കുക. അതാതു ദിക്കിലേയ്ക്കു വരുന്ന മാതൃമന്ത്രംകൊണ്ടു ന്യസിയ്ക്കണം. നടുവിൽ സ്വർണ്ണംകൊണ്ടുണ്ടാക്കിയ അതാതായുധങ്ങളും ന്യസിയ്ക്കണം.

20 ഗവ്യേന ഗണഗായത്ര്യാ പ്രോക്ഷ്യ
ഹുത്വാ നവാക്ഷരം-
മാതൃമന്ത്രാംശ്ച സഞ്ജപ്യന്യസേൽ
ഗർഭം വിധാനവിൽ

അനന്തരം ഗണഗായത്രികൊണ്ടു് പഞ്ചഗവ്യം തളിച്ച്, ഹോമം മുടിച്ച് നവാക്ഷരവും മാതൃമന്ത്രങ്ങളും ജപിച്ച് വിധിപ്രകാരം ഗർഭന്യാസം ചെയ്യുക.

21 പ്രാസാദബിംബേഷു കൃതേഷു സാങ്ഗേഷ്വഥ
പ്രതിഷ്ഠാദിവസേഷ്വതജ്ഞൈഃ
പ്രകല്പിതേ മണ്ഡലബീജവാപം പൃഥഗ്വിദ
ധ്യാദ്ഗുരു രൈശധാമ്നി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രാസാദങ്ങളും, ബിംബങ്ങളും പരിവാരങ്ങളോടുകൂടി പണിതീന്നാൽ മൌഹൂർത്തികന്മാരേക്കൊണ്ടു് മുഹൂർത്തം നിശ്ചയിച്ചു് തദനുസൃതമായി ഗുരു ഈശകോണിലെ മുളയറയിൽ പ്രല്ലാവക്കും വെവ്വേറെ മുളയിടുക.

22 ശിവസ്യാങ്കുരധാമ്ന്യേവ ശിവസ്യചരുരുദ്ഥിഷഃ
സ്വദിക്രമാൽ വിധേയം സ്യാന്മാതൃണാം
ചാങ്കുരാപ്പണം.

അവിടെ ശിവന്റെ മുളയറയിൽത്തന്നെ തന്റെ ദിക്ക്രമം അനുസരിച്ചു് തന്റെ തന്റെ സ്ഥാനത്തു് ശിവനും, രുരുജിത്തിനും മാതൃക്കൾക്കും മുളയിടുക.

23 ശൈവാനി ബീജാനി സരാജമാഷാണ്യ
ശ്യാമമാഷാണിനവൈവതുസ്യുഃ
സപ്താൎണ്ണതോ ദുഗ്ദ്ധസഗന്ധതോയൈഃ
സംക്ഷാളനം സ്യാദ്വപനംചസേകഃ

'തന്ത്രസമുച്ചയ'ത്തിൽ ശിവങ്കൽ പറഞ്ഞ മുളദ്രവ്യങ്ങളിൽ ശിവനും, രുരുജിത്തിന്നും മാതൃക്കൾക്കും വലിയ പയർ കൂട്ടുകയും, ഉഴുന്നും ചാമയും കൂട്ടാതെ ഇരിക്കുകയും ചെയ്തു് ഒമ്പതു ദ്രവ്യങ്ങൾ ആകുന്നു. പാലുകൊണ്ടും അഷ്ടഗന്ധജലംകൊണ്ടും കഴുകുവാനും വിതയ്ക്കുവാനും, നനയ്ക്കുവാനും സപ്താൎണ്ണംതന്നെ മന്ത്രം. പാലിക, ഘടിക, ശരാവം എന്നീ പാത്രങ്ങളിൽ യഥാക്രമം രുരുജിത്തു്, വീരഭദ്രൻ മാതൃക്കൾ എന്നിവരെ പൂജിക്കണം.

24 സപ്താൎണ്ണസ്യധ്രുവഃ ശക്തിർഹൃച്ചതുർത്ഥ്യ
ന്വിതാ ശിവാ
ശിവവൽ ബലികൎമ്മൈവം മാതൃണാമപികീർത്തിതം

'ഓം ഹ്രീം നമശ്ശിവായൈ' എന്നു് സപ്താൎണ്ണം. ബലി എല്ലാവക്കും ശിവങ്കലേപ്പോലെ.

25 ശിവൈകവേരീ മാതൃണാം സ്ഥാപനീയോ ƒ
ഗ്രതോ ധ്വജഃ
പ്രാക്തുര്യ്യേ ƒ ഹ്യധിവാസാഹ്നഃ കാര്യ്യോ
ബിംബപരിഗ്രഹഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശിവൻ, രുരുജിത്ത്, മാതൃക്കൾ ഇവരുടെ മുമ്പിൽ ധ്വജം നാട്ടി പൂജിച്ച് ബലിയും തൂകുക. അധിവാസദിനത്തിന്റെ നാലു ദിവസം മുമ്പ് ബിംബപരിഗ്രഹം ചെയ്യണം.

26 പ്രാസാദസംമുഖസുശായിത ബിംബദൃഷ്ടിം
ദൌഢ്യാന്നദിക്കൃതബലിസ്സപനീയ സൂച്യാ
ഉല്ലിഖ്യഹേമചഷകാഹിതമാക്ഷികാജ്യേ
നാഥോ വിധാപയതു തക്ഷകമ രക്ഷി മോക്ഷം

ബിംബപരിഗ്രഹത്തിങ്കൽ സാമാന്യമായിട്ടുള്ളതെല്ലാം മുമ്പേപ്പോലെ എന്നു ഗ്രഹിച്ചുകൊള്ളണം. വിശേഷത്തെ മാത്രമേ ഇവിടെ പറയുന്നുള്ളൂ. ബിംബത്തെ ശില്പി പ്രാസാദാഭിമുഖമായി ശയ്യയിൽ കിടത്തിയാൽ ആചാര്യൻ ഗണപതിപൂജാപൂർവ്വകം ചാതിച്ചിരിക്കുന്ന പൊന്നിങ്കിണ്ണവും സൂചിയുംകൊണ്ടു് തത്സമീപത്തുചെന്നു്, അവിടെ 'ദേവതാഭ്യഃ പിതൃഭ്യഃ' ഇത്യാദി മന്ത്രംകൊണ്ടു് കിഴക്കാദി ദിക്കുകളിൽ പാൽ കൂട്ടിയ ഹവിസ്സുകൊണ്ടു് ബലി തൂകി സ്വർണ്ണസൂചികൊണ്ടു് മധ്വാജ്യത്തെയെടുത്തു് നേത്രോല്ലേഖനം ചെയ്തു് ശില്പിയേക്കൊണ്ടു് കണ്ണുകരം മിഴിപ്പിക്കുക.

27 കല്പെത്തതൽപ്രാപ്പിതമഥഗൃഹീതോ്വാത്ത
മാങ്ങേഗ f സ്യ രാജീ-
ദൂർവ്വാപുഷ്പാക്ഷതമഭിനിധധ്യാൽ സ്വമന്ത്രേണമന്ത്രീ.
ശർവ്വേസ്യോദീരിത മഖിലമംബാസു സർവ്വംതദതച്ചാമുണ്ഡായാമിവ ചരതു ഭാവിക്രമാൽ സ്ഥാപിതാസു

പിന്നെ യജമാനൻ സമ്മാനങ്ങളും മററും കൊടുത്തു് സന്തോഷിപ്പിച്ചിരിക്കുന്ന ശില്പിയിൽനിന്നും ഏററുവാങ്ങിയിരിക്കുന്ന രുരുജിത്തിന്റെ ബിംബത്തെ ആചാര്യൻ ഗ്രഹിച്ചു അതിന്റെ ശിരസ്സിങ്കൽ കറുകയും, കടകം, പൂവ്വം, അക്ഷതവും മൂലംകൊണ്ടു് ന്യസിക്കുക. ശിവങ്കൽ മുമ്പു പറഞ്ഞിട്ടുള്ളതെല്ലാം ചെയ്യണം. ഭാവി പ്രതിഷ്ഠയിങ്കൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എപ്രകാരം വരുമോ അപ്രകാരം കിടത്തിരിരിക്കുന്ന മാതൃക്കളുടെ ബിംബങ്ങളിലും ഋരുജിത്തിങ്കൽ പറഞ്ഞവയെല്ലാം ചെയ്യുക.

28 സംപ്രോക്ഷ്യ മാക്ഷികയുതേന ഘൃതേനസിക്ത്വാ
സംശോധയേച്ച പയസാ ഭസിതേന ചൂർണ്ണൈഃ
ക്വാഥേനമൃത്ഭിരപി സാസ്ത്രനിജാണ്ഡജാപീ
ചൂർണ്ണൈശ്ചഗന്ധസലിലൈഃ കുശലഃ ക്രമേണ.

ബിംബത്തെ തളിച്ചു മധ്വാജ്യങ്ങൾ ആടി പാൽ, ഭസ്മം, ചൂർണ്ണം, കഷായം, മണ്ണുകൾ, ചൂർണ്ണം, അഷ്ടഗന്ധജലം എന്നിവകൊണ്ട് അസ്ത്രവും മൂലവും ജപിച്ചുകൊണ്ട് ശോധനചെയ്യുക

29 വടാമ്രോദുംബരാശ്വത്ഥമധൂകബ്രഹ്മബില്വജാഃ
ശിരീഷപനസോത്ഥേച ത്വചസ്തത്തോയജം പയഃ

പേരാൽ, മാവ്, അത്തി, അരയാൽ, ഇരിപ്പ, പ്ലാശ്, കൂവളം, നെന്മേനിവാക, പ്ലാവ് എന്നിവയുടെയാണ് തൊലികൾ, ഇവയുടെ കറയാണ് ഇവിടെ പാൽ എന്നു പറഞ്ഞിരിക്കുന്നതു്.

30 താഭിസ്ത്വഗ്ഭിഃ കൃതാശ്ചൂർണ്ണാഃ
ക്വാഥാംഭസ്തത്സുസാധിതം.
താഭിശ്ച സകരീഷാഭിഃ സുദഗ്ധം ഭസിതം സ്മൃതം.

ഈ തൊലികൾ ഉണക്കിപ്പൊടിച്ചതാണ് ചൂർണ്ണം, ഈ തൊലികൾ ഇടിച്ചിട്ടു വെന്ത വെള്ളമാണ് കഷായം, ഈ തൊലികൾ ചാണകം കൂട്ടി ഉണക്കി കത്തിച്ചുണ്ടാക്കിയതാണ് ഭസ്മം.

31 വൃഷേഭശൃംഗവല്മീകനദീതീർത്ഥചതുഷ്പഥാൽ
വേദ്യാശ്ച സൃമ്രൃദശ്ചൂർണ്ണാഃ
സ്വർണ്ണഗോധൂമശാലിഭിഃ

32 യവമുദ്ഗനിശാഭിശ്ച തതോ വാസോയുഗേനതൽ
ഗന്ധാദ്യൈ രപ്യലങ്കൃത്യ ബധ്വാകൌതുകമസ്ത്രതഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

33 നീരാജ്യനീത്വാ സലിലേ യഥാ
വിധ്യധിവാസയേൽ
ശിവേ സോക്തവദംബാസു ചാമുണ്ഡായാമിവക്രമഃ

കാളക്കൊമ്പ്, ആനക്കൊമ്പ്, പുററ്, നദി, തീർത്ഥം, നാല്ക്കൂട്ടപ്പെരുവഴി, അഗ്നിഹോത്രവേദി എന്നീ സ്ഥല ങ്ങളിലെ മണ്ണുകളാണ് മൃദ്രവ്യം.

സ്വർണ്ണം, ഗോതമ്പ്, നവരനെല്ല്, യവം, ചെറുപ യറ്, മഞ്ഞൾ ഇവയുടെ പൊടിയാണ് ഇവിടെ രണ്ടാമ ത്തേച്ചൂർണ്ണം. ശോധനാനന്തരം അഭിഷേകം ചെയ്ത് അല ങ്കരിച്ച് അസ്ത്രംകൊണ്ട് കൌതുകം കെട്ടി മൂടിക്കെട്ടി മാല ചാർത്തി നീരാജനമുഴിഞ്ഞു എഴുന്നെള്ളിച്ച് യഥാവിധി ജലാധിവാസവും ചെയ്യുക. ശിവങ്കൽ എല്ലാം 'തന്ത്രസമു ച്ചയോ'ക്തപ്രകാരവും മാതൃക്കൾക്ക് രുരുജിത്തിങ്കൽ പറ ഞ്ഞതുപോലേയും ചെയ്യുക.

34 രുദ്രാദിധാമ പരിഗൃഹ്യദിനേ തദഹേ സംശോധയേ
ദിഹസമൈവതുമുഷ്ടിരസ്ത്രം
രക്ഷോഘ്നവാസ്തുഹുത തൽബലയഃ ശിവ
സ്യൈവാംബാലയേ /പിവിനിയുജ്യത ഏവശേഷം

ഉചിതമായ ദിവസം ശിവൻ, രുരുജിത്ത്, മാതൃക്കൾ എന്നിവരുടെ പ്രാസാദങ്ങളേ പരിഗ്രഹിച്ച് പ്രാസാദശു ദ്ധി ചെയ്യുക. മുഷ്ടിയും അസ്ത്രവും എല്ലാവർക്കും ഒന്നുതന്നെ; രാക്ഷോഘ്നവാസ്തുഹോമങ്ങളും വാസ്തുബലിയും ശിവൻേറ തായിട്ടുതന്നെ മതി. രുരുജിത്ത്, മാതൃക്കൾ എന്നിവരുടെ ഗർഭഗൃഹങ്ങളിൽ സമ്പാതസ്പർശം വേണം. (അസ്ത്രകലശ വും, വാസ്തുകലശവും, പുണ്യാഹവും വെവ്വേറെയായിട്ടാണ് കാണുന്നത്. ഹോമം മാത്രം ശിവൻേറതും.)

35 സർവ്വം പൃഥഗ്യദി തു മാതരി മംഗ്ജാജ്യാ-
ന്നാജ്യം ശമീഘൃത ഹവിർഘൃതദൌർവ്വ്യ ഗവ്യം
സ്യാദ്ധോമയോ ശ്ചരമയോസ്തു മന്ത്രവാർണ്ണം
നബ്രഹ്മഭിസ്ത്വിഹ ഹുതം ജനനീഷ്വൈവം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എല്ലാം വെവ്വേറെ ചെയ്യുന്നുവെങ്കിൽ രുരുജിത്തിങ്കൽ ആദ്യത്തെ ഹോമത്തിങ്കൽ വിശേഷമൊന്നുമില്ല. രണ്ടാമത്തേതിന്ന് കറുക കഴിഞ്ഞാൽ പഞ്ചഗവ്യവും കൂടി ഹോമിക്കണം. കറുകക്കും പഞ്ചഗവ്യത്തിനും തന്റെ നവാർണ്ണമായ മൂലമാകുന്ന മന്ത്രം. ഇവിടെ പഞ്ചബ്രഹ്മംകൊണ്ടുള്ള ഹോമം വേണ്ട, മാതൃക്കൾക്കും ഇപ്രകാരമാകാം.

36 ശിവാദീനാംതു പുരതോ മണ്ഡപാഃ സ്യുർയ്യഥാഗമം.
തദീശദിങ്മണ്ഡപേഷു ബിംബശുദ്ധി ഘടാർച്ചനം.

ശിവാദികളുടെ മുൻഭാഗത്തു് ആഗമവിധിപ്രകാരം മണ്ഡപങ്ങൾ ഭവിക്കും, ആ മണ്ഡപങ്ങളുടെ ഈശകോണിൽ ബിംബശുദ്ധി കലശപൂജക്കുള്ള മണ്ഡപവും ഭവിക്കും

37 പഞ്ചൈക വീഥ്യാം നവവേതരാസുതു
പഞ്ചപഞ്ചാഥനവൈവതു സ്യുഃ
ദ്രവ്യാണിതാസുപ്രതിമാവിശുദ്ധൌശുദ്ധോദ
കാഢ്യാന്യപികേവലാനി

രുരുജത്തിങ്കലും, മാതൃക്കളിലും ബിംബശുദ്ധികലശത്തിന്ന് നവദ്രവ്യമായിട്ടും, പഞ്ചദ്രവ്യമായിട്ടും, ശുദ്ധജലത്തോടുകൂടിയിട്ടും, കൂടാതെ കേവലമായിട്ടും ആകാം.

38 ദിക്ഷുസ്യുഃ കഥിതം ഗവ്യം ഭസ്മമുന്മദ്ധ്യതഃ പുനഃ
രക്തചന്ദനസമ്മിശ്രമഷ്ടഗന്ധജലം ഭവേൽ.

കിഴക്കാദി ദിക്കുകളിൽ കഷായം, പഞ്ചഗവ്യം, ഭസ്മം, മുത്തുകൾ മദ്ധ്യത്തിൽ രക്തചന്ദനം അരച്ചുകലക്കിയ അഷ്ടഗന്ധജലവും.

39 ഗോമൂത്ര ക്ഷീരദദ്ധ്യാജ്യം ദിക്ഷു ഗവ്യംചമദ്ധ്യതഃ
മാതൄഷ്വേവമഥാവൃത്തിർന്നവധാമാതൃഷു ഭയോഃ

അഥവാ രുരുജിത്തിങ്കലും മാതൃക്കളിലും കിഴക്കാദി ദിക്കുകളിൽ ഗോമൂത്രം, പാൽ, തൈരു്, നെയ്യ്, മദ്ധ്യത്തിൽ പഞ്ചഗവ്യം ഇങ്ങിനേയും ആകാം. മാതൃക്കളിൽ ഒമ്പതായിട്ടു് ആവർത്തിക്കണമെന്നു വിശേഷം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

40 ദിക്ഷുകഷായാദി കോണേഷുഗോമൂത്രാദ്യദിതംക്രമാൽ
പഞ്ചഗവ്യം ഭവേന്മദ്ധ്യേ മാതൃഷ്വേതദവിധീയതേ

ദിക്കുകളിൽ കഷായാദി നാലും കോണുകളിൽ ഗോമൂത്രാദി നാലും മദ്ധ്യത്തിൽ പഞ്ചഗവ്യവും ഇങ്ങിനെ നവ ദ്രവ്യമായിട്ടും മാതൃക്കൾക്കു ആകാം.

41 ചന്ദനാഗരുചന്ദ്രാസൃഗ്രന്ഥികച്ചൂരരോചനാഃ
മാംസീചാശാസു മദ്ധ്യേ *f* മുന്യഷ്ടൌ മാതരിമാതൃഷു.

ചന്ദനം, അകിൽ, പച്ചക്കർപ്പൂരം, കുങ്കമം, തുണിയാങ്കം, കച്ചൂരിക്കിഴങ്ങ്, ഗോരോചനം, ജടാമാഞ്ചി ഇവ കിഴക്കാദി എട്ടു ദിക്കുകളിൽ ഓരോന്നും എട്ടുംകൂട്ടി മദ്ധ്യത്തിലും ന്യസിക്കുക. ഇതു് രുരുജിത്തിന്നും മാതൃങ്ങൾക്കും തുല്യമാണ്.

42 പഞ്ചകം നവകം വാപിസർവ്വൈരപ്യഷ്ട ഗന്ധകൈഃ
ഭൈരവ്യാം പൂരയേന്മാതൃഷ്വേതന്നവകമേവതു.

രുരുജിത്തിന്ന് എല്ലാ അഷ്ടഗന്ധങ്ങളെക്കൊണ്ടും നിറച്ച് പഞ്ചകമോ നവകമോ ആയിട്ടു് ബിംബശുദ്ധികലശം പൂജിയ്ക്കാം. മാതൃക്കൾക്കു നവകംതന്നെ വേണം.

43 സപ്തദശദ്രവ്യന്യായേ നാധായാബ്ജമത്ര പൂരയതു
ശുദ്ധജലാഢ്യം നവകം പഞ്ചകമിഹ
കോണഖണ്ഡഹാനേന,

സപ്തദശദ്രവ്യന്യായേന പത്മമിട്ടു് ശുദ്ധജലത്തോടു കൂടുംവണ്ണം ഒമ്പതു നവകങ്ങളെ പൂജിക്കുക. ഇവിടെ കോണഖണ്ഡങ്ങൾ തുടച്ചാൽ പഞ്ചകമാക്കാം.

44 പഞ്ചപ്രണവമന്ത്രസ്യവർണ്ണൈഃ പഞ്ചകപൂരണം
നവാർണ്ണവർണ്ണൈ ദ്രവ്യാണാം നവകം
പൂരയേൽക്രമാൽ

പഞ്ചപ്രണവത്തിൻെറ ഓരോ അക്ഷരംകൊണ്ടു് പഞ്ചകവും, നവാർണ്ണത്തിൻെറ ഓരോ അക്ഷരംകൊണ്ടു് നവകവും നിറയ്ക്കുക. മാതൃക്കൾക്കു് അവരവരുടെ നവാർണ്ണം വേണം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

45 വാക്ശക്തിരിന്ദിരാ വ്യോമ ജീവ
ഹാഗ്ന്യേലവാന്വിതം
ജീവസൎഗ്ഗാന്വിതം വ്യോമപഞ്ചപ്രണവകോമനു:

'ഐം ഹ്രീം ശ്രീം ഹ്സ്ഫ്രേം ഹ്സഃ' എന്നാണു് പഞ്ചപ്രണവമന്ത്രം.

46 ഭൈരവ്യാം താം സമാവാഹ്യ പൂജയേ ദഥമാതൃഷു
സ്വാച്ഛാന്യാസക്രമേണൈനാഃ
സമാവാഹ്യപൃഥഗ്യജേൽ.

രുരുജിത്തിങ്കൽ രുരുജിത്തിനേയും മാതൃക്കളിൽ അവരവരുടെ പൂജയിങ്കൽ പറയുന്ന പ്രകാരം മാതൃക്കളേയും ആവാഹിച്ചു പൂജിയ്ക്കുക.

47 മാതരിസ്വേന ഹുത്വാജ്യം മന്ത്രേണ
സ്വൈശ്ചമാതൃഷു
സിക്ത്വാകുംഭേഷു സമ്പാതം
പൂൎവ്വേദ്യുരധിവാസയേൽ

രുരുജിത്തിങ്കൽ അധിവാസഹോമം ചെയ്തു് തന്റെ മൂലംകൊണ്ടു് നൂറെറട്ടുരു ആജ്യാഹുതി ചെയ്തു് സമ്പാതം സ്പൎശിച്ചു് മൂടി രക്ഷിയ്ക്കുക. മാതൃക്കളിലും ഇപ്രകാരം ഹോമം ചെയ്തു് അവരവരുടെ മൂലംകൊണ്ടു് ആജ്യാഹുതികൾ ചെയ്തു് സമ്പാതം അതാതു കലശങ്ങളിൽ ആക്കി തലേദിവസം അധിവസിയ്ക്കുക.

48 പരേദ്യവിശിവേƒംബായാമംബാ
സ്വപി ശിവോക്തവൽ
സൂത്രസ്രഗ്വേഷ്ടനാദ്യാംതു കുൎയ്യാന്മ
ണ്ഡപ സംസ്ക്രിയാം

പിറേറ ദിവസം ശിവനും, രുരുജിത്തിന്നും, മാതൃക്കൾക്കും ശിവനു പറഞ്ഞപോലെ നൂലുമാല ചുററുക തുടങ്ങിയുള്ള മണ്ഡപസംസ്കാരത്തെ ചെയ്യുക.

49 മഹാവിദ്യാംച ഗായത്രീം നവാൎണ്ണാംച ദശാക്ഷരം,
യുഞ്ജ്യാദാദൌ ക്രമാദ്ദേവ്യാം നാസ്താമന്തേ നവാക്ഷരം,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

50 തൈമ്മന്ത്രൈഃ സ്ഥാപയേദ്ദിക്ഷു മന്ത്രീ
 പ്ലാക്ഷാദിതോരണാൻ
ഭദ്രകോമള സുഗ്രീവ വീരഭദ്രാസ്തദീശ്വരാഃ

അനന്തരം ഇത്തി മുതലായ തോരണങ്ങളേ 'ഭദ്രായ നമഃ കോമളായ നമഃ സുഗ്രീവായ നമഃ, വീരഭദ്രായ നമഃ' എന്നീ മന്ത്രങ്ങളേക്കൊണ്ട് യഥാക്രമം നാട്ടുക അവിടെ കിഴക്ക് 'മഹാവിദ്യായൈ നമഃ', തെക്ക് ഗായത്രി, പടിഞ്ഞാറ് നവാർണ്ണം, വടക്ക് ദശാർണ്ണം ഇവ ഓരോന്ന് ആദിയിൽ കൂട്ടുകയും ഒടുവിൽ എല്ലാററിനും നവാർണ്ണം കൂട്ടുകയും വേണം. ഇങ്ങിനെ രുരുജിത്തിങ്കലേത്.

51 ശൂലാനിയോജയേൽ പൂർവ്വമേഷാം
വിധാം സ്രുീവർണ്ണതഃ
തത്തന്നാമാന്തതോ മാതൃഷ്വിന്ദ്രാ
ണ്യായോജ്യതാംമനുഃ

'ഐം ഹ്രീം ശ്രീം' എന്നു ചൊല്ലി ശൂലത്തെ യോജിപ്പിച്ച് മാതൃക്കൾക്ക് കിഴക്കാദി ദിക്കുകളിൽ 'മഹാവിദ്യായൈ നമഃ' എന്നും, ഗണഗായത്രി, നവാക്ഷരം, ദശാക്ഷരം എന്നിവ യഥാക്രമം അതാതു ദിക്കിലേതും, പിന്നെ ഭദ്രാദി നാമവും ഒടുവിൽ ഇന്ദ്രാണിയുടെ നവാക്ഷരവും കൂട്ടി പ്രതിഷ്ഠിയ്ക്കുക.

52 കോടരാക്ഷീ വിശാലാക്ഷീ മുക്തകേശീ വിഭീഷണീ
ശുഷ്ജാക്ഷീ വ്യോമരൂപാച
സഹസ്രാക്ഷീ കളേബരീ

53 പൂർവ്വാഗ്നേയാദികേഷുനാമധിഷ്ഠാത്ര്യഃ ക്രമാദിമാഃ
വീരഭദ്രേശ്വരാവൃദ്ധ്കേതാവീശദിഗാശ്രിതേ.

'കോടരാക്ഷ്യൈ നമഃ, വിശാലാക്ഷ്യൈ നമഃ മുക്തകേശ്യൈനമഃ, വിഭീഷണ്യൈനമഃ' ശുഷ്ജാക്ഷ്യൈ നമഃ, വ്യോമരൂപായൈ നമഃ, സഹസ്രാക്ഷ്യൈ നമഃ, കളേബയ്യൈ നമഃ' എന്നിങ്ങനെ ധ്വജദേവതകൾ എട്ടുമാകുന്നു. ഈശകോണിൽ കൂട്ടതലുള്ള ഒന്നിങ്കൽ' വീരഭദ്രായ നമഃ ഈശ്വരായ നമഃ' എന്നും വേണ്ടം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

54 സ്വനാമഭിന്നവാർണ്ണാന്തൈരേതൈഃ
സ്ഥാപ്യാനവധ്വജാഃ
തോരണേഷു തദീശാ സ്യുഃ പൂജ്യാഃ കേതുഷുചക്രമാൽ

ഇങ്ങിനെ അതാതു് അധിദേവതയും നവവർണ്ണവും കൂട്ടി ഒമ്പതു ധ്വജങ്ങളും പ്രതിഷ്ഠിയ്ക്കുക. തോരണങ്ങളിൽ തോരണദേവതകളേയും ധ്വജങ്ങളിൽ ധ്വജദേവതകളേയും ആവാഹിച്ചു പൂജിയ്ക്കണം.

55 ദ്വയേഭ്യശ്ച ബലിം ദദ്യാൽ ദിക്പ്പേ
ഭ്യശ്ചാഷ്ടദിക്ഷ്വപി
ദ്വൌ ദ്വൌ ദക്ഷിണവാമാസ്യ
ദ്വാരശാഖാസു പൂജയേൽ.

56 പൂർവ്വാദിദ്വാർഷു മന്ത്രജ്ഞോ
മണ്ഡപാളിന്ദഗോ ഗുരുഃ
രക്ഷകോ ഹരിഭദ്രശ്ച യമശ്ചൈവ യമപ്രിയഃ

57 ശ്വേതശ്ചപിങ്ഗലശ്ചൈവയുഗളഃ കുംഭകർണ്ണകഃ
ദ്വേ ദ്വേ ച ദ്വാര ഘടയോർയ്യജേ
ദ്ദൃക്തക്രമാദിമാഃ

അനന്തരം തോരണദേവതകൾക്കും, ധ്വജദേവതകൾക്കും, ഇന്ദ്രാദിദിക്പാലന്മാർക്കും ബലിയും തൂകുക. അനന്തരം ഗുരു മണ്ഡപത്തിന്റെ ഇടനാഴികയി (അളിന്ദത്തി) ങ്കലിരുന്നു് കിഴക്കാദി ദ്വാരങ്ങളിൽ വലത്തു്, എടത്തു് ക്രമത്തിൽ ദ്വാരകലശങ്ങളേ പൂജിയ്ക്കുക. 'രക്ഷകായ നമഃ ഹരിഭദ്രായ നമഃ; യമായ നമഃ, യമപ്രിയായ നമഃ; ശ്വേതായ നമഃ, പിംഗലായ നമഃ, യുഗളായ നമഃ, കുംഭകർണ്ണായ നമഃ' ഈ മന്ത്രങ്ങൾ യഥാക്രമം ഈരണ്ടെണ്ണം ഓരോ ദിക്കിലേയ്ക്കുമായി പത്മങ്ങളിട്ടു പൂജിയ്ക്കുക. ദ്വാരകലശപൂജയും ഇപ്രകാരംതന്നെ ചെയ്യുക.

58 കുംഭീ ചൈവ നികുംഭീചമഹാകുംഭീച കുംഭികാ-
ഹർഷിണീച ഹയഗ്രീവീ സുഗ്രീവീ ഭീമലോചനാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

'കുംഭ്യൈ നമഃ, നികുംഭ്യൈ നമഃ, മഹാകുംഭ്യൈ നമഃ, കുംഭികായൈ നമഃ, ഹസ്തിന്യൈ നമഃ, ഹയഗ്രീവ്യൈ നമഃ സുഗ്രീവ്യൈ നമഃ, ഭീമലോചനായൈ നമഃ' എന്നിങ്ങനെ ദ്വാരകലശദേവതകൾ.

59 പൂജ്യാസ്തോരണ ക്ഷോണ്ഡ്ഘ്രി
മൂലസ്ഥ കലശേഷ്വിമാഃ
സഹസ്രവീചി വിമലാ ശതധാരാപ്രമോദിനീ

കിഴക്കാദിയായിട്ട് വലത്തേ (അതായത്ത് തെക്കേ) ക്കട്ടിളക്കാലുകളുടെ ചുവട്ടിൽ 'സഹസ്രവീച്യൈ നമഃ, വിമലായൈനമഃ, ശതധാരായൈ നമഃ, പ്രമോദിന്യൈ നമഃ' എന്നീ മന്ത്രങ്ങൾകൊണ്ട് തോരണകലശങ്ങളും പൂജിയ്ക്കുക.*

60 മുഷ്ടി ശകൃദപ്പണഃ സ്യാൽഗായത്രീ
രാജീവികിരയോരസ്ത്രം
തത്വാനി പഞ്ചഗവ്യേ പഞ്ചപ്രണവോ ƒ ഥ
ഗന്ധസലിലാദൌ.

മുഷ്ടിയ്ക്കും ഗോമയജലത്തിന്നും ഗായത്രി, കടുകിനും വികിരത്തിന്നും അസ്ത്രം, പഞ്ചഗവ്യത്തിന് പഞ്ചതത്വം, അഷ്ടഗന്ധജലത്തിന്നും ദർഭാഗ്രപുഷ്പാക്ഷതത്തിന്നും പഞ്ചപ്രണവം എന്നിങ്ങനെ മന്ത്രങ്ങളാകുന്നു.

61 കുംഭേശേ ƒ ഖില തത്വാനാം
ത്രിതത്വം ശിവഋജ്യതാം
വർദ്ധന്യാമസ്ത്രമാഘോരമന്യൽ സർവ്വം ശിവോദിതം.

കുംഭേശ പൂജക്ക് എല്ലാം ശൈവമായിട്ടു ചെയ്യുക. ശിവനെത്തന്നെ ആവാഹിച്ചു പൂജിച്ചാൽ മതി. കർക്കരീ പൂജക്ക് 'ഓം ഹ്രീം സ്ഫുരസ്ഫുര' ഇത്യാദി അഘോരമന്ത്രം വേണം. മറെറല്ലാം ശിവകലശംപോലെ.

62 ശയ്യാഗ്രേ ഘൃതകുണ്ഡമത്ര ജനയേ
ദഗ്നിം യഥോക്തക്രമാ
ന്മൂലാദ്യൈർന്നവ തത്ക്രിയാ ഉപനയാന്താ
മൂല പൂർണ്ണാനവിതാഃ

---

* തെക്കുപടിഞ്ഞാറും, പടിഞ്ഞാറുവടക്കും, വടക്കുകിഴക്കും കട്ടിലക്കാലുകളുടെ ചുവട്ടിൽ എന്നർത്ഥം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഷഡധ്വർണ്ണേന നിജേന ഭൈരവശിവം
തസ്മിന്നഭിഭാവ്യാച്ച്യതം
ഭൈരവ്യാം പ്രണവാദിഭിർഘൃതഹുതിം
കൃത്വാപ്രതോഷ്യാവതു

അഗ്നിജനനത്തിനു രുരുജിത്തിങ്കൽ തന്റെ ശിരസ്ഥാനകുണ്ഡത്തിൽ യഥാവിധി അഗ്നിജനനം ചെയ്യണം. മൂലാക്ഷരങ്ങൾ ഒമ്പതുകൊണ്ടു് ഉപനയനം കഴിവോളമുള്ള ഒമ്പതു ക്രിയകൾ ചെയ്യണം. പൂർണ്ണാഹുതിയ്ക്കു് മൂലമാകുന്നു. അഗ്നിയിങ്കൽ പൂജയ്ക്കു് ഓം നമശ്ശിവായ' എന്ന മൂലംകൊണ്ടു ഭൈരവശിവനെ ആവാഹിച്ചു പൂജിച്ചു് പ്രണവവ്യാഹൃത്യാദി ആജ്യാഹുതി മുതലായവയെല്ലാം സാധാരണപോലെ ചെയ്യുക.

63 ചതുരശ്രഭഗാഭ കാർമ്മുകാഭാന്യനലാശ്രം
പരിവൃത്തുളംഷഡശ്രം
കമലാഭമഥാഷ്ടകോണമേവം പരികുണ്ഡാ
നിഭവേയുരഷ്ടദിക്ഷു.

കിഴക്കാദി എട്ടുദിക്കുണ്ഡങ്ങളുടെ ആകൃതി ചതുരശ്രം, യോന്യാകാരം, അർദ്ധചന്ദ്രാകൃതി, ത്ര്യശ്രം, വൃത്തം, ഷഡശ്രം, അഷ്ടദളാകാരം, അഷ്ടകോണാകാരം എന്നിങ്ങനെയാകുന്നു.

64 അംബാസുരശോഷേ ƒ നല ആദികുണ്ഡേ
ജന്യോനവേന്ദ്രാണ്യർണവർണ്ണകൈഃ സ്യുഃ
ക്രിയാസ്വപൂർണ്ണാ അഥഭൈരവേജ്യാദ്യശേഷ
മാധായ സുതോഷ്യരക്ഷേൽ.

മാതൃക്കൾക്കു് ശോഷസ്ഥാനത്തുള്ള പ്രധാന കുണ്ഡത്തിൽ ഇന്ദ്രാണിയുടെ നവാർണ്ണത്തിന്റെ ഓരോ അക്ഷരംകൊണ്ടു് ഉപനയനാന്തം ഒമ്പതു ക്രിയകളെച്ചെയ്യണം; പൂർണ്ണാഹുതിയ്ക്കു് ഇന്ദ്രാണിയുടെ മൂലം ആകുന്നു അഗ്നിയിങ്കൽ ഭൈരവശിവനെ ആവാഹിയ്ക്കു തുടങ്ങി എല്ലാം രുരുജിത്തിങ്കലേപ്പോലെ ചെയ്യുക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

65 പ്രാക്പ്രത്യഗ്ദ്വാരേ ഗൃഹേ തദ്ദിഗഗ്രാ
ശയ്യാകാര്യാ മണ്ഡപേ ദക്ഷിണാർദ്ധേ
ദക്ഷോദഗ്ദ്വാരേ ƒ പി സാതദ്ദിഗഗ്രാ
പൂർവ്വാർദ്ധേ സ്യാന്മണ്ഡലം ചേതരാർദ്ധേ

'വജ്രപഞ്ജരമദ്ധ്യഗതേ ഐം ഐം ക്രോം നിത്യമദദ്രവേ ഹ്രീം വജ്രേശ്വരി സമയവിദ്യാദേവി ശ്രീപാദുകാം പൂജയാമി.'

'ഐം ഐം ഐം ഭഗഭഗേ ഭഗിനി ഭഗോദരി ഭഗമാലേ ഭഗവാഹേ ഭഗഗുഹ്യേ ഭഗയോനി ഭഗനിവാസിനി സര്വ്വഭഗവശങ്കരി ഭഗരൂപേ നിത്യക്ലിന്നേ ഭഗസ്വരൂപേ സര്വ്വാണി സർവ്വഭഗാനി മേ ഹ്യാനയാനയ വരദേ രതേ സുരതേ ഭഗക്ലിന്നേ ക്ലിന്നദ്രവേ ക്ലേദയ ദ്രാവയ അമോഘേ ഭഗവിച്ചേക്ഷുഭഗേ ക്ഷോഭയ സര്വ്വതത്വഭഗേശ്വരി ഐം ബ്ലൂം ജം ബ്ലൂം ഭോം ബ്ലൂം മോം ബ്ലൂം ഹ്രേം ബ്ലൂം ക്ലിന്നേ സർവ്വാണി ഭഗാനി മേ വശമാനയ ശ്രീം സ്ത്രീം ഹരവലയേ ഹ്റീം ദഗമാലിനി സമയവിദ്യാദേവി ശ്രീ പാദുകാം പൂജയാമി.'

'ഐം ഹ്റീം ശ്രീം ഹം സഃ ക്ലീം ഭഗവതി ബ്ലൂം നിത്യകാമേശ്വരി ശ്രീം സ്ത്രീം സര്വ്വതത്വവശങ്കരി സാ ശ്രീം ത്രിപുരഭയങ്കരി ഐം വിച്ചേ ഹ്റീം ത്രിപുരസുന്ദരി സമയവിദ്യാദേവി ശ്രീ പാദുകാം പൂജയാമി'

38 വീരഭദ്രാദി വിഘ്നാന്താൻ നവാധാരേഷു മന്ത്രവിൽ
വിഭാവ്യ മനസേഷ്വാവാ മന്ത്രജാപോ *f* യമിഷ്യതേ.

നവാധാരങ്ങളിൽ വീരഭദ്രാദി ഗണപത്യന്തം ആകും വണ്ണം മാതൃക്കളെ ന്യസിച്ച് മാനസപൂജ ചെയ്ത് മൂലം ജപിയ്ക്കുകയും ആകാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

39 താരഃ ശക്തിഃ സ്വാദിവർണ്ണസ്സബിന്ദു
സ്ത്ര്യർണ്ണോ ങേ ന്തോ ഹൃച്ചദേവ്യാം നവാർണ്ണഃ
ങേ സ്ഥാനേ വിച്ചേ f ഥവാ നാദിതാരഃ
സ്വാഖ്യാ ദേവ്യാ ഭദ്രകാള്യേ വവാസ്യാൽ.

മുമ്പു പറഞ്ഞ മൂന്നു മൂലമന്ത്രങ്ങളിൽ 'ചാമുണ്ഡാ' സ്ഥാനത്തു് 'ഭദ്രകാളീ' പദമായിട്ടും ആകാം. 'ഓം ഹ്റീം ഭം ഭദ്രകാള്യൈ നമഃ, ഓം ഹ്റീം ഭം ഭദ്രകാളിവിച്ചേ നമഃ, ഓം ഹ്റീം ഭം ഭദ്രകാള്യൈ വിച്ചേ നമഃ' എന്നിങ്ങനെ.

40 ശക്ത്യാ ഷഡ്ദീർഘാഢ്യായാംഗാനി ഷട്സ്യുഃ
സ്വാഖ്യാ ജാത്യാ സ്യാത്തുവാ ത്ര്യർണ്ണയോഗഃ
ശക്തിശ്ചഷിഃ സ്യാദ്ബൃഹത്യസ്യ ഭ്രയ
ച്ഛന്ദശ്ചാമുണ്ഡാദിതാ ദേവതാച.

ഹ്റാമാദ്യംഗമായിട്ടോ അഥവാ 'ഹ്റാം ചാമുണ്ഡേ ഹൃദയായ നമഃ' ഇത്യാദി 'ചാമുണ്ഡേ' എന്നു കൂട്ടിട്ടോ അംഗങ്ങളാം ഭവിയ്ക്കും. 'ശക്തിഃ ഋഷിഃ, ബൃഹതീച്ഛന്ദഃ ചാമുണ്ഡാദേവതാ' എന്നിങ്ങനെയും

41 സഞ്ജീവനി ദ്വയം വാഹൃദൂർദ്ധ്വകേശിശിരഃ ശിഖാ
ജ്വലിത ശിഖിശിഖേ ചാനാദി
ബോധാചണ്ഡേനവിതാ

42 സഹസ്രപരിവർത്തിന്യസ്യ വർമ്മനയനം പുനഃ
താരാക്ഷീത്യപി ചാസ്യാസ്ത്രം
മാരണിദ്വിതയം ഭവേൽ

43 പ്രാഗ്വ്യോജ്യം ധ്രുവചാമുണ്ഡേ
പശ്ചാദാഖ്യാച ജാതിയുക്
പുരോക്താ ഏവമാതൃണാം മന
വോങ്ഗാന്യപിക്രമാൽ

'ഓം ചാമുണ്ഡേ സഞ്ജീവനി സഞ്ജീവനി ഹൃദയായ നമഃ, ഓം ചാമുണ്ഡേ ഊർദ്ധ്വകേശി ശിരസേ സ്വാഹാ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഓം ചാമുണ്ഡേ ജ്വലിതശിഖി ശിഖേ അനാദി ബോധായൈ ശിഖായൈ വഷൾ, ഓം ചാമുണ്ഡേ സഹസ്രപരിവത്തിനി കവചായ ഹും, ഓം ചാമുണ്ഡേ താരാക്ഷി നേത്രത്രയായ വൌഷൾ, ഓം ചാമുണ്ഡേ മാരണിമാരണി അസ്ത്രായ ഫൾ' ഇങ്ങനേയും അംഗങ്ങളാകാം. മാതൃക്കളുടെ മന്ത്രവും അംഗവും മുമ്പു പറഞ്ഞവതന്നെ. അഥവാ പറയാൻ പോകുന്ന നവാക്ഷരവുമാം.

44 ശക്തിഃ സ്വാദ്യക്ഷരം ബീജം ങേ ƒ ന്താ
സ്വാഖ്യാ ഹൃദേവച
യോജ്യം സപ്തസു വിച്ചേ ചനവാൎണ്ണാ നവസു സ്മൃതാഃ

1. 'ഹ്റീം വീം വീരഭദ്രായ വിച്ചേ നമഃ, 2. ഹ്റീം ബ്രൂം ബ്രഹ്മാണ്യൈ വിച്ചേ നമഃ, 3. ഹ്റീം മാം മാഹേശ്വര്യൈ വിച്ചേ നമഃ, 4. ഹ്റീം കൌം കൌമാര്യൈ വിച്ചേ നമഃ, 5. ഹ്റീം വൈം വൈഷ്ണവ്യൈ വിച്ചേ നമഃ, 6. ഹ്റീം വാം വാരാഹ്യൈ വിച്ചേ നമഃ, 7. ഹ്റീം ഇം ഇന്ദ്രാണ്യൈ വിച്ചേ നമഃ, 8. ഹ്റീം ചാം ചാമുണ്ഡ്യൈ വിച്ചേ നമഃ, 9. ഹ്റീം ഗം ഗണപതയേ വിച്ചേ നമഃ' ഇവ മാതൃക്കളുടെ നവാൎണ്ണങ്ങളാകുന്നു. ഇവയിൽ ഒമ്പതക്ഷരം ആക്കുവാൻ ഒടുവിലെ 'നമഃ' എന്നു ഒഴിവാക്കുകയോ ആദിയിൽ പ്രണവം കൂട്ടുകയോ ചെയ്തുകൊള്ളണം. 1-ൽ 'നമഃ' ഒഴിവാക്കണം. 3-ൽ നമഃ ഒഴിവാക്കുകയും ആദ്യം പ്രണവം കൂട്ടുകയും വേണം. ശേഷ്യം ഊഹിച്ചുകൊള്ളുക.*

45 ഗുരുദീരിതതരീത്യൈവ കത്തവ്യം ദരപൂരണം
ഉല്ലലാദി ചതുയ്യുക്തമാത്മാരാധനമേവച.

ഗുരു പറഞ്ഞിട്ടുള്ളതുപോലെ ശംഖ പൂരണം ചെയ്തു് ആത്മാരാധന ചെയ്യുമ്പോൾ 'ഉല്ലലദ്വയം കല്പയാമി, കണവീരദ്വയം കല്പയാമി, പത്മദ്വയം കല്പയാമി, ഷൾക

---

* ഇതിൽ വീരഭദ്രനും. ഗണപതിയ്ക്കും ഹ്രീം കാരവും, വിച്ചേ [illegible] ധാനത്തിൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar.

Digitized by Arya Samaj Foundation Chennai and eGangotri

സുമാനി കല്പയാമി' അശേഷ കുസുമാനികല്പയാമി എന്നി ങ്ങനെ വിശേഷം വേണം.

46 ഐശേ ഗുരുൻ ഗണപതിം ദഹനേ നിരൃത്യാം
മാതൄഃ പ്രപൂജയതു ഗന്ധവഹേ ചദുർഗ്ഗാം
ക്ഷേത്രാധി പാലമഥ ശാങ്കര ഇന്ദ്രഭാഗേ
കല്പദ്രുമം ഗണപതേഃ സവിധേ പ്രദീപം.

ഈശകോണിൽ 'ഗും ഗുരുഭ്യോ നമഃ' അഗ്നികോണിൽ 'ഗം ഗണപതയേ നമഃ' നീരൃതികോണിൽ 'മാതൃഭ്യോ നമഃ' വായുകോണിൽ 'ദുർഗ്ഗായൈ നമഃ' ഈശകോണിൽ 'ക്ഷം ക്ഷേത്രപാലായ നമഃ' കിഴക്ക് 'കല്പകവൃക്ഷായ നമഃ' അഗ്നികോണിൽ 'പ്രദീപായ നമഃ' എന്നിങ്ങനേയും

47 ശൈവം പീഠം പ്രപൂജ്യാത്ര ചതുഷ്പീഠം ക്രമാദ്യജേൽ
സമഷ്ടിം ച മഹാപ്രേതം രുദ്രാകാരം ചമന്ത്രവിൽ.

പിന്നെ ശൈവമായിട്ടുള്ള പീഠത്തെപ്പൂജിച്ച് ചതുഷ്പീഠത്തേയും പിന്നെ മന്ത്രജ്ഞനായ ആചാര്യൻ മഹാപ്രേതമായും രുദ്രാകാരമായുമിരിയ്ക്കുന്ന സമഷ്ടിമന്ത്രത്തേയും പൂജിയ്ക്കുക. ചതുഷ്പീഠമന്ത്രങ്ങൾ:—'ഓം ഐം ക്ലീം സൌഃ ഓഡ്യാണ പീഠായ നമഃ, ഓം ഐം ജാലന്ധര പീഠായ നമഃ, ഓം ക്ലീം പൂർണ്ണഗിരി പീഠായ നമഃ, ഓം സൌഃ കാമരൂപ പീഠായ നമഃ' എന്നും സമഷ്ടി മന്ത്രം: 'ഓം ഹ്റീം ചാമുണ്ഡേ പരായൈ അപരായൈ പരാപരായൈ ഹ്സൌഃ സദാശിവ മഹാപ്രേത പത്മാസനായ വിച്ചേ നമഃ' എന്നും ആകുന്നു.

48 മൂർത്തിം പ്രകല്പ്യ ജിനവർണ്ണയുതേന മൂലേ-
നാവാഹ്യ താം സകളയേല്ലി പിതത്വപൂർവ്വൈഃ
ന്യാസൈഃ ഷഡംഗഭിരപീഹച പൂർവ്വമുക്തൈ
ർധ്യാത്വാ ജിനാർണ്ണമനനാർപ്പയതുപഹാരാൻ.

മൂർത്തികല്പിച്ച് പ്രണവോപചാര മൂലങ്ങളേക്കൊണ്ട് രുദ്രജിത്തിനെ ആവാഹിച്ച് ലിപിതത്വാദിയം ഷഡംഗ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ങ്ങളും ആയ മുൻപറഞ്ഞ ന്യാസങ്ങളും ചെയ്തു സകളീകരിച്ച് ഗായത്രികൊണ്ടു് ഉപഹാരങ്ങളേകൊടുക്കുക. ഇവിടെ ഉപചാരം ഗായത്രിയാകുന്നു.

49 'ശംഭുസ്ഥാ ശശലക്ഷ്മഖണ്ഡവിലസൽ
കോടീരചൂഃഡോജ്ജ്വലാ
ബിഭ്രാണാകരപങ്കജൈർഗ്ഗുണ
സൃണീശൂലം കപാലം തഥാ
മുണ്ഡസ്രക് പരിമണ്ഡിതാത്രിനയനാ
രക്താങ്ഗരാഗാംശുകാ
സർവ്വാലങ്കരണോജ്ജ്വലാ ശിതിനിഭാവഃ
പാതു നിത്യം ശിവാ'

50 'സദ്യഃ സങ്ഗര സംഗതാ സുരശിരഃ
ശ്രേണീഭിരാസ്രോൽബണൈ-
രാബധ്യ സ്രജമുത്തരീയമനയാ
സംബിഭ്രതീം സാദരം
ദോർഭിഃ ഖേടകപാലപന്നഗ മഹാ
ഘണ്ടാശുഭം കാരികാം
ഖട്വാങ്ഗത്ര ശിഖാന്നസിംച ദധതീം
വന്ദേ മഹാഭൈരവീം.

ഈ രണ്ടും ധ്യാനശ്ലോകങ്ങളാകുന്നു. ഇവയിൽ ഒന്നു് ഇഷ്ടംപോലെയെടുക്കാം ആദ്യത്തേതിനു് 'ശംഭ്രത്ഥാ' എന്ന പാഠഭേദമനുസരിച്ചുള്ള സാരത്തെ ഇവിടെ പറയുന്നു. 'ശംഭുസ്ഥാ' എന്നതിൻെറ അർത്ഥം പറയുക എളുപ്പമല്ല— ശിവങ്കൽനിന്നു് ഉണ്ടായവളും, ചന്ദ്രക്കല ചൂടിയവളും, പാശം, അങ്കുശം, ശൂലം, കപാലം (പാശായ നമഃ, അങ്കുശായ നമഃ, ശൂലായ നമഃ കപാലായ നമഃ) എന്നീ ആയുധങ്ങളെ ധരിച്ചവളും, തലയോടുകളേക്കൊണ്ടുള്ള മാല ചാർത്തിയവളും മൂന്നു് തൃക്കണ്ണുകളോടു കൂടിയവളും ചുവന്ന കുറിക്കൂട്ടുകളും വസ്ത്രവും അണിഞ്ഞവളും, മറെറല്ലാ അലങ്കാരങ്ങളോടുകൂടിയവളും കറുത്ത നിറവുമായിരിയ്ക്കുന്നവളുമായ ഭദ്രകാളി നിങ്ങളെ രക്ഷിയ്ക്കട്ടെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രണ്ടാമത്തേതിന്ന്—പെട്ടെന്ന യുദ്ധത്തിന്നു വന്ന അസുരന്മാരെക്കൊന്നു് ചോര പുരണ്ട കൈകളാൽ അവരുടെ ശിരസ്സുകളെ മാലയാക്കിക്കെട്ടി ഉത്തരീയംപോലെ ധരിച്ചവളും കൈകളിൽ പരിച, കപാലം, പന്നഗം, വലിയ മണി, ദാരുകശിരസ്സ്, ഖട്വാംഗം, ശൂലം, വാരം എന്നിവ ധരിച്ചിരിയ്ക്കുന്നവളുമായ മഹാഭൈരവിയേ ഞാൻ വന്ദിയ്ക്കുന്നു.

51 പാദ്യമർഘ്യം തഥാചാമം മധുപർക്കം പുനശ്ചതൽ
സ്നാനവസ്ത്രോത്തരീയാണി ഭൂഷണാനിയഥാക്രമം.

52 ജലം ഗന്ധം ച പുഷ്പംച ധൂപം ദീപം നിവേദ്യകം
പ്രണാമം ച സ്വഗായത്ര്യാദദ്യാദ്ദേവ്യൈ സമാഹിതഃ

അനന്തരം സമാഹിതനായിരിയ്ക്കുന്ന ഗുരു ഗായത്രി ചൊല്ലി പാദ്യം, അർഘ്യം, ആചമനീയം, മധുപർക്കം, പുനരാചമനീയം, സ്നാനം, വസ്ത്രം, ഉത്തരീയം, ഭൂഷണം, ജലം, ഗന്ധം, പുഷ്പം, ധൂപം, ദീപം, നിവേദ്യം, നമസ്കാരം എന്നിവയേ കൊടുക്കുക.

53 അങ്ഗാവൃതീഃ പ്രഥിതവൽ തദനു സ്വശക്തീ
രക്താദികാഃ ക്രമത ഏവ ചതുർദ്ദിശാസു
ഭൃത്യഷ്ടകം യജതു ചാഷ്ടദിശാസു തദ്വ-
ദ്ദേവ്യായുധാന്യഥ ദിഗീശതദായുധാനി.

മൂർത്തിപൂജയ്ക്കു് പ്രണവോപചാരമൂലം, അക്ഷരം, അംഗം ആയുധം കഴിഞ്ഞാൽ 'അഗ്നീശാശരവായുദിക്ഷു' എന്ന ക്രമമനുസരിച്ച് അംഗാവരണവും, കിഴക്കാദി നാലു ദിക്കുകളിൽ രക്താദികളായ തന്റെ മൂർത്തികളേയും, പിന്നെ കിഴക്കാദി എട്ടു ദിക്കിൽ മഹാമായാദികളേയും, ഖഡ്ഗാദി ആയുധങ്ങളേയും ഇന്ദ്രാദി വജ്രാദിയേയും പൂജിയ്ക്കുക.

54 മഹാമായാ ലലാടാക്ഷീ വിചിത്രാ വികടാനനാ
ചാമുണ്ഡാ ചണ്ഡികാ തീക്ഷ്ണാ
ഭൃത്യാദയേശ്യപിക്രമാൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

'മഹാമായായൈ നമഃ, ലലാടാക്ഷ്യൈ നമഃ, വിചിത്രായൈ നമഃ, വികടാനനായൈ നമഃ, ചാമുണ്ഡായൈ നമഃ ചണ്ഡികായൈ നമഃ, തീക്ഷ്ണായൈ നമഃ, യോഗേശ്യൈ നമഃ'

55 ഖഡ്ഗഖേടൌ തഥാശ്ശൂലകപാലൌ ചായുധാന്യപി
ഖട്വാങ്ഗ ഭുജഗൌ പാശ്ചൌ
ശൃങ്ഗേക്യപിഘണ്ടികാ

'ഖഡ്ഗായ നമഃ ഖേടായ നമഃ, ശൂലായ നമഃ, കപാലായ നമഃ, ഖട്വാംഗായ നമഃ ഭുജഗായ നമഃ, ശൃംഗൈ്യ നമഃ, ഘണ്ടികായൈ നമഃ' ഈ ക്രമമനുസരിച്ച് അംഗം കഴിഞ്ഞാലും ആയുധം പൂജിക്കണം.

56 കാളരാത്രിമ്മഹാരാത്രിഃ പുരതോ ദക്ഷവാമയോഃ
ധൂമ്രേക്ഷണാ തദ്വദ്വികടാക്ഷീച പൃഷ്ഠതഃ

പിന്നെ മുമ്പിലും പിന്നിലും വലത്തും ഇടത്തും ആയിട്ട് 'കാളരാത്ര്യൈ നമഃ, മഹാരാത്ര്യൈ നമഃ, ധൂമ്രേക്ഷണായൈ നമഃ, വികടാക്ഷ്യൈ നമഃ'

57 തദ്ബഹിഹ്ഹരിണീ പൂജ്യാ ദേവ്യാം
നിമ്മാല്യധാരിണീ
പരിവാരവിഹാരാദി ക്ലപ്തിസ്തന്ത്രസമുച്ചയേ

അതിൻെറ പുറത്ത് ദേവിയുടെ നിമ്മാല്യധാരിണിയേ 'ഹരിണ്യൈ നമഃ' എന്നും പൂജിക്കുക. പരിവാരപ്രസരണം മുതലായവയെല്ലാം തന്ത്രസമുച്ചയത്തിൽനിന്നും ഗ്രഹിക്കേണ്ടതാകുന്നു.

58 നിവേദ്യാദിക്രമശ്ചൈവ സവ്വോ f
പി സമുദീരിതഃ
വീരഭദ്രാദി പൂജാപിപ്രായോജ്ഞേയാ
ശിവോക്തവൽ.

നിവേദ്യം മുതലായതിൻെറ ക്രമവും തന്ത്രസമുച്ചയത്തിൽ പറഞ്ഞതുതന്നെ. വീരഭദ്രൻ മുതലായവരുടെ പൂജയും മിക്കവാറും ശിവോക്തംപോലെയാണ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

59 സകൃൽ ഗുരുഗണേശേജ്യാ നാനൈവനവശക്തയഃ
ചണ്ഡാച ചണ്ഡദാസീച ചണ്ഡേശീ ചണ്ഡവിക്രമാ

60 ചണ്ഡകൃല്ലുണ്ഡഹൃച്ചണ്ഡീ ചണ്ഡപാ ചണ്ഡരൂപിണീ
തീവ്രാഖ്യാ ജ്വാലിനീ നന്ദാ സ്വയശാ കാമരൂപിണീ

61 ഉഗ്രാതേജോവതീ സത്യാ വിഘ്ന-
ന്ത്യാ വിഘ്നനാശിനീ
ലോഹിതാക്ഷീത്രിനേത്രാച മത്സ്യമാലീകപാലിനീ

62 ഭൈരവീ മാംസീ സുസ്തന്യംബീകാ
ത്ഭവാന്ത്യാ മനോന്മനീ
ബ്രഹ്മകാളീ പരാ ജ്യേഷ്ഠാ വിമലാ കാമരൂപിണീ.

63 സുമനാ വിമനാ ശാന്തിർബ്രഹ്മാണീ
ചനവക്രമാൽ
ഈശാനീ പാലനീ രക്ഷാശ്ശൂലീ
രൌദ്രീമനോന്മനീ

64 ഉമാ ജ്യേഷ്ഠാ കരാളീച രുദ്രാണ്യാം നവശക്തയഃ
മാതാപരാ കുമാരീച വിദ്യാമായാ തമോവതീ.

65 സത്യാ വേദീച കൌമാര്യാം
നവമീ ശക്തിസംജ്ഞിതാ.
ക്ഷാന്തിശ്ശ്രദ്ധാച വിദ്യാച കീർത്തിഃ
പ്രജ്ഞാക്രിയാംഹ്വയാ

66 ലക്ഷ്മീഃ സൃഷ്ടിശ്ച വിമലാ വൈഷ്ണവ്യാം
ക്രമതോനവ
ക്ഷമാ ജയാ ധൃതിരഥ ക്ഷേമീ തന്ത്രീ തതോധരാ

67 അധോമുഖീ ചരാ വേഗാ വാരാഹ്യാം നവമീഭവേൽ
ലഘ്വീ വാഗീശ്വരീ സ്ഥൂലാ
പ്രതിഷ്ഠാജ്യോതികാനലാ.

68 പൃഥിവീ സ്ഥാവരീന്ദ്രാണ്യാം
സൂക്ഷ്മൈവ നവശക്തയഃ
കളപത്മാസനായേതി താമമായാദി കീർത്തയേൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

69 നമോ ƒ ന്തം വീരപൂർവ്വേഷു സമഷ്ടിഃ സ്യാന്നവസ്വാപി
സ്വസ്വ ഗായത്ര്യുപേതേന സ്വേന മൂലേന മന്ത്രവിൽ

ഗുരുഗണപതി പൂജ ഒരിക്കൽ മാത്രവും നവശക്തികരം വെവ്വേറേയും വേണം.

വീരഭദ്രന്റെ നവശക്തികരം:— ചണ്ഡായൈ നമഃ, ചണ്ഡദായൈ നമ:, ചണ്ഡായൈ നമ:, ചണ്ഡവിക്രമായൈ നമ:, ചണ്ഡകൃതേ നമ:, ചണ്ഡഹൃതേ നമ, ചണ്ഡ്യൈ നമ:, ചണ്ഡപായൈ നമ:, ചണ്ഡരൂപിണ്യൈ നമ:,'

ഗണപതിയുടെ: 'തീവ്രായൈ നമഃ, ജ്വാലിന്യൈ നമ:, നന്ദായൈ നമ:, * സ്വയശായൈ നമ:, കാമരൂപിണ്യൈ നമ:, ഉഗ്രായൈ നമ:, തേജോവത്യൈ നമ:, സത്യായൈ നമ:, വിഘ്നനാശിന്യൈ നമ:'

ചാമുണ്ഡിയുടെ:— ലോഹിതാക്ഷ്യൈ നമ', ത്രിനേത്രായൈ നമ:, മത്സ്യമാലിന്യൈ നമ:, കപാലിന്യൈ നമ:, ഭൈരവ്യൈ നമ:, മാംസിന്യൈ നമ:, സുസ്ഥന്യൈ നമ:, അംബികോത്ഭവായൈ നമ:, മനോന്മന്യൈ നമ:'

ബ്രഹ്മാണിയുടെ:— 'ബ്രഹ്മകാള്യൈ നമ:, ചരായൈ നമ:, ജ്യേഷ്ഠായൈ നമ:, വിമലായൈ നമ:, കാമരൂപിണ്യൈ നമ:, ** സുമനായൈ നമ:, വിമനായൈ നമ:, ശാന്ത്യൈ നമ:, ബ്രഹ്മാണ്യൈ നമ:'

മാഹേശ്വരിയുടെ:—'ഈശാന്യൈ നമ:, പാലന്യൈ നമ:, രക്ഷായൈ നമ:, ശൂലിന്യൈ നമ, രൌദ്ര്യൈ നമ:, മനോന്മന്യൈ നമ:, ഉമായൈ നമ:, ജ്യേഷ്ഠായൈ നമ:, കരാള്യൈ നമ:'

കൌമാരിയുടെ:— 'മാത്രേ നമ:, പരായൈ നമ:, കുമാര്യൈ നമ., വിദ്യായൈ നമ:, മായായൈ നമ., തമോ

* 'സ്വയശസേ നമഃ' ** 'സുമനസേ നമഃ' വിമനസേ നമഃ' എന്നിങ്ങനേയും ആകാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വത്യൈ നമ:, സത്യായൈ നമ:, വേദ്യൈ നമ:, ശക്ത്യൈ നമ:'

വൈഷ്ണവിയുടെ: — 'ക്ഷാന്ത്യൈ നമഃ, ഗന്ധായൈ നമഃ, വിദ്യായൈ നമഃ, കീർത്ത്യൈ നമഃ, പ്രജ്ഞായൈ നമഃ, ക്രിയായൈ നമഃ, ലക്ഷ്മ്യൈ നമഃ, സൃഷ്ട്യൈ നമഃ, വിമലായൈ നമഃ'

വരാഹിയുടെ:— 'ക്ഷമായൈ നമഃ, ജയായൈ നമഃ, ധൃത്യൈ നമഃ, ക്ഷേമ്യൈ നമഃ, തന്ദ്ര്യൈ നമഃ, അധരായൈ നമഃ, അധോമുഖ്യൈ നമഃ, ചരായൈ നമഃ, വേഗായൈ നമഃ'

ഇന്ദ്രാണിയുടെ:— 'ലഘ്വ്യൈ നമഃ, വാഗീശ്വര്യൈ നമഃ, സ്ഥൂലായൈ നമഃ, പ്രതിഷ്ഠായൈ നമഃ, ഭൗതികായൈ നമഃ, അനലായൈനമഃ, പൃഥിവ്യൈ നമഃ, സ്ഥാവരായൈ നമഃ, സൂക്ഷ്മായൈ നമഃ'

എല്ലാവരുടേയും സമഷ്ടി 'ഓം ഹ്രീം കുളപത്മാസനായ നമഃ' എന്നും ആകുന്നു.

70 ആവാഹ്യ സകളീകൃത്വാല്ലിപിതത്വാദി വിസ്തരൈഃ
ഹ്രോം ഹ്രേമാദ്യന്വിതാശ്ചൈഷു സ്വാഃ സ്വാഃ
സ്യുഃ പഞ്ചമൂർത്തയഃ

71 വീരേ വിഘ്നേശിവാങ്ഗാനി
ദേവ്യങ്ഗാനിച സപ്തസു-
ദണ്ഡീകുണ്ഡോദരോ വീരേ നന്ദീ
ഭൃങ്ഗിരിടിഃ ക്രമാൽ

പിന്നെ അവരവരുടെ ഗായത്രികളാകുന്ന ഉപചാരങ്ങളോടുകൂടി ആവാഹിച്ച് ലിപി, ശിവന്റെ പഞ്ചതത്വം, അവരവരുടെ പഞ്ചമൂർത്തി, അംഗം, ആയുധം ഇത്യാദി കൊണ്ട് സകളീകരിച്ച്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

'ഹ്രോം, ഹ്രേം' ഇത്യാദി ബീജത്തോടുകൂടിയ പഞ്ച മൂൎത്തികളെ ന്യസിയ്ക്കുകയും വേണം. വീരഭദ്രന്നും ഗണപതിയ്ക്കും ശിവന്റെ 'ഓം സൎവ്വജ്ഞായേ' ത്യാദി അംഗമായിട്ടും ആകാം. മാതൃക്കൾക്കു 'സഞ്ജീവനി സഞ്ജീവനി' ഇത്യാദി രുരുജിത്തിന്റെ അംഗമായിട്ടും ആകാം. അനന്തരം പഞ്ചമൂൎത്തികളേപ്പറയുന്നു. വീരഭദ്രന്നു്: 'ഹ്രോം വീരഭദ്രായ നമഃ, ഹ്രേം ദണ്ഡിനേനമഃ, ഹ്രൂം കുണ്ഡോദരായ നമഃ, ഹ്രീം നന്ദിനേ നമഃ, ഹ്രം ഭൃംഗിരിടയേ നമഃ'

72 ഈശാന ഋഷഭോ വിഘ്നേ മൎക്കടോ വാമനോ ƒപിച
സ്വാസ്യൈവ പ്രഥമാ മൂൎത്തിൎവ്വീര
ഭദ്രാദിഷുക്രമാൽ.

'ഹ്രോം ഗണപതയേ നമഃ, ഹ്രേം ഈശാനായ നമഃ, ഹ്രൂം ഋഷഭായ നമഃ, ഹ്രീം മൎക്കടായ നമഃ, ഹ്രം വാമനായ നമഃ'. എല്ലാവൎക്കും ആദ്യത്തെ മൂൎത്തിയ്ക്കു് തന്റെ തന്റെ പേരാണു്.

73 അക്ഷമാല്ലോദ്യേച മാലിന്യൌ
ഹാസനീചാഥമാരണീ
ബ്രഹ്മഘോഷാ സുഘോഷാചയ
ജ്ഞവേദിഃ സുരാംങ്ഗനാ.

'ഹ്രോം ചാമുണ്ഡ്യൈ നമഃ, ഹ്രേം അക്ഷമാലിന്യൈ നമഃ, ഹ്രൂം ഉല്ലാമാലിന്യൈ നമഃ, ഹ്രീം ഹാസിന്യൈ നമഃ, ഹ്രം മാരണ്യൈ നമഃ' ഇവ ചാമുണ്ഡിയുടേയും; ഹ്രോം ബ്രഹ്മാണ്യൈ നമഃ, ഹ്രേം ബ്രഹ്മഘോഷായൈ നമഃ, ഹ്രൂം സുഘോഷായൈ നമഃ, ഹ്രീം യജ്ഞവേദ്യൈ നമഃ, ഹ്രം സുരാംഗനായൈ നമഃ' ഇവ ബ്രഹ്മാണിയുടേയും പഞ്ചമൂൎത്തികൾ.

74 രുദ്രാണ്യാം ജടിനീ ഭാമിനീന്ദുരേഖാ യശസ്വിനീ
ലങ്ഘിനീ ഹാരിണീ പശ്ചാച്ഛൎക്കിനീ
ശോകമാലിനീ

'ഹ്രോം മാഹേശ്വര്യൈ നമഃ, ഹ്രേം ജടിന്യൈ നമഃ, ഹ്രൂം ഭാമിന്യൈ നമഃ, ഹ്രീം ഇന്ദുരേഖായൈ നമഃ, ഹ്രം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യശസ്വിന്യൈ നമഃ' ഇവ മാഹേശ്വരിയുടേയും 'ഹ്റോം കൌമാര്യൈ നമഃ, ഹ്റേം ലംഘിന്യൈ നമഃ, ഹ്രും ഹാരിണ്യൈ നമഃ, ഹ്രിം ശ്രുകിന്യൈ നമഃ, ഹ്രം ശോകമാലിന്യൈ നമഃ' ഇവ കൌമാരിയുടേയും പഞ്ചമൂർത്തികളാകുന്നു.

75 ഉഷ്ണിന്യുല്ലലമാലാ ച വിമലാ ഭീമരാക്ഷസീ
മഹതീ മേരുമുഖ്യാച സുന്ദരീച സുരേവതീ.

'ഹ്രോം വൈഷ്ണവ്യൈ നമഃ, ഹ്രേം ഉഷ്ണിന്യൈ നമഃ, ഹ്രും ഉല്ലലമാലായൈ നമഃ, ഹ്രിം വിമലായൈ നമഃ, ഹ്രം ഭീമരാക്ഷസ്യൈ നമഃ' ഇവ വൈഷ്ണവിയുടേയും; 'ഹ്രോം വാരാഹ്യൈ നമഃ, ഹ്രേം മഹത്യൈ നമഃ, ഹ്രും മേരുമുഖ്യായൈ നമഃ, ഹ്രിം സുന്ദര്യൈ നമഃ, ഹ്രം സുരേവത്യൈ നമഃ' ഇവ വാരാഹിയുടേയും പഞ്ചമൂർത്തികളാകുന്നു.

76 സുരദേവീ സുകന്യാചമോഹിന്യപ്സരസാപിച.
ദ്വിതീയാദിചതസ്രസ്തു മൂർത്തയോ *f* മൂരുദിരിതാഃ

'ഹ്രോം ഇന്ദ്രാണ്യൈ നമഃ, ഹ്റേം സുരദേവ്യൈ നമഃ, ഹ്റും സുകന്യായൈ നമഃ, ഹ്റിം മോഹിന്യൈ നമഃ, ഹ്റം അപ്സരസായൈ നമഃ' ഇവ ഇന്ദ്രാണിയുടെ പഞ്ചമൂർത്തികൾ. ഇങ്ങിനെ എല്ലാവരുടേയും പഞ്ചമൂർത്തിമന്ത്രങ്ങൾ പൂർണ്ണമായി പറയപ്പെട്ടു. ശ്ലോകങ്ങളിൽ നന്നാലുവീതം രണ്ടാമത്തേതുമുതല്ക്കാണ് പറഞ്ഞിട്ടുള്ളത്.

•

77 അങ്ഗാനിച ചതുർമ്മൂർത്തീരഷ്ടമൂർത്തീര്യ്ഥാക്രമം
പൂജയേദിന്ദ്ര വജ്രാദീൻ മഹാജിഹ്വാമഥാന്തതഃ

എല്ലാവൎക്കും മൂർത്തിപൂജയ്ക്കു് പ്രണവോപചാരമൂലം. അക്ഷരം, അംഗം, ആയുധം കഴിഞ്ഞാൽ ശൈവമായുള്ള അംഗാവരണം, കിഴക്കാദി നാലു ദിക്കിലുമായി ചതുർമ്മൂർത്തിമന്ത്രങ്ങൾ (പഞ്ചമൂർത്തികളിൽ താൻ ഒഴിച്ചുള്ള നാലു മാകുന്നു). പിന്നെ എട്ടുദിക്കുകളിൽ അഷ്ടമൂർത്തികൾ, ഇന്ദ്രാദി, വജ്രാദി, ഒടുവിൽ 'മഹാജിഹ്വായൈ നമഃ' എന്ന നിർമ്മാല്യധാരിയും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

78 അസിതാങ്ഗോ രുരുശ്ചണ്ഡഃ
ക്രോധശ്ചോന്മത്തഭൈരവഃ
കപാലീ ഭീഷണോ ƒന്ത്യസ്സു സംഹാരീ വീരഭദ്രകേ,

വീരഭദ്രങ്കൽ— 'അസിതാംഗഭൈരവായ നമഃ, രുരുഭൈരവായ നമഃ, ചണ്ഡഭൈരവായ നമഃ, ക്രോധഭൈരവായ നമഃ, ഉന്മത്തഭൈരവായ നമഃ, കപാലിഭൈരവായ നമഃ, ഭീഷണഭൈരവായ നമഃ, സംഹാരി ഭൈരവായ നമഃ' എന്നും.

79 ആവിനീ പ്ലാവനീ വിഘ്നേ മണ്ഡകാരീ ചതുർഗ്ഗുണാ
വിദ്യാ തേജോവതീ ചാഷ്ടാ വുമാ
ഗങ്ഗാച മൂർത്തയഃ

ഗണപതിയിങ്കൽ— 'ആവിന്യൈ നമഃ, പ്ലാവന്യൈ നമഃ, മണ്ഡകാര്യൈ നമഃ, ചതുർഗ്ഗുണായൈ നമഃ, വിദ്യായൈ നമഃ, തേജോവത്യൈ നമഃ, ഉമായൈ നമഃ, ഗംഗായൈ നമഃ' എന്നും.

80 ദുർഗ്ഗാത്രിശൂലിനീദണ്ഡീ നീലീ കൃഷ്ണാംബരപ്രിയാ
പാലനീ പ്ലാദനീ ചൈവചാമുണ്ഡ്യാം
ബ്രഹ്മവാദിനീ.

ചാമുണ്ഡിയിങ്കൽ – 'ദുർഗ്ഗായൈ നമഃ, ത്രിശൂലിന്യൈ നമഃ, ദണ്ഡ്യൈ നമഃ, ('ദണ്ഡിന്യൈ നമഃ' എന്നു പക്ഷം) നീല്യൈ നമഃ കൃഷ്ണാംബരപ്രിയായൈ നമഃ, പാലന്യൈ നമഃ, പ്ലാദന്യൈ നമഃ, ബ്രഹ്മവാദിന്യൈ നമഃ' എന്നും.

81 ആകിനീ പ്ലാവിനീ ചൈവ
ആഗ്നേയീ വായവ്വീ തതഃ
ഗഗനാ ധാരണീ ബ്രാഹ്മ്യാം വജ്രിണീ ഗ്ഗുണപഞ്ചകീ

ബ്രഹ്മാണിയിങ്കൽ— 'ആകിന്യൈ നമഃ, പ്ലാവിന്യൈ നമഃ, അഗ്നേയ്യൈ നമഃ, വായവ്യൈ നമഃ, ഗഗനായൈ നമഃ, ധാരണ്യൈ നമഃ, വജ്രിണ്യൈ നമഃ, ഗ്ഗുണപഞ്ചക്യൈ നമഃ' എന്നും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

82 ജയാച വിജയാ പശ്ചാദജിതാ ചാപരാജിതാ
പ്രകൃതിർവ്വികൃതിർവ്വിശ്വാരുദ്രാണ്യാം വിശ്വമൂർത്ത്യപി.

മാഹേശ്വരിയിങ്കൽ— 'ജയായൈ നമഃ, വിജയായൈ നമഃ, അജിതായൈ നമഃ, അപരാജിതായൈ നമഃ, പ്രകൃത്യൈ നമഃ, വികൃത്യൈ നമഃ, വിശ്വായൈ നമഃ, വിശ്വമൂർത്ത്യൈ നമഃ' എന്നു .

83 ഭദ്രാ സുഭദ്രാ വിഖ്യാതാ പ്രഖ്യാതാ ചൈവചണ്ഡികാ
കരാളീ വികരാളീച കൌമാര്യ്യാമൃക്ഷകർണ്ണ്യപി.

കൌമാരിയിങ്കൽ— 'ഭദ്രായൈ നമഃ, സുഭദ്രായൈ നമഃ, വിഖ്യാതായൈ നമഃ, പ്രഖ്യാതായൈ നമഃ, ചണ്ഡികായൈ നമഃ, കരാള്യൈ നമഃ, വികരാള്യൈ നമഃ, ഋക്ഷകർണ്ണ്യൈ നമഃ' എന്നും

84 ഋദ്ധിഃ സമൃദ്ധിർബ്ബുദ്ധിശ്ച ശുദ്ധിഃ
സ്വാഹാവസുന്ധരാ
ത്രിലോകധാത്രീ ഗായത്രീ വൈഷ്ണവ്യാമഷ്ടശക്തയാഃ

വൈഷ്ണവിയിങ്കൽ— 'ഋദ്ധ്യൈ നമഃ, സമൃദ്ധ്യൈ നമഃ, ബുദ്ധ്യൈ നമഃ, ശുദ്ധ്യൈ നമഃ, സ്വാഹായൈ നമഃ, വസുന്ധരായൈ നമഃ, ത്രിലോകധാത്ര്യൈ നമഃ, ഗായത്ര്യൈ നമഃ' എന്നും

85 സുരൂപാ ബഹുരൂപാച മന്ദാ മാതാ ऽ ച്യുതപ്രിയാ
ഘോരാ സുഘോരാവരദാ വാരാഹ്യാം ദൂത്യഈരിതാഃ

വാരാഹിയിങ്കൽ— 'സുരൂപായൈ നമഃ, ബഹുരൂപായൈ നമഃ, മന്ദായൈ നമഃ, മാത്രേ നമഃ, അച്യുതപ്രിയായൈ നമഃ, ഘോരായൈ നമഃ, സുഘോരായൈ നമഃ, വരദായൈ നമഃ' എന്നും.

86 തുഷ്ടിഃ പുഷ്ടിർദ്ധൃതിഃ കാന്തിർദ്ദയാസത്യാ ദമാശമാ
ഇന്ദ്രാണ്യഃ ശക്തയോ ऽ പ്യൈവസ്യുരിതി
സർവ്വം സമീരിതം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇന്ദ്രാണിയിങ്കൽ— 'തുഷ്ട്യൈ നമഃ, പുഷ്ട്യൈ നമഃ, ധൃത്യൈ നമഃ, കാന്ത്യൈ നമഃ, ദയായൈ നമഃ, സത്യായൈ നമഃ, ദമായൈ നമഃ, ശമായൈ നമഃ' എന്നും അഷ്ടമൂർത്തികളാകുന്നു. ഇവയെ ശക്തികളെന്നും ദൂതികളെന്നും പേരുകരം മാറിക്കാണുന്നു.

87 പത്മാസനസ്ഥം സുശ്വേതം
പ്രസന്നാസ്യം ത്രിലോചനം
കപർദ്ദകലിതേന്ദുബദ്ധം നാഗയജ്ഞോപവീതിനം

88 നാഗാഭരണദീപ്താങ്ഗം വ്യാഘ്രചർമ്മാംബരം ഹരം
പരശ്വധം മൃഗം ചൈവ അഭയം കരപങ്കജൈഃ

89 ദധാനം ചൈവവാമാങ്ക ന്യസ്തവാമകരം പ്രഭും
ധ്യായേത വീരഭദ്രം തം ഭക്തിമാൻ വൃഷഭധ്വജം

ഈ മൂന്നു ശ്ലോകങ്ങരം വീരഭദ്രന്റെ ധ്യാനമാകുന്നു.

പത്മാസനത്തിൽ ഇരിയ്ക്കുന്നവനും വെളുത്ത നിറത്തോടുകൂടിയവനും പ്രസന്നവദനനും, ത്രിലോചനനും ജടയിങ്കൽ ചന്ദ്രക്കലയും, പാമ്പാകുന്ന പൂണനൂലും, പാമ്പുകളാകുന്ന ആഭരണങ്ങളും ഉള്ളവനും, പുലിത്തോലുടുത്തവനും പരശ്ശു, ഹരിണം, അഭയം ഇവ വലത്തുമൂകളിലും, എടത്തുമൂകളിലും വലത്തു ചുവട്ടിലും, എടത്തു ചുവട്ടിലെ കൈ എടത്തുഭാഗത്തെ മടിയിൽ വെച്ചവനും, പ്രഭുവും, വൃഷഭധ്വജനും ആയിരിയ്ക്കുന്ന ആ വീരഭദ്രനേ ഭക്തിയോടുകൂടി ധ്യാനിയ്ക്കണം എന്നു സാരം.

90 ഗജാസ്യമേകദന്തം ചതുർഭുജം പങ്കജാസനം
മഹാമൂഷികകേതും ച മഹാകായം മഹൌജസം

91 നാഗയജ്ഞോപവീതം ച ത്രിനേത്രം നാഗഭൂഷണം
കനകാഭം കരാസക്തപാശാങ്കുശരദം തഥാ.

92 ഭക്ഷ്യം ച ബിഭ്രതം ദേവം ചന്ദ്രാലങ്കൃതശേഖരം
നാസാഗ്രന്യസ്ത ചഷകം സ്നിഗ്ദ്ധവർണ്ണം
വിചിന്തയേൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആനയുടേതുപോലുള്ള മുഖത്തോടുകൂടിയവനും, ഒററ ക്കൊമ്പും, വലിയ വയറും ഉള്ളവനും, താമരപ്പൂവിൽ ഇരി യ്ക്കുന്നവനും, വലിയ മൂഷികനാകുന്ന വാഹനത്തോടുകൂടിയ വനും, വലിയ ഓജസ്സോടു കൂടിയവനും, പാമ്പാകുന്ന പൂ ണനൂല് ധരിച്ചവനും, ത്രിനേത്രനും, നാഗഭൂഷണനും, സുവർണ്ണവർണ്ണനും, പാശം അങ്കുശം, വരദം, ഭക്ഷ്യം എന്നിവ ധരിച്ചവനും ചന്ദ്രക്കല ധരിച്ചവനും, തുമ്പിക്കയ്യിൻെറ അററത്തു് രത്നചഷകം ധരിച്ചവനും, മിന്നുന്ന ശരീരമുള്ള വനുമായ വിഘ്നേശ്വരനെ ധ്യാനിയ്ക്കണം.

93 ധ്യായേത ഭക്തിമാൻ ദേവീം
ചാമുണ്ഡാം മുണ്ഡമാലിനീം
ഉത്തരാഭിമുഖാം ഭീമാം നാഗാഭരണഭൂഷിതാം

94 നീല ജീമൂതവർണ്ണാംഗ്ഗീം ത്രിണേത്രാം താമ്രമൂർദ്ധജാം
ദോർഭിഃ ഖഡ്ഗം ചഖേടംച കപാലമഭയം തഥാ

95 ബിഭ്രതീം പത്മപീഠസ്ഥാം കല്പവിൽ
കൌശികധ്വജാം
ദംഷ്ട്രാകരാളവദനാം രക്തകൌശേയവേഷ്ടിതാം.

മുണ്ഡമാലയോടുകൂടിയവളും, വടക്കോട്ടു തിരിഞ്ഞിരി യ്ക്കുന്നവളും, ഭയങ്കരാകൃതിയും, നാഗാഭരണങ്ങളുള്ളവളും, നീ ലമേഘത്തിൻെറ നിറവുമുള്ളവളും, മൂന്നു തൃക്കണ്ണുകളുള്ളവളും, ചെമ്പിച്ച തലമുടിയുള്ളവളും കൈകളിൽ വാൾ (ഖഡ്ഗാ യനമഃ) പരിച (ഖേടായ നമഃ), പാനപാത്രം (കപാലാ യ നമഃ), അഭയം (അഭയായ നമഃ) എന്നീ ആയുധങ്ങളുള്ള വളും പത്മാസനത്തിൽ ഇരിയ്ക്കുന്നവളും നത്തു് കൊടിയട യാളമായുള്ളവളും ദംഷ്ട്രകളെകൊണ്ടു ഭയങ്കരമായ മുഖമുള്ളവ ളും ചുവന്ന പട്ടുടുത്തവളുമായ ചാമുണ്ഡീദേവിയെ കല്പങ്ങ ളെ അറിഞ്ഞിരിയ്ക്കുന്ന ആചാര്യൻ ഭക്തിയോടുകൂടി ധ്യാ നിയ്ക്കണം.

96 സ്വർണ്ണവർണ്ണാം ചതുർവ്വക്ത്രാം
പ്രസന്നാം പത്മവിഷ്ടരാം
[illegible] കൃഷ്ണാജിനപ്രിയാം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

97 കൃഷ്ണാജിനോത്തരീയാം ച പീതസ്രഗ്ഗന്ധഭൂഷണാം
വാമോരു വിന്യസ്തകരാം രാജഹംസാങ്കിത ധ്വജാം

98½ പവിത്രാലങ്കൃതകരാം ബ്രഹ്മാണീമപിചിന്തയേൽ

സ്വർണ്ണവർണ്ണയും, നാലുമുഖമുള്ളവളും പ്രസന്നയും, പത്മാസനത്തിലിരിയ്ക്കുന്നവളും അക്ഷമാലാ (അക്ഷമാലായൈ നമഃ), കിണ്ടി (കുണ്ഡികായൈ നമഃ), അഭയം (അഭയായ നമഃ), ഇടത്തെക്കൈ ഇടത്തേത്തുടയിന്മേൽ വെച്ചിരിയ്ക്കുന്നവളും (ഊരുബന്ധായ നമഃ), കൃഷ്ണാജിനത്തിൽ പ്രിയയും, കൃഷ്ണാജിനംകൊണ്ടു് ഉത്തരീയമിട്ടവളും, മഞ്ഞനിറത്തിലുള്ള മാല, ഗന്ധം, ഭൂഷണം ഇവ ധരിച്ചവളും അരയന്നം കൊടിയടയാളമായുള്ളവളും പവിത്രം ധരിച്ചും ഉള്ളവളുമായ ബ്രഹ്മാണിയേ ധ്യാനിയ്ക്കണം.

98 പത്മവിഷ്ടരമദ്ധ്യസ്ഥാം ഹംസകുന്ദേന്ദു നിർമ്മലാം

99 പന്നഗാഭരണാം നാഗബ്രഹ്മസൂത്രാം ത്രിലോചനാം
പ്രസന്നവദനാം ചന്ദ്രക്കലാരാജജ്ജടിനീം

100 വ്യാഘ്രചർമ്മാംബരധരാം സൌര
ഭേയാങ്കിതധ്വജാം
കരൈരക്ഷസ്രജം ശൂലമഭയം ചൈവ ബിഭ്രതീം

101½ വാമോരു വിന്യസ്തകരാം മാഹേശീം
ചിന്തയേത്സുധീഃ

പത്മാസനത്തിൽ ഇരിയ്ക്കുന്നവളും, അരയന്നം, കുരുക്കത്തിമുല്ലപ്പൂവ്; ചന്ദ്രൻ എന്നിവയുടെ നിറമുള്ളവളും, പാമ്പുകാം ആഭരണവും, പാമ്പുതന്നെ പൂണൂലും ആയവളും, മൂന്നു തൃക്കണ്ണുകളുള്ളവളും, പ്രസന്ന മുഖിയും, ചന്ദ്രക്കലകൊണ്ടു ശോഭിയ്ക്കുന്ന ജടാഭാരത്തോടു കൂടിയവളും, പുലിത്തോലുടുത്തവളും, കാള അടയാളമായുള്ള കൊടിമരമുള്ളവളും, കൈകളിൽ അക്ഷമാലാ (അക്ഷമാലായൈ നമഃ , ശൂലം (ശൂലായ നമഃ), അഭയം (അഭയായ നമഃ) ഇടത്തെക്കൈ തുട

CC-0. Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യിന്മേൽ വെച്ചിരിയ്ക്കുന്നവളും (ഊരുബന്ധായ നമഃ), ആയ മഹേശ്വരിയേ വിദ്വാനായിരിയ്ക്കുന്ന ആചാര്യൻ ധ്യാനിയ്ക്കണം.

101 പീനോരു ജഘനോത്തുങ്ഗസ്തനഭാരാവനാമികാം

102 മയൂരവാഹിനീം ദേവീം രക്തമാല്യാംബരാവൃതാം
കൌസുംഭസന്ധ്യാഭ്രനിഭാം ദിവ്യഭൂഷണസംയുതാം

103 നീലകുഞ്ചിത കേശാന്താമള കാഞ്ചിതമസ്തകാം
ശക്തിഘണ്ടാഭയകരാം വാമോരുന്യസ്തദോസ്തലാം

104½ കൌമാരീം ചിന്തയേദ്ദേവം പാടലാധരപല്ലവാം.

തടിച്ച തുടകളും കടിപ്രദേശവും ഉയൎന്നിരിയ്ക്കുന്ന സ്തനഭാരവുംകൊണ്ടു് കുനിഞ്ഞിരിയ്ക്കുന്ന ശരീരത്തോടുകൂടിയവളും മയിൽ, വാഹനം ആയുള്ളവളും ചുവന്ന മാലയും വസ്ത്രവും ധരിച്ചവളും ചെമ്പരത്തിപ്പൂവു് സന്ധ്യാകാലമേഘം എന്നിവയുടെ നിറമുള്ളവളും, ദിവ്യങ്ങളായ അലങ്കാരങ്ങളുള്ളവളും നീലവും അഗ്രം ചുരുണ്ടതുമായ തലമുടിയുള്ളവളും അളകങ്ങളെക്കൊണ്ടു് അലങ്കരിയ്ക്കപ്പെട്ട നെററിത്തടത്തോടുകൂടിയവളും വേൽ (ശക്ത്യൈ നമഃ) മണി (ഘണ്ടായൈ നമഃ), (അഭയായ നമ, ഉരുബന്ധായനമഃ) ഊരുബന്ധം എന്നിവയോടു കൂടിയവളും ചെന്തളിരുപോലുള്ള ചുണ്ടുകളോടുകൂടിയവളുമായ കൌമാരിയെ ധ്യാനിയ്ക്കണം.

104 ശംഖചക്രാഭയകരാം വാമോരു ന്യസ്തദോസ്തലാം

105 ഇന്ദ്രനീലാതസീ പുഷ്പതമാലാംഭോദസന്നിഭാം
പത്മ ഹസ്താം വൈഷ്ണവീം ധ്യായേൽ
പത്മനാഭാഭവിഗ്രഹാം

106 മന്ദസ്മിതാനനാം താർക്ഷ്യവാഹനാം ദൈത്യമർദ്ദിനീം
പൃഥുസ്തനാവനമിതാം ലസന്മകരകുണ്ഡലാം

107½ ബിംബാധരാം സുവദനാം ശ്രീവത്സാങ്കിതവക്ഷസം

ശംഖ് (ശംഖായ നമഃ), ചക്രം (ചക്രായ നമഃ). അഭയം (അഭയായ നമഃ) ഊരുബന്ധം (ഊരുബന്ധായ നമഃ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എന്നിവ:യോടുകൂടിയിരിക്കുന്നവളും ഇന്ദ്രനീലക്കല്ല്, കായാമ്പൂവ്വ്, പച്ചിലമരം, കാർമേഘം എന്നിവയുടെ നിറത്തോടുകൂടിയവളും പത്മാസനത്തിൽ ഇരിക്കുന്നവളും, വിഷ്ണുവിനേപ്പോലെയിരിക്കുന്നവളും മന്ദസ്മിതത്തോടുകൂടിയവളും ഗരുഡവാഹനത്തോടുകൂടിയവളും അസുരന്മാരെ മട്ടിക്കുന്നവളും, തടിച്ച സ്തനഭാരത്താൽ കുനിഞ്ഞിരിക്കുന്നവളും, മകരകുണ്ഡലങ്ങറം, തൊണ്ടിപ്പഴംപോലുള്ള അധരങ്ങറം, ശോഭയേറിയ മുഖം, ശ്രീവത്സംകൊണ്ട് അടയാളപ്പെടുത്തിയ മാർവ്വിടം എന്നിവയോടും കൂടിയിരിക്കുന്നവളുമായ വൈഷ്ണവിയെ ധ്യാനിക്കണം

107 വരാഹഘോണവദനാം നീലജീമൂതസന്നിഭാം

108 രക്തമാല്യാംബരധരാം പത്മസ്ഥാമരുണേക്ഷണാം-
കരാഭ്യാം കാലദണ്ഡംച പാശംച ദധതീം ശുഭാം

109 അന്യേനാഭയദം ചൈവവാമോരുന്യസ്ത:ദാസ്ഥലാം
സർവ്വാഭരണദീപ്താങ്ഗീം വാരാഹീം മഹിഷധ്വജാം

$110\frac{1}{2}$ പൃഥുസ്തനാവനമിതാം വാരാഹീമപിചിന്തയേൽ.

പന്നിയുടെ മുഖംപോലുള്ള മുഖവും, നീലമേഘശ്യാമളയും ചുവന്ന മാലയും വസ്ത്രവും ധരിച്ചവളും പത്മാസനത്തിലിരിക്കുന്നവളും കാലദണ്ഡ് (കാലദണ്ഡായ നമഃ) പാശം (പാശായ നമഃ, അഭയം (അഭയായ നമഃ) ഊരുബന്ധം (ഊരുബന്ധായ നമഃ) ഈ ആയുധം ധരിച്ചവളും പോത്താകുന്ന കൊടിയടയാളമുള്ളവളും തടിച്ച സ്തനങ്ങളാൽ കുനിഞ്ഞവളും ആയ വാരാഹിയെ ധ്യാനിക്കണം.

110 ദൂർവ്വാശ്യാമള വർണ്ണാങ്ഗീം വജ്രാങ്കുശധരാംപരാം

111 സഹസ്രനയനാം പത്മവിഷ്ടരാം പത്മലോചനാം
ഐരാവതധ്വജോപേതാം ചിത്ര
മാല്യാംബരാന്വിതാം

112 കിരീടഹാരകേയൂര കുണ്ഡലാദ്യൈരലങ്കൃതാം
അഭയം ദക്ഷഹസ്തേനദധതീമൂരുദേശ തഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

113½ അപരം ദധതീം ധ്യായേദിന്ദ്രാണീം സുമനോഹരാം.

കറുകയുടെ വർണ്ണമുള്ളവളും വജ്രം (വജ്രായ നമഃ) തോട്ടി (അങ്കുശായ നമഃ) അഭയം (അഭയായ നമഃ) ഊരുബന്ധം (ഊരുബന്ധായ നമഃ) എന്നീ ആയുധങ്ങളോടും, ആയിരം കണ്ണുകളോടും കൂടിയവളും പത്മാസനസ്ഥിതയും, താമരപ്പൂവിതൾപോലെയുള്ള കണ്ണുകളുള്ളവളും ഐരാവത വാഹനയും വിചിത്രമാല, വസ്ത്രം, കിരീടം, മുത്തുമാല, തോൾവള, കുണ്ഡലാദ്യലങ്കാരങ്ങൾ എന്നിവയോടുകൂടിയവളും മനോഹരാകാരയും പരയുമായിരിയ്ക്കുന്ന ഇന്ദ്രാണിയെ ധ്യാനിയ്ക്കണം.

113 ശിവരുദ്രരി മാതൃണാം സഹപൂജാവിധീയതേ.

ശിവൻ, രുരുജിത്ത്, മാതൃക്കൾ ഇവരുടെ പൂജ ഒരുമിച്ചും ചെയ്യാവുന്നതാകുന്നു.

114 വഹ്നൌ യഥാസ്ഥിതിം ധ്യാത്വാ
ഹുതം കാര്യം പൃഥഗ്ബലിം
പ്രഥിതാ ശിവപൂജാസ്യാദഥവാ ഭേദഇഷ്യതേ.

അഗ്നിയിങ്കൽ ഹോമവും അഗ്നികോണിൽ തൂവുകയും വെവ്വേറെതന്നെ വേണം. ശിവന്റെ പൂജ എല്ലാം തന്ത്രസമുച്ചയത്തിൽ പറഞ്ഞിട്ടുള്ളതുപോലെതന്നെ. എന്നാൽ അല്പം ഭേദത്തോടുകൂടിയും ആകാം. അതിനെ ഇവിടെ പറയുന്നു.

115 താരഃ ശക്തിന്നമ, സ്സുവ്വാത്മനേ സകലശബ്ദതഃ
ഗുണാത്മശക്തിയുക്തായാനന്തായ ച സമമഷ്ട്യണൌ-

116½ ഭേദോ ങേന്തം യോഗപീഠപത്മാസനമഥോ നതിഃ

'ഓം ഹ്രീന്നമസ്സുവ്വാത്മനേ സകല ഗുണാത്മ ശക്തിയുക്തായാനന്തായ യോഗപീഠപത്മാസനായ നമഃ' എന്നു സമഷ്ടി.

116 'സിതഷ്ണങ്കമൃഗാഭീതി വരഹസ്തഃ ശിവോ ƒ ഥവാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

117 രക്തഃ കപാല ഖട്വാങ്ഗാക്ഷമാ
ലാഢ്യ സ്ത്രീശൂലവാൻ
പ്രസന്നോ മുണ്ഡമാലീച നാഗാഭരണഭൂഷിതഃ'

വെളുത്ത നിറത്തോടുകൂടിയവനും, വെണ്മഴു (പരശവേ നമഃ), ഹരിണം (ഹരിണായ നമഃ), അഭയം (അഭയായ നമഃ), വരദം (വരദായ നമ:) ഇവയോടുകൂടിയവനും അല്ലെങ്കിൽ രക്തവർണ്ണനും, കപാലം (കപാലായ നമ:), ഖട്വാംഗം (ഖട്വാംഗായ നമ), അക്ഷമാല (അക്ഷമാലായൈ നമ:), ത്രിശൂലം (ത്രിശൂലായ നമ:) എന്നീ ആയുധങ്ങൾ ധരിച്ചവനും പ്രസന്നനും, മുണ്ഡമാല, നാഗാഭരണങ്ങൾ എന്നിവകൊണ്ട് അലംകൃതനുമായ ശിവനെ ധ്യാനിക്കണം എന്നിങ്ങനെ ധ്യാനം.

118 താരാദിഹൃദയം സർവ്വജ്ഞായ സർവ്വാത്മനേ പദം
അമൃതേ തേജോമാലിനി തൃപ്തായ ബ്രഹ്മണേ ശിര:

119 ജ്വലിതശിഖിശിഖേ ƒനാദി
ബോധായൈ ശിഖാപരം
വജ്രിവജ്രധരൌദ്ദേന്തൌ സ്വതന്ത്രായ ദ്വിഠോപരി

120 അലുപ്തശക്തയേ ജ്യോതീരൂപായാക്ഷ്യസ്ത്രമുച്യതേ
അനന്തശക്തയേ പശുപതയേ
ഇത്യാഖ്യാദി ചേഷ്യതേ.

'ഓം സർവ്വജ്ഞായ സർവ്വാത്മനേ ഹൃദയായ നമ:
ഓം അമൃതേതേജോമാലിന തൃപ്തായ
ബ്രഹ്മണേശിരസേ സ്വാഹാ
ഓം ജ്വലിതശിഖിശിഖേ അനാദി
ബോധായൈ ശിഖായൈ വഷട്
ഓം വജ്രിണേ വജ്രധരായ സ്വാഹാ
സ്വതന്ത്രായ കവചായ ഹും
ഓം അലുപ്തശക്തയേ ജ്യോതീരൂപായ
നേത്രത്രയായ വൌഷട്
ഓം അനന്തശക്തയേ പശുപതയേ അസ്ത്രായ ഫട്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

121 ജലാൎണ്ണമനും വച്ച്മിതേന
പഞ്ചോന്നയേൽ പരാൻ
മാനസപൂജയിങ്കലേ വിശേഷത്തെ പറയുന്നു.

'ഓം ഹ്രീം ഭഗവൻ ജലമിദം ജിഹ്വേന്ദ്രിയായ രസതന്മാത്രാത്മന ഇദം ജലം ഗൃഹ്ണ ഗൃഹ്ണ സ്വാഹാ നമ:'

'ഓം ഹ്റീം ഭഗവൻ ഗന്ധമിദം ഘ്രാണേന്ദ്രിയായ ഗന്ധതന്മാത്രാത്മനേ ഇദം ഗന്ധം ഗൃഹ്ണ ഗൃഹ്ണ സ്വാഹാ നമ:'

'ഓം ഹ്റീം ഭഗവൻ പുഷ്പമിദം ശ്രോത്രേന്ദ്രിയായ ശബ്ദതന്മാത്രാത്മനേ ഇദം പുഷ്പം ഗൃഹ്ണ ഗൃഹ്ണ സ്വാഹാ നമ:'

'ഓം ഹ്റീം ഭഗവൻ ധൂപമിദം ത്വഗിന്ദ്രിയായ സ്പൎശതന്മാത്രാത്മനേ ഇദം ധൂപം ഗൃഹ്ണഗൃഹ്ണ സ്വാഹാനമ:'

'ഓം ഹ്റീം ഭഗവൻ ദീപമിദം ചക്ഷുരിന്ദ്രിയായ രൂപതന്മാത്രാത്മനേ ഇദം ദീപം ഗൃഹ്ണഗൃഹ്ണ സ്വാഹാ നമ:'

'ഓം ഹ്റീം ഭഗവൻ നിവേദ്യമിദം ജിഹ്വേന്ദ്രിയായ രസതന്മാത്രാത്മനേ ഇദം നിവേദ്യം ഗൃഹ്ണഗൃഹ്ണ സ്വാഹാ നമ:'

122 ദേവ്യാം ത്ര്യക്ഷരമംബാസു
തത്തന്നാമാദി ചോന്നയേൽ
ദയോ രുപരി വിച്ചേച ബുധോ ƒ മീ
സൎവ്വതോ ƒ ണവ:

'ഓം ഹ്റീം ചാമുണ്ഡേ ജലമിദം ജിഹ്വേന്ദ്രിയായ രസതന്മാത്രാത്മനേ ഇദം ജലം ഗൃഹ്ണ ഗൃഹ്ണസ്വാഹാ വിച്ചേ നമ:' ഇത്യാദി രുരുജിത്തിങ്കലും; ഓം ഹ്റീം ചാമുണ്ഡി ജലമിദം ജിഹ്വേന്ദ്രിയായ രസതന്മാത്രാത്മനേ ഇദം ജലം ഗൃഹ്ണ ഗൃഹ്ണ സ്വാഹാവിച്ചേ നമ:' എന്നിത്യാദി ചാമുണ്ഡിയിങ്കലും; മാതൃക്കളിൽ 'ചാമുണ്ഡി' എന്ന സ്ഥാനത്തു് അവരവരുടെ നാമം കൂട്ടിക്കൊള്ളണം. വീരഭദ്രനും, ഗണപതിയ്ക്കും ശിവൻേറതുതന്നെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

123 പുരോക്ത: ക്ഷേത്രപാലാണ
രങ്ഗാദ്ധ്യാദ്യപിവിഷ്ടരം
പ്രായഃ ശിവോക്തവജ്ഞേയമുച്യന്തേ നവശക്തയഃ

ക്ഷേത്രപാലന് മൂലവും അംഗവും ഷഡധ്വവും എല്ലാം മുമ്പ് പറഞ്ഞവതന്നെ. പീഠപൂജയും മിക്കവാറും ശിവ ങ്കലേപ്പോലെത്തന്നെ. നവശക്തികളെ ഇവിടെ പറയുന്നു.

124 അനലാ ചാഗ്നികേശാച കാളീഘണ്ടാരവാ തത:
മഹാക്രോധാ പിങ്ഗലാക്ഷീസപ്തമീ പിശിതാശനാ

125 ഊർദ്ധ്വകേശാ സർവ്വശക്തിഃ സമഷ്ടിർമ്മാതൃവദ്ഭവേൽ

'അനലായൈ നമ:, അഗ്നികേശായൈ നമ:, കാളൈ്യ നമ:, ഘണ്ടാരവായൈ നമ:, മഹാക്രോധായൈ നമ:, പിംഗലാക്ഷ്യൈ നമ:, പിശിതാശനായൈ നമഃ, ഊർദ്ധ്വകേശായൈ നമഃ, സർവ്വശക്ത്യൈ നമഃ' സമഷ്ടി മാതൃക്കളുടേതുപോലെയാകുന്നു.

125 ഓം ഹ്റീം ലോം ലോഹജംഘായ
ക്ഷേത്രപാലായ ഹൃന്മനഃ
'ഓം ഹ്റീം ലോം ലോഹജംഘായ
ക്ഷേത്രപാലായ നമഃ'
എന്നു് ലോഹജംഘമന്ത്രം.

126 'ഓം ഹ്റീം (നീം) നീലജീമൂത സങ്കാശ
ഘോരദംഷ്ട്രഭയാനക!
ഊർദ്ധ്വകേശ! സുരക്താക്ഷ! ക്ഷേത്രപാല! മഹോദര!'
ഉപചാരമനുസ്ത്വേഷ മാലാമന്ത്രസ്ത്വലിഖ്യതെ.
'ഓം ഹ്റീം' ഇത്യാദി 'മഹോദര' എന്നുകൂടിയുള്ള മന്ത്രം ഉപചാരമന്ത്രമാകുന്നു ഇനി മാലാമന്ത്രത്തെ എഴുതുന്നു.

'ഓം ഹ്റീം തുരുതുരു മുരുമുരു ഭഞ്ജ ഭഞ്ജ ഹനഹന സർവ്വവിഘ്നം നാശയ നാശയ ഭൈരവരൂപേണ ശിവാജ്ഞയാ പാദ്യാർഘ്യാചമനീയ മധുപർക്കഗന്ധപുഷ്പധൂപദീപനിവേദ്യ ബലിപൂജാം ഗൃഹ്ണ ഗൃഹ്ണ ഹ്ലം ഹ്ലം ഹം ഹം ഹ ഹ വിച്ചേ സ്വാഹാ.'

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

127 ലോഹജംഘമന്ത്രം മാലാമന്ത്രമേഹ്യേഹ്യതഃ പരം
ഉപചാരമന്ത്രം പ്രോക്ത്വാമൂലേനാവാഹയേ ദമും.

ലോഹജംഘമന്ത്രവും, മാലാമന്ത്രവും, 'ഏഹ്യേഹി' ഇത്യാദിയും, ഉപചാരമന്ത്രവും ചൊല്ലിയിട്ടു മൂലംകൊണ്ടാവാഹിയ്ക്കണം.

128 പൂജായാമങ്ഗാഷ്ടമൂർത്തീർട്ടിക്
പാലാസ്ത്രാണിപൂജയേൽ
ഹേതുക സ്ത്രിപുരാന്തശ്ചാപ്യഗ്നി വേതാളകസ്തഥാ.

129 അഗ്നി ജിഹ്വോ ƒ ഗ്നി കല്പോ ƒ ഥ
കരാളശ്ചൈക പാദകഃ
ഭീമരൂപോ ƒ ഷ്ടമഃ ക്ഷേത്രചണ്ഡോ
നിർമ്മാല്യ ധാര്യപി.

പൂജയിങ്കൽ പ്രണവോപചാരമൂലം, അക്ഷരം, അംഗം, ആയുധം, അംഗാവരണം, മൂർത്ത്യാവരണം, ഇന്ദ്രാദി, വജ്രാദി, നിർമ്മാല്യധാരി എന്നിങ്ങനെ ക്രമം. മൂർത്തികം 2-ാം പടലത്തിൽ 14-ാം ശ്ലോകത്തിനു കീഴേയും 3-ാം പടലത്തിൽ 137-ാം ശ്ലോകത്തിനു കീഴേയും പറഞ്ഞിട്ടുള്ള ഹേതുകാദി എട്ടുമാകുന്നു.

130 തൃതീയാഹനീശരുരുജിന്മാതൃണാം മണ്ഡപാൻക്രമാൽ
സംസ്കൃത്യ ദ്രവ്യകലശപൂജാം കുര്യാച്ഛിവോക്തവൽ

മൂന്നാം ദിവസം ശിവൻ, രുരുജിത്ത്, മാതൃക്കൾ എന്നിവരുടെ മണ്ഡപങ്ങളേ യഥാക്രമം ഗ്രഹിച്ച് സംസ്കരിച്ച് ശിവോക്തംപോലെ ദ്രവ്യകലശപൂജ ചെയ്യുക.

131 ഭേദഭേ ത്രിത്രിപുടാന്തരേ ഹരപുടേ
വീഥീര്വ്വിധായദധീ-
താഭിജ്ഞോ നവപഞ്ചകാനി
നവകാന്യേവാഥവാക്ഷേത്രകേ
ഭേദഭേ പഞ്ചപുടാന്തരേ ദ്വിനവസൂത്രേ
വാ ƒ ഥ കൃത്വാനവ-
ക്ഷേത്രേത്ര്യഷ്ടിമിതാനി പഞ്ചകൃതിസംഖ്യാ
ന്യേവവാ കല്പയേൽ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പതിനൊന്നു പുടമിട്ടു് സപ്തദശന്യായേന ഒമ്പതു നവകമോ, പഞ്ചകമോ ഉണ്ടാക്കുക. അഥവാ പതിനേഴ പുടത്തിൽ അഞ്ചു് ഇടവിട്ടു തുടച്ചു് ഒമ്പതു് ഇരുപത്തഞ്ചു കലശമോ, പതിനേഴ കലശമോ ആയിട്ടു് ഉണ്ടാക്കുക.

132 മദ്ധ്യേ ƒഷ്ടാസു ചദിക്ഷുരത്നമഥ
പാദ്യാചാമമർഘ്യംപയോ
ദധ്യാജ്യം മധുപഞ്ചഗവ്യ മജകാംഭേഷ്വേ
ക്രമാൽ പൂരയേൽ
രത്നാന്യഷ്ട സലോഹബീജകസുമാ
ന്യേഷാം മൃദശ്ചൌഷധീ-
ന്ന്യസ്യേൽ കഷായഫലാനി ചാപി പരിതഃ
കുംഭേഷു ഗന്ധാനപി-

നടക്കു് മഹാബ്രഹ്മകലശത്തിലും കിഴക്കാദി ദിക്കുകളിലും രത്നങ്ങൾ, പാദ്യം ആചാമം, അർഘ്യം, പാൽ, തൈര, നെയ്യു്, തേൻ, പഞ്ചഗവ്യം എന്നിവയും പിന്നെ ഈ ഖണ്ഡബ്രഹ്മകലശങ്ങളുടെ ചുററുമുള്ള എട്ടുകലശങ്ങളിൽ രത്നാഷ്ടകം, ലോഹാഷ്ടകം, ബീജാഷ്ടകം, പുഷ്പാഷ്ടകം, മൃദഷ്ടകം, ഓഷധ്യഷ്ടകം, കഷായാഷ്ടകം ഫലാഷ്ടകം ഇവയും ന്യസിയ്ക്കുക.

133 ഹൈമം ത്രിശൂലം ഖട്വാംഗ്ഗയുക്തോ
രത്നം പവിഃ സംസ്മൃതം
ദൂർവ്വാശ്യാമാക ജീമൂത ക്രാന്തയഃ പാദ്യമുച്യതേ.

മഹാബ്രഹ്മനിൽ നിറപ്പാൻ സ്വർണ്ണംകൊണ്ടുണ്ടാക്കിയ ശൂലവും കട്ടുതുടിയും വജ്രായുധവും നവരത്ന സ്വർണ്ണവും കൂടിയുള്ള രത്നദ്രവ്യത്തെ ന്യസിയ്ക്കുക. കറുക, കവിട്ടപ്പുല്ലു്, മത്തങ്ങ, കൃഷ്ണക്രാന്തി ഇവ പാദ്യദ്രവ്യമാകുന്നു.

134 ലവങ്ഗജാതിതക്കോല മാചാമോ ƒഘ്യജലം പയഃ
കുശാഗ്രമക്ഷതം ഗന്ധപുഷ്പം സയവസർഷപം.

എലവർങ്ഗത്തൊലി, ജാതിയ്ക്ക, തക്കോലപ്പട്ടിൽ, ഇവ ആചാമദ്രവ്യവും; പാൽ, കുശനാമ്പു്, അക്ഷതം, അഷ്ടഗന്ധം, താമരപ്പൂവു്, യവം, കടുകു് ഇവ അർഘ്യദ്രവ്യവുമാകുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

135 രത്നാനിമുക്താവൈഡൂര്യം പ്രവാളം മരതം പുന:
ഇന്ദ്രനീലം മഹാനീലം കാന്തം സൂര്യശശാങ്കയോഃ

മുത്ത്, വൈഡൂര്യം, പവിഴം, മരതകം, ഇന്ദ്രനീലം, മഹാനീലം, സൂര്യകാന്തം, ചന്ദ്രകാന്തം, ഇവ രത്നാഷ്ടകവും.

136 സുവർണ്ണം രജതം താമ്രം കാംസ്യം സീസാരക്കൂടകേ
ലോഹാനിപിത്തലം ചാഥവായ
സംത്രപുവാ ƒ ഷ്ടമം.

സ്വർണ്ണം, വെള്ളി, ചെമ്പ്, ഓട്, ഈയ്യം, *ആരക്കൂടം, പിച്ചള, ഇരുമ്പ് അഥവാ ചെമ്പ്രാക്കട്ടി. ഇവ ലോഹാഷ്ടകവും.

137 യവാദ്വിസർഷപാ മുൽഗാസ്തിലാഃ
ശ്യാമാകസംജ്ഞിതാഃ
ബീജാന്യാചാമപരിതോ നീവാരാശ്ച പ്രിയങ്ഗവഃ

യവം, വെൺകടുക്, കറുത്ത കടുക്, ചെറുപയറ്, എള്ള്, ചാമ, വരിനെല്ല്, തിന ഇവ ബീജാഷ്ടകവും.

138 കരവീരജപാശോകനന്ദ്യാവർത്തകമല്ലികാഃ
ശ്വേതാർക്കമുല്പലം പത്മമഷ്ടപുഷ്പാണ്യപിക്രമാൽ.

കരവീരം, ചെമ്പരുത്തി, അശോകം, നന്ത്യാർവ്വട്ടം, മല്ലി, വെളുത്ത എരുക്ക്, ചെങ്ങഴിനീർ, താമര ഇവ പുഷ്പാഷ്ടകവും.

139 വല്മീകേ കുശമൂലേ ചക്ഷേത്രേ നദ്യാദ്വിതീരതഃ
വൃഷേഭശൃങ്ഗയോഃ കോലചർവ്വിതാച്ച ക്രമാന്മൃദഃ

പുററ്, കുശമൂട്, വിളഭൂമി, നദിയുടെ ഇരുകരകളും, കാളക്കൊമ്പ്, ആനക്കൊമ്പ്, പന്നി തുരന്നിടം, എന്നീ എട്ട് സ്ഥലങ്ങളിലേയും മണ്ണുകളും.

---

* ആരക്കൂടം എന്നത് മാററ് കുറഞ്ഞ സ്വർണ്ണം അഥവാ പാണ്ടിപ്പിച്ചള എന്നും പറഞ്ഞു കാണുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

140 ക്രാന്തിശ്ചൌഷധയോ ലക്ഷ്മീഃ സഹദേവീന്ദ്രവല്ലരീ
ശംഖപുഷ്പീചസിംഹീചവ്യാഘ്രീചഗിരികർണ്ണികാ.

കൃഷ്ണക്രാന്തി, തിരുതാളി, മുയൽച്ചെവി, ഉഴിഞ്ഞ, ശംഖപുഷ്പി, ചെറുവഴുതിന, വലിയ വഴുതിന, *ഞഴുക് ഇവ എട്ടും ഔഷധിദ്രവ്യങ്ങളും.

141 ബില്വബ്രഹ്മദ്രുഖദിര മധൂകവട ചൂതജാഃ
അശ്വത്ഥപന സോത്ഥേചത്വചഃ കഥിതസാധനം.

കൂവളം, പ്ലാശ്, കരിങ്ങാലി, ഇരിപ്പ, പേരാൽ, മാവ്, അരയാൽ, പ്ലാവ് ഇവ എട്ടിൻെറയും തൊലികൾ കഷായാഷ്ടകദ്രവ്യങ്ങൾ.

142 കദളീപനസാമ്രാണി ബില്വമാമലകം പുനഃ
മാതളങ്ഗഫലാനി സ്യുർദ്രവ്യം ബീജാദിപൂരകം.

കദളിക്കായ, ചക്ക, മാങ്ങ, കൂവളക്കായ, നെല്ലിക്ക, മാതളനാരങ്ങ, ചെറുനാരങ്ങ, ഗണപതിനാരങ്ങ ഇവ ഫലാഷ്ടകവും.

143 ചന്ദനംചൈവ കർപ്പൂരമുശീരം കുഷ്ഠമേവച
കാശ്മീരരോചനാഗ്രന്ഥിചോരാഗന്ധാഃ ക്രമാദമീ.

ചന്ദനം, പച്ചകർപ്പൂരം, രാമച്ചം, കൊട്ടം, രക്തചന്ദനം, ഗോരോചനം, ഗ്രന്ഥി (തുണിയാങ്കം), കച്ചൂരിക്കിഴങ്ങ് ഇവ അഷ്ടഗന്ധവുമാകുന്നു

144 ചാമുണ്ഡാന്തർദ്രുഹിണകലശേ ദേവതാ
സ്യോപകംഭേ
ഷഡ്വഷ്ടൌദ്ധത്യശ്ചപുരഉദിതാ ബ്രഹ്മഖണ്ഡേഷുഭ്രയഃ
ഐന്ദ്രീവൈഷ്ണവ്യദിതവിധയാസ്സന്ദ പോത്രീശജാതാ
ബ്രാഹ്മീവിഘ്നേപ്യ പി തുരുജിതി
വീരസപ്തമാതൃന്വിതാഃ സ്യുഃ

ഇവിടെ മഹാബ്രഹ്മനിൽ തുരുജിത്തും, അതിന്നു ചുറ്റും മഹാമായാദി എട്ടും, പിന്നെ കിഴക്കാദി പ്രദക്ഷിണ

* ഗിരികർണ്ണിക എന്നതിന്നു (കൊടി) എന്നും പറഞ്ഞുവരുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മായി ഇന്ദ്രാണി, വൈഷ്ണവി കൌമാരി, വാരാഹി, മാഹേശ്വരി, ബ്രഹ്മാണി, ഗണപതി, വീരഭദ്രൻ ഇവരും ഇവരുടെ ചുററും ദ്രവ്യന്യാസത്തിന്ന് അവരവരുടെ മൂർത്ത്യഷ്ടകവുമാകുന്ന മന്ത്രങ്ങളും,

145 ദേവ്യാം സ്വപീഠപരിപൂജന കുംഭസംസ്കാ-
രാദൌകൃതേന്യസതു ചോദിതദേവതാഭിഃ
ദ്രവ്യംപ്രപൂരയതു ചാഥനിജേനമൂലേ-
നാവാഹ്യ സാധുപരിപൂജ്യ സുജപ്യരക്ഷേൽ.

രുരുജിത്തിങ്കൽ പീഠപൂജകുംഭസ്സംസ്കാരാദി എല്ലാം ചെയ്തു നിറസ്കാരായാൽ അതതുമന്ത്രംചൊല്ലി അതതു ദ്രവ്യം ന്യസിച്ച് ജലദ്രോണിജലം വേണ്ടിടത്ത് അതും നിറച്ച് അതതുമൂലം കൊണ്ടാവാഹിച്ച് പൂജിച്ച് നിവേദിച്ച്പ്രസന്നപൂജയും ചെയ്ത മൂടി രക്ഷിക്കുക.

146 പഞ്ചപ്രണവഗായത്രീത്ര്യക്ഷരാണിനവാക്ഷരം
ഹംസാഖ്യം ചമനും ജപ്ത്വാ കാര്യം കലശപൂരണം.

എല്ലാ കലശങ്ങളും നിറയ്ക്കുന്നതിന്ന് പഞ്ചപ്രണവം, ഗായത്രി, ത്ര്യക്ഷരം, നവാക്ഷരം, ''ഹംസഃ'' എന്നും ജപിച്ചിട്ടുവേണം.

147 ദേവ്യാം മാതൃഷു ച ദ്രവ്യന്യാസ സമ്പൂരണാദിഷു,
ബ്രാഹ്മേതദുപകുംഭേഷ്വനവാർണ്ണാംർണ്ണാശ്ചയോജയേൽ.

രുരുജിത്തിന്നും, മാതൃക്കൾക്കും മേല്പറഞ്ഞ മന്ത്രങ്ങളും അവരവരുടെ നവാർണ്ണത്തിൻെറ ഓരോ അക്ഷരവും കൂട്ടി വേണം.

148 മൂലം സ്വവിദ്യാം സാങ്ഗം ച
വ്യോമവ്യാപിമനും പുനഃ
ഗായത്രീം നവവർണ്ണംച മന്ത്രീ ബ്രഹ്മഘടേ ജപേൽ.

ബ്രഹ്മകലശത്തിങ്കൽ തൊട്ടു ജപിപ്പാൻ മൂലവും, സമയവിദ്യയും, അംഗങ്ങളും, വ്യോമവ്യാപിയും ഗായത്രിയും നവാക്ഷരവും വേണം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

149 കൃത്വാപ്യരോക്തമധിവാസഹുതം സമപ്പ്യ
സമ്പാതമേത ദധിവാസ കൃദുത്തരേഷു.
ദേവ്യാം ഗുരുദിതദിശാകൃത നിത്യപൂജഃ
സംസ്ഥാപ്യ ചോക്തമനുഭിഃ കലശൈശ്യജേല്ല.

അനന്തരം ദുരുജിത്തിങ്കൽ മുമ്പേത്തേപ്പോലെ അധി
വാസഹോമം ചെയ്തു് സമ്പാതം സ്പശിച്ചു് അധിവസിച്ചു്
പിറേറ ദിവസം ഗുരു പറഞ്ഞ വിധം നട തുറന്നു് പായ
സം നിവേദിച്ചു് ഹോമകലശാഭിഷേകാന്തം ചെയ്തു് ഉച്ച
പൂജയ്ക്കു് പൂജിപ്പധിവസിച്ചിട്ടുള്ള ദ്രവ്യകലശമാടി യഥാവി
ധി പൂജയും അവസ്രാവപ്രോക്ഷണവും ശ്രീഭൂതബലിയും
ചെയ്യുക.

150 സേ്വസേ്വഖണ്ഡേനിജനിജവിധാനേന പീഠാച്ചനാദി
ദ്രവ്യന്യാസാദ്യപീഠ സുവിധായായാ
ഭിവാഹ്യൈഷു താംതാം
കുംഭേഷ്വഭ്യർച്ച്യയത്ര ഹുതകൃൽസ്വ
സ്വാദിക്കുണ്ഡവഹ്നി-
ഷ്വേതൈരംബാഃ സ്നപയത്ര
സമുക്തക്രമേണാപരേദ്യുഃ

അവരവരുടെ ഖണ്ഡത്തിൽ അവരവക്കു പറഞ്ഞപ്ര
കാരം പീഠപൂജ മുതലായതും ദ്രവ്യന്യാസാദിയും ചെയ്തു്
അതാതു് ദേവീദേവന്മാരെ ആവാഹിച്ചു പൂജിക്കുകയും
വേണം. അവരവരുടെ കുണ്ഡത്തിൽ അധിവാസഹോമം
ചെയ്തു് അധിവസിച്ചു് പിറേറദിവസം അതാതു ദേവീദേ
വന്മാരെപ്പൂജിച്ചു് കലശങ്ങളം ആടിപ്പൂജിയ്ക്കുകയും ചെ
യ്യണം.

151 പൂവ്വാദിമദ്ധ്യചരമൈഃ സ്നപനംക്രമേണ
ദേവ്യാം പ്രധാനപരികുംഭചയൈവ്വിധേയം
ദ്രവ്യക്രമേണ ജനനീഷ്വയഥോദിതം വാ
സ്യാൽസ്വക്രമേണ ശിവസോമദിശാദിവാപി.

ദുരുജിത്തിങ്കൽ ഈ കലശങ്ങളം ആടുന്നതിന്നു് കിഴ
ക്കാദി പ്രദക്ഷിണമായിട്ടും ഒടുവിൽ മദ്ധ്യബ്രഹ്മനം. പരി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കലശങ്ങളിൽ ബ്രഹ്മൻ ആദ്യവും പിന്നെ പ്രദക്ഷിണമായി ദ്രവ്യം ന്യസിച്ചിട്ടുള്ള പരികലശവും, അതിനും പുറത്തു് ശുദ്ധജലം നിറച്ച പരികലശങ്ങളുണ്ടെങ്കിൽ അവ ദിക്കും കോണും ക്രമത്തിലും ആടണം. മദ്ധ്യബ്രഹ്മഖണ്ഡത്തിലേവ പുറത്തു ശുദ്ധജലം നിറച്ചവയുണ്ടെങ്കിൽ അവയും പിന്നെ കിഴക്കാദിപ്രദക്ഷിണമായിട്ടു് ദ്രവ്യങ്ങൾ ന്യസിച്ചവ ''മഹാമായാ''ദികളെക്കൊണ്ടും, പിന്നെ മഹാബ്രഹ്മനും എന്നിങ്ങനെ ക്രമം—മാതൃക്കളിലും ഈ കലശത്തിങ്കൽ ഈ ക്രമം തന്നെ. നടുക്കു് ചാമുണ്ഡി മററെല്ലാം മുൻപറഞ്ഞപോലെ ഐന്ദ്ര്യാദി . ഇവ ആടുവാനും ഈ ക്രമംതന്നെ. മറെറാരു ക്രമവും ആകാം. അതായതു്:— വീരഭദ്രനു് ഈശ ഖണ്ഡം, ഗണപതിയ്ക്കു് വടക്കെ ഖണ്ഡം, ചാമുണ്ഡിയ്ക്കു് നടുവിലെ ഖണ്ഡം, ബ്രഹ്മാണിയ്ക്കു് വായുഖണ്ഡം, മാഹേശ്വരിയ്ക്കു് പടിഞ്ഞാറെ ഖണ്ഡം, കൌമാരിയ്ക്കു് തെക്കെ ഖണ്ഡം, വൈഷ്ണവിയ്ക്കു് അഗ്നിഖണ്ഡം, വാരാഹിയ്ക്കു് നിരൃതിഖണ്ഡം, ഇന്ദ്രാണിയ്ക്കു് കിഴക്കെ ഖണ്ഡം. ഈ ക്രമത്തിലും ആകാം.

152 നവാപിഖണ്ഡായദിപഞ്ചകാഃ സ്യുർ-
ദ്രവ്യാണികോണേഷു ന ദേവതാശ്ച
സ്യാല്ലേവലൈബ്ച്ഛ്രമ്ഹലടൈരപീഹ
യഥോക്തമിഷ്ടൈഃ സ്നപനം കദാചിൽ.

മുകളിൽ പറഞ്ഞവ നവഖണ്ഡങ്ങളല്ലാതെ പഞ്ചകമാണെങ്കിൽ കോണിലേയ്ക്കു് പറഞ്ഞ ദ്രവ്യങ്ങളും ദേവതകളും വേണ്ട. പരിഖണ്ഡകലശങ്ങളൊന്നും ഇല്ലാതെ ഒററ കലശമായിട്ടു് നവകം പൂജിച്ചു് നടുവിലേയ്ക്കു് പറഞ്ഞ ദ്രവ്യങ്ങൾ മാത്രം ന്യസിച്ചു് പൂജിക്കുന്നതും ചുരുക്കത്തിൽ ഉള്ള ഒരു വിധിയാകുന്നു.

153 പ്രാക്പ്രത്യക്ക്രമതോ *f* ഥ സപ്തനവകാനി
പ്രാന്തയോർദ്ദക്ഷിണേ
ദേചാധായ സവീഥികാനികശലോ
ദൃശ്യംചലോഹം ദധി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗൌളാജ്യം മധുതൈലരത്നസലിലം
കേരീരസം പൂരയേൽ
ബ്രാഹ്മേഷ്വഛശജലം പരേഷ്വവിധിവച്ഛാലാകൃതൌ
മണ്ഡപേ.

മാതൃക്കളിൽ ശാലാകാരമായ മണ്ഡപത്തിൽ കിഴക്കു പടിഞ്ഞാറു് നീളത്തിൽ വീഥിയോടുകൂടി ഏഴു നവകത്തേയും അതിന്റെ ദക്ഷിണഭാഗത്തു് രണ്ടററത്തും ഓരോ നവകം ഉണ്ടാക്കി, പാൽ, ലോഹങ്ങൾ, തൈരു്, ശക്കര, നെയ്യു്, തേൻ, എണ്ണ, രത്നം, തേങ്ങാപ്പാൽ ഇവ യഥാക്രമം ബ്രഹ്മകലശങ്ങളിലും, പരികലശങ്ങളിലെല്ലാം ശുദ്ധജലവും നിറച്ച പൂജിക്കുക.

154 വീരരൌദ്ര്യാദിവിഘ്നാന്തീമാൻ പൂജയേ-
ദേഷുഹൃതാഽഥ സമ്പാതമാപാതയേൽ.
ദ്രവ്യശുദ്ധോദകൈസ്സ്വൈശ്ചതാഃ സ്നാപയേ-
ദുത്തരേദ്യുസ്തതോഽഭ്യച്ച്യ സന്തോഷയേൽ.

ഇതിന്നുള്ള ക്രമം: — വീരഭദ്രൻ, ചാമുണ്ഡി, ബ്രഹ്മാണി, മാഹേശ്വരി, കൌമാരി, വൈഷ്ണവി, വാരാഹി, ഇന്ദ്രാണി, ഗണപതി ഈ ക്രമത്തിൽ അവരവരെ ആവാഹിച്ച പൂജിച്ചധിവസിച്ചു് പിറേറദിവസം ആടിപൂജിച്ചു് പ്രസന്നപൂജയും ചെയ്യുക.

155 പഞ്ചകാന്യേക കാന്യേവ വൈതാനിതു
സ്യുഃ പുരോക്തേഽഥ വാ ക്ഷേത്രകേ ബുദ്ധിമാൻ.
വീരരൌദ്ര്യാദി വിഘ്നാന്തീമാൻ മദ്ധ്യമാ-
ദ്യൈശനീഷ്വേഷു സമ്പൂജ്യതൈഃ സ്നാപയേൽ.

ഈ പറഞ്ഞ ദ്രവ്യങ്ങളെ ഇവിടെ പറഞ്ഞ കലശത്തിലോ, മുമ്പു് പറഞ്ഞ കലശത്തിലോ നവകം, പഞ്ചകം, ഒററകലശം എന്നീ ഏതെങ്കിലും തരത്തിൽ നിറച്ചു് നടുവിൽ വീരഭദ്രനേയും കിഴക്കാദിപ്രദക്ഷിണമായിട്ടു് ചാമുണ്ഡ്യാദിഗണപത്യന്തന്മാരേയും പൂജിച്ചു് ആടുകയുമാകാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

156 ദേവ്യാം ശിവോക്തരീത്യാ വാ ക്ഷേത്രം
കൃത്വായഥോചിതം-
സ്വപഞ്ചവിംശതിദ്ര വ്യൈരാപൂൎയ്യേഷ്ട്വാഭിഷിഞ്ചതു.

രുരുജിത്തിന്ന് ശൈവപഞ്ചവിംശതിപത്മം ഏതെങ്കിലും ഒന്നുണ്ടാക്കി താഴെ പറയുന്ന തൻെറ പഞ്ചവിംശതിദ്രവ്യങ്ങരം ന്യസിച്ച് പൂജിച്ച് ആടുകയുമാകാം.

157 പാദ്യാചാമാൎഘ്യഗവ്യം കഷായതദധിസദുഗ്ദ്ധം
ഘൃതം ദിഗ്വിദിക്ഷു
സ്യൎമ്മത്ത്യാംശേ ജയന്താദിഷു മധുഗുളഗന്ധം
ഫലം ഹേമപുഷ്പം
യാവംകൌശംതതോമൃത്സരസിജ തിലധാന്യം
പ്രിയങ്ഗ്വാമിഷോദം
ഖൎജ്ജൂരം രത്നതോയം ദിശിവിദിശിസുരാംശേ f
ന്തിമം രക്തകംവാ,

1) പാദ്യം, 2) ആചാമം, 3) അൎഘ്യം, 4) പഞ്ചഗവ്യം, 5) കഷായം, 6) തൈരു്, 7 പാൽ, 8) നെയ്യ് ഇവ മാനുഷത്തിങ്കൽ ദിക്കും കോണും ക്രമത്തിലും 9) തേൻ, 10) ശക്കര, 11) അഷ്ടഗന്ധം, 12 ഫലങ്ങരം, 13) സ്വൎണ്ണം, 14) പുഷ്പം, 15) യവം, 16) കുശ ഇവ മാനുഷാന്തരാളങ്ങളിൽ ജയന്താദിയായിട്ടും 17) മണ്ണകരം, 18) താമരപ്പൂവ്, 19) എള്ള്, 20) ധാന്യങ്ങരം 21) തിന, 22) മാംസപ്രതിനിധിയായ അട, 23) ഈന്തൽക്കുരു (*ഖൎജ്ജൂരം), 24) രത്നങ്ങരം ഇവ ദൈവികത്തിങ്കൽ ദിക്കും കോണും ക്രമത്തിലും.

158 ഹേമരതോദകം മദ്ധ്യേബ്രഹ്മകുംഭേ പ്രപൂൎയ്യ ച,
പാദ്യാദിപുരഃയദേവം പൂൎവ്വവച്ച ഹുതാദികം.

ബ്രഹ്മകലശത്തിങ്കൽ മുമ്പ പറഞ്ഞിട്ടുള്ള ഹേമരതോദകത്തെ ന്യസിച്ച് പിന്നെ പാദ്യാദി ഇവിടെ പറഞ്ഞവ യഥാക്രമം അതാതുകളിലും ന്യസിച്ച് പൂജിച്ച് അധിവാസഹോമവും മുമ്പു പറഞ്ഞതുപോലെ ചെയ്യുക.

---

* വെള്ളിയാവുമോ?

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

159 ''അധിവാസഃ കൃതോദേവി! ക്ഷമ്യതാമുപരോധനം
ക്ഷണേനമേ പ്രസാദോ f സ്യ ക്രിയതാം
പരമേശ്വരി!''

ഇതു് പ്രാത്ഥനാമന്ത്രം.

160 പാദ്യാദ്യൈഃ സ്നപയിത്വൈവം ബ്രഹ്മ
കുംഭേനചാന്തതഃ
അവസ്രുതോദകൈഃ പ്രോക്ഷ്യപരിവാരാൻ
യജേതച.

പാദ്യാദി ഇരുപത്തിനാലും കഴിഞ്ഞു് ഒടുവിൽ മഹാബ്രഹ്മനും ആടി, അവസ്രാവപ്രോക്ഷണവും ശ്രീഭൂതബലിയും ചെയ്യുക.

161 മൂലം ബ്രാഹ്മേ f ങ്ഗമനവഃ സ്വരാംശേ
മാതരോ f പിച
മഹാമായാദയശ്ചാപി മത്ത്യാംശേമനവഃ ക്രമാൽ.

ഈ കലശങ്ങളിൽ ദ്രവ്യങ്ങൾ ന്യസിയ്ക്കുവാനും കലശം ആടുവാനുമുള്ള മന്ത്രങ്ങൾ: ബ്രഹ്മകലശത്തിന്നു് മൂലം തന്നെ ദൈവികത്തിങ്കൽ അംഗമന്ത്രങ്ങൾ -- കിഴക്കാദി നാലുദിക്കുകളിലും അസ്ത്രവും അഗ്ന്യാദി കോണകളിൽ ഹൃദയ, ശിഖാ, കവച, ശിരഃ എന്ന ക്രമത്തിലും, മാനുഷത്തിങ്കൽ ''മഹാലക്ഷ്മ്യ''ന്തം മാതൃമന്ത്രങ്ങൾ എട്ടും തദന്തരാളങ്ങളിൽ ''മഹാമായാ''ദി എട്ടും.

162 ക്ഷേത്രപാലം സ്വകലശൈരഭിഷിച്യ ശിവസ്യച-
ഭൈരവ്യാ ജനനീനാം ചാവസ്രുതൈഃ
പ്രോക്ഷ്യപൂജയേൽ.

ക്ഷേത്രപാലനും ശിവനും അവരവരുടെ കലശങ്ങൾ ആടുകയും ഇവക്കെല്ലാവക്കും അവസ്രാവപ്രോക്ഷണവും ശ്രീഭൂതബലിയും ചെയ്യുകയും വേണം.

എട്ടാം പടലം സമാപ്തം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഒമ്പതാം പടലം

1 അഥോത്സവം ദേവരുരുജിഡംബാ-
സൂക്തപ്രകാരാഹിതബീജവാപഃ
സ്വസ്വാഗ്രതഃ സ്ഥാപിതവാഹനോദ്യ-
ദ്ധ്വജോ വിദധ്യാദ്വിഭവൈഃ സമൃദ്ധം.

ശിവൻ, രുരുജിത്തു്, മാതൃക്കരം എന്നിവക്കു് മുമ്പു് പറഞ്ഞ പ്രകാരം മുളയിട്ടു് മുൻഭാഗത്തു് കൊടികയറി സമൃദ്ധമായ വിഭവങ്ങളോടുകൂടി ഉത്സവം തുടങ്ങുക. കൊടിമരത്തിന്മേൽ അവരവരുടെ വാഹനം വേണം.

2 ദേവേ ധ്വജോ ഗുരുസമീരിത ഏവദേവ്യാം
വേതാളവാഹനയുതോ ജനനീഷു ഭൂയഃ
സ്യാൽകൌശി കൈകലസിതോ ധ്വജ ഏക ഏവ
തൽസ്ഥാപനക്രമ ഇഹേശവദ ഉക്ത ഏവ.

ശിവങ്കൽ ഗുരുവിനാൽ പറയപ്പെട്ട കാളതന്നെ വാഹനം. രുരുജിത്തിങ്കൽ വേതാളവും, മാതൃക്കാൾക്കു് എല്ലാവക്കും കൂടി ഒരു കൊടിമരവും അതിന്മേൽ ചാമുണ്ഡിയുടെ വാഹനമായ നത്തും, മന്ത്രം ''കൌശികായ നമഃ'' എന്നുമാകുന്നു. ക്രിയകളെല്ലാം തന്ത്രസമുച്ചയത്തിൽ ശിവങ്കൽ പറഞ്ഞതുപോലെയാകുന്നു.

3 വാഹനേ വാ പടേ വാപി ദേവ്യഗ്രസ്ഥിത വാഹനാൽ
ആവാഹ്യധ്വജ ആരോപ്യതമുത്ഥാപ്യ പ്രപൂജയേൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

ധ്വജപ്രതിഷ്ഠ കഴിഞ്ഞിട്ടില്ലാത്തിടത്ത് വാഹനത്തിന്മേലും കഴിഞ്ഞിട്ടുള്ളിടത്ത് കൊടിക്കൂറയിന്മേലും അതാതു ദേവൻെറ അഗ്രഭാഗത്തുള്ള വാഹനത്തിങ്കൽ നിന്നും ആവാഹിച്ച് ധ്വജത്തിന്മേൽ യോജിപ്പിച്ച് കൊടി കയററി പൂജിക്കുക.

4 ''ഓം നമോ ƒസ്തു പതാകായൈ സർവ്വലോക
സ്വധാത്രിയൈ
ഉത്സവസ്യമഹാദേവ്യാസ്സ്വായയസ്വ സദാ നമഃ''
എന്നു് പ്രാർത്ഥനാമന്ത്രം.
''ഉത്സവസ്യ ച മാതൃണാം''മിതി

''ഉത്സവസ്യ ച മാതൃണാം'' എന്നു് മാതൃക്കൾക്കു് വിശേഷം.

5 പരിതോ ƒഷ്ടൌ ധ്വജാനന്യാൻ ലോകപാലാ
ങ്ക ചിഹ്നിതാൻ
ശിവസ്യസ്ഥാപയേദ്ദേവ്യാ മാതൃണാം
ച വിധാനവിൽ.

ചുററും ശിവൻ, ദുരുജിത്തു് മാതൃക്കൾ എന്നിവരുടെ ദിക്കൊടികൾ നാട്ടണം. ആ കൊടിക്കൂറകൾ അതാതു് ദിക്പാലന്മാരുടേതായ വർണ്ണത്തിലും, ആയുധചിഹ്നത്തോടു കൂടിയവയും ആയിരിക്കണം. അവയുടെ ക്രിയകൾ എല്ലാം മണ്ഡപസംസ്കാരത്തിങ്കൽ പറഞ്ഞിട്ടുള്ളവ തന്നെയാണു്.

6 ശിവധ്വജാഗ്രേ പരിപൂജ്യഭേരീം
തദുക്തരീത്യാ ƒഥ ചതാം പ്രയോക്താ
സന്താഡയേത്തേന ച സർവ്വഭൂതാ-
ന്യത്രാഗതാന്യർഘ്യകരോ ƒ ർത്ഥയേത.

ശിവൻെറ ധ്വജാഗ്രത്തിങ്കൽ ശിവങ്കൽ പറഞ്ഞ പ്രകാരം വാദ്യപൂജ ചെയ്തു്, പിന്നെ പാണി കൊട്ടുവാനുള്ള ആൾ കുളിച്ചു തററുടുത്തു് വന്നു് വിധിപ്രകാരം പാണി കൊട്ടുക. അപ്പോൾ വന്ന ഭൂതഗണങ്ങളെ അർഘ്യം കൊടുത്തു് ഉപചരിക്കുക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

7 ''ഉത്സവം കുർമ്മഹേ ശക്ത്യായാവദ്യാഗഃ സമാപ്യതേ
അവിഘ്നം താവദസ്മാകമസ്തുയുഷ്മൽ പ്രസാദതഃ

8 സഹിതാ ദേവദേവേന പ്രസീദന്ത്വത്രമാതരഃ
വിഘ്നേശോ രക്ഷതു പ്രീതഃ കാര്യ്യം
നിർവ്വർത്തിതുംസുഖം''
ഈ രണ്ടു ശ്ലോകങ്ങളും പ്രാർത്ഥനാമന്ത്രങ്ങളും.

9 തസ്യാംനിശി ശിവംദേവീം മാതൃശ്ച
ക്ഷേത്രപാലകം
പൂജയിത്വാ സ്വമന്ത്രൈഃ കുര്യ്യാത്ഭൂതബലിം ഗുരുഃ

ആ രാത്രിയിൽ ശിവൻ, ദുർഗ്ഗജിത്തു്, മാതൃക്കൾ, ക്ഷേത്രപാലൻ എന്നിവരെ അവരവരുടെ മൂലംകൊണ്ടു് പൂജിച്ചു് ശ്രീഭൂതബലിയും ചെയ്യണം.

10 ദിനേഷു ശേഷേഷു വിശേഷപൂജാ-
മേഷാം വിദദ്ധ്യാത്സവനത്രയേ ƒപി.
ദിവാചനക്തം ച തഥോത്സവാഖ്യം
ബലിംപ്രദദ്യാദപി ഭൌതികംവാ.

മററുള്ള ദിവസങ്ങളിൽ ഇവക്കു് സവനത്രയത്തിലും വിശേഷപൂജ ചെയ്യണം. പകലും രാത്രിയിലും ഉത്സവബലിയോ ശ്രീഭൂതബലിയോ തൂകുകയും വേണം.

11 ശുദ്ധാംബുദുഗ്ദ്ധദധിനീ ഘൃതതൈലഗവ്യ-
കഷായാശ്ച ഗന്ധസലിലം കലശാന വൈതൈഃ
മാദ്ധ്യാഹ്നികം സ്നപനമീരിത മേകവീര്യ്യാ-
മംബാസ്വപേഹസകലംതു ശിവേ ഗുരുക്തം.

ദുർഗ്ഗജിത്തിന്നും മാതൃക്കൾക്കും ഉച്ചപൂജക്കു് ശുദ്ധജലം, പാൽ, തൈരു്, നെയ്യു്, എണ്ണ, പഞ്ചഗവ്യം, കഷായം, അഷ്ടഗന്ധജലം, കലശം എന്നീ ഒമ്പതു് കൂട്ടംകൊണ്ടും ആടി പൂജിക്കണം. ശിവന്നു് എല്ലാം ഗുരു പറഞ്ഞപോലെയും ചെയ്യണം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

12 ദേവീഷു പായസം ഗൌളം ഹാരിദ്രം ച നിവേദ്യതാം
ത്രിഷുക്രമേണ സവനേഷ്വംശഭാക്
ക്ഷേത്രപോ ഭവേൽ.

രുരുജിത്തിന്നും മാതൃക്കൾക്കും സവനത്രയത്തിങ്കൽ പാല്പായസം, ശർക്കരപ്പായസം, മഞ്ഞളിട്ട ഹവിസ്സ് എന്നിവ യഥാക്രമം നിവേദിയ്ക്കണം. ക്ഷേത്രപാലനും ഇവയുടെ അംശം നിവേദിയ്ക്കണം.

13 ശിവാദിഷ്വപൃഥക്പൂജാ ബലിരപ്യത്ര പൃഥഗ്ഭവേൽ
ശിവേ ബലിർഗ്ഗുരുക്തോത്ര ദേവീഷു
ബലിരുച്യതേ.

ശിവാദികളിൽ പൂജയും ബലിയും ഒരുമിച്ചാകാം. പൂജ ഒരുമിച്ചാണെങ്കിൽ ബലിയും ഒരുമിച്ചുതന്നെ വേണം. ശിവങ്കലെ ബലി തന്ത്രസമുച്ചയത്തിൽ പറഞ്ഞതുപോലെയാണ്. രുരുജിത്തിന്റേയും മാതൃക്കളുടേയും വിശേഷത്തെ ഇവിടെപ്പറയുന്നു.

14 അന്തർദ്വാഃസ്ഥൗ ഗണേശോ രുരുജിതി ഗിരിശോ
നത്വമീസാങ്ഗണേന്നേ
ദ്വാഃസ്ഥാഃ ദ്വിഃഷട് പുരോഽഗ്രേ പ്രതിദിശമപി
ചേന്ദ്രാദ്യജാന്തം സ്വവാഹാഃ
മാത്രാദ്യാഃ സൃന്നിരങ്ഗേ സതിഗൃഹചരമാഃ
ശേഷഭുക്പാഥമാതൃ-
ഷ്വേവം ദ്വാഃസ്ഥാസ്തു നദ്വിഃ ഷഡിഹ നവതു വാഹാ
ബലൌ ഭൂതഭോജീ.

രുരുജിത്ത് കിഴക്കോട്ടു തിരിഞ്ഞിരിയ്ക്കുന്നിടത്ത് അകത്തെ ദ്വാസ്ഥന്മാർ, ഗണപതി ദക്ഷിണാമൂർത്തി; വടക്കോട്ടും, പടിഞ്ഞാട്ടും തിരിഞ്ഞിരിയ്ക്കുന്നിടത്ത് ഈ നാലും വേണ്ട. പിന്നെ നടയ്ക്കൽ വലത്തും ഇടത്തുമായി ആററു ദ്വാസ്ഥന്മാർ, പിന്നെ നടയ്ക്കൽ തുടങ്ങി ഈരണ്ടു വീതം നാലു നടയ്ക്കലും; പിന്നെ ഇന്ദ്രാദി, ബ്രഹ്മാന്തം ദിക്പാലന്മാർ പത്തും, മണ്ഡപത്തിൽ വാഹനം, മാതൃക്കൾ തുടങ്ങി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിമ്മാല്യധാരി കഴിവോളവും. മാതൃക്കാംക്കും പറയത്തക്ക വ്യത്യാസമില്ല; നടക്കലെ പന്ത്രണ്ടു ദ്വാസ്ഥന്മാർ ഇല്ല. വാഹനം ഒമ്പതും വെവ്വേറെ വേണംതാനും.

15 സംഭാന്തമ്മാതൃണാം രുരുജിത ഇഹാന്തബ്ബഹിരപി
ക്രമാദ്ദ്വാഃസ്ഥാഃ സ്വാഗ്രപ്രഭൃതിപബഹിഃ
കേതുപതയഃ
തതഃ പഞ്ചാശത്ഭൂതഗണബലിരഗ്രേ ദശപുന-
മ്മഹാപീഠേ ഭൂയോഗ്രഹബലിരപി ക്ഷേത്രപബലിഃ

മാതൃക്കാംക്കും രുരുജിത്തിന്നും വലിയമ്പലത്തിന്റെ അകത്തും പുറത്തും ദ്വാസ്ഥന്മാരും, പിന്നെ പുറത്ത് മുമ്പിൽ തുടങ്ങി ഒന്നാം പ്രദക്ഷിണം ധ്വജദേവതകാംക്കും, രണ്ടാം പ്രദക്ഷിണം ''പഞ്ചാശത്ഭൂതഗണേഭ്യോ നമഃ'' എന്നും പിന്നെ അവരവരുടെ മുമ്പിലുള്ള വലിയ ബലിക്കല്ലിങ്കൽ കിഴക്കാദി എട്ടു ദിക്കിലും മുകളിലും കഴിഞ്ഞാൽ ദേവഗ്രഹാദിയും ക്ഷേത്രപാലബലിയും ചെയ്യുക.

16 അന്തന്നന്ദിമഹാകാളൌ ദ്വാഃസ്ഥാ
വീശേ ƒ ംബികാസ്വപി
യാമ്യേപാശ്വേഗണപതിർദക്ഷിണാമൂത്തിരേവച.

ശിവൻ, രുരുജിത്ത്, മാതൃക്കാം എന്നിവക്കു അകത്തു ''നന്ദിനേ നമഃ, മഹാകാളായ നമഃ'' എന്നുതന്നെ ദ്വാസ്ഥന്മാർ. തെക്കെ നടക്കൽ ഗണപതി ദക്ഷിണാമൂത്തി.

17 ശൂലപാണിഃ പരശുപാണിബ്ബഹിർദ്വാഃ
സ്ഥൌത്രിശൂലിനഃ
സപയ്യാംയാമിവേന്ദ്രാദിബ്രഹ്മാന്താദശലോകപാഃ

''ശൂലപാണയേനമഃ, പരശുപാണയേനമഃ'' പിന്നെ ഇന്ദ്രാദി ബ്രഹ്മാവവസാനമായി ദിക്പാലന്മാർ പത്തും പൂജയിങ്കലെപ്പോലെ.

18 കിന്ത്വത്രധനദേജ്യാ സ്യാൽ സോമാദ്യഗ്വാഹമഗ്രതഃ
വീരഭദ്രോഗണപതിസ്തന്മദ്ധ്യേ സപ്തമാതരഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

19 ചാമുണ്ഡാദ്യാപിവാമദ്ധ്യാതഥാവാ *f* ന്തേ *f* പി
വേജ്യതാം
മാത്രാദ്യാഃ ഷട്ത്തുതന്മദ്ധ്യേ തത്രമാലാമനുഭ്വേൽ.

എന്നാൽ സോമൻെറ വടക്ക് വൈശ്രവണനെ തൂകണം പിന്നെ മണ്ഡപത്തിൽ വാഹനം ''വൃഷഭായനമഃ''എന്നു് പിന്നെ വീരഭദ്രൻ, ഗണപതി തുടങ്ങിയ മാതൃക്കരം, ഇവിടെ ചാമുണ്ഡയേ ആദ്യമായിട്ടോ, നടുവിലായിട്ടോ, ഒടുവിലായിട്ടോ ആകാം. അതിൻെറ നടുവിൽ ''മാതൃഭ്യോനമഃ'' എന്നു തുടങ്ങിയ ആറും ''നാനാരൂപാ'' ഇത്യാദിയും തൂകണം.

20 തത്രൈവഗണമന്ത്രശ്ചമൂലം ച സ്വാഗമോദിതം
മാതരഃകേവലാ ലോകാകാശഭൂതയുതാ അപി.

21 ഗുഹ്യസർവ്വയുതാഃ ഷട്സ്യരന്തേ തല്പരിഷദ്ബലിഃ
ശാസ്താദുർഗ്ഗാഗുഹശ്ചൈവ തതശ്ചണ്ഡേശ്വരഃ ക്രമാൽ.

അവിടെത്തന്നെ ഗണമന്ത്രവും അവരവരുടെ മൂലവും വേണം. ''മാതൃഭ്യോനമഃ, ലോകമാതൃഭ്യോനമഃ, ആകാശമാതൃഭ്യോനമഃ, ഭൂതമാതൃഭ്യോനമഃ, ഗുഹ്യമാതൃഭ്യോനമഃ, സർവ്വമാതൃഭ്യോനമഃ'' എന്നിങ്ങനെ ആറു മന്ത്രങ്ങരം. ഒടുവിൽ തല്പാഷ്ത്തും വേണം. പിന്നെ ശാസ്താവു്, ദുർഗ്ഗാ, സുബ്രഹ്മണ്യൻ, ചണ്ഡേശ്വരൻ എന്നിങ്ങനെ ബലിക്രമം.

2 സോമഏവ പുരേഷ്ടശ്ചേദ്ധനദശ്ചേഹയുജ്യതേ
വായവ്യാം ധനദഃ സ്കന്ദാസ്യദേ ദുർഗ്ഗാ *f* ഥവാ *f* ന്യഥാ

23 സോമോദഗാസ്യദേസ്കന്ദശ്ചണ്ഡേശഃ സ്വാസ്യദേഭവേൽ

ദിക്പാലാവരണത്തിങ്കൽ സോമനേ മാത്രമേ പൂജിച്ചുള്ളുവെങ്കിൽ വൈശ്രവണനെ ഇപ്പോരം പൂജിയ്ക്കണം. വൈശ്രവണനെ വായുകോണിലും, ദുർഗ്ഗയേ മുഖ്യപദത്തിലും, സ്കന്ദനെ സോമൻെറ വടക്കും ആയിട്ടും ആകാം. അല്ലെങ്കിൽ സാധാരണപോലേയും ആകാം. ചണ്ഡേശ്വരന്നു് തൻെറ സ്ഥാനത്തുതന്നെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശിവേ ƒ ഥ ഗോപുരദ്വാഃസ്ഥൌ സിംഹോദര
വിലാളകൌ.

ശിവങ്കൽ വലിയമ്പലത്തിൽ ''സിംഹോദരായ നമഃ, വിലാളായനമഃ'' പിന്നെ പുറത്തു്.

24 ബഹിർദ്ധ്വജാധിപാഭൃങ്ഗി മഹാകാളാദയഃ ക്രമാൽ.
ഭൃങ്ഗീ മഹാകാളസഭൃതനാഥ
മഹീധരാഖ്യൌ സഹപവ്വതേശൌ
തതോഗ്ഗുഹേശാഭിധകാലപാശ
കപാലിനശ്ചാഷ്ട ശിവേധ്വജേശഃ

25 നശേഷേഷു വിശേഷോസ്തി വിംശദ്ഭൂതഗണാദിഷു

ഭൃംഗിണേനമഃ, മഹാകാളായനമഃ, ഭൃതനാഥായനമഃ, മഹീധരായനമഃ, പവ്വതേശായനമഃ, ഗ്ഗുഹേശായനമഃ, കാലപാശായനമഃ, കപാലിനെനമഃ എന്നു ധ്വജദേവതകളും പിന്നെ വിംശത്ഭൂതഗണേഭ്യോനമഃ'' എന്നിത്യാദികളെല്ലാം സാധാരണപോലെയും.

ഫട്കാരീ ഭൃഭ്ുവേശാനീ ഹ്ങ്കാരീ ഭുവനാന്തകീ-
നാദനീ നന്ദിനീ ദേവ്യായോഗിന്യോ
ദ്വാരിദക്ഷിണേ.

''ഫട്ക്കാര്യൈനമഃ, ഭൃഭ്ുവേശാന്യൈനമഃ, ഹ്ങ്കാര്യൈനമഃ, ഭുവനാന്തക്യൈനമഃ, നാദന്യൈനമഃ, നന്ദിന്യൈനമഃ ഇവ വലത്തുഭാഗത്തേയും.

26 ജ്വാലാമാലാ വിലാളീച കാലദണ്ഡീ കരാളിനീ
കപാലീ കാളരാത്രീ ച സവ്യപാശ്വേ ƒ
പിഷ്ടക്രമാൽ

''ജ്വാലാമാലായൈനമഃ, വിലാള്യൈനമഃ, കാലദണ്ഡ്യൈനമഃ, കരാളിന്യൈനമഃ, കപാലിന്യൈനമഃ, കാളരാത്ര്യൈനമഃ ഇവ എടത്തു ഭാഗത്തേയും ദ്വാസ്ഥകളും.

ഇവിടെ സ്വസ്വമൂലംകൊണ്ടു് ഹോമസംഖ്യ എല്ലാററിന്നും ആയിരത്തെട്ടോ, അഞ്ഞൂറെറട്ടോ, ഇരുനൂററമ്പത്തെട്ടോ അഥവാ നൂറെറട്ടോ ആകാം.

130 പാലാശ്യഃ സമിധോ ദേവ്യാമധിവാസോദിതാനവ
മാതൃഷുസ്വസ്വമന്ത്രേണപൂർണ്ണാഃ സ്വസ്വഹുതേഭവേൽ.

രുരുജിത്തിങ്കൽ ചമതപ്ലാശുതന്നെ; മാതൃക്കൾക്കു് അധിവാസഹോമത്തിങ്കൽ പറഞ്ഞ അരയാൽ തുടങ്ങിയ ഒമ്പതുമാകുന്നു. എല്ലാവക്കും പൂർണ്ണാഹുതിയ്ക്കു് അവരവരുടെ മൂലംതന്നെ.

131 പൃഥക്പ്രപൂജ്യവൈകാഗ്നൌ പകം സ്വസ്വജിനാർണ്ണതഃ
ഹുത്വൈവം തുഹുതം കയ്യാദന്തേതാഃ സ്നപയേൽക്രമാൽ.

ഒരഗ്നിജനനം ചെയ്തു് അന്വാധാനത്തിങ്കൽ ചാമുണ്ഡി, വീരഭദ്രൻ ഇത്യാദി ഒമ്പതുനാമവും കൂട്ടി ചെയ്തു് അഗ്നിയിങ്കൽ വെവ്വേറെ ആവാഹിച്ചു് പൂജിച്ചു് അവരവരുടെ ഗായത്രികൊണ്ടു് പകം ഒമ്പതും ഹോമിച്ചു് പൂജാമന്ത്രാദി ദ്രവ്യഹോമങ്ങളും ചാമുണ്ഡ്യാദിമന്ത്രം കൊണ്ടു് വെവ്വേറെച്ചെയ്തു് സമ്പാതം ഒമ്പതും വെവ്വേറെയെടുത്തു് അതാതു കലശങ്ങളിലാക്കി കലശങ്ങളിൽ അതാതു മൂർത്തികളെ ഉദ്വസിച്ചു് ഹോമാനന്തരം അതാതു കലശം അതാതു ദേവീദേവന്മാരെ ആടിപ്പൂജിക്കുക. ഇങ്ങനെയുമാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മററു ശാന്തികൾ

132 ശവസ്പർശാദിഷു തച്ഛാന്തി ഹോമാൻ വിദ്വാ
ഞ്ഛരിവോദിതാൻ.
കുര്യാത്തത്തത്സമീചേത്തു പ്രോക്തോ ƒയം
ഹോമഇഷ്യതേ.

ശവസ്പർശാദിവിഷയങ്ങളിൽ തന്ത്രസമുച്ചയത്തിൽ ശിവങ്കൽ പറഞ്ഞ എല്ലാ ഹോമവും അതേപ്പോലെതന്നെ ഇവിടേയും ചെയ്യണം.

തത്വഹോമം

133 ദേവ്യാമഗ്രേ ƒ ഗ്നിമുല്പാദ്യ തത്വഹോമം
ശിവോക്തവൽ
കൃത്വാതാം സ്നാപയേത്തത്വാന്യഷ്ടാവിംശതി രേവതു.

രുരുജിത്തിന്റെ അഗ്രമണ്ഡപത്തിൽ അഗ്നിജനനം ചെയ്തു് ശിവങ്കലേതുപോലെ തത്വഹോമം ചെയ്തു് തത്വകലശാഭിഷേകവും ചെയ്യുക. ഇവിടെ അഷ്ടാവിംശതിതത്വമാണു്; ഉൽഘാതാവൃത്തിയും വേണം.

134 സ്വസ്വാഗ്രേ ƒ ംബാസുദേവ്യാമിവനവതന്ത്രയസ്ത തത്വ
ഹോമാനിഹാഗ്നിം
ചാമുണ്ഡാഗ്രേയഥോക്തം ജനയതുവി
ഹരത്വന്യകുണ്ഡേഷ്വവാ ƒ തഃ
ചാമുണ്ഡാഗ്രേ ƒ നലേവാനവകലശവ
ദിഷ്ടോക്തരീത്യാത്തു ഹോമം
തത്രൈവസ്തത്തൽകൃതേ ƒ സ്മിൻ പൃഥഗിഹ ജുഹുയാൽ
സ്നാപയേത്തദ്ഘടൈസ്താഃ

മാതൃക്കളിൽ അവരവരുടെ മുമ്പിൽ രുരുജിത്തിങ്കലേപ്പോലെ ഒമ്പതു കുണ്ഡത്തിൽ അധിവാസഹോമങ്ങത്തിങ്കലെപ്പോലെ സ്ഥാനക്രമത്തിൽ തത്വഹോമം ഒമ്പതും ചെയ്യുക. ഇവിടെ ചാമുണ്ഡിയുടെ മുമ്പിലുള്ള കുണ്ഡത്തിൽ അഗ്നിജനനം ചെയ്തു് വീരഭദ്രാദികുണ്ഡങ്ങളിലേയ്ക്കു് വിഹരിച്ചു് ആ കുണ്ഡങ്ങളിലും തത്വഹോമം ചെയ്യാം. ചാമു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ണ്ഡിയുടെ അഗ്നിജനനം ചെയ്തിരിയ്ക്കുന്നിടത്തു് ഒമ്പതു കലശങ്ങളെ വെവ്വേറെ പൂജിച്ചു് ഹോമത്തിങ്കൽ പരിധ്യാദിചെയ്തു് ചാമുണ്ഡ്യാദി ഒമ്പതിനെയും ആവാഹിച്ചു് പൂജിച്ചു് ഒമ്പതു ബിംബങ്ങളെ ഉദ്ദേശിച്ചു് വെവ്വേറെത്തന്നെ തത്വങ്ങളെക്കൊണ്ടു് തത്വഹോമം ചെയ്തു് സ്വിഷ്ടകൃദാദി ഹോമം മുടിച്ചു് സമ്പാതം കലശങ്ങളിലാക്കി ഉദ്വസിച്ചു് തത്വകലശങ്ങളെക്കൊണ്ടു് ചാമുണ്ഡ്യാദികളെ അഭിഷേകം ചെയ്യുകയുമാം. *

ദ്രവ്യകലശം

135 പ്രോക്തവദ്ദ്രവ്യകലശാൻ പരിപൂജ്യാധിവാസ്യച-
സ്നാപയേൽ പൂജയേച്ചൈതാൻ കുര്യാ
ദ്ഭൂതബലിം ബുധഃ

അനന്തരം ബുദ്ധിമാനായ ആചാര്യൻ ചതുസ്ഥാനത്തിങ്കൽ പറഞ്ഞതുപോലെ കലശങ്ങളെപ്പൂജിച്ചധിവസിച്ചു് പിറേറദിവസം ആടിപ്പൂജിച്ചു് ശ്രീഭൂതബലിയും ചെയ്യുക.

ജീർണ്ണോദ്ധാരണം

136 ജീർയ്യേയുഃ സദനാനി ചേത്സഹശിവേ ബിംബാനിവാ
സാംബികേ
സദ്യസ്തത്സദൃശാനി ബാലസദനാനീ ശൈശദേശേ
ഗുരുഃ
മുൽകാഷ്ഠൈരചയേന്നചേത്സഹതദാസ്വ
സ്വോചിതോദ്ദേശവിൽ
സ്വംസ്വംബാലഗൃഹം പ്രധാനസവിധേത്വന്യ
ഭൂവയോർജ്ജീര്യതോഃ

*ഋരുജിത്തിങ്കൽ അഷ്ടാവിംശതിതത്വങ്ങാം എന്നു പറഞ്ഞിരിയ്ക്കുന്നു മററുള്ളവരുടേതു് പൂർവ്വഭാഗത്തിലും വ്യക്തമായിപ്പറഞ്ഞിട്ടില്ലാത്തതിനാൽ ശിവങ്കലെ തത്വങ്ങാം (പഞ്ചതത്വമടക്കം) തന്നെ മതിയെന്നു തോന്നുന്നു. തത്വങ്ങളിൽ ദേവിമാർക്കു് എല്ലാം 'നമശ്ശിവായൈ' എന്നും ദേവന്മാർക്കു് 'നമശ്ശിവായ' എന്നും വ്യത്യസ്തമായിട്ടു് ഒരു പഴയ ഗ്രന്ഥത്തിൽ കണ്ടിട്ടുണ്ടു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

അനന്തരം ജീൎണ്ണോദ്ധാരണത്തെപ്പറയുന്നു. ശിവൻ, രുരുജിത്തു്, മാതൃക്കൾ എന്നിവരുടെ പ്രാസാദങ്ങളൊ ബിംബങ്ങളൊ, മൂന്നിടത്തേയും ബിംബങ്ങൾ ഒരുമിച്ചൊ അല്ലാതെയോ ജീൎണ്ണമായാൽ ശിവന്റെ ഇടത്തുഭാഗമായ ഈശാനകോണിൽ മണ്ണു്, മരം, കല്ലു് എന്നിവകൊണ്ടു് മൂലപ്രാസാദംപോലെ ഇളംകോവിലുകൾ ഉണ്ടാക്കിയ്ക്കുക ഒരുമിച്ചല്ലാതെ ഒരിടത്തൊ, രണ്ടിടത്തൊ ജീൎണ്ണം വരുമ്പോൾ അവരവൎക്കു വിധിച്ച സ്ഥാനങ്ങളെ അറിഞ്ഞിരിയ്ക്കുന്ന ആചാൎയ്യൻ മൂലപ്രാസാദത്തിന്റെ മുമ്പിൽ ബാലാലയം ഉണ്ടാക്കിയ്ക്കണം. ഇവിടെ മൂലശ്ലോകത്തിലെ 'ദ്വയോഃ' എന്നതുകൊണ്ടു് രണ്ടോ അതിലധികമോ എന്നുള്ളതിന്റെ ഉപലക്ഷണമാകുന്നു.

137 സൎവ്വംബാലഗൃഹം മൂലപ്രാസാദപ്രതിയോനിജം
സാങ്ഗംസന്നിപതത്സാങ്ഗം ക്ഷേത്രപസ്തു
യഥാപുരം.

ബാലാലയങ്ങളെല്ലാം മൂലപ്രാസാദത്തിന്റെ പ്രതിയോനിയായിട്ടുവേണം. അതായതു് അഭിമുഖമായിരിക്കണമെന്നു സാരം. മുമ്പു് സാംഗമായിട്ടുള്ളതു് ഇവിടെയും സാംഗമായിട്ടുവേണം. ക്ഷേത്രപാലൻ മൂലാലയത്തിങ്കലെപ്പോലെ ശിവന്റെ ഈശകോണിൽ വരണം.

138 ലോഹൈൎവ്വാശിലയാദ്രുമൈഃ സ്വസദൃശാന്യല്പാനി
ബിംബാനിവാ
ലിങ്ഗാന്യേവരുജോ ഥവാ നിജനിജാനിത്വാ
യുധാന്യേവവാ
പീഠാന്യേവ ഭഗാങ്കിതാനിഭഗവത്യം ബാസ്വവാ
കല്പയേൽ
പീഠാദ്ധ്യാനി ച ബാലവേശ്മ പുരതസ്തന്മണ്ഡപാം
ശ്ചോചിതാൻ.

ലോഹങ്ങൾകൊണ്ടോ, ശിലകൊണ്ടോ, ഉത്തമവൃക്ഷങ്ങളെക്കൊണ്ടൊ മൂലബിംബത്തിന്നു യോജിച്ച പോലെ ബാലബിംബങ്ങളെ ഉണ്ടാക്കിയ്ക്കണം. ലിംഗാകാരമായിട്ടൊ ശൂലമായിട്ടൊ. രുരുജിത്തിങ്കലും; മാതൃക്കളിലും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തന്റെ ആയുധമായിട്ടുമോ, മൂകളിൽ ത്രികോണരേഖയോടു കൂടിയ പീഠങ്ങളായിട്ടുമോ ഉണ്ടാക്കാം. പീഠത്തോടുകൂടിയിരിക്കുന്ന ബാലഗൃഹവും മുമ്പിൽ തദുചിതമായിരിക്കുന്ന മണ്ഡപങ്ങളും കൂടി ഉണ്ടാക്കിയ്ക്കണം.

139 കമ്മൌഘേലാ *f* ത്ര ഗുരുദിതഃ സ്വരരിപൌരീതിശ്ച
സൈവാഖിലാ
ഭൈരവ്യാം ജനനീഷ്വ വാ *ff* സ്ഥപിഹപൃഥക്
സ്യാത്തത്വഹോമോ *f* ഗ്രതഃ
ചാമുണ്ഡാനല ഏവസവ്വവിലയഃ സ്യജ്ജീവകുംഭഃ
പൃഥക്
ശയ്യാദ്യപ്യധിവാസകീത്തിതചരം ഭൂയഃ
പ്രതിഷ്ഠാ *f* ദിച.

ശിവങ്കൽ ക്രിയകളെല്ലാം തന്ത്രസമുച്ചയത്തിൽ പറഞ്ഞപോലെയും രുരുജിത്തിങ്കലും മാതൃക്കളിലും എല്ലാം ശിവങ്കലേതുപോലേയുമാകുന്നു. മാതൃക്കൾക്കു് സംഹാരതത്വഹോമം വേറെത്തന്നെ വേണ്ണം. ചാമുണ്ഡിയുടെ അഗ്നിയിങ്കൽ ക്ഷേത്രപാലാദി എല്ലാം സംഹരിയ്ക്കണം. എല്ലായിടത്തും പരിവാരങ്ങളെ സംഹരിച്ചാൽ മതി. ജീവകലശവും വെവ്വേറെ വേണം. അധിവാസത്തിങ്കൽ പറഞ്ഞതുപോലെ ശയ്യ, വിദ്യേശ്വരകലശം മുതലായവ എല്ലാം വേണം. പിറെറ ദിവസംബാലാലയത്തിങ്കൽ പ്രതിഷ്ഠിച്ചു് ജീവകലശം ആടുകയും വേണം. *

---

* ഇവിടെ വിശേഷ പഞ്ചതത്വം കാണുന്നില്ല. എന്നാൽ ഭദ്രകാളിയുടേതിൽ പഞ്ചമൂത്തികളുടെ സ്ഥാനത്തു് രുരുജിത്തിന്റെ പഞ്ചമൂത്തികളെച്ചേത്തു് ഒരു വിശേഷപഞ്ചതത്വം എഴുതുന്നു.

1 ഓം ഹ്രീം ഹൌം നമശ്ശിവായൈ ഏകവീരൈയ്യ സദാശിവായൈ ആകാശാത്മികായൈ ശാന്ത്യതീതാത്മനേ നമഃ

2 ഓം ഹ്രീം ഹൈം നമശ്ശിവായൈ രക്തായൈ ഈശ്വരൈയ്യ വായ്വാത്മികായൈ ശാന്ത്യാത്മനേ നമഃ

3 ഓം ഹ്രീം ഹ്രൂംനമശ്ശിവായൈ കരാളികായൈ രൌദ്രൈ്യ തേജആത്മികായൈ വിദ്യാത്മനേ നമഃ

4 ഓം ഹ്രീം ഹ്രീംനമശ്ശിവായൈ ചണ്ഡായൈക്ഷ്യ വൈഷ്ണവൈ്യ അബാത്മികായൈ പ്രതിഷ്ഠാത്മനേ നമഃ

5 ഓം ഹ്രീം ഹ്ലാം നമശ്ശിവായൈ മഹോച്ഛുഷ്മായൈ ബ്രാഹ്മൈ്യ പൃഥിവ്യാത്മികായൈ നിവൃത്യാത്മനേ നമഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

140 നീത്വാ ƒ ഹസ്രയമുത്തരേദ്യുരഭിഷിച്യദ്രവ്യ
കുംഭൈർജ്ജേൽ
കാര്യ്യ സ്യാത്സഹ ചേന്മഹോ ƒ പി നമഹോ ƒ
സ്ര്യ്യകോദ്ധൃതൌ കേവലം
ജീർണ്ണേദേകതരൈവ മാതൃഷു യദിപ്രോക്ത
പ്രകാരേണ സൈ–
വോദ്ധാര്യ്യാ നവ ചാഭിഷിഞ്ചതു ദിനേതുര്യ്യേ
പ്രവേശേ തുതാഃ

പിന്നെ മൂന്നു ദിവസംകൊണ്ടു് പരിവാരപ്രതിഷ്ഠാദി കളും ഹോമങ്ങളും കലശപൂജയും ചെയ്തു് നാലാം ദിവസം ദ്രവ്യകലശാഭിഷേകവും ചെയ്യുക. എല്ലായിടത്തും ഒരുമി ച്ചാകുമ്പോഠ ഉത്സവവും വേണം. ഒരിടത്തു മാത്രമെങ്കിൽ ഉത്സവം വേണ്ട. മാതൃക്കളിൽ ഒരു ബിംബം ജീർണ്ണമാ യാൽ ആ ബിംബത്തെ മാത്രം ജീവോദ്വാസനചെയ്തു് ഉ ദ്ധരിക്കുക. അങ്ങിനെ മാററി പുതിയ ബിംബത്തെ സ്വ സ്ഥാനത്തു പ്രതിഷ്ഠിക്കുമ്പോഠ നാലാം ദിവസത്തെ കല ശം ഒമ്പതു ബിംബങ്ങഠക്കും ഒരുമിച്ചുതന്നെ ചെയ്യണം.

141 'നമാമി മാതരഃ സർവ്വാ വിഘ്നേശ! ശിവ! ശങ്കര'
ക്ഷമധ്വം സർവ്വകാലേഷു സർവ്വേഷാം സർവ്വമാതരഃ!
ഇതി.

ഇതു് നമസ്കാരമന്ത്രം.

'പൂജാബിംബമിദം ദേവ്യാ' ഇത്യാദി.

142 'ബിംബാനീമാനി മാതൃണാം സ്ഥാപിതാനീഹ
സൂരിഭിഃ
അനേനദൂഷണേനാദ്യവർത്തന്തേ ദൂഷിതാനിതു'
ഇത്യാദി.

'ചാമുണ്ഡേ! വാസ്തുഭിനവ' മിത്യാദി.

143 'മാതരോ പാസ്തുഭിനവം ബിംബം വാ ƒ പിച
ശോഭനം
കാരയിഷ്യന്തിവോഭക്താസ്തദനുജ്ഞാതുമ
ർഹഥ' ഇതി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

144 'ഭഗവത്യല്പഗേഹേ ƒ സ്മിൻ വാസഃ ക്ലേശോ ƒ പി
തേ ശിവേ!
കർത്തവ്യശ്ചണ്ഡികേ! താവദ്യാവദ്ഗേഹം
സമാപ്യതേ

145 കാരകസ്യ പരാമൃദ്ധിം വിദധാനാ മഹോദയാം
ഭക്താനാമനുകമ്പാർത്ഥ മിഹതാം സ്ഥാതുമർഹസി.'

146 'ഭഗവത്യോ ƒ ല്പഗേഹ ƒ സ്മിൻ വാസഃ ക്ലേശോ ƒ
പി വഃ ശിവാഃ
കർത്തവ്യോമാതരസ്താവദ്യാവദ്ഗേഹം സമാപ്യതേ.

147 കാരകസ്യപരാമൃദ്ധിം വിദധാനാ മഹോദയാം
ഭക്താനാമനുകമ്പാർത്ഥമിഹൈവസ്ഥാതുമർഹഥ'
ഇതി.

148 ജലേ ƒ ഗ്നൌ ഭുവിവാഗത്ത മഹാജിഹ്വാം
വിഭാവ്യതു.
തസ്യാം ദൃഷ്ടാനിമാതൃണാം ബിംബാനി
പ്രതിപാദയേൽ.

ശിലാബിംബമാണെങ്കിൽ അഗാധജലത്തിങ്കലും, ദാരുബിംബമാണെങ്കിൽ അഗ്നിയിങ്കലും മൃൺമയമാണെങ്കിൽ വലിയ കുഴിയുണ്ടാക്കി അതിലും മഹാജിഹ്വാദി തൻെറതൻെറ നിർമ്മാല്യധാരിയെ പൂജിച്ച് ബിംബത്തെ തദധീനമാക്കിച്ചെയ്യുക.

ഒമ്പതാം പടലം സമാപ്തം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പത്താംപടലം

ദേവീഭ്യോനമഃ

ബഹുവേരവിധി

1 പൂജാസ്നാനം സ്ഥിതിരപി വിഭോരേകവേരേ യദിസ്യാ-
ന്നാന്തർഗ്ഗർഭാവരണമിഹ പൂജാവൃതൌ സ്യാദ്വികല്പഃ
ബേരേഷ്വസ്യാദ്ബഹുഷ്വയദി ഗർഭാവൃതിഃസ്യാദജാദിഃ
സ്യാദപ്യച്ഛാവരണമുഭയത്രാപി ബല്യാവൃതിഃസ്യാൽ

അനന്തരം പത്താമത്തെ പടലംകൊണ്ടു് ബഹുവേര വിശേഷങ്ങളെ പറയുന്നു. ദേവന് പൂജയും കലശാഭിഷേകവും അധിവാസവും എല്ലാം ഒരു ബിംബത്തിങ്കൽത്തന്നെ ആകുന്നിടത്തു് അകത്തു് ഗർഭഗൃഹത്തിങ്കൽ സേവാപരിവാരങ്ങളൊന്നും ഭവിയ്ക്കുകയില്ല. ഇവിടെ പൂജാപരിവാരങ്ങൾ വികല്പമായിട്ടു് ഉണ്ടാക്കാം. ഇവിടെ ബഹുക്കൾ എന്നാൽ രണ്ടിലധികം എന്നും വേരങ്ങൾ എന്നാൽ ബിംബങ്ങൾ എന്നും താല്പര്യം. ഒരു ബിംബത്തിങ്കൽ പൂജയും മറ്റൊരു ബിംബത്തിങ്കൽ അധിവാസവും, വേറൊന്നിൽ കലശാഭിഷേകവും ഇങ്ങിനെ ബഹുവേരങ്ങളാകുന്നിടത്തു് ഗർഭഗൃഹത്തിങ്കൽ ബ്രഹ്മാവു്, ദേവേന്ദ്രൻ, സനകാദികൾ ഇങ്ങിനെയുള്ള ഗർഭാവരണങ്ങൾ ഉണ്ടായിരിക്കും; പൂജാപരിവാരങ്ങളും ഉണ്ടായിരിയ്ക്കും. ഈ രണ്ടു വകയും കൂടാതെയും ഉ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ണ്ടാക്കാം. ഏകവേരമായേടത്തും ബഹുവേരമായേടത്തും ബലി പരിവാരങ്ങരം എല്ലാം സാധാരണമായിത്തന്നെ ഉണ്ടായിരിക്കും.

ബിംബങ്ങളുടെ വിനിയോഗം

2 ബേരാണി സ്യുസ്ത്രീണ്യപി ബല്യുത്സവയാത്രാ
ത്ഥാനി സ്വർണ്ണാദ്യാരചിതാന്യപൃഥഗ്യത്ര-
സ്നാനാർച്ചായാം സോചിതക്ലപ്ത്യ വിഹിതായാം
പൂജാബിംബേവ സ്നപനം സ്യാദ്ബഹുവേരേ =

ഏകവേരത്തിങ്കലും ബഹുവേരത്തിങ്കലും സ്വർണ്ണാദി ലോഹങ്ങളെക്കൊണ്ടു് ഉത്സവബിംബവും യാത്രാബിംബവും ബലിബിംബവുംകൂടി മൂന്നുബിംബങ്ങരം വേണം. ഈ മൂന്നും കൂടി ഒരു ബിംബമായിട്ടോ, രണ്ടു ബിംബമായിട്ടോ ആകാം. ബഹുവേരത്തിങ്കൽ അർച്ചനാബിംബവും, മൂലബിംബവുമുള്ളതിൽ സ്നാനബിംബം ഉചിതമായിട്ടുണ്ടാക്കാതിരിക്കുമ്പോരം കലശാഭിഷേകം അർച്ചനാബിംബത്തിങ്കൽത്തന്നെചെയ്യാം. അപ്പോരം മൂലബിംബം, അർച്ചനാബിംബം, ബലിബിംബം എന്നിങ്ങനെ മൂന്നായിട്ടും ആകാം. ഏകവേരത്തിങ്കൽ അർച്ചനാബിംബം വേറെയില്ലാത്തതിനാൽ രണ്ടു് ആയിട്ടും ആകാം.

ബിംബരചനാസാധനം

3 മൂലാർച്ചാ ബഹുവേരകേതരുമയീലേപ്യാചസാമൃണ്മയീ
ശൂലസ്ഥാപനപൂർവ്വികാമൃദുപചിത്യാംശുല ഉല്ലാദ്യതേ
ശൈലീവാ *f* പിച ചിത്രസംഭൃതരുചസ്ലോഹതാ
ഉപാർച്ചാഃ പുന-
ർല്ലൌഹ്യഃ ശൈല്യഥവാ *f* ച്ചനാ പ്രതികൃതിസ്താ
സാംക്രീയാ *f* ഥോച്യതേ,

ബഹുവേരപ്രതിഷ്ഠയിങ്കൽ മൂലബിംബത്തെ ചന്ദനം, രുപ്പാവു്, കരിങ്ങാലി, ദേവതാരം ഇത്യാദി വൃക്ഷങ്ങളെക്കൊണ്ടുണ്ടാക്കിയ്ക്കുകയും, അതുതന്നെ മണ്ണുകരം ചായില്യം മനയോല മുതലായവകൊണ്ടു് നിറം പിടിപ്പിക്കുകയും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആകാം; അല്ലാതെ മണ്ണുകൾ കൊണ്ടുണ്ടാക്കുകയുമാകാം. മണ്ണുകൾ കൊണ്ടുണ്ടാക്കുമ്പോൾ ശൂലപ്രതിഷ്ഠാദി ചെയ്ത് ആ ശൂലത്തിന്മേൽ മണ്ണുകൊണ്ടുണ്ടാക്കണം. ശിലകൊണ്ടും ഉണ്ടാക്കാം. മരം, മണ്ണ്, ശില എന്നീ മൂന്നുതരത്തിലുള്ള ബിംബങ്ങളെ നിറംപിടിപ്പിച്ച് അതിശോഭയോടുകൂടിയതാക്കിയിരിക്കണം; അർച്ചനാബിംബാദികളെ ലോഹങ്ങളെക്കൊണ്ടുണ്ടാക്കിക്കാം. അർച്ചനാബിംബം ശിലകൊണ്ടും ആകാം. ഇനി ഇവിടത്തെ ക്രിയകളെ പറയുന്നു.

ശൂലപ്രതിഷ്ഠ

4 ശൂലം വായ്വധിവാസ്യബിംബകലശൈഃ
സിക്ത്വാ ƒ ധിവാസ്യാഗ്രതഃ
പ്രാസാദേ പരിശോധിതേ മണിഗണന്യാസാദി
കൃത്വാഗുരുഃ—
സംസ്ഥാപ്യ സ്വപദേ ƒ ഭിഷിച്യകലശാഭ്യാം
പ്രച്ഛ്യസംരക്ഷ്യതൽ
തക്ഷ്ണാമൃണ്മയമൂലബിംബമുപബിംബഞ്ചേ
പ്സിതം കാരയേൽ.

ലേപ്യബിംബം (മണ്ണുകൊണ്ടുള്ളത്) പ്രതിഷ്ഠിക്കുന്നിടത്ത് ആദ്യം ശൂലപ്രതിഷ്ഠ ചെയ്യണം. അതിന് വംശദണ്ഡ്, കടിദണ്ഡ്, വക്ഷോദണ്ഡ്, ബാഹുദണ്ഡ് നാല്, പ്രകോഷ്ഠദണ്ഡ് നാല്, പാദദണ്ഡ് രണ്ട് ഇങ്ങിനെ ശൂലദണ്ഡുകൾ ബിംബത്തിന്റെ പ്രധാനാസ്ഥികൾ പോലെ ഉണ്ടാക്കിച്ച് യോജിപ്പിച്ച് പരിഗ്രഹിച്ച് ശോധനകൾ ചെയ്ത് തദ്യോഗ്യദിവസം ജലാധിവാസം ചെയ്യുക. പിന്നെ ബിംബശുദ്ധികലശങ്ങൾ പൂജിച്ച് കൊണ്ടുവന്ന് ആടി പുണ്യാഹാന്തം എല്ലാം ചെയ്യുക. ദേവാഗ്രഭാഗത്ത് മണ്ഡപത്തിൽ ശയ്യ, നിദ്രാകലശം, വിദ്യേശ്വരകലശം, കുംഭേശകലശം മുതലായവ പൂജിച്ച ശയ്യയിങ്കൽ ശൂലത്തെ വെച്ച് ധ്യാനാധിവാസവും, അധിവാസഹോമാദിയും സമ്പാതസ്പർശവും ചെയ്യുക. പിന്നെ പ്രാസാദശുദ്ധ്യാദിവാസ്തുപുണ്യാഹാന്തം ചെയ്ത് മുഹൂർത്തദിവസം പ്രാസാദപ്രതിഷ്ഠ, നപുംസകശിലാപ്രതിഷ്ഠ രത്നന്യാസം, പീഠപ്രതിഷ്ഠ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മുതലായവ ചെയ്ത് മണ്ഡപത്തിൽ നിന്നും ശൂലത്തെ എഴുന്നള്ളിച്ച് സ്വസ്ഥാനത്ത് പ്രതിഷ്ഠിച്ച് കുംഭേശനിദ്രാകലശങ്ങൾ ആടി പൂജിച്ച രക്ഷിച്ചാൽ പണിചെയ്യുന്നവരെക്കൊണ്ട് മൃണ്മയമായ മൂലബിംബം, അർച്ചനാബിംബം മുതലായവ ഇച്ഛിയ്ക്കുന്ന പ്രകാരം ഉണ്ടാക്കിയ്ക്കുക.

വലിയ ബിംബമുണ്ടാക്കുന്നിടത്തെ വിശേഷങ്ങളെപ്പറയുന്നു

5 ധാമ്നഃ സംരചിതേ തലേ സ്ഥലവിശുദ്ധിം സ്വോക്തനീത്യാഗുരുഃ
കൃത്വാവാസ്തുബലിം ചരൻഹുതികൃൽപുണ്യാഹ കൃത്സംസ്കൃതാം
തൽഗതേ ƒ ജശിലാം ന്യസേദ്രവിണജാതം ചസ്വമസ്യാന്തത
ശ്ശില്പീശോ ഗുരുബിംബമത്രരചയേച്ഛൈലം തഥാദാരവം.

ശ്രീകോവിലിൻെറ തറകെട്ടി തളംപടുക്കുകയും കഴിഞ്ഞാൽ ഭിത്തികെട്ടുന്നതിന്നു മുമ്പ് ഗുരുമുഷ്ട്യാദി സ്ഥലശുദ്ധിയും ഈശകോണിൽ വാസ്തുബലിയും വാസ്തുപുണ്യാഹവും ചെയ്ത് ഗായത്രികൊണ്ട് രത്നഹോമത്തെച്ചെയ്ത് പുണ്യാഹവും ചെയ്ത് ഭൂതസംഹാരാദിശുദ്ധികളും അധിവാസവും ചെയ്തിരിയ്ക്കുന്ന നപുംസകശിലയെ പ്രതിഷ്ഠിച്ച് ഗവ്യാഷ്ടഗന്ധപ്രോക്ഷണം ചെയ്ത് രത്നങ്ങൾ ന്യസിച്ച് പിന്നെ പൂജിക്കുക. അനന്തരം പ്രധാന ശില്പി ദാരുമയമായിട്ടോ ശിലാമയമായിട്ടോ വലുതായ മൂലബിംബത്തെ തൽപീഠത്തോടുകൂടി ആ പ്രതിഷ്ഠാ സ്ഥാനത്തു തന്നെ ഉണ്ടാക്കുക.

മുളയിടൽ

6 ദേവസ്യധാമ്ന്യാരചിതേ സഹാങ്ഗൈ
സൈവാർമ്മണ്ഡപാദ്യൈരിഹവാ പൃഥഗ്വാ-
സൈവശ്ചോപബിംബൈ സ്സഹമൂലബിംബേ
കുര്യാദ്ഗുരുർമ്മങ്ഗല ബീജവാപം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മൂലബിംബം ചെറുതാണെങ്കിൽ പുറത്തുതന്നെ മതി എന്നും പറയുന്നു. ദേവൻെറ ഗൃഹമായ പ്രാസാദവും അതിൻെറ അംഗങ്ങളാകുന്ന മണ്ഡപം, നാലമ്പലം, വിളക്കുമാടം, മതിൽ മുതലായവയുംകൂടി പണിചെയ്യാൽ ശ്രീകോവിലിന്നകത്തോ, പുറത്ത് പണിപ്പുരയിങ്കലൊ വെച്ച് അച്ചനാബിംബം, ബലിബിംബം, സ്നാനബിംബം മുതലായവയോടുകൂടിയ മൂലബിംബം പണിചെയ്യാൽ പ്രതിഷ്ഠാമുഹൂർത്തത്തിന്നു മുമ്പ് തദ്യോഗ്യദിവസം ഗുരു അങ്കുരാരോപണം ചെയ്യുക.

ബിംബപരിഗ്രഹം

7 തച്ഛില്പീകൃതമൂലബിംബമുചിതാശാ സമ്മുഖം
ശായയേ-
ച്ഛയ്യായാമുപബിംബമസ്യ ചതദഹേ f ഹൈന്യൗ
ചലം വാമതഃ
ലേപ്യാദൌ പരിശോദ്ധ്യധാമസവദേൽ പ്രാപ്തം
സദന്തഃ കൃത-
സ്യാക്ഷ്യുന്മീലനകാലമേതദുപബിംബാശായയേ
ച്ഛോക്തവൽ.

തദ്യോഗ്യമായ ദിവസം നിർമ്മിതമായ മൂലബിംബത്തെ ശില്പി ശയ്യയിൽ പ്രാസാദാഭിമുഖമായിട്ട കിടത്തി അതിൻെറ ഇടത്തുഭാഗത്ത് ശിലകൊണ്ടോ ലോഹംകൊണ്ടോ ഉണ്ടാക്കിയ ബിംബത്തെയും ശയ്യയിൽ കിടത്തുക. ലേപ്യബിംബമൊ, വലിയ ശിലാദാരുബിംബമൊ ആണെങ്കിൽ ശില്പി പ്രാസാദത്തെ എല്ലാം അടിച്ചുതളിച്ച് ശുദ്ധമാക്കി അകത്ത് ഉണ്ടാക്കിയിട്ടുള്ള മൂലബിംബത്തിൻെറ നേത്രോന്മീലനകാലം പ്രാപ്തമായിരിക്കുന്നു എന്നു പറയണം. അവിടെ അച്ചനാബിംബത്തെ ശയ്യയിങ്കൽ കിടത്തുകയും വേണം.

8 ഹൈമ്യാത്തുലികയാ ലിഖേ ദ്ഘൃതമധുസ്തോകാ
ക്തയാ ലോചനം
സൂച്യഗ്രേണതുദർപ്പണം പ്രതിതനൌസമ്യക്
തദക്ഷേതനവാം-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രാസാദേ ശയനേ / ഥവാ പ്രതികൃതേസ്സത്യാഃ
ക്രിയാച്ഛാദ്ദശം
ശേഷാക്ഷേനപുരോക്തവൽ പ്രതികൃതൌ
തല്പൂരണം മാനസം

അനന്തരം ഗുരു പൊന്നിൻകിണ്ണത്തിൽ തേനും നെയ്യും ചാതിച്ചതു് സൂചികൊണ്ടു് അല്പം മാത്രമെടുത്തു് പ്രാസാദത്തിങ്കലുറപ്പിച്ചിട്ടുള്ളതോ ശയ്യയിൽ കിടത്തിയിട്ടുള്ളതോ ആയ മൂലബിംബത്തിന്റെ കണ്ണുകരം കീറുക. കണ്ണാടിയിങ്കൽ പ്രതിബിംബിച്ചു് അതിങ്കൽ ലേഖനം ചെയ്താലും മതിയെന്നു പക്ഷാന്തരം. കമ്മബിംബാദികളിൽ മുറയ്ക്കു് നേത്രോല്ലേഖനവും പൂരണവും ചെയ്യണം. മൂലബിംബത്തിങ്കൽ പൂരണം ചെയ്യുന്ന എന്നു് സങ്കല്പിച്ചു് കണ്ണാടിയിങ്കൽ പ്രതിബിംബിച്ചു് അതിൽ ചെയ്യുക.

9 ചാമുണ്ഡാംബാസ്വംബുജാ കല്പിതാഗ്രേ
പൂജാപീഠേ കണ്ണികായാം ത്രികോണം
തച്ഛേഷാക്ഷേതനൈവ ശാന്തിത്രയീം ച
സൂച്യഗ്രേണേഹാലിഖേൽ തൽക്രമജ്ഞഃ

ഇവിടെ നേത്രോല്ലേഖനത്തിങ്കൽ ഗുരുജിത്തിന്റെയും മാതൃക്കളുടെയും വിടന്ന താമരപ്പൂപോലെ ഉണ്ടാക്കിയിരിക്കുന്ന കമ്മബിംബങ്ങളിൽ (ബലിക്കല്ലുകളിൽ) കണ്ണികയിൽ 'ഐം, ഹ്രീം, ശ്രീം' എന്നു് എഴുതണം, ഇവ ബ്രഹ്മാവിഷ്ണുമഹേശ്വരന്മാരുടെ ശക്തികളുടെ ബീജങ്ങളാണ്. ഇവിടെ ഇച്ഛാജ്ഞാനക്രിയകളെ സങ്കല്പിച്ചു് 'ഹ്രീം'കാരം മൂന്നുതവണ എഴുതുന്നു ചിലർ.

ശോധന

10 തദ്ബിംബം സോപബിംബം പുരഉദിതദിശാ
ധാമഗം തേനധാമ്നാ
സാദ്ധം സംഗൃഹ്യസംശോധയതു നിജനിജൈഃ
ശോധനൈൎദ്ദ്രവ്യൈണേതു-
തച്ഛേഷേണോപബിംബം സദനമപി പുരഃ
ശോദ്ധ്യമന്തയ്യ്ദാച്ഛം-
ഹോമേസമ്പാതപാതം പ്രതിവപുഷിപരം
കൌതുകം കമ്മബിംബേ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബിംബപരിഗ്രഹം തുടർച്ച

മൂലബിംബം, അച്ചനാസ്സാനബിംബങ്ങരം മുതലായവയെ യഥാക്രമം പരിഗ്രഹിച്ച് ശോധനദ്രവ്യങ്ങരം കൊണ്ടു ശോധനചെയ്യുക, മൂലബിംബം അകത്തൊ പുറത്തൊ ആയാലും കണ്ണാടി കാട്ടി അതിങ്കൽ വേണം ശോധനചെയ്യുവാൻ. ശോധനദ്രവ്യശേഷംകൊണ്ടു ശേഷം ബിംബങ്ങളിലും ശോധനചെയ്യുക.

11 മൂലബിംബം സുമൃദനാ ശിഖിബഹിചയേനവാ
സ്വംബരേണാഥവേഹാഗ്രേപരിമൃഷ്യാ
വിശോദ്ധ്യതാം.

ഇവിടെ മൂലബിംബത്തെ വീരാളിപ്പട്ടുകൊണ്ടും മയിൽപ്പീലികൊണ്ടും തുടച്ചുവൃത്തിയാക്കണം.

ജലാധിവാസം

12 പൂജാച്ചാമുദിതാം ചതീത്ഥസവിധേ നീത്വാ
പുരോക്തക്രമാ-
ന്മൂലാച്ചാമധിവാസ്യ ദപ്പണഗതാം തദ്വാരി
വാസ്വാഗ്രതഃ
പാത്രാത്താം ഭസിവാതഥാ തു നിജശുദ്ധ്യത്ഥേ / പി
വാമണ്ഡപേ
ലേപ്യാച്ചാദി തുതത്ര ധാന്യഥപരാം തീത്ഥോദകേ
വാസയേൽ.

13 മൃദ്ദാരൂപലലോഹ രത്നകൃതബിംബാനാം
ഗിരീഷുത്രിരാ-
ത്രൈകാഹന്നിശ രാത്രിമാത്രമുദവാസഃ
സ്വാഗമേഷൂദിതഃ
മൂലാച്ചാജലവാസകാലമുപലോപാച്ചോദവാസോ
ഥവാ
സ്വംകാലം തുതദൈകവേരവദിദം സങ്ഗൃഹ്യ
ശോദ്ധ്യംപുരഃ

14 യത്സ്യാദാപ്പവ കൌതുകം യദപിവാ ബഹ്വേക
വേരോചിതം
സ്യാദ്ബല്യുത്സവതീത്ഥബിംബമിഹ ലൌഹം
തൽപ്രധാനേനതു-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാദ്ധ്യം പ്രോക്തദിശാ പ്രഗൃഹ്യപരിശോദ്ധ്യോ
ക്തോദകേ വാസയേൽ
കൃത്സ്നംവാസരമസ്യപൂൎവ്വദിവസാന്തേ
വാഗ്രഹോബിംബവൽ.

ശിലകൊണ്ടുള്ള അച്ചനാബിംബത്തെ ജലാശയത്തിങ്കലും മൂലബിംബത്തെ കണ്ണാടിയിൽ പ്രതിബിംബിച്ചു് ജലദ്രോണിയിങ്കലും മററുള്ളവയെ ഔചിത്യംപോലെയും ജലാധിവാസം ചെയ്യുക. മൃണ്മയബിംബങ്ങൾക്കു് ഏഴു ദിവസവും, ദാരുബിംബങ്ങൾക്കു് അഞ്ചുദിവസവും, ശിലാബിംബങ്ങൾക്കു് മൂന്നു ദിവസവും, ലോഹബിംബങ്ങൾക്കു് ഒരു അഹോരാത്രവും, രത്നബിംബങ്ങൾക്കു് ഒരു രാത്രിമാത്രവും ജലാധിവാസം ചെയ്യണം. ശിലകൊണ്ടുള്ള അച്ചനാബിംബത്തിനു് മൂലബിംബത്തിനു് എത്രദിവസമോ അത്രയും ദിവസം വേണമെന്നും പക്ഷമുണ്ടു്. അക്ഷതഹോമസമ്പാതം സ്പൎശിയ്ക്കുന്നതും ദൎപ്പണപ്രതിബിംബിതത്തിങ്കൽച്ചെയ്യണം.

ജലോദ്ധാരം

15 മൂലാച്ചാമിതരാശ്ച വാരിവസതേരാനീയ ഭദ്രാസനേ-
ഷ്വാസ്ഥാപ്യക്രമതോ ƒ ഥബിംബകലശൈഃ
സിക്ത്വാസനേത്രക്രിയാം.
മൂലാച്ചാത്വിഹദൎപ്പണേ ƒ ഥ സകലേജ്യാം
ശക്തിതോ ƒ സ്യാം ബുധ
സ്തദ്ബിംബേപരിപൂൎത്തയേ ചതനയാന്നീരാജ
നാദ്യാന്തിമാം.

മൂലബിംബവും മററു ബിംബങ്ങളും ജലത്തിൽനിന്നെടുത്തു് ഭദ്രപീഠത്തിങ്കൽവെച്ചു് മൂലബിംബത്തിങ്കൽ കണ്ണാടികാട്ടി നേത്രോന്മീലനം, ഗോദൎശനം, ഗോദാനം മുതലായവ ചെയ്യുക. മററുള്ളവയിങ്കൽ യഥോക്തംപോലെയും ചെയ്യുക. മൂലബിംബത്തിങ്കലെ പൂജയെല്ലാം അവിടെ യോജിക്കുന്നപോലെ ചെയ്യണം. അതിൻെറ ക്രമം മേൽപറയുന്നതുമാണു്. നീരാജന പുണ്യാഹാദികളും കണ്ണാടിയിങ്കൽ വേണം. മററുള്ളവയ്ക്കെല്ലാം സാധാരണ പോലെത്തന്നെ വേണം,

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

ബിംബശുദ്ധികലശാഭിഷേകം

16 ബിംബശുദ്ധിഘടൈർമ്മൂലബിംബീയ
പ്രതിബിംബകം
അഭിഷിച്യാവശേഷാദ്ഭിശ്ശേഷബിംബേഷു
സേചനം.

മൂലബിംബത്തിന്ന് ബിംബ ശു ദ്ധി ക ല ശം ആടുമ്പോൾ കണ്ണാടിയിങ്കൽ കലശം മുക്കാലും ആടി ശേഷം ജലംകൊണ്ടു് കമ്മബിംബാദികളേയും ആടുക.

ശയ്യയിൽ കിടത്തൽ

17 അഥസംസ്കൃതമണ്ഡപാന്തരച്ഛാഃ ശയനീയേ
വിനിവേശയേൽ ക്രമേണ–
പ്രഥമാമിഹ മദ്ധ്യതഃ സനിദ്രാകലശം വാമത
ഏവചേതരാർച്ചാഃ

കമ്മബിംബാദികൾക്കു് നവകമോ പഞ്ചകമോ പൂജിച്ചു് ആടുകയും ആകാം. അനന്തരം മണ്ഡപസംസ്കാരം ചെയ്തു് ശയ്യവിരിച്ചു് നിദ്രാകലശവും പൂജിച്ചു് മൂലബിംബത്തെ ശയ്യയിങ്കൽ കിടത്തി അതിൻെറ ഇടത്തുഭാഗത്തു് മററുള്ളവയേയും കിടത്തുക.

18 ലേപ്യാദൌപ്രാസാദ ഏവാവതിഷ്ഠേതൈത
ദ്ബിംബംയാഗബിംബാദിസർവ്വം-
ശയ്യായാംസ്യാദ്യാഗബിംബാഗ്രദേശേനിദ്രാ
കുംഭസ്സവേദാകല്പനീയഃ

മൂലബിംബം പ്രാസാദത്തിങ്കൽ ഉറപ്പിച്ചിരിക്കുമ്പോൾ അർച്ചനാബിംബാദികൾ ശയ്യയിൽ കിടത്തി അധിവസിക്കുക.

ധ്യാനാധിവാസം

19 ധ്യാനാധിവാസമഖിലം വിദധീതമൂലബിംബേ f
ർച്ചനാപ്രതികൃതാവപിനാത്ര തത്വൈഃ
ആവാഹനംതദിതരേഷുചതുർഷുമൂർത്ത്യാവാഹാന്ത
മേപത്തുവിംശഷവിദാദധീത.

ധ്യാനാധിവാസം മൂലബിംബത്തിങ്കലും അർച്ചനാബിംബത്തിങ്കലും വേണം. അർച്ചനാബിംബത്തിങ്കൽ അഖിലതത്വങ്ങളെക്കൊണ്ടുള്ള ആവാഹന വേണ്ട.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

20 പൂജാബിംബാദിഷുസ്ഥൂലമൂർത്ത്യ
ങ്ഗതേഷ്വനതത്വവിൽ
പഞ്ചതത്വൈഃ സമാവാഹ്യവിന്യസ്യാ
ങ്ഗാനിപൂജയേൽ.

തത്വജ്ഞനായ ആചാര്യൻ അർച്ചനാബിംബാദികകളിൽ പഞ്ചതത്വംകൊണ്ടു് തത്വാവാഹന ചെയ്യുക.

തത്വഹോമം

21 തത്വഹോമേഽഥസമ്പാതം
മൂലബിംബേഽധിദർപ്പണം.
സ്പൃഷ്ട്വാതല്പ്പൂത്തയേപൂജാബിംബേഽ
പിമന്ത്രവിൽ സ്പൃശേൽ.

അധിവാസഹോമം

22 അധിവാസശാന്തിഹുതയോഃ സമ്പാത
സ്പർശനം പ്രതിതന്യൌസ്യാൽ
പൂജാംപ്രതിമായാമപിതച്ഛേഷസ്പർശമാത്രമിതരേഷു

പീഠാധിവാസം

23 ഗേഹാന്തഃ കൃതബിംബപീഠമമുനാ
ബിംബേനസാദ്ധം യദി
സ്യാച്ചിത്രം യദിനസ്വകീർത്തിതദിശാ
ശോദ്ധ്യംയഥാർഹംത്വതൽ-
തദ്വല്ലേവലപീഠമപ്യഥബഹീരീത്യാ
സ്വയാശോദ്ധ്യതാം
ബ്രഹ്മാശ്മാപിധിയാകഥഞ്ചനയഥോക്തം
ചാപിശോദ്ധ്യംക്രമാൽ.

തത്വഹോമസമ്പാതവും അധിവാസഹോമസമ്പാതവും കർമ്മബിംബാദികളിലും സ്പർശിക്കണം. (ഇവിടെ ധ്യാനാധിവാസത്തെ ചുരുക്കത്തിൽ പറയുന്നു മൂലബിംബത്തിങ്കൽ പ്രണവജപാദിവിധിയാംവണ്ണം തുടങ്ങി പീഠന്യാസം ചെയ്താൽ മൂലപ്രാണായാമം, പ്രണവപുടിതമൂലംകൊണ്ടു് വ്യാപകം ലിപിതത്വാക്ഷരാശന്യാസം കഴിഞ്ഞാൽ നിരംബുകുസുമങ്ങളെക്കൊണ്ടു് മൂർത്ത്യാവാഹന, തത്വാവാഹന, വ്യഷ്ടി, സമഷ്ടി, ആ വാ ഹ ന,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മൂലാവാഹന, തത്തന്മന്ത്രന്യാസങ്ങരം, ഷഡധ്വന്യാസം, മാനസപൂജ, എന്നിവയെല്ലാം ചെയ്യക. എല്ലാ ആവാഹനകളുടെയും ന്യാസം കഴിഞ്ഞാൽ മാനസപൂജയേ ഉള്ളൂ.) പ്രാസാദത്തിങ്കലെ മൂലബിംബം ചിത്രമാണെങ്കിൽ അതിന്ന് പീഠാധിവാസം വേണ്ട. ചിത്രമല്ലെങ്കിൽ മുൻപറഞ്ഞ വിധം ചെയ്യണം. ദാരുബിംബമാണെങ്കിൽ തദ്യോഗ്യമായ രീതിയിൽ വേണം. ഇളകുന്ന പീഠമാണെങ്കിൽ അകത്തോ പുറത്തോ വെച്ച് അധിവാസമാകാം. നപുംസകശിലാധിവാസം സങ്കല്പമായിട്ടു ചെയ്യണം.

24 നിശ്ശയ്യന്ധ്രുവമാലയസ്ഥമിഹ
മൂലേജ്യാപ്ലവാച്ഛാസ്പദം
നോചേദാലയഗം സ്വബിംബശയനം
ദാമേത്തുശയ്യാന്തരേ
ന്യസ്തംഭൂതലയാദിശുദ്ധനിജമന്ത്ര
ന്യാസപൂജോർജ്ജിതം
തദ്വബ്രഹ്മശിലാമപി സ്വഹൃത
സമ്പാതൈധിതം കല്പയേൽ.

അച്ഛനാബിംബാദികളുടെ പീഠങ്ങരം നിശ്ചലമാണെങ്കിൽ എല്ലാം അതാതു സ്ഥാനത്തു വെച്ചിട്ടും ചഞ്ചലങ്ങളാണെങ്കിൽ സ്വസ്ഥാനത്തോ അഥവാ മണ്ഡപത്തിലൊ അധിവസിയ്ക്കാം.

25 ബല്യാദിബിബേതദഭിന്നഏവപീഠേ
വിശുദ്ധേചസഹൈവതേന
ഭൃതാപ്യയാദ്യംസഹതേനകൃതാശക്തിം
വിഭാവ്യാത്രസമച്ച്യേത്താം.

26 ലേപ്യാദിബിംബേ *f* ജശിലാമണിന്യാസാദൌ
കൃതേ *†* പിഹ്യധുനാപികാര്യ്യം
ഹൃതംതദീയംധ്രുവകമ്മബിംബപ്രതിഷ്ഠിതൌ
ശക്തിഹൃതംചഭ്രയഃ

ബലി കൌതുകാദികരം ബിംബവും പീഠവും ഒന്നായിട്ടു വാർത്തിട്ടുള്ളിടത്തു് പീഠാധിവാസം വേറെ വേണ്ട; എങ്കിലും ശക്തികൊണ്ടാവാഹിച്ച് പൂജയും ശക്തിസമ്പാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തസ്സ്വശ്വും വേണം. ഇതു് എല്ലാവക്കും സമം. ലേപ്യ ബിംബാദികളിൽ നപുംസകശിലാസ്ഥാപനവും രത്നന്യാസവും മുമ്പു് ചെയ്തിട്ടുണ്ടെങ്കിലും ഇപ്പോഴം രത്നന്യാസം വീണ്ടും മനസ്സുകൊണ്ടു ചെയ്യണം. അതിന്നുള്ള സമ്പാതവും എടുക്കണം.

അധിവാസപൂജ

27 തതഃ ശ്രപിതപായസോപഹിതവൽ
സ്വകുണ്ഡേഗുരുഃ
സപയ്യയഥാവിധിപ്രതികൃതാവുഭങ്മണ്ഡലേ.
സ്വകുണ്ഡദഹനേവിഭുംദ്വിജതനൌചതേനാന്ധസാ
ബഹിഃപരിഷദോ f പ്യമുംപ്രധിനയാദപൂപാദിഭിഃ

അനന്തരം ആചാര്യൻ സ്വകുണ്ഡത്തിങ്കൽ പായസമുണ്ടാക്കി ബിംബത്തിങ്കലും മണ്ഡലത്തിങ്കലും പൂജിച്ചു് നിവേദിച്ചു് അഗ്നിയിങ്കൽ വൈശ്വദേവഹോമവും, ബ്രാഹ്മണരെ കാലുകഴകിച്ചു് ഊട്ടി ബലിതൂകി പ്രസന്നപൂജയും ചെയ്യുക.

28 ശയ്യായാംപീഠമിഷ്ട്വാമഹിതതനയുഗേ
മൂലബിംബേസ്വമൂലേ-
നാവാഹ്യന്യാസഭേദൈസ്സകളയതു
തഥാകമ്മബിംബേചഭൂയഃ
സ്വാംമൂത്തിംസ്നാനബിംബാദിഷ്വസമുചിത
വിധിന്യസേദ്വിഗ്രഹേജ്യാം
സവ്വേഷ്വാധായസവ്വാവരണമപിയ
ജേദീദൃശീയംസപയ്യാ

അനന്തരം എല്ലാം ബിംബങ്ങളും ശയ്യയിങ്കലാണെങ്കിൽ ഒന്നായിട്ടു പീഠം പൂജിച്ചു് വെവ്വേറെ ആവാഹിച്ചു് വിഗ്രഹപൂജ വെവ്വേറെയും ആവരണപൂജ ഒന്നായിട്ടും ചെയ്യുക.

29 മൂലാച്ചാപചിതിസ്സ്നാനാവനദകൈഃ
സൂനൈമ്മനഃ സംഭവൈ-
വ്വ്വാംഗ്ഗന്ധാദിഭിരപ്യഥാർഗ്ഘ്യമമൃതം
ചൈത്തംചനൈവേദ്യകം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പൂജാർച്ചാംത്തുവിധാനതോ f ച്ചയത്ത
നൈവേദ്യത്തുതല്പായസം
സ്നാനാർച്ചാദിഷ്ഠയാഗബിംബവദഭീജ്യാർഗ്ഘ്യം
നിവേദ്യംഭവേൽ.

മൂലബിംബത്തിനു് മാനസപൂജയെ ഉള്ള. അർച്ചനാബിംബത്തിങ്കൽ പായസം നിവേദിയ്ക്കണം. മററു ബിംബങ്ങളിൽ അർച്ചനാബിംബത്തിങ്കലെപ്പോലെയൊ അഥവാ അർഗ്ഘ്യപുഷ്പാഞ്ജലിയായിട്ടൊ ആകാം.

30 ദർപ്പണപ്രതിബിംബേയദിരീതംതദശേഷതഃ
മൂലബിബവപുഷ്യേവധ്യാനേനൈകേവിതന്വതേ.

31 സങ്ക്ഷിപ്തപൂജോ f ഥനിവേദ്യമാത്രം
സ്യാന്മൂലബിംബേ f ഥത്തുയാഗബിംബേ
തല്പൂർത്തയേസ്യാദുഭയോർവ്വിനാനഃ പ്രാക്
സ്ഥാപനാൽസങ്ക്രമണാഭ്യയോഗാൽ.

മൂലബിംബത്തിങ്കൽ എല്ലാ ക്രിയകളും കണ്ണാടി കാണിച്ചു് അതിങ്കൽ ചെയ്യണമെന്നു് ചില ആചാര്യന്മാരുടെ പക്ഷം. മൂലബിംബത്തിങ്കൽ പൂജ ചുരുക്കത്തിൽ മാത്രമെ ചെയ്യുന്നുള്ളു; അതായത്തു് നിവേദ്യം മാത്രം. അർച്ചനാബിംബത്തിങ്കൽ സവിസ്തരം പൂജയും നിവേദ്യവും എല്ലാം വേണം. ഇതു് പ്രതിഷ്ഠയുടെ മുമ്പുള്ള നിയമമാണു്. അപ്പോഠം രണ്ടും രണ്ടായിട്ടാണല്ലൊ.

പ്രതിഷ്ഠ

32 പ്രാതഃപ്രാസാദപ്രതിഷ്ഠാദികൃത്വാ
ബ്രഹ്മഗ്രാവാണംപ്രതിഷ്ഠാപ്യമന്ത്രീ-
രത്നാനിന്യസ്യാത്രപീഠംപ്രതിഷ്ഠാപ്യാസ്മിൻ
വിദ്വാൻപീഠപൂജാംവിദധ്യാൽ.

പിറേറ ദിവസം രാവിലെ ആചാര്യൻ പ്രാസാദപ്രതിഷ്ഠാദിയെല്ലാം ചെയ്തു് നാന്ദീമുഖം, പുണ്യാഹാദിനവം സകശിലപ്രതിഷ്ഠ, രത്നന്യാസംപൂജ, പീഠപ്രതിഷ്ഠ എന്നിവയെല്ലാം ചെയ്തു് പീഠപൂജയും ചെയ്യുക.

33 നവ്യസ + ശിലാദ്യന്തുലേപ്യാദൌപ്രാക്പ്രതിഷ്ഠിതം
നവീകൃതധീയേദാനീം ധ്യാനേനസ്ഥാപയേദപി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

ലേപ്യാദിയോ ലേഖ്യാദിയോ ആയിരിയ്ക്കുന്നിടത്ത് നപുംസകശിലാപ്രതിഷ്ഠാദി മുമ്പ് കഴിഞ്ഞിട്ടുണ്ടെങ്കിലും ഇപ്പോഠം മനസ്സുകൊണ്ടു് അവ വീണ്ടും ചെയ്യണം.

34 മൂലാച്ചാസ്പദപീഠികാഗ്രഭുവിപൂജാച്ചാസ്പദേകല്പിതേ
ന്യസ്യാജോപലമാത്രമസ്യമണി
ഹേമ്നീമദ്ധ്യഗതേന്യസേൽ
യദ്യേതൽസ്ഥിരകൌതുകംതദുപരിസ്വാം
പീഠികാംശക്തിതഃ
സ്വിഷ്ടാംന്യസ്യയജേച്ചതത്രചപുനഃ
പീഠാച്ചനംപ്രാചരേൽ.

മൂലബിംബത്തിന്റെ മുമ്പിൽ അച്ചനാബിംബം സ്ഥിരമായിട്ടുള്ളതാണെങ്കിൽ അവിടെയും ചുരുക്കത്തിൽ നപുംസകശിലാപ്രതിഷ്ഠയും രത്നന്യാസവും ചെയ്തു് അതി ന്നുമുകളിൽ പീഠം പ്രതിഷ്ഠിച്ച് പീഠപൂജ ചെയ്യണം.

35 സതിസ്നാനബിംബേ പദേ *f* സ്യാധിപീഠം
പ്രതിഷ്ഠാപ്യശക്ത്യാ *ff* ചരേൽപീഠപൂജാം
പരേഷ്വപ്സ്ഥിയത്തല്പദേതസ്യപീഠം
പ്രകല്പ്യാഥതാലത്രയാദ്യംവിദധ്യാൽ.

പിന്നെ സ്നാനബിംബം മുതലായി മറെറതെങ്കിലും ബിംബം അകത്തു പ്രതിഷ്ഠിയ്ക്കേണ്ടതുണ്ടെങ്കിൽ അതാതു സ്ഥാനത്തു് പീഠവും വേറെയാണെങ്കിൽ പീഠപ്രതിഷ്ഠയും പീഠപൂജയും ചെയ്യണം.

36 നിധായഭദ്രപീഠാനിതത്തദാസ്പദപൃഷ്ഠതഃ
മണ്ഡപാൽസദ്മമാനീയബിംബാന്യേതേഷു
വിന്യസേൽ.

അനന്തരം പിൻഭാഗത്തു് ബിംബം, കലശം മുതലായവ വെയ്ക്കുവാനുള്ള പത്മങ്ങളിട്ട് പീഠം പൂജിച്ച് എല്ലാം രക്ഷിച്ച് മണ്ഡപത്തിൽ വന്നു് യഥാവിധി പൂജാദികളും ഉദ്വാസനകളും ചെയ്തു് പാണി മുതലായ വാദ്യഘോഷങ്ങളോടുകൂടി എല്ലാം എഴുന്നള്ളിച്ച് കൊണ്ടുവന്നു് യഥാസ്ഥാനങ്ങളിൽ വെയ്ക്കുക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

37 സ്യാന്മണ്ഡപേ ƒ ച്ച്നമിഹാച്ച്നബിംബഏവ
വിദ്യേശകുംഭസലിലാർപ്പണമാദിബിംബേ
ഉദ്വാസനം ച സകലസ്യകരോത്രുയാഗ-
ബിംബേതുവേശ്മനിഭവേദ്യദിമൂലബിംബം.

ഇവിടെ മണ്ഡപത്തിലുള്ള പൂജയും വിദ്യേശ്വരാദി കലശപ്രോക്ഷണവും എല്ലാം അച്ച്നാബിംബത്തിങ്കൽത്തന്നെ മൂലബിംബം അവിടെയുണ്ടെങ്കിൽ ഉദ്വാസനാദിയെല്ലാം അതിങ്കലേയ്ക്കു വേണം,

39 ബിംബമന്യയാഗബിംബംനയനേ
സ്നാനാദിശേഷബിംബാനി
യോജ്യാന്നിതദഭിതസ്യന്നിദ്രാകലശാദി
സർവ്വമുദിതനയം.

എഴുന്നള്ളിയ്ക്കുമ്പോൾ മൂലബിംബത്തിന്റെ പുറകെ അച്ച്നാബിംബവും അതിന്നുചുററും മററു ബിംബങ്ങളും നിദ്രാകലശാദികൾ മുമ്പുപറഞ്ഞിട്ടുള്ള ക്രമത്തിലുംവേണം.

പരാവാഹന അവസ്ഥാവാഹന

38 കാര്യംപരാവാഹനമാദിബിംബേ
യദ്യാഗബിംബേ ƒ പി ദശാഭിവാഹഃ
സ്യാദാദിബിംബേ ƒഥ തയോർദ്വയോസ്യാ
ന്മന്ത്രാഭിവാഹോ ƒഥ യഥാർഹമിജ്യാ.

അകത്തു ചെന്നാൽ ആചാര്യൻ മൂലബിംബത്തിങ്കൽ പരാവാഹനയും പൂജയും അവസ്ഥാവാഹനകളും പൂജകളും ചെയ്തു് ഒടുവിൽ മൂലാവാഹനപൂജകൾ രണ്ടിടത്തും ചെയ്യണം. മററു ബിംബങ്ങളുണ്ടെങ്കിൽ അവയുടെ പ്രതിഷ്ഠയ്ക്കു മുമ്പു് മൂലംകൊണ്ടു് ഒരാവാഹനയും പൂജയും ചെയ്യണം.

40 തതഃ പ്രതിഷ്ഠാപ്യചമൂലബിംബം
ലേപ്യാദിചേത്തത്തുതഥാവിഭാവ്യ.
ധ്രുവഞ്ചസംഭാവ്യയഥോക്തനീത്യാ
വിശ്വാണനോപസ്ഥിതിമസ്യകുര്യാൽ.

അനന്തരം മൂലബിംബത്തെ യഥോക്തം പോലെ പ്രതിഷ്ഠിയ്ക്കുക. അതു് ഉറപ്പിച്ചിട്ടുള്ളതാണെങ്കിലും മന്ത്രങ്ങ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ളെല്ലാം തൊട്ടു ജപിയ്ക്കണം. 'ധ്രുവാദ്യൌഃ' ഇത്യാദി ജപവും സമ്മേളവ്യാപകവും പുഷ്പാഞ്ജലിയും 'വിശ്വതശ്ചക്ഷുഃ' ഇത്യാദികളെക്കൊണ്ടുപസ്ഥാനവും ചെയ്യണം.

41 താരാദിപൂർവ്വമിയമിത്യഥസേതിദേവ
തേമൂർത്തിരോമിതിവദന്നിജമൂലരുദ്ധം
സ്വഃപഞ്ചതത്വമപിമൂലനിരഞ്ജനം ച
പീഠേന്യസേൽസ്വപദഭാജിതുയാഗബിംബം.

അർച്ചനാബിംബത്തെ പ്രണവോപചാരമൂലവും 'ഇയം സാദേവതേ മൂർത്തിരോം' എന്ന മന്ത്രവും മൂലപുടിതപഞ്ചതത്വവും, മൂലവും പ്രണവവും ജപിച്ച് പ്രതിഷ്ഠിച്ച് ശേഷമെല്ലാം സാധാരണപോലെയും ചെയ്യുക.

42 തത്രധ്രുവാദിജപകൃൽസ്വപദേഷുമൂർത്തി-
മന്ത്രാഞ്ചിതാനിമനനാപ്രണവാദിഗേന
തേനൈവമൂലമപരാന്തജുഷാക്രമേണ
സംസ്ഥാപ്യചധ്രുവയതുധ്രുവമന്ത്രജാപീ.

സ്നാനാദിബിംബങ്ങളെല്ലാം പ്രണവവോപചാരമൂലവും 'ഇയംസാദേവതേ'ത്യാദിയും ചൊല്ലി പ്രതിഷ്ഠിച്ച് 'ധ്രുവാദ്യൌഃ' ഇത്യാദി തൊട്ടു ജപിക്കുക.

43 മന്ത്രാവാഹന്യസനകൃതഥോയാഗബിംബേ ƒ
ഷ്ടബന്ധം
ക്ഷിപ്ത്വാതല്ലേദചലമഥകുംഭേശനിദ്രാഘടാഭ്യാം-
കൃത്വാസ്വസ്വാദിതവദഭിഷേകം തതസ്സാധുജീവാ-
വാഹംത്രേധാന്യസനമിഷ്ടതത്രൈവച്ച
വിദ്വാൻവിദധ്യാൽ.

അർച്ചനാബിംബം സ്ഥിരമാണെങ്കിൽ അഷ്ടബന്ധം ഇട്ട് കുംഭേശനിദ്രാകലശങ്ങളാടി ജീവാവാഹനയും ചെയ്ത പ്രണവവ്യാപകാദിമാത്രവും ചെയ്യുക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

44 സൂക്ഷ്മംസ്ഥൂലംരൂപമാവാഹ്യമന്ത്രീ
മന്ത്രാവാഹന്യാസകൃൽപൂജയിത്വാ
ഭൂയോദൌഗ്ദ്ധാന്നംനിവേദ്യപ്രസാദ്യ
സർവ്വംകുര്യാൽതല്പയാങ്ഗാവസാനം.

ഇങ്ങിനെ ജീവാവാഹനയാകുന്ന സൂക്ഷ്മാവാഹന യും തന്ന്യാസങ്ങളും പൂജയും സ്ഥൂലാവാഹനയും തന്ന്യാസപൂജയും, സ്തോത്രാവാഹനയും പൂജയും പായസപൂജയും എല്ലാം ഏകവേരത്തിങ്കലെപ്പോലെ ഇവിടേയും ചെയ്യണം

45 യാഗാച്ഛാതോ ƒ ന്ദകകുസുമൈർമ്മന്ത്രവിൽ
പഞ്ചതത്വൈ-
ന്നീത്വാകൃത്സ്നംവിഭുമമലധീമ്മൂല
ബിംബേ ƒ ഥ സദ്യഃ
ജീവന്യാസംസകലമപികൃത്വോ
പഹാരൈസ്സഹാദ്ദ്യൈ
സ്സന്തർപ്പ്യാനുഗ്രഹദമപി ലോകാദിമന്ത്രൈർവ്വിദധ്യാൽ.

ഇങ്ങിനെ എല്ലാം ചെയ്താൽ ശംഖിൽ വെള്ളംകൂടാതെ പൂർവ്വകൊണ്ടാവാഹിച്ച് വ്യാപകാംഗാദിചെയ്ത് ആ ശംഖു കൊണ്ടു് അർച്ചനാബിംബത്തിങ്കൽ നിന്നും പ്രണവോപ ചാരമൂലം പഞ്ചതത്വം മൂലംപ്രണവം എന്നിവ ചൊല്ലി ആവാഹിച്ച് മൂലബിംബത്തിങ്കൽ യോജിപ്പിച്ച് അ വിടെ പ്രണവവ്യാപകാദി പ്രാണന്യാസാന്തവും ഷഡദ്ധ ന്യാസവും മാനസപൂജയും ചെയ്ത് 'വിശ്വതശ്ചക്ഷുഃ', 'ലോകാനുഗ്രഹ' ഇത്യാദികൾ കൊണ്ടു് ഉപസ്ഥാനവും ചെയ്യുക.

46 സ്നാനാദീതരബിംബേഷു മൂർത്തിമന്ത്രാഭിവാഹനം
വർണ്ണാങ്ഗന്യാസപൂജാംചകൃത്വാ ƒ ർഗ്ഘ്യം
വിതരേദ്ബുധഃ

ബുദ്ധിമാനായിരിയ്ക്കുന്ന ഗുരു സ്നാനബിംബാദികളെ യും അവസ്ഥാനുസരണം പീഠം പൂജിച്ച് പ്രതിഷ്ഠിച്ച്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആവാഹിച്ചു് പൂജിച്ചു് നിവേദ്യസ്ഥാനത്തു് അർഗ്ഘ്യ പുഷ്പാഞ്ജലിയും മാനസപൂജയും ചെയ്യുക.

47 പ്രാപേ്യശാന്നിത്യപൂജാന്തമതിമഥ
സമച്ച്യാസനംയാഗബിംബേ
മൂർത്തിധ്യാനം വംവിഭാവ്യാഥദരഭൃതജലേ
നാനയേന്മൂലബിംബാൽ
ദേവംതംപഞ്ചതത്വൈർമ്മനുവിദിഹ
കൃതവ്യാപകേതാരതോ ƒ ങ്ഗാ
ദ്യാധായാവാഹ്യമൂലേനചസകലയത്ത
സ്വാക്ഷരാങ്ഗാദിഭിസ്തം.

അനന്തരം മൂലബിംബത്തിങ്കൽ പൂർവ്വാരാധിച്ച തൊഴുതു് നിത്യപൂജയ്ക്കു് അനുജ്ഞ വാങ്ങി കർമ്മബിംബത്തിങ്കൽ പീഠം പൂജിച്ചു് മൂർത്തികല്പിച്ചു് ശംഖിൽ ആവാഹിപ്പാനുണ്ടാക്കി മൂലബിംബത്തിങ്കൽനിന്നും മുമ്പു് ചെയ്തതുപോലെ മന്ത്രം ചൊല്ലി ആവാഹിച്ചു് അർച്ചനാബിംബത്തിങ്കൽ യോജിപ്പിച്ചു് പ്രണവവ്യാപകാദിചെയ്തു് അംഗങ്ങരം ന്യസിച്ചു് പിന്നെ സ്വഹൃദയത്തിങ്കൽനിന്നും ആവാഹിച്ചു് മറ്റു് ന്യാസാദികളെല്ലാം ചെയ്യുക.

48 കൃത്വാ ƒ ർച്ചനം സ്വനിഖിലാവരണാർച്ചനാദ്ധ്യ
ന്നാനാനിവേദ്യസുഭഗംസഹവൈശ്വദേവം
സ്വസ്വപ്രധാനപരിഷദ്യജനാർത്ഥനം ച
സന്തോഷ്യസമ്പ്രണയതുക്തവദാദിബിംബേ.

പിന്നെ സപരിവാരം പൂജിച്ചു് ബഹുവിധങ്ങളായ നിവേദ്യങ്ങരം നിവേദിച്ചു് വൈശ്വദേവം, ബ്രാഹ്മണഭോജനം പരിഷദ്ബലി, പ്രാർത്ഥന മുതലായവയെല്ലാം മുമ്പു പറഞ്ഞതുപോലെ ചെയ്തു് അകത്തുചെന്നു് നിവേദ്യവിസർഗ്ഗാദി പൂജ മുടിച്ചു് നിരംബുകസുമങ്ങളെക്കൊണ്ടു് ശങ്ഖിൽ ആവാഹിച്ചു് മൂലബിംബത്തിലേയ്ക്കു് യോജിപ്പിക്കുക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

49 വേരാണിസന്തിയദിഗർഗ്ഗഹേ ƒ ജരുദ്രാ
ദീനാംവിശോധിതചരാണ്യധുനാസ്വമന്ത്രൈഃ
സംസ്ഥാപ്യകിഞ്ചിദഭിപൂജ്യനിവേദ്യശേഷാൽ
കിഞ്ചിന്നിവേദയതുതദ്വിഭൂപൂജനേതു

ഗർഗ്ഗഹത്തിങ്കൽ ബ്രഹ്മാവിഷ്ണുമഹേശ്വരന്മാർ സനകാദികൾ ശ്രീനാരദൻ, ശ്രീവേദവ്യാസൻ മുതലായവരുടെ ഏതെങ്കിലും പ്രതിഷ്ഠയുണ്ടെങ്കിൽ അവയും യഥാകാലം ശോധന ചെയ്തധിവസിച്ച് ദേവപ്രതിഷ്ഠയ്ക്കുശേഷം അതാതുമന്ത്രംകൊണ്ടാവാഹിച്ച് പൂജിച്ച് അവസ്ഥാനുസരണം നിവേദ്യാദി പ്രസന്നപൂജാന്തം ചെയ്യുക.

50 നീത്വാതഥാ ƒƒ ദിബിംബേവ്യാപയ്യ
പ്രണവതോന്യസേൽപഞ്ച-
തത്വാനിമൂലവർണ്ണാങ്ഗാനിധിയേ
ഷ്വോക്തവജ്ജപേച്ചമന്ത്രാൻ.

ചിദ്ബിംബസമ്മേളനം

51 ദ്വിദ്യേകോദ്ഭിദുരേഷുതത്വമനുഭിവ്യ്യാ
പയ്യമന്ത്രീചിദ-
ച്ചാർച്ചാവിഷ്ടരപീഠികായതനസംയോഗം
വിഭാവ്യക്രമാൽ
ബ്രഹ്മാദധ്വാദ്ധ്വചിതാ ƒƒ ദിനോദവ
പരിവ്യാപ്യാ ƒ ഭിപൂയ്യാഖിലം
കാണ്ഡംതല്പരികല്പയേദഥമഹാ
സാലാത്മനാ ƒ വസ്ഥിതം.

അർച്ചനാബിംബത്തിങ്കൽ നിന്നും മൂലബിംബത്തിങ്കലേയ്ക്കു് ആവാഹിച്ച് പ്രണവവ്യാപകാദി പഞ്ചതത്വന്യാസാന്തം ചെയ്ത് ലിപിതത്വാക്ഷരാംഗായുധം ന്യസിച്ച് മാനസപൂജചെയ്ത് ശിരസ്സു തൊട്ട് മന്ത്രജപവും ചിദ്ബിംബസമ്മേളനവും ചെയ്ത് നടയടച്ച് പിറേറദിവസം പരിവാരപ്രതിഷ്ഠ മുതലായവ ചെയ്ത് മൂന്നാംദിവസം ഹോമങ്ങളും കലശപൂജയും ചെയ്ത് വിധിപ്രകാരം നാലാം ദിവസം കലശം ആടി പൂജിക്കുക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇവിടെ പറഞ്ഞ ചിദ്ബിംബസമ്മേളനത്തെ ഒന്നു കൂടി വിശദീകരിക്കാം. രണ്ട്, രണ്ട്, ഒന്ന് ഈ ക്രമത്തിൽ പഞ്ചതത്വം കൊണ്ട് വ്യാപകംചെയ്ത് ചൈതന്യവും ബിംബവും, ബിംബവും പീഠവും, പീഠവും പ്രാസാദവും കൂടിയുള്ള ഐക്യത്തെ കല്പിച്ച് തൊഴുത് ഇരുന്ന് പ്രണവം ജപിച്ച് മൂലാധാരത്തിങ്കൽ നിന്ന് ഒരു ചൈതന്യം ഉണ്ടായി അത് ക്രമേണ സുഷുമ്നാനാഡിയിൽക്കൂടി വളർന്നുവളർന്ന് ദ്വാദശാന്തവും താഴികക്കുടവും പിളർന്ന് ബ്രഹ്മാണ്ഡം മുഴുവൻ നിറഞ്ഞതായിട്ടും അത് ക്രമേണ ചുരുങ്ങിച്ചുരുങ്ങി മതില്ക്കകത്തു മാത്രമായിട്ട് പര്യവസാനിക്കുന്നതായിട്ടും സങ്കല്പിക്കുക,

52 തല്ലയാങ്ഗാദികൃദ്രക്ഷേന്ന്യസ്യഗന്ധാക്ഷതാദികം
ദ്വാരംബദ്ധ്വാബഹിർഗ്ഗത്വാപ്രണമേന്മണ്ഡപേ വിഭും.

അനന്തരം ലയാംഗം ചെയ്തു രക്ഷിച്ച് പ്രസാദംചൂടി ഗന്ധപുഷ്പാക്ഷതാദികളും പൂജാപ്പാത്രങ്ങളും ധാരാളം വിളക്കുകളും വെച്ച് പുറത്ത്പോന്ന് നടയടച്ച് പ്രദക്ഷിണം വെച്ച് മണ്ഡപത്തിൽ നമസ്കരിക്കുക.

53 നോദ്ഘാടയേദ്ദ്വാരമഹസ്ത്ര്യയേ f ത്ര
കൃത്വാ f ഗ്രതഃസ്വസ്തികമാദധീത.
നിത്യാർച്ചനംസ്വാർഹഹുതാദിയുക്തം
സംസ്ഥാപ്യതുര്യേ f ഹനിയജേച്ചബിംബേ.

പിന്നെ മൂന്നുദിവസത്തേയ്ക്ക് നട തുറക്കരുത്. നടയ്ക്കൽ പത്മമിട്ട് ത്രികാലപൂജയും വൈശ്വഹോമാദിയുംചെയ്യുക. നാലാം ദിവസം യഥാവിധി തുറന്ന് നാലാം കലശം ആടുക.

54 ദിശാഹോമാദിസകലം കൃത്വാകലശപൂജനം
പൂർവ്വേദ്യുർമ്മണ്ഡപേകുര്യാദഭിഷേകം പരേദ്യവി.

പിറ്റെ ദിവസം ദിശാഹോമങ്ങളോടുകൂടി പരിവാരപ്രതിഷ്ഠ ചെയ്ത് അതിൻെറ പിറ്റെ ദിവസം കലശം പൂജിച്ച് അതിൻെറ പിറ്റെ ദിവസം ആടുക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

55 ബഹിബേഹ്ണമൂലാർച്ചാംകൃഷ്ണാവശ്രേണവാതതഃ
വിദ്വാൻപഞ്ചോപബിംബാനാം
തൈലാഭ്യംഗാദികംചരേൽ.

മൂലബിംബത്തെ മയിൽപ്പീലികൊണ്ടോ വീരാളിപ്പട്ടുകൊണ്ടോ തുടയ്ക്കുകയും അർച്ചനാബിംബം, ബലിബിംബം, സ്നാനബിംബം, ഉത്സവബിംബം, തീർത്ഥയാത്രാബിംബം എന്നീ അഞ്ച് ഉപബിംബങ്ങളിൽ എണ്ണ ആടി വാകപ്പൊടികൊണ്ട് തേച്ചുകഴുകുകയും ചെയ്യുക.

നിത്യപൂജ

56 മൂലബിംബാത്സപര്യായാം പൂജാ
ബിംബേ ऽവതാരണം
പ്രതിസങ്ക്രമണം ചാന്തേമൂലബിംബേപുരോദിതം.

ഓരോ പൂജയ്ക്കും വെവ്വേറെ മൂലബിംബത്തിങ്കൽ പൂർവ്വാരാധിച്ച് അനുജ്ഞ വാങ്ങി അർച്ചനാബിംബത്തിങ്കൽ പീഠം പൂജിച്ച് മൂലബിംബത്തിങ്കൽ നിന്നും പ്രണവോപചാരമൂലം ചൊല്ലി അർച്ചനാബിംബത്തിങ്കൽ യോജിപ്പിച്ച് പ്രണവംകൊണ്ട് ഒരു വ്യാപകവും ചെയ്ത് പിന്നെതങ്കൽനിന്നും ആവാഹിച്ച് ന്യാസാദികം ചെയ്ത് പൂജിച്ച് ഒടുവിൽ നിരംബുകുസുമങ്ങളെ കയ്യിലെടുത്ത് അങ്ങോട്ടും ആവാഹിച്ച് അവിടെ ആവാഹനമുദ്രകാ കാട്ടി വിസ്തരിച്ചുള്ള ന്യാസങ്ങളെല്ലാം ചെയ്ത് മനസപൂജയും ചെയ്ത് ഛന്ദസ്സു ചൊല്ലി മൂലം ജപിച്ച് പിന്നെയും ഛന്ദസ്സു ചൊല്ലുക. എല്ലാ ബഹുവേരത്തിങ്കലേയും പൂജാവിധി ഇപ്രകാരമാകുന്നു.

57 മൂലാർച്ചാമഭിവന്ദ്യപൂജയതു
പൂജാസ്നാനബിംബാസനം
പൂജാർച്ചാപ്പിതമൂലബിംബഗവിട്ടം
ദത്വാ ऽർഘ്യപാദ്യാദികം
സ്നാത്വാതോ ऽപിചമൂർത്തിഭാജി
മനുവിത്തംസ്നാനബിംബേകൃത
ന്യാസോദ്വവ്യഘടാഭിഷേകമഖിലം
കുർവ്വീതസംവസ്ത്രം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കലശമാടുന്നതിന്നു് ആദ്യം അർച്ചനാബിംബത്തിങ്കലും സ്നാനബിംബത്തിങ്കലും പീഠം പൂജിച്ചു് അർച്ചനാബിംബത്തിങ്കൽ മൂർത്തികല്പിച്ചു് മൂലബിംബത്തിങ്കൽ നിന്നാവാഹിച്ചു് സ്നാനകാലത്തു് സ്നാനബിംബത്തിങ്കൽ മൂർത്തികല്പിച്ചു് അർച്ചനാബിംബത്തിങ്കൽനിന്നും സ്നാനബിംബത്തിങ്കലേയ്ക്കു് ആവാഹിച്ചു് അവിടെയും ന്യാസാദികരം എല്ലാം ചെയ്തു് കലശം ആടുക. അവസ്രാവം എടുക്കുകയും വേണം. (ഹോമകലശങ്ങരംക്കു് എല്ലാം ഇതുതന്നെന്യായം. പൂജ ഓരോന്നിന്നും പ്രത്യേകംതന്നെവേണം. കലശമാടുക കഴിഞ്ഞാൽ അർച്ചനാബിംബത്തിങ്കലേക്കു തന്നെ യോജിപ്പിച്ചു് ഖണ്ഡനിവേദ്യം അവിടെ ചെയ്തു് പിന്നെയുള്ള ഖണ്ഡത്തിന്നു് വീണ്ടും സ്നാനബിംബത്തിങ്കലേക്കു ആക്കണമെന്നാണു് തോന്നുന്നതു്.)

58 തംയാഗബിംബേ *f* ജഘടോദശേഷസിക്തേ
നിയോജ്യാങ്ഗപടാദിതോ
സമ്പൂജ്യസാങ്ഗാവരണംനിവേദ്യ
മഹാനിവേദ്യംവിധിവൽപ്രസാദ്യ

ഇങ്ങിനെ ഖണ്ഡങ്ങളെല്ലാം കഴിഞ്ഞാൽ ബ്രഹ്മകലശജലം ലേശം ശേഷിപ്പിച്ചു് അതുകൊണ്ടു് അർച്ചനാബിംബത്തിങ്കൽ ആടി (സ്നാനബിംബത്തിങ്കൽ നിന്നും അർച്ചനാബിംബത്തിങ്കലേയ്ക്കു് യോജിപ്പിച്ചിട്ടുവേണം ആടുവാൻ) ന്യാസാദിപൂജയും നിവേദ്യവും വിസ്തരിച്ചു് ചെയ്യുക.

59 മൂലബിംബേതതോനീതായഥോക്തന്യാസകൃദ്ഗുരുഃ
ഭാവോപഹാരൈസ്സന്തർപ്പ്യലയാങ്ഗാദികമാചരേൽ.

പൂജ കഴിഞ്ഞാൽ മൂലബിംബത്തിങ്കലേയ്ക്കു് യോജിപ്പിച്ചു് ഷഡദ്ധ്വന്യാസവും മാനസപൂജയും ചെയ്തു് മൂലം ജപിച്ചു് രക്ഷിക്കുക.

60 തദൈവാവസ്രുതജലൈരഭിഷിച്യേതരാണ്യപി
ബിംബാന്യഥപരിവാരേഷൂക്ഷിതാ
വികരേദ്ബലിം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അപ്പോൾത്തന്നെ മററുള്ള ബിംബങ്ങൾക്കും പരിഷത്തുകൾക്കും അവസ്രാവം തളിച്ച് ശ്രീഭൂതബലി തൂകുകയും ചെയ്യുക.

പള്ളിക്കുറുപ്പ് പള്ളിയുണത്തൽ

61 പൂജാദിപ്രക്രിയോക്തൈവനോത്സവേ ƒ സ്തി
ബലൌഭിദാ
പ്രസ്വാപനാവഭൃഥയോർഭിദാമാത്രമഥോച്യതേ.

ഇങ്ങിനെ ബഹുവേരത്തിങ്കലെ പൂജ, പ്രതിഷ്ഠ, കലശം എന്നിവയുടെ വ്യത്യാസം പറഞ്ഞു. ഉത്സവത്തിനും ബലിയ്ക്കും വിശേഷമൊന്നുമില്ല. പള്ളിക്കുറുപ്പ് ആറാട്ട് ഇവയിൽ അല്പം ചില ഭേദങ്ങളുള്ളവയെപ്പറയാം.

62 യാഗാർച്ചായാം വിഭുയജനകൃൽപൂർവ്വവന്മൂലസംസ്ഥം
പ്രാർത്ഥ്യാജ്യാരോപമിഹതനുയാദ്യാഗ
ബിംബേ ƒ പ്പിതേവാ
സങ്ക്ഷാല്യോപന്യസത്തുമഹബിംബംതതസ്സർവ്വമസ്മി
ന്നീത്വാകുയ്യാൽസ്വാപനവിധിമപ്യുത്തരേദ്യുശ്ചകൃത്യം

പള്ളിക്കുറുപ്പിന്നു് അനുജ്ഞാപൂജ അർച്ചനാബിംബത്തിങ്കൽ ചെയ്ത് മൂലബിംബത്തിങ്കലേയ്ക്ക് യോജിപ്പിച്ച് പ്രാർത്ഥിച്ച് അവിടെ ഘൃതാരോപണം ചെയ്യുക. അർച്ചനാബിംബത്തിങ്കലും ചിലര ചെയ്യുന്നുണ്ട്. തിടമ്പ് എടുത്ത് മുമ്പിൽ വെച്ച് അഭിഷേകം ചെയ്ത് പുണ്യാഹവും കൌതുകം കെട്ടിയ്ക്കലും കഴിഞ്ഞാൽ ഭൂതസംഹാരം ചെയ്ത് പീഠം പൂജിച്ച് മൂലബിംബത്തിങ്കൽ നിന്നും ശംഖിൽ ആവാഹിച്ച് പള്ളിക്കുറുപ്പിൻെറയും പിററന്നാളത്തെയും ക്രിയകളെല്ലാം ഏകവേരത്തിങ്കലെപ്പോലെ ചെയ്യുക.

63 സമ്പൂജ്യോദ്വാസ്യശയ്യാദിനീത്വാന്തം മഹകൌതുകം
പൂജാബിംബേനിയോജ്യേഷ്ട്വാ
മൂലബിംബേ ƒ പ്പയേദ്വിഭും.

പിറെറ ദിവസം മുള, ശയ്യ മുതലായവ ഉദ്വസിച്ച് തിടമ്പെടുത്ത് അകത്തെയ്ക്കെഴുന്നള്ളിച്ച് ഭദ്രപീഠത്തിങ്കൽ പീഠം പൂജിച്ചിടുത്തു വെച്ച് അർച്ചനാബിംബത്തിങ്കൽ പീഠം പൂജിച്ച് മൂലബിംബത്തിങ്കൽനിന്നും ആവാഹിച്ച് തിടമ്പിന്മേലെച്ചൈതന്യം ശംഖുകൊണ്ട് അർച്ചനാബിം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബത്തിങ്കൽ യോജിപ്പിച്ച് ശേഷം എല്ലാം ചെയ്യുക. അ ഥവാ തിടമ്പിന്മേൽ നിന്നും മൂലബിംബത്തിങ്കലേയ്ക്കാക്കി പിന്നെ സാധാരണപോലെ അർച്ചനാബിംബത്തിങ്കൽ പൂജിക്കുക.

ആറാട്ട്

64 സങ്ക്ഷാളിതാവഭൃഥബിംബമഥോപനീയ
പൂജാവധൌപ്രഥമബിംബഗമർത്ഥയിത്വാ-
പൂജാന്തരേയദിതുതത്സ്ഥമഥൈനമിജ്യാ-
ബിംബാശ്രിതംനയതുമന്ത്രവിദത്രബിംബേ.

ആറാട്ടിന്നു് സാധാരണപോലെ അച്ചനാബിംബത്തി ങ്കൽപീഠംപൂജിച്ചു മൂലബിംബത്തിങ്കൽനിന്നും ആവാഹിച്ചു തങ്കൽനിന്നും ആവാഹിച്ച് ന്യാസാദികളം ചെയ്ത് പുണ്യാ ഹവും മഞ്ഞപ്പൊടി ആടുകയും വസ്ത്രാദി പൂജിച്ച് നിവേ ദിച്ച് പ്രസന്നപൂജയും ചെയ്ത് പൂജാവസാനത്തിങ്കൽ മൂല ബിംബത്തിങ്കൽ യോജിപ്പിച്ച് അവിടെ പ്രാർത്ഥിയ്ക്കുക. സമ്പാതസ്പർശം അച്ചനാബിംബത്തിങ്കലും മൂലബിംബ ത്തിങ്കൽ കണ്ണാടി കാട്ടിയും വേണം. മഞ്ഞപ്പൊടി ആ ടിയാൽ പൂജ മുഴമിയ്ക്കാതെയാണു് എഴുന്നെള്ളിക്കുന്നതു എങ്കിൽ അപ്പോഠംത്തന്നെ മൂലബിംബത്തിങ്കൽ യോജ് പ്പിച്ചിട്ടുവേണം എല്ലാം ചെയ്യുവാൻ.

65 കൃത്വാ ƒത്രവിധിവൽതീർത്ഥസ്നപനം പ്രാപിതാലയം
നീതേജ്യാബിംബഇജ്യാന്തേമൂലബിംബേ
നിയോജയേൽ.

ആറാട്ട് എല്ലാം സാധാരണപോലെച്ചെയ്ത് കഴി ഞ്ഞാൽ മൂലാലയത്തിങ്കൽ വന്നു് പള്ളിക്കുറുപ്പ് കഴിഞ്ഞാ ലത്തെപ്പോലെ മൂലബിംബത്തിങ്കലേയ്ക്ക് യോജിപ്പിച്ച് ഇരുപത്തഞ്ചു കലശം മുതലായവയെല്ലാം സാധാരണ പോലെച്ചെയ്യുക.

പ്രായശ്ചിത്തം

66 സ്ഥാനപ്രാസാദയോശ്ശുദ്ധൌ
നഭേദശ്ശുദ്ധികർമ്മണി
ബിംബശുദ്ധൌഹുതവിധാവപിഭേദസ്സ ഉച്യതേ.

സ്ഥാനശുദ്ധിയ്ക്കും പ്രാസാദശുദ്ധിയ്ക്കും ഭേദമില്ല. ബിം ബശുദ്ധിയ്ക്കും ഹോമത്തിന്നും ഭേദമുള്ളതിനെപ്പറയുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

67 നീതേശംയാഗബിംബേകൃതസകല
ചതുശ്ശുദ്ധിരാദ്യേനയേദ്വാ
ദേകൃത്വാദ്വേചനീത്വാചരതുയജനബിംബേ ƒ ഥ
മൂലേ ƒ പ്പ്യേദ്വാ-
ഭൂയോ ƒ സ്ഥാദ്യാംഗബിംബേക്രമയതു
കൃതധാരോ ƒ ച്ച്യേച്ഛാദിബിംബേ
ധാരാന്തേതേവപൂജായദിനകൃത
ചതുശ്ശുദ്ധിരുദ്വാസയേത.

ചതുശ്ശുദ്ധി നാലും കഴിഞ്ഞാൽ പൂജ മുടിച്ച് മൂല ബിംബത്തിങ്കലേയ്ക്കു് യോജിപ്പിയ്ക്കുക. അല്ലെങ്കിൽ ക്ഷാ ളനപ്ലാവനങ്ങൾ കഴിഞ്ഞാൽ പൂജ മുടിച്ച് മൂലബിംബ ത്തിങ്കലേയ്ക്കു യോജിപ്പിച്ച് സ്നാനമാർജ്ജനങ്ങൾക്ക് വീ ണ്ടും പൂജിക്കുക, ഈ പൂജ മുടിയ്ക്കുവാൻ ചതുശ്ശുദ്ധിയും ധാരയും കഴിഞ്ഞിട്ടായാലുംമതി. പഞ്ചകം കഴിയുമ്പോളും ഒരു പൂജയായിട്ടും ചിലർ ചെയ്യുന്നുണ്ട്.

അവഗാഹം

68 സങ്ക്രമയ്യാച്ച്നാച്ഛായാമവഗാഹംയഥാവിധി
വിദധീതാച്ച്നാന്തേ തം മൂലബിംബേനിയോജയേൽ

അവഗാഹത്തിങ്കലും ആദ്യം പൂജിച്ച് യഥാവിധി അവഗാഹം ചെയ്ത് പൂജിച്ച് മൂലബിംബത്തിങ്കലേയ്ക്കു് യോജിപ്പിയ്ക്കണം.

സമാധിശുദ്ധി

69 കൃത്വാഭൂതലയാദിസവ്വമപിമന്ത്രന്യാസനിഷ്ഠം മഹാ-
ബിംബേ ƒ ഥാച്ച്നബിംബഈശമവതാര്യ്യം
ത്രാപികൃത്വാതഥാ
തത്സവ്വംപരിപൂജ്യപീഠമഭിവാഹ്യ
സ്നാപയേൽപഞ്ചകേ-
നാഥേഷ്വാപ്രണയേന്മഹാപ്രതികൃതൌ
തന്ന്യാസമപ്യാചരേൽ.

സമാധിശുദ്ധിയുള്ളേടത്തു് അതെല്ലാം മൂലബിംബ ത്തിങ്കൽ ചെയ്ത് കമ്മബിംബത്തിങ്കൽ ആവാഹിച്ച് അ വിടെ പഞ്ചകം ആടുക. അല്ലെങ്കിൽ അച്ച്നാബിംബ ത്തിങ്കൽ ആവാഹിച്ച് സമാധിശുദ്ധി അവിടെച്ചെയ്തു് പഞ്ചകമാടി പൂജിക്കുകയും ആകാം. രണ്ടു ദിക്കിലും വെ വ്വേറെ സമാധിശുദ്ധിയും ആകാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

70 കുയ്യാച്ഛേഷോപബിംബാനാം

സപ്തസ്വപിചശുദ്ധിഷു
തത്തച്ഛേഷേണസംശുദ്ധിംഭൃതമാത്രലയാദ്യപി.

മററുള്ള ഉപബിംബങ്ങളെല്ലാം ഭൃതസംഹാരം ചെയ്തു് എല്ലാ കലശങ്ങളുടെയും അവസ്രാവം തളിയ്ക്കുക.

71 തത്തന്നിഷ്കൃതിഹോമേഷ്വയാഗ

ബിംബാർപ്പിതംവിഭും
തല്ലംഭൈരഭിഷിച്യേഷ്വാമൂലബിംബേനയേദ്ബുധഃ

അതാതു ഹോമകലശങ്ങൾക്കു് വെവ്വേറെ, മൂലബിംബത്തിങ്കൽനിന്നും കർമ്മബിംബത്തിങ്കലേയ്ക്കു് ആവാഹിച്ചു് കലശമാടിപ്പൂജിച്ചു് മൂലബിംബത്തിങ്കലേയ്ക്കു യോജിപ്പിയ്ക്കണം. (മഞ്ഞപ്പൊടിയും ചാന്തും ആടാവുന്ന മൂലബിംബങ്ങളിൽ അവ മൂലബിംബങ്ങളിൽത്തന്നെ ആടണം)

തത്വഹോമം

72 നീതേശംയാഗബിംബേ ƒ പ്പ്യത്തു ലയഹ്ലതോത്ഥം

ഘൃതംതത്വഹോമേ
പ്രത്യപ്പ്യന്യാസമേഷാം ചരതുചഹ്ലത

കൃദ്യാഗബിംബേ ƒ ഥനീതാ-
തല്ലംഭേനോഭിഷിച്യാഗമവിദിഹ

നിവേദ്യാന്തകൃന്മൂലബിംബേ
നീത്വാന്യാസംവിധായേഹഗമിതമഭി

പൂജ്യാദിബിംബേനയേച്ച.

തത്വഹോമത്തിങ്കൽ സംഹാരസമ്പാതം അർച്ചനാബിംബത്തിങ്കൽ സ്പർശിച്ചു് മൂലബിംബത്തിങ്കലേയ്ക്കു് യോജിപ്പിച്ചു് അവിടെ തത്വന്യാസാദി നാഡീസന്ധാനാന്തം ചെയ്തു് വിധിപ്രകാരം തത്വഹോമം ചെയ്തു് കലശം അകത്തുകൊണ്ടുവന്നു് അർച്ചനാബിംബത്തിങ്കൽ പീഠം പൂജിച്ചു് മൂലബിംബത്തിങ്കൽനിന്നും പിന്നെ തങ്കൽനിന്നും ആവാഹിച്ചു് സ്നാനകാലത്തു് കലശമാടി ന്യാസാദികളെല്ലാം ചെയ്തു് പായസം നിവേദിച്ചു് പൂജ മുടിച്ചു് മൂലബിംബത്തിങ്കലേയ്ക്കു യോജിപ്പിച്ചു് എല്ലാ ന്യാസങ്ങളും ചെയ്യുക.

ജീർണ്ണോദ്ധാരം

73 ജീർണ്ണോദ്ധൃതൌ തു തരുണാലയഏകമേവ
സ്യാദല്പബിംബമുപബിംബമിദം.....

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കർമ്മൈകവേരസമമേവഭിദാതുശുദ്ധൗ-
വുക്താ f ഥ നിഷ്ക്രമവിധൌ ച വദാമിഭേദം.

ജീർണ്ണോദ്ധാരത്തിങ്കൽ ബാലാലയത്തിൽ ബാലബിംബം ഒന്നുമാത്രമെ വേണ്ടു. ഇതു് മൂലാലയത്തെ അപേക്ഷിച്ചു് ആറാമത്തെ ബിംബമായിരിക്കും. ഇവിടെ കർമ്മമെല്ലാം ഏകവേരത്തിങ്കലെപ്പോലെ തന്നെയാണു്, ശുദ്ധിയിങ്കലെ വിശേഷം പറഞ്ഞുവല്ലൊ. ഇനി നിഷ്ക്രാമണവിശേഷത്തെ പറയുന്നു.

നിഷ്ക്രാമണം

74 മൂലാർച്ചാമഭിവന്ദ്യവിഭവനമതസ്സങ്ക്ഷാളിതേപീഠമി-
ഷ്ട്വാ f ർച്ചാബിംബഉപാത്തമൂർത്തിനിവിഷ്ടം
നീതേവാചിതന്യാസകൃൽ.
ഇഷ്ട്വൈനം ജനിതതത്വഹോമജഘൃതം
പ്രാപ്യ്യാദിബിംബേ f ർപ്പിതേ-
തത്വന്യാസകൃദത്ഥയേതവിലയാനുജ്ഞാം
ഹൃതംചാചരേൽ.

സംഹാരതത്വഹോമത്തിങ്കൽ മൂലബിംബഗതനായിരിക്കുന്ന ദേവനെ വന്ദിച്ചു് അനുജ്ഞ വാങ്ങി അർച്ചനാബിംബത്തിങ്കൽ അഭിഷേകം ചെയ്തു് പീഠം പൂജിച്ചു് മൂർത്തി കല്പിച്ചു് മൂലബിംബത്തിങ്കൽനിന്നും തങ്കൽനിന്നും ആവാഹിച്ചു് ഋഷിപിപഞ്ചതത്വാദിന്യാസം ചെയ്തു് പൂജിച്ചു് നിവേദിച്ചു് പ്രസന്നപൂജാവസാനത്തിങ്കൽ സൃഷ്ടിസമ്പാതം സ്പർശിച്ചു് മൂലബിംബത്തിലേയ്ക്കു യോജിപ്പിച്ചു് തത്വന്യാസം ചെയ്തു് സംഹാരാനുജ്ഞ വാങ്ങി സംഹാരതത്വഹോമം ചെയ്യുക.

75 തത്തല്ക്കർമ്മാർച്ചാകൃതേ പഞ്ചതത്വൈഃകാര്യ്യ
സ്സംഹാരക്രമാദാജ്യഹോമഃ
യുക്ത്യാതത്വന്മൂർത്തിമന്ത്രേണശൈഷാം
യോജ്യസ്യാല്പ്പാര്യ്യോപപത്യാവിശേഷഃ

സ്നാനാദിബിംബങ്ങളുടെ സംഹാരത്തിന്നായിട്ടു് പഞ്ചതത്വം എട്ടെട്ടുരു ആജ്യാഹുതിച്ചെയ്തു് യുക്തിസ്സുതകത്തക്കവണ്ണം ഈ ബിംബങ്ങളുടെ മൂലങ്ങൾകൊണ്ടും അംഗങ്ങൾകൊണ്ടും ഇപ്രകാരം ഹോമിക്കണം. ഈ ബിംബ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ങ്ങളം മാറുന്നിടത്തു് സമ്പാതം സ്പർശിച്ചു് തച്ചൈതന്യത്തെ ജീവോദ്വാസന ചെയ്തു് അർച്ചനാബിംബത്തിങ്കൽ യോജിപ്പിക്കുക.

76 നീതേപാപബിംബേവിദധീതപൂജാംസ്യാത്തത്വ
കുണ്ഡഷഡ്വിഹവൈശ്വദേവം-
കുര്യാത്തതോഹോമസമാപനാദിപൂജാന്ത
ഈശഞ്ചനയേൽസ്വബിംബേ.

അനന്തരം പായസപൂജസ്സു് പതിവുപോലെ മൂലബിംബത്തിങ്കൽനിന്നും അർച്ചനാബിംബത്തിങ്കലേയ്ക്കാവാഹിച്ചു് യഥാവിധി പായസം നിവേദിച്ചു് തത്വകുണ്ഡത്തിൽ വൈശ്വഹോമവും അഗ്നികോണിൽ ഇലവെച്ചു് ബലികിപ്പൂജാശേഷം ചെയ്തു് മൂലബിംബത്തിങ്കലേയ്ക്കാക്കുക.

77 പൂജാർച്ചാമഭിഷിച്യാഥ തത്വകുംഭം തദഗ്രതഃ
ന്യസേൽകാലാവധിപ്രശ്നാദ്യപികുര്യാദിഹോചിതം.

പിന്നെ കർമ്മബിംബം അഭിഷേകം ചെയ്തു് തത്വകലശം പത്മമിട്ടു് പീഠം പൂജിച്ചതിൽ എഴുന്നള്ളിച്ചുവെച്ചു പുറത്തുവന്നു് ദാനം ചെയ്തു് ബ്രാഹ്മണരോടും, ഊരാളരോടും, പരിവാരങ്ങളോടും, ദേവനോടുമുള്ള പ്രാർത്ഥനകളെ ചെയ്യുക.

78 മൂലാർച്ചായാംവിഭാവ്യപ്രഭുമിഹകൃതതത്വ
ധ്രുവോദ്വ്യാപകോനീ-
തേജ്യാബിംബേ ƒഭിഷിച്യാഗ്രവിഹിത
കലശനാദിബിംബേ ƒഥ നീത്വാ
ഉദ്വ്യാപ്യധ്യാനസങ്കോചകൃദഥ
ദരകേണാഗ്രതസ്സ്ഥം പക്വപ്ത്വേ
കുംഭേപ്രോദ്വാസ്യസിക്ത്വാ ƒ ർച്ചനവപുഷി
ചരേദ്ധ്യാനസങ്കോചമസ്മിൻ.

അനന്തരം മൂലബിംബത്തിങ്കൽ നിരംബുകസുമങ്ങളം കൊണ്ടു് പത്മമാത്രം പീഠം പൂജിച്ചു് ആവാഹിച്ചു് സംഹാരതത്വംകൊണ്ടും പ്രണവംകൊണ്ടും മൂന്നുരു ഉദ്വ്യാപകം ചെയ്തു് അപ്രകാരം കലശത്തിങ്കലും ഉദ്വ്യാപകം ചെയ്തു് അർച്ചനാബിംബത്തിങ്കലും പത്മമാത്രം പീഠം പൂജിച്ചു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മൂലബിംബത്തിങ്കൽനിന്നും തങ്കൽനിന്നും ആവാഹിച്ച് ഉദ്വ്യാപകം ചെയ്ത് തത്വകലശം തത്വങ്ങൾ ചൊല്ലി ആടി അപ്പോൾത്തന്നെ മൂലബിംബത്തിങ്കലേയ്ക്കാക്കി വീണ്ടും ഉദ്വ്യാപകം ചെയ്ത് അവിടെയിരുന്ന് വിധിപ്രകാരം ധ്യാനസങ്കോചം ചെയ്ത് ജീവോദ്വാസനയും ചെയ്ത് ജീവകലശത്തിങ്കലേയ്ക്ക് യോജിപ്പിച്ച് ആ, ജീവകലശം അർച്ചനാബിംബത്തിങ്കൽ ആടി അവിടേയും ധ്യാനസങ്കോചം വീണ്ടും ചെയ്യണം.

79 മൂലേവാധ്യാനസങ്കോചകൃദപചിതിബിംബേ *f*
പ്പ്യയിത്വാ *f* ത്രചൈവം
കൃത്വാസങ്കോചമഗ്രാഹിതകലശ
സിദ്ധവാദിബിംബേപ്രണീയ–
ഉദ്‌വ്യാപയ്യാഗ്രതസ്സംഭൃതകലശക
ഉദ്വാസ്യതേനാഭിഷിഞ്ചേ–
ദ്യാഗാച്ചാന്നൈവസങ്കോചനമിഹ
ബഹ്വവേരേപരംനിഷ്ക്രമസ്യാൽ.

ഇവിടെ ക്രിയയുടെ മറ്റൊരു പ്രകാരത്തെ പറയുന്നു:– ആദ്യം മൂലബിംബത്തിങ്കൽ ധ്യാനസങ്കോചം ചെയ്ത് അർച്ചനാബിംബത്തിങ്കലേയ്ക്കാക്കി അവിടെയും ധ്യാനസങ്കോചം ചെയ്ത് കലശം ആടി മൂലബിംബത്തിങ്കലേയ്ക്കാക്കി അവിടെ ഉദ്വ്യാപകം ചെയ്ത് ജീവകലശം പൂജിച്ച് അതിലേയ്ക്ക് ഉദ്വസിച്ച് ഈ ജീവകലശം അർച്ചനാബിംബത്തിങ്കൽ ആടുക. ഇവിടെ വീണ്ടും ധ്യാനസങ്കോചം വേണ്ട. ഇവിടെനിന്നും വേറൊരു ജീവകലശത്തിങ്കലേയ്ക്ക് ഉദ്വസിച്ചാൽ മതി.

80 യാത്രാഹോമാദിസമ്പാതം
മൂലബിംബേ *f* ത്രയുക്തിതഃ
സിക്ത്വാസ്ഥണ്ഡിലാദിരൂപാണികുംഭ
ഉദ്വാസയേൽക്രമാൽ.

യാത്രാസമ്പാതം, വാസ്തുസമ്പാതം മുതലായവ മൂലബിംബത്തിങ്കൽ യുക്തിപോലെ സ്പർശിച്ച് സ്ഥണ്ഡിലാവാഹനാദി ചെയ്ത് കലശത്തിങ്കലുദ്വസിക്കുക. ഇവിടെ 'യുക്തി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പോലെ' എന്നുപറഞ്ഞതുകൊണ്ടു് ബിംബം മാറുന്നിടത്തു് കണ്ണാടിയിങ്കലല്ല സമ്പാതസ്പർശം ചെയ്യേണ്ടതു് എന്നു് അനുമാനിക്കാം.

81 ജീവോദ്വാസനമപ്യസ്മിൻ കൃതവാതത്ത്വൈപഞ്ചഭിഃ
ത്രിധാവിന്യസ്യമൂലാക്ഷരാങ്ഗന്യാസാദിചാചരേൽ

ഇവിടെ ജീവോദ്വാസന ചെയ്തു് പഞ്ചതത്വങ്ങളും മൂന്നു പ്രകാരവും ന്യസിച്ചു് മൂലാംഗന്യാസാദി ചെയ്തു് മുറയ്ക്കു പൂജിച്ചു് പൂജ മുടിയ്ക്കുക.

82 യാത്രാഹോമഘൃതാവശേഷമഥസിക്ത്വാ
യാഗബിംബേതതോ ƒ-
പ്യുദ്വാസ്യാഗ്രസുസംഭൃതേ ƒ ഥ കലശേ
മന്ത്രീയഥോക്തക്രമാൽ.
മന്ത്രാവാഹനകൃൽപ്രപൂജ്യവിനിവേദ്യാ
തോഷ്യവസ്ത്രാവൃതം,
നീത്വാസംസ്കൃതമണ്ഡപേ ƒ ധിശയനം
ന്യസ്യേദ്ഗുരുഃ കല്പവിൽ.

കല്പങ്ങളെ അറിഞ്ഞിരിക്കുന്ന മന്ത്രജ്ഞനായ ആചാര്യൻ അർച്ചനാബിംബത്തിങ്കൽ യാത്രാഹോമസമ്പാതശേഷത്തെ സ്പർശിച്ചു് അതിങ്കൽനിന്നും രണ്ടാമതു പൂജിച്ച ജീവകലശത്തിലേക്കു് ജീവോദ്വാസന ചെയ്തു് മന്ത്രാവാഹനയും പൂജയും ചെയ്തു നിവേദിച്ചു് പ്രസന്നപൂജ ചെയ്തു് മൂടിക്കെട്ടി എഴുന്നള്ളിച്ചു് സംസ്കൃതമണ്ഡപത്തിൽ ശയ്യയിങ്കൽ വെയ്ക്കുക.

83 ഉദ്ധാരശായനജലാപ്പ്ണമാദിബിംബ
സ്യേജ്യാ ƒ ച്ച്യാസഹഭവേദ്യദി സാത്വശൈലീ-
ലൌഹീമുഖപ്രതികൃതിംദഹനേയഥാസ്വം
വിദ്രാവ്യകാരയതുശില്പിവരേണ താം താം

അനന്തരം മൂലബിംബോദ്ധാരം, പീഠത്തിന്മേൽ കിടത്തി വാസനോദ്വാസനം പുറത്തുകൊണ്ടുവന്നു് തെക്കുഭാഗത്തു കിടത്തി അശേഷവാസനോദ്വാസനം, ജലാശയത്തിങ്കലേയ്ക്കു് എഴുന്നള്ളിയ്ക്കൽ, നിർമ്മാല്യധാരിയിങ്കൽ സമർപ്പണം മുതലായവയെല്ലാം മനഃപൂർവ്വം ... ചെയ്യ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ണം. അച്ചനാബിംബം ശിലകൊണ്ടാണെങ്കിൽ അതും മാറേണ്ടതുണ്ടെങ്കിൽ ഇതോടുകൂടിത്തന്നെ ചെയ്യണം. ലോഹംകൊണ്ടാണെങ്കിൽ ഉരുക്കിച്ച് വേണ്ടതുപോലെ ചെയ്യുക.

പ്രതിഷ്ഠ

84 നേത്രോന്മീലനസങ്ഗ്രഹാദി
വിധികൃത്തജ്ജീവകുംഭാന്തികേ
സംവേശ്യാല്പകകൌതുകംസമധിവാസ്യാ
ന്യേദ്യുരല്പാലയേ-
തത്സംസ്ഥാപ്യയഥാർഹകാല
മഭിഷിച്യാനേനകുംഭേന ത-
ന്ന്യാസേജ്യാദികൃദുത്സവാന്തമഖിലം
കർമ്മപ്രകുര്യ്യാദ്ഗുരുഃ

പിന്നെ അല്പബിംബം പരിഗ്രഹിച്ച ശോധനയും ജലാധിവാസവും നേത്രോന്മീലനവും ബിംബശുദ്ധികലശാഭിഷേകവും ചെയ്ത് ശയ്യയിൽ ജീവകലശം വലത്തുഭാഗത്ത് വരുമാറ് കിടത്തി ബിംബങ്ങളിലും കലശങ്ങളിലും വെവ്വേറെ ധ്യാനാധിവാസം ചെയ്തു് പൂജിക്കുകയും പിറേറദിവസം ഇളങ്കോവിലിൽ യഥാകാലം പ്രതിഷ്ഠിച്ച് ജീവകലശാഭിഷേകം ചെയ്ത് ജീവന്യാസാദി എല്ലാം ചെയ്ത് നാലാം ദിവസം കലശങ്ങൾ ആടി ഉത്സവവും ചെയ്യുക. ജീവകലശം ആടാറായാൽ ദാനം മുഹൂർത്തം ചെയ്ത് 'ഭഗവന്നല്പഗേഹേസ്മിൻ' എന്നിത്യാദികൊണ്ട് പ്രാത്ഥിക്കുകയും വേണം.

'ഭഗ ൨ന്നല്പഗേഹേസ്മിൻ വാസഃ
ക്ലേശോപിതേവിഭോ!
വസ്തുവ്യോഭഗവംസ്താവദ്യാവദ്ഗേഹം സമാപ്യതേ.'
'കാരകസ്യപരാമൃദ്ധിമനുജാനന്മഹോദയാം
ഭക്താനാമനുകമ്പാത്ഥമിഹത്വംസ്ഥാതുമർഹസി'

പുനഃപ്രതിഷ്ഠ

85 മൂലാച്ചാമിതരാശ്ചസാധുരചിതാ
സ്സംസ്കൃത്യസംശോധിതാ-
ല്പാർച്ചോദ്വാസിതജീവകുംഭമധി
വാസ്യാച്ചാഭിരാഭിസ്സഹ-

